www.malankaralibrary.com

ജി. ചേടിയത്ത്

# അപ്പസ്തോലിക പിതാക്കന്മാർ

കോട്ടയം

1996

www.malankaralibrary.com

# അപ്പസ്തോലിക പിതാക്കന്മാർ

ഫാ. ഗീവർഗീസ് ചേടിയത്ത്

No. 108
പൗരസ്ത്യവിദ്യാപീഠം
കോട്ടയം
1996

www.malankaralibrary.com

G. CHEDIATH, (tr.) APOSTOLIKA PITAKANMAR
(The Apostolic Fathers)

First Edition 1987
Second Printing 1996

Copyright: G. Chediath, 1996

Published by and available at:

Oriental Institute of Religious Studies,
St. Thomas Ap. Seminary, Vadavathoor P. O
Kottayam—686010.

Price: Rs. 30

Printed at: Bethany Press, Nedumangad

www.malankaralibrary.com

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| | ആമുഖം | ix |
| 1. | ഡിഡാക്കെ | 1 |
| 2. | വി. ക്ലെമെൻറ്<br>കൊറിന്തോസുകാർക്കെഴുതിയ ലേഖനം | 13 |
| 3. | വി. ഇഗ്നേഷ്യസ്—സപ്തലേഖനങ്ങൾ | 55 |
| | i. എഫേസോസുകാർക്കെഴുതിയ ലേഖനം | 61 |
| | ii. മഗ്നേഷ്യാക്കാർക്കെഴുതിയ ലേഖനം | 70 |
| | iii. ത്രാള്ള്യാക്കാർക്കെഴുതിയ ലേഖനം | 75 |
| | iv. റോമാക്കാർക്കെഴുതിയ ലേഖനം | 80 |
| | v. ഫിലാഡെൽഫിയാക്കാർക്കെഴുതിയ ലേഖനം | 86 |
| | vi. സ്മിർണാക്കാർക്കെഴുതിയ ലേഖനം | 91 |
| | vii. പോളിക്കാർപ്പിനെഴുതിയ ലേഖനം | 97 |
| 4. | പപ്പിയാസ്—രേഖാശകലങ്ങൾ | 102 |
| 5. | വി. പോളിക്കാർപ്പ് | 113 |
| | 1. ഫിലിപ്പിയാക്കാർക്കെഴുതിയ ലേഖനം | 116 |
| | 2. പോളിക്കാർപ്പിൻെറ രക്തസാക്ഷിത്വം | 123 |
| 6. | ബർണബാസിൻെറ ലേഖനം | 134 |
| 7. | ഡയഗ്നേററസിനുള്ള ലേഖനം | 164 |
| | കുറിപ്പുകൾ | 177 |

www.malankaralibrary.com

In loving memory of
my Grandfather
Kochuchackalayil (Thuruthiyil)
Mathunni Samuel
(October 20, 1906—December 11, 1986)

www.malankaralibrary.com

# ആമുഖം

ഒന്നാം നൂററാണ്ടിലും രണ്ടാം നൂററാണ്ടിൻെറ ആദ്യഘട്ടത്തിലും ജീവിച്ചിരുന്ന ക്രൈസ്തവ സാഹിത്യകാരന്മാരെയാണ് അപ്പസ്തോലിക പിതാക്കന്മാർ എന്നു വിളിക്കുക. വി. ശ്ലീഹന്മാരുടെ പ്രബോധനങ്ങളോട് അവരുടെ ഉപദേശങ്ങൾക്ക് വളരെ സാമീപ്യമുള്ളതിനാൽ അവർ പ്രത്യേകം ബഹുമാന്യരായി ഗണിക്കപ്പെടുന്നു. സഭാരംഭകാലത്ത് 'അപ്പസ്തോലിക പിതാക്കന്മാർ' എന്ന സംജ്ഞ അജ്ഞാതമായിരുന്നു. പതിനേഴാം നൂററാണ്ടിലെ പണ്ഡിതന്മാരാണ് ഈ പേരിനു പ്രചുരപ്രചാരം നൽകിയത്. 1672-ൽ ജെ. ബി. കൊത്തെലിയെർ ഈ സംജ്ഞയുടെ കീഴിൽ അഞ്ചു സഭാസാഹിത്യകാരന്മാരെ ഉൾപ്പെടുത്തി: ബർണബാസ്, റോമിലെ ക്ലെമെൻറ്, അന്ത്യോക്യയിലെ ഇഗ്നേഷ്യസ്, സ്മിർണയിലെ പോളിക്കാർപ്പ്, ഹെർമാസ്. ഈ പേരുകളോടുകൂടി പിന്നീട് ഹിയെരാപ്പൊളിസിലെ പപ്പിയാസ്, ഡയഗ്നേററസിനുള്ള ലേഖനത്തിൻെറ കർത്താവ് എന്നീ പേരുകൾകൂടി കൂട്ടിച്ചേർക്കപ്പെട്ടു. ആധുനിക കാലത്ത് ഡിഡാക്കെയും ഇതിൽ ഉൾപ്പെട്ടു. ഇവയെല്ലാം ഏതാണ്ട് ഒരേ കാലഘട്ടത്തിൽ വിരചിതമായതിനാൽ ഒരേ സംജ്ഞയുടെ കീഴിൽ ഉൾപ്പെടുത്തിയിരിക്കുന്നു. യഥാർത്ഥത്തിൽ ഇവ പല സാഹിത്യരൂപത്തിൽ ഉൾപ്പെട്ടവയാണ്.

അജപാലനദൗത്യം മുന്നിൽ കണ്ടുകൊണ്ട് എഴുതപ്പെട്ടവയാണ് ഈ കൃതികളെല്ലാം. അവ ശൈലിയിലും രൂപത്തിലും പുതിയനിയമസാഹിത്യത്തോട് വളരെ അടുത്തുവരുന്നു. വെളിപാടിൻെറയും പാരമ്പര്യത്തിൻെറയും ഇടയ്ക്ക് രണ്ടിനെയും യോജിപ്പിച്ചുകൊണ്ട് ഇവ സ്ഥിതിചെയ്യുന്നു. റോമാ സാമ്രാജ്യത്തിലെ വ്യത്യസ്തഭാഗങ്ങളിൽ-ഏഷ്യാമൈനർ, ഈജിപ്ത്, സിറിയാ, റോം-ഓരോരോ പ്രത്യേക ആവശ്യങ്ങൾക്കുവേണ്ടി എഴുതപ്പെട്ടവയാണിവ. എന്നാൽ അവ മൊത്തത്തിൽ അക്കാലത്തെ ക്രൈസ്തവജീവിതം വരച്ചുകാട്ടുന്നു.

ത്രിത്വസംബന്ധമായ ഉപരിജ്ഞാനമൊന്നും അപ്പസ്തോലിക പിതാക്കന്മാരിൽ ദൃശ്യമല്ല. പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്ന ത്രിത്വനാമം അവർ അറിഞ്ഞിരുന്നു. ബൈബിളിൽ ഉള്ളതിനപ്പുറം ശാസ്ത്രീയമായി ത്രിത്വത്തെ വരച്ചുകാട്ടാൻ അവർ യത്നിച്ചില്ല. വളരെ ലളിതമായ ശൈലി, മത

www.malankaralibrary.com

പരമായ ഉറച്ചവിശ്വാസം, ഗ്രീക്ക് താത്വിക സാഹിത്യ ശൈലിയിൽ നിന്നു വിമുക്തമായ രൂപകല്പന എന്നിവ അപ്പസ്തോലിക പിതാക്കന്മാരുടെ പ്രത്യേകതകളാണ്. പുതിയ നിയമത്തിന്റെ ആത്മീയ ഉൾക്കാഴ്ച അവരിൽ ദൃശ്യമല്ലെങ്കിലും അതിന്റെ അടിസ്ഥാന ദൗത്യത്തിൽ അവർ അതീവ ശ്രദ്ധാലുക്കളായിരുന്നു.

യുഗാന്ത്യചിന്ത ഇവരുടെ പ്രത്യേകതയാണ്. കർത്താവിന്റെ വരവ് ഉടനെ ഉണ്ടാകും എന്നു പ്രതീക്ഷിച്ച് ആദിമക്രൈസ്തവർ അതിനായി കാത്തിരുന്നു. കർത്താവിനെക്കുറിച്ചുള്ള സജീവസ്മരണ അവരിൽ നിലനിന്നു. ശ്ലീഹന്മാരിൽനിന്നു നേരിട്ടു കേട്ട കാര്യങ്ങൾ നന്നായി അവരിൽ പതിഞ്ഞിരുന്നതിനാൽ യേശുക്രിസ്തുവിനുവേണ്ടിയുള്ള അടങ്ങാത്ത അന്തർദാഹം ഇവർക്കുണ്ടായിരുന്നു. ക്രിസ്തീയവിശ്വാസം ശാസ്ത്രീയമായി വിശകലനംചെയ്യാൻ അവർ ഒരുമ്പെട്ടില്ല. എങ്കിലും അവരുടെ കൃതികളിലെ ക്രൈസ്തവമാതൃക കണക്കിലെടുക്കപ്പെടേണ്ടതു തന്നെയാണ്. അന്നത്തെ ക്രിസ്തീയ സമൂഹങ്ങളുടെ ദൈനംദിന പ്രശ്നങ്ങളിലേക്ക് അവർ വിരൽ ചൂണ്ടി. ധാർമികനിലവാരം ഉയർത്തുക, ഗ്രേക്കോ–റോമൻ സാമ്രാജ്യത്തിൽ ചിന്നിച്ചിതറിക്കിടക്കുന്ന ക്രിസ്തീയ സമൂഹങ്ങളുടെ ജീവിതം കരുപ്പിടിപ്പിക്കുക എന്നിവയായിരുന്നു അവരുടെ ലക്ഷ്യം. ക്രിസ്തീയസ്നേഹം, വ്യക്തിപരമായ ചുമതലാബോധം എന്നിവ അവരുടെ പേജുകളിൽ നിത്യരാം ദൃശ്യമത്രേ.

'ഹെർമാസിന്റെ ഇടയൻ' എന്ന അപ്പോസ്തോലിക കൃതി ഒഴികെ മറ്റെല്ലാം കൃതികളും ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഹെർമാസിന്റെ ഇടയൻ തനിയെ അച്ചടിച്ചിട്ടുള്ളതാണ് (ഓറിയന്റൽ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരണം 58: 1992).

ക്ലെമെന്റിന്റെ പേരിൽ അറിയപ്പെടുന്ന "രണ്ടാം ലേഖനവും കന്യകകൾക്കുള്ള രണ്ടു കത്തുകളും" ഈ പതിപ്പിൽ വിട്ടുകളഞ്ഞു. അവ അപ്പസ്തോലിക കൃതികളല്ലല്ലോ.

ഈ ഗ്രന്ഥം രൂപസൗഷ്ഠവത്തോടെ വെളിച്ചത്തു കൊണ്ടുവരുവാൻ ബുദ്ധിമുട്ടിയ നെടുമങ്ങാട് ബഥനി ആശ്രമം പ്രസ്സിലെ അധികാരികൾക്കും എല്ലാ പ്രവർത്തകർക്കും കൃതജ്ഞതയുടെ കൂപ്പുകൈ.

ഫാ. ഗീവർഗീസ് ചേടിയത്ത്

തിരുവനന്തപുരം,
27—11—1996.

www.malankaralibrary.com

# ജി. ചേടിയത്തിന്റെ ഗ്രന്ഥങ്ങൾ

* കൂദോശീത്തോ ഞായർ, തിരുവനന്തപുരം പേ. 16 — 1973
* പൈതൃക പ്രബോധനം, അഞ്ചൽ പേ. 85 — 1973
* പെരുന്നാളുകളും വേദവായനക്കുറിപ്പുകളും, Tvm പേ.36 — 1973
* സഭാപിതാക്കന്മാർ, കോട്ടയം പേ. 280 — 1980
* ആദിമസഭയുടെ സന്ദേശം, 24+326 Rs. 30/- 1994[3] (1988[2]) — 1981
* മലങ്കരഗീതങ്ങൾ, പേ. 302 — 1981
* സഭാചരിത്ര പഠനങ്ങൾ, 1996[3] (1988[2]) — 1982
* ഹെർമാസിന്റെ ഇടയൻ, പേ. 144 Rs.15/- (1992[2]) — 1982
* സുറിയാനിസഭാപിതാക്കന്മാർ, പേ. 98 — 1982
* മോശ ബർ കേഫായുടെ കൂദാശാഭാഷ്യം. പേ. 94 — 1982
* ക്രൈസ്തവഗീതങ്ങൾ, പേ. 96 — 1982
* The Christology of Mar Babai, p. 228 Rs. 40/- — 1982
* ഗിരിപ്രഭാഷണം (ed), പേ. 110 — 1982
* കർതൃപ്രാർത്ഥന (ed), പേ. 91 — 1982
* ആദിമസഭാപിതാക്കന്മാർ, p. 356 Rs. 30 (1993[2]) — 1983
* പ്രാചീനസന്യാസചരിത്രം പേ. 200 Rs. 8/ (1993[2]) — 1983
* ബൈബിൾ ഗീതങ്ങൾ പേ. 176. Rs. 10/- — 1983
* Bibliographical Survey (Co-ed), P. 53 — 1983
* മാർത്തോമ്മായുടെനടപടികൾ പേ.191 Rs.10. (1989[2]) — 1984
* എവുസേബിയസ്, തിരുസഭാചരിത്രം (ed) പേ. 646 Rs. 50/- — 1984
* മാർത്തോമ്മായുടെ ദുക്റാന, പേ. 20 — 1984
* മാർത്തോമ്മായുടെ ഇൻഡ്യൻ അനാഫറ, പേ. 16 — 1984
* സന്യാസത്തിന്റെ അന്തർധാര (ed.) പേ. 116 Rs. 15/- (1992[2]) — 1985
* പൗരസ്ത്യ കാതോലിക്കോസ് പേ. XXIV+250 Rs. 15/- — 1986
* അന്ത്യോക്യൻ സഭ–ഉത്ഭവവും വളർച്ചയും, പേ. VIII+278. Rs. 25/- — 1986
* തിയഡോർ-മതാധ്യാപന പ്രസംഗങ്ങൾ പേ. XXII+306, Rs. 25 — 1986
* ഒരിജൻ–ഉത്തമഗീതഭാഷ്യം (ed.), p. XII+292. 25/- — 1986
* Ecumenism in Danger (co-ed.) p. 107 Rs. 10. — 1986
* അപ്പസ്തോലിക പിതാക്കന്മാർ പേ. 8+184 Rs. 15/- 1996[2] Rs. 30/- — 1987
* ഡിഡസ്കാലിയ (ed.), പേ. 215, Rs. 15/- — 1987

www.malankaralibrary.com

* സഭാപിതാക്കന്മാർ–I പേ. 274. Rs. 20/- 1987
* സഭാപിതാക്കന്മാർ II, പേ. VIII+264. Rs. 16/- 1988
* പ്രാർത്ഥന സഭയിൽ, പേ. 316. Rs. 18/- (1993[2]) 1988
* മാർത്തോമ്മാശ്ലീഹായുടെ ഇൻഡ്യൻസഭ, p. 15 Rs. 15. (1992[2]) 1988
* മാതൃകീർത്തനങ്ങൾ പേ. 48. 1988
* കേരളത്തിലെ ക്രൈസ്തവ സഭകൾ, പേ. 464 Rs. 45 (1991[2]) (1993[3]) 1989
* യഹോവാസാക്ഷികൾ, പേ. 28. (1993[5]) 1989
* മാർ മാറൂഥായുടെ കാനോനാകൾ, IV+54. Rs. 3.50 1989
* സൊക്രാട്ടസ്, സഭാചരിത്രം (ed.) പേ. 564. Rs. 50/- 1990
* ബർസലീബി, ആരാധനക്രമത്തിന്റെ വ്യാഖ്യാനം പേ. 120. Rs. 8 1990
* ബർ എബ്രായാ, സഭാചരിത്രം, (co-ed.), പേ. IV+216. Rs. 24/- 1990
* മാർ അബ്രഹാം, (co ed.), പേ. IV+144. Rs. 14. 1990
* St. Thomas the Apostle of India (ed.) പേ. 304, Rs. 40/- 1991
* പ്രാർത്ഥന സുറിയാനിസഭയിൽ, പേ. 280. Rs. 25/- 1991
* ജീവാമൃതം (ed.), പേ. XVI+240. Rs. 45/- 1991
* ലത്തീൻ സഭാപിതാക്കന്മാർ, VIII+272. Rs. 30/- 1992
* ജറോം–ജന്നാഡിയസ്, മഹദ് വ്യക്തികൾ (ed.) പേ. 140 Rs. 17/- 1992
* ശിശുസ്നാനം വേദാനുസൃതം പേ. 32 1993
* ത്രിയേകദൈവം പേ.92 Rs.10 (ബഥനി പ്രസിദ്ധീകരണം) 1993
* മലങ്കരസഭാചരിത്രം, ഭാഗം I പേ. 92. Rs. 10/- 1994
* വിശുദ്ധ എവുതീമിയസിന്റെ ജീവചരിത്രം പേ. 10+90 Rs. 10/- 1994
* പലസ്തീനയിലെ സന്യാസികൾ, പേ. 8+200, Rs. 20/- 1994
* സത്യദൈവവും സത്യാരാധനയും, പേ. 82 1995
* സിനോഡിക്കോൺ ഓറിയെന്താളെ, പേ. 512. Rs. 70/- 1996
* സൂനഹദോസുകൾ (നിഖ്യാ മുതൽ നിഖ്യാവരെ) 1996

---

കോപ്പികൾക്ക്: 1. Manager OIRSI, P.B. 10. Vadavathoor, P.O. Kottayam 686010.

2. G. Chediath, Malankara Major Seminary, Nalanchira, Tvm. 695015.

www.malankaralibrary.com

# 1

# ഡിഡാക്കെ

**ആമുഖം**

'ഡിഡാക്കെ' അഥവാ 'പന്ത്രണ്ട് അപ്പസ്തോലന്മാരുടെ പ്രബോധനം' എന്ന പേരിൽ അറിയപ്പെടുന്ന ഗ്രന്ഥം ക്രിസ്തുവർഷം നൂറിനും നൂററിഅൻപതിനും ഇടയ്ക്കു് എഴുതപ്പെട്ടതാണ്. ഇതിന്റെ ആദ്യരൂപം മിക്കവാറും എഴുപതിനും തൊണ്ണൂറിനും ഇടയ്ക്കത്രേ രൂപപ്പെട്ടത്.

'പന്ത്രണ്ടപ്പസ്തോലന്മാർവഴി പുറജാതികൾക്കുള്ള കർത്തൃപ്രബോധനം' എന്നാണ് ഈ ഗ്രന്ഥത്തിന്റെ സമ്പൂർണ്ണനാമം. ഈ അടുത്തകാലംവരെ ഈ കൃതി നഷ്ടപ്പെട്ടതായി പരിഗണിക്കപ്പെട്ടിരുന്നു. എന്നാൽ 1873-ൽ ജറുസലേം പാത്രിയാർക്കൽ ഗ്രന്ഥശേഖരത്തിൽനിന്നു് നിക്കൊമേദിയായിലെ ഓർത്തഡോക്സ് മെത്രാപ്പോലീത്താ ഡിഡാക്കെയുടെ ഒരു കയ്യെഴുത്തുപ്രതി കണ്ടുപിടിച്ചു് 1883-ൽ പ്രസിദ്ധീകരിച്ചു. ഗ്രീക്കു ഭാഷയിലാണ് ഡിഡാക്കെ എഴുതപ്പെട്ടിരിക്കുന്നതു്. ഗ്രീക്കു കൂടാതെ ലത്തീൻ, അറബി എന്നീ ഭാഷകളിലും ഡിഡാക്കെയുടെ ചില ഭാഗങ്ങൾ കണ്ടുപിടിക്കപ്പെട്ടിട്ടുണ്ടു്.

രണ്ടു് ഭാഗങ്ങളിലായി പതിനാറു് അധ്യായങ്ങളുണ്ടു് ഡിഡാക്കെയ്ക്കു്. ക്രിസ്തീയ ജീവിതത്തെ ജീവന്റെ പാതയും മരണത്തിന്റെ പാതയും തമ്മിലുള്ള തിരഞ്ഞെടുപ്പായി ചിത്രീകരിച്ചിരിക്കുന്നു, ആദ്യഭാഗത്തു്. ക്രൈസ്തവ സഭാനടപടിക്രമം വിവരിക്കയാണ് രണ്ടാം ഭാഗത്തു്. മാമോദീസാ, കുർബാന, ഉപവാസം, അഗാപ്പെ, പ്രവാചകധർമ്മം, ഹയരാർക്കി, കാലാന്ത്യം ആദിയായ കാര്യങ്ങളാണിവിടെ ചർച്ചാവിഷയം.

www.malankaralibrary.com

# ഡിഡാക്കെ അഥവാ പന്ത്രണ്ടപ്പ സ്തോലന്മാരുടെ പ്രബോധനം

## പന്ത്രണ്ടപ്പസ്തോലന്മാർവഴി പുറജാതികളോടുള്ള കർത്തൃപ്രബോധനം

1. 1. ജീവന്റെ വഴിയെന്നും മരണത്തിന്റെവഴിയെന്നും പാതകൾ രണ്ടുണ്ട്. ഈ രണ്ടു പാതകൾ തമ്മിൽ വലിയ അന്തരമുണ്ട്[1].

2 ഇതാണ് ജീവന്റെ വഴി; ഒന്നാമതായി, നിന്നെ സൃഷ്ടിച്ച ദൈവത്തെ നീ സ്നേഹിക്കണം; രണ്ടാമതായി, നിന്നെപ്പോലെ നിന്റെ അയൽക്കാരനെയും സ്നേഹിക്കണം[2]. മനുഷ്യർ നിങ്ങളോടു ചെയ്യരുതെന്നു നിങ്ങൾ ആഗ്രഹിക്കുന്നവ അവരോടു് നിങ്ങൾ ചെയ്യരുതു്[3].

3. ഈ തത്വങ്ങൾ പഠിപ്പിക്കുന്നതു് ഇതാണ്.[4] 'നിങ്ങളെ ശപിക്കുന്നവരെ അനുഗ്രഹിക്കുവിൻ. നിങ്ങളുടെ ശത്രുക്കൾക്കുവേണ്ടി പ്രാർത്ഥിക്കുവിൻ. നിങ്ങളെ പീഡിപ്പിക്കുന്നവർക്കുവേണ്ടി ഉപവസിക്കുവിൻ. എന്തെന്നാൽ നിങ്ങളെ സ്നേഹിക്കുന്നവരെ സ്നേഹിച്ചാൽ നിങ്ങളുടെ ശ്രേഷ്ഠത എന്തു്? പുറജാതികളും അങ്ങനെ ചെയ്യുന്നില്ലേ? നിങ്ങളോ, നിങ്ങളെ വെറുക്കുന്നവരെ സ്നേഹിക്കുവിൻ[5]. അങ്ങനെ നിങ്ങൾക്കൊരു ശത്രുവും ഉണ്ടായിരിക്കുകയില്ല.

4. 'ശാരീരിക ദുരാശകളിൽ നിന്നകലുവിൻ'.[6] 'നിന്റെ വലത്തെ ചെകിട്ടത്തു് ആരെങ്കിലും അടിച്ചാൽ മററതും കൂടെ കാട്ടുക.' അപ്പോൾ നീ പരിപൂർണനാകും.[7] 'ഒരു മൈൽ ദൂരം പോകുവാൻ നിന്നെ നിർബന്ധിക്കുന്നവനോടു കൂടെ രണ്ടു മൈൽ ദൂരം പോകുക.'[8] 'നിന്റെ പുറങ്കുപ്പായം അപഹരിക്കുന്നവനു് നിന്റെ അങ്കിക്കൂടെ കൊടുക്കുക.'[9] നിന്റെ വസ്തുവകകൾ എടുക്കുന്നവനോടു നിനക്കു കഴിയുമെങ്കിൽ തന്നെയും തിരികെ ചോദിക്കരുതു്.[10]

www.malankaralibrary.com



5. നിന്നോട് ചോദിക്കുന്നവനു കൊടുക്കുക. നീ തിരികെ ചോദിക്കയുമരുത്.[11] കാരണം തൻെറ ദാനങ്ങൾ എല്ലാവർക്കും വിതരണം ചെയ്യാനാണു പിതാവ് ആഗ്രഹിക്കുന്നത്. കല്പനാനുസരണം കൊടുക്കുന്നവൻ ഭാഗ്യവാൻ; എന്തെന്നാൽ അവൻ കുററമററവനാണ്. എന്നാൽ എടുക്കുന്നോവനു് ഹാ കഷ്ടം! അവൻ തൻെറ അരിഷ്ടതമൂലമാണ് എടുക്കുന്നതെങ്കിൽ, അവനിൽ കുററമില്ല. എന്നാൽ അവശ്യക്കാരനല്ലാതിരിക്കെ എടുക്കുന്നെങ്കിൽ, എന്തിനുവേണ്ടി, എന്തുദ്ദേശ്യത്തിനുവേണ്ടി, എന്നിവയ്ക്ക് അവൻ കണക്കു ബോധിപ്പിക്കേണ്ടിവരും. അവൻ ജയിലിലിലടയ്ക്കപ്പെടുകയും അവൻെറ പ്രവൃത്തി പരിശോധനാവിധേയമാക്കപ്പെടുകയും ചെയ്യും. 'അവസാനക്കാശുകൂടെ കൊടുത്തുവീട്ടുവോളം അവൻ പുറത്തുവരികയില്ല'.[12] 6. ഇതോട് ബന്ധപ്പെട്ട മറെറാരു ചൊല്ലുണ്ട്: ആർക്കു് കൊടുക്കണമെന്നു നീ അറിയുന്നതുവരെ ദാനം നിൻെറ കൈയിലിരുന്നു വിയർക്കട്ടെ.[13]

2. 1. പ്രബോധനത്തിലെ രണ്ടാമത്തെ കല്പന ഇതാകുന്നു: 2. നീ കൊല്ലരുത്, വ്യഭിചരിക്കരുത്, കുട്ടികളെ ചീത്തയാക്കരുത്; ജാരകർമം നടത്തരുത്; മോഷ്ടിക്കരുത്; മന്ത്രവാദം ചെയ്യരുത്; ആഭിചാരം ചെയ്യരുത്; ഗർഭഛിദ്രംവഴി ശിശുവിനെ വധിക്കുകയോ, ജനിച്ച ശിശുവിനെ കൊല്ലുകയോ അരുത്; അന്യൻെറ വസ്തുക്കൾ ആഗ്രഹിക്കരുത്.[14] 3. കള്ളസത്യം ചെയ്യരുത്; കള്ളസാക്ഷി പറയരുത്; അപവാദം പറയരുത്; വിരോധംവച്ചുകൊണ്ടിരിക്കരുത്. 4. ഇരുമനസ്സും ദ്വിജിഹ്വയും അരുത്, കാരണം ഇരട്ടത്താപ്പ് മാരകമായ കെണിയാണ്.[15] 5. നിൻെറ വാക്കുകൾ പരമാർത്ഥതയില്ലാത്തതും പൊള്ളയായതുമാകരുത്. പ്രത്യുത, പ്രവൃത്തികളാൽ തെളിയിക്കപ്പെട്ടവയായിരിക്കണം. 6. നീ അത്യാഗ്രഹിയോ പിടിച്ചുപറിക്കാരനോ, കപടഭക്തനോ, ദുഷ്പ്രവൃത്തിക്കാരനോ, അഹങ്കാരിയോ ആകരുത്. നിൻെറ അയൽക്കാരനെതിരായി നീ ഗൂഢാലോചന നടത്തരുത്. 7. ആരെയും വെറുക്കരുത്. എന്നാൽ ചിലരെ ശാസിക്കണം.[16] മററ് ചിലർക്കുവേണ്ടി പ്രാർത്ഥിക്കണം. ചിലരെ നിൻെറ സ്വന്തം ജീവനേക്കാൾ സ്നേഹിക്കണം.[17]

3. 1. എൻെറ മകനേ, എല്ലാ അകൃത്യങ്ങളിൽനിന്നും ചീത്തയായ എല്ലാക്കാര്യങ്ങളിൽനിന്നും നീ ഓടിയകലുക. 2. നീ കോപിഷ്ഠനാകരുത്, കാരണംകോപം മരണത്തിലേക്കു നയിക്കുന്നു. നീ അസൂയപ്പെടരുത്; വാഗ്വാദിയോ സാഹസപ്രകൃതിക്കാരനോ ആകരുത്. ഇവയെല്ലാം മരണത്തെ ജനി

www.malankaralibrary.com



പ്പിക്കുന്നു. 3. എന്റെ മകനേ, നീ വിഷയാസക്തനാകരുത്. എന്തെന്നാൽ വിഷയാസക്തി വേശ്യാസംഗത്തിലേക്കു നയിക്കുന്നു. ദുർഭാഷണങ്ങളും കടക്കൺകടാക്ഷങ്ങളും അരുത്. കാരണം ഇവയെല്ലാം വ്യഭിചാരത്തിലേക്ക് നയിക്കുന്നു. 4. എന്റെ മകനേ, നീ ശകുനം നോക്കുന്നവനാകരുത്. കാരണം, അതു വിഗ്രഹാരാധനയിലേക്കു നയിക്കുന്നു. നീ ആഭിചാരകനോ, ജ്യോത്സ്യനോ, മന്ത്രവാദിയോ ആകരുത്. കൂടാതെ അത്തരം കാര്യങ്ങൾ ആഗ്രഹിക്കാനേ പാടില്ല. ഇവയെല്ലാം വിഗ്രഹാരാധന വളർത്തുന്നു. 5. എന്റെ മകനേ, നീ കള്ളം പറയരുത്; കള്ളം മോഷണത്തിലേക്ക് നയിക്കുന്നു. 6. എന്റെ മകനേ, നീ പിറുപിറുക്കരുത്; പിറുപിറുപ്പ് ദൈവദൂഷണത്തിലേക്കു നയിക്കുന്നു. മർക്കടമുഷ്ടിയോ, ദുഷ്ടചിത്തതയോ അരുത്. അവയെല്ലാം ദൂഷണത്തെ വളർത്തുന്നു.

7. 'താഴ്മയുള്ളവർ ഭൂമിയെ അവകാശമാക്കും'. അതിനാൽ വിനയമുള്ളവനാകുക.[18] 8. ക്ഷമ, ദയ, നിരുപദ്രവം, ശാന്തത എന്നിവയുള്ളവനായിരിക്കുക. 'നീ ശ്രവിച്ച വചനങ്ങളെ എല്ലാകാര്യങ്ങളിലും ഭയപ്പെടുക.[19] 9. അധികാരഭാവം നടിക്കുകയോ ഗർവിഷ്ഠനായി വർത്തിക്കുകയോ അരുത്. അഹങ്കാരികളോടു സംസർഗംചെയ്യരുത്. മറിച്ച് ഋജുമാനസരോടും താഴ്മയുള്ളവരോടും സഹകരിക്കുക. 10. ദൈവത്തെ കൂടാതെ ഒന്നും സംഭവിക്കയില്ലെന്നു ഗ്രഹിച്ച്, നിനക്ക് എന്തെല്ലാം വന്നാലും നന്മയെന്നു കരുതി സ്വീകരിക്കുക.

4. 1. എന്റെ മകനേ, നിന്നോടു ദൈവവചനം പ്രസംഗിക്കുന്നവനെ രാപകൽ നീ ഓർക്കണം.[20] നമ്മുടെ കർത്താവിനെയെന്നപോലെ അവനെ ബഹുമാനിക്കണം; എന്തെന്നാൽ കർത്തൃപ്രബോധനം ചർച്ചചെയ്യുന്നിടത്ത് അവിടുന്നു സന്നിഹിതനാണ്. 2. എല്ലാ ദിവസവും വിശുദ്ധരുടെ സഹവാസം നീ അന്വേഷിക്കണം. അവരുടെ സംഭാഷണം നിന്നെ ഉന്മേഷവാനാക്കും. 3. നീ ശീശ്മയ്ക്ക് ആരംഭമിടരുത്. മറിച്ച് മത്സരക്കാരെ യോജിപ്പിക്കുവാൻ ശ്രമിക്കണം. നിന്റെ വിധി നീതിപൂർണമായിരിക്കട്ടെ, തെറ്റുകാരനെ കുറ്റപ്പെടുത്തുമ്പോൾ പക്ഷാഭേദം കാണിക്കരുത്.[21] 4. നിന്റെ തീരുമാനങ്ങളിൽ ചഞ്ചലമാനസനാകരുത്.

5. കൊടുക്കേണ്ടിവരുമ്പോൾ കൈ മുറുകെ അടയ്ക്കുകയും, സ്വീകരിക്കേണ്ടിവരുമ്പോൾ മലർക്കെ തുറക്കുകയും ചെയ്യരുത്.[22] 6. നിന്റെ അധ്വാനം നിനക്ക് ആദായമുണ്ടാക്കി

www.malankaralibrary.com



യെങ്കിൽ അതിൽ ഓരോഹരി നിൻെറ പാപപരിഹാരാർത്ഥം നൽകുക. 7. കൊടുക്കുന്നതിനു മടിക്കേണ്ട. സന്തുഷ്ടനായികൊടുക്കുക. എന്തെന്നാൽ നല്ല പ്രതിഫലം തരുന്നവനാരെന്നു നീ കണ്ടെത്തും. 8. ആവശ്യക്കാരൻെറ നേരെ നീ വാതിൽ അടച്ചുകളയരുത്.[23] നിൻെറ സഹോദരനുമായി എല്ലാം പങ്കിടുക. ഒന്നും നിൻെറ സ്വന്തമെന്നു അവകാശപ്പെടരുത്.[24] എന്തെന്നാൽ നിത്യമായിട്ടുള്ളതു പൊതുവെങ്കിൽ അനിത്യമായതു എത്രയധികം?[25]

9. നിൻെറ മകനോടോ മകളോടോ നിനക്കുള്ള കടമ നീ ഉപേക്ഷിക്കരുതു്. പിന്നെയോ അവരുടെ യൗവനം മുതൽ ദൈവഭയമുള്ളവരായിരിക്കുവാൻ അവരെ നീ പഠിപ്പിക്കണം. 10. നിൻെറ ദാസന്മാരോടും ദാസികളോടും കല്പിക്കുമ്പോൾ പരുഷമായി വർത്തിക്കരുതു്. നീ പ്രത്യാശവച്ചിരിക്കുന്ന ദൈവത്തിൽ തന്നെയാണല്ലോ അവരും പ്രത്യാശിക്കുന്നതു്. നിങ്ങളിരു കൂട്ടരുടെയും അധിപനായ ദൈവത്തെ അവർ ബഹുമാനിക്കാതിരുന്നേക്കാം. ദൈവം നമ്മെ വിളിക്കാൻ വരുമ്പോൾ നമ്മുടെ സ്ഥാനത്തെ ബഹുമാനിക്കുകയേയില്ല. പ്രത്യുത ദിവ്യാത്മാവു ഒരുക്കിയിരിക്കുന്നവരെ അവൻ വിളിക്കും. 11. ദാസന്മാരേ, ബഹുമാനത്തോടും അടക്കത്തോടുംകൂടെ ദൈവത്തിൻെറ പ്രതിനിധികൾ എന്ന നിലയിൽ നിങ്ങളുടെ യജമാനന്മാർക്കു വിധേയരായിരിക്കുവിൻ.[26]

12. എല്ലാവിധ കപടഭക്തിയും, ദൈവത്തിനു അപ്രീതികരമായ മറെറല്ലാക്കാര്യങ്ങളും നീ വെറുക്കണം. 13. ദൈവകല്പന ലംഘിക്കരുതു്; പിന്നെയോ നൽകപ്പെട്ട അനുശാസനങ്ങൾ അനുവർത്തിക്കണം: അതിനോടൊന്നും കൂട്ടിച്ചേർക്കരുതു്; അതിൽ നിന്നൊന്നും വിട്ടുകളയുകയുമരുതു്.[27] 14. സഭയിൽ നിൻെറ പാപങ്ങൾ ഏററുപറയുക; തെററായ മനസ്സാക്ഷിയോടുകൂടി പ്രാർത്ഥിക്കാൻ ഒരുമ്പെടരുതു് —ഇതാണു് ജീവൻെറ വഴി.

5. 1. എന്നാൽ മരണത്തിൻെറ വഴി ഇതാണു്. ഒന്നാമതായി അതു് ദുഷിച്ചതും ശാപഗ്രസ്തവും ആണു്. കൊലപാതകം, വ്യഭിചാരം, വിഷയാസക്തി, വേശ്യാവൃത്തി, മോഷണം, വിഗ്രഹാരാധന, മന്ത്രവാദം, ആഭിചാരം, കവർച്ച, കള്ളസാക്ഷി, കപടഭക്തി, കാപട്യം, ചതി, ഔദ്ധത്യം, പൈശുന്യം, മത്സരബുദ്ധി, അത്യാഗ്രഹം, ദുർഭാഷണം, അസൂയ, ധിക്കാരം, അഹംഭാവം, ആത്മപ്രശംസ, ദൈവവിരോധം എന്നിവ നിറഞ്ഞതാണു് അതു്.[28]

www.malankaralibrary.com



2. മരണത്തിൻെറ വഴിയിൽ നടക്കുന്നവർ: നല്ലയാളുകളെ പീഡിപ്പിക്കുന്നു; സത്യത്തെ വെറുക്കുന്നു. അസത്യത്തെ സ്നേഹിക്കുന്നു; നീതിനിഷ്ഠമായ ജീവിതത്തിൻെറ പ്രതിഫലത്തെ സംബന്ധിച്ച് അവർ അജ്ഞരാണ്; നന്മയിലോ നീതിയിലോ നിലനില്ക്കാത്തവരാണ്; നന്മചെയ്യുവാനല്ല തിന്മചെയ്യുവാൻ തത്പരരാണവർ; ശാന്തതയും ക്ഷമയും അവരിൽനിന്നു വളരെ അകലെയാണ്. അവർ മിഥ്യയെ സ്നേഹിക്കുന്നു. സ്വന്തം നേട്ടങ്ങളിൽ മാത്രം കണ്ണുവയ്ക്കുന്നു. സ്വാർത്ഥലാഭത്തിൽ ശ്രദ്ധിക്കുന്നു. അവർക്കു പാവങ്ങളെപ്പററി യാതൊരു പരിഗണനയുമില്ല; മററുള്ളവർക്കുവേണ്ടി അവർ ഒന്നും ചെയ്യുന്നില്ല. അവരുടെ സ്രഷ്ടാവിനെ അവർ അംഗീകരിക്കുന്നില്ല;[29] അവർ ശിശുക്കളെ വധിക്കുന്നു; ദൈവഛായയെ മലിനമാക്കുന്നു; അവശക്ക് എതിരെ വാതിൽ അടച്ചുകളയുന്നു; വേദനിക്കുന്നവരെ അവർ വീണ്ടും പീഡിപ്പിക്കുന്നു; എന്നാൽ ധനവാന്മാരെ നീതീകരിക്കുന്നു. അനീതിയായി പാപപ്പെട്ടവരെ വിധിക്കുന്നു. അവർ പാപപങ്കിലരാണ്[30]. എൻെറ കുഞ്ഞുങ്ങളേ, ഇവയിൽനിന്നെല്ലാം നിങ്ങൾ വിമുക്തരായിരിക്കുവിൻ.

6. 1. ഈ 'പ്രബോധന'ത്തിൻെറ മാർഗ്ഗത്തിൽനിന്ന് ആരും നിന്നെ തെററിക്കാതിരിക്കാൻ സൂക്ഷിച്ചുകൊള്ളുക. അത്തരക്കാരുടെ പ്രബോധനം ദൈവികമല്ല.[31] 2. കർത്താവിൻെറ നുകം പൂർണ്ണമായി വഹിക്കുമെങ്കിൽ നീ പൂർണ്ണനാകും; അതിനു നിനക്കു കഴിവില്ലെങ്കിൽ നിന്നാൽ കഴിവതു ചെയ്യുക. 3. ആഹാരം കഴിവതും വർജിക്കുക. വിഗ്രഹങ്ങൾക്ക് അർപ്പിച്ചവയെ പരിപൂർണമായി വർജിക്കുക. കാരണം അതു മൃതദേവന്മാർക്കുള്ള ആരാധനയാണ്.[32]

7. 1. ജ്ഞാനസ്നാനം നൽകേണ്ട വിധം: താഴെ വരും വിധമാണ് മാമോദീസാ മുക്കേണ്ടത്. ജ്ഞാനസ്നാനത്തെപ്പററി അർത്ഥിക്ക് വേണ്ടത്ര ഉപദേശം നല്കിയശേഷം, 'പിതാവിൻെറയും പുത്രൻെറയും പരിശുദ്ധാത്മാവിൻെറയും നാമത്തിൽ'[33] ഒഴുകുന്ന ജലത്തിൽ 'മാമോദീസാ മുക്കണം'.[34] 2. പ്രവഹിക്കുന്ന ജലം സൗകര്യമായില്ലെങ്കിൽ മറെറന്തിലെങ്കിലും[35] സ്നാനപ്പെടുത്തുക; തണുത്ത വെള്ളത്തിൽ അസാധ്യമെങ്കിൽ ചെറിയ ചൂടുള്ളവെള്ളത്തിൽ മുക്കുക.[36] 3. ജലത്തിൽ മുക്കുവാൻ സൗകര്യമില്ലെങ്കിൽ 'പിതാവിൻെറയും പുത്രൻെറയും പരിശുദ്ധാത്മാവിൻെറയും നാമത്തിൽ' തലയിൽ മൂന്നു പ്രാവശ്യം ജലമൊഴിക്കുക.[37] 4. മാമോദീസാ നൽകുന്നവനും സ്വീകരിക്കുന്നവനും സ്നാനത്തിനുമുമ്പ് ഉപവസിക്കട്ടെ; അതുപോലെ സാധിക്കുന്നവരെല്ലാം ചെയ്യട്ടെ; സ്നാനസ്വീ

www.malankaralibrary.com



കരണത്തിനു് ഒന്നുരണ്ടുദിവസം മുമ്പ് ഉപവാസം അനുഷ്ഠിക്കണമെന്നു സ്നാനാർത്ഥിയെ ഉപദേശിക്കണം.[38]

8. 1. നിങ്ങളുടെ ഉപവാസം കപടഭക്തരേപ്പോലെയാകരുതു്.[39] അവർ തിങ്കളാഴ്ചയും വ്യാഴാഴ്ചയും ഉപവസിക്കുന്നു. നിങ്ങൾ ബുധനാഴ്ചയും വെള്ളിയാഴ്ചയും ഉപവസിക്കണം. 2. നിങ്ങൾ കപടഭക്തരേപ്പോലെ പ്രാർത്ഥിക്കരുതു്;[40] പിന്നെയോ കർത്താവു് തന്റെ സുവിശേഷത്തിൽ കല്പിച്ചതനുസരിച്ചു് താഴെപ്പറയുംവിധം പ്രാർത്ഥിക്കുക:[41]

'സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ, നിന്റെ തിരുനാമം പരിശുദ്ധമാക്കപ്പെടണമെ. നിന്റെ രാജ്യം വരണമെ. നിന്റെ തിരുവിഷ്ടം സ്വർഗത്തിലേപ്പോലെ ഭൂമിയിലും ആകണമെ. ഞങ്ങൾക്കാവശ്യമുള്ള അപ്പം ഇന്നു ഞങ്ങൾക്കു തരണമേ.[42] ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിക്കുന്നതുപോലെ ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോടു ക്ഷമിക്കേണമെ. പരീക്ഷയിലേക്കു് ഞങ്ങളെ പ്രവേശിപ്പിക്കരുതു്. പിന്നെയോ ദുഷ്ടനിൽനിന്നു ഞങ്ങളെ രക്ഷിച്ചുകൊള്ളണമെ. എന്തെന്നാൽ ശക്തിയും മഹത്വവും എന്നേയ്ക്കും നിനക്കുള്ളതാകുന്നു. ആമ്മീൻ[43]. ഇപ്രകാരം മൂന്നുപ്രാവശ്യം പ്രാർത്ഥിക്കണം.'[44]

9. 1. എവുക്കാറിസ്തിയായെ സംബന്ധിച്ചു്:[45] ഇപ്രകാരമാണു് നന്ദിപറയേണ്ടതു്: 2. ഒന്നാമതു് കാസായോടനുബന്ധിച്ചു്:

'ഞങ്ങളുടെ പിതാവേ, നിന്റെ പുത്രനായ[46] ഈശോ വഴി നീ വെളിപ്പെടുത്തിയ നിന്റെ പുത്രൻ ദാവീദിന്റെ പരിശുദ്ധ മുന്തിരിച്ചെടിയെ[47] പ്രതി ഞങ്ങൾ നിനക്കു് നന്ദി പറയുന്നു.'

'നിനക്കു് എന്നും മഹത്ത്വമുണ്ടായിരിക്കട്ടെ.'

3. അതിനുശേഷം അപ്പം മുറിക്കലിനോടനുബന്ധിച്ചു്:[48]
'ഞങ്ങളുടെ പിതാവേ, നിന്റെ പുത്രനായ ഈശോ വഴി വെളിപ്പെടുത്തിയ ജീവനെയും വിജ്ഞാനത്തേയുംപ്രതി[49] ഞങ്ങൾ നിനക്കു് നന്ദി പറയുന്നു.'

'നിനക്കു് എന്നും മഹത്ത്വമുണ്ടായിരിക്കട്ടെ.'

4. 'മുറിക്കപ്പെട്ട ഈ അപ്പം മലമുകളിൽ ചിതറപ്പെട്ടു കിടക്കുകയും ശേഖരിക്കപ്പെട്ടു കഴിഞ്ഞപ്പോൾ ഒന്നായിത്തീരുകയും ചെയ്തതുപോലെ[50] നിന്റെ രാജ്യത്തിലേക്കു ഭൂമിയുടെ അതിർത്തികളിൽനിന്നു നിന്റെ സഭ ശേഖരിക്കപ്പെടട്ടെ.'

'എന്തെന്നാൽ യേശുക്രിസ്തു വഴി ശക്തിയും മഹത്ത്വവും എന്നേയ്ക്കും നിനക്കുള്ളതാകുന്നു.'

www.malankaralibrary.com



5. കർത്താവിൻെറ നാമത്തിൽ സ്നാനം പ്രാപിക്കാത്തവരാരും നിങ്ങളുടെ സ്തോത്രത്തിൽനിന്നു ഭക്ഷിക്കുകയോ കുടിക്കുകയോ ചെയ്യുവാൻ നിങ്ങൾ അനുവദിക്കരുത്. എന്തെന്നാൽ തത്സംബന്ധമായി നമ്മുടെ കർത്താവു പറഞ്ഞു: 'വിശുദ്ധമായവ നായ്ക്കൾക്കു കൊടുക്കരുത്.'[51]

10. 1. നിങ്ങൾ തൃപ്തരായതിനുശേഷം ഇപ്രകാരം നന്ദി പറയുവിൻ:

'നിൻെറ പുത്രനായ യേശു വഴി നീ വെളിപ്പെടുത്തിയ വിജ്ഞാനത്തെയും വിശ്വാസത്തെയും അമർത്ത്യതയെയും പ്രതിയും നിൻെറ പരിശുദ്ധനാമം ഞങ്ങളുടെ ഹൃദയങ്ങളിൽ പ്രതിഷ്ഠിച്ചതിനെ പ്രതിയും പരിശുദ്ധ പിതാവേ, ഞങ്ങൾ നിനക്കു നന്ദി പറയുന്നു.

'നിനക്ക് എന്നേക്കും മഹത്ത്വമുണ്ടായിരിക്കട്ടെ.'

3. 'സർവശക്തനായ കർത്താവേ, നിൻെറ നാമത്തെ പ്രതി നീ എല്ലാം സൃഷ്ടിച്ചു.[52] നിനക്കു നന്ദി പറയുവാൻ മനുഷ്യരുടെ സന്ധാരണാർത്ഥം നീ ഭക്ഷണവും പാനീയവും നൽകി. എന്നാൽ ഞങ്ങൾക്കു നിൻെറ പുത്രൻ വഴി ആത്മീയ ഭക്ഷണവും പാനീയവും നിത്യജീവനും നീ പ്രദാനം ചെയ്തു.[53]

4. 'നീ ശക്തനായതുകൊണ്ട് എല്ലാററിനെ പ്രതിയും ഞങ്ങൾ നിനക്ക് നന്ദി പറയുന്നു.'

'നിനക്ക് എന്നേയ്ക്കും മഹത്ത്വമുണ്ടായിരിക്കട്ടെ.'

5. കർത്താവേ, നിൻെറ സഭയെ ഓർക്കണമെ.[54] എല്ലാവിധ തിന്മകളിൽ നിന്നും അവളെ രക്ഷിക്കണമെ.[55] നിൻെറ സ്നേഹത്തിൽ അവളെ പൂർണയാക്കണമെ. അവൾക്കു വേണ്ടി നീ ഒരുക്കിയിരിക്കുന്ന നിൻെറ രാജ്യത്തിലേക്ക്[56] വിശുദ്ധീകരിക്കപ്പെട്ട അവളെ നാലു ദിക്കുകളിൽ നിന്നും നീ ഒന്നിച്ചു ചേർക്കണമെ.

'എന്തെന്നാൽ ശക്തിയും മഹത്ത്വവും എന്നേയ്ക്കും നിനക്കുള്ളതാകുന്നു.'

6. 'കൃപ വരികയും[57] ഈ ലോകം കടന്നുപോകുകയും ചെയ്യട്ടെ.' 'ദാവീദിൻെറ ദൈവത്തിനു ഓശാന.'[58] 'പരിശുദ്ധൻ സമീപിക്കട്ടെ.' അല്ലാത്തവൻ അനുതപിക്കട്ടെ. മാറാനാതാ.[59]

ആമ്മീൻ.

www.malankaralibrary.com



7. എന്നാൽ പ്രവാചകന്മാരെ അവരുടേതായ വിധത്തിൽ നന്ദി പറയുവാൻ അനുവദിക്കുവിൻ. 60

11. 1. മുകളിൽ പ്രസ്താവിച്ച സംഗതികൾ പഠിപ്പിക്കുവാൻ ആരെങ്കിലും നിങ്ങളുടെ പക്കലേക്കു വന്നാൽ അവനെ സ്വാഗതം ചെയ്യുവിൻ. 2. എന്നാൽ മറിച്ചുള്ള തന്റെ ഉപദേശം വഴി ഇതിനെയെല്ലാം എതിർത്താൽ അവനെ ശ്രദ്ധിക്കരുത്. 61 എന്നാൽ ദൈവത്തിന്റെ നീതിയും കർത്താവിനെക്കുറിച്ചുള്ള അറിവും വർദ്ധിപ്പിക്കത്തക്കവിധം പഠിപ്പിച്ചാൽ കർത്താവിനെയെന്നപോലെ അവനെ സ്വീകരിക്കുവിൻ.

3. അപ്പസ്തോലൻമാരെയും 62 പ്രവാചകൻമാരെയും സംബന്ധിച്ച്, സുവിശേഷനടപടി അനുസരിച്ചു പ്രവർത്തിക്കുവിൻ. 4 നിങ്ങളുടെ അടുക്കലേക്കു വരുന്ന അപ്പസ്തോലന്മാരെ കർത്താവിനെയെന്നവണ്ണം സ്വാഗതംചെയ്യുവിൻ. 5. എന്നാൽ അവൻ ഒരു ദിവസത്തിൽ കൂടുതൽ അവിടെ താമസിക്കരുത്; അത്യാവശ്യമെങ്കിൽ അടുത്ത ദിവസംകൂടിമാത്രം. അവൻ മൂന്നു ദിവസം താമസിക്കുന്നുവെങ്കിൽ അവൻ കള്ളപ്രവാചകനാണ്. 6. അവിടെ നിന്ന് പോകുമ്പോൾ അടുത്ത താമസസ്ഥലത്ത് എത്തുന്നതിന് ആവശ്യമായ ആഹാരമൊഴിച്ചു മറ്റൊന്നും ഒരു അപ്പസ്തോലനും സ്വീകരിക്കരുത്. അവൻ പണം ചോദിക്കുന്നുവെങ്കിൽ അവൻ കള്ളപ്രവാചകനാണ്.

7. ഒരു പ്രവാചകൻ ഹർഷോന്മത്തമായ ഭാഷണങ്ങൾ നടത്തിയാൽ അവനെ പരീക്ഷിക്കുകയോ പരിശോധിക്കുകയോ ചെയ്യരുത്. കാരണം, എല്ലാ പാപവും ക്ഷമിക്കപ്പെടും. എന്നാൽ ഈ പാപം ക്ഷമിക്കപ്പെടുകയില്ല 63 8. ഹർഷോന്മത്തമായി പ്രഭാഷണം നടത്തുന്നവരെല്ലാം പ്രവാചകന്മാരല്ല. പിന്നെയോ കർത്താവിനെപ്പോലെ പെരുമാറുന്നവൻ മാത്രമാണ് യഥാർത്ഥ പ്രവാചകൻ. പെരുമാററംവഴി നല്ലവരെയും കള്ളപ്രവാചകരെയും തിരിച്ചറിയുവാൻ കഴിയും. 64 9. ഉദാഹരണമായി ഒരു പ്രവാചകൻ അരൂപിയിൽ ഒരു മേശ ഒരുക്കാൻ ആവശ്യപ്പെട്ടാൽ, അവൻ 65 അതിൽ നിന്ന് ഭക്ഷിക്കരുത്. ഭക്ഷിച്ചാൽ അവൻ കള്ളപ്രവാചകനാണ്. 10. വീണ്ടും സത്യം പഠിപ്പിക്കുകയും അതനുസരിച്ചു വ്യാപരിക്കാതിരിക്കയും ചെയ്യുന്നവനും കള്ളപ്രവാചകനാണ്. 66 11. എന്നാൽ നല്ല സാക്ഷ്യമുള്ളവനും സഭാരഹസ്യം സൂചിപ്പിക്കത്തക്കരീതിയിൽ പ്രവർത്തിക്കുന്നവനും താൻ ചെയ്യുന്നതെല്ലാം നിങ്ങൾ ചെയ്യണമെന്നു പഠിപ്പിക്കാത്തവനും നിങ്ങളാൽ

www.malankaralibrary.com



വിധിക്കപ്പെടരുതു്. അവനെ വിധിക്കുന്നതു ദൈവമാണു്. കാരണം പണ്ടുള്ള പ്രവാചകരും ഇപ്രകാരം വർത്തിച്ചിരുന്നു.[67] 12. എന്നാൽ ആരെങ്കിലും നിങ്ങളോടു് 'എനിക്കു പണമോ മറെറന്തെങ്കിലുമോ തരിക' എന്നു് അരൂപിയിൽ പറഞ്ഞാൽ അവനെ ശ്രദ്ധിക്കരുതു്.[68] എന്നാൽ ആവശ്യക്കാർക്കു് കൊടുക്കാൻ പറഞ്ഞാൽ ആരും അവനെ വിധിക്കരുതു്.

12. 1. 'കർത്തൃനാമത്തിൽ വരുന്നവനെ' നിങ്ങൾ സ്വീകരിക്കണം.[69] പിന്നീടു് അവനെ പരിശോധിക്കുമ്പോൾ നിങ്ങൾക്കവനെ തിരിച്ചറിയാം. കാരണം നന്മതിന്മകളുടെ അന്തർജ്ഞാനം നിങ്ങൾക്കുണ്ടല്ലോ. 2. വന്നവൻ ഒരു വഴിയാത്രക്കാരനെങ്കിൽ നിങ്ങളാൽ ആവുംവിധം സഹായിപ്പിൻ. എന്നാൽ അവൻ നിങ്ങളോടൊപ്പം രണ്ടു ദിവസത്തിൽ കൂടുതൽ താമസിക്കരുതു്. ഏറിയാൽ മൂന്നു ദിവസം. 3. അവൻ നിങ്ങളോടൊത്തു് താമസിക്കാൻ ആഗ്രഹിക്കുന്ന ഒരു കൈത്തൊഴിൽപണിക്കാരനെങ്കിൽ അവൻ അദ്ധ്വാനിക്കണം.[70] 4. അവനു് ഒരു തൊഴിലുമറിയില്ലെങ്കിൽ, ക്രിസ്തുവിന്റെ ഒരു ശിഷ്യനും നിങ്ങളുടെയിടയിൽ അലസനായി വർത്തിക്കാതിരിക്കാൻ നിങ്ങൾ നടപടിയെടുക്കുക. 5. അവനു് അതിനു് സമ്മതമില്ലെങ്കിൽ അവൻ ക്രിസ്തുവിനെ കച്ചവടം ചെയ്യുന്നു. അത്തരക്കാരെ നിങ്ങൾ സൂക്ഷിക്കണം.

13. 1. നിങ്ങളുടെയിടയിൽ താമസിക്കാനാഗ്രഹിക്കുന്ന യഥാർത്ഥ പ്രവാചകനു് നിങ്ങളാൽ പുലർത്തപ്പെടുവാൻ അവകാശമുണ്ടു്. 2. അതുപോലെ യഥാർത്ഥ ഉപദേഷ്ടാവും ജോലിക്കാരനെപ്പോലെ കൂലിക്കർഹനാണു്.[71] 3. അതുകൊണ്ടു മുന്തിരിയുടെയും ധാന്യങ്ങളുടെയും ആദ്യഫലങ്ങൾ പ്രവാചകനു കൊടുക്കുവിൻ. എന്തെന്നാൽ അവൻ നിങ്ങളുടെ മേൽപട്ടക്കാരനാകുന്നു. 4. നിങ്ങൾക്കു് ഒരു പ്രവാചകനില്ലെങ്കിൽ അതു് പാവപ്പെട്ടവനു് കൊടുക്കുവിൻ. 5. അപ്പമുണ്ടാക്കുന്നുവെങ്കിൽ ആദ്യത്തേതു് എടുത്തു് കല്പനാനുസാരം കൊടുക്കുവിൻ. 6. അതുപോലെ വീഞ്ഞോ, എണ്ണയോ നിറച്ച ഭരണികൾ തുറക്കുമ്പോൾ ആദ്യമായി എടുത്തു പ്രവാചകർക്കു് കൊടുക്കുക. 7. യഥാർത്ഥത്തിൽ, പണം, വസ്ത്രങ്ങൾ, അതുപോലെ നിങ്ങളുടെ സമ്പാദ്യമൊക്കെയിലും ആദ്യഫലം, നിങ്ങൾക്കു കൊടുക്കണമെന്നുതോന്നുന്ന രീതിയിൽ എടുത്തു കല്പനാനുസാരം കൊടുക്കുവിൻ.[72]

14. 1. കർത്താവിന്റെ ദിവസത്തിൽ[73] നിങ്ങൾ ഒന്നിച്ചു കൂടുമ്പോൾ അപ്പം മുറിക്കുകയും, നന്ദിപറയുകയും ചെയ്യുവിൻ. നിങ്ങളുടെ ബലി ശുദ്ധമായിരിപ്പാൻ നിങ്ങളുടെ പാപങ്ങൾ

www.malankaralibrary.com



ഏററുപറയുകയും ചെയ്യണം. 2. നിങ്ങളുടെ ബലി അശുദ്ധമാകാതിരിക്കുവാൻ സഹോദരരോട് രമ്യതയില്ലാതിരിക്കുന്നവൻ യോജിക്കുന്നതുവരെ നിങ്ങളോടുകൂടി ചേരരുത്. 3. കാരണം, ഈ ബലിയെപ്പററിയാണ കർത്താവു പറഞ്ഞത്: എപ്പോഴും എല്ലായിടത്തും എനിക്കു പരിശുദ്ധമായ ബലി അർപ്പിക്കുവിൻ. എന്തെന്നാൽ ഞാൻ മഹാരാജാവാകുന്നു; എന്റെ നാമം പുറജാതികളുടെയിടയിൽ വലുതാകുന്നു'.74

15. 1. നിങ്ങൾക്കുവേണ്ടി കർത്താവിനു യോഗ്യരായ മെത്രാന്മാരെയും, ശുശ്രൂഷകരെയും നിങ്ങൾ തെരഞ്ഞെടുക്കണം. അവർ ശാന്തരും, വിശാലമനസ്കരും, വിശ്വസ്തരും നന്നായി പരിശോധിക്കപ്പെട്ടവരും ആയിരിക്കണം. നിങ്ങൾക്കു വേണ്ടിയുള്ള അവരുടെ ശുശ്രൂഷ പ്രവാചകന്മാരുടെയും ഉപദേഷ്ടാക്കളുടെയും പോലെയാണ്. 2. അവരെ നിങ്ങൾ നിന്ദിക്കരുത്. പ്രവാചകന്മാരോടും ഉപദേഷ്ടാക്കളോടും കൂടെ അവർക്കു നിങ്ങളുടെ ഇടയിൽ മാന്യമായ സ്ഥാനമുണ്ട്.

3. പരസ്പരം കോപത്തോടുകൂടി ശകാരിക്കരുത്. പിന്നെയോ വി. സുവിശേഷത്തിൽ നിങ്ങൾ കാണുന്നതു പോലെ ശാന്തമായി വർത്തിക്കുവിൻ. അയൽക്കാരനോട് തെററു ചെയ്തവനോട് അനുതപിക്കുന്നതുവരെ ആരും സംസാരിക്കരുത്. നിങ്ങളിൽ ആരും അവനെ ശ്രദ്ധിക്കയുമരുത്. 4. നിങ്ങളുടെ പ്രാർത്ഥനകളെല്ലാം ചൊല്ലുവിൻ; ദാനം ചെയ്യുവിൻ; കർത്താവിന്റെ സുവിശേഷത്തിൽ കാണുന്നതുപോലെ പ്രാർത്ഥിക്കുകയും ദാനം ചെയ്യുകയും എല്ലാ കാര്യങ്ങളും പ്രവർത്തിക്കയും ചെയ്യുവിൻ.

16. 1. നിങ്ങളുടെ ജീവിതത്തിന്മേൽ 'സൂക്ഷ്മതയുള്ളവരായിരിപ്പിൻ' 'നിങ്ങളുടെ വിളക്കുകൾ കെട്ടുപോകാൻ അനുവദിക്കരുത്. നിങ്ങൾ അരകെട്ടി ഒരുങ്ങിയിരിപ്പിൻ. എന്തെന്നാൽ നമ്മുടെ കർത്താവുവരുന്ന നാഴിക നിങ്ങൾ അറിയുന്നില്ലല്ലോ' 75 2. നിങ്ങളുടെ ആത്മാക്കൾക്കു നന്മയായിട്ടുള്ളവ അന്വേഷിക്കുന്നതിൽ കൂടെക്കൂടെ നിങ്ങൾ ഒന്നിച്ചു കൂടുവിൻ. കാരണം. അവസാനനാഴികയിൽ പൂർണ്ണനായി തെളിക്കപ്പെട്ടില്ലെങ്കിൽ ജീവിതകാലം മുഴുവനുമുള്ള വിശ്വാസം കൊണ്ടെന്തു പ്രയോജനം?. 76 3. അന്ത്യനാളുകളിൽ അസംഖ്യം കള്ളപ്രവാചകന്മാരും വഴിപിഴയ്ക്കുന്നവരും വർദ്ധിക്കും. 77 4. ആടുകൾ ചെന്നായ്ക്കളായും സ്നേഹം വിദ്വേഷമായും മാറും അധർമ്മം പെരുകുന്നതോടൊപ്പം മനുഷ്യർ പരസ്പരം വെറുക്കുകയും പീഡിപ്പിക്കുകയും ഒററിക്കൊടുക്കുകയും ചെയ്യും. അപ്പോൾ ലോകത്തെ ചതിക്കുന്നവൻ ദൈവപുത്രന്റെ വേഷത്തിൽ പ്രത്യക്ഷപ്പെടും. അവൻ അത്ഭുതങ്ങളും അടയാളങ്ങളും

കാണിക്കും. ഭൂമി അവന്റെ കൈകളിൽ നിപതിക്കും. മുമ്പൊരിക്കലും ഉണ്ടായിട്ടില്ലാത്ത കോടിയ ദ്രോഹം അവൻ കാട്ടിക്കൂട്ടും.[78] 5. അപ്പോൾ മനുഷ്യർ അഗ്നിപരിശോധനക്കു വിധേയരാക്കപ്പെടും. അനേകർ ഇടറുകയും നശിക്കുകയും ചെയ്യും.[79] എന്നാൽ വിശ്വാസത്തിൽ നിലനില്ക്കുന്നവർ ശാപത്താൽ[80] തന്നെ രക്ഷപ്രാപിക്കും.[81]

6. അപ്പോൾ സത്യത്തിന്റെ അടയാളങ്ങൾ കാണപ്പെട്ടുതുടങ്ങും;[82] ആദ്യമായി ആകാശത്തിൽ സംഭ്രമത്തിന്റെ അടയാളം, പിന്നീട് കാഹളധ്വനിയുടെ അടയാളം[83]; മൂന്നാമത്ത് മരിച്ചവരുടെ ഉയിർപ്പ്. 7. എല്ലാ മരിച്ചവരുടെയുമല്ലെങ്കിലും, പറയപ്പെട്ടിരിക്കുന്നതുപോലെ 'കർത്താവു തന്റെ വിശുദ്ധരോടു കൂടിവരും'.[84] 8. അപ്പോൾ വാനമേഘങ്ങളിൽ കർത്താവു വരുന്നതു ലോകം കാണും.[85]

## Bibliography

1. F.X. GLIMM (tr.), The Didache or Teaching of the Twelve Apostles, in 'The Fathers of the Church, A New Translation', Vol. I. The Apostolic Fathers, Washington D.C., 1962. p. 171-184

2. J.A. KLIEST (tr.), The Didache, in 'Ancient Christian Writers', No. 6, London 1961, p. 15-25.

www.malankaralibrary.com

# 2

# വിശുദ്ധ ക്ലെമെൻറ്—കൊറിന്തോസുകാർക്കെഴുതിയ ലേഖനം

## ആമുഖം

റോമിലെ നാലാമത്തെ മെത്രാനായിരുന്ന വി. ക്ലെമെൻറ്. പത്രോസ്, ലീനസ്, അനാക്ളെറ്റസ്, ക്ളെമെൻറ് എന്നു പോകുന്ന റോമിലെ മെത്രാന്മാരുടെ പട്ടിക (എവു. സഭാ. ച.3.15.34). വി. പൗലോസ്. ഫിലിപ്പോസുകാർക്കുള്ള ലേഖനത്തിൽ (4,3) പറയുന്ന 'ജീവൻെറ പുസ്തകത്തിൽ പേരു് എഴുതപ്പെട്ടിരിക്കുന്ന' ക്ളെമെൻറ് ഇദ്ദേഹമാണെന്ന് ഒരിജനും (യോഹ. ഭാഷ്യം. 6:36), എവുസേബിയസും (സഭാ. ച.6. 3:15) എപ്പിഫാനിയസും, ജറോമും സാക്ഷിക്കുന്നു. ക്ളെമെൻറിനു പത്രോസിൽനിന്നു നേരിട്ടു കൈവെപ്പു കിട്ടിയെന്നു തെർത്തുല്യൻ പറയുന്നു (അബദ്ധോപ. 32) എപ്പിഫാനിയസ്സിൻെറ അഭിപ്രായത്തിൽ ക്ളെമെൻറ് പത്രോസിൽനിന്നു കൈവെപ്പു സ്വീകരിച്ചെങ്കിലും അനാക്ളെറ്റസിൻെറ മരണം വരെ കാത്തിരുന്നു. 92 മുതൽ 101 വരെ റോമിലെ മെത്രാനായിരുന്ന ക്ളെമെൻറിൻെറ ബാല്യകാലത്തെ സംബന്ധിച്ച നമുക്കു് അറിവൊന്നുമില്ല. വി. പത്രോസിനോടും പൗലോസിനോടും ക്ളെമെൻറു് നേരിട്ടു ബന്ധപ്പെട്ടിരുന്നുവെന്ന് ഇരനെവൂസ് പറയുന്നുണ്ടു്.

## കൊറിന്തോസുകാർക്കെഴുതിയ ലേഖനം

95നും 98നും ഇടയ്ക്കു കൊറിന്തോസിലെ സഭയ്ക്കു ക്ളെമെൻറു് ഒരു ലേഖനം അയച്ചിട്ടുണ്ടു്. വേദപുസ്തകത്തോടടുത്ത സ്ഥാനം ഈ ലേഖനത്തിനു് ആദിമസഭ നൽകി വന്നു. ലേഖനകർത്താവിൻെറ പേരും എഴുതിയ സ്ഥലവും കൃത്യമായി അറിയാവുന്നതിനാൽ 'സ്ബപ്പസ്തോലിക' കാലത്തെ ഒരു സുപ്രധാന രേഖയായി ഇതിനെ കണക്കാക്കാം. ഡൊമിഷ്യൻെറ ഭരണകാലത്തു് (81–96) കൊറിന്ത്യൻ സഭയി

www.malankaralibrary.com



ലുണ്ടായ ഒരു തർക്കമാണ് ഈ ലേഖനം എഴുതാൻ ക്ളെമെൻറിനെ പ്രേരിപ്പിച്ചത്. വി. പൗലൊസ് ഈ സഭയിലെ തർക്കങ്ങളെ നിശിതമായി വിമർശിച്ചിട്ടുള്ളതാണ്. അവ വീണ്ടും നാമ്പെട്ടു. സഭാധികാരികൾക്കെതിരെ ചിലർ മല്ലയുദ്ധത്തിനിറങ്ങി. ചിലരെ അധികാരസ്ഥലങ്ങളിൽ നിന്നു് അവർ തുരത്തി. ഒരു ചെറിയ കൂട്ടംമാത്രം പ്രസ്ബിററന്മാരോടു വിശ്വസ്തത കാട്ടി. അവരുടെയിടയിലെ കലഹം അവസാനിപ്പിച്ച് ഐക്യവും സമാധാനവും പുനഃസ്ഥാപിക്കുക എന്നതായിരുന്നു ക്ളെമെൻറിൻെറ ഉദ്ദേശ്യം. കൊറിന്തോസിൽനിന്നു വന്ന റോമാക്കാരായിരിക്കാം കലഹത്തെപ്പററിയുള്ള വാർത്ത റോമിൽ എത്തിച്ചതു്.

ആമുഖം (1–3), രണ്ടു പ്രധാനപ്പെട്ട ഭാഗങ്ങൾ (4–36; 37–61). ഉപസംഹാരം (62–65) എന്നിങ്ങനെ നാലു ഭാഗങ്ങളാണു ലേഖനത്തിനുള്ളതു്. മുമ്പുണ്ടായിരുന്ന ശാന്തിനിറഞ്ഞ സഭാന്തരീക്ഷത്തെപ്പററി ആമുഖം പ്രതിപാദിക്കുന്നു. നന്മ ചെയ്യാൻ സഭാംഗങ്ങൾ മുന്നിട്ടിരുന്നു; സഭ പുഷ്ടി പ്രാപിച്ചിരുന്നു; ഐക്യം പന്തലിച്ചിരുന്നു; മൂന്നാം അധ്യായം ഇവയ്ക്കു കടകവിരുദ്ധമായ കലഹാന്തരീക്ഷം വിവരിക്കുന്നു. ഒന്നാമത്തെ പ്രധാന ഭാഗം പൊതുസ്വഭാവമുള്ളതാണ്. സ്പർദ്ധയും വഴക്കും, കലഹവും, നിന്ദാർഹവും വർജ്ജ്യവുമാണെന്നു് എടുത്തു കാട്ടുന്നു. പഴയനിയമത്തിൽനിന്നും ക്രൈസ്തവകാലത്തു നിന്നും നിരവധി ഉദാഹരണങ്ങളാൽ അതു വെളിവാക്കുന്നു (4–6). അനുതാപം, പ്രായശ്ചിത്തം, അതിഥിസൽക്കാരം, ഭക്തി, എളിമ എന്നിവയ്ക്കു് അവരെ പ്രേരിപ്പിക്കുകയും അത്തരക്കാരുടെ മാതൃക ചൂണ്ടിക്കാട്ടുകയും ചെയ്യുന്നുണ്ടു് ഈ ഭാഗത്തു്. ദൈവത്തിൻെറ നന്മ, സൃഷ്ടിയിൽ കാണുന്ന ഒത്തൊരുമ ദൈവത്തിൻെറ സർവശക്തി, ഉയിർപ്പ്, വിധി, താഴ്മ, മിതത്വം, വിശ്വാസം എന്നിവയെപ്പററി ചുരുക്കി ചർച്ചചെയ്യുന്നു.

രണ്ടാമത്തെ പ്രധാന ഭാഗം കൊറിന്തോസുകാരുടെ ഇടയിലെ കലഹത്തെപ്പററിയാണു പ്രതിപാദിക്കുന്നതു്. പ്രകൃതിയിലെ ക്രമത്തിൻെറ സ്രഷ്ടാവു സൃഷ്ടിയിൽ ക്രമവും വിധേയത്വവും പ്രതീക്ഷിക്കുന്നു. റോമൻ സൈന്യത്തിൻെറയും പഴയനിയമ ഹയരാർക്കിയുടെയും അനുസരണയും ചിട്ടയും മാതൃകയായി എടുത്തുകാട്ടുന്നു. അതുപോലെ, ക്രിസ്തു ശിഷ്യന്മാരെയും അവർ മെത്രന്മാരെയും ഡീക്കൻമാരേയും നിയമിച്ചു. കലഹത്തിൻെറ സ്ഥാനത്തു സ്നേഹം ഉണ്ടാകണം. സ്നേഹം, ക്ഷമിക്കാൻ നമ്മെ പ്രേരിപ്പിക്കണം. കലഹത്തിനു കാരണക്കാർ അനുതപിക്കുകതന്നെവേണം. സമാധാനം കൊറിന്തോസിൽ പുനഃസ്ഥാപിക്കപ്പെട്ടു എന്ന വാർത്തയുമായി ദൂതന്മാർ എത്തട്ടെ എന്നു കത്തു പ്രത്യാശിക്കുന്നു.

www.malankaralibrary.com

# വിശുദ്ധ ക്ലെമെൻറ് കൊറിന്തോസുകാർക്കെഴുതിയ ലേഖനം[1]

റോമിൽ തീർത്ഥകയെപ്പോലെ കഴിയുന്ന ദൈവത്തിൻെറ സഭ കൊറിന്തോസിലെ തീർത്ഥാടകസഭയ്ക്ക്; ദൈവകൃപയാൽ നമ്മുടെ കർത്താവായ ഈശോമിശിഹാവഴി വിളിക്കപ്പെടുകയും വിശുദ്ധീകരിക്കപ്പെടുകയും ചെയ്ത നിങ്ങൾക്ക്. ഈശോമിശിഹാവഴി സർവശക്തനായ ദൈവത്തിൽനിന്നുള്ള കൃപയും സമാധാനവുംകൊണ്ടു നിങ്ങൾ നിറയപ്പെടട്ടെ.[2]

1. 1. പ്രിയ സഹോദരങ്ങളേ, ഒന്നിനു പുറകെ ഒന്നായി ഞങ്ങളുടെമേൽ പെട്ടെന്നുണ്ടായ ആപത്തുകളും കെടുതികളും നിമിത്തം[3] തർക്കസംഗതികളിലേക്ക്, പ്രത്യേകിച്ച് നിങ്ങളുടെ ഇടയിലുണ്ടായ മ്ലേച്ഛവും കളങ്കപൂർണവുമായ ശീശ്മയിലേക്ക് നമ്മുടെ ശ്രദ്ധ തിരിക്കുന്നതിൽ നാം താമസിച്ചുപോയി എന്നു ഏററുപറയുന്നു.[4] ദൈവത്താൽ വിളിക്കപ്പെട്ടവർക്ക് അപരിചിതവും വൈദേശികവുമാണീകാര്യം. ഒരുപിടി എടുത്തുചാട്ടക്കാരും മർക്കടമുഷ്ടിക്കാരുമായ ആളുകളാണ് ഇതു തുടങ്ങിയത്. ഒരിക്കൽ സുപ്രസിദ്ധവും എല്ലാവരാലും സ്നേഹിക്കപ്പെട്ടതും ബഹുമാനിക്കപ്പെട്ടതും ആയ നിങ്ങളുടെ നാമം ഗൗരവമായ രീതിയിൽ അവമാനിക്കത്തക്കവണ്ണം ഇതു അപസ്മാരത്തിൻെറ അതിരുവരെ ഇതാ, ഊതിവീർപ്പിക്കപ്പെട്ടിരിക്കുന്നു. 2. നിങ്ങളുടെ ഇടയിൽ താമസിച്ചിരുന്നവരെല്ലാം നിങ്ങളുടെ സമ്പൂർണസുകൃതത്തെയും വിശ്വാസത്തിലുള്ള ഉറപ്പിനെയും സംബന്ധിച്ച് ഉന്നതമായി ചിന്തിക്കുകയും നിങ്ങളുടെ ക്രിസ്തീയ ഭക്തിയുടെ മാധുര്യമേറിയ യുക്തിയെ പ്രശംസിക്കുകയും നിങ്ങളുടെ കലവറ കൂടാത്ത അതിഥിസൽക്കാരത്തെ എല്ലായിടത്തും പ്രസിദ്ധീകരിക്കുകയും നിങ്ങളുടെ അറിവിൻെറ തികവിനെയും, അവികലതയെയും പ്രകീർത്തിക്കുകയും ചെയ്തിരുന്ന ഒരു കാലമുണ്ടായിരുന്നു. മാനുഷിക ബഹുമാനം നോക്കാതെ, അധികാരികൾക്ക് കീഴ്വഴങ്ങിയും നിങ്ങളുടെ സമൂഹത്തിലെ പ്രസ്ബിററർമാരെ വേണ്ടവിധം ബഹുമാനിച്ചും ദൈവകല്പന അനുസരിച്ചു നടന്നു

നിങ്ങൾ എല്ലാം പ്രവർത്തിച്ചു. അടക്കത്തിലും മിതത്വത്തിലും നിങ്ങൾ നിങ്ങളുടെ യുവാക്കളുടെ മനസ്സിനെ പരിശീലിപ്പിച്ചു. കുററമില്ലാത്തതും വിനയാന്വിതവും ശുദ്ധവുമായ മനസ്സാക്ഷിയോടുകൂടി കടമ നിർവഹിക്കാൻ നിങ്ങൾ നിങ്ങളുടെ പെൺകുട്ടികളെ ഉപദേശിച്ചു അവർ വേണ്ടവിധം ഭർത്താക്കന്മാരെ സ്നേഹിക്കണമെന്നും, അനുസരണയുടെ നിയമമനുസരിച്ച് അവർക്ക് കീഴടങ്ങിയിരിക്കണമെന്നും, ഭക്തിയോടും വിജ്ഞാനത്തോടും കൂടെ കുടുംബകാര്യങ്ങൾ നിർവഹിക്കണമെന്നും നിങ്ങൾ വിവാഹിതരായ സ്ത്രീകളെ പഠിപ്പിച്ചു.

2. 1. നിങ്ങളോരോരുത്തരും ആത്മാവിന്റെ താഴ്മയിലും, പ്രശംസകൂടാതെയും, കല്പിക്കുന്നതിനെക്കാൾ അനുസരിക്കുന്നതിനു താത്പര്യപ്പെട്ടു സ്വീകരിക്കുന്നതിനെക്കാൾ നൽകുന്നതിനും ക്രിസ്തു പങ്കിട്ടുകൊടുത്തതുകൊണ്ട്[5] തൃപ്തിപ്പെട്ടും വ്യാപരിച്ചിരുന്നു. നിങ്ങൾ അവിടുത്തെ വാക്കുകൾ ശ്രദ്ധിച്ചിരുന്നു. നിങ്ങളുടെ ഹൃദയങ്ങളിൽ അവ സൂക്ഷിക്കാൻ നിങ്ങൾ തത്പരരായിരുന്നു. അവിടുത്തെ പീഡനങ്ങൾ നിങ്ങളുടെ കൺമുമ്പാകെ ഉണ്ടായിരുന്നു. 2. ഇപ്രകാരം ആഴമേറിയതും തേജസുററതുമായ ശാന്തിയും നന്മ ചെയ്യാനുള്ള തളരാത്ത ആവേശവും എല്ലാവർക്കും നൽകപ്പെടുകയും എല്ലാവരുടെമേലും പരിശുദ്ധാത്മാവിന്റെ സമൃദ്ധിയായ ദാനം ചൊരിയപ്പെടുകയും ചെയ്തു. 3. നിർമ്മലമായ ഉപദേശത്താലും ഭക്തിനിറഞ്ഞതീക്ഷ്ണതയാലും ബഹുമാന്യമായ വിശ്വാസത്താലും നിറയപ്പെട്ട് നിങ്ങളുടെ തെററുകൾക്ക് മാപ്പു തരണമേയെന്ന് അപേക്ഷിച്ചുകൊണ്ടു സർവശക്തനായ ദൈവത്തിൻപക്കലേക്കു നിങ്ങൾ നിങ്ങളുടെ കൈകൾ നീട്ടി. 4. ദയയാലും കാരുണ്യത്താലും തന്റെ തിരഞ്ഞെടുക്കപ്പെട്ടവരെല്ലാവരും രക്ഷപ്രാപിക്കാനായി ദിനരാത്രങ്ങൾ സമൂഹം മുഴുവനുംവേണ്ടി നിങ്ങൾ നന്നായി പരിശ്രമിച്ചു.

5. നിങ്ങൾ ശുദ്ധരും ലാളിത്യമുള്ളവരും പരസ്പരം ക്ഷമിക്കുന്നവരുമായിരുന്നു. 6. എല്ലാത്തരം വിപ്ളവവും ശീശ്മയും നിങ്ങൾക്കു നിന്ദ്യമായിരുന്നു. നിങ്ങളുടെ അയല്ക്കാരുടെ തെററുകളെ പ്രതി നിങ്ങൾ കരഞ്ഞ് വിലപിച്ചു. അവരുടെ കുറവുകൾ നിങ്ങളുടേതായി നിങ്ങൾ പരിഗണിച്ചു. 7. നിങ്ങൾ ചെയ്ത നന്മകളെപ്രതി നിങ്ങൾ ദുഃഖിച്ചില്ല. എല്ലാത്തരം മാന്യസേവനവും ചെയ്യാൻ[6] നിങ്ങൾ സന്നദ്ധരായിരുന്നു. 8. സുകൃതത്തിന്റെയും ഭയഭക്തിയുടെയും തഴക്കത്തിൽ നിങ്ങൾ നിങ്ങളുടെ എല്ലാ കർത്തവ്യങ്ങളും ദൈവഭയത്തിൽ ചെയ്തു. 'നിങ്ങളുടെ ഹൃദയപലകകളിൽ' കർത്താവിന്റെ കല്പനകളും നിയമങ്ങളും എഴുതപ്പെട്ടിരുന്നു[7] (സദൃശ്യ. 7:3).

www.malankaralibrary.com



3. 1. എല്ലാ മഹത്ത്വവും ഔന്നത്യവും നിങ്ങൾക്കു നൽകപ്പെട്ടു:7 വി. ഗ്രന്ഥം പറഞ്ഞതു നിറവേറി: 'എന്റെ പ്രിയൻ തിന്നുകുടിച്ചു്, തടിച്ചു്, കൊഴുത്തു് ഊററമായി'. 8 2. ഇതിൽനിന്നു് അസൂയയും, മത്സരവും, കലഹവും, പിളർപ്പും, പീഡനവും, ക്രമരാഹിത്യവും, കുററവും, അടിമത്തവും ഉടലെടുത്തു. 3. അങ്ങനെ മാന്യതയില്ലാത്തവർ മാന്യന്മാർക്കെതിരായും, ദുഷ്പേരുള്ളവർ സൽപേരുള്ളവർക്കെതിരായും, വിഡ്ഢികൾ വിജ്ഞാനികൾക്കെതിരായും, യുവാക്കൾ പ്രായമായവർക്കെതിരായും എഴുന്നേററു. 9 4. നീതിയും സമാധാനവും ദൂരെയകന്നതിന്റെ കാരണം 10 ഓരോരുത്തനും ദൈവഭയം ഉപേക്ഷിച്ചു വിശ്വാസം സംബന്ധിച്ച കാര്യങ്ങളിൽ അന്ധന്മാരായിത്തീർന്നതാണ്. അവിടുത്തെ കല്പനകൾ അനുസരിച്ചു നടക്കാൻ കൂട്ടാക്കിയുമില്ല. ക്രിസ്തുവിനു ചേർന്ന രീതിയിൽ ജീവിച്ചില്ല. മറിച്ചു് ഓരോരുത്തനും താന്താങ്ങളുടെ ഹൃദയത്തിന്റെ ദുരാശയനുസരിച്ചു് മുന്നോട്ടു നീങ്ങി; ദുഷ്ടവും ഭക്തിരഹിതവുമായ അസൂയയ്ക്കു കീഴ്പ്പെട്ടു; അതുവഴിയും മരണം ലോകത്തിൽ പ്രവേശിച്ചു (വിജ്ഞാനം 2:24).

4. 1. കാരണം, ഇപ്രകാരം എഴുതപ്പെട്ടിരിക്കുന്നു: (ഉല്പ. 4:3–8). കുറെ ദിവസങ്ങളുടെശേഷം ഇപ്രകാരം സംഭവിച്ചു: കായേൻ ഭൂമിയിലെ ഫലങ്ങളിൽനിന്നു ദൈവത്തിനൊരു ബലി അർപ്പിച്ചു. ഹാബേലാകട്ടെ ആടിന്റെ കടിഞ്ഞൂലും അവയുടെ കൊഴുപ്പും അർപ്പിച്ചു. 2. ദൈവം ഹാബേലിലും അവന്റെ അർപ്പണത്തിലും സംപ്രീതനായി. കായേനെയും അവന്റെ ബലിയേയും സ്വീകരിച്ചില്ല. 3. കായേൻ വളരെ ദുഃഖിച്ചു. അവന്റെ മുഖം വാടി. 4. ദൈവം കായേനോടു ചോദിച്ചു: നീ എന്തിനു ദുഃഖിക്കുന്നു; നിന്റെ മുഖം മങ്ങിയതെന്തു്? നീ നന്നായി അർപ്പിച്ചെങ്കിലും നന്നായി വേർതിരിക്കാഞ്ഞതിനാൽ പാപം ചെയ്തില്ലേ? 5. നിന്റെ പക അടക്കു; നിനക്കതു സാധിക്കും; നീയതു നിയന്ത്രിക്കണം' 6. കായേൻ തന്റെ സഹോദരനായ ഹാബേലിനോടു പറഞ്ഞു: 'നമുക്കു വയലിലേക്കു പോകാം'. അവർ വയലിലായിരിക്കുമ്പോൾ കായേൻ തന്റെ സഹോദരനായ ഹാബേലിനെതിരായി ഉയർന്നു് അവനെ കൊന്നു. 7. സഹോദരന്മാരേ, അസൂയയും മൽസരവും ഒരു സഹോദരന്റെ മരണത്തിലെത്തിച്ചതു നിങ്ങൾ കാണുവിൻ. 8. അസൂയ നിമിത്തം നമ്മുടെ പിതാവായ യാക്കോബ് സ്വസഹോദരനായ ഏശാവിൽ നിന്നു് ഓടിപ്പോയി (ഉല്പ. 27:41).

9. യൗസേപ്പിനെ മരണം വരെ പിന്തുടരുവാനും ബന്ധനസ്ഥനാക്കുവാനും അസൂയ ഇടയാക്കി. 11 10. ഈജിപ്തി

www.malankaralibrary.com



ലെ രാജാവായ ഫറവോൻെറ മുമ്പിൽനിന്ന് ഓടിപ്പോകുവാൻ അസൂയ മോശയെ നിർബന്ധിച്ചു. 'നിന്നെ ഞങ്ങളുടെമേൽ ന്യായാധിപനും വിധികർത്താവുമാക്കിയതാര്? ഇന്നലെ നീ മിസ്രയീംകാരനെ കൊന്നതുപോലെ എന്നെയും കൊല്ലുവാൻ ആഗ്രഹിക്കുന്നുവോ? എന്ന സ്വന്തജാതിക്കാരൻ അദ്ദേഹത്തോടു ചോദിച്ചു.[12] 11 അസൂയനിമിത്തം അഹറോനും മിറിയാമും പാളയത്തിനു പുറത്തു താമസിക്കേണ്ടിവന്നു.[13] 12. അസൂയ നിമിത്തം ദൈവദാസനായ മോശക്കെതിരായി മത്സരിച്ചതിനാൽ ദാഥാനും അബിരോനും ജീവനോടെ പാതാളത്തിലേക്കു പോയി.[14] 13. അസൂയ നിമിത്തം ദാവീദ് വിദേശികളാൽ മാത്രമല്ല, ഇസ്രായേൽ രാജാവായ ശൗലിനാലും പീഡിപ്പിക്കപ്പെട്ടു.[15]

5. 1. എന്നാൽ പഴയ മാതൃകകഠം വിട്ട്, നമ്മോട് അടുത്തുള്ള ധീരന്മാരെ സമീപിക്കാം. നമ്മുടെ തലമുറയിലെ മഹനീയ മാതൃകകഠം നമുക്കു പരിഗണിക്കാം: 2. അസൂയയും വിദ്വേഷവും നിമിത്തം ശ്രേഷ്ഠതരവും അതിപരിശുദ്ധവുമായ തൂണുകഠം[16] പീഡിപ്പിക്കപ്പെട്ടു.[17] അവർ മരണംവരെ പൊരുതി. 3. ശ്രേഷ്ഠരായ ശ്ളീഹന്മാരെ നമുക്ക് അനുസ്മരിക്കാം. 4. നിന്ദ്യമായ അസൂയനിമിത്തം പത്രോസ് ഒന്നോ രണ്ടോ അല്ല, അനേകം കഷ്ടതകഠം സഹിച്ചു. എങ്കിലും സാക്ഷ്യം നൽകി അർഹമായ മഹത്വസ്ഥലത്ത് അദ്ദേഹം പ്രവേശിച്ചു. 5. അസൂയയിലും കലഹത്തിലും സഹനത്തിൻെറ പ്രതിഫലത്തിനുള്ള വഴി പൗലൊസ് ചൂണ്ടിക്കാട്ടി. 6. ഏഴു തവണ അദ്ദേഹം ചങ്ങലകളാൽ ബന്ധിതനായി; നാടുകടത്തപ്പെട്ടു; കല്ലെറിയപ്പെട്ടു.[18] അദ്ദേഹം കിഴക്കും പടിഞ്ഞാറും സന്ദേശവാഹകനായി; വിശ്വാസത്തിൻെറ ശ്രേഷ്ഠ പ്രതിഫലം നേടി. 7. അദ്ദേഹം ലോകമെല്ലാം നീതി പ്രസംഗിച്ചു. പശ്ചിമദേശത്തിൻെറ അററംവരെയെത്തി; രാജാക്കന്മാരുടെ മുമ്പാകെ സാക്ഷ്യം വഹിച്ചിട്ട്, ലോകത്തിൽ നിന്നു കടന്നുപോയി; സഹനത്തിൻെറ വിശിഷ്ട മാതൃകയായിത്തീർന്നശേഷം വിശുദ്ധ സ്ഥലത്തേക്ക് എടുക്കപ്പെട്ടു.

6. 1. വിശുദ്ധ ജീവിതം നയിച്ച ഇവരെ കൂടാതെ, അസൂയ നിമിത്തം അനേകപീഡകഠം സഹിക്കുകയും ശോഭ പരത്തുന്ന മാതൃകകളായിരിക്കുകയും ചെയ്യുന്ന തെരഞ്ഞെടുക്കപ്പെട്ടവരുടെ ഒരു വലിയ കൂട്ടം നമ്മുടെ ഇടയിൽ ഉണ്ട്. 2. അസൂയയും വിദ്വേഷവും നിമിത്തം 'ദാനായ്ഡ്സും ദിർക്കെയും പോലെ[19] സ്ത്രീകഠം പ്രദർശിപ്പിക്കപ്പെടുകയും ക്രൂരവും ഭയാനകവുമായ അപമാനങ്ങഠംക്കുശേഷം കൊല്ലപ്പെടുകയും ചെയ്തു.

www.malankaralibrary.com



അവർ അന്ത്യംവരെ വിശ്വാസത്തിന്റെ ഓട്ടം ഓടുകയും ശാരീരിക ബലഹീനത ഉണ്ടായിരുന്നിട്ടും അർഹിച്ച സമ്മാനം നേടുകയും ചെയ്തു. 3. അസൂയ ഭാര്യമാരെ ഭർത്താക്കന്മാരിൽ നിന്നു വേർതിരിക്കുകയും 'ഇവൾ എന്റെ മാംസത്തിൽ നിന്നുള്ള മാംസവും അസ്ഥിയിൽനിന്നുള്ള അസ്ഥിയും, ആകുന്നു' എന്ന നമ്മുടെ പിതാവായ ആദാമിന്റെ വചനം 20 മാററുകയും ചെയ്തു. 4. അസൂയയും കലഹവും വൻനഗരങ്ങളെ നശിപ്പിക്കയും സാമ്രാജ്യങ്ങളെ പിഴുതെറിയുകയും ചെയ്തു.

7. 1. ഏററം സ്നേഹിക്കപ്പെട്ടവരേ, ഇക്കാര്യങ്ങൾ നിങ്ങൾക്കെഴുതുന്നതു നിങ്ങൾക്കു മുന്നറിയിപ്പ് നൽകാൻ മാത്രമല്ല. ഞങ്ങളെത്തന്നെ അനുസ്മരിപ്പിക്കാൻ കൂടിയാണ്; കാരണം, ഞങ്ങളും അതേ യുദ്ധക്കളത്തിലാണ്; അതേ യുദ്ധം തന്നെയാണ് ഞങ്ങളുടെ മുൻപിലും. 2. ഇക്കാരണത്താൽ നിസ്സാരവും ശുഷ്കവുമായ കാര്യങ്ങൾ വിട്ട്, നമ്മുടെ പാരമ്പര്യത്തിന്റെ മഹനീയവും പരിശുദ്ധവുമായ നിയമത്തിലെത്താം. 3. നമ്മുടെ സ്രഷ്ടാവിന്റെ മുമ്പിൽ നല്ലതും സ്വീകാര്യവും പ്രസാദപൂർണവും ആയതു് എന്താണെന്നു കാണാം. 4. ക്രിസ്തുവിന്റെ രക്തം നമ്മുടെ രക്ഷയ്ക്കുവേണ്ടി ചൊരിയപ്പെട്ടു. അതു ലോകം മുഴുവൻ മാനസാന്തരത്തിന്റെ കൃപനേടിത്തരികയും ചെയ്തു. അതു കണ്ട് നമുക്കതിലേക്കു നമ്മുടെ ദൃഷ്ടി പതിക്കുകയും, പിതാവിനു് അതു് എത്ര മാത്രം വിലയേറിയതാണെന്നു മനസ്സിലാക്കുകയും ചെയ്യാം. 5. നമുക്കു തലമുറകളിലേക്കു പിൻതിരിഞ്ഞു്, തന്റെ പക്കലേക്കു തിരിയുന്നവർക്കു് കർത്താവു് മാനസാന്തരത്തിനുള്ള അവസരം നല്കിയതു പഠിക്കാം.21 6. നോഹ അനുതാപം പ്രസംഗിച്ചു; 22 അദ്ദേഹത്തെ ശ്രദ്ധിച്ചവർ രക്ഷപ്പെട്ടു. യോനാ നിനവായരുടെ നാശത്തെപ്പററി അറിയിച്ചു; അവർ അവരുടെ പാപത്തെപ്പററി അനുതപിച്ചു. 23 പ്രാർത്ഥനയിൽ ദൈവത്തെ വിളിച്ചപേക്ഷിച്ചു; ദൈവത്തിൽനിന്നു് അകന്നവരായിരുന്നെങ്കിലും രക്ഷ നേടിയെടുത്തു.

8. 1. പരിശുദ്ധാത്മാവിന്റെ സഹായത്താൽ ദൈവകൃപയുടെ ദാസന്മാർ അനുതാപം പ്രസംഗിച്ചു. 2. എല്ലാററിന്റേയും കർത്താവുതന്നെ ആണയോടുകൂടി അനുതാപത്തെപ്പററി പറഞ്ഞിരിക്കുന്നു, 24 കർത്താവു് അരുളിച്ചെയ്യുന്നു: 'ഞാൻ ജീവിക്കുന്നതിനാൽ, പാപിയുടെ മരണമല്ല അവന്റെ മാനസാന്തരമാണ് ആഗ്രഹിക്കുന്നതു്; ഈ ദയാമസൃണമായ ഉറപ്പും അവിടുന്നു കൂട്ടിച്ചേർത്തു: 3. ഇസ്രായേൽ ഗൃഹമേ, നിങ്ങ

www.malankaralibrary.com



ളുടെ ദുഷ്ടതകളെക്കുറിച്ച് ദുഃഖിക്കുവിൻ.' എൻെറ ജനത്തിൻെറ പുത്രന്മാരോട് പറയുക: 'നിങ്ങളുടെ പാപം ഭൂമിയിൽ നിന്ന് ആകാശം വരെ എത്തിയാലും കടുംചുവപ്പിനേക്കാൾ ചുവന്നതായാലും കരിക്കട്ടയേക്കാൾ കറുത്തതായാലും, നിങ്ങൾ പൂർണഹൃദയത്തോടെ എൻെറ പക്കലേക്കു തിരിഞ്ഞ് 'പിതാവേ' എന്നു വിളിച്ചാൽ ഒരു വിശുദ്ധ ജനത്തെയെന്നപോലെ ഞാൻ നിങ്ങളെ ശ്രദ്ധിക്കും. 4. മറെറാരു സ്ഥലത്ത് അവിടുന്ന് ഇപ്രകാരം പറയുന്നു: 25 'നിങ്ങളെത്തന്നെ കഴുകി വെടിപ്പാക്കുവിൻ, എൻെറ കണ്ണുകൾക്കു മുൻപിലുള്ള നിങ്ങളുടെ ആത്മാക്കളിലെ ദുഷ്ടത നീക്കിക്കളയുവിൻ, നിങ്ങളുടെ തിന്മകളിൽനിന്നു വിരമിക്കുവിൻ; നന്മ ചെയ്യാൻ പഠിക്കുവിൻ; വിധി തേടുവിൻ, പീഡിതനെ വിടുവിക്കുവിൻ; പിതൃരഹിതനു നല്ല വിധിയും വിധവയ്ക്കു നീതിയും നേടിക്കൊടുക്കുവിൻ; വരുവിൻ നമുക്കൊന്നിച്ചിരുന്നു പരിഗണിക്കാം. കർത്താവു പറയുന്നു: നിങ്ങളുടെ പാപങ്ങൾ കടുംചുവപ്പായാലും, ഞാനവ മഞ്ഞുപോലെ വെണ്മയുള്ളതാക്കും; അവ രക്തവർണമായിരുന്നാലും ഞാനവ മഞ്ഞുപോലെ വെണ്മയാക്കും. നിങ്ങൾക്കു മനസ്സുണ്ടെങ്കിൽ എന്നെ കേൾക്കുവിൻ; നിങ്ങൾ ഭൂമിയുടെ നല്ല ഫലങ്ങൾ അനുഭവിക്കും. എന്നാൽ നിങ്ങൾ തയാറാകാതെയും എന്നെ കേൾക്കാതെയുമിരുന്നാൽ, വാൾ നിങ്ങളെ വിഴുങ്ങും, കാരണം കർത്താവിൻെറ വായ് ഇക്കാര്യങ്ങൾ സംസാരിച്ചിരിക്കുന്നു. 5. തൻെറ പ്രിയരെല്ലാവരും അനുതപിക്കണമെന്നാഗ്രഹിച്ചവൻ തൻെറ സർവശക്തമായ ഇച്ഛയാൽ അതിനെ സ്ഥാപിച്ചു.

9. 1. അതുകൊണ്ടു നമുക്ക് അവിടുത്തെ വിശാലവും മഹനീയവുമായ ഇച്ഛയെ അനുസരിക്കാം. നമുക്ക് തൻെറ ദയയുടെയും കരുണയുടെയും യാചകരാകാം: നമുക്കു താണുവീണു തൻെറ ദയയിലേക്കു തിരിയാം. വ്യർത്ഥകർമങ്ങളും കലഹവും മരണത്തിലേക്കു നയിക്കുന്ന അസൂയയും ഉപേക്ഷിക്കാം. 2. അനുസരണയിൽ, നീതിമാനായി കാണപ്പെടുകയും തൻെറ മരണത്തെപ്പററി ഒരു കാല്പാടുപോലും അവശേഷിപ്പിക്കാതെ എടുക്കപ്പെടുകയും ചെയ്ത ഹാനോക്കിനെ ശ്രദ്ധിക്കാം 26 തൻെറ സേവനംവഴി നോഹ വിശ്വസ്തനായി കാണപ്പെട്ടു; അദ്ദേഹം ലോകത്തിനു പുതിയൊരു ജനനം പ്രസംഗിച്ചു; പെട്ടകത്തിൽ യോജിപ്പോടുകൂടി പ്രവേശിച്ച ജീവജാലങ്ങളെ അദ്ദേഹം കർത്താവുവഴി രക്ഷിച്ചു. 27

www.malankaralibrary.com



10. 1. 'സ്നേഹിതൻ'[28] എന്നു വിളിക്കപ്പെട്ട അബ്രഹാം
ദൈവവചനം അനുസരിച്ചതുവഴി വിശ്വസ്തനെന്നു സ്വയം
തെളിയിച്ചു. 2. അനുസരണയാലാണ് അദ്ദേഹം സ്വന്തം
നാട്ടിൽനിന്നും ബന്ധുക്കളിൽനിന്നും പിതൃഭവനത്തിൽനിന്നും
ഇറങ്ങി പുറപ്പെട്ടതു്. ചെറിയൊരു രാജ്യവും ബലഹീനമായ
ബന്ധുത്വവും ചെറിയൊരു കുടുംബവും ഉപേക്ഷിച്ചുകൊണ്ടാ
ണ് ദൈവികവാഗ്ദാനങ്ങൾ പ്രാപിക്കാമെന്നവൻ പ്രത്യാ
ശിച്ചതു്. ദൈവം അദ്ദേഹത്തോടു പറഞ്ഞു: [29] 3. 'നിന്റെ
നാട്ടിൽനിന്നും ബന്ധുക്കളിൽനിന്നും പിതൃഭവനത്തിൽനി
ന്നും പുറപ്പെട്ട് ഞാൻ തരുവാനിരിക്കുന്ന ദേശത്തേക്കു പോ
കുക; ഞാൻ നിന്നെ ഒരു വലിയ ജനതയാക്കും; നിന്റെ നാമം
ശ്രേഷ്ഠമാക്കും; നീ അനുഗ്രഹിക്കപ്പെട്ടവനായിരിക്കും. നിന്നെ
അനുഗ്രഹിക്കുന്നവരെ ഞാൻ അനുഗ്രഹിക്കും. നിന്നെ പീഡി
പ്പിക്കുന്നവരെ ഞാൻ ശപിക്കും; ലോകത്തിലുള്ള എല്ലാ ഭവന
ങ്ങളും നിന്നാൽ അനുഗ്രഹിക്കപ്പെട്ടിരിക്കും. 4. വീണ്ടും അദ്ദേ
ഹം ലോത്തിൽ നിന്നു് വേർപിരിഞ്ഞപ്പോൾ ദൈവം അദ്ദേ
ഹത്തോടു പറഞ്ഞു:[30] 'നിന്റെ കണ്ണുകളുയർത്തി നീയിപ്പോൾ
നിൽക്കുന്നിടത്തുനിന്നും വടക്കോട്ടും തെക്കോട്ടും കിഴക്കോട്ടും പ
ടിഞ്ഞാറോട്ടും നോക്കുക; നീ കാണുന്ന ദേശമൊക്കെയും നിന
ക്കും നിന്റെ സന്തതികൾക്കുമായി ഞാൻ നൽകും. 5. ഞാൻ
നിന്റെ സന്തതിയെ ഭൂമിയിലെ പൊടിപോലെ വർദ്ധിപ്പി
ക്കും. ഭൂമിയിലെ പൊടി എണ്ണിത്തീർക്കാൻ കഴിയുമെങ്കിൽ,
നിന്റെ സന്തതിയെയും എണ്ണിത്തീർക്കാം.' 6. അദ്ദേഹം
വീണ്ടും പറയുന്നു:[31] 'ദൈവം അബ്രഹാമിനെ പുറത്തേക്കു വി
ളിച്ച് അവനോടു പറഞ്ഞു: നീ ആകാശത്തേക്കു നോക്കൂ;
സാധിക്കുമെങ്കിൽ ആകാശത്തിലെ നക്ഷത്രങ്ങളെ എണ്ണൂ;
നിന്റെ സന്തതി ഇപ്രകാരമായിരിക്കും. അബ്രഹാം ദൈവ
ത്തിൽ വിശ്വസിച്ചു. അതു് അദ്ദേഹത്തിനു നീതിക്കായി
പരിഗണിക്കപ്പെട്ടു'.[32]

11. 1. ചുററുമുള്ള പ്രദേശങ്ങളെല്ലാം അഗ്നിയാലും ഗന്ധ
കത്താലും നശിപ്പിക്കപ്പെട്ടപ്പോൾ[33] തന്റെ അതിഥിസ്നേ
ഹവും ഭക്തിയും നിമിത്തം ലോത്തു് സോദോമിൽനിന്നു് രക്ഷി
ക്കപ്പെട്ടു. തന്നിൽ പ്രത്യാശവയ്ക്കുന്നവരെ ദൈവം ഉപേക്ഷി
ക്കുകയില്ല; എന്നാൽ തന്നിൽനിന്നകന്നുപോകുന്നവരെ ശിക്ഷ
യ്ക്കും പീഡനത്തിനും ഏല്പിക്കുമെന്നു കർത്താവു വ്യക്ത
മാക്കിയിരിക്കുന്നു 2. ലോത്തിന്റെകൂടെ ഭാര്യയും ഇറങ്ങി
പുറപ്പെട്ടു, എങ്കിലും ഒരു വ്യത്യസ്ത മനോഭാവം ഉണ്ടാകു
കയും ഏകാഗ്രതയോടെ വർത്തിക്കാൻ കൂട്ടാക്കാതിരിക്കയും
ചെയ്കയാൽ അവൾ ഒരു അടയാളമായി പരിണമിച്ചു. ഇതു

www.malankaralibrary.com



മനസ്സുള്ളവരും ദൈവികശക്തിയെ സംശയിക്കുന്നവരും വിധിയിലേക്കാനീതരാകുമെന്നും തലമുറകൾക്കെല്ലാം ഒരു താക്കീതായിത്തീരുമെന്നും എല്ലാവരും മനസ്സിലാക്കുവാൻ അവൾ ഒരു ഉപ്പുതൂണായി തീരുകയും, ഇന്നോളം നിലനിൽക്കുകയും ചെയ്യുന്നു.[34]

12. 1. റാഹാബ് എന്ന വേശ്യ അവളുടെ വിശ്വാസത്താലും അതിഥിസ്നേഹത്താലും രക്ഷിക്കപ്പെട്ടു.[35] 2. നൂൻെറ പുത്രനായ യോഷ്വാ ഒററുകാരെ യെറീക്കോയിലേക്കയച്ചപ്പോൾ, അവർ നാട് ഒററിക്കൊടുക്കുവാൻ എത്തിയവരാണെന്നു സ്ഥലത്തെ രാജാവറിഞ്ഞു. പിടിക്കപ്പെട്ടാൽ അവരെ കൊലപ്പെടുത്തുവാൻവേണ്ടി അവരെ പിടിച്ചുകൊണ്ടുവരാൻ രാജാവ് ആളുകളെ നിയോഗിച്ചു. 3. അതിഥിപ്രിയയായ റാഹാബ് അവരെ സ്വീകരിക്കുകയും വീടിൻെറ മേൽക്കൂരയിൽ ചണക്കെട്ടിനടിയിൽ ഒളിപ്പിക്കുകയും ചെയ്തു. 4. രാജാവിൽനിന്നുള്ള ആളുകൾ വന്ന്: 'നമ്മുടെ നാട് ഒററുവാൻ വന്നവർ നിൻെറ പക്കൽ വന്നു; അവരെ പുറത്തുകൊണ്ടുവരിക; എന്തെന്നാൽ രാജാവു് അപ്രകാരം കല്പിച്ചിരിക്കുന്നു' എന്നു പറഞ്ഞു. അപ്പോൾ അവൾ എതിർവശം ചൂണ്ടിക്കാണിച്ചുകൊണ്ട്, 'നിങ്ങൾ അന്വേഷിക്കുന്ന പുരുഷന്മാർ എൻെറ അടുക്കൽ വന്നു എന്നതു ശരിതന്നെ; എന്നാൽ അവർ ഉടനെ പുറപ്പെട്ടുപോയി, അവരുടെ യാത്ര തുടരുന്നു' എന്നു പറഞ്ഞു. 5. എന്നിട്ട് അവൾ അവരോടു പറഞ്ഞു: 'കർത്താവായ ദൈവം ഈ നാട് നിങ്ങൾക്കു നൽകും എന്ന് ഞാനറിയുന്നു; കാരണം നിങ്ങളെ കുറിച്ചുള്ള ഭയവും ഭീതിയും ഇതിലെ എല്ലാ നിവാസികളിലും വീണിരിക്കുന്നു. നിങ്ങൾ ഈ പട്ടണം പിടിക്കുമ്പോൾ എന്നെയും എൻെറ പിതൃഗൃഹത്തെയും രക്ഷിക്കുക.' 6. അവർ അവളോടു പറഞ്ഞു: 'നീ ആവശ്യപ്പെട്ടതുപോലെ ആയിരിക്കട്ടെ; ഞങ്ങളിതിലെ നടക്കുന്നതായി നീ അറിയുമ്പോൾ, നിൻെറ ജനത്തെയെല്ലാം നിൻെറ മേൽക്കൂരയ്ക്കു കീഴിൽ കൊണ്ടുവരിക; അവർ രക്ഷപ്പെടുകതന്നെ ചെയ്യും. പുറത്തു കാണപ്പെടുന്നവരെല്ലാം കൊല്ലപ്പെടുകയും ചെയ്യും'. 7. അവളുടെ വീട്ടിൽനിന്നു തൂക്കിയിടാൻ കടുംചുവപ്പുനിറത്തിലുള്ള ഒന്ന് അടയാളമായി അവർ അവൾക്കു കൊടുത്തു. ദൈവത്തിൽ വിശ്വസിക്കുകയും പ്രത്യാശിക്കുകയും ചെയ്യുന്ന എല്ലാവർക്കും കർത്താവിൻെറ രക്തംവഴിയാണ് വീണ്ടെടുപ്പുണ്ടാകുന്നതെന്നു മുൻകൂട്ടി വ്യക്തമായി സൂചിപ്പിക്കാനായിരുന്നു ഇതു്. 8. പ്രിയരേ, ഈ സ്ത്രീയിൽ വിശ്വാസവും പ്രവചനവും കാണുന്നതു ശ്രദ്ധിപ്പിൻ.

www.malankaralibrary.com



13. 1. അതുകൊണ്ടു് സഹോദരന്മാരേ, നമുക്കു വിനീത ഹൃദയത്തോടെ വ്യാപരിക്കാം. പ്രശംസയും ഡംഭും കോപവും വ്യർത്ഥകാര്യങ്ങളും ദൂരെ അകററാം; എഴുതപ്പെട്ടിരിക്കുന്നതുപോലെ നമുക്കു പ്രവർത്തിക്കാം. എന്തെന്നാൽ പരിശുദ്ധാത്മാവു് പറയുന്നു:[36] 'ജ്ഞാനി തൻെറ ജ്ഞാനത്തിൽ പ്രശംസിക്കാതിരിക്കട്ടെ, ബലവാൻ തൻെറ ബലത്തിലും ധനവാൻ തൻെറ ധനത്തിലും അഭിമാനിക്കേണ്ട. മറിച്ചു്, പ്രശംസിക്കുന്നവൻ അവനെ അന്വേഷിക്കുന്നതിനും വിധിയും നീതിയും നടത്തുന്നതിനും കർത്താവിൽ പ്രശംസിക്കട്ടെ.' പ്രത്യേകമായി കർത്താവായ ഈശോ കരുണയും ദീർഘശാന്തതയും പഠിപ്പിച്ചു് ഉപദേശിച്ച വാക്കുകൾ നാം അനുസ്മരിക്കണം. 2. അവിടുന്നു് ഇപ്രകാരം പറഞ്ഞിരിക്കുന്നു.[37] 'നിങ്ങളുടെ മേൽ കരുണയുണ്ടാകുവാൻ, നിങ്ങൾ കരുണയുള്ളവരായിരിക്കുവിൻ; ക്ഷമിക്കപ്പെടുവാൻ നിങ്ങൾ ക്ഷമിക്കുവിൻ; നിങ്ങൾ ചെയ്യുന്നതുപോലെ നിങ്ങളോടും ചെയ്യപ്പെടും. നിങ്ങൾ വിധിക്കുന്നതുപോലെ നിങ്ങൾ വിധിക്കപ്പെടും; നിങ്ങൾ കൊടുക്കുന്നതുപോലെ നിങ്ങൾക്കും തരപ്പെടും. നിങ്ങൾ കരുണ കാണിക്കുന്നതുപോലെ നിങ്ങളോടും ചെയ്യപ്പെടും; നിങ്ങൾ അളക്കുന്ന അളവിനാൽ നിങ്ങൾക്കും അളക്കപ്പെടും.' 3. വിനീതമാനസരായും തൻെറ വിശുദ്ധ വചനങ്ങൾക്കു് അനുസരണമുള്ളവരായും നടക്കുന്നതിനു നമുക്കു് ഈ കല്പനയിലും ഈ ഉപദേശത്തിലും നമ്മെത്തന്നെ ഉറപ്പിക്കാം. വി. ഗ്രന്ഥം പറയുന്നു:[38] 4. 'വിനീതനിലും താഴ്മയുള്ളവനിലും, എൻെറ വചനത്തെ ഭയപ്പെടുന്നവനിലുമല്ലാതെ ആരിലാണു് എനിക്കു പരിഗണന?'

14. 1. ആകയാൽ സഹോദരന്മാരേ, മർക്കടമുഷ്ടിയിലും വിധേയത്വരാഹിത്യത്തിലും, മ്ളേച്ഛമായ അസൂയയിലും വളർന്നിരുന്നവരെ പിൻചെല്ലാതെ ദൈവത്തെ അനുസരിക്കുക എന്നുള്ളതു് നമുക്കു നല്ലതും വിശുദ്ധവും ആകുന്നു. 2. ശരിയായ കാര്യങ്ങളിൽ നിന്നു നമ്മെ അകററുവാൻവേണ്ടി കലഹത്തിനും വിപ്ളവത്തിനും ദുഷ്പ്രേരണ നടത്തുന്ന മനുഷ്യരുടെ പദ്ധതികൾക്കു നാം ധൃതിപൂണ്ടു് നമ്മെത്തന്നെ ഏല്പിച്ചുകൊടുത്താൽ നാം നിസ്സാരനഷ്ടമല്ല സഹിക്കേണ്ടിവരിക. 3. നമ്മെ സൃഷ്ടിച്ചവൻെറ കരുണയുടെയും മാധുര്യത്തിൻെറയും മാതൃക അനുസരിച്ചു നമുക്കു പരസ്പരം ദയയുള്ളവരായിരിക്കാം. 4. ഇപ്രകാരം എഴുതപ്പെട്ടിരിക്കുന്നു:[39] 'കരുണയുള്ളവർ നാട്ടിൽ വസിക്കും; നിഷ്കളങ്കർ അതിൽ അവശേഷിക്കും; എന്നാൽ നിയമലംഘകരോ അതിൽനിന്നു പാടെ പിഴുതെറിയപ്പെടും.' 5. വീണ്ടും

www.malankaralibrary.com



അവിടുന്നു പറയുന്നു:40 'ലബനോനിലെ ദേവദാരുക്കൾ പോലെ ദുഷ്ടന്മാർ ഉയർത്തപ്പെട്ടിരിക്കുന്നതും ഔന്നത്യത്തിൽ വസിക്കുന്നതും ഞാൻ കണ്ടു; പിന്നെ ഞാനതിലെ കടന്നുപോയി; ഇതാ, അവനവിടെയില്ല; ഞാൻ അവൻെറ സ്ഥലമന്വേഷിച്ചു; എന്നാൽ ഞാൻ കണ്ടെത്തിയില്ല.' നിഷ്കളങ്കത പരിരക്ഷിപ്പിൻ, സത്യസന്ധത പാലിപ്പിൻ. എന്തെന്നാൽ സമാധാനമുള്ള മനുഷ്യന് ഒരു പിൻതുടർച്ചയുണ്ട്.

15. 1. അതുകൊണ്ട് ഭക്തിയുള്ള സമാധാനമാനസ്സരോടു ചേർന്നിരിക്കാം; അല്ലാതെ, കപടമായി സമാധാനം ആഗ്രഹിക്കുന്നവരോടല്ല. 2. കാരണം, ഒരിടത്ത് അവിടുന്നു പറയുന്നു:41 'ഈ ജനം അവരുടെ അധരങ്ങൾകൊണ്ട് എന്നെ ബഹുമാനിക്കുന്നു; എന്നാൽ അവരുടെ ഹൃദയം എന്നിൽനിന്ന് അകന്നിരിക്കുന്നു'. 3. വീണ്ടും, 42 'അവർ വായ് കൊണ്ട് അനുഗ്രഹിച്ചു; എന്നാൽ ഹൃദയംകൊണ്ട് ശപിച്ചു'. 4. വീണ്ടും അവിടുന്നു പറയുന്നു:43 'അവർ അവരുടെ വായ് കൊണ്ട് അവനെ സ്നേഹിച്ചു: അവരുടെ നാവുകൊണ്ട് അവനോട് കള്ളം പറഞ്ഞു. അവരുടെ ഹൃദയം അവനോടു നേരേയായിരുന്നില്ല; അവിടുത്തെ ഉടമ്പടിയിൽ അവർ വിശ്വസ്തരുമായിരുന്നില്ല.' 5. അതുകൊണ്ട്, നീതിമാനെതിരായി ദുഷ്ടത ഉരയ്ക്കുന്ന ചുണ്ടുകൾ മൂകമായി തീരട്ടെ.' 44 വീണ്ടും45 'നുണ പറയുന്ന അധരങ്ങളെയും, വീമ്പടിക്കുന്ന നാവിനെയും, 'നമ്മുടെ നാവിനെ പുകഴ്ത്താം. നമ്മുടെ ചുണ്ടുകൾ നമ്മുടെ സ്വന്തമാണ്; നമ്മുടെമേൽ ആരാണ് കർത്താവ്?' എന്നു ചോദിക്കുന്നവരെയും കർത്താവ് നശിപ്പിക്കട്ടെ ' 6. ദരിദ്രൻെറ അരിഷ്ടതയും, അവശ്യക്കാരൻെറ നിലവിളിയും നിമിത്തം ഞാനിപ്പോൾ എഴുന്നേല്ക്കും' എന്ന് കർത്താവ് അരുൾചെയ്യുന്നു. അവരെ ഞാൻ സുരക്ഷിതത്വത്തിൽ ഇരുത്തും; 7. ഞാൻ ഋജുവായി അവരോട് പെരുമാറും.'

16. 1. ക്രിസ്തു വിനീതമാനസരുടേതാണ്; തൻെറ അജഗണത്തിന്മേൽ സ്വയം ഉയർത്തുന്നവരുടേതല്ല. 2. ദൈവമഹത്വത്തിൻെറ ചെങ്കോലായ കർത്താവേശുമിശിഹാ ശക്തിമാനായിരുന്നിട്ടും, പ്രശംസയുടെയോ, ധാർഷ്ട്യത്തിൻെറയോ ഡംഭിലല്ല വന്നത്; അവിടുത്തെപ്പററി പരിശുദ്ധാത്മാവു പറയുന്നതുപോലെ, 'അവിടുന്നു വിനീതമാനസ്സനായിട്ടാണ്' വന്നത്. എന്തെന്നാൽ അവിടുന്നുപറയുന്നു:46 3. 'കർത്താവേ, ആരു് ഞങ്ങളുടെ വിവരണം വിശ്വസിച്ചു? കർതൃകരം ആർക്കാണു വെളിപ്പെടുത്തപ്പെട്ടതു്? അവിടുത്തെ സാന്നിധ്യത്തിൽ ഞങ്ങൾ അറിയിച്ചു. അദ്ദേഹം ഒരു ശിശു

www.malankaralibrary.com



പോലെയും ദാഹാർത്തയായ ഭൂമിയിൽ മുളയ്ക്കുന്ന വേരു പോലെയും ആകുന്നു. അദ്ദേഹത്തിൽ സൗന്ദര്യമോ, ആകാരസൗഷ്ഠവമോ ഞങ്ങൾ ദർശിച്ചില്ല, അദ്ദേഹത്തിനു രൂപമോ സൗന്ദര്യമോ ഉണ്ടായിരുന്നില്ല; അദ്ദേഹത്തിന്റെ രൂപം അപമാനിതമായിരുന്നു; മനുഷ്യരൂപത്തോട് താരതമ്യപ്പെടുത്തുമ്പോൾ കുറവുള്ളതായിരുന്നു; അടികളിലും പ്രയാസങ്ങളിലും ജീവിക്കുന്ന ഒരു മനുഷ്യൻ; ബലഹീനത വഹിക്കാൻ അറിയുന്നവൻ; എന്തെന്നാൽ അദ്ദേഹത്തിന്റെ മുഖം മാററപ്പെട്ടു; അദ്ദേഹം വാഴ്ത്തപ്പെട്ടില്ല, പിന്നെയോ നിന്ദിക്കപ്പെട്ടു. 4. ഇവനത്രേ നമ്മുടെ പാപം പേറുന്നവനും നമുക്കുവേണ്ടി മുറിവേല്ക്കപ്പെടുന്നവനും; വേദനകൾക്കും, അടിമകൾക്കും, പീഡനങ്ങൾക്കും, ഏല്പിക്കപ്പെട്ടവനായി അവനെ നാം കരുതി.

5. നമ്മുടെ അക്രമങ്ങൾ നിമിത്തം അദ്ദേഹം മുറിവേല്പിക്കപ്പെട്ടു. നമ്മുടെ പാപങ്ങൾ നിമിത്തം ചതയ്ക്കപ്പെട്ടു. നമ്മുടെ സമാധാനത്തിന്റെ ശിക്ഷ ആദ്ദേഹത്തിന്റെ മേൽ വീണു. അദ്ദേഹത്തിന്റെ മുറിവുകളാൽ നാം സുഖം പ്രാപിച്ചു. 6. ആടുകളെപ്പോലെ നാമെല്ലാവരും വഴി തെററിപ്പോയി. ഓരോരുത്തൻ അവനവന്റെ വഴിക്കു തിരിഞ്ഞു. 7. കർത്താവ് അദ്ദേഹത്തെ നമ്മുടെ പാപങ്ങളെ പ്രതി ഏല്പിച്ചുകൊടുത്തു. തന്റെ വേദനയിൽ അദ്ദേഹം വായ്പിളർന്നില്ല അറക്കുവാനുള്ള ആടുപോലെ അദ്ദേഹം നയിക്കപ്പെട്ടു: രോമം വെട്ടുന്നവന്റെ മുമ്പിൽ നില്ക്കുന്ന മൗനിയായ ആടുപോലെ അദ്ദേഹം വായ് തുറന്നില്ല. നിന്ദയിൽ അദ്ദേഹത്തിന്റെ വിധി എടുത്തു മാററപ്പെട്ടു. 8. അദ്ദേഹത്തിന്റെ തലമുറയെ ആര് വിവരിക്കും? എന്തെന്നാൽ ധരയിൽ നിന്നു തന്റെ ജീവൻ എടുത്തു മാററപ്പെട്ടു. 9. എന്റെ ജനത്തിന്റെ ആക്രമങ്ങൾ നിമിത്തം അദ്ദേഹം മരണത്തിനായി വന്നു. 10. അദ്ദേഹത്തിന്റെ ശവസംസ്കാരത്തിന് ദുഷ്ടന്മാരെയും, അദ്ദേഹത്തിന്റെ മരണത്തിനു ധനവാന്മാരെയും നല്കും, അദ്ദേഹം അധർമ്മം ഒന്നും ചെയ്തിട്ടില്ല; തന്റെ വായിൽ കാപട്യം ഉണ്ടായിരുന്നില്ല. അദ്ദേഹത്തെ തന്റെ [വ്രണങ്ങളിൽ നിന്നു ശുദ്ധീകരിക്കുവാൻ കർത്താവ് തിരുമനസ്സായി. 11. നിങ്ങൾ പാപപരിഹാരാർത്ഥം അർപ്പണം നടത്തിയാൽ ദീർഘായുസ്സോടുകൂടി ഒരു പ്രജയെ കാണും. 12. അവന്റെ ആത്മാവിന്റെ കഷ്ടപ്പാടുകൾ എടുത്തു മാററി പ്രകാശം കാണിക്കാനും, അവനെ വിജ്ഞാനത്തിൽ രൂപീകരിക്കാനും അനേകരെ നന്നായി ശുശ്രൂഷിക്കുന്ന സത്യവാനെ നീതീകരിക്കാനും കർത്താവ് തിരുമനസ്സാകുന്നു. അവൻതന്നെ അവരുടെ

www.malankaralibrary.com



പാപങ്ങളെ പേറും. 13. ഇക്കാരണത്താൽ അവൻ അനേകരെ അവകാശമാക്കുകയും, ശക്തന്മാരുടെ കൊള്ള പങ്കിടുകയും ചെയ്യും. അവൻ മരണത്തിന് ഏല്പിക്കപ്പെട്ടു. അവൻ ദുഷ്ടന്മാരോടുകൂടെ എണ്ണപ്പെട്ടു. 14. അവൻ അനേകരുടെ പാപം പേറി. അവരുടെ പാപത്തിനുവേണ്ടി അവൻ കയ്യാളിക്കപ്പെട്ടു. 15. വീണ്ടും. അവൻ തന്നെപ്പററിത്തന്നെ പറയുന്നു:[47] 'എന്നാൽ ഞാനൊരു മനുഷ്യനല്ല; പുഴുവാണ്, ഞാൻ മനുഷ്യരുടെ നിന്ദയും ജനങ്ങളിൽനിന്ന് പുറംതള്ളപ്പെട്ടവനുമാണ്. 16. എന്നെ കാണുന്നവരെല്ലാം എന്നെ പരിഹസിച്ച് ചിരിക്കുന്നു; അവർ തങ്ങളുടെ അധരങ്ങൾ കൊണ്ടു സംസാരിക്കുകയും തല കുലുക്കിക്കൊണ്ട് ഇപ്രകാരം പറയുകയുംചെയ്യുന്നു: 'അവൻ കർത്താവിൽ ആശ്രയിച്ചു; അവൻ അവനെ വിടുവിക്കട്ടെ; അവൻ അദ്ദേഹത്തിൽ സന്തോഷിക്കുന്നതിനാൽ അവനെ രക്ഷിക്കട്ടെ.' 17. പ്രിയപ്പെട്ടവരേ, നമുക്കു നല്കപ്പെട്ട മാതൃക എന്തെന്നു നോക്കുവിൻ; ഇപ്രകാരം നമ്മുടെ കർത്താവ് വിനീതമാനസ്സനായെങ്കിൽ, അവിടുന്നു വഴി കൃപയുടെ നുകത്തിൻ കീഴിലമർന്നു നാം എന്താണു ചെയ്യേണ്ടത്?

17. 1. ക്രിസ്തുവിൻെറ വരവിനെ പ്രസംഗിച്ചുകൊണ്ട് ചെമ്മരിയാടുകളുടെയും, കോലാടുകളുടെയും തോൽ ധരിച്ച്[48] ചുററി നടന്നവരെയും, നമുക്കനുകരിക്കാം. പ്രവാചകരായ ഏലിയ, ഏലീശ, എസക്കിയേൽ എന്നിവരെയും പണ്ടത്തെ പ്രസിദ്ധരായ വ്യക്തികളെയുമാണ് ഇവിടെ നാം ഉദ്ദേശിക്കുന്നത്. 2. അബ്രഹാം വളരെയധികം സ്തുതിക്കപ്പെടുകയും 'ദൈവസ്നേഹിതൻ' എന്നു പ്രഘോഷിക്കപ്പെടുകയും ചെയ്തിട്ടുണ്ട്. തൻെറ കാഴ്ചയിൽ, ദൈവമഹത്വത്തിലേക്കു ദൃഷ്ടി പതിപ്പിച്ചുകൊണ്ട് അദ്ദേഹം പറയുന്നു: [49] 'എന്നാൽ ഞാനോ പൊടിയും ചാരവുമാകുന്നു' 3. കൂടാതെ ഇയ്യോബിനെക്കുറിച്ച് ഇപ്രകാരം എഴുതപ്പെട്ടിരിക്കുന്നു: [50] ഇയ്യോബ് നീതിമാനും, കുററമററവനും, സത്യവാനും, ദൈവത്തെ ആരാധിക്കുന്നവനും എല്ലാ തിന്മകളിൽ നിന്നും അകന്നവനും ആയിരുന്നു.' 4. എന്നാൽ അദ്ദേഹം സ്വയം കുററപ്പെടുത്തുന്നു: [51] 'ജീവിതം ഒരു ദിവസത്തേയ്ക്കു മാത്രമേ ഉള്ളു എങ്കിലും മാലിന്യത്തിൽ നിന്ന് വിമുക്തനായി ശുദ്ധനായവൻ ആരുമില്ല.' 5. മോശ [52] 'തൻെറ ഭവനം മുഴുവനിലും വിശ്വസ്തൻ' എന്നു വിളിക്കപ്പെട്ടു. അദ്ദേഹം വഴി ദൈവം ബാധകളാലും പീഡനങ്ങളാലും ഈജിപ്തിനെ ശിക്ഷിച്ചു. അദ്ദേഹം പോലും അധികസ്തുതി ലഭിച്ചപ്പോൾ ഗർവ്വ് നിറഞ്ഞ വാക്കുകൾ ഉച്ചരിച്ചില്ല; മറിച്ച് മുൾപ്പടർപ്പിൽവച്ച് ദർശനം ലഭിച്ചപ്പോൾ 'അങ്ങ് എന്നെ അയയ്ക്കുവാൻ ഞാനാരാണ്? ഞാൻ സംസാരത്തിൽ ബല

www.malankaralibrary.com



ഹീനനും വിക്കനുമാണ്"[53] എന്നാണ് പറയുന്നത്. 6. അദ്ദേഹം വീണ്ടും പറയുന്നു: 'ഞാൻ കലത്തിൽനിന്നുള്ള ആവിപോലെയാണ്.'[54]

18. 1. കീർത്തിമാനായ ദാവീദിനെപ്പററി നാം എന്താണ് പറയേണ്ടത്. അദ്ദേഹത്തെപ്പററി ദൈവം പറഞ്ഞു:[55] 'എന്റെ ഹൃദയത്തിനൊത്ത ഒരു മനുഷ്യനെ ഞാൻ കണ്ടെത്തിയിരിക്കുന്നു; ഈശായിയുടെ പുത്രനായ് ദാവീദിനെ നിത്യമായ കരുണയാൽ ഞാൻ അഭിഷേകം ചെയ്തിരിക്കുന്നു.' 2. അവൻപോലും ദൈവത്തോട് പറയുന്നു:[56] 'ദൈവമേ അങ്ങേ കൃപയിൻപ്രകാരം എന്നോടു കരുണ ചെയ്യണമെ. അങ്ങേ കരുണയുടെ ബഹുത്വപ്രകാരം എന്റെ അതിക്രമങ്ങരം മായിച്ചുകളയണമേ (തുടർന്ന് 51-ാം സങ്കീർത്തനം മുഴുവൻ ക്ളെമെൻറ് ഉദ്ധരിക്കുന്നു).

19. 1. സുപ്രസിദ്ധരായ അനേകമാളുകളുടെ വിനയവും അനുസരണപൂർവകമായ വിധേയത്വവും നമ്മെയും നമുക്ക് മുമ്പ് നമ്മുടെ പിതാക്കന്മാരെയും അവിടുത്തെ വചനം ഭയത്തിലും സത്യത്തിലും സ്വീകരിച്ച എല്ലാവരെയും കൂടുതൽ നല്ലവരാക്കി. 2. അവരുടെ മഹത്തും മഹനീയവുമായ നിരവധി കർമ്മങ്ങളിൽ പങ്കെടുത്തുകൊണ്ട്,[57] ആദിമുതൽ നമുക്കു നൽകപ്പെട്ട സമാധാന ലക്ഷ്യത്തിലേക്ക് ഓടാം. ലോകം മുഴുവന്റെയും സ്രഷ്ടാവും പിതാവുമായവനിലേക്ക് ഉററുനോക്കാം. നമ്മോടുള്ള അവിടുത്തെ മികച്ചതും ഗാംഭീര്യമുള്ളതുമായ സമാധാനത്തിന്റെയും ദയയുടെയും ദാനങ്ങളോടു പററിച്ചേരാം. 3. നമ്മുടെ മനസ്സുകൊണ്ടു നമുക്കവിടുത്തെ കാണാം. ആത്മാവിന്റെ നയനങ്ങരംകൊണ്ട് അവിടുത്തെ ദീർഘശാന്തതയുള്ള ലക്ഷ്യത്തിലേക്ക് നോക്കാം. തന്റെ സൃഷ്ടി മുഴുവനോടും അവിടുന്നു എത്രമാത്രം ശാന്തതയോടുകൂടെ പ്രവർത്തിക്കുന്നു എന്നു നമുക്കു മനസ്സിലാക്കാം.

20. 1. അവിടുത്തെ നിർദേശത്തിൽ ആകാശങ്ങരം നിറയുന്നു; പ്രശാന്തതയിൽ അവയെല്ലാം അവിടുത്തേക്കു വിധേയമാണ്. 2. തടസ്സംകൂടാതെ, രാവും പകലും, അവിടുന്നു കൊടുത്ത ദൗത്യം അവ പൂർത്തിയാക്കുന്നു. 3. അണുവിട വ്യതിചലിക്കാതെ സൂര്യചന്ദ്രന്മാരും നക്ഷത്രസമൂഹങ്ങളും അവിടുന്നു നിശ്ചയിച്ച പാതയിലൂടെ അവിടുത്തെ കല്പന അനുസരിച്ചു കറങ്ങുന്നു. 4. ഭൂമി കാലാകാലങ്ങളിൽ പുഷ്പിക്കുകയും, മനുഷ്യനും മൃഗങ്ങരംക്കും ഭൂമിയിലെ ജീവജാലങ്ങരംക്കും ആവശ്യമായ ഭക്ഷണം മടികൂടാതെയും, അവന്റെ ക്രമീകരണമൊന്നും മാററാതെയും പുറപ്പെടുത്തുകയും ചെയ്യുന്നു: 5. അടിത്തറയില്ലാത്ത ഗർത്തത്തിന്റെ അന്വേഷണാതീതമായ സ്ഥലങ്ങളും

www.malankaralibrary.com



അധോലോകത്തിൻെറ അവാച്യപ്രദേശങ്ങളും അവിടത്തെ കല്പനസ്സ് കീഴാകുന്നു. 6. അവൻെറ പദ്ധതിയനുസരിച്ച് ഒരിടത്തു് ഒന്നിച്ചു കൂട്ടിവച്ചിരിക്കുന്ന അനന്തമായ കടൽജലം അതിത്തികൾ ലംഘിക്കാതെ അവൻ കല്പമിച്ചതനുസരിച്ചു മാത്രം പ്രവർത്തിക്കുന്നു. 7. എന്തെന്നാൽ അവൻ പറഞ്ഞു:[58] 'ഇവിടെവരെ നിനക്കു വരാം, നിൻെറ തിരാലകൾ നിന്നിൽ തന്നെ ശിഥിലമാക്കപ്പെടും'. 8. മനുഷ്യർക്കു ദുസ്തരമായ കടലും അതിനപ്പുറത്തുള്ള ലോകങ്ങളും കർത്താവിൻെറ ഈ കല്പനയാൽ ക്രമീകരിക്കപ്പെട്ടിരിക്കുന്നു. 9. ശാന്തമായി വസന്തം വേനൽ, വർഷം, മഞ്ഞുകാലങ്ങൾ ഒന്നിനു പുറകെ ഒന്നായി വരുന്നു. 10. വിവിധ ഭാഗങ്ങളിൽ നിന്നുള്ള കാററുകളും അതാതിൻെറ സമയത്തു തടസ്സം കൂടാതെ അവയുടെ ജോലി നോക്കുന്നു. സന്തോഷത്തിനും ആരോഗ്യത്തിനുംവേണ്ടി ഉണ്ടാക്കപ്പെട്ട ഒരിക്കലും വററാത്ത അരുവികൾ, മനുഷ്യജീവൻ നിലനിർത്താൻ വേണ്ടി മുടങ്ങാതെ അവയുടെ സ്തന്യം പകരുന്നു. ജന്തുക്കളിൽവച്ച് ഏററവും ചെറുതു് യോജിപ്പിലും സമാധാനത്തിലും ഒന്നിച്ചുകൂടുന്നു. 11. ഈ വസ്തുക്കൾ എല്ലാം യോജിപ്പിലും സമാധാനത്തിലും ആയിരിക്കണമെന്നു വലിയ പ്രപഞ്ചനാഥനും സ്രഷ്ടാവുമായവൻ കല്പിച്ചു. അവൻ എല്ലാററിനും നന്മചെയ്യുന്നു. നമ്മുടെ കർത്താവായ യേശുക്രിസ്തുവഴി തൻെറ ദയയിൽ അഭയംതേടിയ നമുക്കാകട്ടെ അവൻ വളരെ സമൃദ്ധമായി കൃപ നല്കുന്നു. 12. അവന് എന്നേയ്ക്കും മഹത്വവും ആധിപത്യവും ഉണ്ടായിരിക്കട്ടെ. ആമ്മീൻ.

21. 1. സഹോദരങ്ങളേ, അവൻെറ നിരവധിയായ അനുഗ്രഹങ്ങൾ നമ്മുടെ ന്യായവിധിക്കായി തീരാതിരിക്കാൻ സൂക്ഷിച്ചുകൊള്ളുവിൻ. അവനു പ്രസാദകരമായ സുകൃതകർമ്മങ്ങൾ ഐക്യത്തോടുകൂടി ചെയ്തു് അവനു സ്വീകാര്യമായ ജീവിതം നയിച്ചില്ലെങ്കിൽ നാം ഇപ്രകാരമായി തീരും. 2. കാരണം ഒരിടത്തവൻ പറയുന്നു:[59] 'ആന്തരികാവയവങ്ങൾ പരിശോധിക്കുന്ന പ്രകാശമാണു ദൈവികാത്മാവ്'. 3. അവൻ എത്രമാത്രം നമുക്കു സമീപസ്ഥനാണെന്നും നമ്മുടെ വിചാരങ്ങളോ, പദ്ധതികളോ ഒന്നും അവനു മറഞ്ഞിരിക്കുന്നില്ല എന്നും നമുക്കു കാണാം. 4. നാം അവൻെറ തിരുഹിതം വെടിയുന്നവരാകാതിരിക്കുന്നതാണ് എല്ലാംകൊണ്ടും ഉത്തമം. 5. ദൈവത്തിലല്ലാതെ സ്വയം ഉയരുകയും ബുദ്ധിയുടെ ഗർവിൽ പ്രശംസിക്കുകയും ചെയ്യുന്ന വിഡ്ഢികളും വിവേകരഹിതമായവരെയത്രേ നാം പിണക്കേണ്ടതു്. 6. സ്വന്തം രക്തം നമുക്കു നല്കിയ നമ്മുടെ കർത്താവായ യേശുവിനെ ഭയപ്പെടാം. നമുക്കു നമ്മുടെ നേതാക്കളെ ബഹുമാനിക്കാം. നമുക്ക്

www.malankaralibrary.com



പ്രസ്ബിറ്ററർമാരെ മാനിക്കാം; നമുക്ക് നമ്മുടെ കുട്ടികളെ സ്കൂളിൽ ദൈവഭയം അഭ്യസിപ്പിക്കാം. നന്മയിലേക്ക നമ്മുടെ സ്ത്രീകളെ നയിക്കാം. 7. വിശുദ്ധിയുടെപരമമായ ഒരു മനോഭാവം സ്ത്രീകൾക്കുണ്ടായിരിക്കട്ടെ. വിനീതരായിരിക്കാനുള്ള പതറാത്ത ഒരു ഹൃദയം അവർ വെളിപ്പെടുത്തട്ടെ. അവരുടെ നിശ്ശബ്ദതകൊണ്ടു നാവിന്റെ അടക്കം കാണിക്കട്ടെ. ദൈവഭയമുള്ള എല്ലാവരോടും വിശുദ്ധിയിലുള്ള അവരുടെ വാത്സല്യം അവർ കാണിക്കട്ടെ 8. യേശുക്രിസ്തുവിലുള്ള പ്രബോധനത്തിൽ നിങ്ങളുടെ മക്കൾ പങ്കെടുക്കട്ടെ. വിനയം ദൈവത്തോടു കൂടെ എത്ര ശക്തിമത്താണെന്നും ശുദ്ധസ്നേഹം എത്ര ശക്തമാണെന്നും, ദൈവഭയം എത്ര മനോഹരവും ശ്രേഷ്ടവും ശുദ്ധമനസ്സോടുകൂടി വിശുദ്ധിയിൽ ജീവിക്കുന്നവർക്ക രക്ഷാകരവും ആണെന്നു് അവർ പഠിക്കട്ടെ. 9. കാരണം ദൈവം ചിന്തകളെയും ആഗ്രഹങ്ങളെയും പരിശോധിക്കുന്നു.60 അവന്റെ ശ്വാസം നമ്മിലുണ്ടു്, അവൻ ഇച്ഛരിക്കുമ്പോൾ അവൻ അതു തിരികെ എടുക്കുന്നു.

22. 1. യേശുക്രിസ്തുവിലുള്ള വിശ്വാസം ഈ കാര്യങ്ങളെല്ലാം ഉറപ്പിക്കുന്നു. കാരണം, പരിശുദ്ധാത്മാവിലൂടെ അവൻ തന്നെ നമ്മെ തന്നിലേക്കു് വിളിക്കുന്നു:61

'മക്കളെ, വന്നു് എന്റെ കേൾക്കുവിൻ;
ഞാൻ നിങ്ങളെ ദൈവഭയം അഭ്യസിപ്പിക്കാം.

2. ജീവനെ ആഗ്രഹിക്കുന്നവനും നല്ല ദിവസങ്ങൾ കാണുന്നതിനു് ഇച്ഛരിക്കുന്നവനും ആരാകുന്നു?

3. തിന്മയിൽനിന്നു നിന്റെ നാവിനെയും വ്യാജം പറയാതെ നിന്റെ അധരങ്ങളെയും കാത്തു സൂക്ഷിക്കുക.

4. തിന്മ വിട്ടകന്നു് നന്മ ചെയ്യുക.

5. സമാധാനം അന്വേഷിച്ചു് അതിനെ പിന്തുടരുക.

6. കർത്താവിന്റെ കണ്ണു് നീതിമാന്മാരിലും അവന്റെ ചെവി അവരുടെ പ്രാർത്ഥനകളിലുമാകുന്നു.

ദുഷ്പ്രവൃത്തിക്കാരുടെ ഓർമ്മ ഭൂമിയിൽനിന്നു മായിച്ചുകളയാൻ കർത്താവിന്റെ മുഖം അവർക്കെതിരെ തിരിഞ്ഞിരിക്കുന്നു. 7. നീതിമാൻ വിളിച്ചപേക്ഷിച്ചു; കർത്താവു് അവനെ ശ്രവിക്കുയും, സകല ആപത്തുകളിൽനിന്നു അവനെ മോചിക്കയും ചെയ്തു. 8. പാപിയുടെ ദുരിതങ്ങൾ നിരവധിയാകുന്നു; എന്നാൽ കർത്താവിൽ ശരണപ്പെടുന്നവനെ കൃപ ചുററിക്കൊള്ളും.'

www.malankaralibrary.com



23. 1. തന്നെ ഭയപ്പെടുന്നവരോടു കരുണ നിറഞ്ഞവനും നന്മനിറഞ്ഞവനുമായ പിതാവു വാത്സല്യം കാണിക്കുന്നു: ഋജുമാനസ്സരായി തന്നെ സമീപിക്കുന്നവരിൽ ഭയത്തോടും സൗമ്യതയോടുംകൂടി അവിടുന്നു തന്റെ ദാനങ്ങൾ വർഷിക്കുന്നു. 2. അതുകൊണ്ടു നമുക്കു് ഇരുമനസ്സുള്ളവരാകാതിരിക്കാം; അവന്റെ അസാധാരണവും മഹത്തരവുമായ ദാനങ്ങളെക്കുറിച്ചു തെറ്റായ ആശയങ്ങൾ നമുക്കു വച്ചുപുലർത്താതിരിക്കാം. 3. ഇക്കാര്യങ്ങൾ ഞങ്ങൾ ഞങ്ങളുടെ പിതാക്കന്മാരുടെ കാലത്തേ കേട്ടിട്ടുള്ളതാണു്. ഇതാ ഞങ്ങൾ വൃദ്ധരായി; ദോഷമായവ ഞങ്ങൾക്കു സംഭവിച്ചിട്ടില്ല എന്നു പറയുകയും തങ്ങളുടെ ഉള്ളിൽ സംശയിക്കുകയും ചെയ്യുന്ന ഇരുമനസ്സുള്ളവർക്കു ദുരിതം എന്നു് അവൻ ഉച്ചരിക്കുന്ന വി. ഗ്രന്ഥഭാഗം നമ്മിൽനിന്നു് അകന്നിരിക്കട്ടെ.[62] 4. ബുദ്ധിശൂന്യനായ മനുഷ്യാ, നിന്നെ ഒരു സസ്യത്തോടു് നീ താരതമ്യപ്പെടുത്തുക. ഒരു മുന്തിരിച്ചെടി എടുക്കുക. ആദ്യം ഇല പൊഴിയുന്നു; പിന്നെ മുള വരുന്നു; പിന്നെ ഇല; പിന്നെ പൂവു്, പിന്നെ മൂക്കാത്ത മുന്തിരിങ്ങ, പിന്നെ നിറഞ്ഞ കുല. കുറച്ചു സമയംകൊണ്ടു് സസ്യത്തിന്റെ ഫലം പാകമാകുന്നതു് എങ്ങനെ എന്നു നീ കാണുന്നു. 5. വിശുദ്ധ ഗ്രന്ഥം സാക്ഷിക്കുന്നതുപോലെ,[63] സത്യമായും അവന്റെ ഇഷ്ടം പെട്ടെന്നും വേഗവും നടപ്പാകും; 'അവൻ താമസിക്കില്ല; വേഗം വരും; നിങ്ങൾ പ്രതീക്ഷിക്കുന്ന പരിശുദ്ധനായ കർത്താവു തന്റെ ആലയത്തിൽ പെട്ടെന്നു് എത്തും.'

24. 1. പ്രിയപ്പെട്ടവരേ, ഉണ്ടാകുവാനിരിക്കുന്ന ഉത്ഥാനം കർത്താവു് എപ്രകാരം തുടർച്ചയായി നമുക്കു വെളിപ്പെടുത്തിത്തരുന്നു എന്നു ചിന്തിക്കാം. ഇതിലേക്കായി, ദൈവം കർത്താവേശു ക്രിസ്തുവിനെ ആദ്യഫലമായി, മരണത്തിൽനിന്നുയിർപ്പിച്ചുകൊണ്ടു സ്ഥാപിച്ചിരിക്കുന്നു.[64] 2. പ്രിയപ്പെട്ടവരേ, കാലങ്ങളിൽനിന്നു നമുക്കു് ഉയർപ്പിനെ നോക്കിക്കാണാം. 3. രാപകലുകൾ ഉത്ഥാനത്തെ വെളിപ്പെടുത്തുന്നു: രാവു് ഉറങ്ങുന്നു; ദിവസം ഉണരുന്നു; പകൽ പോകുന്നു; രാത്രി തിരികെവരുന്നു. 4. നടീൽ എപ്രകാരം നടക്കുന്നു എന്നു കാണാൻ നമുക്കു വിളവുകളെ പരിശോധിക്കാം. 5. ഉഴുന്നവൻ പുറപ്പെടുകയും.'[65] ഓരോ വിത്തും നിലത്തെറിയുകയും ചെയ്യുന്നു. അതു് ഉണങ്ങി വരണ്ട ഭൂമിയിൽ വീണു് അഴിയുന്നു. അതിൽനിന്നു കർത്തൃപരിപാലനാമഹത്ത്വം അവയെ കിളിർപ്പിക്കുന്നു. ഒരു വിത്തിൽനിന്നു് അനേകം മണികൾ വളർന്നു ഫലം പുറപ്പെടുത്തുന്നു.

www.malankaralibrary.com



**25.** 1. കിഴക്ക്, അതായത് അറേബ്യയ്ക്കടുത്തുള്ള പ്രദേശങ്ങളിൽ സംഭവിക്കുന്ന ഒരു അസാധാരണ കാര്യം നമുക്കെടുക്കാം.[66] 2. ഫീനിക്സ് എന്ന പേരുള്ള, ഒരു പക്ഷിയുണ്ട്. ഈ പക്ഷി, ഈ ഗണത്തിൽപെട്ട ഏകപക്ഷി, 500 വർഷം ജീവിക്കുന്നു. ഇതിൻെറ മരണത്തിലുള്ള അഴിവിൻെറ സമയം അടുക്കുമ്പോൾ അതു കുന്തിരിക്കം, മീറ ആദിയായ സുഗന്ധദ്രവ്യങ്ങൾകൊണ്ടൊരു കൂടുണ്ടാക്കുന്നു. അതിൻെറ സമയം പൂർത്തിയാകുമ്പോൾ അതിൽ പ്രവേശിച്ചു മരിക്കുന്നു. 3. അതിൻെറ ശരീരം അഴുകുമ്പോൾ, അതിൽനിന്ന് പുഴു പിറക്കുന്നു. അതു ചത്ത പക്ഷിയുടെ ഈർപ്പത്തിൽനിന്നു പുഷ്ടിപ്പെട്ട്, ചിറകു വയ്ക്കുന്നു. വളർന്നു ശക്തി പ്രാപിക്കുമ്പോൾ, അതിൻെറ മുൻഗാമിയുടെ അസ്ഥികൾ ഉള്ള കൂട് കൊത്തിയെടുത്ത്, അറേബ്യയിൽ നിന്ന് ഈജിപ്തിലെ ഹെലിയോപ്പോളീസ് നഗരംവരെ പറക്കുന്നു. 4. പകൽ വെളിച്ചത്തിൽ എല്ലാവരുടെയും കൺമുമ്പാകെ സൂര്യൻെറ അൾത്താരയിലേക്കു പറന്നുവന്ന് ആ കൂട് അവിടെ വയ്ക്കുകയും തിരിച്ചു പോകുകയും ചെയ്യുന്നു. 5. അതിനുശേഷം പുരോഹിതന്മാർ വർഷങ്ങളുടെ റിക്കാർഡുകൾ പരിശോധിക്കയും അതു 500-ാം വർഷത്തിൻെറ അവസാനത്തിലെത്തിയിരിക്കുന്നതായി കാണുകയും ചെയ്യുന്നു.

**26.** 1. തൻെറ വാഗ്ദാനങ്ങളുടെ ഔന്നത്യം ഒരു പക്ഷി വഴിപോലും അവൻ കാട്ടുന്നു എന്നതു പരിഗണിച്ചു വിശുദ്ധിയിലും നല്ല വിശ്വാസത്തിൻെറ ഉറപ്പിലും തന്നെ ശുശ്രൂഷിച്ചവരുടെ ഉത്ഥാനം പ്രപഞ്ചസ്രഷ്ടാവു സാധിക്കുമെങ്കിൽ ഇക്കാര്യം അത്ഭുതകരവും ശ്രേഷ്ഠവുമെന്ന് നമുക്കു ചിന്തിക്കരുതോ? 2. കാരണം അവൻ എവിടെയോ പറയുന്നു;[67] 'നീ എന്നെ എഴുന്നേല്പിക്കും ഞാൻ നിന്നെ സ്തുതിക്കും'; ഞാൻ കിടന്നുറങ്ങി; നീ എന്നോടുകൂടി ഉള്ളതിനാൽ ഞാൻ എഴുന്നേററു.'[68] 3. വീണ്ടും ഈയോബു പറയുന്നു:[69] ഇവയെല്ലാം സഹിച്ച എൻെറ ഈ ജഡത്തെ നീ ഉയർപ്പിക്കും.

**27.** 1. തൻെറ വിധിയിൽ സത്യവാനും, തൻെറ വാഗ്ദാനങ്ങളിൽ വിശ്വസ്തനുമായവനോട്[70] ഈ പ്രത്യാശയിൽ നമ്മുടെ ആത്മാക്കളെ ബന്ധിക്കാം. 2. കള്ളം പറയരുതെന്നു നമ്മോടു കല്പിച്ചവൻ ഒരിക്കലും കള്ളം പറയില്ല. കള്ളം പറയുന്നതൊഴികെ ഒന്നും ദൈവത്തിന് അസാധ്യമല്ല,[71] 3. അവനിലുള്ള വിശ്വാസം നമ്മിൽ ജ്വലിക്കട്ടെ; എല്ലാം അവന് സമീപസ്ഥമായിരിക്കുന്നു എന്നു നമുക്കു ചിന്തിക്കാം. 4. തൻെറ മഹനീയ വചനത്താൽ അവൻ എല്ലാം ക്രമീകരിച്ചു.

www.malankaralibrary.com



തന്നിക്ക് ഒരു വചനത്താൽ എല്ലാം തകിടം മറിക്കാൻ സാധിക്കും. 5. 'നീ എന്തു ചെയ്തു?' എന്ന് അവനോട് ആർക്കു ചോദിക്കാനാവും? അവൻെറ അധികാരത്തിൻെറ ശക്തിയോട് ആര് എതിർത്തു നില്ക്കും?72 അവൻ ഇഷ്ടപ്പെടുമ്പോഴ, അവൻ ഇഷ്ടപ്പെടുന്ന രീതിയിൽ അവൻ എല്ലാം പ്രവർത്തിക്കുന്നു. അവൻ കല്പിക്കുന്നതൊന്നും നടപ്പാകാതിരിക്കുന്നില്ല. 6. എല്ലാം അവൻെറ മുൻപാകെയത്രേ. അവൻെറ പദ്ധതികളിൽനിന്ന് മറഞ്ഞിരിക്കുന്നതൊന്നുംതന്നെയില്ല. 7. 'ആകാശങ്ങൾ ദൈവത്തിൻെറ മഹത്വത്തെ അറിയിക്കുന്നു. ആകാശത്തട്ട് അവൻെറ കൈവേലയെ കാണിക്കുന്നു, പകൽ പകലിനു വാക്ക് ഉച്ചരിക്കുന്നു. രാത്രി രാത്രിക്ക് അറിവിനെ അറിയിക്കുകയും ചെയ്യുന്നു. അവയുടെ ശബ്ദം കേൾക്കപ്പെടാത്ത ഭാഷയുമില്ല; വാക്കുകളുമില്ല.'73

28. 1. എല്ലാ കാര്യങ്ങളും കേൾക്കപ്പെടുകയും കാണപ്പെടുകയും ചെയ്യുന്നതിനാൽ നമുക്കവനെ ഭയപ്പെടുകയും, ദുഷ്കർമ്മങ്ങളുടെ അശുദ്ധ ദുരാശകളെ ദൂരെയകററുകയും ചെയ്യാം. വരുവാനിരിക്കുന്ന ന്യായവിധിയിൽ നിന്ന് തൻെറ ദയയാൽ നാം സംരക്ഷിതരായി തീരാൻവേണ്ടിതന്നെ. 2. തൻെറ സുശക്തമായ കരങ്ങളിൽ നിന്നു നമുക്ക് എവിടെ ഒളിക്കാനാവും? തന്നെ തള്ളിക്കളയുന്നവനെ ഏതു ലോകം സ്വീകരിക്കും?

3. കാരണം വി. ഗ്രന്ഥം ഒരിടത്തു പറയുന്നു:74

'ഞാൻ എവിടേക്കു പോകും?
നിൻെറ മുമ്പിൽ നിന്ന് ഞാൻ എവിടെ ഒളിക്കും?
ഞാൻ ആകാശത്തേക്കു കയറിയാൽ നീ അവിടെയുണ്ട്.
ഞാൻ ഭൂമിയുടെ അതിർത്തികളിലേക്കു പോയാൽ
നിൻെറ വലത്തു കൈ അവിടെയുണ്ട്,
ഞാൻ ആഴത്തിൽ എൻെറ കിടക്ക ഒരുക്കിയാൽ,
നിൻെറ ആത്മാവ് അവിടെയുണ്ട്.'

4. എല്ലാം ഉൾക്കൊള്ളുന്നവനിൽനിന്നു മനുഷ്യൻ എവിടെ പോകാനാകും? എവിടേയ്ക്കു രക്ഷപ്പെടാൻ സാധിക്കും?

29 1. നമ്മെ തൻെറ തിരഞ്ഞെടുക്കപ്പെട്ട അവകാശമാക്കിത്തീർത്ത കരുണ നിറഞ്ഞവനും, സൗമ്യനും, ദയാനിധിയുമായ പിതാവിങ്കലേക്കു ശുദ്ധവും കളങ്കരഹിതവുമായ കരങ്ങളുയർത്തിക്കൊണ്ട് ആത്മവിശുദ്ധിയിൽ നമുക്കണയാം; 2. എന്തെന്നാൽ ഇപ്രകാരം എഴുതപ്പെട്ടിരിക്കുന്നു:75 'അത്യുന്നതൻ ജനതകളെ വിഭജിക്കുകയും, ആദാമിൻെറ മക്കളെ ചിതറിക്കുകയും ചെയ്തപ്പോൾ ദൈവത്തിൻെറ മാലാഖമാരുടെ

www.malankaralibrary.com



സംഖ്യയ്ക്ക് ഒത്തവണ്ണം അവൻ രാജ്യങ്ങൾക്ക് അതിർത്തികൾ നിശ്ചയിച്ചു. തന്റെ ജനമായ യാക്കോബ് കർത്താവിന്റെ ഓഹരിയായിത്തീർന്നു; ഇസ്രായേൽ തന്റെ അവകാശത്തിന്റെ ഭാഗമായി. 3. മറ്റൊരിടത്ത് അവൻ പറയുന്നു:[76] 'ഒരു മനുഷ്യൻ മെതിക്കളത്തിലെ ധാന്യത്തിൽനിന്ന് ആദ്യഫലം മാററിവയ്ക്കുന്നതുപോലെ, ജനതകളുടെ മദ്ധ്യത്തിൽ നിന്നു കർത്താവു തനിക്കായി ഒരു ജനതയെ വേർതിരിക്കുന്നു; ഈ ജനതയിൽ നിന്നു പരിശുദ്ധരിൽ പരിശുദ്ധൻ ഉദയം ചെയ്യും.'

30. 1. നാം പരിശുദ്ധന്റെ ഭാഗമാകയാൽ, ദുർഭാഷണങ്ങൾ, മ്ലേച്ഛരവും അശുദ്ധവുമായ ആലിംഗനങ്ങൾ, മദ്യപാനം, കോലാഹലം, ദുഷ്കാമം, വ്യഭിചാരം, നിന്ദ്യമായ അഹങ്കാരം ആദിയായവയിൽനിന്നെല്ലാം ഓടിയകന്നു വിശുദ്ധിക്കു ചേർന്നതെല്ലാം പ്രവർത്തിക്കണം. 2. അവൻ പറയുന്നു:[77] ദൈവം അഹങ്കാരിയെ എതിർക്കുകയും വിനീതർക്കു കൃപ നല്കുകയും ചെയ്യുന്നു. 3. ദൈവത്തിൽനിന്നു കൃപ നല്കപ്പെട്ടവരോടു നമുക്കു യോജിക്കാം. വാക്കുകളാലല്ല, പ്രവൃത്തികളാൽ നീതീകരിക്കപ്പെട്ടവരായി, ദുർഭാഷണങ്ങളും അപവാദം പറച്ചിലും ദൂരെയകററി, ആത്മവിനയത്തിലും, ആത്മനിയന്ത്രണത്തിലും നമുക്കു മാനസികൈക്യം പ്രാപിക്കാം. 4. എന്തെന്നാൽ അവൻ പറയുന്നു:[78] അധികം സംസാരിക്കുന്നവൻ അധികം കേൾക്കേണ്ടേ? വാഗ്മി നീതിമാനായിരിക്കണമെന്നുണ്ടോ? 5. സ്ത്രീയിൽനിന്നു ജനിച്ചവരിൽ ഹ്രസ്വജീവിതം ഉള്ള മനുഷ്യൻ ഭാഗ്യവാൻ. നീ മിതഭാഷിയായിരിക്കണം. 6. നമ്മുടെ സ്തുതി നമ്മിൽനിന്നാകാതെ, ദൈവത്തിൽ നിന്നായിരിക്കട്ടെ.[79] സ്വയം പ്രശംസിക്കുന്നവരെ ദൈവം വെറുക്കുന്നു. 7. നീതിമാന്മാരായ നമ്മുടെ പിതാക്കന്മാർക്കെന്നപോലെ നമ്മുടെ സൽപ്രവൃത്തികളുടെ സാക്ഷ്യം മററുള്ളവർ നൽകട്ടെ. 8. ധിക്കാരവും ഔദ്ധത്യവും ധാർഷ്ട്യവും ദൈവത്താൽ ശപിക്കപ്പെട്ടവർക്കും ശാന്തതയും എളിമയും താഴ്മയും ദൈവത്താൽ അനുഗ്രഹിക്കപ്പെട്ടവർക്കും ആണുള്ളത്.

31. 1. തന്റെ അനുഗ്രഹത്തോടു പററിച്ചേർന്നു സൗഭാഗ്യത്തിന്റെ വഴികളേവയെന്നു നമുക്കു നോക്കാം. പണ്ടത്തെ സംഭവങ്ങൾ നമുക്കു പരിശോധിക്കാം.[80] 2. എന്തുകൊണ്ടാണു നമ്മുടെ പിതാവായ അബ്രഹാം അനുഗ്രഹിക്കപ്പെട്ടത്? വിശ്വാസംവഴി നീതിയും സത്യവും പ്രവർത്തിച്ചതിനാലല്ലേ? 3. ആത്മവിശ്വാസത്തോടെ, ഭാവികാര്യങ്ങൾ അറിഞ്ഞിരു

www.malankaralibrary.com



ന്നതിനാൽ ഇസഹാക്ക ബലിക്കായി കൊണ്ടുപോകപ്പെട്ടു. 4. തൻെറ സഹോദരൻ നിമിത്തം യാക്കോബ് താഴ്മയോടു കൂടി സ്വന്തരാജ്യത്തുനിന്ന് ഇറങ്ങി പുറപ്പെട്ടു: അവൻ ലാബാൻെറ അടുത്തെത്തി അവനെ സേവിച്ചു; ഇസ്രായേലിൻെറ പന്ത്രണ്ടു ഗോത്രങ്ങൾ അവനു നല്കപ്പെടുകയും ചെയ്തു.

32. 1. ഓരോ മാതൃകയും നന്നായി പരിശോധിച്ചാൽ ദൈവം നല്കിയിട്ടുള്ള ദാനങ്ങളുടെ മഹത്ത്വം മനസ്സിലാക്കാൻ സാധിക്കും. 2. എന്തെന്നാൽ, യാക്കോബിൽ നിന്നാണു ദൈവത്തിൻെറ അംത്താരയിൽ ശുശ്രൂഷിക്കുന്ന പുരോഹിതരും ലേവ്യരും ഉണ്ടായതു്: അവനിൽനിന്നാണു കർത്താവായ യേശു ശാരീരികമായി എത്തിയതു്;[81] അവനിൽ നിന്നാണു യൂദായുടെ നിരയിൽ രാജാക്കന്മാരും അധികാരികളും നേതാക്കന്മാരും ഉണ്ടായതു്. 'നിൻെറ സന്തതി ആകാശത്തിലെ നക്ഷത്രങ്ങളെപ്പോലെയാകും'[82] എന്നു ദൈവം വാഗ്ദാനം ചെയ്തതനുസരിച്ച് മററു ഗോത്രങ്ങളും അനല്പമായ ബഹുമാനം ഉള്ളവരായിരുന്നു. 3. സ്വന്തമായിട്ടോ, സ്വന്ത പ്രവൃത്തികളാലോ, ചെയ്ത സൽക്കർമ്മങ്ങളാലോ അല്ല, ദൈവേഷ്ടത്താൽ അവരെല്ലാം മഹത്ത്വീകരിക്കപ്പെടുകയും ശ്രേഷ്ഠരാക്കപ്പെടുകയും ചെയ്തു. 4. തൻെറ ഇച്ഛയാൽ യേശുക്രിസ്തുവിൽ വിളിക്കപ്പെട്ട നാംതന്നെയും സ്വയമായിട്ടോ നമ്മുടെ വിജ്ഞാനമോ, അറിവോ കൊണ്ടോ ഹൃദയവിശുദ്ധിയിൽ നാം ചെയ്ത പ്രവൃത്തികൾകൊണ്ടോ അല്ല; പിന്നെയോ, ആദിമുതലേ സർവശക്തനായ ദൈവം സർവരേയും നീതീകരിക്കുന്ന വിശ്വാസത്താലത്രേ നാം നീതീകരിക്കപ്പെട്ടിരിക്കുന്നതു്; അവനു് എല്ലാ തലമുറകളിലും മഹത്ത്വം ഉണ്ടായിരിക്കട്ടെ. ആമ്മീൻ.

33. 1. സഹോദരന്മാരേ, നാം എന്താണു ചെയ്യേണ്ടതു്?[83] നന്മചെയ്യുന്നതിൽ നാം മടി കാണിക്കയും പരസ്നേഹം ഉപേക്ഷിക്കയും ചെയ്യണമോ? ഇങ്ങനെ സംഭവിക്കാൻ കർത്താവു് ഒരിക്കലും അനുവദിക്കാതിരിക്കട്ടെ; താത്പര്യത്തോടും തീക്ഷ്ണതയോടുംകൂടി സൽപ്രവൃത്തികൾ[84] ചെയ്യാൻ നമുക്ക് ശ്രദ്ധാലുക്കളായിരിക്കാം. 2. ലോകസ്രഷ്ടാവും നാഥനുമായവൻ തന്നെയും തൻെറ പ്രവൃത്തികളിൽ സന്തോഷിക്കുന്നു. 3. തൻെറ അത്യുഗ്ര പ്രതാപത്തിൽ അവൻ ആകാശത്തെ വിരിച്ചിരിക്കുന്നു; വിശകലനാതീതമായ വിജ്ഞാനത്താൽ അവയെ ക്രമീകരിച്ചിരിക്കുന്നു. ചുററുമുള്ള ജലത്തിൽ നിന്നു് അവൻ ധരയെ വേർതിരിച്ചു; സ്വന്ത ഇഷ്ടത്താൽ അവൻ അതിനെ ഉറച്ച അടിസ്ഥാനത്തിന്മേൽ വച്ചു; അതിൽ ചലിക്കുന്ന മൃഗങ്ങളെ തൻെറ ക്രമീകരണത്താൽ അവൻ

www.malankaralibrary.com



സൃഷ്ടിച്ചു. കടലിനെയും അതിലെ ജീവജാലങ്ങളെയും സൃഷ്ടിച്ചിട്ട്, സ്വശക്തിയാൽ അവയെ അതിനുള്ളിലാക്കി. 4. എല്ലാററിനും ഉപരിയായി, തന്റെ തന്നെ ഛായയുടെ മുദ്രയാൽ തന്റെ പരിശുദ്ധവും പരിപാവനവുമായ കൈകളാൽ തന്നെ ഏററം ശ്രേഷ്ഠനും ബുദ്ധിയിൽ ഏററം മികച്ചവനുമായ മനുഷ്യനെ ദൈവം മെനഞ്ഞുണ്ടാക്കി. 5. അവൻ ഇപ്രകാരം പറഞ്ഞു:[85] 'നമ്മുടെ ഛായയിലും സാദൃശ്യത്തിലും നമുക്കു മനുഷ്യനെ ഉണ്ടാക്കാം; ദൈവം മനുഷ്യനെ നിർമ്മിച്ചു; ആണും പെണ്ണുമായി അവൻ അവരെ ഉണ്ടാക്കി'. 6. ഈ കാര്യങ്ങളെല്ലാം ചെയ്തുതീർന്നശേഷം അവൻ അവരെ പ്രശംസിച്ച്, അനുഗ്രഹിച്ച്, 'വർദ്ധിച്ചു പെരുകുക' എന്നു പറഞ്ഞു.[86]

7. എല്ലാ വിശുദ്ധരും സൽപ്രവൃത്തികളാൽ അലംകൃതരായിരുന്നു എന്നതു നമുക്കു കാണാം. കർത്താവു തന്നെയും സൽപ്രവൃത്തികളാൽ സ്വയം അലംകൃതനായി, സന്തോഷിച്ചു. 8. സംശയം കൂടാതെ ഈ മാതൃക അനുകരിച്ച്, നമുക്ക് അവന്റെ ഇച്ഛയെ പിൻചെല്ലാം; നമ്മുടെ സർവശക്തിയോടുംകൂടെ നീതിയുടെ പ്രവൃത്തികൾ ചെയ്യാം.

34. 1. നല്ല ജോലിക്കാരൻ ആത്മവിശ്വാസത്തോടെ തന്റെ അദ്ധ്വാനഫലം സ്വീകരിക്കുന്നു. മടിയനും അശ്രദ്ധനുമായവൻ തന്റെ യജമാനന്റെ മുഖത്തു നോക്കുന്നില്ല. 2. അതുകൊണ്ടു നന്മചെയ്യുന്നതിൽ നാം തീക്ഷ്ണതയുള്ളവരായിരിക്കണം. എന്തെന്നാൽ എല്ലാം അവനിൽനിന്നാകുന്നു. 3. അവർ നമുക്കു മുന്നറിയിപ്പു തരുന്നു:[87] 'ഓരോരുത്തനും അവനവന്റെ പ്രവൃത്തികൾ തക്കവണ്ണം പ്രതിഫലം നല്കാൻ ഇതാ, കർത്താവു വരുന്നു; അവന്റെ പ്രതിഫലം അവനോടുകൂടെയുണ്ടു്. 4. പൂർണ ഹൃദയത്തോടെ അവനെ വിശ്വസിക്കുന്ന നാം സൽക്കർമ്മങ്ങൾ ചെയ്യുന്നതിൽ ശ്രദ്ധയില്ലാത്തവരാകരുതെന്ന് അവൻ നമ്മെ പ്രേരിപ്പിക്കുന്നു.[88] 5. നമ്മുടെ മഹത്ത്വവും നമ്മുടെ ആത്മവിശ്വാസവും അവനിലായിരിക്കട്ടെ; നമുക്കവന്റെ ഇച്ഛയ്ക്കു കീഴ്പ്പെട്ടിരിക്കാം. മാലാഖമാരുടെ ഗണം മുഴുവനെയും, അവർ ഇപ്രകാരം അവനെ ശുശ്രൂഷിക്കണം എന്നതിനെയും, പരിഗണിക്കാം. 6. എന്തെന്നാൽ വി. ഗ്രന്ഥം പറയുന്നു;[89] 'പതിനായിരങ്ങളുടെ പതിനായിരങ്ങൾ അവനു സമീപത്തു നില്ക്കുന്നു; ആയിരങ്ങളുടെ ആയിരങ്ങൾ അവനെ ശുശ്രൂഷിക്കുന്നു. 'സൈന്യങ്ങളുടെ കർത്താവു പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ; തന്റെ മഹത്ത്വത്താൽ സൃഷ്ടി മുഴുവൻ നിറയപ്പെട്ടിരിക്കുന്നു' എന്ന് അവർ ഉച്ചത്തിൽ വിളിച്ചു പറയുന്നു.' 7. യോജിപ്പിന്റെ

www.malankaralibrary.com



ആത്മാവിൽ ഒന്നിച്ചുകൂടിയിരിക്കുന്ന നാമും, അവനോട് ഏകസ്വരത്തിൽ ഉച്ചത്തിൽ വിളിച്ചുപറയണം; അങ്ങനെ നാമും, അവൻെറ ശ്രേഷ്ഠവും മഹനീയവുമായ വാഗ്ദാനങ്ങളിൽ ഭാഗഭാക്കുകളാകും. 8. അവൻ പറയുന്നു: 90 'തന്നെ കാത്തിരിക്കുന്നവർക്കു'' കർത്താവു് സജ്ജമാക്കിയിരിക്കുന്ന ശ്രേഷ്ഠ കാര്യങ്ങൾ കണ്ണു കണ്ടിട്ടില്ല, ചെവി കേട്ടിട്ടില്ല, മനുഷ്യ ഹൃദയങ്ങളിൽ തോന്നിയിട്ടുമില്ല.'

35. 1. പ്രിയപ്പെട്ടവരേ, കർത്താവിൻെറ ദാനങ്ങൾ എത്ര അനുഗൃഹീതവും അത്ഭുതകരവുമാകുന്നു. 2. അമർത്യതയിൽ ജീവൻ, നീതിയിൽ സന്തുഷ്ടി, അന്ധവിശ്വാസത്തിൽ സത്യം, ബോദ്ധ്യത്തിൽ വിശ്വാസം, വിശുദ്ധിയിൽ വിരക്തി. 3. സ്ഥിരപരിശ്രമികൾക്കായി സജ്ജമാക്കപ്പെട്ടിരിക്കുന്ന കാര്യങ്ങളെപ്പററി നാമെന്താണു് പറയേണ്ടതു് ? യുഗങ്ങളുടെ പിതാവും സ്രഷ്ടാവുമായ അതിപരിശുദ്ധനു മാത്രമേ നന്മയുടെ ഔന്നത്യവും മനോഹാരിതയും അറിയുള്ളു. 4. വാഗ്ദാനം ചെയ്യപ്പെട്ട ദാനങ്ങളിൽ ഭാഗഭാക്കുകളാകുവാൻവേണ്ടി, അവനെ കാത്തിരിക്കുന്നവരുടെ കൂട്ടത്തിൽ കാണപ്പെടുവാനായി നമുക്കു പ്രയത്നിക്കാം. 5. പ്രിയപ്പെട്ടവരേ, ഇതു് എപ്രകാരമായിരിക്കും? വിശ്വാസം വഴി ദൈവത്തിൽ ഉറപ്പിക്കപ്പെട്ടതാണു് നമ്മുടെ മനസ്സെങ്കിൽ; തനിക്കു ഹിതകരവും സ്വീകാര്യവുമായവ നാം അന്വേഷിച്ചാൽ; തൻെറ കളങ്കരഹിതമായ തിരുമനസ്സിനു യോജിച്ചവയൊക്കെയും ചെയ്താൽ; സത്യപാതയെ പിൻചെല്ലുകയും, എല്ലാ അനീതിയും, ദുഷ്ടതയും അത്യാഗ്രഹവും കലഹവും തിന്മയും ചതിയും കുററംപറച്ചിലും, ദുർഭാഷണവും, ദൈവവിരോധവും ധാർഷ്ട്യവും പ്രശംസയും, വ്യർത്ഥാഭിമാനവും, അതിഥി സ്നേഹമില്ലായ്മയും ദൂരെയകററുകയും ചെയ്താൽ! 6. ഈ കാര്യങ്ങൾ ചെയ്യുന്നവരെ ദൈവം വെറുക്കുന്നു; ഈ കാര്യങ്ങൾ ചെയ്യുന്നവർ മാത്രമല്ല, ഇവയോടു് യോജിക്കുന്നവരും'91 7. കാരണം വി. ഗ്രന്ഥം പറയുന്നു.92

പാപിയോടു് ദൈവം അരുൾചെയ്യുന്നു:

നീയെന്തിനു് എൻെറ നീതി വിവരിക്കുന്നു? എൻെറ ഉടമ്പടി നിൻെറ അധരങ്ങളിൽ വയ്ക്കുന്നു?

8. ശാസന വെറുക്കുന്ന നീ എൻെറ വചനങ്ങളെ തിരസ്കരിക്കുന്നു.

കള്ളനെ കണ്ടാൽ നീ അവൻെറ കൂടെ കൂടുന്നു;
വ്യഭിചാരികളോടും നീ പങ്കുചേരുന്നു.
നിൻെറ വായ് തിന്മ നിറഞ്ഞിരിക്കുന്നു.

www.malankaralibrary.com



നിന്റെ നാവു് ചതിയുടെ പദ്ധതികൾ തയ്യാറാക്കി.
നീ കുത്തിയിരുന്നു് നിന്റെ സഹോദരനു് വിരോധമായി
സംസാരിക്കുന്നു; നിന്റെ അമ്മയുടെ മകനെതിരായി നീ
ഒരിടർച്ചക്കല്ലു വച്ചിരിക്കുന്നു.

9. നീ ഇവയെല്ലാം ചെയ്തു. ഞാനാകട്ടെ നിശ്ശബ്ദനായിരുന്നു.

ദുഷ്ടമനുഷ്യാ, ഞാൻ നിന്നെപ്പോലെയാണെന്നു നീ കരുതി.

10. ഞാൻ നിന്നെ ശാസിക്കും; നിന്റെ മുമ്പാകെ അവയൊക്കെ ഞാൻ നിരത്തി വയ്ക്കും.

11. ദൈവത്തെ മറക്കുന്നവരേ, ഈ കാര്യങ്ങൾ മനസ്സിലാക്കുവിൻ;

അവൻ നിങ്ങളെ ഒരു സിംഹത്തെപ്പോലെ ചാടിപ്പിടിക്കും; നിങ്ങളെ വിട്ടയയ്ക്കാൻ ഒരുവനും ഉണ്ടാകയില്ല. സ്തോത്രയാഗങ്ങൾ എന്നെ മഹത്ത്വപ്പെടുത്തുന്നു.

12. മനുഷ്യന്റെ രക്ഷ അവനു ഞാൻ കാണിച്ചുകൊടുക്കുന്ന പാത ഇതാകുന്നു.'

36. 1. പ്രിയപ്പെട്ടവരേ, നമ്മുടെ രക്ഷകനും, നമ്മുടെ സമർപ്പണത്തിന്റെ ശ്രേഷ്ഠപുരോഹിതനും, നമ്മുടെ ബലഹീനതയിൽ സംരക്ഷകനും സഹായിയുമായ യേശുക്രിസ്തുവിനെ ഈ രീതിയിലാണു് നാം കണ്ടതു്.[93]

2. അവൻവഴി സ്വർഗീയോന്നതങ്ങളിലേക്കു നമ്മുടെ നയനങ്ങളെ നമുക്കു് ഉയർത്താം; അവനിലൂടെ അവന്റെ കളങ്കരഹിതവും മഹത്ത്വപൂർണവുമായ മുഖം നാം പ്രതിബിംബിച്ചു കാണുന്നു.[94] അവൻവഴി നമ്മുടെ ഹൃദയക്കണ്ണുകൾ തുറക്കപ്പെട്ടിരിക്കുന്നു; അവൻ വഴി നമ്മുടെ ബുദ്ധിരഹിതവും ഇരുണ്ടതുമായ മനസ്സു് പ്രകാശത്തിലേക്കു് കുതിക്കുന്നു; അവൻ വഴി നാം അമർത്യമായ ജ്ഞാനം രുചിക്കണമെന്നു കർത്താവു് തിരുമനസ്സായി: 'അവൻ അവിടുത്തെ മഹത്ത്വത്തിന്റെ തേജസാകുന്നു: അവൻ അവകാശമാക്കിയ നാമം മാലാഖമാരുടേതിനേക്കാൾ ശ്രേഷ്ഠമായിരിക്കുന്നതുപോലെ അവനും അവരെക്കാൾ ശ്രേഷ്ഠനായിരിക്കുന്നു'[95]. 3. എന്തെന്നാൽ ഇപ്രകാരം എഴുതപ്പെട്ടിരിക്കുന്നു;[96] 'അവിടുന്നു് തന്റെ മാലാഖമാരെ അരൂപികളും തന്റെ ശുശ്രൂഷകരെ തീനാളങ്ങളും ആക്കുന്നു'. 4. എന്നാൽ തന്റെ പുത്രനെപ്പററി കർത്താവു് ഇപ്രകാരം പറഞ്ഞു

www.malankaralibrary.com



രിക്കുന്നു [97] 'നീയെൻെറ പുത്രനാകുന്നു: ഇന്നു ഞാൻ നിന്നെ ജനിപ്പിച്ചിരിക്കുന്നു. എന്നോടു് ചോദിക്കുക. ഞാൻ നിനക്കു ജാതികളെ അവകാശമായും, ഭൂമിയുടെ അതിർത്തികളെ കൈവശമായും തരും'. വീണ്ടും അവൻ അവനോടു് പറയുന്നു: [98] 'നിൻെറ ശത്രുക്കളെ ഞാൻ നിനക്കു പാദപീഠമാക്കുവോളം എൻെറ വലത്തുഭാഗത്തിരിക്കുക'. ആരാണീ ശത്രുക്കൾ? ദുഷ്ടന്മാരും അവൻെറ തിരുമനസ്സിനെ എതിർക്കുന്നവരും അത്രേ.

37. 1. സഹോദരന്മാരേ, അതുകൊണ്ടു നമുക്കു് അത്യുത്സാഹപൂർവ്വം അവൻെറ കറതീർന്ന കല്പനകൾക്കു കീഴെ അവൻെറ പടയാളികളായിരിക്കാം. 2. നമ്മുടെ ഭരണാധികാരികളുടെകീഴിൽ പേരു് രജിസ്റ്റർ ചെയ്യപ്പെടുന്നവരെപ്പററി ചിന്തിക്കാം. എപ്രകാരം ക്രമമായും ചുറുചുറുക്കോടും അനുസരണയോടുംകൂടി അവർ കല്പനകൾ നടപ്പാക്കുന്നു. 3. എല്ലാവരും മേലധികാരികളോ, ന്യായാധിപന്മാരോ, ശതാധിപന്മാരോ അൻപതു് പേരുടെമേൽ അധികാരമുള്ളവരോ അല്ല. ചക്രവർത്തിമാരും ഉദ്യോഗസ്ഥന്മാരും പുറപ്പെടുവിക്കുന്ന കല്പനകൾ ഓരോരുത്തരും അവനവൻെറ നിലയിൽ നടപ്പാക്കുന്നു. [99] 4. വലിയവർക്കു ചെറിയവരെ കൂടാതെയോ ചെറിയവർക്കു വലിയവരെ കൂടാതെയോ ജീവിക്കാൻ സാധ്യമല്ല, ഒരു തരം ക്രമീകരണമുണ്ടിവിടെ. അതു് എല്ലാവരുടെയും നന്മയ്ക്കാണു്. 5. നമുക്കു നമ്മുടെ ശരീരത്തെ എടുക്കാം. [100] കാലില്ലാതെ തലയൊന്നുമല്ല. അതുപോലെ തന്നെയാണു് തലയില്ലാത്ത കാലും. ശരീരത്തിലെ ഏററം ചെറിയ അവയവവും ശരീരം മുഴുവനും അവശ്യാവശ്യമാണു്. ശരീരം മുഴുവനും വേണം. എല്ലാ അവയവങ്ങളും ഒന്നിച്ചു് ഒരേ അനുസരണയിൽ പ്രവർത്തിക്കുന്നു.

38. 1. അതുകൊണ്ടു നമ്മുടെ ശരീരം മുഴുവൻ യേശു ക്രിസ്തുവിൽ രക്ഷിക്കപ്പെടട്ടെ; ദൈവകൃപ നൽകിയിരിക്കുന്ന സ്ഥാനത്തിനൊത്തവണ്ണം ഓരോരുത്തനും തൻെറ അയൽക്കാരനു കീഴ്വഴങ്ങിയിരിക്കണം. [101] 2. ശക്തൻ ബലഹീനനെ അവഗണിക്കരുതു്; ബലഹീനൻ ശക്തനെ ബഹുമാനിക്കട്ടെ. ധനവാൻ ദരിദ്രൻെറ ആവശ്യാർത്ഥം നൽകട്ടെ. തൻെറ ആവശ്യങ്ങൾ നിറവേററാൻ ദൈവം ഒരാളെ നിയോഗിച്ചതിനാൽ ദരിദ്രൻ ദൈവത്തിനു് നന്ദി പറയട്ടെ. വിജ്ഞാനി തൻെറ ജ്ഞാനം വാക്കുകളിലല്ല, സൽപ്രവൃത്തികളിൽ കാണിക്കട്ടെ. വിനീതമാനസ്സൻ തൻെറ എളിമയെപ്പററി സ്വയം സാക്ഷ്യപ്പെടുത്തരുതു്; മറിച്ചു്, തനിക്കു സാക്ഷ്യം

www.malankaralibrary.com



നൽകാൻ മററുള്ളവരെ അനുവദിക്കണം. ദൈവമാണു തനിക്കു ചാരിത്ര്യം പ്രദാനം ചെയ്യുന്നതെന്നു് അറിഞ്ഞുകൊണ്ടു്, ജഡത്തിൽ ശുദ്ധനായവൻ പ്രശംസിക്കാതെ അപ്രകാരം ഇരിക്കട്ടെ. 3. സഹോദരന്മാരേ, എന്തുതരം പദാർത്ഥംകൊണ്ടു നിർമ്മിക്കപ്പെട്ടവരാണു് നാം എന്നു നമുക്കു ചിന്തിക്കാം. ഈ ലോകത്തിലേക്കു വന്ന നാം ആരാണു്? എന്താണു്? എന്തൊരു കല്ലറയിൽനിന്നും തമസ്സിൽനിന്നുമാണു നമ്മുടെ സ്രഷ്ടാവും നിർമ്മാതാവുമായവൻ നമ്മെ ഈ ലോകത്തിലേക്കു കൊണ്ടുവന്നതു്? നാം ജനിക്കുന്നതിനുമുമ്പു് എപ്രകാരം അവൻ തൻെറ അനുഗ്രഹങ്ങൾ നമുക്കായി സജ്ജമാക്കി. 4. തന്നിൽ നിന്നു് ഇവയെല്ലാം ലഭിച്ച നാം എല്ലാററിനെ പ്രതിയും അവനു നന്ദി പറയുവാൻ കടപ്പെട്ടവരാണു്; അവനു് എന്നുമെന്നേയ്ക്കും മഹത്വം ഉണ്ടായിരിക്കട്ടെ. ആമ്മീൻ.

39. 1. തങ്ങളുടെ ഭാവനയിൽ തന്നെത്താൻ ഉയർത്തുവാൻ ആഗ്രഹിക്കുന്ന വിഡ്ഢികളും, വിചാരശൂന്യരും, നിസ്സാരരും ആയ മനുഷ്യർ നമ്മെ പുച്ഛിക്കയും പരിഹസിക്കയും ചെയ്യുന്നു. 2. മരണമുള്ള മനുഷ്യനു് എന്തു ചെയ്യാൻ കഴിയും? ധരയിൽ പിറന്ന മനുഷ്യൻെറ ശക്തി എന്താണു്? 3. എന്തെന്നാൽ ഇപ്രകാരം എഴുതപ്പെട്ടിരിക്കുന്നു; [102] 'എൻെറ കൺമുമ്പിൽ ഒരു രൂപവും ഇല്ലായിരുന്നു; എന്നാൽ ഞാൻ ശ്വാസോഛ്വാസവും ശബ്ദവും കേട്ടു.' 4. എന്നിട്ടു്? മർത്ത്യൻ കർത്താവിൻെറ മുമ്പിൽ ശുദ്ധനായിരിക്കുമോ? തൻെറ ദാസന്മാരെ വിശ്വസിക്കാതെയും തൻെറ മാലാഖമാരിൽ കുററംകണ്ടെത്തുകയും ചെയ്യുന്നവൻ ദൈവമുമ്പാകെയുള്ള തൻെറ കർമ്മങ്ങളിൽ കുററമററവനായിരിക്കുമോ? 5. സ്വർഗ്ഗംപോലും തൻെറ കാഴ്ചയിൽ ശുദ്ധമല്ല. കളിമൺഭവനങ്ങളിൽ വസിക്കുന്നവരേ, ദൂരെയകലുവിൻ; അതേ കളിമണ്ണുകൊണ്ടാണു നാമും നിർമിക്കപ്പെട്ടിരിക്കുന്നതു്. പുഴുവിനെയെന്നവണ്ണം അവൻ അവരെ ഞെരിച്ചു. പ്രഭാതത്തിനും പ്രദോഷത്തിനും ഇടയ്ക്കു് അവർ ഇല്ലാതായി; സ്വയം രക്ഷിക്കാൻ കഴിവില്ലാതെ അവർ നശിച്ചു 6. അവൻ അവരുടെമേൽ ഊതി; അവർക്കു വിജ്ഞാനമില്ലാതിരുന്നതിനാൽ അവർ മരിച്ചു. 7. നിന്നെ ശ്രവിക്കാൻ ആരെങ്കിലും ഉണ്ടെങ്കിൽ അഥവാ, നീ ഏതെങ്കിലും വി. മാലാഖമാരെ കണ്ടാൽ, ഉറക്കെ വിളിച്ചു പറയുക; എന്തെന്നാൽ ക്രോധം മൂഢനെ നശിപ്പിക്കുന്നു; അസൂയ വഴിതെററിപ്പോയവനെ കൊല്ലുന്നു.

8. മൂഢന്മാർ വേരുറയ്ക്കുന്നതു ഞാൻ കണ്ടു; എന്നാൽ തൽക്ഷണം അവരുടെ വാസസ്ഥലങ്ങൾ സംഹരിക്കപ്പെട്ടു.

www.malankaralibrary.com



9. അവരുടെ മക്കൾ സുരക്ഷിതത്ത്വത്തിൽനിന്നും വിദൂരത്തിലിരിക്കട്ടെ; അവരുടെ സേവകരുടെ പടിവാതില്ക്കൽ വച്ച് അവർ നിന്ദിക്കപ്പെടട്ടെ; അവരെ രക്ഷിക്കാൻ ഒരുത്തനും ഉണ്ടായിരിക്കയില്ല. തങ്ങൾക്ക് ഒരുക്കപ്പെട്ടിരിക്കുന്നതു നീതിമാന്മാർ ഭക്ഷിക്കും; തങ്ങളുടെ വിപത്തുകളിൽ നിന്നു മൂഢന്മാർ വിടുവിക്കപ്പെടുകയില്ല '

40. 1. ഈ കാര്യങ്ങളെല്ലാം നമുക്കു വ്യക്തമാകയാലും,[103] ദൈവിക വിജ്ഞാനത്തിൻെറ ആഴത്തിലേയ്ക്കു[104] നാം ചുഴ്ന്നിറങ്ങിയതിനാലും നിശ്ചിത സമയങ്ങളിൽ ചെയ്യുവാനായി കർത്താവ് നമ്മോടു കല്പിച്ച കാര്യങ്ങൾ അതാതിൻെറ ക്രമമനുസരിച്ചു നാം ചെയ്യണം. 2. സമർപ്പണങ്ങളും, സേവന ശുശ്രൂഷകളും ക്രമരഹിതമായോ, സൂക്ഷ്മതയില്ലാതെയോ അല്ല, നിശ്ചിത സമയങ്ങളിലും കാലങ്ങളിലും നടത്തണമെന്ന് അവൻ കല്പിച്ചിട്ടുണ്ട്. 3. തിരുഹിതപ്രകാരവും, തിരുവിഷ്ടത്തിനു സ്വീകാര്യമായ രീതിയിലും, എല്ലാ കാര്യങ്ങളും വിശുദ്ധമായ രീതിയിൽ നടത്തപ്പെടുന്നതിനുവേണ്ടി, തൻെറ ശ്രേഷ്ഠമായ ആലോചന അനുസരിച്ച്. എവിടെവച്ച് ആരാൽ ഇവ നടത്തപ്പെടുന്നതിന് താൻ ഇച്ഛിക്കുന്നു എന്നതാൻതന്നെ തീരുമാനിച്ചിരിക്കുന്നു. 4. അതിനാൽ, നിശ്ചയിക്കപ്പെട്ടസമയത്തു കാഴ്ചയപ്പണം നടത്തുന്നവർ സ്വീകൃതരും അനുഗൃഹീതരുമാണ്. അവർ കർത്തൃശാസനങ്ങൾ അനുസരിക്കുന്നതിനാൽ വഴി തെററുന്നില്ല. 5. മഹാപുരോഹിതനു പ്രത്യേകമായ ശുശ്രൂഷകൾ നല്കപ്പെട്ടിരിക്കുന്നു. പുരോഹിതന്മാർക്ക് അവരുടേതായ സ്ഥാനം ഉണ്ട്. ലേവ്യരുടെമേൽ അവരുടേതായ ചുമതല വയ്ക്കപ്പെട്ടിരിക്കുന്നു. അൽമായർ അൽമായർക്കുള്ള നിയമങ്ങളാൽ ബന്ധിതരാണ്.

41. 1. സഹോദരന്മാരേ, ശുശ്രൂഷയ്ക്കായുള്ള ഓരോരുത്തരുടേയും നിശ്ചിതനിയമങ്ങൾ മാററി മറിക്കാതെ, ശുദ്ധ മനഃസാക്ഷിയോടും, ഭക്തിയോടും കൂടെ നമുക്ക് ഓരോരുത്തർക്കും അവനവൻെറ സ്ഥാനത്ത്[105] നിന്നുകൊണ്ടു ദൈവത്തെ പ്രസാദിപ്പിക്കാൻ ശ്രമിക്കാം. 2. സഹോദരന്മാരേ, ജറുസലേമിലല്ലാതെ മറെറാരിടത്തും പാപങ്ങൾക്കും തെററുകൾക്കുമുള്ള ബലികൾ അർപ്പിക്കപ്പെടുന്നില്ല. അവിടെപ്പോലും എല്ലായിടത്തും അപ്പണം നടത്തപ്പെടുന്നില്ല; പിന്നെയോ. അൾത്താരയ്ക്കടുത്തുള്ള വിശുദ്ധ സ്ഥലത്തിനു മുൻവശത്തു മാത്രം; അതും മഹാപുരോഹിതനും, മുകളിൽ പറഞ്ഞ ശുശ്രൂഷകരും അർപ്പിതവസ്തുവിനെ കുററങ്ങൾ ഉണ്ടോ എന്നു പരിശോധിച്ചതിനു ശേഷവും മാത്രം. 3. ദൈവത്തിന് അർഹമാ

www.malankaralibrary.com



യതിനു് എതിരായി ചെയ്യുന്നവർ മരണശിക്ഷ അനുഭവിക്കും. 4. സഹോദരന്മാരേ, കൂടുതൽ അറിവുള്ള നാം കൂടുതലായ അപകടത്തിനു സാധ്യതയുള്ളവരാണു്.

42. 1. ശ്ലീഹന്മാർ കർത്താവായ യേശുക്രിസ്തുവിൽനിന്നു് നമുക്കുവേണ്ടി സുവിശേഷം സ്വീകരിച്ചു; യേശുക്രിസ്തു ദൈവത്തിൽനിന്നു് അയയ്ക്കപ്പെട്ടു. 2. ക്രിസ്തു ദൈവത്തിൽ നിന്നാണു്; ശ്ലീഹന്മാർ ക്രിസ്തുവിൽ നിന്നാണു്. ദൈവേഷ്ടത്താൽ രണ്ടും യഥാർത്ഥക്രമം അനുസരിച്ചു് ഉണ്ടായി. 3. അതുകൊണ്ടു് അവരുടെ കല്പനകൾ സ്വീകരിച്ചുകൊണ്ടു് കർത്താവായ യേശുക്രിസ്തുവിന്റെ ഉത്ഥാനത്തിലുള്ള വിശ്വാസത്താൽ നിറഞ്ഞവരായി, ദൈവവചനത്തിൽ ഉറപ്പിക്കപ്പെട്ടു്, പരിശുദ്ധാത്മാവിന്റെ പൂർണതയിൽ വരുവാനിരിക്കുന്ന ദൈവരാജ്യത്തിന്റെ സുവിശേഷപ്രഘോഷണാർത്ഥം ശ്ലീഹന്മാർ ഇറങ്ങി പുറപ്പെട്ടു. 4. അങ്ങനെ ഗ്രാമങ്ങളിലും നഗരങ്ങളിലും പ്രസംഗിച്ചുകൊണ്ടു് അവരുടെ ദൃശ്യഫലങ്ങളെ പരിശുദ്ധാരൂപിയാൽ പരിശോധിച്ചശേഷം വിശ്വസിക്കുന്നവർക്കുവേണ്ടി മെത്രാന്മാരെയും 106 ഡീക്കന്മാരെയും നിയമിച്ചു.

5. മാററിമറിക്കൽ കൂടാതെയാണു് അവർ ഇക്കാര്യം ചെയ്തതു്; കാരണം, മെത്രാന്മാരെയും ഡീക്കന്മാരെയും സംബന്ധിച്ചു്, അനേക വർഷങ്ങൾക്കു മുമ്പു് എഴുതപ്പെട്ടിരിക്കുന്നു. വി. ഗ്രന്ഥം ഒരിടത്തു് ഇങ്ങനെ പറയുന്നു: 107 അവരുടെ മെത്രാന്മാരെ നീതിയിലും, അവരുടെ ഡീക്കന്മാരെ വിശ്വാസത്തിലും ഞാൻ സ്ഥാപിക്കും.'

43. 1. ദൈവത്താൽ യേശുക്രിസ്തുവിൽ ഇത്തരം ജോലികൾക്കായി നിയോഗിക്കപ്പെട്ടവർ നാം മുകളിൽ സൂചിപ്പിച്ച തരത്തിലുള്ള ആളുകളെ നിയമിച്ചെങ്കിൽ അതിലെന്താണത്ഭുതം! തന്റെ ഭവനംമുഴുവൻ വിശ്വസ്തദാസനായിരുന്ന വാഴ്ത്തപ്പെട്ട മോശ അവനോടു കല്പിച്ച സംഗതികളെ എല്ലാം വിശുദ്ധഗ്രന്ഥങ്ങളിൽ എഴുതിവച്ചു. 108 അവൻ രൂപീകരിച്ച നിയമങ്ങൾക്കു് അവനോടൊപ്പം സാക്ഷ്യം നൽകിക്കൊണ്ടു മററു പ്രവാചകരും അവനെ പിൻചെന്നു. 2. പൗരോഹിത്യം സംബന്ധിച്ച തർക്കം ഉണ്ടാകുകയും 109 ആ മഹോന്നത നാമത്താൽ ഏതു ഗോത്രം ബഹുമാനിക്കപ്പെടണമെന്നു കല്പിക്കയും ചെയ്തപ്പോൾ ഓരോ ഗോത്രത്തിന്റെയും പേരെഴുതിയ വടികൾ കൊണ്ടുവരുവാൻ അവൻ പന്ത്രണ്ടു് ഗോത്രത്തിന്റെയും തലവന്മാരോടു് കല്പിച്ചു; അവ എടുത്തു് അവൻ ഒന്നിച്ചു കെട്ടി, തലവന്മാരുടെ മോതിരം കൊണ്ടു് മുദ്രവച്ചു, ദൈവ

www.malankaralibrary.com



ത്തിൻെറ മേശയിലെ സാക്ഷ്യപെട്ടകത്തിൽവച്ചു. 3. പെട്ടകം അടച്ചു താക്കോലുകൾക്കും വാതിലിനും മുദ്രവച്ചു. 4. എന്നിട്ട് അവരോട് പറഞ്ഞു: 'സഹോദരൻമാരേ, ഏതു ഗോത്രത്തിൻെറ വടി തളിർക്കുന്നുവോ അതിനെ ദൈവം പുരോഹിതരായും തനിക്കു ശുശ്രൂഷകരായും തിരഞ്ഞെടുത്തിരിക്കുന്നു.' 5. പ്രഭാതമായപ്പോൾ അവർ ഇസ്രായേലിലെ പുരുഷന്മാരെ എല്ലാം വിളിച്ചുകൂട്ടി. മൊത്തം ആറുലക്ഷം പുരുഷന്മാരെ. ഗോത്രത്തലവരുടെ മുദ്രകാണിച്ചു; സാക്ഷ്യപ്പെട്ടകം തുറന്നു; വടികൾ പുറത്തെടുത്തു; അഹറോൻെറ ദണ്ഡ് തളിർക്കുക മാത്രമല്ല ഫലം പുറപ്പെടുവിച്ചതായും കണ്ടു. 6. പ്രിയപ്പെട്ടവരേ, നിങ്ങൾക്കെന്തു തോന്നുന്നു? ഇതു് ഇപ്രകാരം സംഭവിക്കുമെന്ന് മോശയ്ക്കും അറിയില്ലായിരുന്നോ? തീർച്ചയായും അവനു് അറിയാമായിരുന്നു. എന്നാൽ ഇസ്രായേലിൽ ഒരു ക്രമരാഹിത്യവും ഉണ്ടാകാതിരിപ്പാനും സത്യദൈവത്തിൻെറ നാമം മഹത്വപ്പെടാനും വേണ്ടി അവൻ ഇപ്രകാരം പ്രവർത്തിച്ചു. അവനു് എന്നേയ്ക്കും മഹത്വം ഉണ്ടായിരിക്കട്ടെ. ആമ്മീൻ.

44. 1. മെത്രാൻെറ ഉദ്യോഗം സംബന്ധിച്ചു കലഹം ഉണ്ടാകുമെന്നു നമ്മുടെ കർത്താവിലൂടെ ശ്ളീഹന്മാർ അറിഞ്ഞിരുന്നു. 2. ആയതിനാൽ പരിപൂർണമായ മുന്നറിവ് ഉണ്ടായിരുന്നതിനാൽ, തങ്ങൾ മരിക്കുമ്പോൾ മററ് അംഗീകൃത വ്യക്തികൾ അവരുടെ ശുശ്രൂഷസ്ഥാനം ഏറെറടുക്കുന്നതിനായി, അവർ മേൽപ്രസ്താവിക്കപ്പെട്ട ആളുകളെ നിയമിച്ചു. 3. ശ്ളീഹന്മാരാലോ, സഭ മുഴുവൻെറയും സമ്മതത്തോടുകൂടി പിന്നീട് മററ് ശ്രേഷ്ഠവ്യക്തികളാലോ നിയമിക്കപ്പെടുകയും, എളിമയോടും, സമാധാനത്തോടും മാന്യതയോടും എല്ലാവരുടെയും ഉത്തമസാക്ഷ്യത്തോടുംകൂടെ അനേകവർഷം, ക്രിസ്തുവിൻെറ ആടുകൾക്ക് കളങ്കരഹിതമായി ശുശ്രൂഷചെയ്യുകയും ചെയ്തുകൊണ്ടിരുന്നവരെ ശുശ്രൂഷയിൽനിന്നു് തരംതാഴ്ത്തിയതു നീതിപൂർവ്വകമല്ലെന്നു നാം കരുതുന്നു. 4. കളങ്കരഹിതമായും വിശുദ്ധമായും ബലി അർപ്പിച്ചവരെ മെത്രാൻസ്ഥാനത്തു നിന്നു നീക്കം ചെയ്യുന്നതു വെറുമൊരു നിസ്സാരപാപമല്ല. 5. ഫലസമൃദ്ധവും പൂർണവുമായ സത്യം പ്രാപിച്ചിരിക്കുന്നതിനാൽ, നമുക്കുമുമ്പേപോയ പ്രെസ്ബിററർമാർ ഭാഗ്യവാന്മാരാകുന്നു: എന്തെന്നാൽ തങ്ങളെ ഭരമേൽപിച്ചിരിക്കുന്ന സ്ഥാനത്തുനിന്നു് ആരെങ്കിലും തങ്ങളെ നീക്കുമെന്നു് ഇപ്പോൾ അവർക്കു് ഭയപ്പെടേണ്ട ആവശ്യമില്ല. 6. ആക്ഷേപം കൂടാതെ നിവർത്തിച്ചുകൊണ്ടിരുന്ന ശുശ്രൂഷയിൽ നിന്നു് ചിലരെ

www.malankaralibrary.com



അവർ സൽസ്വഭാവികളായിരുന്നിട്ടുകൂടി നിങ്ങൾ ബലപ്രയോഗത്താൽ നീക്കി എന്നു നാം കാണുന്നു.

**45.** 1. സഹോദരന്മാരേ, രക്ഷയ്ക്കു ചേരുന്ന കാര്യങ്ങളിൽ തത്പരരും തീക്ഷ്ണരുമായിരിക്കുവിൻ. 2. സത്യവും പരിശുദ്ധാത്മാവിനാൽ നിവേശിതവുമായ വി. ഗ്രന്ഥങ്ങൾ നിങ്ങൾ പഠിച്ചിട്ടുണ്ട്. 3. അവയിൽ സത്യത്തിനും നീതിക്കും നിരക്കാത്തതൊന്നും എഴുതപ്പെട്ടിട്ടില്ല എന്നു നിങ്ങൾക്കറിയാമല്ലോ, നീതിമാന്മാർ വിശുദ്ധരാൽ സ്ഥാനഭ്രഷ്ടരാക്കപ്പെട്ടതായി നിങ്ങളിതിൽ കാണുന്നില്ല. 4. നീതിമാന്മാർ പീഡിപ്പിക്കപ്പെട്ടു; എന്നാലതു ദുഷ്ടന്മാരാലാണെന്നു മാത്രം; അവർ ബന്ധനസ്ഥരായി; അതോ അഭക്തരാൽ; നിയമലംഘകരാൽ അവർ കല്ലെറിയപ്പെട്ടു; ദുഷ്ടവും നീചവുമായ അസൂയ നിറഞ്ഞവരാൽ അവർ കൊല്ലപ്പെട്ടു. 5. ഇപ്രകാരം പീഡിപ്പിക്കപ്പെട്ടെങ്കിലും, മാന്യമായി അവർ അവ സഹിച്ചു. 6. സഹോദരന്മാരേ, നാം എന്താണു പറയേണ്ടതു്? ദൈവത്തെ ഭയപ്പെട്ടിരുന്നവരാലാണോ ദാനിയേൽ സിംഹക്കുഴിയിൽ എറിയപ്പെട്ടതു്? 7. അത്യുന്നതന്റെ ശ്രേഷ്ഠവും മഹോന്നതവുമായ ആരാധനയർപ്പിച്ചവരാണോ അനനിയാസിനെയും, അസറിയായേയും മിശായേലിനെയും ജ്വലിക്കുന്ന ചൂളയിൽ ഇട്ടതു്? ദൈവം തടയട്ടെ! ഈ കർമ്മങ്ങൾ ചെയ്തവർ പിന്നെയാരാണ്? ദൈവത്തെ വിശുദ്ധിയിലും ശുദ്ധനിയോഗത്തിലും ശുശ്രൂഷിച്ചവരുടെ മേൽ നിന്ദനം വാരിക്കൂട്ടുവാൻ തക്കവണ്ണം അത്രമാത്രം ജ്വലിച്ചിരുന്ന, എല്ലാ തിന്മകളും നിറഞ്ഞ ഹീനരായ മനുഷ്യരായിരുന്നു അവർ.[101] തന്റെ അതിപരിശുദ്ധനാമത്തിനു ശുദ്ധമനസ്സാക്ഷിയോടുകൂടി ശുശ്രൂഷിക്കുന്നവരുടെ സംരക്ഷകനും നീതിനിർവ്വാഹകനും അത്യുന്നതനാണെന്ന് അവരറിഞ്ഞില്ല. അവനു് എന്നും എന്നേയ്ക്കും മഹത്വം. ആമ്മീൻ. 8. ഉറപ്പോടുകൂടെ സഹിച്ചവർ മഹത്വത്തിന്റെയും ബഹുമാനത്തിന്റെയും അവകാശം പ്രാപിച്ചു; എന്നേയ്ക്കുമായി തന്റെ ഓർമ്മയിൽ അവരുടെ നാമം ദൈവത്താൽ എഴുതപ്പെടുകയും അവർ ഉയർത്തപ്പെടുകയും ചെയ്തു. ആമ്മീൻ.

**46.** 1. സഹോദരരേ, നാമും ഇത്തരം മാതൃകകളോടു പററിച്ചേരണം. 2. എന്തെന്നാൽ ഇപ്രകാരം എഴുതപ്പെട്ടിരിക്കുന്നു:[111] വിശുദ്ധരോടു പററിച്ചേരുവിൻ; എന്തെന്നാൽ അവരോടു പററിച്ചേരുന്നവർ വിശുദ്ധരായിത്തീരും. 3. വീണ്ടും മറെറാരിടത്തു്, [112] 'നിഷ്കളങ്കനോടുകൂടി നീ നിഷ്കളങ്കനായിരിക്കും; തിരഞ്ഞെടുക്കപ്പെട്ടവനോടുകൂടി നീ തിരഞ്ഞെടുക്കപ്പെട്ടവനായിരിക്കും; വക്രബുദ്ധിയോടുകൂടി നീ വക്ര

www.malankaralibrary.com



ബുദ്ധിയായിരിക്കും' എന്നു് എഴുതപ്പെട്ടിരിക്കുന്നു. 4. അതുകൊണ്ടു, നമുക്കു നിഷ്കളങ്കനോടും നീതിമാനോടും പറ്റിച്ചേരാം; അവർ ദൈവത്തിൻെറ തെരഞ്ഞെടുക്കപ്പെട്ടവരാകുന്നു. 5. എന്തുകൊണ്ടാണു നിങ്ങളുടെ ഇടയിൽ ഈ കലഹങ്ങളും ദുർമ്മനസ്സും, കക്ഷിമത്സരവും ശീശ്മയും, യുദ്ധവും? 6. നമുക്കു് ഒരു ദൈവവും ഒരു ക്രിസ്തുവും നമ്മുടെമേൽ ചൊരിയപ്പെട്ട കൃപയുടെ ഒരാത്മാവും അല്ലേ ഉള്ളു? നമുക്കെല്ലാവർക്കും ക്രിസ്തുവിൽ ഏക വിളിയല്ലേ ഉള്ളതു്? 113. 7. എന്തുകൊണ്ടാണു നാം ക്രിസ്തുവിൻെറ ശരീരത്തെ ഉലച്ചുപറിക്കുകയും പിച്ചിച്ചീന്തുകയും നമ്മുടെ തന്നെ ശരീരത്തിനെതിരായി മത്സരിക്കയും നാം പരസ്പരം അവയവങ്ങളാകുന്നു എന്നതു മറക്കുന്ന ഭോഷത്തത്തിലെത്തിച്ചേരുകയും ചെയ്യുന്നതു്? കർത്താവായ യേശുവിൻെറ വാക്കുകൾ അനുസ്മരിക്കുവിൻ. 8. എന്തെന്നാൽ അവൻ പറഞ്ഞു:114 'ആ മനുഷ്യനു ഹാ കഷ്ടം! എൻെറ തെരഞ്ഞെടുക്കപ്പെട്ടവരിലൊരാൾക്കു് ഇടർച്ച വരുത്തുന്നതിലും ഭേദം അവൻ ജനിക്കാതിരിക്കുന്നതാകുന്നു. എൻെറ പ്രിയപ്പെട്ടവരിലൊരാളെ വഴിപിഴപ്പിക്കുന്നതിനെക്കാൾ തിരികല്ലു കെട്ടിത്തൂക്കി കടലിലേക്കു് എറിയപ്പെടുന്നതാണു് അവനു ഭേദം.' 9. നിങ്ങളുടെ ശീശ്മ അനേകരെ വഴിപിഴപ്പിച്ചു, അനേകരെ നിരാശയിലാഴ്ത്തി, നമ്മെയെല്ലാം ദുഃഖിതരാക്കി, എന്നിട്ടും നിങ്ങളുടെ മത്സരം തുടരുന്നു.

**47.** 1. ഭാഗ്യവാനായ പൗലോസ്ശ്ളീഹായുടെ ലേഖനം എടുക്കൂ:115 2. തൻെറ പ്രസംഗത്തിൻെറ ആദ്യകാലത്തു എന്താണവൻ നിങ്ങൾക്കെഴുതിയതു്? 3. സത്യമായും, നിവേശിതനായി, തന്നെപ്പററിയും കേപ്പയെപ്പററിയും അപ്പലോയെപ്പററിയും അവൻ നിങ്ങൾക്കെഴുതി; എന്തെന്നാൽ അന്നേ നിങ്ങൾ ഗ്രൂപ്പുകളുള്ളവരായിരുന്നു. 4. ആ കക്ഷിമത്സരത്തിൻെറ അപരാധകാഠിന്യം കുറവായിരുന്നു. കാരണം, ഏററം ശ്രേഷ്ഠരായ ശ്ളീഹന്മാരുടെയും, അവർ പ്രശംസിച്ച ഒരു വ്യക്തിയുടെയും ഗ്രൂപ്പുകാരായിരുന്നു നിങ്ങൾ. 5. എന്നാൽ നിങ്ങളെ വഴിപിഴപ്പിച്ചവൻ ആരെന്നും നിങ്ങളുടെ ബഹുമാനത്തിനും സഹോദര സ്നേഹപ്രഖ്യാതമായ പ്രശസ്തിക്കും മങ്ങലേല്പിച്ചതു് ആരെന്നും ചിന്തിക്കുവിൻ! 6. പ്രിയപ്പെട്ടവരേ, കൊറിന്ത്യയിലെ പ്രാചീനസഭ ഒന്നോ രണ്ടോ വ്യക്തികൾ നിമിത്തം പ്രസ്ബിററർമാർക്കെതിരായി മത്സരിച്ചു എന്നു കേൾക്കുന്നതു ലജ്ജാകരമാണു്; ഏററവും ലജ്ജാകരമാണു്; ക്രിസ്തുവിലുള്ള നിങ്ങളുടെ രൂപീകരണത്തിനു് ഒട്ടും ചേരാത്തതുമാണു്. 7. ഈ റിപ്പോർട്ടു നമുക്കു മാത്രമല്ല, നമ്മോടു യോജിക്കാത്തവർക്കും ലഭിച്ചിരിക്കുന്നു. നിങ്ങളുടെ ഭോഷത്തം

www.malankaralibrary.com



നിമിത്തം കർത്തൃനാമം നിന്ദിക്കപ്പെടുകയും നിങ്ങൾ നിങ്ങൾക്കുതന്നെ അപകടം വർദ്ധിപ്പിക്കയും ചെയ്യുന്നു എന്നതാണിതിൻെറ ഒക്കെ ഫലം.

48. 1. കർത്താവു നമ്മോടു കരുണ കാണിക്കാനും, രമ്യപ്പെടാനും, മാന്യവും വിശുദ്ധവുമായ സഹോദരസ്നേഹത്തിൻെറ പ്രവൃത്തികൾ നമുക്കു വീണ്ടും നൽകാനുമായി നമുക്കു തിന്മ അകററുകയും, തൻെറ മുമ്പാകെ സാഷ്ടാംഗം വീണു കണ്ണുനീരോടുകൂടി അപേക്ഷിക്കയും ചെയ്യാം. 2. എന്തെന്നാൽ എഴുതപ്പെട്ടിരിക്കുന്നതുപോലെ, ഇപ്രകാരമാകുന്നു ജീവനിലേക്കു തുറക്കപ്പെട്ടിരിക്കുന്ന നീതിയുടെ കവാടം:116 'ഞാൻഅവയിലൂടെ പ്രവേശിച്ചു കർത്താവിനെ പുകഴ്ത്തുവാൻ നീതിയുടെ വാതിലുകൾ എനിക്കായി തുറക്കുവിൻ. 3. ഇതാകുന്നു കർത്താവിൻെറ വാതിൽ; അതിലൂടെ നീതിമാൻ പ്രവേശിക്കും.' 4. തുറക്കപ്പെട്ടിരിക്കുന്ന അനേകവാതിലുകളിൽ നീതിയിലുള്ളതാണു ക്രിസ്തുവിൻേറതു്. ഈ വാതിലിലൂടെ കയറുകയും ക്രമരഹിതരായി ഒന്നും ചെയ്യാതെ വിശുദ്ധിയിലും നീതിയിലും തങ്ങളുടെ കടമ നിർവഹിക്കയും ചെയ്യുന്നവർ ഭാഗ്യവാന്മാരാകുന്നു117. 5. നീ വിശ്വസ്തനായിരിക്കട്ടെ; ആഴമേറിയ ജ്ഞാനം സമ്പാദിക്കാൻ നീ ശക്തനായിരിക്കട്ടെ; വാക്കുകൾ തെരഞ്ഞെടുക്കുന്നതിൽ നീ വിജ്ഞാനിയായിരക്കട്ടെ; പ്രവൃത്തികളിൽ നീ ചുറുചുറുക്കുള്ളവനായിരിക്കട്ടെ;118 നീ ചാരിത്ര്യമുള്ളവനായിരിക്കട്ടെ. 6. ഉന്നതനെന്നു കരുതപ്പെടുന്നവൻ, അത്രമാത്രം വിനീതനായിരിക്കണം; അവൻ സ്വന്തകാര്യം നോക്കാതെ, പൊതുനന്മ അന്വേഷിക്കണം.

49. 1. ക്രിസ്തുവിൽ സ്നേഹമുള്ളവൻ അവൻെറ കല്പനകൾ പാലിക്കട്ടെ.119 2. ദൈവസ്നേഹത്തിൻെറ ബന്ധം വിവരിക്കാൻ ആർക്കു സാധിക്കും?120. 3. അതിൻെറ സൗന്ദര്യതേജസ്സ് വിശദീകരിക്കാൻ ആർക്കു കഴിയും? 4. സ്നേഹം നമ്മെ ഉയർത്തുന്ന ഔന്നത്യം അവാച്യമാണു്. 5. സ്നേഹം നമ്മെ ദൈവവുമായി ബന്ധിക്കുന്നു; സ്നേഹം പാപങ്ങളുടെ ബഹുലതയെ മറയ്ക്കുന്നു;121 സ്നേഹം എല്ലാം സഹിക്കുന്നു; എല്ലാററിലും ദീർഘശാന്തത ഉള്ളതാണ്; സ്നേഹത്തിൽ നികൃഷ്ടമോ, ധാർഷ്ട്യമോ ഇല്ല. സ്നേഹത്തിനു ശീശ്മ അറിയില്ല. മത്സരിക്കുന്നില്ല; എല്ലാം യോജിപ്പിൽ ചെയ്യുന്നു. സ്നേഹത്തിൽ ദൈവത്തിൻെറ തെരഞ്ഞെടുക്കപ്പെട്ടവരെല്ലാം പൂർണരാക്കപ്പെടുന്നു. സ്നേഹം കൂടാതെ ദൈവത്തിനു സ്വീകാര്യമായി ഒന്നുമില്ല. 6. സ്നേഹത്തിൽ

www.malankaralibrary.com



ദൈവം നമ്മെ സ്വീകരിച്ചു; നമ്മോടുള്ള സ്നേഹത്തെപ്രതി, നമ്മുടെ കർത്താവായ യേശുക്രിസ്തു ദൈവേഷ്ടത്താൽ നമുക്കുവേണ്ടി തൻെറ രക്തം നൽകി; നമ്മുടെ ശരീരത്തിനുവേണ്ടി സ്വശരീരവും നമ്മുടെ ജീവനുവേണ്ടി തൻെറ ജീവനുംകൊടുത്തു.

50 1. ഏററം പ്രിയപ്പെട്ടവരേ, സ്നേഹം എത്ര ശ്രേഷ്ഠവും അത്ഭുതകരവും അതിൻെറ പൂർണ്ണത എത്ര അവാച്യവുമാണെന്നു കാണുവിൻ. 2. ദൈവം യോഗ്യരാക്കുന്നവരല്ലാതെ ആരാണ് അതിൽ നല്ലവരായി കാണപ്പെടുന്നത്? കുററം കൂടാതെയും കക്ഷിമത്സരം കൂടാതെയും നാം സ്നേഹത്തിൽ കാണപ്പെട്ടവാൻ നമുക്കു പ്രാർത്ഥിക്കുകയും തൻെറ നന്മയോട് അപേക്ഷിക്കയും ചെയ്യാം. 3. ആദംമുതലിന്നുവരെയുള്ള തലമുറകളെല്ലാം കടന്നുപോയി; എന്നാൽ ദൈവകൃപയാൽ സ്നേഹത്തിൽ പൂർണ്ണരാക്കപ്പെട്ടവർ വിശുദ്ധരോടുകൂടി ജീവിക്കുന്നു; ക്രിസ്തുവിൻെറ രാജ്യത്തിലെ വിധിയിൽ അവർ വെളിപ്പെടുത്തപ്പെടും. 4. എന്തെന്നാൽ ഇപ്രകാരം എഴുതപ്പെട്ടിരിക്കുന്നു:[122] എൻെറ ക്രോധവും കോപവും മായുന്നതുവരെ അല്പസമയം മുറിക്കകത്തു കടക്കുക; സൽദിവസങ്ങളെ ഞാൻ ഓക്കുകയും കല്ലറകളിൽനിന്ന് നിങ്ങളെ എഴുന്നേല്പിക്കയും ചെയ്യും'. 5. ഏററം പ്രിയപ്പെട്ടവരേ, ഐക്യത്തിലും സ്നേഹത്തിലും ദൈവകല്പന അനുസരിച്ചെങ്കിൽ നാം ഭാഗ്യവാന്മാരായിരുന്നു. സ്നേഹംവഴി നമ്മുടെ പാപങ്ങൾ മോചിക്കപ്പെടുകയും ചെയ്യുമായിരുന്നു. 6. എന്തെന്നാൽ ഇപ്രകാരം എഴുതപ്പെട്ടിരിക്കുന്നു.[123] 'ആരുടെ അകൃത്യങ്ങൾ ക്ഷമിക്കപ്പെടുകയും പാപങ്ങൾ മറയ്ക്കപ്പെടുകയും ചെയ്യുവോ, അവൻ ഭാഗ്യവാനാകുന്നു. കർത്താവു തൻെറ പാപം പരിഗണിക്കാതെയും തൻെറ വായിൽ ചതിവില്ലാതെയും ഇരിക്കുന്ന മനുഷ്യൻ ഭാഗ്യവാനാകുന്നു'. 7. നമ്മുടെ കർത്താവായ യേശുക്രിസ്തുവഴി ദൈവത്താൽ തെരഞ്ഞെടുക്കപ്പെട്ടവർക്കാണീ അനുഗ്രഹം; അവനു് എന്നെന്നേയ്ക്കും മഹത്വം ഉണ്ടായിരിക്കട്ടെ. ആമ്മീൻ.

51. 1. നാം ചെയ്ത എല്ലാ തെററുകളും ശത്രുവിൻെറ പ്രേരണയ്ക്കനുസരിച്ചു് നാം ചെയ്തവയും, നമ്മോടു് ക്ഷമിക്കപ്പെടുമെന്നു നമുക്കു പ്രതീക്ഷിക്കാം. മത്സരത്തിൻെറയും ശീശ്മയുടെയും നേതാക്കന്മാരായിരുന്നവർപോലും പൊതുവായ പ്രതീക്ഷയിലേക്കു തിരിയണം. 2. കാരണം, ഭയത്തിലും സ്നേഹത്തിലും ജീവിക്കുന്നവർ, തങ്ങളുടെ അയൽക്കാരല്ല തങ്ങൾതന്നെ കഷ്ടപ്പെടുന്നതിനു് ഇഷ്ടപ്പെടുന്നു; നീതിപൂർവ്വകമായും നന്നായും നമ്മോടു് ഉപദേശിക്കപ്പെട്ട ഐക്യത ഇല്ലാതാകുന്നതിനെക്കാൾ തങ്ങളുടെതന്നെ വിധി സന്നദ്ധതയോടെ

www.malankaralibrary.com



അനുസരിക്കുന്നതാണ് ഉത്തമം. 3. ദൈവദാസനായ മോശയ്ക്കെതിരായി മത്സരിച്ചവരെപ്പോലെ ഹൃദയം കഠിനമാക്കാതെ[124] പാപം ഏററുപറയുന്നതാണ് ഉചിതം. അവരുടെ മേലുണ്ടായ ശിക്ഷാവിധി വ്യക്തമാണല്ലോ. 4. കാരണം, അവർ ജീവനോടെ പാതാളത്തിലേക്കു പോകുകയും മരണം അവരെ ശേഖരിക്കയും ചെയ്തു.[125] 5. ദൈവദാസനായ മോശവഴി ദൈവം ഈജിപ്തിൽ പ്രവർത്തിച്ച അടയാളങ്ങളും അത്ഭുതങ്ങളും കണ്ടിട്ടും അവരുടെ മൂഢഹൃദയം കഠിനമായതിനാലാണ് ഫറവോനും അവൻെറ രാജ്യവും ഈജിപ്തിലെ എല്ലാ നേതാക്കന്മാരും രഥങ്ങളും തേരാളികളും ചെങ്കടലിൽ മുങ്ങി നശിച്ചതു്[126].

52. 1. സഹോദരന്മാരെ, പ്രപഞ്ചകർത്താവിനു് ഒന്നും ആവശ്യമില്ല; തന്നെ ഏററുപറയണം എന്നല്ലാതെ ആരിൽനിന്നും അവനു് ഒന്നുംതന്നെ വേണ്ട. 2. തിരഞ്ഞെടുക്കപ്പെട്ട ദാവീദു് പറയുന്നു:[127] ഞാൻ കർത്താവിനോടു് തെററുകൾ ഏററുപറയും; അതു് കൊമ്പും കൊളമ്പുമുള്ള ചെറുകാളയേക്കാൾ കർത്താവിനു പ്രീതികരമാണു്. ദരിദ്രർ ഇതുകണ്ടു് ആനന്ദിക്കട്ടെ.' 3. അവൻ വീണ്ടും പറയുന്നു:[128] ദൈവത്തിനുള്ള ബലികൾ സ്തുതിയുടെ ബലികളാണു്; അത്യുന്നതനു നിൻെറ നേർച്ചകൾ നിറവേററുക; ദുർദിവസം എന്നെ വിളിച്ചപേക്ഷിക്കുക; ഞാൻ നിന്നെ വിടുവിക്കും; നീ എന്നെ മഹത്വപ്പെടുത്തും. 4. എന്തെന്നാൽ അനുതാപഹൃദയമാണു് ദൈവത്തിനുള്ള ബലി.'[129]

53. 1. പ്രിയപ്പെട്ടവരേ, നിങ്ങൾ വിശുദ്ധ ഗ്രന്ഥങ്ങൾ ഗ്രഹിക്കുന്നവരാണു്; നന്നായി ഗ്രഹിക്കുന്നവരാണു്. ദൈവത്തിൻെറ പ്രവചനങ്ങൾ നിങ്ങൾ പഠിച്ചവരാണു്. അതുകൊണ്ടു് ഈ കാര്യങ്ങൾ ഒരോർമ്മിപ്പിക്കലായിട്ടാണു് ഞാൻ എഴുതുന്നതു്.

2. മോശ മലയിൽ കയറി നാല്പതുരാവും നാല്പതു പകലും ഉപവാസത്തിലും താഴ്മയിലും ചിലവഴിച്ചപ്പോൾ ദൈവം അവനോടു പറഞ്ഞു:[130] ഇവിടെനിന്നു വേഗം പോകുക; കാരണം, നിൻെറ ജനം, നീ ഈജിപ്തിൽ നിന്നുകൊണ്ടുവന്ന ജനം അകൃത്യം പ്രവർത്തിച്ചിരിക്കുന്നു; നീ അവരോടു കല്പിച്ച പാത അവർ അതിവേഗം വിട്ടുമാറി; അവർ അവർക്കായി വാർത്ത വിഗ്രഹങ്ങളെ ഉണ്ടാക്കിയിരിക്കുന്നു'. 3. കർത്താവു് അവനോടു പറഞ്ഞു:[131] ഞാൻ നിന്നോടു് ഒന്നുരണ്ടു പ്രാവശ്യം ഇപ്രകാരം പറഞ്ഞതാണു്. ഞാൻ ഈ ജനത്തെ മനസ്സിലാക്കിയിരിക്കുന്നു. ഇതാ, അവർ പിടലി കടുത്തവരാണു്. അവരെ

www.malankaralibrary.com



നശിപ്പിക്കുവാൻ എന്നെ അനുവദിക്കു. ആകാശത്തിൻ കീഴിൽനിന്നു് അവരുടെ നാമം ഞാൻ തുടച്ചുമാററിക്കളയും. ഇവരെക്കാൾ കൂടുതലായി ഞാൻ നിന്നെ വലുതും അത്ഭുതകരവുമായ ജാതിയാക്കും.' 4. മോശ പറഞ്ഞു[132] 'ഇല്ല കർത്താവേ, ഈ ജനത്തിൻെറ പാപം ക്ഷമിക്കു; അല്ലെങ്കിൽ എന്നേക്കൂടി ജീവനുള്ളവരുടെ പുസ്തകത്തിൽനിന്നു് മായിച്ചു കളഞ്ഞേക്കൂ.' 5. എത്ര വലിയ സ്നേഹം! എത്ര വലിയ പൂർണത! ജനങ്ങളോടു ക്ഷമിക്കണമെന്നും അല്ലെങ്കിൽ അവരോടൊപ്പം തൻെറനാമം കൂടി മായിച്ചു കളയണമെന്നും കർത്താവിനോടു് അവൻ പറഞ്ഞാവശ്യപ്പെടുന്നു.

54. 1. നിങ്ങളുടെ ഇടയിൽ മാന്യനായിട്ടു് ആരുണ്ടു്? കരുണയുള്ളവൻ ആരുണ്ടു്? സ്നേഹം നിറഞ്ഞവൻ ആരുണ്ടു്? 2. അവൻ പറയട്ടെ: 'ഞാൻ നിമിത്തം മത്സരവും കലഹവും ശീശ്മയും ഉണ്ടായെങ്കിൽ ഞാൻ മാറുന്നു; നിങ്ങൾ ഇച്ഛിക്കുന്നിടത്തു ഞാൻ പോയേക്കാം. സമൂഹം അനുശാസിക്കുന്നതെന്തും ഞാൻ ചെയ്തേക്കാം. നിയമിതരായ പ്രെസ്ബിററർമാരോടുകൂടി ക്രിസ്തുവിൻെറ അജഗണത്തിനു് സമാധാനമുണ്ടായിരിക്കട്ടെ.' 3. ഇതു ചെയ്യുന്നവൻ ക്രിസ്തുവിൽ തനിക്കായി വലിയ പ്രശസ്തി നേടിയെടുക്കും; എല്ലായിടവും അവനെ സ്വീകരിക്കും. കാരണം, 'ഭൂമിയും അതിൻെറ പൂർണ്ണതയും കർത്താവിൻേറതാകുന്നു.'[133] 4. മടികൂടാതെ, ദൈവത്തിൻെറ പൗരന്മാർ എന്ന നിലയിൽ തങ്ങളുടെ കടമകൾ നിർവഹിക്കുന്നവർ ഇപ്രകാരം ചെയ്തിട്ടുണ്ടു്, ഇനി ചെയ്കയും ചെയ്യും.

55. 1. പുറജാതിക്കാരിൽനിന്നുള്ള ഉദാഹരണങ്ങൾ കൂടി നമുക്കെടുക്കാം; തങ്ങളുടെ ജനങ്ങളെ സ്വന്തരക്തത്താൽ രക്ഷിക്കാനായി, പകർച്ചവ്യാധികളുടെ കാലത്തു് അനേക രാജാക്കന്മാരും ഭരണാധികാരികളും, ദാർശനികന്മാരുടെ ഉപദേശം കേട്ടു് സ്വയം മരണത്തിനു സമർപ്പിച്ചു. നഗരങ്ങൾ ഇനിമേൽ വിഭജിക്കപ്പെടാതിരിപ്പാനായി അനേകർ തങ്ങളുടെ നഗരങ്ങൾ വിട്ടിറങ്ങി. 2. മററുള്ളവരെ രക്ഷിക്കാൻ നമ്മുടെ ഇടയിൽ തന്നെ അനേകർ ചങ്ങലയ്ക്കു സ്വയം ഏല്പിച്ചു കൊടുത്തതായി നമുക്കറിയാം. അനേകർ സ്വയം അടിമത്തത്തിനു കീഴ്വഴങ്ങി; ആ പണം മററുള്ളവർക്കു് ആഹാരത്തിനായി അവർ നൽകി. 3. ദൈവകൃപയാൽ നിറഞ്ഞവരായ അനേകം സ്ത്രീകൾ ധീരമായ പല കാര്യങ്ങളും ചെയ്തു. 4. പട്ടണം വളയപ്പെട്ടപ്പോൾ ഭാഗ്യവതിയായ യൂദിത്തു്[113] വിദേശീയരുടെ പാളയത്തിൽ പോകുവാൻ മൂപ്പന്മാരോടു് അനുവാദം ചോദിച്ചു. 5. വളയപ്പെട്ട തൻെറ നാടിനോടും ജന

www.malankaralibrary.com



ങ്ങളോടും ഉള്ള സ്നേഹം നിമിത്തം അപകടത്തിന് സ്വയം കൈയാളിച്ചുകൊണ്ട് അവരം ഇറങ്ങി പുറപ്പെട്ടു; ഹോളോഫെർണസിനെ കർത്താവ് ഒരു സ്ത്രീയുടെ കൈയിലേൽപ്പിച്ചു. 6. നശിപ്പിക്കപ്പെടാതിരുന്ന ഇസ്രായേലിലെ പന്ത്രണ്ട് ഗോത്രങ്ങളെ രക്ഷിക്കാൻവേണ്ടി വിശ്വാസത്തിൽ പൂർണയായ എസ്തേർ[135] ചെറിയൊരു അപകടത്തിനല്ല സ്വയം കയ്യാളിച്ചത്. ഉപവാസത്താലും സഹനത്താലും, എല്ലാം കാണുന്ന തലമുറയുടെ യജമാനനോടവരം അപേക്ഷിച്ചു. അവളുടെ എളിമ കണ്ട് അവൻ, ആർക്കുവേണ്ടി അവരം അപകടത്തെ അഭിമുഖീകരിച്ചോ, ആ ജനതയെ വിടുവിക്കുകയും ചെയ്തു.

56. 1. തെററിൽ വീണവർ നമുക്കല്ല ദൈവതിരുമനസ്സിന് കീഴ്പ്പെടണം; അതിനുള്ള താഴ്മയും വിനയവും അവർക്ക് നല്കപ്പെടുവാൻ നമുക്കും അവർക്കുവേണ്ടി പ്രാർത്ഥിക്കാം. ഇങ്ങനെ അവർക്ക് ദൈവത്തോടും വിശുദ്ധരോടും കൂടെ, ഫലസമൃദ്ധവും പൂർണവും, ദയാമസൃണവുമായ ഓർമ്മ ഉണ്ടായിരിക്കും. 2. പ്രിയപ്പെട്ടവരേ, നമുക്ക തിരുത്തലുകരം സ്വീകരിക്കാം. തിരുത്തലുകളുടെ നേരെ കോപിക്കാതിരിക്കാം. നാം പരസ്പരം കൊടുക്കുന്നഉപദേശംനല്ലതും പ്രയോജനപ്രദവുമാണ്; കാരണം, അതു നമ്മെ ദൈവതിരുമനസ്സിനോട് യോജിപ്പിക്കുന്നു. 3. വിശുദ്ധ വചനം ഇപ്രകാരം പറയുന്നു:[136] 'ശിക്ഷയാൽ കർത്താവ് എന്നെശിക്ഷിച്ചു. എന്നാൽ അവൻ എന്നെ മരണത്തിന് കൈയേല്പിച്ചില്ല.' 4. 'താൻ സ്നേഹിക്കുന്നവനെ കർത്താവ് ശിക്ഷിക്കുന്നു; താൻ സ്വീകരിക്കുന്ന മകനെ അവൻ അടിക്കുന്നു.' 5. കാരണം, വി. ഗ്രന്ഥം പറയുന്നു:[137] 'നീതിമാൻ എന്നെ ദയയാൽ ശിക്ഷിക്കുകയും തിരുത്തുകയും ചെയ്യട്ടെ; ദുഷ്ടന്മാരുടെ കരുണ എന്റെ തലയെ പൂശാതിരിക്കട്ടെ.' 6. വീണ്ടും വി. ഗ്രന്ഥം പറയുന്നു; കർത്താവ് തിരുത്തിയ മനുഷ്യൻ ഭാഗ്യവാൻ; സർവശക്തന്റെ പ്രബോധനങ്ങരം നീ നിരസിക്കരുത്, കാരണം അവൻ വേദനിപ്പിക്കുകയും സുഖപ്പെടുത്തുകയും ചെയ്യുന്നു.' 7. 'അവൻ അടിച്ചു: അവന്റെ കരം തന്നെ സുഖപ്പെടുത്തി.' 8. ആറു പ്രാവശ്യം അവൻ നിന്നെ അപകടത്തിൽനിന്ന് വിടുവിക്കും: ഏഴാം പ്രാവശ്യം തിന്മ നിന്നെ സ്പർശിക്കയില്ല. 9. ക്ഷാമത്തിൽ അവൻ നിന്നെ മരണത്തിൽനിന്നു വിടുവിക്കും. യുദ്ധത്തിൽ അവൻ നിന്നെ വാളിൽനിന്ന് സ്വതന്ത്രനാക്കും. 10. നാവിന്റെ കഠോര മർദനത്തിൽനിന്ന് അവൻ നിന്നെ ഒളിച്ചുവയ്ക്കും; തിന്മ സമീപിക്കുമ്പോരം നീയൊട്ടും ഭയപ്പെടുകയില്ല.

11. നീതിരഹിതരെയും നിയമരഹിതരെയും നോക്കി നീ നിന്ദിച്ച് പൊട്ടിച്ചിരിക്കും; വന്യമൃഗങ്ങളെ നീ ഭയപ്പെടുകയില്ല.

www.malankaralibrary.com



12. വന്യമൃഗങ്ങൾ നിന്നോട് സൗഹൃദത്തിലായിരിക്കും. 13. നിൻെറ ഭവനം സമാധാനത്തിലായിരിക്കും എന്നു നീ അറിയുക; നിൻെറ കൂടാരത്തിൻെറ വാസം ഇല്ലാതാവില്ല. 14. നിൻെറ സന്തതി അനേകമാവുമെന്ന് നീയറിയുക നിൻെറ മക്കൾ വയലിലെ പുല്ലുപോലെയാകും. 15 കൊയ്ത്തുകാലത്ത് പാകമായ ധാന്യം പോലെയോ പാകമായപ്പോൾ മെതിച്ച് കൂട്ടിയിരിക്കുന്ന ധാന്യം പോലെയോ നീ നിൻെറ ശവക്കുഴിയിലേക്ക് ഇറങ്ങും. 16. പ്രിയപ്പെട്ടവരേ, കർത്താവ് ശിക്ഷിക്കുന്നവർക്ക് നൽകുന്ന സംരക്ഷണം എത്ര വലുതെന്ന് കാണുവിൻ. തൻെറ വിശുദ്ധ ശിക്ഷയിൽനിന്ന് നാം കാരുണ്യം പ്രാപിക്കുന്നതിനായി, നല്ലൊരു പിതാവിനെപ്പോലെ അവൻ നമ്മെ ശിക്ഷിക്കുന്നു.

57. 1. മത്സരത്തിന് അടിസ്ഥാനമിട്ട നിങ്ങൾ അതുകൊണ്ട് പ്രസ്ബിററർമാർക്ക് കീഴ്പ്പെട്ടിരിക്കയും ഹൃദയത്തിൻെറ മുട്ടുകൾ മടക്കി അനുതാപത്തിനുള്ള ശിക്ഷസ്വീകരിക്കുകയും ചെയ്യുവിൻ. 2. നിങ്ങളുടെ നാവിൻെറ സ്വയം പ്രശംസയും അഹങ്കാരം നിറഞ്ഞ ആത്മസംതൃപ്തിയും ദൂരെയകററി വിധേയത്വമുള്ളവരായിരിപ്പാൻ പഠിപ്പിൻ; കാരണം ശ്രേഷ്ഠരായി കരുതപ്പെടുകയും എന്നാൽ ഈ പ്രതീക്ഷയിൽനിന്ന് പുറത്തെറിയപ്പെടുകയും ചെയ്യുന്നതിനേക്കാൾ, 'ചെറിയവരായിരിക്കയും, ക്രിസ്തുവിൻെറ അജഗണത്തിൽ മാന്യതയുള്ളവരായിരിക്കയും ചെയ്കയത്രേ ശ്രേഷ്ഠം' 3. സുകൃതം നിറഞ്ഞ വിജ്ഞാനം പ്രസ്താവിക്കുന്നു.138 'എൻെറ അരുപിയുടെ വാക്കുകൾ നിനക്കായി ഞാൻ പുറപ്പെടുവിക്കും; എൻെറ വചനം നിന്നെ ഞാൻ പഠിപ്പിക്കും. 4. നിന്നെ ഞാൻ വിളിച്ചു. നീയെന്നാൽ അനുസരിച്ചില്ല; ഞാൻ എൻെറ വചനം പുറപ്പെടുവിച്ചു, നീയെന്നാൽ ഒട്ടും ശ്രവിച്ചില്ല. എൻെറ ഉപദേശത്തെ നീ പ്രയോജനരഹിതമാക്കി; എൻെറ പ്രബോധനങ്ങളെ അനുസരിച്ചില്ല. 'അതുകൊണ്ട് ഞാനും നിൻെറ നാശത്തിൽ ചിരിക്കും. നാശം നിൻെറമേൽ പതിക്കുമ്പോഴും, സംഭ്രാന്തി പെട്ടെന്ന് നിന്നെ മൂടുമ്പോഴും, ചുഴലിക്കാററുപോലെ കെടുതി ഇറങ്ങുമ്പോഴും, ദുരിതമോ, ആക്രമണമോ ഉണ്ടാകുമ്പോഴും ഞാൻ സന്തോഷിക്കും. 5. നീയെന്നെ വിളിക്കുമ്പോൾ ഞാൻ കേൾക്കില്ല എന്ന നില വരും. ദുഷ്ടർ എന്നെ തേടും. എന്നാൽ കണ്ടെത്തില്ല. കാരണം അവർ വിജ്ഞാനം ഉപേക്ഷിച്ചു: ദൈവഭയം തിരഞ്ഞെടുത്തുമില്ല: അവർ എൻെറ പ്രബോധനങ്ങൾ ശ്രദ്ധിച്ചില്ല, മറിച്ച് എൻെറ ശകാരങ്ങളെ നിന്ദിച്ചു. 6. അതുകൊണ്ട് അവർ അവരുടെ വഴികളുടെ ഫലം ഭക്ഷിക്കും; അവരുടെതന്നെ അഭക്തിയാൽ അവർ മൂടപ്പെടും. 7. പാവപ്പെട്ടവരോട് അവർ തെററു ചെയ്തതിനാൽ, അവർ കൊല്ലപ്പെടും; വിധി അഭക്തരെ തകർക്കും. എന്നെ

www.malankaralibrary.com



ശ്രദ്ധിക്കുന്നവൻ പ്രത്യാശയിൽ സുരക്ഷിതനായി വസിക്കും; ഒരു തിന്മയേയും ഭയപ്പെടാതെ ശാന്തനായിരിക്കും.

58. 1. നമുക്ക് തന്റെ അതിപരിശുദ്ധവും മഹത്വപൂർണവുമായ നാമത്തെ അനുസരിക്കാം; അനുസരണമില്ലാത്തവർക്കെതിരായി മുമ്പു തന്നെ വിജ്ഞാനം ഉച്ചരിച്ച ശാപങ്ങളിൽ നിന്നു നമുക്ക് ഒഴിഞ്ഞിരിക്കാം. തന്റെ ശ്രേഷ്ഠതയുടെ അതിപരിശുദ്ധനാമത്തിലുള്ള വിശ്വാസത്തിൽ നമുക്ക് വസിക്കാം. 2. നമ്മുടെ ഉപദേശം സ്വീകരിക്കൂ. നിങ്ങൾ ദുഃഖിക്കാൻ ഇട വരില്ല. കാരണം, ദൈവം ജീവിക്കുന്നു. കർത്താവായ യേശു ജീവിക്കുന്നു. പരിശുദ്ധന്മാരും തെരഞ്ഞെടുക്കപ്പെട്ടവരുടെ പ്രത്യാശയും ജീവിക്കുന്നു. വിനീതമാനസരായി, താഴ്മയോടുകൂടി, പിൻതിരിയാതെ, ദൈവം തന്ന കല്പനകളും ശാസനകളും, അനുസരിക്കുന്നവൻ യേശുക്രിസ്തുവഴി രക്ഷിക്കപ്പെട്ടവരുടെ കൂട്ടത്തിൽ ചേർക്കപ്പെടുകയും പേരെഴുതപ്പെടുകയും ചെയ്യും. അവൻ വഴി പിതാവിനു എന്നും എന്നേക്കും മഹത്ത്വം. ആമ്മീൻ.

59. 1. നാം വഴി അവൻ സംസാരിച്ച വാക്കുകളെ ആരെങ്കിലും അനുസരിക്കാതിരുന്നാൽ, അവൻ നിസ്സാരമായൊരു തെററിലും അപകടത്തിലും അല്ല ഉൾപ്പെടാൻ പോകുന്നതെന്ന് അറിഞ്ഞിരിക്കട്ടെ 2. എന്നാൽ ഈ പാപത്തിൽ നാം നിഷ്കളങ്കനായിരിക്കും; എല്ലാററിന്റെയും സ്രഷ്ടാവ് തന്റെ 'പ്രിയശിശു'വായ യേശുക്രിസ്തുവഴി തെരഞ്ഞെടുത്ത പ്രിയപ്പെട്ടവരുടെ എണ്ണം കുറവുവരാതെ സൂക്ഷിക്കാനായി നാം താല്പര്യപൂർണമായ പ്രാർത്ഥനകളാലും അപേക്ഷകളാലും യാചിച്ചുകൊണ്ടിരിക്കും. അവൻവഴിയാണല്ലോ പിതാവ് നമ്മെ ഇരുട്ടിൽനിന്ന് പ്രകാശത്തിലേക്കും[139] അജ്ഞതയിൽനിന്നു തന്റെ നാമത്തിന്റെ മഹത്വ പൂർണതയിലേക്കും വിളിച്ചത്. 2. സൃഷ്ടികളുടെ ആരംഭമായ തന്റെ നാമത്തിൽ പ്രത്യാശവയ്ക്കുവാൻ കർത്താവേ, കൃപയരുളുക.[140] നീ മാത്രം 'അത്യുന്നതങ്ങളിൽ അത്യുന്നതനാണെന്നും, വിശുദ്ധരിൽ വിശുദ്ധനായിരിക്കുന്നെന്നും അറിയുവാൻ ഞങ്ങളുടെ ഹൃദയകണ്ണുകളെ തുറക്കണമെ.[141] ഡംഭികളുടെ അഹങ്കാരം നീ താഴ്ത്തുന്നു; രാഷ്ട്രങ്ങളുടെ സങ്കല്പങ്ങൾ നീ നശിപ്പിക്കുന്നു; നീ താഴ്മയുള്ളവരെ ഉയർത്തുന്നു; ഉന്നതരെ താഴ്ത്തുന്നു. ധനികരെയും ദരിദ്രരെയും ഉണ്ടാക്കുന്നതു നീയാകുന്നു; നീ കൊല്ലുകയും ജീവിപ്പിക്കുകയും ചെയ്യുന്നു; ആത്മാക്കളുടെ ഏകഗുണകാംക്ഷിയും സർവജനങ്ങളുടെയും ദൈവവും നീയാകുന്നു. നീ ആഴങ്ങളിലേക്ക് നോക്കുന്നു; നീ മാനുഷിക കർമങ്ങൾ ശ്രദ്ധിച്ചുകാണുന്നു; അപകടത്തിലിരിക്കുന്നവരുടെ സഹായിയും, നിരാശരുടെ രക്ഷകനും, എല്ലാ

www.malankaralibrary.com



അരൂപികളുടെയും സ്രഷ്ടാവും പരിപാലകനുമാകുന്നു. 4. കർത്താവേ, നീ ഞങ്ങളുടെ സഹായിയും സംരക്ഷകനുമായിരിക്കണമെന്ന് 142 നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു. ഞങ്ങളിൽ പീഡിതരായിരിക്കുന്നവരെ രക്ഷിക്കുക, വിനീതരോട് ദയ കാണിക്കുക, വീണവരെ എഴുന്നേല്പിക്കുക, ആവശ്യക്കാർക്ക് നിന്നെത്തന്നെ കാണിക്കുക. രോഗികളെ സുഖമാക്കുക, നിന്റെ ജനത്തിന്റെ അലഞ്ഞുതിരിയുന്നവരെ തിരിച്ചുവരുത്തുക, വിശക്കുന്നവരെ തീററിപ്പോററുക, ഞങ്ങളുടെ തടവുകാരെ വീണ്ടെടുക്കുക, ബലഹീനരെ എഴുന്നേല്പിക്കുക, ഹൃദയം തകർന്നവരെ ആശ്വസിപ്പിക്കുക, നീ മാത്രം ദൈവമാണെന്നും, യേശുക്രിസ്തു നിന്റെ ദാസനാണെന്നും, ഞങ്ങൾ നിന്റെ ജനവും നിന്റെ പുൽമേട്ടിലെ ആടുകളും ആണെന്നും എല്ലാ രാജ്യങ്ങളും അറിയട്ടെ.

60. 1. നിന്റെ പ്രവർത്തനങ്ങളിലൂടെ ഈ ലോകത്തിന്റെ നിത്യരചനാവൈദഗ്ദ്ധ്യം നീ വെളിപ്പെടുത്തി. കർത്താവേ, നീ ഈ ലോകത്തെ സൃഷ്ടിച്ചു. നീ എല്ലാ തലമുറകളിലും വിശ്വസ്തനാകുന്നു; നിന്റെ വിധിയിൽ നീതിമാനാകുന്നു; ശക്തിയിലും മഹത്വത്തിലും അത്ഭുതകരനാകുന്നു; നിന്റെ സൃഷ്ടിയിൽ വിജ്ഞാനിയാകുന്നു; നിന്റെ പ്രവൃത്തികളെ ക്രമീകരിക്കുന്നതിൽ വിവേകിയാകുന്നു; ദൃശ്യവസ്തുക്കളിൽ നീ നല്ലവനാകുന്നു. നിന്നിൽ ആശ്രയിക്കുന്നവർക്ക് കാരുണ്യവാനാകുന്നു. കരുണനിറഞ്ഞവനും ദയാലുവുമായ നീ 143 ഞങ്ങളുടെ പാപങ്ങളും, അനീതികളും ലംഘനങ്ങളും കുറവുകളും ക്ഷമിക്കണമെ. 2. നിന്റെ ദാസന്മാരുടെയും ദാസികളുടെയും ഓരോ പാപവും നീ എണ്ണിനോക്കരുതേ; പിന്നെയോ നിന്റെ സത്യത്തിന്റെ കഴുകലിൽ ഞങ്ങളെ കഴുകണമെ. ഞങ്ങൾ വിശുദ്ധിയിലും നീതിയിലും ഹൃദയനിഷ്കപടതയിലും നടക്കുന്നതിന്, നിന്റെ മുമ്പാകെയും 144 ഞങ്ങളുടെ രാജാക്കന്മാരുടെ മുമ്പാകെയും നല്ലതും സ്വീകാര്യവുമായ പ്രവൃത്തികൾ ചെയ്യുന്നതിനുവേണ്ടി നീ ഞങ്ങളുടെ ചവിട്ടടികളെ നേരെയാക്കുക. 3. അതേ കർത്താവേ, ഞങ്ങൾ നിന്റെ ശക്തമായ കരത്താൽ സംരക്ഷിതരാകുന്നതിനും, നിന്റെ ഉയർത്തപ്പെട്ട കരത്താൽ എല്ലാ പാപങ്ങളിൽനിന്നും വിടുവിക്കപ്പെടുന്നതിനും, നിന്റെ മുഖം സമാധാനത്തിൽ എന്നേക്കും ഞങ്ങളുടെമേൽ പ്രകാശിക്കട്ടെ; അനീതിയായി ഞങ്ങളെ വെറുക്കുന്ന എല്ലാവരിൽനിന്നും ഞങ്ങളെ വിടുവിക്കുകയും ചെയ്യുക. 4. വിശ്വാസത്തിലും സത്യത്തിലും നിന്നെ വിളിച്ചപേക്ഷിച്ച ഞങ്ങളുടെ പിതാക്കന്മാർക്ക് നീ കൊടുത്തപ്രകാരം, ഞങ്ങൾ രക്ഷപെടാൻവേണ്ടി ഞങ്ങൾക്കും ധരയിലെ എല്ലാ വിശ്വാസികൾക്കും സമാധാനവും യോജിപ്പും നൽകുക; ഞങ്ങൾ നിന്റെ സർവശക്ത

www.malankaralibrary.com



വും മഹനീയവുമായ നാമത്തിനും ധരയിലുള്ള ഞങ്ങളുടെ അധികാരികാംക്കും, ഭരണാധിപർക്കും വിധേയമുള്ളവരായിരിപ്പാൻ കൃപ തരിക.

61. 1. കർത്താവേ, നീ നിൻെറ അതിശക്തവും അവാച്യവുമായ ആധിപത്യത്തിൽ സാമ്രാജ്യത്തിൻെറ അധികാരം അവക്ക് കൊടുത്തിരിക്കുന്നു; നീ അവർക്കു കൊടുത്ത മഹത്വവും ബഹുമാനവും മനസ്സിലാക്കി ഞങ്ങാം അവർക്കു കീഴ്പ്പെട്ടും നിൻെറ തിരുമനസ്സിനെ എതിർക്കാതെയും ഇരിക്കാൻ തന്നെ. 2. എന്തെന്നാൽ സ്വർഗ്ഗീയ കർത്താവേ, യുഗങ്ങളുടെ രാജാവേ,[145] നീ മനുഷ്യമക്കാംക്ക്, മഹത്വവും ബഹുമാനവും, ധരയിലുള്ള സൃഷ്ടികളുടെമേൽ അധികാരവും നൽകുന്നു. കർത്താവേ, സമാധാനത്തിലും ശാന്തതയിലും ഭക്തിപൂർവം ഭരിക്കുന്നതുവഴി നിന്നിൽനിന്നു ലഭിച്ച അധികാരത്തിനു നിൻെറ ദയ ലഭിക്കാനായി നല്ലതും നിനക്കു സ്വീകൃതവുമായ രീതിയിൽ[146] ഞങ്ങളുടെ ആലോചനകളെ തിരിച്ചുവിടുക. 3. ഈ നല്ല കാര്യങ്ങളും ഇതിനേക്കാം ശ്രേഷ്ഠമായവയും ഞങ്ങാംക്കുവേണ്ടി ചെയ്യാൻ നീ മാത്രം കഴിവുററവനാകുന്നു; ശ്രേഷ്ഠാചാര്യനും ഞങ്ങളുടെ ആത്മാക്കളുടെ സംരക്ഷകനുമായ കർത്താവേശുമിശിഹാവഴി നിന്നെ ഞങ്ങാം പുകഴ്ത്തുന്നു. അവൻ വഴി നിനക്ക് മഹത്വവും ആധിപത്യവും ഇപ്പോഴും എല്ലാ തലമുറയിലും എന്നേക്കും ആമ്മീൻ.

62. 1 സഹോദരന്മാരേ, നമ്മുടെ മതത്തെ സംബന്ധിച്ചും ഭക്തിയിലും നീതിയിലും തങ്ങളുടെ കാലടികളെ നയിക്കാനാഗ്രഹിക്കുന്നവരുടെ സുകൃതജീവിതത്തിനു് ഏററം സഹായകമായ കാര്യങ്ങാം സംബന്ധിച്ചും മതിയാംവണ്ണം നാം നിങ്ങാംക്കും എഴുതിയിട്ടുണ്ട്. 2. വിശ്വാസം, അനുതാപം, യഥാർത്ഥ സ്നേഹം, ആത്മനിയന്ത്രണം, വിവേകം, ക്ഷമ എന്നിവയെക്കുറിച്ച് എല്ലാ കാര്യവും നാം ചർച്ചചെയ്തു. നീതിയിലും സത്യത്തിലും, ദീർഘശാന്തതയിലും, യോജിപ്പുള്ള ജീവിതത്തിലും, വിശുദ്ധിയോടുകൂടെ സർവശക്തനായ ദൈവത്തെ പ്രസാദിപ്പിക്കണമെന്നു് നാം നിങ്ങളെ ഓർപ്പിച്ചു. പിതാവും സ്രഷ്ടാവുമായ ദൈവത്തിനും എല്ലാ മനുഷ്യർക്കും മുകളിൽപറഞ്ഞ നമ്മുടെ പിതാക്കന്മാർ പ്രിയംകരരായി താഴ്മയിൽ വർത്തിച്ചതുപോലെ, നാമും സ്നേഹത്തിലും സമാധാനത്തിലും ദ്രോഹങ്ങാം മറക്കുകയും സൗമ്യതയിൽ ജീവിക്കുകയും വേണം 3. വിശ്വസ്തരും പ്രശസ്തരും, ദൈവിക പ്രബോധനങ്ങളിലെ വാക്കുകാം പഠിച്ചവരുമായ മനുഷ്യർക്കാണു് നാം എഴുതുന്നതെന്നു നമുക്കു നന്നായി അറിയാമായിരുന്നതിലാണു് നിങ്ങളെ ഏററം താല്പര്യപൂർവം നാം ഇക്കാര്യങ്ങാം ഓർമിപ്പിച്ചതു്.

www.malankaralibrary.com



63. 1. അതുകൊണ്ടു് നാം ഈ പാഴ്മത്സരം ഉപേക്ഷിച്ചു്, നമ്മുടെ മുമ്പാകെ വയ്ക്കപ്പെട്ടിരിക്കുന്ന ലക്ഷ്യത്തിൽ കുറ്റം കൂടാതെ എത്തിച്ചേരാൻ വേണ്ടി, നിരവധിയും ശ്രേഷ്ഠവുമായ ഈ മാതൃകകൾ അനുകരിച്ചു് നമ്മുടെ കഴുത്തുകൾ കുനിക്കയും വിധേയത്വത്തിൻെറ മനോഭാവം സ്വീകരിക്കയും വേണം. 2. പരിശുദ്ധാത്മാവിനാൽ നാം നിങ്ങൾക്കെഴുതിയതു് നിങ്ങൾ അനുസരിക്കയും, അസൂയയുടെ ദുഷ്ടവികാരം നിങ്ങളിൽനിന്നു് നീക്കുകയും ചെയ്താൽ നിങ്ങൾ നമുക്കു് സന്തോഷവും ആനന്ദവും പകർന്നു തരും; സമാധാനത്തിനും ഐക്യത്തിനും ഉള്ള ആഹ്വാനമാണല്ലോ നാം ഈ കത്തിൽ നടത്തിയതു്. 3. യൗവനം മുതൽ വാർദ്ധക്യംവരെ കുറ്റംകൂടാതെ ഞങ്ങളുടെ ഇടയിൽ ജീവിച്ച വിവേകികളും വിശ്വസ്തരുമായ മർത്ത്യരെ നിങ്ങളുടെ പക്കലേക്കു് അയച്ചിട്ടുണ്ടു്. അവർ നിങ്ങൾക്കും നമുക്കും മദ്ധ്യേ സാക്ഷികളായിരിക്കും. 4. നിങ്ങൾ എത്രയും വേഗം സമാധാനം പുനഃസ്ഥാപിക്കണം എന്നതാണ് നമ്മുടെ മനസ്സിൻെറ സമ്പൂർണ്ണ വ്യാപൃതത്വം എന്നു നിങ്ങൾ അറിയാനാണ് നാമിതു ചെയ്യതു്.

64. ചുരുക്കത്തിൽ, എല്ലാം കാണുന്നവനും, അരൂപികളുടെ ഭരണാധികാരിയും, സർവജനങ്ങളുടെയും നാഥനും[147] കർത്താവേശുമിശിഹായെ നിയോഗിച്ചവനും തന്നിൽ നമ്മെ ഒരു പ്രത്യേക ജനമായി[148] തെരഞ്ഞെടുത്തവനുമായ ദൈവം, തൻെറ വലിയതും വിശുദ്ധവുമായ നാമം ഉച്ചരിക്കട്ടെ. എല്ലാ ആത്മാക്കൾക്കും വിശ്വാസവും, ദൈവഭയവും, സമാധാനവും, ക്ഷമയും, ദീർഘശാന്തതയും ആത്മനിയന്ത്രണവും, ശുദ്ധതയും, വിവേകവും നല്കട്ടെ. നമ്മുടെ പ്രധാനാചാര്യനും രക്ഷകനുമായ യേശുക്രിസ്തുവഴി അവർ അവൻെറ നാമത്തിൽ പ്രിയംകരരായിരിപ്പാൻതന്നെ. അവൻ വഴി മഹത്ത്വവും, ആധിപത്യവും, അധികാരവും, ബഹുമാനവും, അവനു് എപ്പോഴും എന്നേക്കും ആമ്മീൻ.

65. 1. സമാധാനത്തിൽ, ആനന്ദത്തോടുകൂടി നമ്മുടെ പ്രതിനിധികളായ ക്ലാവുദിയൂസ്, എഫേബുസ്, വലേരിയൂസ് വിത്തോ എന്നിവരെ ഫോർത്തുണാത്തസിനോടുകൂടെ എത്രയും വേഗം മടക്കി അയയ്ക്കണം, നാം പ്രാർത്ഥിക്കയും ആഗ്രഹിക്കയും ചെയ്യ സമാധാനവും ഐക്യവും അവർ വേഗത്തിൽ അറിയിക്കുന്നതിനും നിങ്ങളുടെ നല്ല ക്രമം കണ്ടു് നാമും വേഗത്തിൽ സന്തോഷിക്കുന്നതിനുമത്രേ. 2. നമ്മുടെ കർത്താവേശു മിശിഹായുടെ കൃപ നിങ്ങളോടും അവൻവഴി ദൈവം വിളിച്ച എല്ലായിടത്തുമുള്ള എല്ലാവരോടുംകൂടെ ഉണ്ടായിരിക്കട്ടെ; അവൻ വഴി മഹത്ത്വവും ബഹുമാനവും, ശക്തിയും, ആധിപത്യവും, നിത്യപ്രതാപവും, അവനു് നിത്യത മുതൽ നിത്യതവരെ. ആമ്മീൻ.

www.malankaralibrary.com

# 3

# അന്ത്യോക്യയിലെ വി. ഇഗ്നേഷ്യസ്

## സപ്തലേഖനങ്ങൾ

**ആമുഖം**

ക്രിസ്തീയ സഭാരംഭത്തിലെ അതികായകന്മാരാൽ അദ്വിതീയനാണ് അന്ത്യോക്യയിലെ വി. ഇഗ്നേഷ്യസ്. 'തെയോഫോറസ്' എന്ന മറുനാമമുള്ള അദ്ദേഹം 98 മുതൽ 110 വരെ അന്ത്യോക്യയിലെ മെത്രാനായിരുന്നു. വിനയത്തിന്റെ മാതൃകയായി നമ്മുടെ കർത്താവ് കൈയിലെടുത്ത് അനുഗ്രഹിച്ച ശിശു (മർക്കോ.9:33-36) ഇദ്ദേഹമായിരുന്നു എന്നൊരു പാരമ്പര്യം സഭയിലുണ്ട്. പത്രോസിന്റെയും പൗലോസിന്റെയും ശിഷ്യനായിരുന്ന അദ്ദേഹത്തിന്റെ രക്തസാക്ഷിത്വത്തിന് കളമൊരുക്കിയ മതപീഡനത്തെപ്പററി സ്പഷ്ടമായി നമുക്കറിയില്ല. റോമിൽ വന്യമൃഗങ്ങൾക്കിരയായി അദ്ദേഹം എറിയപ്പെടുകയുണ്ടായി. സിലിഷ്യ, ഏഷ്യാമൈനർ, ഫിലാഡെൽഫിയ, സ്മിർണാ, ത്രോവാസ്, ഫിലിപ്പി വഴി അദ്ദേഹം റോമിലെത്തി; വഴിയാത്രയിൽ ഫിലാഡൽഫിയയിലും സ്മിർണയിലും ത്രോവാസിലും കുറെനാൾ താമസിക്കുകയുണ്ടായി. സ്മിർണയിൽ പോളിക്കാർപ്പ് അദ്ദേഹത്തെ സ്വാഗതം ചെയ്തു. എഫേസോസ്, മഗ്നേഷ്യ, ത്രാള്ളിയ എന്നീ സഭകളുടെ പ്രതിനിധികളും അവിടെയെത്തിയിരുന്നു. ക്രിസ്ത്യാനികൾ വഴിനീളെ അദ്ദേഹത്തെ ഹൃദ്യമായി സ്വീകരിച്ചു; അദ്ദേഹം അവരെ അനുഗ്രഹിച്ചു. നിറകണ്ണുകളോടെയാണ് അവർ അദ്ദേഹത്തെ യാത്രയാക്കിയത്. വഴിയാത്രയിൽവച്ച് അദ്ദേഹം ഏഴു കത്തുകൾ എഴുതി: എഫേസോസ്കാർക്ക്, ത്രാള്ളിയാക്കാർക്ക്, റോമാക്കാർക്ക്, ഫിലാഡെൽ ഫിയാക്കാർക്ക്, മഗ്നേഷ്യാക്കാർക്ക്, സ്മിർണാക്കാർക്ക്, പോളിക്കാർപ്പിന്.

മൂന്നു കാര്യങ്ങൾ മുന്തിനില്ക്കുന്നുണ്ടദ്ദേഹത്തിന്റെ കത്തുകളിൽ.

www.malankaralibrary.com



1. ആസന്നമായ രക്തസാക്ഷിത്വം: രക്തസാക്ഷിത്വം വഴിയേ ഒരു യഥാർത്ഥ ശിഷ്യനാകാൻ സാധിക്കൂ, ഒരു യഥാർത്ഥ ക്രിസ്ത്യാനിയാകാനൊക്കൂ, എന്ന ചിന്തയാണദ്ദേഹത്തിന് രക്തസാക്ഷിത്വംവഴി ക്രിസ്തുവിലെത്തുന്നതുവരെ അസ്വസ്ഥനാണദ്ദേഹം.

2. സഭൈക്യം. സഭാധികാരികളോടുള്ള അനുസരണം ആവർത്തിച്ചുറപ്പിച്ചു പ്രഖ്യാപിക്കുന്നു. സഭയിൽ ഐക്യത്തിനടിസ്ഥാനം മെത്രാനാണ്. മെത്രാനെ കൂടാതെ ചെയ്യുന്നതൊന്നും ക്രിസ്തീയമല്ല.

3. ശീശ്മയിലേയ്ക്ക് വഴിതെളിക്കുന്ന അബദ്ധോപദേശങ്ങളെ മൂടി മാററി പുറത്തുകാണിക്കുക: ഫിലാഡെൽഫിയയിൽ ശാബതാചരണം തുടങ്ങിയ യഹൂദാചാരങ്ങളിൽ വിശ്വസിച്ചിരുന്ന അബദ്ധസിദ്ധാന്തക്കാരുമായി നേരിട്ടേററുമുട്ടാൻ അദ്ദേഹത്തിനിടയായി. സ്മിർണയിൽ ഡോസെററിക് പാഷണ്ഡികളെ നേരിടേണ്ടിവന്നു. ക്രിസ്തുവിൻെറ ശരീരം വെറും മായയാണെന്ന് അവർ വാദിച്ചു. മനുഷ്യാവതാരംപോലും അവിശ്വസിക്കാൻ ഈ ചിന്ത അവരെ പ്രേരിപ്പിച്ചു. 'ക്രിസ്തു ഒരു യഥാത്ഥ മനുഷ്യനേയല്ല; അവിടുന്നു മനുഷ്യനായി കാണപ്പെട്ടെന്നുമാത്രം. അഥവാ ഒരു ശരീരമുണ്ടെന്ന് മനുഷ്യർക്കു തോന്നിച്ചു'. ഇതാണ് ഡോസെററിസത്തിൻെറ ചുരുക്കം. ഡോസെററിസവുമായി ഏററുമുട്ടിയ ഇഗ്നേഷ്യസിൽ ചൈതന്യം ഉണർന്നു, ദൈവികതീക്ഷ്ണതയാലവൻ നിറഞ്ഞു; അദ്ദേഹത്തിനു 'ക്രിസ്തുവാണ് നമ്മുടെ ദൈവം!' ഇഗ്നേഷ്യൻ ചിന്താഗതിയുടെ കേന്ദ്രം ക്രിസ്തുവാണ്. അതദ്ദേഹത്തിൻെറ സഭാശാസ്ത്രത്തെ മുഴുവൻ സ്വാധീനിച്ചിരിക്കുന്നു. ക്രിസ്തുവിൻെറ മനുഷ്യാവതാരവും ദൈവത്വവും അദ്ദേഹം ഉറപ്പിച്ചു പ്രഖ്യാപിക്കുന്നു. 'ദൈവികസ്നേഹത്താൽ എരിയുന്നൊരാത്മാവ്' എന്നത്രേ വിശുദ്ധ ജോൺ ക്രിസോസ്തോം വി. ഇഗ്നേഷ്യസിൻെറ ഓർമദിവസത്തിൽ അന്ത്യോക്യയിൽവച്ചു പറഞ്ഞതു് (PG. 50. 588).

## ഇഗ്നേഷ്യസിൻെറ പ്രബോധനങ്ങൾ

1. പ്രപഞ്ചത്തിൽ ഒരു ദൈവിക പദ്ധതിയുണ്ട്. 2. ക്രിസ്തു ദൈവവും മനുഷ്യനുമാണ്. 3. ബലിവേദിയാണ് സഭ. 4. സഭയിൽ മെത്രാന്മാരും വൈദികരും ശുശ്രൂഷകരും ഉണ്ട് 5. ജനങ്ങളുടെ പ്രബോധകനും ആരാധനയുടെ മഹാപുരോഹിതനുമാണ് മെത്രാൻ. 6. റോമാസഭയ്ക്ക് പ്രത്യേക അധികാരമുണ്ട്. സഹനസമൃദ്ധവും കൃത്യബഹുലവുമായ തൻെറ ജീവിതം 'ദൈവവും, യേശുക്രിസ്തുവും' എന്നകേന്ദ്രത്തിൽ ഇഗ്നേ

www.malankaralibrary.com



ഷ്യസ് ഉറപ്പിച്ചു. തന്റെ ചിന്തയും ഭാവനയും ശക്തിയും പ്രവർത്തനങ്ങളും സർവസ്വവും ഇതിൽനിന്നരുത്തിരിഞ്ഞിരുന്നു: ദൈവത്തിനുവേണ്ടി; യേശുക്രിസ്തുവിനുവേണ്ടി.

പോളിക്കാർപ്പ് (+156), ഇരണെവൂസ് (+200), ഒരിജെൻ (+253) എവുസേബിയസ് (+339), ജറോം, (+420) എന്നിവർ ഇഗ്നേഷ്യസിനെപ്പററി ചുരുങ്ങിയ വിവരങ്ങൾ നല്കുന്നുണ്ട്. ഇഗ്നേഷ്യസ് എഴുതിയ ലേഖനങ്ങൾ അദ്ദേഹത്തിന്റെ വ്യക്തിത്വത്തിലേക്ക് വെളിച്ചം വീശുന്നവയാണ്.

ഏഴു ലേഖനങ്ങളാണ് ഇഗ്നേഷ്യസിന്റേതായി സംശയം കൂടാതെയുള്ളതു്. എന്നാൽ ചെറിയ പതിപ്പെന്നും വലിയ പതിപ്പെന്നും അറിയപ്പെടുന്ന രണ്ടു ലേഖനസമാഹാരങ്ങളും കൂടി അദ്ദേഹത്തിന്റെ പേരിൽ അറിയപ്പെടുന്നുണ്ട്. സുറിയാനിയിലുള്ള ചെറിയ പതിപ്പിൽ മൂന്നു ലേഖനങ്ങളേയുള്ളു. (പോളിക്കാർപ്പിന്, എഫേസോസുകാർക്ക്, റോമാക്കാർക്ക്. 2) വലിയ ലത്തീൻ പതിപ്പിലാകട്ടെ പതിമൂന്നു ലേഖനങ്ങളുണ്ട്; വലിപ്പത്തിലും അവ ശ്രദ്ധേയംതന്നെ. മദ്ധ്യകാലഘട്ടത്തിൽ ശക്തമായ തർക്കങ്ങളും വാദപ്രതിവാദങ്ങളും ഇതേച്ചൊല്ലി ഉണ്ടായി. സാൻ. ലൈററ്ഫുട്ട്; ഹാർനാക്, ഫുങ്ക് ആദിയായവരാണ് ഇക്കാര്യത്തിൽ പരിഗണനാർഹർ. അവസാനം കത്തോലിക്കരും പ്രൊട്ടസ്ററൻറുകാരുമായ പണ്ഡിതർ ഏഴു ലേഖനങ്ങളെ ഇഗ്നേഷ്യസിന്റേതായി സംശയമെന്യേ അംഗീകരിച്ചു. ഈ ലേഖനങ്ങളാണ് ഇവിടെ മലയാളത്തിലേക്കു വിവർത്തനം ചെയ്തിരിക്കുന്നതു്.

## എഫേസോസുകാർക്ക് എഴുതിയ ലേഖനം

റോമിലേക്കുള്ള യാത്രാമദ്ധ്യേ സ്മീർണയിൽ പോളിക്കാർപ്പിന്റെ ആതിഥ്യം സ്വീകരിച്ചുകൊണ്ടു് ഇഗ്നേഷ്യസ് കുറേനാൾ താമസിക്കുകയുണ്ടായി. ഈ അവസരത്തിൽ വിവിധ സഭകളിൽ നിന്നുള്ള പ്രതിനിധിസംഘങ്ങൾ സ്മീർണയിലെത്തി. അദ്ദേഹത്തെ കാണുകയും അനുഗ്രഹം പ്രാപിക്കുകയും ചെയ്തുകൊണ്ടിരുന്നു. എഫേസോസിൽനിന്നു് ഒനേസിമോസ് മെത്രാൻ ഉൾപ്പെടെ നാലുപേർ ഇഗ്നേഷ്യസിനെ ആശ്വസിപ്പിക്കാനും ധൈര്യപ്പെടുത്താനുമായി സ്മീർണയിലെത്തി. അവരിൽ ഒരാളായ ബുറൂസ് പിന്നീടു് ത്രോവാസ്‌വരെ ഇഗ്നേഷ്യസിനെ അനുധാവനം ചെയ്തു.

ശ്ലീഹന്മാരുടെ പ്രവർത്തനങ്ങൾ, പൗലോസിന്റെ ലേഖനങ്ങൾ എന്നിവയാൽ സുപ്രസിദ്ധമാണ് എഫേസോസ്. മെയാൻഡറിലെ മഗ്നേഷ്യാ, ത്രാള്ളിയാ, ഫിലാഡെൽഫിയാ എന്നീ പട്ടണങ്ങളിലേക്ക് എഫേസോസിൽനിന്നാണ്

www.malankaralibrary.com



പൗലോസ് ശ്ലീഹാ പോയത്. എഫേസോസുകാരുടെ മനോഗുണത്തിനു് നന്ദി പറയുന്നതോടൊപ്പം അവരുടെ സത്യവിശ്വാസത്തേയും ഐക്യത്തേയും അദ്ദേഹം പുകഴ്ത്തുന്നു. ശീശ്മയ്ക്കും പാഷണ്ഡതയ്ക്കും എതിരായി അദ്ദേഹം അവരെ ശക്തിയായി ഉത്ബോധിപ്പിക്കുന്നു.

## മഗ്നേഷ്യാക്കാർക്കെഴുതിയ ലേഖനം

മെയാൻഡറിലെ ഒരു പട്ടണമാണു് മഗ്നേഷ്യ. സ്മിർണയിലേക്കു് മഗ്നേഷ്യാക്കാരും ഇഗ്നേഷ്യസിൻെറ അടുക്കലേക്കു പ്രതിനിധിസംഘത്തെ അയച്ചിരുന്നു. അതിനു നേതൃത്വം കൊടുത്തതു് അവരുടെ യുവമെത്രാനായ ദമാസ് അയിരുന്നു. സഭൈക്യത്തിനും സഭാധികാരികളോടുള്ള അനുസരണത്തിനും കത്തിൽ മുൻതൂക്കം കൊടുക്കുന്നു. യഹൂദരുടെ അബദ്ധാചാരങ്ങൾ ഉപേക്ഷിക്കുവാൻ ഉദ്ബോധിപ്പിക്കുന്നു. സ്മിർണയിൽ വച്ചാണു് ഇതു് എഴുതപ്പെട്ടതു്.

## ത്രാളസ്യാക്കാർക്കെഴുതിയ ലേഖനം

ത്രാളിയാ മഗ്നേഷ്യായിൽനിന്നു് പതിനേഴു മൈൽ കിഴക്കു് സ്ഥിതിചെയ്തിരുന്നു. അവിടത്തെ സഭ പൊളീബിയൂസ് എന്ന മെത്രാൻെറ നേതൃത്വത്തിൽ ഒരുസംഘത്തെ സ്മിർണയിലേക്കയച്ചിട്ടുണ്ടായിരുന്നു. സഭാധികാരികളോടുള്ള വിധേയത്വമാണു് ഈ കത്തിലെ പ്രധാന പ്രതിപാദ്യവിഷയം. 'പാഷണ്ഡതയാകുന്ന പാഴ്ച്ചെടികളിൽനിന്നു് അകന്നിരിക്കാൻ ശക്തിയായി പ്രബോധിപ്പിക്കുന്നു' (6: 1). ജനിക്കയും ജീവിക്കയും മരിക്കയും ഉയിർക്കുകയും ചെയ്ത നസ്രായൻ യേശുവിൻെറ ദൈവത്വവും മനുഷ്യത്വവും (9: 1–2) തുടരെത്തുടരെ ഉറക്കെ പ്രഖ്യാപിക്കുന്നുണ്ടിവിടെ തെയോഫോറസായ ഇഗ്നേഷ്യസ്. സ്മിർണയിൽവച്ചാണു് ഇതു് എഴുതപ്പെട്ടതു്.

## റോമാക്കാർക്കെഴുതിയ ലേഖനം

സ്മിർണയിൽനിന്നുള്ള നാലാമത്തെ കത്താണിതു്. പാഷണ്ഡതയോ, സഭൈക്യമോ അല്ല ഇതിലെ പ്രതിപാദ്യവിഷയം. റോമാക്കാർക്കുള്ള വ്യക്തിപരമായൊരു കത്താണിതു്. താൻ അത്യാകാംക്ഷാപൂർവം നോക്കിപ്പാർത്തുകൊണ്ടിരിക്കുന്ന രക്തസാക്ഷിത്വത്തിൽ നിന്നു് ഒരു കാരണവശാലും സ്വാധീനം ഉള്ള റോമാക്കാർ തന്നെ പിന്തിരിപ്പിക്കരുതെന്നു് ദൈവനാമത്തിൽ നിർബന്ധിക്കയാണീ കത്തിൽ. രക്തസാക്ഷിത്വം വഴിയേ തനിക്കു് ഒരു യഥാർത്ഥ ശിഷ്യനായിത്തീരാനാവൂ എന്നു് ഇഗ്നേ

www.malankaralibrary.com



ഷ്യസ് ദൃഢമായി വിശ്വസിച്ചിരുന്നു. അതിൽനിന്നു തന്നെ പിന്തിരിപ്പിക്കുന്നതായിരിക്കും ഏററം വലിയ പീഡനം. റോമാസഭയുടെ സമുന്നത സ്ഥാനത്തെപ്പററി വളരെ വ്യക്തമായ ആശയം ഉള്ള ആളായിരുന്നു ഇഗ്നേഷ്യസ്. സ്മിർണ്ണയിലെത്തിയിരുന്ന എഫേസോസുകാർ റോമിലേക്കു ഈ കത്തു് കൊടുത്തുവിട്ടു.

## ഫിലാഡെൽഫിയാർക്കെഴുതിയ ലേഖനം

സ്മിർണയിൽനിന്നു് ഇഗ്നേഷ്യസ് ത്രോവാസിലേക്കു് യാത്ര തിരിച്ചു. കുറെനാൾ അവിടെ തങ്ങി. അവിടെ നിന്നാണു് ഫിലിപ്പി വഴി (?) നെയാപൊളീസ് പട്ടണത്തിലേക്കു് കടൽമാർഗം യാത്ര ചെയ്തതു്. ത്രോവാസിൽ വച്ചു് ഫിലാഡെൽഫിയാക്കാർക്കു് ഒരു കത്തെഴുതി. യൂദായിസ്ററിക് പാഷണ്ഡതയെ ഈ കത്തിൽ അദ്ദേഹം നിശിതമായി വിമർശിക്കുന്നു. ഫീലോ, റേവൂസ്, അഗത്തോപ്പുസ് എന്നിവർ ഫിലാഡെൽഫിയാ സഭയെപ്പററി ഇഗ്നേഷ്യസിനെ വിവരിച്ചു കേൾപ്പിച്ചു അതുകേട്ടു് മനംനൊന്താണു് ഈ കത്തു എഴുതിയതു്. ബൂറൂസ് വഴി ഈ കത്തു ഫിലാഡെൽഫിയക്കാർക്കു് കൊടുത്തയച്ചു.

## സ്മിർണക്കാർക്കെഴുതിയ ലേഖനം

ഡോസെററിസത്തെ നേരിൽ മനസ്സിലാക്കാൻ സ്മിർണയിൽവച്ചു് ഇഗ്നേഷ്യസിനു സാധിച്ചു. സഭയ്ക്കു് ഈ പാഷണ്ഡത ഒരു വലിയ കെണിയാണു് എന്നു ഗ്രഹിച്ചു അദ്ദേഹം വീണ്ടും വീണ്ടും ക്രിസ്തുവിന്റെ പീഡാനുഭവവും മരണവും ഉയിർപ്പും ഉറക്കെ പ്രഖ്യാപിക്കുകയാണു്. അന്ത്യോക്യയിലേക്കു് ഒരു പ്രതിനിധിസംഘത്തെ അയയ്ക്കാനും അദ്ദേഹം ആഹ്വാനം ചെയ്യുന്നു. ക്രിസ്തുവിന്റെ സഭയെ 'കത്തോലിക്കാസഭ' എന്നു് ആദ്യമായി വിളിച്ചതു് ഈ കത്തിലാണു് (8:2).

## പോളിക്കാർപ്പിനു് എഴുതിയ ലേഖനം

ത്രോവാസിൽനിന്നു് സ്മിർണക്കാർക്കു് എഴുതിയ കൂട്ടത്തിൽ അവരുടെ മെത്രാനായ പോളിക്കാർപ്പിനും ഇഗ്നേഷ്യസ് ഒരു കത്തെഴുതുകയുണ്ടായി.

ട്രാജൻ ചക്രവർത്തിയുടെ ഭരണകാലത്തു് (93_117) റോമിലെ ഫ്ളാവിയൻ ആംഫിതീയേററിൽവച്ചു് ഇഗ്നേഷ്യസ് ക്രൂരമൃഗങ്ങൾക്കു് എറിഞ്ഞുകൊടുക്കപ്പെട്ടു ക്രിസ്ത്യാനികൾ അദ്ദേഹത്തിന്റെ ഭൗതികാവശിഷ്ടങ്ങൾ അന്ത്യോക്യയിൽ

www.malankaralibrary.com



കൊണ്ടുവന്നു് സംസ്ക്കരിച്ചു. 637-ാമാണ്ടിൽ അതു് റോമിലെ വി.ക്ലെമെൻറിൻെറ ദേവാലയത്തിലേക്കു് മാററപ്പെട്ടു. ഇഗ്നേഷ്യസിൻെറയും പൗലോസിൻെറയും ശൈലിയിൽ അന്തരം ഉണ്ടു്. പൗലോസിൽ ഊഷ്മളമായ ഹൃദയവായ്പു് പാടേ ഇല്ല. ഇഗ്നേഷ്യസ് ആകട്ടെ, സഭകളെ സ്തുതിക്കാൻ വെമ്പുകയും പുകഴ്ചകളാൽ അവരെ മൂടുകയുമാണു്. ക്രിസ്ത്യാനിയാകുക വളരെയധികം സന്തോഷപ്രദമായ കാര്യമാണെന്നു് എല്ലാവരേയും ബോധ്യപ്പെടുത്താനുള്ള പരിശ്രമമാണു് ഇവിടുള്ളതു്. പൗലോസിൻെറ ലേഖനങ്ങൾ പലതും താത്വികപ്രതിപാദനങ്ങളാണു്. കത്തിൻെറ രീതിയിലാണെന്നു മാത്രം. ഇഗ്നേഷ്യസാകട്ടെ സ്വാഭാവികമായി ഒഴുകി വരുന്ന ശൈലിയിൽ കത്തികൾ റിച്ചു. പൗലൊസ് ഒരുങ്ങി തയ്യാറാക്കി എഴുതിച്ചു: ഇഗ്നേഷ്യസ് ധൃതിയിൽ ചങ്ങലകൾക്കിടയിൽ പട്ടാളക്കാരുടെ മദ്ധ്യത്തിൽ കുത്തിക്കുറിച്ചു. അതുകൊണ്ടാണു് ഇഗ്നേഷ്യസിൻെറ കത്തുകൾക്കെല്ലാം ഏതാണ്ടു് ഒരൈകരൂപ്യമുള്ളതു്. എന്നാൽ ഒരു കാര്യത്തിൽ രണ്ടുപേരും യോജിക്കും: ഇരുവരുടേയും ജീവിതത്തിൻെറകേന്ദ്രം, യേശുമിശിഹായും പിതാവായ ദൈവവുമാണു്.

J. A. KLEIST, St Ignatius of Antioch-Epistles: in 'Ancient Christian Writers', I. London 1961, p. 60ff.
G. G WALSH, The Letters of St. Ignatius of Antioch: in 'The Fathers of the Church,' A New Translation, I. Washington D. C. 1962 p. 87ff.
W. Cureton, The Ancient Syriac Version of the Epistles of S. Ignatius, London, 1945,

www.malankaralibrary.com

# I. എഫേസോസുകാർക്കെഴുതിയ ലേഖനം

തെയോഫൊറസ് എന്നും വിളിക്കപ്പെടുന്ന ഇഗ്നേഷ്യസ്: ഏഷ്യയിൽ എഫേസോസിലെ സഭയ്ക്ക്: നിങ്ങൾ അർഹിക്കുന്നതു പോലെ യേശുക്രിസ്തുവിൽ ഉള്ള പരിപൂർണ്ണസന്തോഷത്തിൻെറ ഹൃദയം നിറഞ്ഞ ആശംസകൾ! പിതാവായ ദൈവത്തിൻെറ പൂർണ്ണതയാൽ ആത്മീയകാര്യത്തിൽ നിങ്ങൾ വളർന്നിരിക്കുന്നു. നിരന്തരവും അക്ഷയവുമായ മഹത്വം എന്നേക്കുമായി അനുഭവിക്കാൻ നിങ്ങൾ നിത്യത്വം മുതൽ നിത്യത്വം വരെ തെരഞ്ഞെടുക്കപ്പെട്ടവരാണ്. പിതാവിൻെറയും നമ്മുടെ കർത്താവായ യേശുക്രിസ്തുവിൻെറയും തിരുവിഷ്ടപ്രകാരം നിങ്ങൾ സഹിച്ച യഥാർത്ഥ കഷ്ടതകൾവഴി നിങ്ങൾ ഐക്യപ്പെടുകയും തെരഞ്ഞെടുക്കപ്പെടുകയും ചെയ്തിരിക്കുന്നു.

I. 1. നിങ്ങളുടെ നിഷ്കളങ്കസ്വഭാവം മൂലവും നമ്മുടെ രക്ഷകനായ യേശുക്രിസ്തുവിലുള്ള വിശ്വാസവും സ്നേഹവും മൂലവും നിങ്ങളുടെ ഏററവും പ്രിയപ്പെട്ട നാമത്തിന് ഞാൻ ദൈവികമായി സ്വാഗതമാശംസിച്ചു. ദൈവത്തെ അനുകരിച്ചവരാണ് നിങ്ങൾ;[1] പരിപൂർണതയ്ക്കായി നിങ്ങൾ ചെയ്യുന്നതും സ്വാഭാവികമായി നിങ്ങൾ ചെയ്യുന്നതുമായ സംഗതികൾക്ക നിങ്ങളെ ഉത്തേജിപ്പിക്കുന്നതു ദൈവത്തിൻെറ രക്തമാണ്. 2. നമ്മുടെ പൊതുനാമത്തേയും പ്രത്യാശയെയും പ്രതി സിറിയായിൽനിന്ന് ഒരു തടവുകാരനായി ഞാൻ വരുന്നു എന്നു കേട്ടപ്പോൾ എന്നെ സന്ദർശിക്കുന്നതിന് നിങ്ങൾ വളരെ ഔത്സുക്യമുള്ളവരായിരുന്നു. നിങ്ങളുടെ പ്രാർത്ഥനകളാൽ റോമായിൽ വന്യമൃഗങ്ങളോടു യുദ്ധം ചെയ്യുവാനുള്ള നല്ല ഭാഗ്യം എനിക്കുണ്ടാകുമെന്നും പരാജിതനാകാതെ ഒരു യഥാർത്ഥ ശിഷ്യനാകുവാൻ[2] സാധിക്കുമെന്നും ഞാൻ പ്രതീക്ഷിക്കുന്നു. 3. അവാച്യസ്നേഹത്താൽ നിറഞ്ഞ നിങ്ങളുടെ ഈ ലോകത്തിലെ മെത്രാൻ ഒനേസിമോസിൽ കൂടെ നിങ്ങളുടെ വലിയ സമൂഹത്തെ ഞാൻ ദൈവനാമത്തിൽ സ്വീകരിച്ചു. യേശുവിൻെറ അരൂപിയിൽ അദ്ദേഹത്തെ നിങ്ങൾ

www.malankaralibrary.com



സ്നേഹിക്കണമെന്നും നിങ്ങളെല്ലാവരും അദ്ദേഹത്തെപ്പോലെയാകണമെന്നും ഞാൻ നിങ്ങളോട് അപേക്ഷിക്കുന്നു. നിങ്ങൾക്കിപ്രകാരം ഒരു മെത്രാനെ തരികയും നിങ്ങളെ ഇതിനർഹരാക്കുകയും ചെയ്തവൻ വാഴ്ത്തപ്പെട്ടവനാകുന്നു.

2. 1. വളരെ സമൃദ്ധമായി അനുഗ്രഹിക്കപ്പെട്ടിരിക്കുന്നവനും ദൈവേഷ്ടത്താൽ നിങ്ങളുടെ ദിവ്യ ശുശ്രൂഷകനും എന്റെ സഹപ്രവർത്തകനുമായ ബൂറുസ്സിനെ സംബന്ധിച്ച് ഒരു വാക്ക്: അദ്ദേഹം എന്നോടൊത്ത് താമസിക്കുവാൻ ഞാൻ വളരെ താല്പര്യപ്പെടുന്നു. ഇപ്രകാരം അവൻ നിങ്ങൾക്കും നിങ്ങളുടെ മെത്രാനും മഹത്ത്വം നൽകും. ദൈവത്തിനും നിങ്ങൾക്കും ചേർന്നവനായ ക്രോക്കസിനെയും നിങ്ങൾക്ക് എന്നോടുള്ള സ്നേഹത്തിന്റെ മാതൃകയായി ഞാൻ സ്വീകരിച്ചിരിക്കുന്നു. എല്ലാ വിധത്തിലും അവൻ എനിക്കു വലിയൊരാശ്വാസമായിരുന്നു. യേശുക്രിസ്തുവിന്റെ പിതാവ് തന്റെ ദാനംകൊണ്ട് അവനും ഒനേസിമോസിനും ബൂറുസ്സിനും എവുപ്ലൂസിനും, ഫ്രൊന്റോനും പ്രതിഫലം നൽകട്ടെ. അവരിൽ നിങ്ങളെല്ലാവരുടെയും സ്നേഹം ഞാൻ ദർശിച്ചു. 2. നിങ്ങളെക്കുറിച്ച് ഞാൻ എപ്പോഴും സന്തോഷിക്കട്ടെ; അതായത് ഞാൻ അർഹിക്കുന്നെങ്കിൽ! യേശുക്രിസ്തു നിങ്ങളെ മഹത്ത്വപ്പെടുത്തിയതിനാൽ എല്ലാ മഹത്ത്വവും അവിടുത്തേക്കു കൊടുക്കുക എന്നത് യുക്തമാണ്. ഇപ്രകാരം നിങ്ങളുടെ മെത്രാനോടും വൈദികരോടും ഉള്ള അവിഭക്തവിധേയത്വംവഴി നിങ്ങൾ പൂർണരാകുകയും എല്ലാ കാര്യത്തിലും വിശുദ്ധരായി തീരുകയും ചെയ്യും.

3. 1. എന്തെങ്കിലും പ്രാമാണ്യമുള്ളവനെപ്പോലെയല്ല ഞാൻ കല്പനകൾനല്കുന്നത്; കാരണം നാമത്താൽ പ്രതിജ്ഞാനൊരു തടവുകാരനാണെങ്കിലും, ഞാൻ യേശുക്രിസ്തുവിൽ ഇതുവരെ പരിപൂർണത പ്രാപിച്ചിട്ടില്ല. അവസാനം ഒരു ശിഷ്യനാകാൻ തുടങ്ങുന്നതേയുള്ളു. അതുകൊണ്ട് എന്റെ സഹപാഠികളെപ്പോലെ ഞാൻ നിങ്ങളെ അഭിസംബോധന ചെയ്യുന്നു. അതേ, നിങ്ങളുടെ വിശ്വാസം, ശിക്ഷണം, പ്രോത്സാഹനം, സഹനം, ക്ഷമ, എന്നിവകൊണ്ട് ഞാൻ പൂശപ്പെടേണ്ടിയിരിക്കുന്നു. 2. എന്നാൽ നിങ്ങളെപ്പററി നിശ്ശബ്ദനായിരിപ്പാൻ സ്നേഹം എന്നെ വിലക്കുന്നതിനാൽ ദൈവഹിതത്തിനു യോജിച്ച രീതിയിൽ നിങ്ങളുടെ പ്രവൃത്തികൾ ക്രമീകരിക്കുവാൻ എന്നു നിങ്ങളെ നിർബന്ധിക്കുവാൻ ഞാൻ ബദ്ധപ്പെടുന്നു. ലോകം മുഴുവൻ നിയമിക്കപ്പെട്ടിരിക്കുന്ന മെത്രാൻമാർ യേശുക്രിസ്തുവിന്റെ മനസ്സ് പ്രതിഫലിപ്പിക്കുന്നതുപോലെ നമ്മുടെ അഭേദ്യജീവനായ യേശുക്രിസ്തു നിശ്ചയമായും പിതാവിന്റെ മനസ്സാണ്. ജീവനിൽ നിന്നു മാററപ്പെടുവാൻ നമുക്കു സാധ്യമല്ല.

www.malankaralibrary.com



4. 1. നിങ്ങൾ ചെയ്യുന്നതുപോലെ, മെത്രാന്റെ മനസ്സിനോട് യോജിച്ചു പ്രവർത്തിക്കുന്നതു് യുക്തമാകുന്നു. കിന്നരത്തിന്റെ കമ്പികളെന്നവണ്ണം മെത്രാനോട് ഗാഢമായി ബന്ധിതമായിരിക്കുന്ന നിങ്ങളുടെ വൈദികസമൂഹം അതിന്റെ പേരിനർഹവും ദൈവത്തിനൊരു നേട്ടവുമാണ്. നിങ്ങളുടെ യോജിപ്പും ദൃഢമായ സ്നേഹവും യേശുക്രിസ്തുവിനൊരു ഗീതമാണ്. 2. യേശുക്രിസ്തുവഴി പിതാവിന് ഒരേ സ്വരത്തിലും ഒരേ ശബ്ദത്തിലും പരിപൂർണ്ണ ഐക്യത്തിലും സംഗീതമാലപിക്കുവാൻ ദൈവത്തിൽനിന്നു് അടിസ്ഥാനസ്വരം സ്വീകരിച്ചുകൊണ്ടു് നിങ്ങളൊരു ഗായകസംഘം രൂപീകരിക്കുവിൻ. ഇപ്രകാരം ദൈവം നിങ്ങളെ ശ്രദ്ധിക്കുകയും നിങ്ങളുടെ സൽപ്രവൃത്തികളാൽ നിങ്ങൾ അവിടുത്തെ പുത്രന്റെ അവയവങ്ങൾ ആണെന്നു് തിരിച്ചറിയുകയും ചെയ്യും. സദാ ദൈവത്തിന്റെ അവയവങ്ങൾ ആകുവാൻ നിങ്ങൾ യഥാർത്ഥത്തിൽ ആഗ്രഹിക്കുന്നുവെങ്കിൽ, കുറവുകൾക്കതീതമായ തരത്തിൽ ഐക്യത്തിൽ വ്യാപരിക്കുന്നതു് നിങ്ങൾക്കുചിതമാകുന്നു.

5 1. കുറഞ്ഞൊരുസമയംകൊണ്ടു് നിങ്ങളുടെ മെത്രാനുമായി, വെറും സ്വാഭാവിക രീതിയിലല്ല, പിന്നെയോ ആദ്ധ്യാത്മിക രീതിയിൽ വളരെ ആഴമായി അടുക്കുവാൻ എനിക്കു സാധിച്ചുവെങ്കിൽ, യേശുക്രിസ്തുവും പിതാവുമായും, സഭയും യേശുക്രിസ്തുവുമായും ഉള്ള ഐക്യംപോലെയുള്ള അടുപ്പം അവനുമായി നിങ്ങൾക്ക് ഉള്ളതുകൊണ്ടു് എത്രയധികമായി ഞാൻ നിങ്ങളെ അഭിനന്ദിക്കുകയില്ല! അങ്ങനെയാണ് ഐക്യത്തിന്റെ താളലയം പൂർണമാകുന്നതു്. ആരും സ്വയം വഞ്ചിക്കാതിരിക്കട്ടെ. ആരെങ്കിലും വിശുദ്ധ സ്ഥലത്തിനുള്ളിൽ അല്ലെങ്കിൽ ദൈവത്തിന്റെ അപ്പം (യോഹ.6:33) അവനു ലഭിക്കില്ല. ഒന്നോ രണ്ടോ ആളുകളുടെ പ്രാർത്ഥനയ്ക്കു് വലിയ ഫലമുണ്ടെങ്കിൽ (മത്താ. 18:18-20) മെത്രാന്റെയും സഭ മുഴുവന്റെയും കൂടിയുള്ള പ്രാർത്ഥനയ്ക്കു് എത്ര വലിയ ഫലമായിരിക്കും! 3. അതുകൊണ്ടു് മറ്റുള്ളവരോടുകൂടി ആരാധനയിൽ സംബന്ധിക്കാത്തവൻ തന്റെ അഹങ്കാരം വ്യക്തമാക്കുകയും സ്വയം അകറ്റുകയും ചെയ്യുന്നു. 4 'ദൈവം അഹങ്കാരികളെ എതിർക്കുന്നു' എന്ന് എഴുതപ്പെട്ടിരിക്കുന്നു. അതിനാൽ നാം ദൈവത്തിനു കീഴ്പ്പെടുവാൻ വേണ്ടി മെത്രാനെ എതിർക്കുന്നതിൽനിന്ന് ഹൃദയപൂർവ്വം ഒഴിഞ്ഞുമാറുക.

6. 1. മെത്രാൻ എത്രമാത്രം വിനീതനും നിശ്ശബ്ദനുമായി കാണപ്പെടുന്നുവോ അത്രമാത്രം അദ്ദേഹത്തെ ബഹുമാനിക്കണം. കാരണം, വീട്ടെജമാനൻ തന്റെ ഭവനകാര്യത്തിന് അയയ്ക്കുന്നവനെ വീട്ടെജമാനനെയെന്നപോലെ നാം സ്വീകരിക്കണം.

www.malankaralibrary.com



കർത്താവിനെ എന്നതുപോലെ മെത്രാനെ കരുതണമെന്ന് ഇതിൽ നിന്ന് വ്യക്തമാണല്ലോ. 2. നിങ്ങളെല്ലാവരും സത്യത്തിലും ഭിന്നിപ്പ് വളർത്താതെയും ജീവിക്കുന്നു എന്ന്, നിങ്ങളുടെ ദൈവികമായ പെരുമാററത്തെ സംബന്ധിച്ച് വളരെ നന്നായി ഒനേസിമോസ് സംസാരിക്കുകയുണ്ടായി, സത്യമായി സംസാരിക്കുന്ന യേശുക്രിസ്തുവിനെ അല്ലാതെ മററാരെയും നിങ്ങൾ ശ്രവിക്കാത്തതിനാൽ, നിങ്ങൾക്ക് മററാരിൽനിന്നും ഒന്നും പഠിക്കാനില്ല എന്നതാണ് വാസ്തവം.

7. 1. ദൈവത്തിന് ഉചിതമല്ലാത്ത രീതിയിൽ പ്രവർത്തിക്കുന്ന ചിലർ ദുഷിച്ചതും വഞ്ചനാത്മകവുമായ സ്വഭാവത്തോടുകൂടെ നാമത്തെ അധരങ്ങളിൽപേറി ചുററിനടക്കുന്നു. വന്യമൃഗങ്ങളിൽനിന്ന് എന്നപോലെ അവരിൽനിന്നൊഴിഞ്ഞു മാറുവിൻ. കാരണം തന്ത്രപൂർവ്വം കടിക്കുന്ന പേപ്പട്ടികളെപ്പോലെയാണവർ; അവയുടെ കടി ഭേദപ്പെടുത്തുവാൻ വിഷമമായതിനാൽ അവയെ നിങ്ങൾ സൂക്ഷിച്ചുകൊള്ളണം. 2. ശാരീരികനും ആത്മീയനും, ജനിച്ചവനും, സൃഷ്ടിയല്ലാത്തവനും, ദൈവം മനുഷ്യനായവനും മൃത്യുവിൻെറ മദ്ധ്യത്തിലുള്ള യഥാർത്ഥജീവനും, മറിയാമിൽനിന്നും[5] ദൈവത്തിൽനിന്നും ജനിച്ചവനും, ആദ്യം സഹനാധീനനും പിന്നെ സഹനാതീതനും ആയ നമ്മുടെ കർത്താവീശോമിശിഹാ എന്ന ഒരേ ഒരു വൈദ്യൻ മാത്രമേ നമുക്കുള്ളു.

8. 1. ആരും നിങ്ങളെ വഴിതെററിക്കാതിരിക്കട്ടെ! നിങ്ങൾ പൂർണ്ണമായും ദൈവത്തിൻേറതാകയാൽ നിങ്ങളാരും തന്നെ യഥാർത്ഥത്തിൽ വഴിതെററിക്കപ്പെട്ടവരല്ല. നിങ്ങളെ ക്ലേശിപ്പിക്കത്തക്കരീതിയിൽ യാതൊരഭിപ്രായഭിന്നതയും നിങ്ങൾ വച്ചു പുലർത്താത്തിടത്തോളംകാലം നിങ്ങൾ യഥാർത്ഥത്തിൽ ദൈവഹിതത്തിലാണ് ജീവിക്കുന്നതു്. ഞാൻ ഒരു നിസ്സാര ബലിയാണെങ്കിലും എഫേസോസിലെ സഭയ്ക്കുവേണ്ടി എന്നെത്തന്നെ സമർപ്പിക്കുന്നു. കാരണം എല്ലാ തലമുറകളിലും നിങ്ങളുടെ സഭ അനുസ്മരിക്കപ്പെടും. 2. വിശ്വാസത്തിന് അവിശ്വാസം പോലെയും അവിശ്വാസത്തിനു വിശ്വാസംപോലെയും പ്രവർത്തിക്കുവാൻ കഴിയാത്തതുപോലെ, ആത്മീയർക്കു ജഡികമായും ജഡികർക്ക് ആത്മീയമായും വ്യാപരിക്കുവാൻ സാദ്ധ്യമല്ല. (റോമ. 8:5-8)എന്നാൽ നിങ്ങൾ ശാരീരികമായി ചെയ്യുന്നതുപോലും ആത്മീയമാണ്. കാരണം, നിങ്ങൾ എല്ലാം യേശുക്രിസ്തുവിൽ ചെയ്യുന്നു.

9. 1. ഏതോ അബദ്ധപ്രബോധനവുമായി ചില അപരിചിതർ നിങ്ങളുടെ പക്കലേക്ക് വന്നുഎന്ന് ഞാൻ കേട്ടു. എന്നാൽ നിങ്ങളുടെയിടയിൽ അതു് വിതയ്ക്കപ്പെടുവാൻ നിങ്ങൾ അനുവദി

www.malankaralibrary.com



ച്ചില്ല. അവർ വിതറിയവ പ്രവേശിപ്പിക്കാതിരിക്കാൻ നിങ്ങൾ ശ്രദ്ധ തിരിച്ചുകളഞ്ഞു. ദൈവമായ കർത്താവിന്റെ ഭവനത്തിനു വേണ്ടി ഒരുക്കപ്പെട്ട ദൈവഭവനത്തിന്റെ കല്ലുകൾ കണക്കെ ഒരു ക്രെയിൻ എന്നവണ്ണം (അതായത് കുരിശ്) നിങ്ങൾ യേശു ക്രിസ്തുവിനാൽ ഉയർത്തപ്പെട്ടിരിക്കുന്നു. നിങ്ങൾ ഉപയോഗിക്കുന്ന കയറ് പരിശുദ്ധാത്മാവാണ്. നിങ്ങളുടെ വിശ്വാസമാണ് നിങ്ങളെ ഉയർത്തുന്നത്. സ്നേഹപാതയിലൂടെയാണ് നിങ്ങൾ ദൈവത്തിങ്കലേക്കു കരേറുന്നത്. 2. നിങ്ങളെല്ലാവരും സഹതീർത്ഥകരാണ്. നിങ്ങൾ ദൈവവാഹകരും ദേവാലയവാഹകരും, ക്രിസ്തുവാഹകരും, വിശുദ്ധിവാഹകരും അത്രേ. യേശുമിശിഹായുടെ കല്പനകളാൽ നിങ്ങൾ അലംകൃതരുമാണ്. ഈ കത്തുവഴി നിങ്ങളുടെ ഘോഷയാത്രയിൽ പങ്കെടുക്കാനും നിങ്ങളുടെ കൂട്ടത്തിൽ ആയിരിക്കാനും ജീവിതത്തിൽ വെറും മാനുഷിക കാര്യങ്ങളിലല്ല, ദൈവത്തിൽ ഹൃദയം വയ്ക്കുന്നതുനിമിത്തം ലഭ്യമാകുന്ന സന്തോഷത്തിൽ പങ്കെടുക്കാനും എനിക്കു സാധിക്കുന്നു.

10, 1. മററുള്ളവർക്കുവേണ്ടി കൂടെ നിരന്തരം പ്രാർത്ഥിച്ചു കൊണ്ടിരിക്കുവിൻ (1 തെസ 5: 17) കാരണം അവർ മാനസാന്തരപ്പെടുകയും ദൈവത്തിലെത്തുകയും ചെയ്യുവാൻ വളരെ സാധ്യതയുണ്ട്. അവർ നിങ്ങളുടെ പ്രവൃത്തികളാലെങ്കിലും നിങ്ങളിൽനിന്നു് പഠിക്കുവാൻ അവക്ക് അവസരംകൊടുക്കുവിൻ. 2. അവരുടെ അനിയന്ത്രിതമായ കോപത്തിനു ശാന്തതയും അവരുടെ സ്വയംപ്രശംസയ്ക്ക് എളിമയും, അവരുടെ ശകാരത്തിന് പ്രാർത്ഥനയും മടക്കിക്കൊടുക്കുക. അവർ കുററം ചെയ്യുമ്പോൾ നിങ്ങൾ വിശ്വാസത്തിൽ ഉറച്ചുനില്ക്കുക. അവരുടെ കാർക്കശ്യത്തെ ശാന്തതകൊണ്ട് എതിരിടുക. അല്ലാതെ മററുരീതികളിൽ ചിന്തിക്കരുത്. 3. നമ്മുടെ ക്ഷമയാൽ നാം അവരുടെ സഹോദരങ്ങളാണെന്നു കാണിക്കണം. നമ്മിലാർക്കാണ് കൂടുതൽ അപഹരണം സഹിക്കാനും നിന്ദനമേല്ക്കാനും ശകാരം കേൾക്കാനും സാധിക്കുന്നതെന്നു കണ്ട് നമ്മുടെ കർത്താവിനെ അനുകരിക്കുന്നതിൽ ശ്രദ്ധിക്കാം. അങ്ങനെ സാത്താന്റെ ഒരു കളയും നിങ്ങളുടെയിടയിൽ കാണപ്പെടുകയില്ല. പിന്നെയോ യേശുമിശിഹായിൽ ആത്മാവിലും ശരീരത്തിലും പൂർണമായി ശുദ്ധരും ആധ്യാത്മികനിയന്ത്രണമുള്ളവരുമായി നിങ്ങൾ നിലനില്ക്കും.

11. 1. അന്ത്യനാളുകളടുത്തിരിക്കുന്നു. അതു നമ്മുടെ വിധിക്കായി പരിണമിക്കാതിരിപ്പാൻ നമുക്ക് നമ്മെത്തന്നെ താഴ്ത്തി ദൈവത്തിന്റെ ക്ഷമയുടെ മുമ്പാകെ ഭയഭക്തിപുരസ്സരം നില്ക്കാം. ഒന്നുകിൽ വന്നു ഭവിക്കാൻ പോകുന്ന ദൈവകോപത്തെ ഭയപ്പെടുക (മത്താ. 3:7). അല്ലെങ്കിൽ നമുക്കു ലഭിച്ചിരിക്കുന്ന കൃപാവരത്തെ വിലമതിക്കുക. രണ്ടിലൊന്നാവശ്യം.

www.malankaralibrary.com



യേശുമിശിഹായിലുള്ള യഥാർത്ഥ ജീവിതം മാത്രമായിരിക്കട്ടെ നമ്മുടെ നേട്ടം. എൻെറ ആത്മീയ രത്നങ്ങളായി ആരേപ്രതി ഈ ചങ്ങലകൾ ഞാൻ വഹിക്കുന്നുവോ, അവനിലല്ലാതെ മറ്റൊന്നിലും നിങ്ങൾ ദൃഷ്ടി പതിപ്പിക്കരുത്. നിങ്ങളുടെ പ്രാർത്ഥനകളിൽ ആ രത്നങ്ങൾവഴി മരിച്ചവരിൽനിന്ന് ഉയിർക്കുവാൻ ഞാനും ആഗ്രഹിക്കുന്നു. എഫേസോസിലെ സഭ യേശുമിശിഹായുടെ ശക്തിയാൽ ശ്ളീഹന്മാരോട് എപ്പോഴും ഏകമനസ്സോടെ വ്യാപരിക്കുന്നു.

12. 1. ഞാനാരാണെന്നും ഞാനാർക്കാണ് എഴുതുന്നതെന്നും മനസ്സിലാക്കുന്നു. ഞാൻ വിധിക്കപ്പെട്ട ഒരു വ്യക്തി, നിങ്ങളോ സ്വതന്ത്രർ. 2. ഞാൻ ആപത്തിൽ ഇരിക്കുന്നു; നിങ്ങളോ സുരക്ഷിതർ. ദൈവത്തിൻെറ രക്തസാക്ഷികൾക്കുവേണ്ടിയുള്ള പാതയാണ് നിങ്ങൾ. പ്രശംസക്കർഹനും യഥാർത്ഥ വിശുദ്ധനും രക്തസാക്ഷിയുമായ പൗലോസിനോടുകൂടെ നിങ്ങൾ ക്രിസ്തീയ രഹസ്യങ്ങളിലേക്ക് ആനീതരായിരിക്കുന്നു. ഞാൻ ദൈവത്തെ സമീപിക്കുമ്പോൾ അവിടുത്തെ കാലടികളിൽ ഞാൻ കാണപ്പെടട്ടെ, പൗലോസിൻെറ കത്തുകളിലെല്ലാം യേശുമിശിഹായിൽ നിങ്ങളെക്കുറിച്ചുള്ള പരാമർശമുണ്ട്.

13. 1. ദൈവത്തെ സ്തുതിക്കുന്നതിനും, സ്തോത്രാർപ്പണം നടത്തുന്നതിനും, നിങ്ങൾ കൂടെക്കൂടെ ഒന്നിച്ചുചേരാൻ പരിശ്രമിക്കുവിൻ, നിങ്ങൾ ഒരേസ്ഥലത്തു കൂടെക്കൂടെ ഒന്നിച്ചുകൂടുമ്പോൾ സാത്താൻെറ ശക്തികൾ കീഴടക്കപ്പെടുകയും നിങ്ങളുടെ വിശ്വാസയോജിപ്പുവഴി വിനാശകത്വം തകർക്കപ്പെടുകയും ചെയ്യും. 2. ആകാശത്തിലും ഭൂമിയിലുമുള്ള എല്ലാ കലഹങ്ങളും ഇല്ലാതാക്കുന്ന സമാധാനത്തേക്കാൾ മെച്ചമായി ഒന്നുമില്ല.

14. 1. യേശുമിശിഹായിൽ പൂർണ വിശ്വാസവും അവിടുത്തോടുള്ള സ്നേഹവും നിങ്ങൾക്കുണ്ടെങ്കിൽ ഈ പറഞ്ഞവയൊന്നും നിങ്ങൾ അവഗണിക്കരുത്. ജീവൻെറ ആരംഭവും അന്ത്യവും അതാണ് (തിമോ 1: 5) അവ രണ്ടും യോജിച്ചിട്ടുണ്ടെങ്കിൽ ദൈവമുണ്ട്. യഥാർത്ഥ നന്മയോടുകൂടെ ചെയ്യപ്പെടേണ്ടവയെല്ലാം അവ ആശ്രയിച്ചുള്ളതാണ്. 2. വിശ്വാസം പ്രഖ്യാപിക്കുന്നവരാരും പാപത്തിൽ വീഴുന്നില്ല, സ്നേഹമുള്ളവൻ ദ്വേഷിക്കുന്നില്ല. വൃക്ഷം ഫലത്താൽ അറിയപ്പെടുന്നു. (മത്താ 12:33) അതുപോലെ മിശിഹായുടേതെന്ന് അറിയപ്പെടുന്നവരെ അവരുടെ പ്രവൃത്തികളാൽ തിരിച്ചറിയാം. നൈമിഷികമായ വിശ്വാസപ്രഖ്യാപനമല്ല കാര്യമായിട്ടുള്ളത്; പിന്നെയോ, സ്ഥിരമായി, വിശ്വാസത്താൽ പ്രചോദിതമായ പ്രവർത്തനമാണാവശ്യം.

www.malankaralibrary.com



15. 1. വായാടിത്തവും യാഥാർത്ഥ്യരാഹിത്യവും എന്നതിനേക്കാൾ മൗനവും യാഥാത്ഥ്യവുമാണ് അഭികാമ്യം. പ്രബോധകൻ താൻ പ്രസംഗിക്കുന്നത് പ്രയോഗത്തിൽ വരുത്തുന്നെങ്കിൽ പഠിപ്പിക്കൽ നല്ലൊരു കാര്യമാണ്. അപ്രകാരമൊരു ഗുരു ഉണ്ടായിരുന്നു. അവിടുന്നു കല്പിച്ചു. അപ്രകാരം സംഭവിച്ചു.[6] അവിടുന്ന് രഹസ്യത്തിൽ ചെയ്തവ പിതാവിനു യോജിച്ചവയാണ്. 2. യേശുമിശിഹാ പറഞ്ഞവ യഥാർത്ഥമായി സ്വന്തമാക്കിയവർക്ക് അവിടുത്തെ മൗനത്തെ വിലമതിക്കാൻ സാധിക്കും. അവൻ പൂർണ്ണനുമായിരിക്കും. അവൻെറ വാക്കുകൾ പ്രവർത്തികളെ അർത്ഥമാക്കും. അവൻെറ നിശ്ശബ്ദത തന്നെ അവൻെറ സ്വഭാവം വ്യക്തമാക്കും. 3. കർത്താവിൽനിന്ന് ഒന്നും മറഞ്ഞിരിക്കുന്നില്ല. രഹസ്യങ്ങൾപോലും അവിടുത്തേക്ക് വെളിവായിരിക്കുന്നു. അവിടുന്നു നമ്മിൽ വസിക്കുന്നു എന്ന വിധത്തിൽ നമുക്കു വ്യാപരിക്കാം. ഇപ്രകാരം നാം അവിടുത്തെ ആലയങ്ങളാകും. അവിടുന്നു യഥാർത്ഥമായി ആയിരിക്കുന്നതുപോലെ, നമ്മുടെ ഉള്ളിലും വസിക്കും.[7] ഇതാണ് സത്യം. അവിടുത്തെ നാം ശരിയായി സ്നേഹിക്കുന്നതനുസരിച്ച് ഇതു നമുക്കു വ്യക്തമാകും. അതുകൊണ്ട് അവിടുന്ന് അർഹിക്കുന്നതുപോലെ നമുക്ക് അവിടുത്തെ സ്നേഹിക്കാം.

16. 1. എൻെറ സഹോദരങ്ങളേ, നിങ്ങൾക്കു വഴിതെറ്റേണ്ട. കുടുംബങ്ങളെ ദുഷിപ്പിക്കുന്നവർ ദൈവരാജ്യം അവകാശപ്പെടുത്തുകയില്ല. 2. ജഡത്തെ തൃപ്തിപ്പെടുത്താൻ ഇപ്രകാരം ചെയ്യുന്നവർ മരണവിധേയരാണെങ്കിൽ യേശുമിശിഹാ എന്തിനുവേണ്ടി കുരിശിൽ തറയ്ക്കപ്പെട്ടുവോ ആ വിശ്വാസത്തെ ദുഷിച്ച പ്രബോധനം വഴി മലിനമാക്കുന്നവർ എത്രയധികമായി ശിക്ഷാവിധിയേല്ക്കുകയില്ല! അത്തരം നികൃഷ്ടജീവികൾ അവരെ ശ്രദ്ധിക്കുന്നവരോടൊപ്പം കെടാത്ത തീയിൽ നിപതിക്കും.

17. 1. സഭയ്ക്ക് അമർത്യതയുടെ പരിമളം പകർന്നുകൊടുക്കുവാൻ വേണ്ടിയാണ് കർത്താവു തൻെറ ശിരസ്സിൽ സുഗന്ധതൈലം ഒഴിക്കപ്പെടുവാൻ അനുവദിച്ചതു്. ഈ ലോകത്തിൻെറ പ്രഭു (1 കൊറി. 2:6-8) നിങ്ങളെ തടവുകാരായി പിടിക്കയും നിങ്ങൾക്കായി ഒരുക്കപ്പെട്ടിരിക്കുന്ന ജീവൻ നിങ്ങളിൽ നിന്നപഹരിക്കയും ചെയ്യാതിരിക്കുവാൻ അവൻെറ പ്രബോധനത്തിൻെറ ദുർഗന്ധത്താൽ നിങ്ങൾ പൂശപ്പെടാതിരിക്കട്ടെ. 2. യേശുമിശിഹായാകുന്ന ദൈവത്തിൻെറ ജ്ഞാനം സ്വീകരിച്ചു എങ്കിലും എന്തുകൊണ്ടാണു നാമെല്ലാവരും പ്രജ്ഞയുള്ളവരായി കാണപ്പെടാത്തതു്? കർത്താവു യഥാർത്ഥമായി അയച്ച ദാനം തിരസ്കരിച്ചിട്ട് നാമെന്തുകൊണ്ടാണ് വിഡ്ഢികളായി നശിക്കുന്നതു്.

www.malankaralibrary.com



18. 1. അവിശ്വാസികൾക്ക തടങ്കൽപാറയും നമുക്ക രക്ഷയും നിത്യജീവനുമായ കുരിശിനുവേണ്ടി ഞാൻ എന്റെ ജീവശ്വാസം വയ്ക്കുന്നു. കുരിശുമായി താരതമ്യപ്പെടുത്തുമ്പോൾ എന്റെ ജീവൻ വലിയ മൂല്യമുള്ളതുകൊണ്ടല്ല! 'ജ്ഞാനി എവിടെയാകുന്നു? താർക്കികൻ എവിടെയാകുന്നു' ?9 ബുദ്ധിയുള്ളവരെന്നു കരുതപ്പെട്ടിരുന്നവരുടെ പ്രശംസയെവിടെയാകുന്നു? 2. ദൈവിക പദ്ധതിയിൽ നമ്മുടെ ദൈവമായ യേശുമിശിഹാ മറിയാമിൽ ഗർഭസ്ഥനാകുകയും പരിശുദ്ധാത്മാവിൽനിന്നും ദാവീദിന്റെ വംശത്തിൽനിന്നും (യോഹ. 7:42; റോമ. 1:3) പ്രത്യക്ഷപ്പെടുകയും ചെയ്തു. അവൻ ജനിക്കുകയും തന്റെ പീഡാനുഭവത്താൽ വെള്ളത്തെ ശുദ്ധീകരിക്കുവാൻ മാമോദീസ മുങ്ങുകയും ചെയ്തു.

19. 1. മറിയത്തിന്റെ കന്യാത്വവും പ്രസവവും കർത്താവിന്റെ മരണവും ഈ ലോകത്തിന്റെ അധിപതിയുടെ ശ്രദ്ധയിൽപ്പെടാതെ പോയി. ഇവ മൂന്നും ഉച്ചൈസ്തരം പ്രഘോഷിക്കപ്പെടേണ്ടവയെങ്കിലും ദൈവികനിശ്ശബ്ദതയിൽ അത്രേ സംഭവിച്ചതു്. 2. പിന്നെങ്ങനെയാണവ യുഗങ്ങൾക്ക് വെളിപ്പെട്ടതു്? ആകാശത്തിൽ ഉദിച്ച ഒരു നക്ഷത്രം മററുള്ളവയെക്കാൾ ശോഭയേറിയതായി. അതിന്റെ പുതുമ എല്ലാവരെയും അത്ഭുതപ്പെടുത്തി. സൂര്യചന്ദ്രന്മാരോടു് ചേർന്നു് മററു നക്ഷത്രങ്ങളെല്ലാം അതിനു ചുററും ഒരു വലയം ഉണ്ടാക്കി; എന്നാലതു് അവയേയെല്ലാം തേജസ്സിൽ വെന്നു. ഈ അതുല്യപുതുമ ഉദയം ചെയ്തപ്പോൾ അതിന്റെ കാരണം ആരാഞ്ഞു് എങ്ങും പരിഭ്രാന്തിയുണ്ടായി 3. തൽഫലമായി എല്ലാ മന്ത്രവാദത്തിന്റെയും ശക്തി നശിച്ചു. എല്ലാ ആഭിചാരങ്ങളും അവസാനിച്ചു. അജ്ഞത നീങ്ങി, തിന്മയുടെ പഴയ സാമ്രാജ്യം പാടെ തകർക്കപ്പെട്ടു. കാരണം നിത്യജീവന്റെ പുതുമ പരത്തുവാൻ ദൈവം സ്വയം മനുഷ്യനു് വെളിപ്പെടുകയായിരുന്നു (റോമ: 6:4). ദൈവത്തിൽ ഒരുക്കപ്പെട്ടിരുന്നതിനു്, ഇപ്പോൾ ആരംഭമുണ്ടായി. മരണത്തിനു നാശം സംഭവിച്ചതോടു കൂടെ എങ്ങും സംഭ്രാന്തി ഉളവായി.

20. 1. യേശുമിശിഹാ അനുവദിക്കുമെങ്കിൽ നിങ്ങളുടെ പ്രാർത്ഥനകൾക്ക് മറുപടിയായി—അതാണവന്റെ ആഗ്രഹം-ഞാനെഴുതാനുദ്ദേശിക്കുന്ന രണ്ടാമത്തെ കത്തിൽ ദൈവിക പദ്ധതിയെപ്പററി കൂടുതൽ വിവരിച്ചുതരാം. പുതിയ മനുഷ്യനായ യേശുമിശിഹായെ സംബന്ധിച്ചുള്ള ദൈവിക പദ്ധതിയും ആ പദ്ധതി, എപ്രകാരം അവനിൽ വിശ്വസിക്കുകയും, അവനെ സ്നേഹിക്കയും ചെയ്യണമെന്നുൾക്കൊള്ളുന്നെന്നും അതു് എപ്രകാരം അവിടത്തെ പീഡാനുഭവവും ഉയിർപ്പും അന്തർഭവിക്കുന്നുവെന്നും ഞാൻ സ്പർശിക്കുക മാത്രമേ ചെയ്യുള്ളൂ. 2. മനുഷ്യപുത്രനും, ദൈവ

www.malankaralibrary.com



പുത്രനും, ജഡപ്രകാരം ദാവീദിൽനിന്നുൽഭവിച്ചവനുമായ ക്രിസ്തുവിലുള്ള ഏകവിശ്വാസത്തോടും ഐക്യത്തോടും ക്രിസ്ത്യാനി എന്ന നാമത്താൽ കൃപയുടെ സ്വാധീനത്തിൽ നിങ്ങളെല്ലാവരും ഒന്നിച്ചു കൂടുന്നുവെന്ന് കർത്താവ് എന്നെ കാണിച്ചാൽ ഞാനിതു് വിശേഷവിധിയായി ചെയ്യും; ഇത്തരം യോഗങ്ങളിൽ നിങ്ങൾ മെത്രാനേയും വൈദിക സമൂഹത്തേയും ശ്രദ്ധാപൂർവ്വം ആദരിക്കണം. മരണത്തെ മാററുന്ന മറുമരുന്നും അമർത്യതയുടെ ഔഷധവും യേശു മിശിഹായിൽ നിത്യജീവൻ പ്രദാനം ചെയ്യുന്നതുമായ ഒരേ അപ്പം മുറിക്കുവിൻ.10

21. 1. നിങ്ങൾക്കുവേണ്ടിയും ദൈവമഹത്വത്തിനായി സ്മിർണയിലേക്ക് നിങ്ങളയച്ചവർക്കുവേണ്ടിയും ഞാനെൻെറ ജീവൻ വയ്ക്കുന്നു. കർത്താവിൽ നന്ദി പറഞ്ഞുകൊണ്ടും പോളിക്കാർപ്പിനെയും നിങ്ങളെയും എൻെറ സ്നേഹത്തിൽ ചുംബിച്ചുകൊണ്ടും അവിടെനിന്ന് ഞാൻ നിങ്ങൾക്കെഴുതുന്നു. യേശുമിശിഹായെ എന്നപോലെ എന്നെ ഓർക്കുവിൻ. 2. സിറിയായിലെ സഭയ്ക്കുവേണ്ടി പ്രാർത്ഥിക്കുവിൻ. അവിടെ നിന്ന് റോമിലേക്ക് തടവുകാരനായി ഞാനയയ്ക്കപ്പെട്ടിരിക്കുന്നു. അവിടെയുള്ള വിശ്വാസികളിൽ ഏററവും ചെറിയവനാണ് ഞാൻ. എങ്കിലും ദൈവമഹത്വത്തിന് ശുശ്രൂഷ ചെയ്യുവാനുള്ള സൗഭാഗ്യം എനിക്കു ലഭിച്ചു. പിതാവായ ദൈവത്തിലും നമ്മുടെ പൊതുപ്രത്യാശയായ യേശുമിശിഹായിലും (1 തിമോ. 1:1) നിങ്ങൾക്ക് മംഗളം ഭവിക്കട്ടെ.

www.malankaralibrary.com

# II. മഗ്നേഷ്യാക്കാർക്ക് എഴുതിയ ലേഖനം.

തെയോഫൊറസ് എന്നും വിളിക്കപ്പെടുന്ന ഇഗ്നേഷ്യസ് മേയാണ്ടറിനടുത്തുള്ള മഗ്നേഷ്യയിലെ സഭയ്ക്കു: നമ്മുടെ രക്ഷകനായ യേശുമിശിഹാവഴി പിതാവായ ദൈവത്തിൻെറ കൃപയാൽ അനുഗ്രഹീതമായ സഭയ്ക്കു പിതാവായ ദൈവത്തിലും യേശുമിശിഹായിലും അഭിവാദനങ്ങൾ; നിങ്ങൾക്ക് എല്ലാ സന്തോഷവും ഞാൻ ആശംസിക്കുന്നു!

1. 1. നിങ്ങളുടെ സുശിക്ഷിതവും ദൈവികവുമായ സ്നേഹത്തെപ്പററി കേട്ടതു് എന്നെ വളരെയധികം സന്തോഷിപ്പിച്ചു. അതുകൊണ്ടു് യേശുമിശിഹായിലുള്ള വിശ്വാസത്താൽ പ്രേരിതനായി നിങ്ങൾക്കെഴുതുവാൻ ഞാൻ തീരുമാനിച്ചു. 2. ദൈവികശോഭയിൽ ജ്വലിക്കുന്ന ഒരു നാമം പേറുവാൻ എനിക്കു ഭാഗ്യമുണ്ടായി. അതുകൊണ്ടു് ഞാൻ വഹിക്കുന്ന ചങ്ങലകളിൽ ഞാൻ സഭകളുടെ സ്തുതിപ്പുകൾ പാടുകയും അവരുടെ മദ്ധ്യത്തിലുള്ള ഐക്യത്തിനായി പ്രാർത്ഥിക്കുകയും ചെയ്യുന്നു. നമ്മുടെ നിലനില്ക്കുന്ന ജീവനായ യേശുമിശിഹായുടെ ശരീരത്തെയും രക്തത്തെയും ആധാരമാക്കിയുള്ള ഐക്യം; ഏററം വലിയ അനുഗ്രഹമായ വിശ്വാസത്തെയും സ്നേഹത്തെയും ആധാരമാക്കിയുള്ള ഐക്യം; വളരെ പ്രത്യേകമായി യേശുവിനോടും പിതാവിനോടുമുള്ള ഐക്യം; ഈ ഐക്യത്തിൽ നിലനിന്നുകൊണ്ടു് ഈ ലോകത്തിലെ അധികാരികളുടെ അനീതികളെ ക്ഷമാപൂർവ്വം സഹിക്കുകയും അവരാൽ സ്വാധീനിക്കപ്പെടാതെ, രക്ഷ പ്രാപിക്കുകയും ചെയ്താൽ നാം സന്തോഷപൂർവ്വം ദൈവത്തിലെത്തിച്ചേരും.

2. ദൈവമനുഷ്യനായ നിങ്ങളുടെ മെത്രാൻ ദാമാസിലും ശ്രേഷ്ഠരായ നിങ്ങളുടെ പട്ടക്കാർ ബാസ്സൂസ്, അപ്പൊള്ളോണിയൂസ്, എൻെറ സഹതടവുകാരൻ ഡീക്കൻ സോസിയോൻ, എന്നിവരിലും നിങ്ങളെ കാണുവാനുള്ള ഭാഗ്യം എനിക്കുണ്ടായി. ദൈവകൃപയ്ക്കെന്നവണ്ണം മെത്രാനും, യേശുമിശിഹായുടെ നിയമത്തിനെന്നവണ്ണം വൈദികസമൂഹത്തിനും സോസിയോൻ

www.malankaralibrary.com



കീഴ്പ്പെട്ടിരിക്കുന്നതിനാൽ തുടർന്ന് അവനിൽ സന്തോഷിക്കുവാൻ എനിക്ക് ഇടവരട്ടെ.

3. 1. നിങ്ങളുടെ മെത്രാന്റെ പ്രായക്കുറവിനെ മുതലെടുക്കുവാൻ ശ്രമിക്കുന്നത് നിങ്ങൾക്കു ചേർന്നതല്ല. പ്രത്യുത, പിതാവായ ദൈവത്തിന്റെ അധികാരത്തെ നിങ്ങൾ ബഹുമാനിക്കുന്നതുകൊണ്ട് അദ്ദേഹത്തെ നിങ്ങൾ ബഹുമാനിക്കണം. നിങ്ങളുടെ വിശുദ്ധ വൈദികർ അനീതിപരമായി അദ്ദേഹത്തിന്റെ ബാഹ്യമായ യൗവനത്തെ സൗകര്യംപോലെ പററിച്ചിട്ടില്ലെന്നെനിക്കറിയാം. അവരുടെ ദൈവികജ്ഞാനത്താൽ അദ്ദേഹത്തിനു കീഴ്പ്പെട്ടു, അതായത്, അദ്ദേഹത്തിനെന്നതിനേക്കാൾ എല്ലാവരുടെയും മെത്രാനായ യേശുമിശിഹായുടെ പിതാവിനു കീഴ്പ്പെട്ടു. 2. അതുകൊണ്ടു നമ്മെസ്നേഹിച്ചവനോടുള്ള ബഹുമാനത്താൽ യാതൊരു കപടനാട്യവും കൂടാതെ നാം അനുസരിക്കണം. കാരണം, കാണപ്പെടുന്ന ഒരു മെത്രാനെ ചതിക്കുന്നതല്ല യഥാർത്ഥപ്രശ്നം, പിന്നെയോ, അദൃശ്യനായ ഒരുവനെയാണവൻ വഞ്ചിക്കുന്നത്. ആ സന്ദർഭത്തിൽ മനുഷ്യരോടുകൂടിയല്ല, ഹൃദയങ്ങൾ അറിയുന്ന ദൈവത്തോടുകൂടെ പരിഗണിക്കപ്പെടണം.

4. നാം ക്രിസ്ത്യാനികളെന്നു വിളിക്കപ്പെടുക മാത്രമല്ല യഥാർത്ഥത്തിൽ ക്രിസ്ത്യാനികളാകണം.1 അതുപോലെ ഒരുവനെ മെത്രാനെന്നു വിളിക്കുകയും എല്ലാ കാര്യങ്ങളിലും അദ്ദേഹത്തെ അവമാനിക്കുകയും ചെയ്യുന്നവരുണ്ട്. അത്തരക്കാർക്ക് നല്ല മനസ്സാക്ഷിയേ ഇല്ലഎന്നെനിക്കു തോന്നുന്നു. കാരണം, അദ്ദേഹം നിർദ്ദേശിക്കുന്നതുപോലെ അവർക്രമമായി ഒന്നിച്ചുകൂടുന്നില്ല.

5. 1. അതേ, എല്ലാററിനും ഒരന്ത്യമുണ്ട്. മരണവും ജീവനും നമ്മുടെ മുൻപിൽ വയ്ക്കപ്പെട്ടിരിക്കുന്നു. ഓരോരുത്തനും അവനവന്റെസ്ഥലത്തേക്കു പോകേണ്ടിയിരിക്കുന്നു. 2. അതുപോലെ ദൈവത്തിന്റേതെന്നും ലോകത്തിന്റേതെന്നും രണ്ടുതരം നാണയനിർമാണമുണ്ടെന്നും പറയാം. ഓരോന്നിനും അതാതിന്റെ മുദ്രയുണ്ട്. അവിശ്വാസികൾക്ക് ഈ ലോകത്തിന്റേയും, സ്നേഹത്താൽ പ്രേരിതരായ വിശ്വാസികൾക്ക് യേശുമിശിഹാവഴി പിതാവായ ദൈവത്തിന്റേയും. അവിടുത്തെ പീഡാനുഭവത്തോട് ഐക്യപ്പെട്ടു സ്വയമേ മരിക്കുന്നില്ലെങ്കിൽ അവിടുത്തെ ജീവൻ നമ്മിൽ കാണുകയില്ല.

6. 1. ഞാൻ സൂചിപ്പിച്ച ആളുകളിൽ നിങ്ങളുടെ സമൂഹം മുഴുവനെയും കാണുകയും സ്നേഹിക്കുകയും ചെയ്തുവെന്ന് ഞാൻ വിശ്വസിക്കുന്നു. അതുകൊണ്ട് എല്ലാ കാര്യങ്ങളും ദൈവികയോജിപ്പിൽ ചെയ്യുന്നതിനു ശ്രദ്ധിപ്പാൻ ഞാൻ നിങ്ങളെ പ്രേരിപ്പിക്കുന്നു മെത്രാന്മാർ ദൈവത്തിന്റെ സ്ഥാനത്തു് അദ്ധ്യക്ഷത വഹിക്കട്ടെ. വൈദികർ ശ്ലൈഹികസമൂഹത്തിന്റെ സ്ഥാനമെടുക്കട്ടെ.

www.malankaralibrary.com



എന്റെ പ്രിയങ്കരരായി യേശുമിശിഹായുടെ ശുശ്രൂഷസ്ഥാനം ശെമ്മാശ്ശന്മാർക്ക് ഏല്പിക്കപ്പെടട്ടെ. യേശുമിശിഹാ നിത്യതയിലേ പിതാവിനോടൊത്തുണ്ടായിരുന്നവനം കാലാന്ത്യത്തിൽ പ്രത്യക്ഷപ്പെട്ടവനം ആകുന്നു. 2. ദൈവത്തിന്റെ അതേ മനഃസ്ഥിതി സ്വീകരിച്ചുകൊണ്ട് ദൈവത്തെപ്പോലെ നിങ്ങളും പരസ്പരം ബഹുമാനിക്കണം. ആരും തന്റെ സഹോദരനെപ്പററി ജഡികമായി ചിന്തിക്കാതിരിക്കട്ടെ. പിന്നെയോ യേശുമിശിഹായുടെ അരൂപിയിൽ പരസ്പരം സ്നേഹിക്കുവിൻ. നിങ്ങളെ പിളർക്കുന്നതൊന്നും ഉണ്ടാകരുത്. മറിച്ച് മെത്രാനോടും നിങ്ങളുടെ നേതാക്കന്മാരോടും യോജിച്ചുപോകുവിൻ. അപ്പോൾ നിങ്ങൾ നാശമില്ലായ്മയുടെ ദൃഷ്ടാന്തവും പാഠവുമായിരിക്കും.

7. 1. കർത്താവ് തനിച്ചോ ശിഷ്യന്മാർ വഴിയോ പിതാവിനെ കൂടാതെ ഒന്നും ചെയ്തിട്ടില്ല. കാരണം അവനും പിതാവും ഒന്നായിരുന്നു. നിങ്ങളും അപ്രകാരം മെത്രാന്മാരെയും വൈദികരെയും കൂടാതൊന്നും പ്രവർത്തിക്കരുത്. നിങ്ങളുടെ സ്വന്തമായി എന്തെങ്കിലും ചെയ്താൽ അതു സ്വീകാര്യമാണെന്നു നിങ്ങളിലാരും സ്വയം ബോധ്യപ്പെടുത്താൻ ശ്രമിക്കാതിരിക്കട്ടെ. നിങ്ങൾ മെത്രാനോടു ചോദിച്ചു ചെയ്യുന്നതു മാത്രമാണ് ശരിയായിട്ടുള്ളതു്; അതുകൊണ്ട് നിങ്ങൾക്ക് ഒരു പ്രാർത്ഥന, ഒരു യാചന, ഒരു മനസ്സ്, സ്നേഹത്തിലും കുററമററ സന്തോഷത്തിലും ഉള്ള ഒരു പ്രതീക്ഷ, അതായതു് എല്ലാററിലും ശ്രേഷ്ഠമായ യേശുമിശിഹാ നിങ്ങളോടുകൂടി ഉണ്ടായിരിക്കട്ടെ. 2. ഒരു ദേവാലയവും ഒരൾത്താരയും എന്നവണ്ണം ഒരേ ക്രിസ്തുവിലേക്ക് നിങ്ങളെല്ലാവരും ഓടിക്കൂടുവിൻ. അവിടുന്ന് പിതാവിനോടുകൂടെ ഒന്നായിരുന്നിട്ടും പിതാവിൽനിന്ന് പുറപ്പെട്ടുവരികയും വീണ്ടും അവിടത്തെ പക്കലേക്ക് തിരികെ പോകയും ചെയ്തു.

8. 1. നിരർത്ഥകങ്ങളായ അബദ്ധവീക്ഷണങ്ങളാലോ, കെട്ടുകഥകളാലോ, വഴി തെററിപ്പോകരുത്. 2 ഇപ്പോഴും നാം യഹൂദമതം ആചരിക്കുന്നെങ്കിൽ നമുക്കൊരു കൃപാവരവും ലഭിച്ചിട്ടില്ലെന്ന് നാം സമ്മതിക്കുകയാണ്. 2. ദിവ്യപ്രവാചകന്മാർ തന്നെയും യേശുമിശിഹായുടെ പാതയിൽ ജീവിച്ചു. അതുകൊണ്ടാണവർ പീഡിപ്പിക്കപ്പെട്ടതു്. ദൈവം ഏകനാണെന്നും അവിടുന്ന് തന്റെ പുത്രനായ യേശുമിശിഹാവഴി തന്നെത്തന്നെ വെളിപ്പെടുത്തിയെന്നും തന്റെ നിശ്ശബ്ദതയിൽനിന്നു പുറപ്പെട്ട വചനമാണ് അവനെന്നും അയച്ചവന്റെ പരിപൂർണ്ണ അംഗീകാരം അവൻനേടിയെന്നും അവിശ്വാസികളെ ബോധ്യപ്പെടുത്തുവാൻ പ്രവാചകന്മാർ അവിടുത്തെ കൃപയാൽ പ്രചോദിതരായി.

9. 1. പഴയ ആചാരങ്ങളിൽ ജീവിച്ചവർ തന്നെയും പുതിയൊരു പ്രത്യാശയിലെത്തിച്ചേർന്നു. അവർ ശാബതാച

www.malankaralibrary.com



രണം ഉപേക്ഷിച്ചു. അതിനുപകരം നമ്മുടെയും അവരുടെയും ജീവൻ പ്രകാശിച്ച കർത്തൃദിനം ആചരിച്ചു. ചിലർ നിഷേധിക്കുമെങ്കിലും ഇതിനു കാരണക്കാരൻ ക്രിസ്തുവും അവന്റെ മരണവുമാണ്. ഈ ദിവ്യരഹസ്യത്തിൽ നമുക്ക് നമ്മുടെ വിശ്വാസം ലഭിച്ചു. ഇതിനാൽ നമ്മുടെ ഏക ഗുരുവായ യേശുമിശിഹായുടെ ശിഷ്യരായിത്തീരുവാൻ തക്കവണ്ണം നാം ഉറച്ചു നിൽക്കുന്നു. 2. അക്രുപ്പിയിൽ തന്റെ ശിഷ്യരായിരുന്ന പ്രവാചകർ തന്നെയും ക്രിസ്തുവിനെ ഗുരുവായി പ്രതീക്ഷിച്ചെങ്കിൽ അവനെക്കൂടാതെ നമുക്കെങ്ങനെ ജീവിക്കാനാവും? അവൻ വന്നപ്പോൾ കാലാകാലങ്ങളായി തന്നെ പ്രതീക്ഷിച്ചിരുന്നവരെ മരിച്ചവരിൽ നിന്നു് ഉയിർപ്പിച്ചു.

10. 1. നാം അവിടുത്തെ സ്നേഹനിർഭരമായ കരുണയോടു നന്ദിയില്ലാത്തവരാകരുതു്. നാം പ്രവർത്തിക്കുന്നതുപോലെ അവനും പ്രവർത്തിക്കുകയാണെങ്കിൽ ഉടനെ നമ്മുടെ കഥ കഴിഞ്ഞതുതന്നെ. നാം അവിടുത്തെ ശിഷ്യരാണ് എന്നു തെളിയിക്കുകയും ക്രിസ്ത്യാനികളെപ്പോലെ ജീവിക്കുവാൻ പഠിക്കുകയും ചെയ്യണം. മറ്റൊരു നാമം വഹിക്കുന്നവനും ദൈവത്തിന്റേതല്ലെന്ന് നിശ്ചയമാണ്. 2. അതുകൊണ്ടു് പഴയ പുളിമാവു് മാററിക്കളയുവിൻ: അതു് ജീർണ്ണിച്ചതും കമർപ്പുള്ളതുമായി തീർന്നിരിക്കുന്നു. പുതിയ പുളിപ്പായ യേശുമിശിഹായിലേക്ക് നിങ്ങൾ മാററപ്പെടട്ടെ. നിങ്ങളുടെ രുചികൊണ്ടു് നിങ്ങൾ പരിശോധിക്കപ്പെടും എന്നതുകൊണ്ടു് നിങ്ങളിലാരും ചീത്തയാകാതിരിപ്പാൻ ക്രിസ്തുവിൽ ഉപ്പിടപ്പെടട്ടെ. 3. യേശുമിശിഹായെ പ്രസംഗിക്കുകയും യൂദനെപ്പോലെ ജീവിക്കുകയും ചെയ്യുന്നതു് രാക്ഷസതുല്യമാണു്. എന്തെന്നാൽ ക്രിസ്തുമതം യഹൂദമതത്തിലല്ല പിന്നെയോ യഹൂദമതം ക്രിസ്തുവിലാണ് വിശ്വസിച്ചതു്. എല്ലാ ഭാഷക്കാരും ഇതിലത്രെ വിശ്വസിച്ചതും ദൈവത്തിൽ കൂട്ടിച്ചേർക്കപ്പെട്ടതും.

11. എന്റെ പ്രിയപ്പെട്ടവരേ, നിങ്ങളാരെങ്കിലും അത്തരക്കാരാണെന്നു് കേട്ടതുകൊണ്ടല്ല, നിങ്ങൾക്കിങ്ങനെ എഴുതുന്നതു്. പ്രത്യുത, പൊന്തിയോസ് പീലാത്തോസ് ഗവർണറായിരുന്നപ്പോൾ സംഭവിച്ച ജനനം, പീഡാനുഭവം, ഉയിർപ്പ് എന്നിവയെ സംബന്ധിച്ച് പൂർണ്ണമായി നിങ്ങൾ ബോധ്യമുള്ളവരായിരിപ്പാനും മൂഢമായ ആശയങ്ങൾക്ക് നിങ്ങൾ ഇരയാകാതിരിപ്പാനും വേണ്ടി, ഞാൻ വഹിക്കുന്ന ബലഹീനസ്ഥാനം പരിഗണിച്ച് നിങ്ങൾക്ക് മുന്നറിയിപ്പു തരികയാണ്. നമ്മുടെ പ്രതീക്ഷയായ യേശുമിശിഹാ യഥാർത്ഥമായും സത്യമായും പ്രവർത്തിച്ചവയാണവ. ഇതു് നിങ്ങളിലാരും നഷ്ടപ്പെട്ടുതാതിരിപ്പാൻ ദൈവം സഹായിക്കട്ടെ.

www.malankaralibrary.com



12. ഞാനർഹിക്കുന്നുവെങ്കിൽ നിങ്ങളായിരിക്കട്ടെ എല്ലാ കാര്യത്തിലും എന്റെ സന്തോഷം. ഞാനൊരു തടവുകാരനാണെങ്കിലും സ്വതന്ത്രരായ നിങ്ങളിലാരെങ്കിലുമായി താരതമ്യപ്പെടുത്തുമ്പോൾ ഞാൻ ഒന്നുമല്ല. നിങ്ങൾക്കൊക്കെ അഹംഭാവമില്ലെന്നു ഞാൻ മനസിലാക്കുന്നു. കാരണം നിങ്ങളിൽ യേശു മിശിഹായുണ്ട്. കൂടാതെ ഞാൻ നിങ്ങളെ പുകഴ്ത്തുമ്പോഴും നിങ്ങൾ ആത്മബോധമുള്ളവരാണെന്നു ഞാനറിയുന്നു. വേദപുസ്തകം പറയുന്നതുപോലെ 'നീതിമാനെ കുററം വിധിക്കുന്നവൻ അവൻതന്നെയാണ്'. (സുഭാഷി. 18:17).

13. 1. നിങ്ങൾ ചെയ്യുന്നതെന്തും അഭിവൃദ്ധിപ്പെടുവാനായി, ആത്മാവിലും ശരീരത്തിലും, വിശ്വാസത്തിലും സ്നേഹത്തിലും, പിതാവിലും പുത്രനിലും പരിശുദ്ധാത്മാവിലും, ആദിയിലും അന്ത്യത്തിലും, വന്ദ്യനായ നിങ്ങളുടെമെത്രാനോടും വൈദികരോടും—അവനു ചേരുന്ന ആത്മീയകിരീടം-ദൈവമനുഷ്യരായ ശെമ്മാശന്മാരോടും ചേർന്ന്, കർത്താവിന്റെയും ശ്ലീഹന്മാരുടെയും കല്പനകളിൽ ഉറച്ചു നില്ക്കാൻ പരിശ്രമിക്കുവിൻ. 2. യേശുമിശിഹാ ജഡത്തിലായിരുന്ന നാളുകളിൽ പിതാവിനെന്നവണ്ണവും, ശ്ലീഹന്മാർ ക്രിസ്തുവിനും പിതാവിനും പരിശുദ്ധാത്മാവിനും എന്നവണ്ണവും, മെത്രാനും അന്യോന്യവും കീഴ്പ്പെടുവിൻ. ഇങ്ങനെ ആത്മാവിന്റെയും ശരീരത്തിന്റെയും ഐക്യം ഉണ്ടാകും.

14, നിങ്ങൾ ദൈവത്താൽ നിറഞ്ഞവരാണെന്നു ഞാൻ മനസ്സിലാക്കുന്നു. അതുകൊണ്ടു വളരെ ചുരുക്കമായിട്ടേ ഞാൻ നിങ്ങളെ ഉപദേശിച്ചുള്ളു. ഞാൻ ദൈവത്തെ പ്രാപിക്കുവാൻ നിങ്ങളുടെ പ്രാർത്ഥനകളിൽ എന്നെ ഓർക്കുവിൻ. സിറിയായിലെ സഭയേയും അനുസ്മരിക്കുവിൻ. ഞാൻ അനർഹനാണെങ്കിലും അതിലൊരംഗമാണ്. എനിക്കു നിങ്ങളുടെ ഒന്നിച്ചുള്ള പ്രാർത്ഥനകളും ദൈവത്തിലുള്ള സ്നേഹവും അത്യാവശ്യമാണെന്നു മനസ്സിലാക്കുവിൻ. നിങ്ങളുടെ തീക്ഷ്ണമായ പ്രാർത്ഥനയാൽ സിറിയായിലെ സഭയ്ക്കു ഉന്മേഷം വീണ്ടെടുക്കുവാനുള്ള ഭാഗ്യം ലഭിക്കട്ടെ.

15. സ്മിർണയിലുള്ള എഫേസോസുകാർ നിങ്ങൾക്കഭിവാദനം നല്കുന്നു. നിങ്ങളെപ്പോലെ, ദൈവമഹത്വത്തിനായി അവരും ഇവിടെ വരുകയും എന്നെ എല്ലാവിധത്തിലും ഉത്തേജിപ്പിക്കുകയും ചെയ്തു. സ്മിർണയിലെ മെത്രാനായ പോളിക്കാർപ്പും അപ്രകാരം ചെയ്തു. യേശുമിശിഹായുടെ ബഹുമാനത്തിൽ മററു സഭകളും നിങ്ങൾക്കു മംഗളമാശംസിക്കുന്നു. യേശുമിശിഹായാകുന്ന ഐക്യത്തിന്റെ ആത്മാവിനെ പ്രാപിച്ചുകൊണ്ടു നിങ്ങൾ ദൈവികൈക്യത്തിൽ നിലനില്ക്കുമെന്നു പ്രതീക്ഷിക്കുന്നു. ആശംസകൾ!

www.malankaralibrary.com

# III. ത്രാള്ള്യാക്കാർക്കെഴുതിയ ലേഖനം

തെയോഫൊറസ് എന്നും വിളിക്കപ്പെടുന്ന ഇഗ്നേഷ്യസ്: ഏഷ്യയിൽ ത്രാള്ളിയയിലെ വിശുദ്ധസഭയ്ക്കു്: യേശുമിശിഹായുടെ പിതാവായ ദൈവത്തിനു് പ്രിയങ്കരരും, തെരഞ്ഞെടുക്കപ്പെട്ടവരും, ദൈവത്തിനു സ്വീകാര്യരും യേശുമിശിഹായുടെ പീഡാനുഭവംവഴി ആന്തരികമായും ബാഹ്യമായും ശാന്തതയുള്ളവരും അവിടുത്തെ ഉയിർപ്പുവഴി അവനിൽ പ്രത്യാശയുള്ളവരും ആയ നിങ്ങൾക്കു് ദൈവികപൂർണതയിൽ, ശ്ലൈഹിക ശൈലിയിൽ ഹൃദയം നിറഞ്ഞ ആശംസകളും എല്ലാ മംഗളങ്ങളും!

1. 1. ദൈവത്തിന്റെയും യേശുമിശിഹായുടെയും ഇഷ്ടപ്രകാരം നിങ്ങളുടെ മെത്രാനായ പൊളീബിയൂസ് ഇവിടെ സ്മിർണയിൽ വന്നു് എന്നെ കണ്ടു. തഴക്കത്താലല്ല, സ്വഭാവത്താലെതന്നെ നിങ്ങൾ കളങ്കമററവരും തികഞ്ഞ ക്ഷമയുള്ളവരും ആണെന്നു് അദ്ദേഹം എന്നോടു പറഞ്ഞു. യേശുമിശിഹായ്ക്കു വേണ്ടി ഞാൻ വിലങ്ങുകൾ വഹിക്കുന്നുവെങ്കിലും, അദ്ദേഹം എന്നെ ആശ്വാസംകൊണ്ടു നിറച്ചു. അദ്ദേഹത്തിൽ നിങ്ങളുടെ സമൂഹത്തെ മുഴുവൻ ഞാൻ ദർശിച്ചു. 2. ഞാൻ കേട്ടിരുന്നതുപോലെ നിങ്ങൾ ദൈവത്തെ അനുകരിക്കുന്നു എന്നു കണ്ടതിനാൽദൈവിക പ്രചോദിതമായ നിങ്ങളുടെ സന്മനസ്സിനെ സ്വാഗതം ചെയ്തുകൊണ്ടു് നന്ദികൊണ്ടും സ്തുതികൊണ്ടും നിറഞ്ഞു.

2. 1. യേശുമിശിഹായെയെന്നവണ്ണം മെത്രാനെ അനുസരിക്കുമ്പോൾ മാനുഷികരീതിയിലല്ല, ക്രിസ്തുപാതയിലാണു നിങ്ങൾ വ്യാപരിക്കുന്നതു്. നിങ്ങൾ തന്റെ മരണത്തിൽ വിശ്വസിച്ചു് മരണത്തിൽനിന്നു് രക്ഷ പ്രാപിക്കുവാൻ ക്രിസ്തു മരണം വരിച്ചു. 2. അതുകൊണ്ടു തീർച്ചയായും മെത്രാനെ കൂടാതെ യാതൊന്നും പ്രവർത്തിക്കരുതു്. നിങ്ങൾ അങ്ങനെയാണല്ലോ ചെയ്യുന്നതു്. യേശുമിശിഹായുടെ ശ്ലീഹന്മാർക്കെന്നവണ്ണം വൈദിക സമൂഹത്തിനും കീഴ്പ്പെടുവിൻ. അവൻ നമ്മുടെ

www.malankaralibrary.com



പ്രത്യാശയാണ്. നാം അവനിൽ നിത്യജീവൻ പ്രാപിക്കും. 3. യേശുമിശിഹായുടെ ദിവ്യരഹസ്യങ്ങളുടെ ശുശ്രൂഷകർ എല്ലാവർക്കും പൂർണമായ സംതൃപ്തി പ്രദാനം ചെയ്യണം. കാരണം അവർ വെറും അപ്പവും വെള്ളവുമല്ല വിളമ്പുന്നത്. പ്രത്യുത ദൈവത്തിന്റെ സഭയെ ശുശ്രൂഷിക്കുന്നു. അഗ്നിയെ ഒഴിഞ്ഞു നില്ക്കേണ്ടതുപോലെ, യാതൊരു വിമർശനത്തിനും അവർ ഇടകൊടുക്കരുത്.

3. 1. അതുപോലെ, എല്ലാവരും ശുശ്രൂഷകരേയും ബഹുമാനിക്കണം. അവർ യേശുമിശിഹായെ പ്രതിനിധാനം ചെയ്യുന്നു. മെത്രാനു പിതാവിന്റെയും, വൈദികസമൂഹത്തിനു ദൈവത്തിന്റെ കാര്യാലോചനസഭയുടെയും ശ്ലൈഹികസഭയുടെയും സ്ഥാനമുണ്ട്. ഇവരെ കൂടാതെ ഒരു സഭയും ഇല്ല. 2. ഈ കാര്യത്തിൽ നിങ്ങൾ എന്നോടു യോജിക്കുമെന്ന് എനിക്ക് ഉറപ്പുണ്ട്. നിങ്ങളുടെ സ്നേഹത്തിന്റെ മാതൃക നിങ്ങളുടെ മെത്രാനിൽ ഞാൻ സ്വീകരിച്ചു. അദ്ദേഹം എന്നോടുകൂടിയുണ്ട്. അദ്ദേഹത്തിന്റെ പെരുമാറ്റംതന്നെ വലിയൊരു പ്രസംഗമാണ്. അദ്ദേഹത്തിന്റെ ശാന്തത വളരെ ശക്തിമത്തും. നിരീശ്വരന്മാരും അദ്ദേഹത്തെ ബഹുമാനിക്കുമെന്ന് ഞാൻ കരുതുന്നു. 3. കുറേക്കൂടി നിശിതമായ ഭാഷയിൽ നിങ്ങൾക്കെഴുതുവാൻ എനിക്ക് കഴിയുമെങ്കിലും സ്നേഹം മൂലം നിങ്ങളോട് ഞാൻ കാരുണ്യപൂർവം പെരുമാറുന്നു. ഞാനൊരു തടവുകാരനായതുകൊണ്ട്, ശ്ലീഹായെപ്പോലെ കല്പിക്കുന്നതു യുക്തമല്ല.

4. 1. ദൈവകൃപയാൽ, വിജ്ഞാനത്തിൽ ഞാൻ കുറവുള്ളവനല്ല. എന്നാൽ പ്രശംസ എന്നെ വഴിപിഴപ്പിക്കാതെ ഇരിക്കുവാൻ ഞാൻ അടങ്ങുന്നു. ഇപ്പോൾ എനിക്കേറ്റവും അത്യാവശ്യമായിരിക്കുന്നതു കരുതലോടുകൂടിയിരിക്കുക എന്നതാണ്. അല്ലാതെ മുഖസ്തുതിക്കാരെ ശ്രദ്ധിക്കുക എന്നതല്ല. എന്നോട് ഈ രീതിയിൽ പറയുന്നവരാണ് എന്റെ പീഡകർ! 2. ഒരു രക്തസാക്ഷിയാകുവാൻ ഞാൻ വളരെ അർഹിക്കുന്നു എന്നതു വാസ്തവം തന്നെ. എന്നാൽ ഞാൻ അർഹിക്കുന്നുണ്ടോയെന്നെനിക്കറിവില്ല. എന്റെ ഈ തീവ്രമായ ആഗ്രഹത്തെപ്പററി പലർക്കും ഒരാശയവുമില്ല. എല്ലാററിലും ഉപരി ഇതെനിക്കൊരു കഠിന വേദനയുമാണ്. ഈ ലോകത്തിന്റെ പ്രഭു കീഴമർത്തപ്പെടുന്ന ശാന്തതയാണെനിക്ക് ആവശ്യം.

5. 1. സ്വർഗീയ കാര്യങ്ങളെ സംബന്ധിച്ച് എഴുതുവാൻ കഴിവില്ലാത്തതിനാലല്ല, നിങ്ങൾ വെറുംശിശുക്കളായതിനാൽ, നിങ്ങൾക്കുപദ്രവം ചെയ്യുമെന്ന് ഭയപ്പെടുന്നതിനാലാണു ഞാൻ എഴുതാൻ മടിക്കുന്നത്. എന്റെ ഉറപ്പുകളിൽ നിങ്ങളും

www.malankaralibrary.com



പങ്കുകാരാകുവിൻ, അല്ലെങ്കിൽ നിങ്ങഠംക്ക സ്വീകരിക്കുവാൻ കഴിവില്ലാത്തവരായി നിങ്ങഠം ശ്വാസംമുട്ടിപ്പോകും. 2. ഞാനൊരു തടവുകാരനായതുകൊണ്ടും, മാലാഖമാരുടെ നിരകഠം, ശക്തന്മാരുടെ സമൂഹങ്ങഠം, ദൃശ്യാദൃശ്യവസ്തുക്കഠം തുടങ്ങിയ സ്വർഗ്ഗീയ രഹസ്യങ്ങഠം ഗ്രഹിക്കുവാൻ കഴിയുന്നതുകൊണ്ടും, ഞാൻ ക്രിസ്തുവിൻെറ ഒരു യഥാർത്ഥ ശിഷ്യനാണെന്ന് ഇപ്പോഴും നടിക്കുന്നില്ല. ദൈവത്തെ പ്രാപിക്കുവാൻ നിരവധി സംഗതികഠം നാം ഉപേക്ഷിക്കണം എന്നു സാരം.

6. 1. ഞാനല്ല, യേശുമിശിഹായുടെ സ്നേഹം നിങ്ങളെ ശക്തിപൂർവ്വം ഉപദേശിക്കുന്നു: ക്രിസ്തീയഭക്ഷണം മാത്രം ഉപയോഗിക്കുക; പാഷണ്ഡതയാകുന്ന പാഴ്ച്ചെടികളിൽനിന്ന് ഒഴിഞ്ഞുനില്ക്കുക. 2. കൃത്രിമമായും വഞ്ചനോദ്ദേശത്തോടുകൂടെയും നിങ്ങളുടെ വിശ്വാസം ആർജിക്കുവാൻ യേശുമിശിഹായെ തങ്ങളുടെ പ്രബോധനവുമായി അബദ്ധോപദേശകർ കൂട്ടിക്കുഴയ്ക്കുന്നു. മാരകവിഷം മധുരമുള്ള വീഞ്ഞുചേർത്തു കൊടുക്കുമ്പോഠം സന്ദേഹമില്ലാതെ സന്തോഷപൂർവം മനുഷ്യർ അതു സ്വീകരിക്കുകയും മാരകമായ മാധുര്യത്തോടെ തങ്ങളുടെ മരണം ഊററിക്കുടിക്കുകയും ചെയ്യുന്നതുപോലെയാണത്.

7. 1. ഇത്തരമാളുകളെ നിങ്ങഠം സൂക്ഷിച്ചുകൊള്ളണം. ശ്ലീഹന്മാരുടെ കല്പനകളോടും, മെത്രാനോടും, യേശുക്രിസ്തുവിനോടും അഭേദ്യമായി ഒന്നിച്ചിരിക്കുകയും അഹങ്കരിക്കാതിരിക്കയും ചെയ്യുന്നതുവഴി നിങ്ങഠംക്കിതു സാധിക്കും. 2. മദ്ബഹായ്ക്കകത്തുള്ള മനുഷ്യൻ ശുദ്ധനം, മദ്ബായ്ക്കു പുറത്തുള്ളവൻ അശുദ്ധനമാണ്. അതായതു മെത്രാനെയും വൈദികസമൂഹത്തെയും ശെമ്മാശ്ശന്മാരെയും കൂടാതെ എന്തെങ്കിലും ചെയ്യുന്നവനു ശരിയായ മനസ്സാക്ഷിയുണ്ടായിരിക്കുകയില്ല.

8. 1. നിങ്ങളെ സംബന്ധിച്ച് ഇപ്രകാരമുള്ള ഏതെങ്കിലും സംഗതി കേട്ടതുകൊണ്ടല്ല, ഞാൻ നിങ്ങഠംക്കിങ്ങനെ എഴുതുന്നത്. ഒരിക്കലുമല്ല പിന്നെയോ, പിശാചിൻെറ കെണികഠം ഞാൻ മുൻകൂട്ടി കാണുന്നതുകൊണ്ട് നിങ്ങളോടുള്ള സ്നേഹത്താൽ ഞാൻ മുന്നറിയിപ്പു തരുന്നു. ദീർഘശാന്തതയുടെ പടച്ചട്ട ധരിക്കുവിൻ. വിശ്വാസം, അതായത് കർത്താവിൻെറ ശരീരം, സ്നേഹം, അതായതു യേശുമിശിഹായുടെ രക്തം എന്നിവയിൽ നിങ്ങളെത്തന്നെ പുതിയ സൃഷ്ടികളാക്കുവിൻ. 2. ഒരുത്തനും തൻെറ അയല്ക്കാരനെതിരായി ഒന്നും ചെയ്യരുത്. കുറച്ചുപേരുടെ വിഡ്ഢിത്തംകൊണ്ടു ദൈവജനം പരിഹസിക്കപ്പെടുവാൻ ജാതികഠംക്കവസരം കൊടുക്കരുത്. എന്തെന്നാൽ ആരുടെയെങ്കിലും

www.malankaralibrary.com



തെററുകൊണ്ടു് കാരണംകൂടാതെ എൻെറ നാമം ആരുടെയെങ്കിലും മുമ്പാകെ അപഹസിക്കപ്പെട്ടാൽ അവനു് ഹാ കഷ്ടം.

9. 1. ദാവീദിൻെറ വംശത്തിൽനിന്നു്, മറിയാമിൽനിന്നു ജനിച്ച യേശുമിശിഹായെ അവഗണിക്കുന്ന എല്ലാ സംസാരങ്ങൾക്കും ചെവിയടച്ചുകളയുവിൻ, അവിടുന്നു് യഥാർത്ഥമായി ജനിക്കുകയും, ഭക്ഷിക്കുകയും കുടിക്കുകയും ചെയ്തു. പൊന്തിയോസ് പീലാത്തോസിൻെറ നാളുകളിൽ യഥാർത്ഥമായി പീഡിപ്പിക്കപ്പെട്ടു. ആകാശത്തിൻെറയും ഭൂമിയുടെയും പാതാളത്തിൻെറയും മുമ്പാകെ ക്രൂശിൽ തറയ്ക്കപ്പെടുകയും കൊല്ലപ്പെടുകയും ചെയ്തു. 2. ക്രിസ്തു യഥാർത്ഥത്തിൽ മൃത്യുവിൽ നിന്നുത്ഥിതനായി. കാരണം പിതാവു് അവനെ ഉയിർപ്പിച്ചു. യേശുമിശിഹാവഴി തന്നിൽ വിശ്വസിക്കുന്ന നമ്മേയും പിതാവുയിർപ്പിക്കും. അവിടുത്തെ കൂടാതെ നമുക്കു യഥാർത്ഥ ജീവനില്ല.

10. ചില നിരീശ്വരന്മാർ, അതായതു അവിശ്വാസികൾ ജല്പിക്കുന്നതുപോലെ, അവിടുത്തെ പീഡാനുഭവം വെറുമൊരു കാപട്യമായിരുന്നെങ്കിൽ—അവരാണു് യഥാർത്ഥത്തിൽ ജാലവിദ്യക്കാർ—ഞാനെന്തിനാണു് തടവുകാരനായിരിക്കുന്നതു്? ഞാനെന്തിനു് വന്യമൃഗങ്ങളോടു് യുദ്ധംചെയ്യാനായി പ്രാർത്ഥിക്കണം? അങ്ങനെയെങ്കിൽ ഞാൻ ലക്ഷ്യമില്ലാതെ മരിക്കുന്നു; അതേ, എൻെറ സാക്ഷ്യം കർത്താവിനെതിരെ കള്ളസാക്ഷ്യമാണു്.

11. 1. മാരകമായ ഫലം പുറപ്പെടുവിക്കുന്ന ഇത്തരം ദുഷിച്ച മുളകളിൽനിന്നു് ഓടിയകലുവിൻ. അതു രുചിച്ചുനോക്കുന്നവൻ അപ്പോഴേ മരിക്കുന്നു. അവയൊന്നും പിതാവിൻെറ കൃഷിയല്ല. (മത്താ 15:13) 2. അവർ പിതാവിൻെറ കൃഷി ആയിരുന്നെങ്കിൽ, അവർ ക്രൂശിൻെറ ശിഖരങ്ങളായി കാണപ്പെടുകയും അനശ്വരമായ ഫലങ്ങൾഉളവാക്കുകയും ചെയ്യേനെ. തൻെറ അവയവങ്ങളായ നിങ്ങളെ ക്രിസ്തു വിളിക്കുന്നതു കുരിശും കഷ്ടാനുഭവവും വഴിയാണു്. അവയവങ്ങൾ കൂടാതെ ശിരസ്സിനുമാത്രം പിറക്കുവാൻ സാദ്ധ്യമല്ല. അവരെ ഒന്നിച്ചു നിർത്തുമെന്നു ദൈവം തന്നെ വാഗ്ദാനം ചെയ്തിരിക്കുന്നു.

12. 1. എന്നോടു കൂടിയുള്ള ദൈവത്തിൻെറ സഭകളോടൊപ്പം സ്മീർണയിൽനിന്നു് നിങ്ങൾക്കെൻെറ ആശംസകൾ! അതേ, അവരെല്ലാവരും പൂർണമായി ആത്മാവിലും ശരീരത്തിലും എന്നെ ശക്തിപ്പെടുത്തി. 2. ദൈവത്തോടു ചേരുവാനായി യേശുമിശിഹായെപ്രതി ഞാൻ വഹിക്കുന്ന വിലങ്ങുകൾ നിങ്ങളെ ഉദ്ബോധിപ്പിക്കുന്നു: 'യോജിച്ചിരുന്നുകൊണ്ടു് അന്യോന്യം പ്രാർത്ഥിക്കുവിൻ.' 'പിതാവിനോടും യേശുക്രിസ്തുവിനോടും

www.malankaralibrary.com



ശ്ലീഹന്മാർരാടുമുള്ള ബഹുമാനത്തിൽ നിങ്ങളെല്ലാവരും, പ്രത്യേകിച്ച് വൈദികർ, മെത്രാനെ ധൈര്യപ്പെടുത്തണം, 3. എന്റെ കത്തുകൾ നിങ്ങൾക്കെതിരായി തീരാതിരിപ്പാൻ നിങ്ങൾ എന്നെ ശ്രദ്ധിക്കണമെന്ന് സ്നേഹത്തിൽ ഞാനാവശ്യപ്പെടുന്നു. കൂടാതെ, എനിക്കുവേണ്ടിയും പ്രാർത്ഥിപ്പിൻ. ദൈവകൃപയാൽ ഞാൻ പ്രതീക്ഷിച്ചിരിക്കുന്ന അന്ത്യത്തിന് അർഹനായിത്തീരുവാനും, തള്ളപ്പെട്ടവനായി തീരാതിരിപ്പാനും എനിക്ക് നിങ്ങളുടെ സ്നേഹം ആവശ്യമാണ്.

13. 1. സ്നേഹത്തോടുകൂടിയുള്ള ആശംസകൾ സ്മിർണക്കാരും, എഫേസോസുകാരും നിങ്ങൾക്കയയ്ക്കുന്നു. നിങ്ങളുടെ പ്രാർത്ഥനകളിൽ സിറിയായിലെ സഭകളെ നോക്കുവിൻ. അവരിൽ അവസാനത്തവനാകയാൽ അതിലൊരംഗമാകുവാൻ ഞാനർഹനല്ല. 2. യേശുമിശിഹായുടെ നാമത്തിൽ സ്വസ്തി. ദൈവത്തിന്റെ നിയമത്തിനെന്നവണ്ണം മെത്രാനും വൈദികർക്കും കീഴ്പ്പെടുവിൻ. അവിഭാജ്യഹൃദയത്തോടെ നിങ്ങളെല്ലാവരും പരസ്പരം സ്നേഹിക്കുവിൻ. 3. ഇപ്പോഴും, ഞാൻ ദൈവത്തെ പ്രാപിക്കുമ്പോഴും എന്റെ ജീവൻ നിങ്ങൾക്കായി കാഴ്ചവയ്ക്കുന്നു. ഞാനിപ്പോഴും അപകടത്തിലാണ്! എന്നാൽ പിതാവ് വിശ്വസ്തനാണ്. അവിടുന്ന് യേശുമിശിഹാ മുഖാന്തരം നിങ്ങളുടേയും എന്റേയും പ്രാർത്ഥനയ്ക്കുത്തരമരുളും. അവിടുത്തെ സ്വാധീനത്താൽ നിങ്ങൾ കുററമററവരായി തെളിയിക്കപ്പെടട്ടെ.

www.malankaralibrary.com

# IV. റോമാക്കാർക്കെഴുതിയ ലേഖനം

തെയോഫൊറസ് എന്നും വിളിക്കപ്പെടുന്ന ഇഗ്നേഷ്യസ്: അത്യുന്നതനായ പിതാവിന്റെയും അവിടുത്തെ ഏകജാതനായ യേശുമിശിഹായുടെയും കൃപ ലഭിച്ച സഭയ്ക്ക്: തന്റെ ഇച്ഛമൂലം എല്ലാം ഉൺമയിലേക്ക് വരുവാൻ ഇച്ഛിച്ച നമ്മുടെ ദൈവമായ യേശുമിശിഹായുടെ സ്നേഹത്താലും വിശ്വാസത്താലും സ്നേഹിക്കപ്പെട്ടതും പ്രകാശിക്കപ്പെട്ടതും റോമൻ പ്രദേശത്തിന്റെ പ്രധാനസ്ഥലത്ത് അദ്ധ്യക്ഷ ആയിരിക്കുന്നതും ദൈവത്തിനു ചേർന്നതും ബഹുമാനവും അഭിനന്ദനവും, സ്തുതിയും വിജയവും വിശുദ്ധിയും അർഹിക്കുന്നതും സ്നേഹത്തിൽ അദ്ധ്യക്ഷസ്ഥാനത്തിരിക്കുന്നതും ക്രിസ്തുവിന്റെ നിയമം അനുസരിച്ചുകൊണ്ട് പിതാവിന്റെ നാമം വഹിക്കുന്നതുമായ സഭക്ക് പിതാവിന്റെ പുത്രനായ യേശുമിശിഹായിൽ എന്റെ അഭിവാദനങ്ങൾ. ബാഹ്യമായും ആന്തരികമായും യേശുവിന്റെ കല്പനകൾ പാലിച്ചുകൊണ്ട് നിങ്ങൾ കൃപയാൽ ദൈവത്തോട് ഐക്യപ്പെട്ടും, ചേരാത്ത കറകളിൽ നിന്നെല്ലാം വിമുക്തരുമായി അവയോട് ഒന്നു ചേർന്നിരിക്കുന്നു; നിങ്ങൾക്ക് നമ്മുടെ ദൈവമായ യേശുമിശിഹായിൽ ആത്മാർത്ഥത നിറഞ്ഞ ആശംസകൾ.

I. 1. ദൈവജനമായ നിങ്ങളെ കാണുവാനുള്ള എന്റെ പ്രാർത്ഥന ദൈവം കേട്ടതിനാൽ, ഞാൻ കൂടുതൽ കാര്യങ്ങൾക്കായി അപേക്ഷിച്ചു. യേശുമിശിഹായുടെ തടവുകാരൻ എന്ന നിലയിൽ നിങ്ങളെ ആശ്ലേഷിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. എന്റെ ലക്ഷ്യംപ്രാപിക്കാൻ ഇടയാക്കണമേ എന്നാണ് എന്റെ പ്രാർത്ഥന. 2. ഞാൻ തീർച്ചയായും നല്ലൊരു തുടക്കം കുറിച്ചു. തടസ്സം കൂടാതെ എന്റെ അവകാശത്തെ പ്രാപിക്കാനുള്ള ഭാഗ്യം എനിക്കുണ്ടാകട്ടെ. നിങ്ങളുടെ മഹാമനസ്കത എനിക്കു ഹാനികരമായി നില്ക്കുമോ എന്ന് ഞാൻ ഭയപ്പെടുന്നു. കാരണം നിങ്ങളുദ്ദേശിക്കുന്നത് നിങ്ങൾക്കെളുപ്പം ചെയ്യാം. എന്നാൽ നിങ്ങളെന്നെ വെറുതെ വിട്ടില്ലെങ്കിൽ ദൈവത്തെ പ്രാപിക്കുക എനിക്കു വളരെ ശ്രമകരമാണ്.

www.malankaralibrary.com



**2.** 1. നിങ്ങൾ മനുഷ്യരെ അല്ല ദൈവത്തെ പ്രസാദിപ്പിക്കുന്നവരാകുവാൻ ഞാനാഗ്രഹിക്കുന്നു; നിങ്ങൾ അപ്രകാരമാണല്ലോ ചെയ്യുന്നതു്. കാരണം ദൈവത്തെ പ്രാപിക്കാൻ എനിക്കു് ഇനിയൊരിക്കലും ഇതുപോലൊരവസരം കിട്ടുകയില്ല; അതുപോലെ നിങ്ങൾക്കും. നിങ്ങൾ നിശ്ശബ്ദരായിരുന്നാൽ മഹത്തായൊരു പ്രവൃത്തിയുടെ കീർത്തി നിങ്ങൾക്കു കിട്ടും. നിങ്ങൾ നിശ്ശബ്ദരായി എന്നെ തഴഞ്ഞാൽ, ദൈവത്തിന്റെ വചനം നിങ്ങൾ എന്നിൽ ദർശിക്കും. എന്നാൽ എന്റെ ജഡത്തെപ്രതി നിങ്ങൾ പ്രലോഭിതരായാൽ ഞാൻ വെറും അർത്ഥശൂന്യമായ ശബ്ദമായിത്തീരും. 2. അടുത്തൊരാരാധനാസ്ഥലം ഒരുക്കപ്പെട്ടിരിക്കുമ്പോൾ ദൈവത്തിനൊരു യാഗമായിത്തീരുക എന്നതില്പരിയൊന്നും നിങ്ങൾ എനിക്കനുവദിക്കേണ്ട, അപ്പോൾ, ദൈവം സിറിയായിലെ മെത്രാനു് സൂര്യോദയത്തിൽനിന്നു് വിളിക്കപ്പെടുവാനും അസ്തമയത്തിൽ എത്തിച്ചേരുവാനുമുള്ള സൗഭാഗ്യം നൽകിയെന്നു് ഒരു ഗായകസംഘമായി ചേർന്നു് നിങ്ങൾക്കു യേശുമിശിഹായിൽ പിതാവിന്റെ സ്തുതിപ്പുകൾ പാടാൻ കഴിയും. ദൈവസന്നിധിയിൽ ഉദിക്കുവാനായി ദൈവത്തിനുവേണ്ടി ലോകത്തെ ഉപേക്ഷിച്ചുകൊണ്ടു് അസ്തമിക്കുക എന്നതു് ഒരു മഹത്കാര്യം തന്നെയാണു്.

**3.** 1. നിങ്ങൾ ഒരിക്കലും ആരെയും വെറുത്തിട്ടില്ല, നിങ്ങൾ മററുള്ളവരെ പഠിപ്പിച്ചിട്ടുള്ളവരാണു്. മററുള്ളവർ ശ്രദ്ധിക്കണമെന്നു നിങ്ങൾ ആവശ്യപ്പെട്ട പാഠങ്ങൾ നിങ്ങൾതന്നെ ഇപ്പോൾ ഉറപ്പിക്കണമെന്നു ഞാനാഗ്രഹിക്കുന്നു. 2. ഞാൻ രക്തസാക്ഷിത്വത്തെപ്പററി വെറുതെ സംസാരിക്കുകമാത്രം ചെയ്യാതെ യഥാർത്ഥമായി അതാഗ്രഹിക്കുന്നതിനു് ആത്മശരീരശക്തി കിട്ടുവാൻ പ്രാർത്ഥിക്കുവിൻ. ക്രിസ്ത്യാനിയെന്നു വിളിക്കപ്പെടുക മാത്രമല്ല, യഥാർത്ഥമായി അങ്ങനെയായിത്തീരണം. അതു തെളിയിച്ചാൽ മാത്രമേ ലോകം എന്നെ ദർശിക്കാതിരിക്കുമ്പോഴും, ഞാൻ നിരാക്ഷേപമായിതെളിഞ്ഞ ഒരു ക്രിസ്ത്യാനിയാകുകയുള്ളു. 3. കാണപ്പെടുന്നവയെല്ലാം യഥാർത്ഥ വിലയില്ല; നമ്മുടെ ദൈവമായ യേശുമിശിഹാ പിതാവിലാണെന്നു നിശ്ചയമായും ഇപ്പോഴാണു് കൂടുതൽ വ്യക്തമായി കാണപ്പെടുന്നതു്. ക്രിസ്തുമതം പ്രേരണയുടെ പ്രവൃത്തിയല്ല, പിന്നെയോ, അതിനെ ലോകം വെറുക്കുമ്പോൾ അതു് ശക്തിയുടെ പ്രവൃത്തിയാണു്.

**4.** 1. ഞാൻ എല്ലാ സഭകളുമായി സമ്പർക്കം പുലർത്തി. ഞാൻ സ്വന്ത ഇഷ്ടത്താൽ ദൈവത്തിനുവേണ്ടി മരിക്കയാണെന്നു അവരെയെല്ലാം മനസ്സിലാക്കുകയാണു്. നിങ്ങൾ ഇക്കാര്യത്തിൽ ഇടപെടരുതു് എന്നു മാത്രം. കാലോചിതമല്ലാത്ത ദാക്ഷി

www.malankaralibrary.com



ണ്യം എന്നോട്ട കാട്ടരുതെന്നു ഞാൻ നിങ്ങളോട്ട യാചിക്കുന്നു. ഞാൻ വന്യമൃഗങ്ങളുടെ വൈഷ്ലോലായി തീരട്ടെ. അങ്ങനെയാണ് എനിക്കു ദൈവത്തെ പ്രാപിക്കാൻ സാധിക്കുക. ഞാൻ ദൈവത്തിന്റെ ഗോതമ്പാണ്. ക്രിസ്തുവിനു് ഒരു പാവനാപൂപം നിർമ്മിക്കാൻ ഞാൻ വന്യമൃഗങ്ങളുടെ ദംഷ്ട്രങ്ങളാൽ പൊടിക്കപ്പെടട്ടെ. 2. വന്യമൃഗങ്ങൾ എന്റെ കല്ലറയാകുവാനും എന്റെ ശരീരത്തിന്റെ ഒരു തരിപോലും അവശേഷിക്കപ്പെടാതിരിപ്പാനും അവയോട്ട നിങ്ങൾ കെഞ്ചി യാചിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. അങ്ങനെ ഞാൻ നിദ്രപ്രാപിച്ചുകഴിയുമ്പോൾ ഞാനാർക്കും ഒരു ഭാരമാകില്ലല്ലോ, എന്റെ ശരീരം പിന്നെ ലോകം കാണാതെയിരിക്കുമ്പോൾ ഞാൻ യേശുമിശിഹായുടെ യഥാർത്ഥ ശിഷ്യനാകും. ഇതുവഴി ഞാൻ ദൈവത്തിന്റെ യാഗമായിത്തീരാൻ നിങ്ങൾ എനിക്കുവേണ്ടി ക്രിസ്തുവിനോട്ട പ്രാർത്ഥിക്കുവിൻ. 3. പത്രോസിനെപ്പോലെയും പൗലൊസിനെപ്പോലെയും അല്ല ഞാൻ നിങ്ങൾക്കു് കല്പനകൾ നല്കുന്നതു്. അവർ ശ്ലീഹന്മാരായിരുന്നു. ഞാനോ ഒരു തടവുകാരൻ. അവർ സ്വതന്ത്രരായിരുന്നു. ഞാനിപ്പോഴും ഒരടിമ. ഞാൻ സഹിച്ചാൽ യേശുമിശിഹായാൽ മോചിതനാകും; അവിടുത്തോട്ട് ഐക്യപ്പെട്ട് സ്വാതന്ത്ര്യത്തിലേക്കു ഞാനുയർത്തപ്പെടും. ഒരു തടവുകാരനായിരിക്കുമ്പോൾതന്നെ എന്റെ അഭിലാഷങ്ങളെ പരിത്യജിക്കുവാൻ ഞാൻ പഠിക്കുകയാണ്.

5. 1. സിറിയായിൽനിന്നു് റോമായിലേക്കുള്ള വഴി മുഴുവൻ, രാപകൽ കടലിലും കരയിലുംവച്ച് ഞാൻ വന്യമൃഗങ്ങളോട്ട് യുദ്ധം ചെയ്യുകയാണ്. നന്നായി പെരുമാറുന്തോറും കൂടുതൽ ക്രുദ്ധരാകുന്ന പത്തു പുള്ളിപ്പുലികളുടെ മദ്ധ്യത്തിൽ ഞാൻ ബന്ധിതനായിരിക്കുകയാണ്. അക്കാരണത്താൽ, ഞാൻ നീതീകരിക്കപ്പെടുന്നില്ലെങ്കിലും (1 കൊരി. 4 : 4) അവരുടെ അനീതിയിൽക്കൂടി ഞാൻ ഒരു നല്ല മനുഷ്യനായിത്തീരുകയാണ്. 2. എന്നെ കാത്തിരിക്കുന്ന വന്യമൃഗങ്ങൾ എന്നെ എത്രമാത്രം ഹർഷ പുളകിതനാക്കില്ല! അവ എനിക്കുവേണ്ടി തയ്യാറായി നില്ക്കുന്നതായി കാണാൻ ഞാൻ പ്രാർത്ഥിക്കുന്നു. എന്നെക്കൊണ്ടു് അവസ്സു കുറച്ചു ജോലിയെ കാണുകയുള്ളു എന്നു ഞാൻ പ്രതീക്ഷിക്കുന്നു. ഭയത്താൽ ചിലപ്പോൾ സംഭവിക്കുന്നതുപോലെനോക്കി അകന്നു നില്ക്കാതെ ഉടനതന്നെ എന്നെ വിഴുങ്ങുവാൻ ഞാൻ അവയെ പ്രേരിപ്പിക്കും. അവ മടിക്കുന്നെങ്കിൽ ഞാനവയെ നിർബന്ധിക്കും. 3. എന്നോട്ട ക്ഷമിക്കുവിൻ. എനിക്കു് നല്ലതെന്തെന്നു് ഞാനറിയുന്നു. ഈ നിമിഷം മുതലാണ് ഞാനൊരു ശിഷ്യനാകുവാൻ തുടങ്ങുന്നതു്. യേശുമിശിഹായിലേക്കുള്ള എന്റെ പാത ഒരുക്കപ്പെടുമ്പോൾ ദൃശ്യാദൃശ്യങ്ങളായ ഒന്നും (കൊളോ. 1:16)

www.malankaralibrary.com



എന്നെ വശീകരിക്കരുത്. അഗ്നിയോ, കുരിശോ, വന്യമൃഗങ്ങളോടുള്ള മല്പിടലോ, അസ്ഥികരം തകർക്കപ്പെടലോ, അവയവങ്ങളെ പിച്ചിച്ചീന്തലോ, ശരീരം മുഴുവൻ തകർക്കപ്പെടലോ, പിശാചിന്റെ ക്രൂരമായ പീഡനങ്ങളോ എന്തും വരട്ടെ. എനിക്കീശോമിശിഹായെ പ്രാപിച്ചാൽ മതി.

6. 1. ഭൂമിയുടെ വിസ്തൃതമായ അതിർത്തികളോ, ഈ ലോകത്തിന്റെ രാജ്യങ്ങളോകൊണ്ട് എനിക്കൊരു പ്രയോജനവുമില്ല. ഭൂമിയുടെ അതിർത്തികരം വരെ ഭരണം നടത്തുന്നതിനെക്കാരം മരിച്ച് യേശുമിശിഹായെ പ്രാപിക്കുവാൻ ഞാനാഗ്രഹിക്കുന്നു. നമുക്കുവേണ്ടി മരിച്ചവനെയാണ് ഞാൻ നോക്കിപ്പാർത്തുകൊണ്ടിരിക്കുന്നത്. നമുക്കുവേണ്ടി ഉയിർത്തെഴുന്നേററവനെയാണ് എനിക്കുവേണ്ടത്. ജനിക്കുന്നതിന്റെ തീവ്രവേദനയിൽക്കൂടി ഞാൻ കടന്നുപോകുകയാണ്. 2. എന്റെ സഹോദരന്മാരേ, എന്നോടു ക്ഷമിക്കുവിൻ, ജീവനിലേക്കുള്ള എന്റെ പ്രയത്നത്തിൽ നിങ്ങരം വിഘ്നതമായി നില്ക്കരുത്. എന്റെ മരണം ആഗ്രഹിക്കരുത്. ദൈവത്തിന്റേതാകുവാൻ ആഗ്രഹിക്കുന്നവനെ ലോകത്തിനു തിരികെ കൊടുക്കരുത്. ഭൗതിക വസ്തുക്കളാൽ എന്നെ വഞ്ചിക്കരുത്. ഞാൻ പ്രഭാപൂരത്തിലേക്കു പ്രവേശിക്കട്ടെ. അവിടെ പ്രവേശിച്ചു കഴിയുമ്പോരം ഞാൻ പൂർണമനുഷ്യനായിത്തീരും. 3. എന്റെ ദൈവത്തിന്റെ പീഡാനുഭവം ഞാനനുകരിക്കട്ടെ. ആരിലെങ്കിലും അവിടുന്ന് ഉണ്ടെങ്കിൽ ഞാൻ കാംക്ഷിക്കുന്നത് അവൻ വിലമതിക്കുകയും ഞാൻ ഏതിൽക്കൂടി കടന്നുപോകുന്നു എന്ന് മനസ്സിലാക്കി എന്നോടു സഹതപിക്കുകയും ചെയ്യട്ടെ.

7. 1. ഈ ലോകത്തിന്റെ പ്രഭു എന്നെ മോഷ്ടിക്കുകയും എന്റെ ദൈവികലക്ഷ്യത്തിൽ നിന്നെന്നെ വ്യതിചലിപ്പിക്കുകയും ചെയ്യാൻ ആഗ്രഹിക്കുന്നു. അവിടെയുള്ള നിങ്ങളാരും അവനെ സഹായിക്കരുത്. പ്രത്യുത എന്റെ വശത്തു് അതായതു് ദൈവത്തിന്റെവശത്തു്, ആയിരിക്കുവിൻ. യേശുമിശിഹായെപ്പററി സംസാരിച്ചിട്ട്, ലോകത്തിൽ നിങ്ങളുടെ ഹൃദയം വയ്ക്കരുത്. 2. ഒരസൂയയും വച്ചുപുലർത്തരുത്. ഞാൻ എത്തിച്ചേർന്നശേഷം മറിച്ചൊരഭ്യർത്ഥന നടത്തിയാൽ എന്നെ നിങ്ങരം ശ്രദ്ധിക്കരുത്. പിന്നെയോ ഇപ്പോരം ഞാൻ എഴുതുന്നതു മാത്രം ശ്രദ്ധിപ്പിൻ. ജീവിച്ചിരിക്കുന്നെങ്കിലും മരിക്കാനുള്ള അടങ്ങാത്ത അഭിവാഞ്ഛയോടെയാണ് ഞാനിതെഴുതുന്നത്. എന്റെ ആഗ്രഹങ്ങരം ക്രൂശിക്കപ്പെട്ടിരിക്കുന്നു[1]. ഭൗതികവസ്തുക്കളോട്യാതൊ

1. ''എന്റെ പ്രേമം ക്രൂശിക്കപ്പെട്ടിരിക്കുന്നു'' എന്ന് ഒരിജൻ ഈ ഭാഗം വായിക്കുന്നു. ഉത്തമഗീതഭാഷ്യം, ആമുഖം: cf, ജി. ചേടിയത്തു് പേ. 15.

www.malankaralibrary.com



രു പ്രതിപത്തിയും എനിക്കില്ല. 'പിതാവിലേക്കടുക്കുക' എന്ന് എന്നോടു നിരന്തരം സംസാരിക്കുന്ന സജീവജലം എന്റെ ഉള്ളിൽ ഉണ്ട് (യോഹ. 4:20; 7:38). 3. ഈ ജീവിതത്തിലെ സുഖഭോഗവസ്തുക്കളിലോ മലിനമാകുന്ന ഭക്ഷണത്തിലോ എനിക്കൊരാഹ്ളാദവുമില്ല. ദാവീദിന്റെ വംശത്തിൽനിന്ന് ഉദിച്ച ക്രിസ്തുവിന്റെ ശരീരമായ ദൈവിക അപ്പമാണ് (യോഹ. 6:33) എനിക്കു വേണ്ടത്. എനിക്കു കുടിക്കാൻ അവിടുത്തെ രക്തവും അതു നിശ്ചയമായും അമർത്ത്യ സ്നേഹത്തിന്റെ പൊരുളുംതന്നെ!

8. 1. വെറും മാനുഷികതലത്തിൽ ഇനിമേൽ നിലകൊള്ളാൻ ഞാനാഗ്രഹിക്കുന്നില്ല; നിങ്ങൾക്കു വേണമെങ്കിൽ അങ്ങനെയാകാം; നിങ്ങൾ സ്വീകൃതരാകാൻ അപ്രകാരംതന്നെ ഇച്ഛിക്കണം. 2. ചെറിയൊരു കത്താണ് എന്റേതെങ്കിലും എന്നെ വിശ്വസിക്കുവാൻ ഞാനപേക്ഷിക്കുന്നു. ഞാൻ സത്യം പറയുന്നു എന്ന് യേശുമിശിഹാ നിങ്ങൾക്കു വ്യക്തമാക്കും. അവിടുത്തെ അധരങ്ങളിൽ വഞ്ചനയില്ല. പിതാവ് അവിടുന്നുവഴി സംസാരിച്ചു. 3. ഞാൻ ജയം നേടുവാൻ എനിക്കുവേണ്ടി പ്രാർത്ഥിക്കുവിൻ. മാനുഷിക വികാരങ്ങളാലല്ല, ദൈവേച്ഛയാൽ പ്രേരിതനായിട്ടാണ് ഞാനിതെഴുതുന്നത്. ഞാൻ കഷ്ടപ്പെട്ടാൽ അതു നിങ്ങൾക്കെന്നോടുള്ള താത്പര്യംകൊണ്ടാണ് എന്നു ഞാൻ കണക്കാക്കും.

9. 1. സിറിയായിലെ സഭയെ നിങ്ങളുടെ പ്രാർത്ഥനകളിൽ അനുസ്മരിക്കുവിൻ. എന്റെ സ്ഥാനത്തു ദൈവം അവയ്ക്കിടയനായുണ്ട്. യേശുമിശിഹാമാത്രം—അവിടുന്നും നിങ്ങളുടെ സ്നേഹവും—അവരെ പരിപാലിക്കും. 2. അവരിലൊരുവനെന്ന് എണ്ണപ്പെടുന്നതിൽ ഞാൻ ലജ്ജിക്കുന്നു. കാരണം, ഞാനവരിൽ അവസാനത്തവനും അകാലപ്രജയുമായതിനാൽ അത് അർഹിക്കുന്നില്ല, എങ്കിലും ഞാനെന്തെങ്കിലും ആണെങ്കിൽ, അതു ദൈവത്തിന്റെ കൃപയാലാണ്. അങ്ങനെയെങ്കിൽ, ഞാൻ ദൈവത്തെ പ്രാപിക്കും. 3. ഹൃദയപൂർവം ഞാൻ നിങ്ങൾക്കു മംഗളം നേരുന്നു! എന്നെ സ്വാഗതം ചെയ്ത സഭകളും വെറുമൊരു വഴിപോക്കനെയെന്നവണ്ണമല്ല, പിന്നെയോ യേശുമിശിഹായുടെ നാമത്തിൽ, അവരുടെ സ്നേഹം അയയ്ക്കുന്നു! സ്വാഭാവികമായി എന്റെ യാത്രയുടെ വഴിയിലില്ലാത്തവരും വിവിധ പട്ടണങ്ങളിൽ സ്വീകരണങ്ങൾ സംഘടിപ്പിക്കുവാൻ എനിക്കു മുമ്പേ പോകുകയുണ്ടായി.

10. 1. സ്തുത്യർഹരായ എഫേസോസുകാർ വഴി സ്മിർണയിൽനിന്ന് ഈ കത്ത് നിങ്ങൾക്കയയ്ക്കുന്നു. ഏററം പ്രിയപ്പെട്ട ക്രോക്കോസ് മററനേകരോടുകൂടെ എന്നോടൊത്തുണ്ട്. 2. ദൈവമഹത്വത്തിനായി എനിക്കുമുമ്പേ റോമിലേക്കുപോയ

www.malankaralibrary.com



വരുമായി നിങ്ങൾ പരിചയപ്പെട്ടു കാണുമെന്നു ഞാൻ കരുതുന്നു. ഞാനും സമീപസ്ഥനാണെന്ന് അവരോടു പറയുവിൻ. അവരെല്ലാം ദൈവമനുഷ്യരും നിങ്ങൾക്ക് അഭിമാനവുമാണ്. നിങ്ങൾ അവർക്കെല്ലാം വേണ്ട സഹായം നൽകണം. 3. ആഗസ്റ്റ് മാസം ഇരുപത്തിനാലിനാണ് നിങ്ങൾക്ക് ഈ കത്ത് എഴുതുന്നത്. അഭിവാദനങ്ങൾ! യേശുമിശിഹായുടെ ക്ഷമയിൽ അന്ത്യംവരെ ഉറച്ചുനിൽക്കുവിൻ!

www.malankaralibrary.com

# V. ഫിലാഡെൽഫിയാക്കാർക്ക് എഴുതിയ ലേഖനം

തെയോഫൊറസ് എന്നും വിളിക്കപ്പെടുന്ന ഇഗ്നേഷ്യസ്: ഏഷ്യായിൽ ഫിലാഡെൽഫിയയിലെ സഭയ്ക്ക്: പിതാവായ ദൈവത്തിൻെറയും കർത്താവായ യേശുമിശിഹായുടെയും സഭയ്ക്ക്: യേശുമിശിഹായുടെ രക്തത്തിൽ ആശംസകൾ! ദിവ്യാനുഗ്രഹപാത്രവും ദിവ്യയോജിപ്പിൽ ഉറപ്പായി തുന്നിച്ചേർക്കപ്പെട്ട വസ്ത്രവും ആയ നമ്മുടെ കർത്താവിൻെറ പീഡാനുഭവത്തിൽ അത്യഗാധവും സ്ഥിരം നിലനിൽക്കുന്നതുമായ ആമോദമുള്ളവരാണ് നിങ്ങൾ. അവിടുത്തെ സീമാതീതമായ കൃപയിൽ അവിടുത്തെ ഉയിർപ്പിനെപ്പററി പൂർണമായി ബോദ്ധ്യം വന്നവരുമാണ് നിങ്ങൾ! നിത്യവും ശാശ്വതവുമായ സന്തുഷ്ടിയുടെ മൂർത്തീമത്ഭാവം തന്നെയാണ് നിങ്ങൾ! നിങ്ങൾ മെത്രാനോടും വൈദികരോടും ശെമ്മാശ്ശന്മാരോടും യേശുമിശിഹായുടെ തിരുവിഷ്ടത്താൽ നിയമിക്കപ്പെട്ടവരോടും യോജിച്ചിരുന്നതിനാൽ ഇതു പ്രത്യേകമായി ശരിയാണ്. തൻെറ പരിശുദ്ധാത്മാവിനാലും തൻെറ തിരുവിഷ്ടത്താലും അവിടുന്ന് അവരുടെ നിയമനം അംഗീകരിച്ചു.

1. 1. നിങ്ങളുടെ മെത്രാൻ തൻെറ ശുശ്രൂഷ സ്വപ്രയത്നത്താലോ, മനുഷ്യരിൽനിന്നോ സമ്പാദിച്ചതല്ലഎന്ന് എനിക്ക് നന്നായറിയാം. പൊതുനന്മയ്ക്കായി അദ്ദേഹം വഹിക്കുന്ന ഈ ഉദ്യോഗം അദ്ദേഹത്തിൻെറ സ്വാർത്ഥതയെ പ്രീതിപ്പെടുത്താനുള്ളതുമല്ല. അദ്ദേഹം കർത്താവായ യേശുമിശിഹായുടെയും പിതാവായ ദൈവത്തിൻെറയും സ്നേഹത്തോട് അതിനു കടപ്പെട്ടിരിക്കുന്നു. അദ്ദേഹത്തിൻെറ ഹൃദ്യമായ പെരുമാററത്തിൽ ഞാൻ അത്ഭുതപ്പെട്ടുപോയി. മററുള്ളവരുടെ വ്യർഥാലാപത്തെക്കാൾ അദ്ദേഹത്തിൻെറ മൗനം ഏറെ ഗുണപ്രദമാണ്. 2. ചരടുകൾ കിന്നരത്തോടെന്നവണ്ണം അദ്ദേഹം ദൈവകല്പനകളോടു പൂർണ്ണമായും ബന്ധിതനാണ്. അതുകൊണ്ടു ദൈവത്തിൽ ഉറപ്പിക്കപ്പെട്ട അദ്ദേഹത്തിൻെറ നിശ്ചയദാർഢ്യത്തെ ഞാൻ അനുഗ്രഹി

www.malankaralibrary.com



ക്കുന്നു. അദ്ദേഹം എപ്രകാരം സുകൃതവാനും, ശാന്തനും, മാധുര്യമേറിയ ദൈവികമാർഗത്തിൽ ജീവിതം കരുപ്പിടിപ്പിച്ചവനും ആണെന്നു ഞാൻ അറിയുന്നു.

2. 1. നിങ്ങൾ സത്യപ്രകാശത്തിൻെറ സന്താനങ്ങളാകയാൽ ശീശ്മയിൽനിന്നും അബദ്ധ പ്രബോധനങ്ങളിൽനിന്നും അകന്നു മാറുവിൻ. ഇടയനെവിടെയോ, അവിടേയ്ക്കാണ് ആടുകളായ നിങ്ങൾ പോകേണ്ടതു്. (യോഹ. 10:7; മത്താ. 7:15) 2. ദൈവികമായ ഓട്ടം ഓടുന്ന ആടുകളെ ദുഷ്ടമായ സന്തോഷങ്ങളാൽ പിടിക്കുന്ന കപടധാരികളായ ചെന്നായ്ക്കൾ വളരെയുണ്ട്. എന്നാൽ നിങ്ങൾ യോജിച്ചിരുന്നാൽ അവർക്കൊരു വിജയവും ഉണ്ടാവില്ല.

3. 1. യേശുമിശിഹാ ഉഴാത്ത നിലത്തു വളരുന്ന വിഷമുള്ളുകളിൽനിന്നു് അകന്നു മാറുവിൻ. അവ പിതാവിൻെറ കൃഷിയല്ല. നിങ്ങളുടെ ഇടയിൽ ഞാൻ ശീശ്മ ദർശിക്കുന്നതുകൊണ്ടല്ല ഇപ്രകാരം എഴുതുന്നതു്. അവിടെ ഒരു ശുദ്ധീകരണം ഉണ്ടായി എന്നു ഞാൻ കാണുന്നു. 2. ദൈവത്തിൻെറയും യേശുമിശിഹായുടെയും ആളുകൾ മെത്രാൻെറ പക്ഷത്താണ്; അനുതപിക്കുന്നവരെല്ലാം സഭൈക്യത്തിൽ പ്രവേശിക്കുകയും ദൈവത്തിൻെറതായിരിക്കുകയും, യേശുമിശിഹായ്ക്കു് സ്വീകാര്യമായി ജീവിക്കുകയും ചെയ്യും. 3. എൻെറ സഹോദരന്മാരേ, നിങ്ങൾക്കു് വഴി തെററേണ്ട. ശീശ്മക്കാരോടു ചേരുന്നവൻ ദൈവരാജ്യം അവകാശപ്പെടുത്തുകയില്ല. പാഷണ്ഡതയുടെ പാതയിൽ ചരിക്കുന്നവൻ, പീഡാനുഭവത്തോടു് അനുകമ്പ ഇല്ലാത്തവനാണ്.

4. ഒരേ കുർബ്ബാനയിൽ പങ്കെടുപ്പാൻ ശ്രമിപ്പിൻ. എന്തെന്നാൽ വൈദികസമൂഹത്തോടും എൻെറ സഹപ്രവർത്തകരായ ശെമ്മാശ്ശന്മാരോടും കൂടെ ഒരു മെത്രാനെന്നപോലെ നമ്മുടെ കർത്താവായ യേശുമിശിഹായുടെ ശരീരവും, നമ്മെ ഒന്നാക്കിത്തീർക്കുന്ന രക്തത്തിൻെറ കാസായും, അൾത്താരയും ഏകമാണ്.

5. 1. എൻെറ സഹോദരന്മാരേ, എനിക്കു് നിങ്ങളോടുള്ള അളവററ സ്നേഹത്താൽ നിങ്ങളെ കരുതലുള്ളവരായി നിർത്തുന്നതിൽ ഞാൻ, ഞാനല്ല യേശുമിശിഹാ, ആനന്ദനിർവൃതി കൊള്ളുന്നു. അവിടുത്തേക്കു വേണ്ടി തടവുകാരനായിരിക്കുക എന്നതു് എന്നെ കൂടുതൽ ഭീതിപ്പെടുത്തുന്നു. കാരണം, ഞാനിപ്പോഴും പൂർണതയിൽനിന്നു വളരെ അകലെയാണ്. എന്നാൽ നിങ്ങളുടെ പ്രാർത്ഥന ദൈവമുമ്പാകെ എന്നെ പൂർണനാക്കും. യേശുമിശിഹായുടെ ശരീരത്തിലെന്നവണ്ണം സുവിശേഷത്തിലും സഭയുടെ വൈദികസമൂഹത്തിലെന്നവണ്ണം നടപടിയിലും അഭയം തേടുന്നതു വഴി എനിക്കായി ദയാപൂർവ്വം മാററിവച്ചിരിക്കുന്ന

www.malankaralibrary.com



പങ്കു ഞാൻ പ്രാപിക്കും. 2. പ്രവാചകരെയും നമുക്ക് സ്നേഹിക്കാം. കാരണം അവരുടെ പ്രസംഗങ്ങളിൽ സുവിശേഷത്തെ അവർ മുൻകൂട്ടി കണ്ടു. അവർ അവിടുത്തെ പ്രതീക്ഷിക്കുകയും കാത്തിരിക്കുകയും ചെയ്തു. അവനിൽ ആശ്രയിച്ച് അവർ രക്ഷ പ്രാപിക്കുകയും ചെയ്തു. ഇങ്ങനെ അവരും യേശുമിശിഹായുടെ ഐക്യത്തിലായിരുന്നു. 3. സ്നേഹം നിറഞ്ഞവരും ആശ്ചര്യപ്രദായകരുമായ വിശുദ്ധർ! യേശുമിശിഹാ അവരെപ്പററി സാക്ഷ്യപ്പെടുത്തിയിരിക്കുന്നു; നമ്മുടെ പൊതുപ്രത്യാശയായ സുവിശേഷത്തിന്റെ യഥാർത്ഥ ഭാഗമാണ് അവരുടെ സന്ദേശം.

6. 1. ആരെങ്കിലും യഹൂദമതം നിങ്ങളോടു പ്രസംഗിച്ചാൽ അയാളെ കേൾക്കരുത്. പരിച്ഛേദനക്കാരിൽ ഒരുവനിൽ നിന്ന് ക്രിസ്തുമതത്തെപ്പററി കേൾക്കുന്നതാണ് അഗ്രചർമ്മിയിൽ നിന്നു യൂദമതത്തെപ്പററി കേൾക്കുന്നതിനെക്കാൾ നല്ലത്. എന്നാൽ ഇരുവരും യേശുമിശിഹായെപ്പററി സംസാരിക്കുന്നതിൽ പരാജയപ്പെട്ടാൽ അവർ മനുഷ്യനാമങ്ങൾ എഴുതപ്പെടുന്ന കല്ലറമൂടികളോ മരിച്ചവരുടെ ശവക്കുഴികളോ ആയിരിക്കും. 2. അതുകൊണ്ട് ഈ ലോകപ്രഭുവിന്റെ ദുഷിച്ച കെണികളിൽ നിന്ന് ഓടിയകലുവിൻ. അവന്റെ പ്രേരണകൾ നിങ്ങളെ ക്ഷീണിപ്പിക്കുകയോ, സ്നേഹത്തിൽ ചഞ്ചലപ്പെടുകയോ ചെയ്യാതിരിപ്പാൻ ഒരേ മനസ്സോടെ ഒന്നിച്ചു കൂടുവിൻ. 3. നിങ്ങളോടുള്ള ബന്ധത്തിൽ എനിക്കൊന്നും ലജ്ജിക്കുവാനില്ല എന്നതിൽ എന്റെ ദൈവത്തിനു നന്ദി പറയുന്നു. ഞാൻ നിങ്ങൾക്കാർക്കെങ്കിലും നിസ്സാര കാര്യത്തിലോ ഗൗരവമേറിയതിലോ അല്ലെങ്കിലും ഭാരമായിരുന്നു[2] എന്ന് രഹസ്യമായോ പരസ്യമായോ ആർക്കും ദോഷാരോപണം ചെയ്യാൻ സാധ്യമല്ല. ഞാൻ സംസാരിച്ചവ വിമർശനമായി ആരും എടുക്കേണ്ട ആവശ്യവും ഇല്ല എന്നു ഞാൻ അപേക്ഷിക്കുന്നു.

7. 1. മാനുഷിക രീതിയിൽ എന്നെ വഴിതെററിക്കാൻ ചിലർ ആഗ്രഹിച്ചു. എന്നാൽ അരൂപി ദൈവത്തിൽനിന്നു വരുന്നതിനാൽ വഴി തെററുന്നില്ല. കാരണം അവിടുന്ന് എവിടെനിന്ന് വരുന്നെന്നും എവിടേയ്ക്കു പോകുന്നെന്നും അവിടുന്നറിയുന്നു.[3] അത് രഹസ്യങ്ങളെല്ലാം വെളിപ്പെടുത്തുന്നു. ഞാൻ നിങ്ങളോടൊപ്പം ആയിരുന്നപ്പോൾ എന്റെ ശബ്ദമുയർത്തി വിളിച്ചു പറഞ്ഞു-അത് ദൈവസ്വരമായിരുന്നു-'മെത്രാനെയും, വൈദികഗണത്തെയും ശെമ്മാശ്ശന്മാരെയും അനുസരിപ്പിൻ'. 2. നിങ്ങളിൽ ചിലർ ശീശ്മക്കാരാണെന്ന് എന്നോട് പറയപ്പെട്ടതിനാലാണ് ഞാൻ ഇപ്രകാരം പറഞ്ഞതെന്നു ചിലർ യഥാർത്ഥത്തിൽ സംശയിച്ചു. എന്നാൽ ആരുടെ നാമത്തിൽ ഞാൻ തടവു

www.malankaralibrary.com



കാരനായിരിക്കുന്നുവോ, അവിടുത്തെ നാമത്തിൽ ഞാൻ സത്യം പറയുന്നു: യാതൊരു മാനുഷിക വഴിയിലൂടെയുമല്ല ഞാനതു് ഗ്രഹിച്ചതു്. ഈ വാക്കുകളിൽ നിരന്തരം പ്രസംഗിച്ചുകൊണ്ടിരുന്നതു് അരൂപിയാണു്: 'മെത്രാനെക്കൂടാതെ ഒന്നുംതന്നെ ചെയ്യരുതു്.' ദൈവത്തിൻെറ ആലയങ്ങളായി നിങ്ങളുടെ ശരീരങ്ങളെ സൂക്ഷിക്കുവിൻ; ഐക്യത്തെ വിലമതിക്കുവിൻ; ശീശ്മയിൽനിന്നോടിയകലുവിൻ. യേശുമിശിഹാ ചെയ്തതുപോലെ ചെയ്‌വിൻ: പിതാവു് ചെയ്തതുപോലെ അവിടുന്നു പ്രവർത്തിച്ചു.

8. 1. ഐക്യത്തിനായി സമർപ്പിക്കപ്പെട്ടിരിക്കുന്ന ഒരുവനെപ്പോലെ എൻെറ കഴിവനുസരിച്ചു് പ്രവർത്തിച്ചു. ശീശ്മയും ദുർവികാരങ്ങളും ഉള്ളിടത്തു് ദൈവത്തിനു സ്ഥാനമില്ല. അനുതപിക്കുന്ന എല്ലാവരോടും, അതായതു് അനുതാപം അവരെ ദൈവികമായ ഐക്യത്തിലേക്കും മെത്രാൻെറ സന്നിധിയിലേക്കും കൊണ്ടുവരുന്നെങ്കിൽ, നാഥൻ ക്ഷമിക്കുന്നു. യേശുമിശിഹായുടെ കൃപാവരത്തിൽ ഞാനെൻെറ ആശ്രയം വയ്ക്കുന്നു. അവിടുന്നു നിങ്ങളെ എല്ലാവിധ ബന്ധനങ്ങളിൽനിന്നും മോചിപ്പിക്കും. 2. നിങ്ങൾ കക്ഷി തിരിഞ്ഞു് ഒന്നും ചെയ്യാതെ, ക്രിസ്തുവിൻെറ പ്രബോധനാനുസരണം വ്യാപരിക്കുവാൻ ഞാൻ നിങ്ങളെ ഉദ്ബോധിപ്പിക്കുന്നു. ചിലർ പറയുന്നതു കേട്ടു: 'ഔദ്യോഗിക രേഖകളിൽ കാണുന്നില്ലെങ്കിൽ, പ്രസംഗിക്കപ്പെട്ടതിൽ ഞാൻ വിശ്വസിക്കുന്നില്ല.' അപ്പോൾ ഞാൻ മറുപടി കൊടുത്തു: 'എന്നാലതു് അവിടെ എഴുതപ്പെട്ടിട്ടുണ്ടല്ലോ.' അവർ തിരിച്ചടിച്ചു: 'അതാണു് യഥാർത്ഥ പ്രശ്നം.' എനിക്കു് യേശുമിശിഹായാണു് ഔദ്യോഗിക രേഖ. അലംഘനീയമായ രഹസ്യരേഖ അവിടുത്തെ കുരിശുമരണവും, ഉയിർപ്പും അവനിലൂടെ കൈവന്ന വിശ്വാസവുമാണു്. ഇവയാലും നിങ്ങളുടെ പ്രാർത്ഥനകളാലുമത്രേ ഞാൻ നീതീകരിക്കപ്പെടേണ്ടതു്.

9. 1. പഴയനിയമ പുരോഹിതന്മാർ ശ്രേഷ്ഠരത്രേ. എന്നാൽ അതിവിശുദ്ധ സ്ഥലത്തിൻെറ ചുമതല ഏല്പിക്കപ്പെട്ടിരിക്കുന്ന മഹാപുരോഹിതനായ ക്രിസ്തു അതിശ്രേഷ്ഠനാണു്. ദൈവിക രഹസ്യങ്ങൾ തനിക്കു മാത്രമാണു് ഭരമേല്പിക്കപ്പെട്ടതു്; അവിടുന്നാണു് പിതാവിലേക്കുള്ള വാതിൽ (യോഹ.10: 7–9). അതിലൂടെ അബ്രഹാം, ഇസഹാക്കു്, പ്രവാചകന്മാർ, ശ്ലീഹന്മാർ എന്നിവരും സഭയും പ്രവേശിക്കുന്നു. ഇവരെല്ലാം ദൈവത്തിൻെറ ഐക്യത്തിലേക്കു് പ്രവേശിച്ചു. 2. എന്നാൽ സുവിശേഷത്തിനൊരു പ്രത്യേക സ്ഥാനമുണ്ടു്—നമ്മുടെ രക്ഷകനായ യേശുമിശിഹായുടെ വരവു്, പീഡാനുഭവം, ഉയിർപ്പു്–

www.malankaralibrary.com



പ്രിയങ്കരരായ പ്രവാചകന്മാർ അവിടുത്തെ ആഗമനം വിളിച്ചറിയിച്ചു; എന്നാൽ സുവിശേഷമാണ് അനശ്വരമായ പൂർത്തീകരണം. നിങ്ങളുടെ വിശ്വാസം സ്നേഹത്തിൽ അധിഷ്ഠിതമെങ്കിൽ എല്ലാ വസ്തുക്കളും ഒരുപോലെ നല്ലതുതന്നെ.

10. 1. നിങ്ങളുടെ പ്രാർത്ഥനയാലും നിങ്ങൾക്ക് യേശുമിശിഹായിൽ എന്നോടുള്ള സ്നേഹത്താലും, സിറിയായിൽ അന്ത്യോക്യയിലെ സഭയിൽ സമാധാനമാണെന്ന വാർത്ത എനിക്ക ലഭിച്ചു. ഈ സാഹചര്യത്തിൽ ദൈവത്തിന്റെ സഭയെന്നുള്ള നിലയ്ക്ക് നിങ്ങളെല്ലാവരും ഒരു ശെമ്മാശനെ തെരഞ്ഞെടുത്ത് ദൈവത്തിന്റെ പ്രതിനിധിയായി അവിടേയ്ക്കയയ്ക്കുക. അയാൾ ഒരു പൊതുചടങ്ങിൽ അവരെ അഭിനന്ദിക്കുകയും നാമത്തെ മഹത്വപ്പെടുത്തുകയും ചെയ്യുക എന്നത് ഒരു നല്ലകാര്യമായിരിക്കും. 2. ഈ സേവനത്തിന് ഭാഗ്യം ലഭിക്കുന്നവൻ യേശുമിശിഹായിൽ ഭാഗ്യവാനാകുന്നു. നിങ്ങളും മഹത്വീകരിക്കപ്പെടും. ദൈവമഹത്വത്തിനായി ഇതു ചെയ്യുവാൻ യഥാർത്ഥമായി നിങ്ങൾ ആഗ്രഹിക്കുന്നുവെങ്കിൽ അത് അസാധ്യമായ കാര്യമല്ല. അടുത്തുള്ള സഭകൾ ഇതിനകം മെത്രാന്മാരെ അയച്ചുകഴിഞ്ഞു; മറ്റു ചിലർ വൈദികരെയും ശെമ്മാശ്ശന്മാരേയും.

11. 1. ഇനിയും കിലിക്യയിൽനിന്നുള്ള ശെമ്മാശ്ശനായ ഫീലോയെപ്പററി: നന്നായിട്ടാണ് എല്ലാവരും അവനെപ്പററി സംസാരിക്കുന്നത്. ഈ ലോകത്തോട് യാത്രപറഞ്ഞ്, സിറിയാ മുതൽ എന്നെ അനുയാത്ര ചെയ്യുന്ന തെരഞ്ഞെടുക്കപ്പെട്ടവനായ റേവൂസ് അഗതോപുസിനോടുകൂടി ദൈവകാര്യത്തിനുവേണ്ടി അയാൾ എന്നെ സഹായിച്ചുകൊണ്ടിരിക്കുകയാണ്. അവരിരുവരും നിങ്ങളെപ്പററി നന്നായി സംസാരിക്കുന്നു. നമ്മുടെ കർത്താവിനോടെന്നവണ്ണം നിങ്ങൾ അവരെ സ്വീകരിച്ചതിനാൽ ഞാൻ ദൈവത്തിനു നന്ദി പറയുന്നു. അവരെ നിന്ദിച്ചവർ യേശുമിശിഹായുടെ കൃപാവരത്താൽ രക്ഷ പ്രാപിക്കട്ടെ എന്ന് ഞാൻ ആശിക്കുന്നു. 2 ത്രോവാസിലുള്ള സഹോദരന്മാർ അവരുടെ സ്നേഹവും ആശംസകളും നിങ്ങൾക്ക് അയയ്ക്കുന്നു. ബൂറുസ് വഴി അവിടെനിന്നാണ് ഞാനീ കത്തയയ്ക്കുന്നത്. എഫേസോസുകാരും സ്മിർണക്കാരും അയാളെ എന്റെകൂടെ അയച്ചുകൊണ്ട് എന്നെ ബഹുമാനിച്ചു. അതിനുപകരം യേശുമിശിഹാ അവരേയും ബഹുമാനിക്കും. ശരീരത്തിലും ആത്മാവിലും, അരൂപിയിലും വിശ്വാസത്തിലും സ്നേഹത്തിലും ഏകമനസ്സിലും ഉള്ള പ്രത്യാശ യേശുമിശിഹായിലാണ് അവർ വച്ചിരിക്കുന്നത്. നമ്മുടെ പൊതു പ്രത്യാശയായ യേശുമിശിഹായിൽ ആശംസകൾ!

www.malankaralibrary.com

# VI. സ്മിർണാക്കാർക്കു് എഴുതിയ ലേഖനം

തെയോഫൊറസ് എന്നും വിളിക്കപ്പെടുന്ന ഇഗ്നേഷ്യസ്: ഏഷ്യയിൽ സ്മിർണയിലുള്ള സഭയ്ക്കു്, പിതാവായ ദൈവത്തിന്റെയും പ്രിയംകരനായ യേശുമിശിഹായുടെയും സഭയ്ക്കു്: ദൈവ വചനത്തിലും പൂർണ ആത്മാർത്ഥതയിലും ഹൃദയംഗമമായ ആശംസകൾ! ദൈവകൃപയാൽ നിങ്ങൾ എല്ലാ ദാനങ്ങളും സ്വീകരിച്ചവരാണ്; നിങ്ങൾ സ്നേഹത്തിലും വിശ്വാസത്തിലും വർദ്ധിച്ചിരിക്കുന്നു; നിങ്ങൾ ഒരു ദാനത്തിലും കുറവുള്ളവരുമല്ല; നിങ്ങൾ ദൈവത്തിനും, തന്റെ വിശുദ്ധർക്കും ഒരു വലിയ നേട്ടം തന്നെയാണ്.

1. 1_2. നിങ്ങൾക്കു് ധാരാളം ജ്ഞാനംതന്ന ദൈവമായ യേശുമിശിഹായെ ഞാൻ പുകഴ്ത്തുന്നു. കുലുങ്ങാത്ത വിശ്വാസത്താൽ ഉറപ്പിക്കപ്പെട്ടവരും കർത്താവായ യേശുമിശിഹായുടെ കുരിശിനോടു് ആത്മശരീരങ്ങളോടെ ബന്ധിതരും യേശുമിശിഹായുടെ രക്തത്താൽ സ്നേഹത്തിൽ വേരുറപ്പിക്കപ്പെട്ടവരുമാണ് നിങ്ങളെന്നു് ഞാൻ കണ്ടിരിക്കുന്നു. നമ്മുടെ കർത്താവിനെ സംബന്ധിച്ച്: മാനുഷികവശത്തു് അവിടുന്നു യഥാർത്ഥമായി ദാവീദിന്റെ വംശത്തിൽനിന്നു് ഉണ്ടായി എന്നും (റോമ.1:3-4) ദൈവത്തിന്റെ ഇഷ്ടത്താലും അധികാരത്താലും യഥാർത്ഥമായി ദൈവപുത്രനാണെന്നും സത്യമായി എല്ലാ നീതിയും പൂർത്തീകരിക്കപ്പെടുവാനായി (മത്ത.3:5) അവിടുന്നു് കന്യകയിൽനിന്നു പിറന്നെന്നും, യോഹന്നാനാൽ സ്നാനപ്പെട്ടെന്നും പൊന്തിയോസു് പീലാത്തോസിന്റെയും നാലാം ക്ഷേത്രാധികാരി ഹേറോദിന്റെയും കാലത്തു് നമുക്കുവേണ്ടി ശരീരത്തിൽ സത്യമായി ക്രൂശിതനായെന്നും നിങ്ങൾ ഉറപ്പായി വിശ്വസിക്കുന്നവരാണ്. അവിടുത്തെ കഷ്ടാനുഭവത്തിൽനിന്നുണ്ടായ ഫലമാണു് നാം. തന്റെ സഭയാകുന്ന ഏക ശരീരത്തിൽ യൂദന്മാരുടെയും വിജാതികളുടെയും ഇടയിലുള്ള വിശുദ്ധരെയും വിശ്വാസികളെയും എന്നേക്കുമായി അണിനിരത്താൻ അവിടുത്തെ ഉയിർപ്പാൽ അവിടുന്നു പതാക ഉയർത്തി. (ഏശ.5;26;11.12).

www.malankaralibrary.com



2. നമുക്കുവേണ്ടി, നമ്മെ രക്ഷിക്കുവാൻവേണ്ടി ആണ് ക്രിസ്തു ഇവയെല്ലാം സഹിച്ചത്. അവിടുന്നു യഥാർത്ഥമായി കഷ്ടപ്പെട്ടതുപോലെ സത്യമായി ഉയിർത്തെഴുന്നേററു. ചില അവിശ്വാസികൾ ജല്പിക്കുന്നതുപോലെ പീഡാനുഭവം ഒരു കാപട്യമല്ല. അവരാണ് വാസ്തവത്തിൽ നാട്യക്കാർ. അവരുടെ വിധി, അവരുടെ ചാപല്യത്തിനനുസരിച്ചായിരിക്കും. അവർ ഭൂതങ്ങളായും പിശാചുക്കളായും തീരും!

3. 1. ഉയിർപ്പിനുശേഷവും ക്രിസ്തു ശരീരത്തിലായിരുന്നു എന്നു ഞാൻ വിശ്വസിക്കുകയും ഉറപ്പായി കരുതുകയും ചെയ്യുന്നു. 2. അവിടുന്നു പത്രോസിന്റെയും അവന്റെ സുഹൃത്തുക്കളുടേയും പക്കലെണഞ്ഞപ്പോൾ അവരോട് പറഞ്ഞു: 'എന്നെ പിടിച്ചു നോക്കുവിൻ, സ്പർശിക്കുവിൻ, ഞാൻ ശരീരശൂന്യനായ ഭൂതമല്ലെന്നു കാണുവിൻ (ലൂ 24:30-43). അവരുടനെ അവനെ സ്പർശിക്കുകയും അതുവഴി അവനിൽ ഉറപ്പായി വിശ്വസിക്കുകയും ചെയ്തു. ഇക്കാരണത്താൽ അവർ മരണത്തെ അവഹേളിക്കുകയും അതിന്റെ ജേതാക്കളായിത്തീരുകയും ചെയ്തു. അരൂപിയിൽ പിതാവിനോട് യോജിച്ചിരുന്നെങ്കിലും ഉയിർപ്പിനുശേഷം ആത്മാവും ശരീരവുമുള്ള ഒരു യഥാർത്ഥ മനുഷ്യനെപ്പോലെ അവൻ അവരോടൊത്ത് ഭക്ഷിക്കുകയും കുടിക്കുകയും ചെയ്തു (നടപടി 10:41).

4. 1. എന്റെ സുഹൃത്തുക്കളേ, നിങ്ങളെന്നോടു യോജിക്കുമെന്ന് എനിക്ക് നന്നായി അറിയാമെങ്കിലും, നിങ്ങളെ ഈ കാര്യങ്ങൾ ഉത്ബോധിപ്പിക്കുന്നു. മനുഷ്യരൂപത്തിൽ ഉള്ള ക്രൂരമൃഗങ്ങൾക്കെതിരായി നിങ്ങൾക്കു മുന്നറിയിപ്പു തരികയാണ്. അവരെ സ്വീകരിക്കരുതെന്നു മാത്രമല്ല, സാധ്യമെങ്കിൽ അവരെ കാണുന്നതിൽനിന്നുതന്നെ ഒഴിഞ്ഞുമാറുക. കഠിനരായ അവർ എങ്ങനെയും അനുതപിക്കാൻ അവർക്കുവേണ്ടി പ്രാർത്ഥിക്കുക മാത്രം ചെയ്ക. പ്രയാസമായ കാര്യമാണിത്. എന്നാൽ നമ്മുടെ യഥാർത്ഥജീവനായ യേശുമിശിഹായ്ക്ക് അതിനു കഴിവുണ്ട്. 2. നമ്മുടെ കർത്താവു ചെയ്തതു നാട്യമായിരുന്നെങ്കിൽ, എന്റെ വിലങ്ങുകളും അപ്രകാരംതന്നെ. ഞാൻ പിന്നെ എന്തിന് എന്നെത്തന്നെ മരണത്തിനും, അടിക്കും, വാളിനും; വന്യമൃഗങ്ങൾക്കും ഏല്പിച്ചുകൊടുത്തു? വാളിനടുത്തെന്നാൽ, ദൈവത്തിനടുത്തെന്നാണ്; വന്യമൃഗങ്ങളുടെ ദംഷ്ട്രങ്ങൾക്കിടയിലെന്നാൽ ദൈവത്തോടുകൂടെ എന്നാണ്. എന്നാൽ ഇവയെല്ലാം യേശുമിശിഹായുടെ നാമത്തിലായിരിക്കണമെന്നുമാത്രം. പരിപൂർണമനുഷ്യനായിത്തീർന്നവൻ എനിക്കു ശക്തി തരുമെങ്കിൽ അവിടുത്തെ പീഡാനുഭവത്തിൽ പങ്കുകാരനാകാൻ ഞാനീ വകയിലെല്ലാംകൂടി കടന്നുപോകുന്നു.

www.malankaralibrary.com



5. 1. എന്നാൽ ചിലർ അവരുടെ അജ്ഞതയാൽ ക്രിസ്തുവിനെ നിഷേധിച്ചു പറയുന്നു; അവർ സത്യത്തേക്കാളം മരണം പ്രചരിപ്പിക്കുന്നതിനാൽ അവനാൽ തള്ളിപ്പറയപ്പെട്ടു എന്നു് പറയുന്നതാണു് ശരി. പ്രവാചകരും മോശയുടെ നിയമവും അവരെ ബോദ്ധ്യം വരുത്തുന്നതിൽ പരാജയപ്പെട്ടു; സുവിശേഷവും നമ്മളോരോരുത്തരുടെയും കഷ്ടതകളും അവരെ ബോദ്ധ്യപ്പെടുത്തിയില്ല 2. കാരണം അവനെപ്പററി ചിന്തിക്കുന്നതുപോലെ നമ്മെപ്പററിയും ചിന്തിക്കുന്നു. ആരെങ്കിലും എന്നെ പുകഴ്ത്തുകയും അതേ സമയം എൻെറ കർത്താവു് ജീവനുള്ള ശരീരത്തിൽ ചുററിനടന്നു എന്നു് സമ്മതിക്കാതിരുന്നു് എൻെറ നാഥനെ നിന്ദിക്കുകയും ചെയ്താൽ എനിക്കു് എന്തു നന്മയാണു ചെയ്യുന്നതു്? ഇതു നിഷേധിക്കുന്നവർ അവിടുത്തെ പൂർണമായി തള്ളിപ്പറയുകയും ഒരു ശവം ചുമന്നുകൊണ്ടു് നടക്കുകയുമത്രേ ചെയ്യുന്നതു്. 3. അവിശ്വാസികളായ അവരുടെ പേരുപോലും കുറിക്കുന്നതു് ശരിയല്ലെന്നു് ഞാൻ കരുതുന്നു. നമ്മുടെ ഉത്ഥാനമായ പീഡാനുഭവം അവർ അംഗീകരിക്കുകയും മാനസാന്തരപ്പെടുകയും ചെയ്യാത്തിടത്തോളംകാലം അവരെ ഓക്കാനേ ഞാനാഗ്രഹിക്കുന്നില്ല.

6. 1. ആക്കും വഴിതെറേറണ്ട. സ്വർഗവാസികളാകട്ടെ മാലാഖമാരുടെ ശോഭയാകട്ടെ, ദൃശ്യാദൃശ്യങ്ങളായ അധികാരികളാകട്ടെ, (കൊളോ. 1:16) ക്രിസ്തുവിൻെറ രക്തത്തിൽ വിശ്വസിക്കുന്നതിൽ പരാജയപ്പെട്ടാൽ, അവരും നശിച്ചതുതന്നെ. 'കഴിവുള്ളവൻ സ്വീകരിക്കട്ടെ (മത്താ. 19:12). ആരുടെയും സ്ഥാനം അവനു തലക്കനം കൂട്ടാതിരിക്കട്ടെ. കാരണം വിശ്വാസവും സ്നേഹവുമാണു് എല്ലാററിലും എല്ലാം; അതിനേക്കാളം ശ്രേഷ്ഠമായൊന്നുമില്ല. 2. നമ്മുടെ പക്കലേക്കണഞ്ഞ യേശുമിശിഹായുടെ കൃപയെസംബന്ധിച്ച അബദ്ധോപദേശകർ എപ്രകാരം ദൈവത്തിനു് എതിരാണെന്നു മനസ്സിലാക്കുക. അവർ സ്നേഹത്തെ പരിഗണിക്കുന്നതേയില്ല; വിധവകളെയും,അനാഥരേയും, പീഡിതരേയും, തടവുകാരേയും, ജയിൽവിമുക്തരേയും, വിശപ്പുള്ളവരേയും, ദാഹാർത്തരേയുംപററി അവർക്കൊരു ശ്രദ്ധയുമില്ല. 3. അവർ കുർബാനയിൽനിന്നും പ്രാർത്ഥനാശുശ്രൂഷയിൽ നിന്നും അകന്നിരിക്കുന്നു. നമ്മുടെ പാപങ്ങളാം മൂലം കഷ്ടപ്പെടുകയും തൻെറ നന്മയിൽ പിതാവു് മരിച്ചവരിൽനിന്നുയിർപ്പിക്കുകയും ചെയ്ത നമ്മുടെ രക്ഷകനായ യേശുമിശിഹായുടെ ശരീരമാണു് വി. കുർബാനയെന്നു് അംഗീകരിക്കാനവർ വിസമ്മതിക്കുന്നു.

7. 1. ദൈവനാമത്തെ ചോദ്യംചെയ്യുന്നവർ അവരുടെ തർക്കത്തിൽ മരിക്കും (യോഹ. 4: 10). അവർ സ്നേഹിക്കുകയും

www.malankaralibrary.com



ഉയിർപ്പിൽ പങ്കുകാരാവുകയും ചെയ്യുകയായിരുന്നു അവർക്കു നല്ലതു്. 2. അപ്രകാരമുള്ളവരെ ഒഴിഞ്ഞുമാറുകയും അവരെപ്പറ്റി രഹസ്യമായോ പരസ്യമായോ സംസാരിക്കാതിരിക്കുകയും ചെയ്യുകയാണുത്തമം. പിന്നെയോ, പ്രവാചകരെയും അതിലുപരി സുവിശേഷകരെയും ശ്രദ്ധിക്കുവിൻ. അവിടെ പീഡാനുഭവത്തിൻെറ വ്യക്തമായ ചിത്രം നമുക്കു് കിട്ടും: ഉയിപ്പ്് യഥാർത്ഥമായി സംഭവിച്ചു എന്നു നാം കാണുകയും ചെയ്യും.

8. 1. തിന്മയുടെ ഉറവിടമായ ശീശ്മയിൽനിന്നോടിയകലുവിൻ. യേശുമിശിഹാ പിതാവിനെയെന്നവണ്ണം നിങ്ങളെല്ലാവരും മെത്രാനെ അനുസരിക്കണം; ശ്ലീഹന്മാരെയെന്നവണ്ണം വൈദിക സമൂഹത്തെയും ദൈവകല്പനയെന്നപോലെ ശെമ്മാശന്മാരെയും ബഹുമാനിക്കണം; മെത്രാൻെറ അംഗീകാരം കൂടാതെ സഭയെ സംബന്ധിക്കുന്ന യാതൊന്നും ആരും ചെയ്യരുതു്, മെത്രാനാലോ, അദ്ദേഹം നിയോഗിക്കുന്നവരാലോ അർപ്പിക്കപ്പെടുന്ന കർബാന മാത്രം സാധുവായി നിങ്ങൾ കണക്കാക്കണം. 2. യേശുമിശിഹാ ഉള്ളിടത്തു് കത്തോലിക്കാസഭയുണ്ട്. അതുപോലെ മെത്രാൻ എവിടെ സന്നിഹിതനാണോ അവിടെ ജനങ്ങൾ ഒന്നിച്ചുകൂടട്ടെ. മെത്രാൻെറ മേൽനോട്ടം കൂടാതെ സ്നാനമോ സ്നേഹഭോജനമോ അനുവദനീയമല്ല. മറിച്ച്് അദ്ദേഹം അംഗീകരിക്കുന്നവയെല്ലാം ദൈവത്തിനു പ്രീതികരമാണു്. ഇങ്ങനെ നിങ്ങൾ ചെയ്യുന്നതെന്തും സുരക്ഷിതവും സാധുവും ആയിരിക്കും.

9. 1. അനുതാപിക്കാനും ദൈവസമക്ഷം അണയാനും അവസരമുള്ളപ്പോൾ പരിസരബോധമുള്ളവരായിത്തീന്നാൽ നമുക്കുനല്ലതു്. ദൈവത്തേയും മെത്രാനേയും അംഗീകരിക്കുക എന്നതു് വളരെ നല്ലകാര്യമാണു്. മെത്രാനെ ബഹുമാനിക്കുന്നവൻ ദൈവത്താൽ ബഹുമാനിക്കപ്പെടുന്നു. മെത്രാൻെറ അറിവു കൂടാതെ പ്രവർത്തിക്കുന്നവൻ, പിശാചിൻെറ സേവനത്തിലാണു്. 2. ദൈവകൃപയാൽ നിങ്ങൾക്കു്, എല്ലാം അതിൻെറ തികവിൽ ലഭിക്കട്ടെ. നിങ്ങളുതർഹിക്കുന്നു. നിങ്ങളെന്നെ എല്ലാ കാര്യങ്ങളിലും വളരെയധികം ആശ്വസിപ്പിച്ചു. യേശുമിശിഹായും നിങ്ങളോടു് അപ്രകാരം ചെയ്യട്ടെ. ഞാൻ സന്നിഹിതനായിരുന്നപ്പോഴും അല്ലാത്തപ്പോഴും നിങ്ങൾ നിങ്ങളുടെ സ്നേഹം എനിക്കു തന്നു. ദൈവമാണു് നിങ്ങളുടെ പ്രതിസമ്മാനം. കാരണം, അവിടുത്തെ പ്രതി എല്ലാം സഹിച്ചാൽ നിങ്ങൾ അവിടുത്തെ പ്രാപിക്കും.

10. 1. ദൈവമായ മിശിഹായുടെ ശുശ്രൂഷകരായ ഫീലോയേയും അഗത്തോപ്പസിനെയും സ്വാഗതം ചെയ്തതു് നിങ്ങൾക്കുചിതമായി. ദൈവത്തെപ്രതി അവരെന്നെ അനുഗമിച്ചു.

www.malankaralibrary.com



അവരെ വളരെ നന്നായി സല്ക്കരിച്ചു എന്നതിൽ നിങ്ങളെപ്രതി അവർ കർത്താവിനു നന്ദിപറയുന്നു. ഇതുമൂലം നിങ്ങൾക്കൊന്നും നഷ്ടപ്പെട്ടില്ലെന്നു് ഞാൻ ഉറപ്പുതരുന്നു. 2. തടവുകാരനായ ഞാൻ, എന്റെ ജീവൻ നിങ്ങൾക്കു സമർപ്പിക്കുന്നു—അതു് വിലകൂടിയതിനാലല്ല—നിങ്ങളെന്റെ ചങ്ങലകളെ നിന്ദിച്ചില്ല; അവയെപ്രതി ലജ്ജിച്ചുമില്ല. യേശുമിശിഹായും നിങ്ങളെ പ്രതി ലജ്ജിക്കയില്ല. നിങ്ങൾക്കു് നിശ്ശങ്കം അവനെ വിശ്വസിക്കാം.

11. 1. നിങ്ങളുടെ പ്രാർത്ഥനകൾ സിറിയായിലെ അന്ത്യോക്യാ സഭവരെ എത്തിയിരിക്കുന്നു. ഞാൻ അവിടെനിന്നു പ്രൗഢിയേറിയ ഈ ചങ്ങലകളാൽ ബന്ധിതനായി വന്നിരിക്കുകയാണു്. ഞാൻ നിങ്ങൾക്കു് എല്ലാവിധ ആശംസകളും അയയ്ക്കുന്നു. അവരിൽ അവസാനത്തവനായി കാണുന്നതുകൊണ്ടു് അന്ത്യോക്യാസഭയിലെ ഒരംഗമാകുവാൻ നിശ്ചയമായും ഞാൻ അർഹനല്ല. എങ്കിലും ഈ ഭാഗ്യം എനിക്കു തരുവാൻ ദൈവം തിരുമനസ്സായി—ഞാൻ സ്വന്തമായി എന്തെങ്കിലും ചെയ്യതിനാലല്ല, പിന്നെയോ, അവിടുത്തെ കൃപയാൽ മാത്രം—നിങ്ങളുടെ പ്രാർത്ഥനയാൽ ഞാൻ ദൈവത്തെ പ്രാപിക്കുവാൻവേണ്ടി ആ കൃപ അതിന്റെ പൂർണതയിൽ നൽകപ്പെടണമെന്നു ഞാൻ ആഗ്രഹിക്കുന്നു. 2. നിങ്ങളുടെ പെരുമാററം സ്വർഗത്തിലും ഭൂമിയിലും പൂർണമാകുവാനായി, ദൈവനാമത്തിൽ നിങ്ങളുടെ ഒരു പ്രതിനിധിയെ സിറിയയിലേക്കയച്ചു് അവരെ ബഹുമാനിക്കണം. അവർ സമാധാനത്തിൽ വർത്തിക്കുന്നതിനാലും അവരുടെ സാധാരണ സംഖ്യ തിരിച്ചു കിട്ടിയതിനാലും അവൻ അവരെ അഭിനന്ദിക്കണം. 3. എന്റെ ചിന്തയിൽ, അതാണു് ദൈവം നിങ്ങളിൽ നിന്നാവശ്യപ്പെടുന്നതു്. ഒരു കത്തോടുകൂടി നിങ്ങളിൽ ഒരുവനെ അയയ്ക്കുക; ദൈവം അവർക്കു നല്കിയ ശാന്തതയിൽ സന്തോഷിക്കുന്നതിനു് അവരോടു പങ്കുചേരുക. നിങ്ങളുടെ പ്രാർത്ഥനയാൽ അവർ ഇപ്പോൾതന്നെ തുറമുഖത്തു് എത്തിയിട്ടുണ്ടു്. നിങ്ങൾ പൂർണരാണു്. നിങ്ങളുടെ തീരുമാനങ്ങളും പരിപൂർണമായിരിക്കണം. നന്മ പ്രവർത്തിക്കാൻ നിങ്ങൾ ആഗ്രഹിക്കുന്നുവെങ്കിൽ ദൈവം നിശ്ചയമായും നിങ്ങളുടെ സഹായത്തിനെത്തും.

12. 1. ത്രോവാസിലെ സഹോദരന്മാർ അവരുടെ സ്നേഹം നിങ്ങൾക്കയയ്ക്കുന്നു. ബുറുസ് വഴി അവിടെനിന്നാണു് ഈ കത്തു് ഞാനയയ്ക്കുന്നതു്. അദ്ദേഹത്തെ എന്റെ കൂടെ അയയ്ക്കുന്നതുവഴി, നിങ്ങൾ എഫേസോസുകാരായ നിങ്ങളുടെ സഹോദരങ്ങളോടു ചേർന്നിരിക്കുന്നു; അദ്ദേഹം എന്നെ എല്ലാതരത്തിലും

www.malankaralibrary.com



സന്തോഷിപ്പിച്ചു. ദൈവശുശ്രൂഷയുടെ ഒരു യഥാർത്ഥ മാതൃകയായതിനാൽ. എല്ലാവരും അദ്ദേഹത്തെപ്പോലെയാകുവാൻ ഞാനാഗ്രഹിക്കുന്നു. എനിക്കു ചെയ്തുതന്നതിനെല്ലാം ദൈവകൃപ അദ്ദേഹത്തിനു പ്രതിഫലം നൽകും. 2. നിങ്ങളുടെ വിശുദ്ധനായ മെത്രാനും നിങ്ങളുടെ വിശിഷ്ട വൈദിക സമൂഹത്തിനും, എന്റെ സഹപ്രവർത്തകരായ ശെമ്മാശന്മാർക്കും ആശംസകൾ. നിങ്ങളോരോരുത്തർക്കും യേശുമിശിഹായുടെ നാമത്തിൽ അവിടുത്തെ ശരീരത്തിലും, രക്തത്തിലും, ശാരീരികവും ജഢികവുമായ കഷ്ടാനുഭവത്തിലും, ഉയിർപ്പിലും, ദൈവത്തിന്റേയും നിങ്ങളുടേയും ഐക്യത്തിലും ആശംസകൾ! കൃപയും, ദയയും, ശാന്തിയും, സ്ഥിരതയും എന്നേക്കും നിങ്ങളോടുകൂടെ ഉണ്ടായിരിക്കട്ടെ.

13. 1. എന്റെ സഹോദരന്മാരുടെ കുടുംബത്തിനും, അവരുടെ ഭാര്യമാർക്കും മക്കൾക്കും വിധവകളോടുകൂടെ എണ്ണപ്പെട്ട കന്യകകൾക്കും എന്റെ ആശംസകൾ! പിതാവിന്റെശക്തിയിൽ നിങ്ങളോട് അന്ത്യയാത്ര പറയുന്നു. എന്നോടുകൂടിയുള്ള ഫീലോ നിങ്ങൾക്ക് ആശംസകൾ അയയ്ക്കുന്നു. 2. തവിയായുടെ കുടുംബത്തിനു വന്ദനം. വിശ്വാസത്തിലും സ്നേഹത്തിലും അവർ ബലവത്തായും പൂർണ്ണമായും ഉറപ്പിക്കപ്പെടാൻ ഞാൻ പ്രാർത്ഥിക്കുന്നു എനിക്കു വളരെയധികം നന്മ ചെയ്ത ആൽസിന് ആശംസകൾ! അനുകരണീയനായ റൂഫീനൂസിനും എൽതെക്നൂസിനും നിങ്ങൾക്ക് ഓരോരുത്തർക്കും വന്ദനം. ദൈവകൃപയിൽ സ്വസ്തി!

www.malankaralibrary.com

# VII. പോളിക്കാർപ്പിനു് എഴുതിയ ലേഖനം

തെയോഫൊറസ് എന്നും വിളിക്കപ്പെടുന്ന ഇഗ്നേഷ്യസ്. സ്മിർണയിലെ സഭയിലെ മെത്രാനായ പോളിക്കാർപ്പിനു്: പിതാവായ ദൈവവും കർത്താവായ യേശുക്രിസ്തുവും ആക്കമെത്രാനായുണ്ടോ അവന്റെ ഹൃദയം നിറഞ്ഞ ആശംസകൾ!

1. 1. ഉറച്ച പാറമേലെന്നവണ്ണം ഉറപ്പിക്കപ്പെട്ട അവിടത്തെ ദിവ്യമനസ്സിനാൽ ഞാൻ ആകൃഷ്ടനായതോടൊപ്പം പരിശുദ്ധമായ തിരുമുഖം ദർശിക്കുവാനുള്ള ഭാഗ്യം സിദ്ധിച്ചതിൽ ഞാൻ ഏററം നന്ദിയുള്ളവനാണു്. ദൈവകൃപയാൽ ഇതെനിക്കു ഒരു സ്ഥിരസന്തോഷകാരണമാകട്ടെ. 2. നീ ധരിച്ചിട്ടുള്ള കൃപയാൽ നിന്റെ ഓട്ടം ഓടുകയും രക്ഷയെപ്പററി ചിന്തിക്കുവാൻ മററുള്ളവരെ പ്രേരിപ്പിക്കുകയും ചെയ്യാൻ ഞാൻ നിന്നെ നിർബന്ധിക്കുന്നു. നിന്റെ സ്ഥാനത്തിന്റെ ആദ്ധ്യാത്മികവും ഭൗതികവുമായ വശങ്ങളിൽ മുഴുവൻ ശ്രദ്ധ ചെലുത്തി നിന്റെ ഉദ്യോഗത്തോടു നീതി പുലർത്തുക. ഐക്യം നിന്റെ ചിന്താവിഷയമായി തിരഞ്ഞെടുക്കുക. അതിലുപരിയൊന്നുമില്ല. കർത്താവു നിന്നോടു ചെയ്തതുപോലെ എല്ലാവരോടും ക്ഷമിക്കുക. എല്ലാവർക്കും സഹായഹസ്തം നീട്ടിക്കൊടുക്കുക. നീ ചെയ്തുവരുന്നതുപോലെ സ്നേഹത്തിൽ എല്ലാവരോടും ശാന്തമായി വർത്തിക്കുക. 3. നിരന്തരപ്രാർത്ഥനയിലായി നിന്നെത്തന്നെ നീക്കിവയ്ക്കുക. വർദ്ധമാനമായ ആത്മജ്ഞാനത്തിനായി അപേക്ഷിക്കുക. നിന്റെ അരൂപിയെ ഉണർത്തി, എപ്പോഴും കരുതലുള്ളവനായിരിക്കുക. ദൈവം ചെയ്യുന്നതുപോലെ, സംസാരിക്കുന്നവരിൽ വ്യക്തിപരമായി താത്പര്യം കാണിക്കുക. നല്ലൊരു വൈദ്യനെപ്പോലെ, എല്ലാവരുടെയും രോഗങ്ങളും വഹിക്കുക. വലിയ അദ്ധ്വാനത്തിനു വലിയ കൂലി ലഭിക്കും.

2. 1. നീ നല്ല ശിഷ്യരിൽമാത്രം തൽപരനെങ്കിൽ അതു നിനക്കു് ഒരു ശ്രേഷ്ഠതയല്ല. മറിച്ചു് നിന്റെ ശാന്തതയാൽ, ശല്യപ്പെടുത്തുന്നവരെ കീഴടക്കുക. ഒരേ മരുന്നുകൊണ്ടു് എല്ലാ മുറിവും സുഖപ്പെടുകയില്ലല്ലോ. വേദനയുടെ വികാരമൂർച്ഛയെ കുഴമ്പുകൊണ്ടു് മാററുക. 2. എല്ലാ സാഹചര്യത്തിലും സർപ്പത്തെപ്പോലെ വിവേകിയായിരിക്കുകയും, എപ്പോഴും പ്രാവിനെപ്പോലെ നിരുപദ്രവി ആയിരിക്കുകയും ചെയ്യുക (മത്താ. 10:16). ഈ ദൃശ്യലോകത്തിൽ ഉള്ളവയെ നന്മ ചെയ്യാൻ പ്രേരിപ്പിക്കു

www.malankaralibrary.com



വാനാണ് നിനക്ക് ശരീരവും ആത്മാവും ലഭിച്ചിരിക്കുന്നത്. എന്നാൽ നിനക്കദൃശ്യമായ വെളിപാടുകളുണ്ടാവാൻ പ്രാത്ഥിക്കുക. അങ്ങനെ ഒന്നിനും കുറവില്ലാതെ നീ എല്ലാ ദാനങ്ങളിലും തികവുള്ളവനായിരിക്കും. 3. കപ്പിത്താന്മാക്ക് കാററും, കൊടുങ്കാററിനാൽ ഉലഞ്ഞ നാവികന് തുറമുഖവും പോലെ, ഈകാലത്തിന് നിന്നെപ്പോലെയുള്ളവരെ വളരെ ആവശ്യമാണ്. ദൈവത്തിൻെറ കായികാഭ്യാസിയെപ്പോലെ സമചിത്തനായിരിക്കുക. നീ അറിയുന്നതുപോലെ അതിൻെറ പ്രതിഫലം അമത്ത്യതയും നിത്യജീവനുമാണ്. നിനക്ക് ഇതേപ്പററി ഒരു സംശയവുമില്ലല്ലോ. നീ ചുംബിച്ച എൻെറ ചങ്ങലകളാൽ ബന്ധിതനായി, ഞാൻ എന്നെത്തന്നെ പൂണ്ണമായി നിനക്കുവേണ്ടി അർപ്പിക്കുന്നു.

3. 1. വിശ്വാസയോഗ്യത ഉണ്ടെന്നു നടിക്കുകയും പാഷണ്ഡത പഠിപ്പിക്കുകയും ചെയ്യുന്നവരെപ്രതി നീ വെപ്രാളം പിടിക്കരുത്. കൂടത്തിനടിയിൽ അടകല്ല് കണക്കെ നീ ഉറച്ചു നില്ക്കുക. വലിയൊരു കായികാഭ്യാസി വളരെയധികം സഹിച്ചേ പററൂ. ദൈവത്തെപ്രതി നാമെല്ലാം സഹിച്ചാൽ, അവനും നമ്മോടു ക്ഷമിക്കും. 2. നീ കൂടുതൽ താത്പര്യം ഉള്ളവനായിരിക്കുക. കാലത്തിൻെറ അടയാളങ്ങറം കണക്കിലെടുക്കണം. (ലൂ. 12:56) കാലാതീതനും, കാലരഹിതനും. അദൃശ്യനുമായ ഏകനെപ്പററി ചിന്തിക്കുക. അവൻ നമുക്കുവേണ്ടി ദൃശ്യനായി. സ്പർശനത്തിനും സഹനത്തിനും അതീതനായ അവൻ നമുക്കുവേണ്ടി സഹനത്തിനധീനനാകുകയും നമുക്കുവേണ്ടി എല്ലാം സഹിക്കുകയും ചെയ്തു.

4. 1, വിധവകളെ വിഗണിക്കരുത്. കത്താവു കഴിഞ്ഞാൽ നീയായിരിക്കണം അവരുടെ സംരക്ഷകൻ. നിന്നെ കൂടാതെ സഭയിൽ ഒന്നും ചെയ്യുവാൻ നീ അനുവദിക്കരുത്. ദൈവത്തെ കൂടാതൊന്നും ചെയ്യുവാനിടയാകരുത്. നീ അങ്ങനെയൊന്നും പ്രവത്തിക്കുന്നില്ല; ശാന്തനായിരിക്കുക. 2. കൂടെക്കൂടെ യോഗശുശ്രൂഷകറം നടത്തുക. അപ്പോഴെല്ലാം ഓരോരുത്തരെ പേരുപറഞ്ഞു തിരക്കണം. 3. അടിമകളായ പുരുഷന്മാരോടും പെൺകുട്ടികളോടും പുച്ഛമായി പെരുമാററരുത്. അവർ മര്യാദരഹിതരായി വളരുവാനും പാടില്ല. പ്രത്യുത, അവർ ദൈവത്തിൽ നിന്ന് ഉപരിയായ സ്വാതന്ത്ര്യം കരസ്ഥമാക്കുവാൻ ദൈവമഹത്വത്തിനായി കൂടുതൽ ഭക്തിപരമായ സേവനത്തിന് സമപ്പിക്കപ്പെടണം. തങ്ങറം സ്വാത്ഥവികാരങ്ങളുടെ അടിമകളാണെന്ന് തെളിയിക്കപ്പെടാതിരിപ്പാൻ, സമൂഹത്തിൻെറ മറവിൽ അവരുടെ സ്വാതന്ത്ര്യപ്രാപ്തിക്കായി അമിതോൽകണ്ഠരായിരിക്കരുത്.

www.malankaralibrary.com



5. 1. ക്ഷുദ്രപ്രയോഗങ്ങളെ ശ്രദ്ധിക്കരുതു്. ഈ കാര്യങ്ങളെപ്പററി ജനങ്ങളോടു പ്രസംഗിക്കുവാൻ മറക്കരുതു്. കർത്താവിനെ സ്നേഹിക്കുവാനും ഭങ്ങളുടെ ഭർത്താക്കന്മാരോടു സന്തുഷ്ടരായി വർത്തിക്കുവാനും എൻെറ സഹോദരിമാരോടു പറയണം. കർത്താവു സഭയെ സ്നേഹിക്കുന്നതുപോലെ ഭാര്യമാരെ സ്നേഹിക്കുവാൻ യേശുക്രിസ്തുവിൻെറ നാമത്തിൽ എൻെറ സഹോദരന്മാരെ ഉദ്ബോധിപ്പിക്കുക, (എഫേ. 5:25_29). 2. കർത്താവിൻെറ ശരീരത്തോടുള്ള ബഹുമാനാർത്ഥം ശുദ്ധതയിൽ ജീവിക്കുവാൻ ആക്കെങ്കിലും കഴിയുമെങ്കിൽ അവൻ ആത്മപ്രശംസക്കൂടാതെ അപ്രകാരം ചെയ്യട്ടെ. അവൻ വമ്പുപറഞ്ഞാൽ അവനതു നഷ്ടപ്പെട്ടതുതന്നെ. അവൻ മെത്രാനേക്കാറം വളരെയധികം ബഹുമാനിക്കപ്പെടുന്നെങ്കിൽ, അവൻെറ ശുദ്ധത നഷ്ടമായതിനു സമമാണു്. വിവാഹിതരാകുന്ന സ്ത്രീപുരുഷന്മാർ മെത്രാൻെറ അംഗീകാരത്തോടെ യോജിപ്പിക്കപ്പെടുക എന്നതു്, നല്ല കാര്യമാണു്. അങ്ങനെ അവരുടെ വിവാഹം ദൈവേഷ്ടത്തെ അല്ലാതെ വിഷയാസക്തിയുടെ പ്രേരണകളെ അനുസരിക്കുന്നതായിരിക്കുകയില്ല എല്ലാം ദൈവമഹത്വത്തിനു യോജിച്ചവിധത്തിൽ ചെയ്യണം.

6. 1. ദൈവം നിന്നെ ശ്രദ്ധിപ്പാൻ നീ മെത്രാനെ അനുസരിക്കണം. മെത്രാനും വൈദികക്കും ശെമ്മാശന്മാക്കും വിധേയരായിരുന്നവക്കു വേണ്ടി ഞാൻ എൻെറ ജീവനെ യാഗമായി കൊടുക്കുന്നു. അവരോടുകൂടെ ഞാനും ദൈവികമായ പ്രതിഫലത്തിൽ പങ്കുകൊള്ളട്ടെ. ദൈവിക ഭവനത്തിൻെറ കാര്യവിചാരകരും ദൈവഭവനത്തിലെ അംഗങ്ങളും അവൻെറ ദാസരുമായ നിങ്ങറം ഒന്നിച്ചു അദ്ധ്വാനിക്കുവിൻ; (തീത്തു. 1:7;1കൊറി4;1). ഒന്നിച്ചുപോരാടുവിൻ; ഒന്നിച്ചോടുവിൻ; ഒന്നിച്ചു സഹിക്കുവിൻ; ഒന്നിച്ചു വിശ്രമിക്കുവിൻ; ഒന്നിച്ചെഴുന്നേല്ക്കുവിൻ. 2. ആരുടെ നിരയിൽ നിങ്ങറം സേവനമനുഷ്ഠിക്കുകയും പ്രതിഫലം വാങ്ങുകയും ചെയ്യുന്നുവോ, അവൻെറ അംഗീകാരം നേടുവിൻ. നിങ്ങളിലാരും ഒളിച്ചോടുന്നവനായി തെളിയിക്കപ്പെടരുതു്. (2 തിമോ. 2:4; എഫേ. 6:11_17; 1 തെസ. 5:8). നിങ്ങളുടെ മാമോദീസ നിങ്ങളുടെ കവചമായിരിക്കട്ടെ. നിങ്ങളുടെ വിശ്വാസം നിങ്ങളുടെ പടത്തൊപ്പിയും, നിങ്ങളുടെ സ്നേഹം നിങ്ങളുടെ കുന്തവും നിങ്ങളുടെ സഹനം നിങ്ങളുടെ പടച്ചട്ടയുമായിരിക്കട്ടെ. കാലാന്തരത്തിൽ കൃത്യമായി തിരിച്ചു കിട്ടുവാൻ വേണ്ടി സദ്പ്രവൃത്തികറം നിങ്ങളുടെ നിക്ഷേപമായിരിക്കട്ടെ. ചുരുക്കത്തിൽ ദൈവം നിങ്ങളോടെന്നവണ്ണം പരസ്പരം ക്ഷമയുള്ളവരും ശാന്തരുമായിരിക്കുവിൻ. നിങ്ങളെക്കുറിച്ചു് ഞാനെപ്പോഴും സന്തോഷിക്കട്ടെ.

www.malankaralibrary.com



7. 1. നിങ്ങളുടെ പ്രാർത്ഥനകളാൽ സിറിയായിൽ അന്ത്യോക്യായിലെ സഭയിൽ സമാധാനമാണെന്ന വാർത്ത എനിക്കു കിട്ടുകയുണ്ടായി. അതുവഴി ഞാൻ നവശക്തിയാർജിച്ചു! ദൈവത്തിലാശ്രയിച്ചുകൊണ്ട് എൻെറ മനസ്സ് ശാന്തമാക്കി; ദൈവത്തിലേക്കുള്ള എൻെറ പാത ഞാൻ നേടി എടുത്തെങ്കിൽ! കാരണം ഉയിർപ്പിൽ നിങ്ങളുടെ ശിഷ്യനായി കാണപ്പെടുവാൻ ഞാൻ ആഗ്രഹിക്കുന്നു. 2. അതുകൊണ്ട് എൻെറ പ്രിയപ്പെട്ടവനും ദൈവാനുഗ്രഹമുള്ളവനുമായ പോളിക്കാർപ്പ്, നീ ഏററം മതപരമായ ഒരു യോഗം വിളിച്ചുകൂട്ടി, ഏററം പ്രിയംകരനും ശ്രേഷ്ഠ കാന്തിയുള്ളവനും ദൈവത്തിൻെറ സന്ദേശവാഹകനായി വർത്തിക്കുവാൻ കെൽപുററവനും ആയി നിനക്കു തോന്നുന്നവനെ നിയമിക്കണം. സിറിയായിൽ പോകുന്നതിനുള്ള സൗഭാഗ്യം അവനു നൽകണം. നിങ്ങളുടെ തളരാത്ത മഹാമനസ്കതയെ പുകഴ്ത്തിക്കൊണ്ട്, ദൈവത്തിനു സ്തുതി വർദ്ധിപ്പിക്കുവാനായിട്ടു തന്നെ. 3. ക്രിസ്ത്യാനി തൻെറ തന്നെ യജമാനനല്ല. പ്രത്യുത, തൻെറ സമയം മുഴുവൻ ദൈവത്തിൻേറതാകുന്നു. അവൻ ചെയ്യുന്നതു ദൈവത്തിൻെറ ജോലിയാണ്. നിങ്ങളതു പൂർത്തിയാക്കിക്കഴിയുമ്പോൾ അതു നിങ്ങളുടേതുമായിരിക്കും. ദൈവത്തിൻെറ കാര്യംവരുമ്പോൾ നിങ്ങൾ മഹാമനസ്കരായി വർത്തിക്കുവാൻ ഒരുക്കമുള്ളവരാണെന്നു തൻെറ കൃപാവരം എനിക്കാത്മവിശ്വാസം തരുന്നു. നിങ്ങളുടെ താല്പര്യപൂർവകമായ ആത്മാർത്ഥതയെപ്പററി എനിക്കു നന്നായി അറിയാവുന്നതിനാലാണ് എൻെറ ഉദ്ദേശ്യം ചുരുങ്ങിയ വാക്കുകളിൽ ഒതുക്കി നിർത്തുന്നതു്.

8. 1. ത്രോവാസിൽനിന്നു നെയാപ്പോളീസിലേക്കു ഉടനെ കയറുന്നതുകൊണ്ട് എല്ലാവർക്കും എഴുതാൻ എനിക്കു സാധിച്ചില്ല. അതുകൊണ്ട് ദൈവഹിതം അനുവർത്തിക്കുന്നവരെപ്പോലെ പ്രധാനപ്പെട്ട സഭകൾക്കു നിങ്ങളെഴുതണം. അവരും ഇപ്രകാരം ചെയ്യാൻ അവരോടു പറയണം. പ്രതിപുരുഷന്മാരെ അയയ്ക്കാവുന്നവർ അങ്ങനെ ചെയ്യട്ടെ; അല്ലാത്തവർ നിങ്ങളുടെ പ്രതിനിധികൾ വഴി കത്തുകൾ അയയ്ക്കട്ടെ. അങ്ങനെ, അർഹിക്കുന്നതുപോലെ എന്നേയ്ക്കും അനുസ്മരിക്കപ്പെടുന്ന ഒരു പ്രവൃത്തിയാൽ നിങ്ങൾ കീർത്തിമാൻമാരാകും. 2. നിങ്ങൾ ഓരോരുത്തർക്കും, പ്രത്യേകിച്ച്, എപ്പിത്രോപ്പുസിൻെറ വിധ

www.malankaralibrary.com



വസ്സും അവളുടെ കുട്ടികാംക്കും കുടുംബം മുഴുവനും എന്റെ വ്യക്തി പരമായ ആശംസകാം! എന്റെ പ്രിയപ്പെട്ട അത്താലൂസിനും വന്ദനം. സിറിയായിലേക്കു പോകുവാൻ തെരഞ്ഞെടുക്കപ്പെട്ടവനും വന്ദനം. അവനോടും അവനെ അയയ്ക്കുന്ന പോളിക്കാർപ്പിനോടുംകൂടെ കൃപ എന്നേക്കും ഉണ്ടായിരിക്കട്ടെ. 3. നമ്മുടെ ദൈവമായ യേശുമിശിഹായിൽ നിങ്ങളോടു യാത്ര പറയുന്നു. നിങ്ങാം അവനിൽ ആവസിക്കയും, ദൈവികമായ ഐക്യത്തിൽ ഭാഗഭാക്കാകുകയും ദൈവസംരക്ഷണയിലായിരിക്കുകയും ചെയ്യട്ടെ. എനിക്കു വളരെ നന്മചെയ്ത ആൽസിനും വന്ദനം. യേശുമിശിഹായിൽ മംഗളം ഭവിക്കട്ടെ.

www.malankaralibrary.com

# 4

# ഹിയെരാപ്പൊളീസിലെ പപ്പിയാസ് രേഖാശകലങ്ങൾ

## ആമുഖം

ഏഷ്യാമൈനറിലെ ഹിയെരാപ്പൊളീസിൻെറ മെത്രാനായിരുന്ന പപ്പിയാസ് (+130). ഇദ്ദേഹം വി. യോഹന്നാനെ ശ്രവിച്ചിരുന്നെന്നും വി. പോളിക്കാർപ്പിൻെറ ശിഷ്യനായിരുന്നെന്നും ഇരനെയുസ് എഴുതിയിരിക്കുന്നു.1 എവുസേബിയസിൻെറ വീക്ഷണത്തിൽ പപ്പിയാസ് അതിബുദ്ധിമാനായിരുന്നില്ല. കൃതികളിൽനിന്ന് അതു വ്യക്തവുമാണ്.2 നൂററിമുപ്പതാം ആണ്ടിൽ 'കർത്തൃവചനഭാഷ്യം' (ലോഗിയോൻ കരിയാകോൻ എക്സെഗെസെയിസ്) എന്നൊരു കൃതി അഞ്ചു ഭാഗങ്ങളായി ഇദ്ദേഹം എഴുതി. പപ്പിയാസ് 'മില്ലേനരിസ'ത്തിൽ (സഹസ്രാബ്ദവാഴ്ചയിൽ) വിശ്വസിച്ചിരുന്നു; സ്രോതസ്സുകളുടെ ശേഖരണത്തിലും അവയുടെ വ്യാഖ്യാനത്തിലും വളരെ കുറച്ചേ വിമർശനബുദ്ധി പപ്പിയാസ് കാട്ടിയുള്ളു. ഇങ്ങനെയാണെങ്കിലും ശ്ലീഹന്മാരുടെ പിൻഗാമികളായ മൂപ്പന്മാരുടെ വാമൊഴിയിൽ ചിലതു് പപ്പിയാസ്വഴി നമുക്കു ലഭിച്ചിട്ടുള്ളതിനാൽ വളരെ പ്രാധാന്യമർഹിക്കുന്നയാളാണ് അദ്ദേഹം. തൻെറ ഭാഷ്യത്തിന് കൂടുതലും പുതിയനിയമവാക്യങ്ങളാണ് പപ്പിയാസ് ഉപയോഗിച്ചതു്. വാമൊഴിയായി എത്തിയിട്ടുള്ള കർത്തൃപ്രബോധനങ്ങളും തേടിപ്പിടിക്കാൻ അദ്ദേഹം ശ്രദ്ധിച്ചു. മർക്കോസിൻെറ സുവിശേഷത്തെപ്പററിയുള്ള പരാമർശം3 വളരെ വിലപ്പെട്ട ഒരു രേഖയാണ്. മത്തായി ആദ്യം എബ്രായഭാഷയിൽ (സുറിയാനി-അറമായക്) ആണ് തൻെറ സുവിശേഷം എഴുതിയതെന്നും പപ്പിയാസിൽനിന്ന് ഗ്രഹിക്കാം.4 മെത്രാൻ എന്ന നിലയിലുള്ള പ്രവർത്തനത്തെപ്പററിയോ, അദ്ദേഹത്തിൻെറ സ്വഭാവത്തെപ്പററിയോ, നമുക്കു വിവരങ്ങളില്ല. അദ്ദേഹത്തിൻെറ

www.malankaralibrary.com



കൃതിയും നമുക്ക് നഷ്ടപ്പെട്ടിരിക്കയാണ്. ചില ചില്ലറ രേഖാശകലങ്ങൾ മാത്രമേ നമുക്ക കൈവന്നിട്ടുള്ളു. മരിച്ച സ്ഥലവും സമയവും രീതിയും നമുക്കജ്ഞാതമാണ്.

കർത്തൃവചനങ്ങളത്രയും പുതിയ നിയമ ഗ്രന്ഥങ്ങളിലില്ല (യോഹ. 21:25) എന്നു കണ്ട സത്യാന്വേഷിയായ പപ്പിയാസ് കർത്തൃവചനങ്ങൾ തേടിയിറങ്ങി. ശ്ലീഹന്മാരിൽ യോഹന്നാനെ മാത്രം ശ്രവിക്കാനിടയായ പപ്പിയാസ് മൂപ്പന്മാരോടാരാഞ്ഞു. ഇഗ്നേഷ്യസ്, പോളിക്കാർപ്പ്, ഫീലിപ്പ് ആദിയായവരുടെ വിവരണങ്ങൾ അദ്ദേഹം കേട്ടു. മൂപ്പനായ യോഹന്നാനും അരിസ്റ്റിയോനും ഇക്കാര്യത്തിൽ വളരെ സഹായിച്ചു. അഞ്ചു വാല്യങ്ങളിലായി അവ ശേഖരിക്കാൻ പപ്പിയാസ് നന്നേ യത്നിച്ചു. ഉദ്ദേശ്യശുദ്ധിയുണ്ടായിരുന്നെങ്കിലും പുരാണേതിഹാസപ്രധാനമായ വിവരങ്ങൾ കുത്തിക്കയറിച്ചതിനാൽ പപ്പിയാസ് അപ്പസ്തോലിക പിതാക്കന്മാരിൽ ഒന്നാംകിടയിൽ കരുതപ്പെടുന്നില്ല.

www.malankaralibrary.com

# പപ്പിയാസിൻെറ രേഖാശകലങ്ങൾ[5]

## രേഖാശകലം 1 [6]

1. ഒരിക്കൽ സൃഷ്ടി നവീകരിക്കപ്പെട്ട്, സ്വതന്ത്രമാക്കപ്പെടുമ്പോൾ[7] ആകാശത്തിലെ മഞ്ഞും, ഭൂമിയിലെ ഫലപുഷ്ടിയും കൊണ്ട്, എല്ലാത്തരത്തിലുമുള്ള ഭക്ഷണസാധനങ്ങൾ സമൃദ്ധിയായി പുറപ്പെടുവിക്കും. കർത്താവിൻെറ ശിഷ്യനായ യോഹന്നാനെ കണ്ട മൂപ്പന്മാർ (Presbyters) ഓർക്കുന്നതു് ഇതിനോടൊത്തിരിക്കുന്നു. അക്കാലങ്ങളെപ്പററി കർത്താവു് അവരെ പഠിപ്പിച്ചതായി യോഹന്നാനിൽനിന്നു് അവർ കേട്ടതു് ഇപ്രകാരമാണു്. 2. 'മുന്തിരിത്തോട്ടങ്ങൾ താനേ മുളച്ചുണ്ടാകുന്ന കാലം വരുന്നു: ഓരോന്നിലും പതിനായിരം മുന്തിരിച്ചെടികൾ വീതം ഉണ്ടാകും; ഓരോ മുന്തിരിച്ചെടിയും പതിനായിരം ശാഖകളും, ഓരോ ശാഖയും പതിനായിരം മുളകളും ഉണ്ടാകും. ഓരോ മുളയും പതിനായിരം കുലകളും ഓരോ കുലയിലും പതിനായിരം മുന്തിരിങ്ങകളും; ഓരോ മുന്തിരിങ്ങയും പിഴിയുമ്പോൾ 25 അളവു് (മെത്രേത്തെസ്)[8] വീതം വീഞ്ഞും ലഭിക്കും. 3. വിശുദ്ധന്മാരിലാരെങ്കിലും ഒരു കുല അടർത്തിയാൽ, 'ഞാനാണു് ശ്രേഷ്ഠതരം, എന്നെയെടുക്കൂ; നാഥനെ വാഴ്ത്താൻ എന്നെയുപയോഗിക്കൂ' എന്നു് മറെറാരു കുലപറയും. അതുപോലെ ഒരു ഗോതമ്പുമണിക്ക പതിനായിരം മുളയുണ്ടാകും. ഓരോ മുളയിലും പതിനായിരം ഗോതമ്പുമണികളുണ്ടാകും. ഓരോ ഗോതമ്പുമണിയിൽ നിന്നും 10 പൗണ്ടു്, ശുദ്ധവും നേർത്തതുമായ ഗോതമ്പുമാവു കിട്ടും. ഫലവൃക്ഷങ്ങളും, മററു വിത്തുകളും സസ്യങ്ങളുമെല്ലാം ഓരോന്നിൻെറയും പ്രകൃതിക്കനുസരിച്ചു് ഫലം നൽകും. ഭൂമിയിലെ ഈ ഉല്പന്നങ്ങൾ വഴി ജീവിക്കുന്ന എല്ലാ മൃഗങ്ങളും പരസ്പരം സഹവർത്തിത്വത്തിലും, ശാന്തതയിലും വർത്തിക്കും, മനുഷ്യനു പരിപൂർണമായി കീഴ്പ്പെട്ടിരിക്കുകയും ചെയ്യും.' 4. പോളിക്കാർപ്പിൻെറ സുഹൃത്തും യോഹന്നാനെ കേട്ടവനും, പഴമക്കാരനുമായ പപ്പിയാസ് ഇക്കാര്യങ്ങളെപ്പററി, തൻെറ നാലാം പുസ്തകത്തിൽ സാക്ഷ്യം നൽകുന്നു. യഥാർത്ഥത്തിൽ അവൻ അഞ്ചു് ഗ്രന്ഥങ്ങളെഴുതിയിട്ടുണ്ടു്. അവൻ തുടരുന്നു: 5. 'വിശ്വാസികൾക്കിവ വിശ്വാസ്യമാണു്.' ഒററുകാരൻ യൂദാ ഇവ വിശ്വസിക്കാൻ കൂട്ടാക്കി

www.malankaralibrary.com



യില്ല. 'എങ്ങനെ ഇപ്രകാരമൊരു വളർച്ച കർത്താവ് ഉണ്ടാക്കും' എന്ന് അവൻ ചോദിച്ചപ്പോൾ അന്ന് ജീവിക്കുന്നവർ അവ കാണും' എന്ന് കർത്താവ് മറുപടിയും പറഞ്ഞു എന്ന് അവൻ പറയുന്നു.

## രേഖാശകലം 2. [9]

'പപ്പിയാസിൻേറതായി അഞ്ചു ഗ്രന്ഥങ്ങളാണ് പ്രസിദ്ധീകൃതമായിട്ടുള്ളത്. 'കർത്തൃവചനഭാഷ്യം' എന്നാണവയുടെ പേര്. അദ്ദേഹത്തിൻേറതായി ഈ അഞ്ചേ ഉള്ളു എന്നു ധ്വനിപ്പിക്കത്തവിധം ഇരനെയൂസും ഇവയെപ്പററി പറയുന്നു. 'സംഗതികളുടെ ഈ അവസ്ഥ' എന്നിങ്ങനെ അവൻ പറയുന്നു. 2. ഇത്രയും ഇരനെയൂസ്. താൻ നേരിട്ട് വി. ശ്ലീഹന്മാരെ കാണുകയോ ശ്രവിക്കുകയോ ചെയ്തിട്ടില്ല. പ്രത്യുത അവരുടെ പരിചയക്കാരിൽ നിന്നാണ് താൻ വിശ്വാസസംബന്ധമായ കാര്യങ്ങൾ ഗ്രഹിച്ചതെന്ന് പപ്പിയാസ് തൻെറ കൃതികളുടെ ആമുഖത്തിൽ പറയുന്നു. അവനുപയോഗിച്ച ശൈലിവഴി ഇതിലേയ്ക്കാണ് വിരൽചൂണ്ടുന്നത്.

2. മൂപ്പന്മാരിൽനിന്ന് വളരെ സൂക്ഷ്മമായി സംഭരിച്ച വിവരങ്ങൾ എൻെറ വ്യാഖ്യാനങ്ങളോടുകൂടി എഴുതിവയ്ക്കുവാൻ ഞാൻ മടിക്കുന്നില്ല; സൂക്ഷ്മമായി ഞാനവ ഹൃദിസ്ഥമാക്കി: അവയുടെ വാസ്തവികതയ്ക്ക് ഞാൻ സാക്ഷിയാണ്. യഥാർത്ഥത്തിൽ മററനേകം മനുഷ്യർ ചെയ്യാറുള്ളതുപോലെ നീണ്ടവിവരണങ്ങൾതന്ന മനുഷ്യരെയല്ല, സത്യപ്രബോധകരെയാണ് ഞാൻ ശ്രവിച്ചത്. മനുഷ്യകല്പനകൾ കുത്തിക്കുറിച്ച മനുഷ്യരെപ്പോലെയുമല്ല; പിന്നെയോ, സത്യത്തിൽ [10] നിന്ന് നേരിട്ട വരുന്നതും വിശ്വസിക്കാനായി കർത്താവ് ഏല്പിച്ചതുമായ കാര്യങ്ങളാണ് ഞാൻ വിവരിക്കുന്നത്. 4. എന്നാൽ മൂപ്പന്മാരുമായി വളരെ അടുത്തിടപെട്ട ഒരാൾ പറഞ്ഞാൽ ഞാൻ മൂപ്പന്മാരുടെ വാക്കുകളായിരിക്കും രേഖപ്പെടുത്തുക. അന്ത്രയോസ് എന്തു പറഞ്ഞു? പത്രോസ് എന്തു പറഞ്ഞു പീലിപ്പോസ് എന്തു പറഞ്ഞു? തോമസും യാക്കോബും എന്തു പറഞ്ഞു? യോഹന്നാനോ, മത്തായിയോ, കർത്താവിൻെറ മററു ശിഷ്യന്മാരോ, എന്തു പറഞ്ഞു? കർത്താവിൻെറ ശിഷ്യരായ അരിസ്റ്റിയോസും [11] യോഹന്നാൻ എന്ന മൂപ്പനും എന്തു പറയുവാനുണ്ട് എന്നു ഞാൻ പ്രത്യേകമായി തിരക്കിയിരുന്നു. സജീവവും ഇപ്പോഴുള്ളതുമായ ശബ്ദംപോലെ പുസ്തകജ്ഞാനം സഹായകമല്ല എന്ന് ഞാൻ കണക്കാക്കിയിരുന്നു.' 5. യോഹന്നാൻെറ പേര് രണ്ടുപ്രാവശ്യം പറയുന്നതിലേക്കു ശ്രദ്ധ തിരിക്കുന്നതു നന്നായിരിക്കും. പത്രോസ്, യാക്കോബ്, മത്തായി മററു ശ്ലീഹന്മാർ എന്നിവരോടൊപ്പം

www.malankaralibrary.com



രണ്ടുപേരിലാദ്യം പറയുന്നതു സുവിശേഷകനാണെന്നു വ്യക്തം. അതിനുശേഷം വിവരണം മുറിച്ചിട്ട്, മററുള്ളവരെപ്പററിപറയാനായി ശ്ളീഹന്മാരുടെ പട്ടികയിൽ ഇല്ലാത്ത രണ്ടാമത്തെ യോഹന്നാനെപ്പററി പറയുന്നു. അരിസ്തിയോൻെറ പേരിനു ശേഷമാണ് അവനെപ്പററി പറയുക, അവനെ ഒരു മൂപ്പനെന്നും അവൻ വിളിക്കുന്നു.[12] 6. ഒരേപേരുള്ള രണ്ടുപേർ ആസ്യയിലുണ്ടായിരുന്നെന്നും യോഹന്നാൻേറതെന്നറിയപ്പെടുന്ന രണ്ടു കല്ലറകൾ ഇന്നോളം എഫേസോസിലുണ്ടെന്നും ചിലർ പറയുന്ന കഥ, സാന്ദർഭികവശാൽ ഈ വിവരണം യാഥാർത്ഥ്യമായി തെളിയിക്കുന്നു. യോഹന്നാൻെറ പേരിലുള്ള വെളിപാടിലെ ദർശനം ഒന്നാമത്തെ ആൾ എന്ന് കരുതാതിരുന്നാൽ ഈ രണ്ടു പേരിൽ രണ്ടാമത്തെയാൾ കണ്ടിരിക്കാനാണ് സാദ്ധ്യത. 7. കൂടാതെ ശ്ളീഹന്മാരുമായി അടുത്തു പെരുമാറിയവരിൽനിന്നാണ് ഈ വാക്കുകൾ തനിക്കു കിട്ടിയതെന്ന് നാം പറയുന്ന ഈ പപ്പിയാസ് സാക്ഷിക്കുന്നു. താൻ അരിസ്തിയോൻെറയും മൂപ്പൻ യോഹന്നാൻെറയും നേരിട്ടുള്ള ശ്രോതാവായിരുന്നെന്നും അവൻ കൂട്ടിച്ചേർക്കുന്നു. ഏതായാലും അവൻ അവരെ പേരെടുത്തു പറയുകയും തൻെറ കൃതികളിൽനിന്ന് അവരുടെ പാരമ്പര്യങ്ങൾ ഉദ്ധരിക്കുകയും ചെയ്യുന്നു. വായനക്കാരനെ നമ്മുടെ ഈ വിവരണം മടുപ്പിക്കില്ലെന്ന് കരുതട്ടെ.

8. പാരമ്പര്യത്തിലൂടെ തനിക്കു ലഭിച്ച ചില വിചിത്ര കാര്യങ്ങളുടെ വിവരണങ്ങളെ സംബന്ധിച്ച പ്രസ്താവനകൾ പപ്പിയാസിൻെറ മൊഴികളായി ഉദ്ധരിച്ചവയോടുകൂടി ചേർക്കുന്നതു് ഉചിതമെന്ന് കരുതുന്നു. 9. ഉദാഹരണത്തിന്; മിഷനറിയായ ഫിലിപ്പ്[13] തൻെറ പെൺമക്കളുമൊത്തു് ഹിയെരാപ്പൊളിസിൽ താമസിച്ചിരുന്നെന്ന് നേരത്തെ ഉള്ള വിവരണത്തിൽ ചൂണ്ടിക്കാണിച്ചല്ലോ; അവരുടെ സമകാലീനനായ പപ്പിയാസ് പറഞ്ഞ ഒന്നു രണ്ടു കാര്യം പറയേണ്ടതുണ്ട്. ഫിലിപ്പിൻെറ പെൺമക്കളിൽനിന്ന് അവന് വളരെ അത്ഭുതകരമായ ഒരു വിവരണം ലഭിച്ചു. അതായതു തൻെറ കാലത്തുതന്നേ മരിച്ച ഒരുവനെ ഉയിർപ്പിച്ച സംഭവം. ബർസാബ എന്നു പേരുള്ള യുസ്തുസുമായിബന്ധപ്പെട്ടതാണ് മറേറ അദ്ഭുതസംഭവം. അവൻ മാരകവിഷം പാനംചെയ്തതും, കർത്തൃ കൃപയാൽ അതിൽനിന്നൊരാപത്തും പിണയാത്തതും. 10. കർത്താവിൻെറ സ്വർഗാരോഹണശേഷം ശ്ളീഹന്മാർ ഈ യുസ്തുസിനെയും മത്തിയാസിനെയും നാമനിർദേശം ചെയ്തു. ഒററുകാരനായ യൂദാസ്സുപകരം അവരുടെ എണ്ണം തികയ്ക്കാൻ ആരെയാണ് കുറിമൂലം തെരഞ്ഞെടുക്കേണ്ടതെന്ന് അവർ പ്രാർത്ഥിച്ചു. തത്സംബന്ധമായി നടപടിയിൽ ഇപ്രകാരം പറയുന്നു; അവർ

www.malankaralibrary.com



രണ്ടുപേരെ നിർദ്ദേശിച്ചു. യുസ്റ്റസ് എന്ന മറുനാമമുള്ള യൗസേഫ് എന്നു വിളിക്കപ്പെട്ട ബർസാബയെയും മത്തിയാസിനെയും. എന്നിട്ട് അവർ താഴെ വരുംപ്രകാരം പ്രാർത്ഥിച്ചു'. 14 11. ഈ ഗ്രന്ഥകർത്താവുതന്നെ വാമൊഴിയായി തനിക്കു ലഭിച്ച വിവരങ്ങളും ചില അസാധാരണ ഉപമകളും, കർത്തൃ പ്രബോധനങ്ങളും, ഐതിഹ്യസ്വഭാവമുള്ള മററു ചിലകാര്യങ്ങളും പ്രസിദ്ധീകരിച്ചിട്ടുണ്ട്. 12. അവയിലൊന്നാണ് മരിച്ചവരുടെ ഉയിർപ്പിനു ശേഷമുള്ള സഹസ്രാബ്ദം. 15 അപ്പോൾ ഭൗതിക രീതിയിൽ ക്രിസ്തുവിൻെറ രാജ്യം ഭൂമിയിൽ സ്ഥാപിതമാകും എന്ന് അവൻ പറയുന്നു. അപ്പസ്തോലന്മാരുപയോഗിച്ച ഭാഷ, ഉപമമയവും ആന്തരികാർത്ഥസൂചകവുമായിരുന്നെന്ന് കാണിക്കാതെ അപ്പസ്തോലന്മാരുടെ വ്യാഖ്യാനം വളച്ചൊടിച്ചാണ് അവനിവ അനുമാനിച്ചതെന്നു് ഞാൻ കരുതുന്നു. 13. അവൻെറ വാക്കുകളെ ആധാരമാക്കി ആക്കം പറയുവാൻ കഴിയുന്നതുപോലെ, അവൻ തീരെ ബുദ്ധിയില്ലാത്തവനായി കാണപ്പെടുന്നു. എന്നാൽ അവൻെറ പ്രാചീനത്വം കണക്കാക്കി അവനുശേഷമുള്ള അനേകം ഗ്രന്ഥകർത്താക്കൾ അവൻ ചിന്തിച്ചതുപോലെ ചിന്തിച്ചിരുന്നു. അതിനെല്ലാം ഭാഗിക കാരണക്കാർ അവൻ ആണ്. ഉദാഹരണത്തിനു്, ഇരനെയൂസും അപ്രകാരമുള്ള അഭിപ്രായങ്ങൾ മുറുകെപ്പിടിച്ചവരും. 14. അരിസ്റ്റിയോൻെറ കർതൃവചന വിശദീകരണങ്ങളും, യോഹന്നാൻ എന്ന മൂപ്പൻെറ പാരമ്പര്യങ്ങളും തൻെറ കൃതിയിൽ പപ്പിയാസ് കുറിച്ചിരുന്നു എന്നു് സൂചിപ്പിച്ചല്ലോ. അഗാധപഠനത്തിനാഗ്രഹിക്കുന്നവരുടെ ശ്രദ്ധ നാം അതിലേക്കു തിരിക്കുന്നു. നേരത്തെ ഉദ്ധരിച്ചതിനോടു കൂടി സുവിശേഷ കർത്താവായ മർക്കൊസിനെപ്പററിയുള്ള ഒരു പരാമർശം കൂടി ഉദ്ധരിച്ചുനിർത്തുകയാണിപ്പോൾ. അതിപ്രകാരമാണ്.

15. 'ഇതും മൂപ്പൻ പറഞ്ഞു: മർക്കോസ് പത്രോസിൻെറ വ്യാഖ്യാതാവായപ്പോൾ കൃത്യമായി അവനോർത്ത കർതൃവചനങ്ങളും പ്രവൃത്തികളും–എന്നാൽ പദാനുപദമേയല്ല–അവൻ എഴുതിവച്ചു; അവൻ കർത്താവിനെ ശ്രവിച്ചില്ല; അവൻെറകൂടെ നടന്നുമില്ല. എന്നാൽ ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ അവൻ പിന്നീടു പത്രോസിനെ അനുഗമിച്ചു. കർത്താവിൻെറ ശുശ്രൂഷയുടെ ഒരു സമഗ്രവിവരണം നൽകാൻ അവൻ ഉദ്ദേശിച്ചില്ല; സന്ദർഭത്തിൻെറ ആവശ്യമനുസരിച്ച് അവൻ തൻെറ പ്രബോധനം രൂപപ്പെടുത്തി. തൽഫലമായി, മാർക്കോസ് താൻ ഓർത്തതനുസരിച്ച് ഒരപൂർണവിവരണമേ നൽകിയുള്ള എന്നതിനു് അവനെ കുററപ്പെടുത്താനാവില്ല. ഒരു കാര്യത്തിൽ അവൻ പ്രത്യേകം ശ്രദ്ധിച്ചിരുന്നു: താൻ കേട്ട കാര്യം ഒട്ടും ഉപേക്ഷിക്കാ

www.malankaralibrary.com



തിരിക്കാനും വിവരണത്തിൽ വളച്ചുകെട്ട് വരാതിരിക്കാനും.' മർക്കോസിനെ സംബന്ധിച്ച് പപ്പിയാസിൻെറ അന്വേഷണത്തിൻെറ ഫലമാണീ വിവരണം.

16. മത്തായിയെ സംബന്ധിച്ച താഴെപ്പറയുന്ന വിവരണം അവൻ നൽകി: 'തൻെറ സുവിശേഷവിവരണത്തിനു മത്തായി എബ്രായഭാഷ 16 ഉപയോഗിച്ചു; ഓരോരുത്തനും കഴിവനുസരിച്ച് അതു പരിഭാഷപ്പെടുത്തി.'

17. യോഹന്നാൻെറ ഒന്നാം ലേഖനത്തെക്കുറിച്ചും, പത്രോസിൻെറ ലേഖനത്തെപ്പററിയും ഈ എഴുത്തുകാരൻതന്നെ സാക്ഷ്യം നൽകുന്നുണ്ട്. പല തെററുകളെപ്രതി കർത്താവിൻെറ മുമ്പാകെ കുററം ചുമത്തപ്പെട്ട ഒരു സ്ത്രീയുടെ കഥയും അവൻ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഈ കഥ 'എബ്രായരുടെ സുവിശേഷം' എന്ന കൃതിയിൽ കാണാം. നൽകപ്പെട്ട ഉദ്ധരണികൾക്കു പുറമേ ഈ ചുരുങ്ങിയ കാര്യങ്ങൾകൊണ്ടിതു മതിയാക്കാം.

## രേഖാശകലം 3 17

1. അപ്പൊള്ളിനാരിസ്സിൽ നിന്ന്: യൂദാസ് കൊലക്കയറാൽ മരിച്ചില്ല; ശ്വാസം മുട്ടിച്ചാകുന്നതിനുമുമ്പ്, അവൻ താഴെയിറക്കപ്പെടുകയും തുടർന്ന് ജീവിക്കുകയും ചെയ്തു. ശ്ലീഹന്മാരുടെ നടപടി ഇതു വ്യക്തമാക്കുന്നുണ്ട് (1: 18): 'അവൻ തലകുത്തിവീണ് അവൻെറ വയർ പിളർക്കപ്പെടുകയും കുടൽ പുറത്തുചാടുകയും ചെയ്തു.' കർത്തൃവചനഭാഷ്യം നാലാം പുസ്തകത്തിൽ താഴെ പറയുംപ്രകാരം യോഹന്നാൻെറശിഷ്യനായ പപ്പിയാസ് ഈ സംഭവം വിവരിക്കുന്നു. 2. യൂദായുടെ ഭൗമിക ജീവിതം 18 ഭക്തിരാഹിത്യത്തിൻെറ ഒരു മകുടോദാഹരണമാണ്. അവൻെറ ശരീരം വീർത്തു പൊങ്ങി. എളുപ്പത്തിൽ ഒരു വണ്ടി കടന്നുപോകുന്നിടത്തുകൂടിപ്പോലും പോകാൻ അവനു സാധിച്ചില്ല; അവൻെറ വീർത്ത തലപോലും കടക്കാൻ കഴിഞ്ഞില്ല. അവൻെറ കൺപോളകൾ പഴുത്തു വീർത്തിരുന്നു. അവനു പോലും പ്രകാശം ഒട്ടും കാണാൻ സാധിച്ചില്ല. ഡോക്ടർമാരുടെ കൺഉപകരണങ്ങൾക്കുപോലും അവൻെറ കണ്ണു കണ്ടുപിടിക്കാൻ സാധിച്ചില്ല. അത്രസ്സു അവ ഉള്ളിലേക്കു വലിഞ്ഞു. അവൻെറ ഗുഹ്യഭാഗങ്ങൾ സാധാരണയിൽ കവിഞ്ഞതും കാഴ്ചയ്ക്കു നിന്ദ്യവുമായിരുന്നു; അവൻ പ്രകൃതിയുടെ ആവശ്യങ്ങൾ നിർവഹിക്കുമ്പോഴും ഇവവഴി ശരീരത്തിൻെറ എല്ലാ ഭാഗത്തുനിന്നും പഴുപ്പും കൃമികളും വന്നുകൊണ്ടിരുന്നു. 3. ഇപ്രകാരം കഠിന വേദനയും ശിക്ഷയും അനുഭവിച്ചശേഷം അവൻ പറയുംപോലെ അവൻ അവൻെറ സ്ഥലത്തേക്കുപോയി; 19 നാററംകൊണ്ട് ആ

www.malankaralibrary.com



സ്ഥലം ഉപേക്ഷിതമായി: ഇന്നും അവിടെ മനുഷ്യവാസമില്ല; വാസ്തവത്തിൽ മൂക്ക പൊത്തിക്കൊണ്ടല്ലാതെ ഇന്നും ആർക്കും ആ സ്ഥലത്തുകൂടി കടന്നുപോകാനാവില്ല. അത്രയധികമായിരുന്നു അവന്റെ ശരീരത്തിൽനിന്നുള്ള മാലിന്യം; അതു് വളരെ സ്ഥലത്തു് വ്യാപിച്ചും കിടന്നു.

## രേഖാശകലം 4 [20]

പടാനപടം പപ്പിയാസ് ഇപ്രകാരം പറയുന്നു: 'അവരിൽ ചിലരെ'-നേരത്തെ വിശുദ്ധന്മാരായിരുന്ന മാലാഖമാരെ എന്നു സ്പഷ്ടം- 'ഭൂമിയുടെ ശരിയായ ക്രമീകരണത്തിന്മേൽ അദ്ധ്യക്ഷ സ്ഥാനം വഹിക്കുക എന്ന കടമ അവൻ ഏല്പിച്ചു.' തുടർന്നു് അവൻ പറയുന്നു: 'അവർക്കു നൽകപ്പെട്ട ദൗത്യം അവസാനം അർത്ഥശൂന്യമായിപ്പോയി'. [21]

## രേഖാശകലം 5 [22]

ഈ പുസ്തകത്തിന്റെ [22a] നിവേശിതസ്വഭാവത്തെപ്പററി ഇനിയും ചർവിതചർവണം ചെയ്യുന്നതു് സമയം നഷ്ടമാക്കലാണെന്നു് ഞാൻ കരുതുന്നു; മുൻതലമുറക്കാരായ ദൈവശാസ്ത്രജ്ഞൻ ഗ്രിഗോറിയോസും, സിറിലും, അവരെക്കൂടാതെ പപ്പിയാസ്, ഇരണെയൂസ്, മെത്തോഡിയൂസ്, ഹിപ്പോളിററസ് എന്നിവരും ഇതിന്റെ വിശ്വാസ്യതയെ സംബന്ധിച്ച സാക്ഷ്യപ്പെടുത്തിയിട്ടുണ്ടു്.

## രേഖാശകലം 6 [23]

കർത്താവിന്റെ ഇഷ്ടസ്നേഹിതനായ യോഹന്നാന്റെ ശിഷ്യനായ ഹിയെരാപ്പൊളീസിലെ പപ്പിയാസ്, ക്ലെമെൻറ്, അലക്സാന്ത്രിയൻ വൈദികൻ പന്തേനൂസ്, അമ്മോണിയൂസ് [24] എന്നീ ശ്രേഷ്ഠരുടെ വിവരണങ്ങളിൽനിന്നു് നാം ആശയം സ്വീകരിക്കുന്നു. അവരെല്ലാം പ്രാചീന കൗൺസിലിനു മുമ്പുള്ളവരുമായ [25] വ്യാഖ്യാതാക്കളാണു്; ഹെക്സേമെറോൻ [26] മുഴുവൻ ക്രിസ്തുവിനെയും സഭയെയുംപററി വ്യംഗ്യാർത്ഥത്തിൽ അവർ മനസ്സിലാക്കി.

## രേഖാശകലം 7 [27]

വ്യാഖ്യാനങ്ങളിൽ പഴക്കം ചെന്നവനും താത്വികനും ശ്ലീഹന്മാരുടെ സമകാലികനുമായ ഫീലോ, സുവിശേഷകനായ യോഹന്നാന്റെ ശിഷ്യനായ ഹിയെരാപ്പൊളീസിലെ പപ്പിയാസ്... അവരുടെ സഹപ്രവർത്തകർ, ആദിയായവർ പറുദീ

www.malankaralibrary.com



സായെക്കുറിച്ചുള്ള വിവരണം, വ്യംഗ്യാർത്ഥത്തിൽ ക്രിസ്തുവിൻെറ സഭയെ പരാമർശിച്ചാണെന്നു് വ്യാഖ്യാനിച്ചു.

## രേഖാശകലം 8 [28]

'കർത്തൃവചനഭാഷ്യം' ഒന്നാം പുസ്തകത്തിൽ പപ്പീയാസും, 'പെഡഗോഗിൽ' [29] ക്ലെമൻറും പറയുന്നതുപോലെ, ദൈവികമായ നിഷ്കളങ്കത പുലർത്തിയവർ, 'മക്കാം' [30] എന്നു് അവരാൽ [31] വിളിക്കപ്പെട്ടു.

## രേഖാശകലം 9 [32]

സുവിശേഷകനായ യോഹന്നാൻെറ കാലത്തു് ഏഷ്യയിലെ മെത്രാനായിരുന്ന പപ്പീയാസിനെപ്പററിയാണു് അവൻ അവ്യക്തമായി സൂചിപ്പിക്കുന്നതെന്നു് എനിക്കു് തോന്നുന്നു. ഉത്ഥാനജീവിതത്തിൽ ഭക്ഷണപാനീയങ്ങൾ അനുഭവിക്കുന്നതിൽനിന്നുള്ള സുഖത്തെപ്പററി ഈ പപ്പീയാസു് തൻെറ 'കർത്തൃവചനം' നാലാം പുസ്തകത്തിൽ പറയുന്നുണ്ടു്. 'ഹെരസികൾക്കെതിരെ' (Adversus Haereses) എന്ന തൻെറ ഗ്രന്ഥത്തിൻെറ അഞ്ചാം പുസ്തകത്തിൽ[33] ലയൺസിലെ ഇരനെയൂസും ഇതേകാര്യം പറയുകയും, തൻെറ പ്രസ്താവനകൾക്കു് തെളിവായി പപ്പീയാസിനെ ഉദ്ധരിക്കുകയും ചെയ്യുന്നു.

## രേഖാശകലം 10 [34]

'ദൈവരാജ്യ'മെന്നാൽ ഏതോ ചില ഭൗമിക ഭക്ഷണപാനീയാനുഭവസുഖമാണു് എന്നു് മെത്രാനും രക്തസാക്ഷിയുമായ, ഹിയെരാപ്പൊളീസിലെ പപ്പീയാസും ലയൺസിലെ വി. മെത്രാനായ ഇരനെയൂസും പറയുന്നതു് സ്ററീഫൻ പാടെ നിരാകരിക്കുന്നു. [35]

## രേഖാശകലം 11 [36]

1. ഹിയരാപ്പൊളീസിലെ മെത്രാനും, ദൈവശാസ്ത്രജ്ഞനായ [37] യോഹന്നാൻെറ ശിഷ്യനും, പോളിക്കാപ്പിൻെറ സുഹൃത്തുമായ പപ്പീയാസ് 'കർത്തൃവചനം' അഞ്ചു ഗ്രന്ഥങ്ങളായി എഴുതി. അവിടെ അവൻ ശ്ളീഹന്മാരുടെ ഒരു ലിസ്റ്റു് നൽകുന്നുണ്ടു്. പത്രോസു്, യോഹന്നാൻ, തോമസു്, മത്തായി ആദിയായ കർത്തൃശിഷ്യന്മാരുടെ പേരുകൾ പറഞ്ഞിട്ടു് അവൻ അരിസ്തിയോൻ, മറെറാരു യോഹന്നാൻ എന്നിവരുടെ പേരുകൾ കുറിക്കുന്നു. അവൻ അവരെ മൂപ്പന്മാർ (Presbyters) [38] എന്നത്രേ വിളിക്കുന്നതു്. പഴമക്കാർ യോഹന്നാൻെറ ഒന്നാം

www.malankaralibrary.com



ലേഖനം മാത്രം അംഗീകരിച്ചതിനാൽ, യോഹന്നാൻെറ പേരിൽ പ്രചരിച്ചിരുന്ന രണ്ടു ചെറിയ 'സാർവ്വത്രിക ലേഖനങ്ങൾ' ഈ യോഹന്നാനാൽ എഴുതപ്പെട്ടു എന്നു് ചിലർ കരുതുന്നു. വെളിപാടു പുസ്തകവും ഈ ആളുടെ കൃതിയാണെന്നു് ചിലർ തെററായി ധരിച്ചിരുന്നു. സഹസ്രാബ്ദത്തെപ്പററി പപ്പിയാസിനും തൽഫലമായി ഇരനെയൂസിനും തെററു പററി.

2. സുവിശേഷകനായ യോഹന്നാനും അവൻെറസഹോദരനായ യാക്കോബും യൂദന്മാരാൽ കൊല്ലപ്പെട്ടു എന്നു് പപ്പിയാസ് തൻെറ കൃതിയുടെ രണ്ടാം ഭാഗത്തു് പറയുന്നു.[39] ചിട്ടി വീണ[40] യുസ്തൂസ് എന്ന ബർസാബ പാമ്പിൻെറ വിഷം കുടിക്കാൻ അവിശ്വാസികളാൽ നിർബന്ധിക്കപ്പെട്ടു എന്നും ക്രിസ്തുവിൻെറ നാമത്തിൽ അവനു് ദോഷമേല്ലാതിരുന്നു എന്നും ഫിലിപ്പിൻെറ പുത്രിമാരുടെ വിവരണത്തെ ആസ്പദമാക്കി മേല്പറഞ്ഞ പപ്പിയാസ് പറയുന്നു. ഇതിനെക്കാൾ അത്ഭുതകരങ്ങളായ കാര്യങ്ങൾ, പ്രത്യേകിച്ചു് മനേമൂസിൻെറ മാതാവു്[41] മരിച്ചവരിൽനിന്നു് എഴുന്നേററ കാര്യം, അവൻ രേഖപ്പെടുത്തിയിട്ടുണ്ടു്. ക്രിസ്തുവിനാൽ മൃത്യുവിൽനിന്നു് ഉത്ഥിതരാക്കപ്പെട്ടവർ ഹഡ്രിയാൻെറ കാലംവരെ ജീവിച്ചു എന്നും അവൻ പറയുന്നു.

## രേഖാംശകലം 12[42]

1. ഡൊമിഷ്യനുശേഷം നേർവാ ഒരു വർഷം രാജാവായിരുന്നു. അവൻ യോഹന്നാനെ ദ്വീപിൽനിന്നു്[43] തിരികെ വിളിച്ചു്, എഫേസൂസിൽ താമസിക്കാനായി സ്വതന്ത്രനാക്കി. 12 ശിഷ്യന്മാരിൽ അവൻ മാത്രമേ അന്നു് ജീവിച്ചിരുന്നുള്ളു: അവൻെറ പേരിലറിയപ്പെടുന്ന സുവിശേഷം എഴുതിയശേഷം അവൻ രക്തസാക്ഷിമകുടം ചൂടി. 2. അവൻ യൂദന്മാരാൽ കൊല്ലപ്പെട്ടെന്നു് പപ്പിയാസ്[44] തൻെറ 'കർത്തൃവചനം' എന്ന ഗ്രന്ഥത്തിൻെറ രണ്ടാം പുസ്തകത്തിൽ പറയുന്നു; അവൻ ഹിയെരാപ്പോളീസിൻെറ മെത്രാനും യോഹന്നാനെ സ്വന്തംകണ്ണുകൊണ്ടു് കണ്ടവനുമാണു്. ഇപ്രകാരം അവനും അവൻെറ സഹോദരനും അവരെക്കുറിച്ചുള്ള കർത്തൃപ്രവചനവും, തത്സംബന്ധമായ അവരുടെ ഉറപ്പും പ്രഖ്യാപനവും പൂർത്തിയാക്കി, കാരണം, 'എനിക്കു കുടിക്കുവാനുള്ള കാസാ നിങ്ങൾക്കു് കുടിക്കാൻ കഴിയുമോ?' എന്നു് കർത്താവു് അവരോടു ചോദിച്ചപ്പോൾ, അവർ താല്പര്യപൂർവ്വം സമ്മതിക്കുകയും ഉറപ്പായി പറയുകയും ചെയ്തു. 'എനിക്കു കുടിക്കുവാനുള്ള കാസാ നിങ്ങൾ കുടിക്കും; ഞാൻ മുങ്ങുവാനുള്ള സ്നാനംകൊണ്ടു് നിങ്ങളും സ്നാനപ്പെടും' എന്നു് കർത്താവു് തുടർന്നു് അവരോടു പറയുകയും ചെയ്തു. [45]അസത്യം

www.malankaralibrary.com



പറയാൻ ദൈവത്തിനസാധ്യമായതിനാൽ, ഇതു വളരെ സ്വീകാര്യമത്രെ. 3. പണ്ഡിതനായ ഒരിജനം ഈ വിവരണത്തിന്റെ യാഥാർത്ഥ്യത്തിന് സാക്ഷ്യം വഹിക്കുന്നു. അവനു ഈ വിവരണം ശ്ലീഹന്മാരുടെ പിൻഗാമികളിൽനിന്ന് ലഭിച്ചു എന്നു തന്റെ 'മത്തായി സുവിശേഷഭാഷ്യത്തിൽ'[46] അവൻ പറയുന്നു. കൂടാതെ പണ്ഡിതനായ എവുസേബിയുസ് തന്റെ സഭാചരിത്രത്തിൽ പറയുന്നു: 'തോമസിനു പാർത്തിയ ലഭിച്ചു; യോഹന്നാനു തന്റെ പങ്കായി ആസിയാ കിട്ടി; അവരുടെയിടയിൽ അവൻ ജീവിക്കുകയും എഫേസൂസിൽ വച്ചു തന്റെ ജീവിതം അവസാനിപ്പിക്കുകയും ചെയ്തു' (3:1).

## രേഖാശകലം 13 [47]

1. യോഹന്നാനെഴുതിയ സുവിശേഷത്തെപ്പററിയുള്ള വിവരണം ഇവിടെ ആരംഭിക്കുന്നു. യോഹന്നാൻ ജഡത്തിലായിരിക്കുമ്പോഠംതന്നെ തന്റെ സുവിശേഷം പ്രസിദ്ധീകരിക്കപ്പെട്ടു കയും ശിഷ്യനും, പപ്പിയാസ് എന്നു പേരുള്ളവനുമായ ഒരു ഹിയരാപ്പോളീസുകാരൻ തന്റെ 'ഭാഷ്യത്തിൽ'–അതായതു് തന്റെ പഞ്ചഗ്രന്ഥിയുടെ അവസാന ഭാഗത്തു്–ഇതേപ്പററി വളരെയധികം പറഞ്ഞിട്ടുണ്ടു്. 2. (യോഹന്നാന്റെ നിർദ്ദേശപ്രകാരം അവൻ സുവിശേഷത്തിന്റെ ഒരു യഥാർത്ഥ കോപ്പി ഉണ്ടാക്കി. ഉപദേശ വ്യത്യാസത്താൽ യോഹന്നാനാൽ കുററപ്പെടുത്തപ്പെട്ട മാർസിയൻ[48] എന്ന അബദ്ധോപദേശകൻ അവനാൽ തിരസ്ക്കരിക്കപ്പെട്ടു. പോന്തുസിൽ ജീവിച്ചിരുന്ന സഹോദരന്മാരിൽ നിന്നു് അവൻ അവനു കൃതികഠം അഥവാ ലേഖനങ്ങഠം കൊടുക്കയുണ്ടായി).

www.malankaralibrary.com

# 5

# സ്മീർണയിലെ വി.പോളിക്കാർപ്പ്

**ആമുഖം**

ശ്ളീഹന്മാരുടെ ശിഷ്യനായ പോളിക്കാർപ്പ് സ്മീർണ യിലെ മെത്രാനായിരുന്നു. യോഹന്നാൻ ശ്ളീഹായുടെ പാദ ത്തിലിരുന്ന് അദ്ദേഹം സഭാതത്ത്വം ശ്രവിച്ചു എന്ന് വി. ഇരനെ യൂസ്, (പാഷ.3.3.4) എവുസേബിയൂസ് (സഭാച.50.5) തെർത്തുല്യൻ (അബദ്ധോ. 32 2) എന്നിവർ പറയുന്നു. ശ്ലീഹ ന്മാരാണ് അദ്ദേഹത്തെ സ്മീർണയിലെ മെത്രാനായി നിയമി ച്ചതെന്ന് ഇരനെയൂസ് സാക്ഷിക്കുന്നു (പാഷ.3.3.4). ഇദ്ദേ ഹത്തിനാണ് ഇഗ്നേഷ്യസ് ഒരു കത്തയച്ചത്. 155-ൽ പോളിക്കാപ്പും അനിസെററസ് മാപ്പാപ്പയും തമ്മിൽ റോമിൽ വച്ച് ഉയിർപ്പുദിവസം സംബന്ധിച്ച് ചർച്ച നടന്നു. പോപ്പ് അനിസെററസിനെ ഏഷ്യാററിക് രീതിയിലേക്ക് ആനയി ക്കാൻ പോളിക്കാർപ്പ് ശ്രമിച്ചു; എന്നാൽ അതിലദ്ദേഹം വിജ യിച്ചില്ല. എങ്കിലും അവരിരുവരും ഉത്തമ സുഹൃത്തുക്കളായി പിരിഞ്ഞു. പോളിക്കാർപ്പിനെപ്പററി രസകരമായ ഒരു സംഭവം ഇരനെയൂസ് വിവരിക്കുന്നുണ്ട്: ഒരിക്കൽ മാർസിയൻ എന്ന അബദ്ധോപദേശകൻ തന്നെ അറിയുമോ എന്നു പോളി ക്കാർപ്പിനോടു ചോദിച്ചു. അദ്ദേഹം പ്രതിവചിച്ചു: 'തീർച്ച യായും! സാത്താന്റെ ആദ്യജാതനെ എനിക്കറിയാം.'

## 1. ഫിലിപ്പിയാക്കാർക്ക് എഴുതിയ ലേഖനം

ഫിലിപ്പിയയിലെ സഭയിൽ ചില അബദ്ധോപദേശങ്ങൾ തലപൊക്കാൻതുടങ്ങി. അവയ്ക്കെതിരെ ജാഗരൂകരായിരിക്കാൻ കത്തുവഴി ജനങ്ങളെ ഉദ്ബോധിപ്പിക്കയാണ് പോളിക്കാപ്പ്.

ഫിലിപ്പിയാക്കാർക്ക് കത്തെഴുതാൻ മറെറാരു കാരണവും ഉണ്ട്. വാലൻസ് എന്ന പ്രെസ്ബിററും ഭാര്യയും എന്തോ

www.malankaralibrary.com



പണമിടപാടിൽ വഞ്ചന കാട്ടിയതിന് സഭസ്ഥ പുറത്താക്കപ്പെട്ടു. തൽസംബന്ധമായി അവിടത്തെ ജനങ്ങൾ പോളിക്കാർപ്പിന്റെ ഉപദേശം ആരാഞ്ഞു.

അവരുടെ പ്രശ്നങ്ങൾക്ക് പരിഹാരം നിർദേശിച്ചുകൊണ്ടും വിശ്വാസജീവിതത്തിൽ വളരുന്നതിനുള്ള നിർദേശങ്ങൾ നല്കിക്കൊണ്ടും പോളിക്കാർപ്പ് അവർക്ക് മറുപടിയായി ഒരു കത്ത് അയച്ചു.

ഈ ലേഖനത്തിനു രണ്ടു ഭാഗങ്ങളുണ്ട്. ഇഗ്നേഷ്യസ് സ്മിർണായിൽനിന്ന് റോമിലേക്കു പോയ ഉടനെ എഴുതപ്പെട്ടതാണ് പതിമൂന്നാം അദ്ധ്യായം. പോളിക്കാർപ്പ്, ഇഗ്നേഷ്യസിന്റെ കത്തുകൾ ഫിലിപ്പിയർക്ക് അയച്ചുകൊടുത്തു. അവയ്ക്കൊരാമുഖക്കുറിപ്പായിട്ടാണ് 13-ാം അദ്ധ്യായം. 1-12 വരെ അദ്ധ്യായങ്ങൾ ഏതാണ്ട് ഇരുപതോ അതിലധികമോ വർഷങ്ങൾ കഴിഞ്ഞാണ് എഴുതപ്പെട്ടത്. ഒൻപതാം അദ്ധ്യായത്തിൽ ഇഗ്നേഷ്യസ് മരിച്ചതായി രേഖപ്പെടുത്തിയിരിക്കുന്നു; പതിമൂന്നാം അദ്ധ്യായം ഇഗ്നേഷ്യസിന്റെ സാമീപ്യം വിവരിക്കുന്നു. എവുസേബിയസ് സഭാ ചരിത്രത്തിൽ 9-ഉം 13-ഉം അദ്ധ്യായങ്ങൾ ഗ്രീക്കിൽ ഉദ്ധരിക്കുന്നു; എന്നാൽ 13-ാം അദ്ധ്യായത്തിന്റെ അവസാന വാചകം വിട്ടുകളഞ്ഞു: 'ഇഗ്നേഷ്യസിനെപ്പററിയും അദ്ദേഹത്തോടുകൂടെ ഉള്ളവരെപ്പററിയും നിങ്ങൾക്കറിയാവുന്ന വസ്തുനിഷ്ഠമായ വിവരങ്ങൾ ഞങ്ങളെ അറിയിക്കണം.' ലത്തീൻ വിവർത്തനത്തിൽ മാത്രമേ ഈ വാചകം ഉള്ളു. രണ്ടു ഭാഗവും ഒരു കത്തെന്നു കരുതിയാവാം ചേർന്നുപോകാൻ പ്രയാസമുള്ള ഈ വാചകം എവുസേബിയസ് വിട്ടുകളഞ്ഞത്. 14-ാം അദ്ധ്യായം ഒരു അനുബന്ധമത്രേ. പുതിയനിയമത്തിലും ഡിഡാക്കയിലും, ബർണബാസിലും, ഹെർമാസിന്റെ ആദ്യഭാഗത്തും ഉള്ള പ്രബോധകശൈലിയാണ് പോളിക്കാർപ്പിന്റെ ലേഖനത്തിലുമുള്ളത്. ഈ കത്ത് വളരെ ഹ്രസ്വമാണെങ്കിലും അതു പോളിക്കാപ്പിന്റെ സ്വഭാവം വെളിപ്പെടുത്തുന്നുണ്ട്. വിനീതനും, ശ്രദ്ധമാനസ്സനും, സത്യസന്ധനുമായ ഒരു ദൈവപുരുഷനെ നമുക്കതിൽ കാണാം. അദ്ദേഹത്തിനു വലിയ താത്വിക പരിശീലനമൊന്നും സിദ്ധിച്ചിട്ടില്ല. ഗ്രീക്കിന്റെ പാണ്ഡിത്യമോ പഴയ നിയമത്തിന്റെ പരിജ്ഞാനമോ അദ്ദേഹത്തിനില്ല. എന്നാൽ ക്രിസ്തീയ പ്രബോധനങ്ങളെ അദ്ദേഹം നിരന്തരം ധ്യാനിച്ചിരുന്നു.

www.malankaralibrary.com

# 2. പോളിക്കാർപ്പിന്റെ രക്തസാക്ഷിത്വം

റോമിൽനിന്നു തിരിച്ചെത്തിയ ഉടനെ പോളിക്കാപ്പ് രക്തസാക്ഷിമകുടം ചൂടി. ഇതേപ്പറ്റി സ്മിർണയിലെ സഭ ഗ്രേറ്റർ ഫ്രീജിയായിലെ ഫിലോമെലിയം എന്ന സ്ഥലത്തെ ക്രിസ്തീയസമൂഹത്തിന് ഒരു കത്തെഴുതി. വേദപുസ്തകത്തിൽ ക്രിസ്തുവിന്റെ കുരിശുമരണത്തെയും വി. സ്തെഫാനോസിന്റെ രക്തസാക്ഷിത്വത്തെയും കുറിച്ചു സമ്യക്കായി വിവരിക്കുന്നുണ്ട്. വേദപുസ്തകത്തിനു പുറത്ത്, ക്രിസ്തുവിനെപ്രതി മരിച്ച ഒരാളെപ്പറ്റി പ്രതിപാദിക്കുന്ന ഏറ്റം പ്രാചീനരേഖ വി. പോളിക്കാർപ്പിന്റെ രക്തസാക്ഷിത്വം സംബന്ധിച്ചുള്ളതാണ്. രക്തസാക്ഷികളോടുള്ള വണക്കം സംബന്ധിച്ചുള്ള ഏറ്റവും പുരാതനരേഖയും ഇതുതന്നെ (1:3). അതായത്, സഭയിലെ രക്തസാക്ഷികളുടെ ഭൗതികാവശിഷ്ടങ്ങളോടുള്ള വണക്കവും, ആണ്ടുതോറും അവരുടെ ഓർമ്മ കൊണ്ടാടുന്ന രീതിയും ഈ രേഖയിൽ ദൃശ്യമാണ് (18:2). മൃഗീയമായ നരവേട്ടയുടെ ദൃക്സാക്ഷി വിവരണമാണ് ഇവിടെ വരച്ചു കാണിച്ചിരിക്കുന്നത്. ഇത് എഴുതിയതു മാർസിയൻ എന്നൊരാളാണ്. പോളിക്കാർപ്പിന്റെ രക്തസാക്ഷിത്വത്തോടടുത്ത കാലത്തു തന്നെ ഈ രക്തസാക്ഷിവിവരണം എഴുതപ്പെട്ടു. എന്നാൽ പിൽക്കാലത്ത് ചില കാര്യങ്ങൾ അതോടുകൂടി ചേർക്കപ്പെട്ടു. പോളിക്കാർപ്പിന്റെ മഹനീയ വ്യക്തിത്വത്തിലേക്ക് വെളിച്ചം വീശുന്നതാണ് ഈ രക്തസാക്ഷിവിവരണം. സ്താത്സിയൂസ് ക്വാഡ്രാത്തുസ് എന്ന പ്രോകോൺസുൾ, 'സത്യം ചെയ്യുക, ഞാൻ നിന്നെ മോചിപ്പിക്കാം, ക്രിസ്തുവിനെ ശപിക്കുക' എന്നു പറഞ്ഞപ്പോൾ പോളിക്കാപ്പ് മറുപടി പറഞ്ഞു: '86 വഷം ഞാൻ അവനെ സേവിച്ചു; അവൻ എനിക്കൊരു ദ്രോഹവും ചെയ്തിട്ടില്ല. എന്നെ രക്ഷിച്ച എന്റെ രാജാവിനെ പിന്നെ ഞാൻ എങ്ങനെ ശപിക്കും?' (9:3) അവർ തന്റെ ശരീരത്തിൽ ആണിയടിക്കാൻ തുടങ്ങിയപ്പോൾ അവൻ പറഞ്ഞു: 'എന്നെ വിടുവിൻ. കാരണം ഈ അഗ്നി സഹിക്കാൻ എനിക്കു ശക്തിനൽകുന്നവൻ ആണികളിൽ നിന്നു നിങ്ങൾ പ്രതീക്ഷിക്കുന്ന മുൻകരുതൽ കൂടാതെതന്നെ നിശ്ചലമായി ചിതയിൽ നിൽക്കാൻ എനിക്കു കഴിവുതരും' (13:3). വിവരണത്തിനിടയിൽ കാണുന്ന പ്രാർത്ഥന, ക്രൈസ്തവപ്രാർത്ഥനാചരിത്രം പഠിക്കുന്നവർക്കു വളരെ സഹായകമാണ് (14). ഈ പ്രാത്ഥന ലിറ്റർജിക്കൽ ശൈലി പ്രതിധ്വനിപ്പിക്കുന്നു.

www.malankaralibrary.com

# 1. പോളിക്കാർപ്പ് ഫിലിപ്പിയാക്കാർക്ക് എഴുതിയ ലേഖനം

പോളിക്കാർപ്പും അവനോടുകൂടെയുള്ള വൈദികരും ഫിലിപ്പിയായിൽ വിപ്രവാസത്തിലായിരിക്കുന്ന ദൈവസഭയ്ക്ക് എഴുതുന്നത്; സർവശക്തനായ ദൈവത്തിൽനിന്നും നമ്മുടെ രക്ഷകനായ യേശുമിശിഹായിൽനിന്നും ദയയും ശാന്തിയും നിങ്ങൾക്ക് വർദ്ധിക്കുമാറാകട്ടെ.

1. 1. യഥാർത്ഥ സ്നേഹത്തിന്റെ മാതൃകകളെ നിങ്ങൾ സ്വീകരിച്ചു എന്നതിൽ നിങ്ങളോടൊത്ത് ഞാൻ നമ്മുടെ കർത്താവായ യേശുമിശിഹായിൽ സന്തോഷിക്കുന്നു. വിശുദ്ധന്മാർക്ക് യോജിച്ച ചങ്ങലകളാൽ ബന്ധിതരായവരെ നിങ്ങളാലാവും വിധം അനുധാവനം ചെയ്തതിനാലും ഞാൻ അത്യധികം സന്തോഷിക്കുന്നു. നമ്മുടെ കർത്താവിനാലും ദൈവത്താലും തിരഞ്ഞെടുക്കപ്പെട്ടവർക്ക് അവർ യഥാർത്ഥത്തിൽ ഒരു കിരീടമാണ്. 2. പണ്ടുമുതലെ കീർത്തികേട്ട നിങ്ങളുടെ വിശ്വാസത്തിന്റെ ഉറച്ച അടിസ്ഥാനത്തെപ്രതി ഞാൻ സന്തോഷിക്കുന്നു. നിങ്ങളുടെ വിശ്വാസം ഇപ്പോഴും നിലനിൽക്കുകയും, മരണത്തോളം നമ്മുടെ പാപങ്ങൾക്കുവേണ്ടി സഹിച്ച നമ്മുടെ കർത്താവിനു ഫലം പുറപ്പെടുവിക്കുകയും ചെയ്യുന്നു. പാതാളത്തിന്റെ ചങ്ങലകളെ തകർത്തു ദൈവം അവനെ ഉയിർപ്പിച്ചു 3. അവനെ ദർശിച്ചിട്ടില്ലെങ്കിലും അവാച്യവും ശ്രേഷ്ഠവുമായ സന്തോഷത്താൽ അവനിൽ നിങ്ങൾ വിശ്വസിക്കുന്നു.[1] അനേകർ ആ സന്തോഷം അനുഭവിക്കുവാൻ ആഗ്രഹിക്കുന്നു. പ്രവൃത്തികളാലല്ല ഈശോമിശിഹാവഴി പിതാവിന്റെ ഇഷ്ടത്താലുള്ള കൃപയാലത്രേ നിങ്ങൾ രക്ഷപ്രാപിച്ചത് എന്നു നിങ്ങൾക്കറിവുണ്ട്.[2]

2. 1. അതുകൊണ്ട് നിങ്ങൾ അരകെട്ടി, ഭയത്തിലും സത്യത്തിലും ദൈവത്തെ സേവിക്കുവിൻ.[3] പൊള്ളയായ വായാടിത്തവും ജനക്കൂട്ടത്തിന്റെ അബദ്ധപ്രബോധനങ്ങളും വിട്ടകലുവിൻ.[4] നമ്മുടെ കർത്താവീശോമിശിഹായെ മരിച്ചവരിൽ നിന്നുയർപ്പിച്ച് അവനു മഹത്ത്വവും തന്റെ വലത്തുഭാഗത്തു സിംഹാസനവും കൊടുത്തവനിൽ വിശ്വസിക്കുവിൻ.[5] ആകാശത്തിലും ഭൂമിയിലുമുള്ള സമസ്തവും അവനു കീഴ്പ്പെടുത്തപ്പെട്ടിരിക്കുന്നു.[6] ശ്വാസമുള്ള സകലവും അവനെ സ്നേഹിക്കുന്നു[7]. അവൻ ജീവനുള്ളവരുടെയും മരിച്ചവരുടെയും വിധികർത്താവാ

www.malankaralibrary.com



യി എഴുന്നെള്ളിവരും.[8] അവനെ അനുസരിക്കാത്തവരോട് ദൈവം അവന്റെ രക്തത്തിനു പകരം ചോദിക്കും. 2. നാം അവന്റെ ഇഷ്ടം ചെയ്ത് കല്പനകൾ നമ്മുടെ ജീവിതനിയമമാക്കണം. നാം അവൻ സ്നേഹിക്കുന്നതിനെ സ്നേഹിച്ച്[9] അത്യാർത്തി, ദ്രവ്യാഗ്രഹം, അപവാദം, കള്ളസാക്ഷി തുടങ്ങിയ എല്ലാ ദുഷ്പ്രവൃത്തികളിൽനിന്നും അകലണം. 'തിന്മയ്ക്കുപകരം തിന്മയും'[10] നിന്ദനത്തിന് നിന്ദയും അടിയ്ക്കടിയും ശാപത്തിന് ശാപവും നൽകാതിരിക്കുകയും വേണം. 3. 'വിധിക്കപ്പെടാതിരിക്കുവാൻ നിങ്ങൾ വിധിക്കരുത്. ക്ഷമിക്കപ്പെടുവാൻ ക്ഷമിക്കുവിൻ. കരുണ കാണിക്കപ്പെടുവാൻ കരുണയുള്ളവരായിരിപ്പിൻ. നിങ്ങൾ അളക്കുന്ന അളവിനാൽതന്നെ നിങ്ങൾക്കും അളന്നുകിട്ടും.[11] ദരിദ്രരും, നീതിയെപ്രതി പീഡിപ്പിക്കപ്പെടുന്നവരും ഭാഗ്യവാന്മാർ; എന്തെന്നാൽ ദൈവരാജ്യം അവരുടേതാകുന്നു'[12] എന്ന് തുടങ്ങി കർത്താവു പഠിപ്പിച്ചപ്പോൾ പറഞ്ഞ കാര്യങ്ങൾ ഓർക്കുകയും വേണം. അങ്ങനെ ചെയ്താൽ അവനെ മരണത്തിൽനിന്ന് ഉയിർപ്പിച്ചവൻ നമ്മെയും ഉയിർപ്പിക്കും.[13]

3. 1. സഹോദരങ്ങളേ, നീതിയെപ്പററി ഞാനീ കാര്യങ്ങൾ എഴുതുന്നത് എന്റെ സ്വന്തം തീരുമാനത്താലല്ല, പിന്നെയോ നിങ്ങൾതന്നെ എന്നോടപേക്ഷിച്ചതിനാലത്രെ. 2. എനിക്കോ, എന്നെപ്പോലെ മററൊരാൾക്കോ ഭാഗ്യവാനും വാഴ്ത്തപ്പെട്ടവനുമായ പൗലൊസിന്റെ ജ്ഞാനത്തോട് കിടപിടിക്കത്തക്ക ജ്ഞാനമില്ല.[14] തന്റെ കാലത്തുണ്ടായിരുന്ന തലമുറയുമായി മുഖാമുഖം നിങ്ങളുടെയിടയിൽ സന്നിഹിതനായിരുന്നപ്പോൾ അവൻ കൃത്യമായും ആധികാരികമായും സത്യവചനം[15] നിങ്ങളെ പഠിപ്പിച്ചിട്ടുണ്ടല്ലോ. അവൻ സന്നിഹിതനല്ലാത്തപ്പോൾ നിങ്ങൾക്ക് കത്തുകളയയ്ക്കുകയും ചെയ്തു. നിങ്ങൾ അവ ശ്രദ്ധാപൂർവം പഠിക്കുകയും പ്രത്യാശയാൽ അനുധാവനം ചെയ്യപ്പെടുകയും, ദൈവത്തോടും ക്രിസ്തുവിനോടും നമ്മുടെ അയൽക്കാരോടുമുള്ള സ്നേഹത്താൽ നയിക്കപ്പെടുകയും ചെയ്താൽ നിങ്ങൾക്കു നല്കപ്പെട്ട വിശ്വാസത്തിൽ വളരുവാൻ നിങ്ങളെ അവ സഹായിക്കും. 3. വിശ്വാസമോ നാമെല്ലാവരുടെയും മാതാവാകുന്നു.[16] ഈ കാര്യങ്ങളിൽ മുഴുകിയിരിക്കുന്നവൻ നീതിയുടെ കല്പന പൂർത്തിയാക്കുന്നു. സ്നേഹമുള്ളവൻ എല്ലാവിധ പാപത്തിൽനിന്നും അകലെയാണ്.[17]

4. 1. എന്നാൽ എല്ലാ തിന്മകളുടെയും ആരംഭം ദ്രവ്യാഗ്രഹമാണ്. നാമീലോകത്തിലേക്ക് ഒന്നും കൊണ്ടുവന്നിട്ടില്ല; ഇതിൽനിന്നൊന്നും കൊണ്ടുപോകുവാൻ സാധിക്കയുമില്ല എന്നറിഞ്ഞുകൊണ്ട്[18] നീതിയുടെ കവചം ധരിച്ച്, കർത്തൃകല്പ

www.malankaralibrary.com



നാനസൃതം ജീവിക്കുവാൻ ആദ്യമായി നമ്മെത്തന്നെ അഭ്യസിപ്പിക്കാം. 2. തങ്ങൾക്കു ലഭിച്ചിട്ടുള്ള വിശ്വാസത്തിലും, സ്നേഹത്തിലും, ശുദ്ധതയിലും ഭർത്താക്കന്മാരെ വിശ്വസ്തതാപൂർവം പ്രേമിക്കാനും, എല്ലാവിധ ശുദ്ധതയിലും മററുള്ള എല്ലാവരേയും സ്നേഹിക്കാനും ദൈവഭയത്തിൽ കുട്ടികളെ വളർത്താനും നിങ്ങളുടെ ഭാര്യമാരെ അഭ്യസിപ്പിക്കണം.[19] 3. വിധവകളും കർത്താവിനോടുള്ള വിശ്വസ്തതയിൽ ജീവിച്ച് മിതത്വമുള്ളവരായിരിക്കണം. എല്ലാവർക്കുംവേണ്ടി നിരന്തരം പ്രാർത്ഥിക്കണം. തങ്ങൾ ദൈവത്തിൻെറ അൾത്താരകളാണെന്നും അവൻ എല്ലാം ശോധന ചെയ്യുമെന്നും, വികാരത്താലും വിചാരത്താലുമുളവാകുന്നവയാകട്ടെ, ഹൃദയത്തിൻെറ രഹസ്യങ്ങളാകട്ടെ അവന് മറഞ്ഞിരിക്കുന്നില്ല[20] എന്നും അറിഞ്ഞുകൊണ്ട് നിന്ദനം, ദൂഷണം, കള്ളസാക്ഷ്യം, ദ്രവ്യാഗ്രഹം തുടങ്ങിയ എല്ലാത്തരം തിന്മകളിൽ നിന്നും അകന്നിരിക്കണം.

5. 1. 'ദൈവം പരിഹസിക്കപ്പെടുന്നില്ല'[21] എന്നറിഞ്ഞുകൊണ്ട് അവൻെറ കല്പനകൾക്കും മഹത്ത്വത്തിനും യോജിച്ച രീതിയിൽ നാം ജീവിക്കണം. 2. അതുപോലെ ശുശ്രൂഷകരും[22] അവൻെറ നീതിക്കുമുമ്പിൽ കളങ്കരഹിതരായിരിക്കണം. അവൻ ദൈവത്തിൻെറയും ക്രിസ്തുവിൻെറയും ശുശ്രൂഷകരായിരിക്കണം; മനുഷ്യരുടേതായിരിക്കരുത്. അവർ അപവാദം പറയരുത്. ദ്വയാർത്ഥം വച്ച് സംസാരിക്കരുത്. ധനത്തെ സ്നേഹിക്കുന്നവരാകരുത്. എല്ലാററിലും മിതത്വവും ദയയും തീക്ഷ്ണതയുമുള്ളവരായിരിക്കണം. എല്ലാവരുടെയും ശുശ്രൂഷകനായിത്തീർന്ന കർത്താവിൻെറ സത്യമനുസരിച്ച് ജീവിക്കണം. ഈ ലോകത്തിൽ നാമവനെ പ്രസാദിപ്പിച്ചാൽ 'മരണത്തിൽനിന്നുയിർപ്പിക്കും' എന്ന് അവൻ പറഞ്ഞിരിക്കുന്നതുപോലെ, വരുവാനിരിക്കുന്ന കാലവും നമുക്കു ലഭിക്കും. അവനു യോജിച്ച രീതിയിൽ നാം പ്രവർത്തിച്ചാൽ അവനോടുകൂടെ വാഴും.[23] 3. അതുപോലെ യുവാക്കൾ എല്ലാ കാര്യത്തിലും കുററമററവരായിരിക്കണം.[24] പ്രത്യേകിച്ച് ശുദ്ധതയെ സംബന്ധിച്ച് ശ്രദ്ധയുള്ളവരായിരിക്കണം. എല്ലാവിധ തിന്മകളിൽനിന്നും ഒഴിഞ്ഞിരിക്കയും വേണം. ഈ ലോകത്തിലുള്ള ദുഷ്കാമത്തിൽനിന്ന് സ്വയം വെട്ടിമാററുന്നവൻ ഭാഗ്യവാൻ! കാരണം ശാരീരിക വികാരങ്ങൾ അരൂപിക്കെതിരായി യുദ്ധം നടത്തുന്നു.[25] 'വേശ്യാസംസർഗം ചെയ്യുന്നവരാകട്ടെ, വിഷയാസക്തരാകട്ടെ, സ്വവർഗ്ഗ സംഭോഗികളാകട്ടെ, വഴിപിഴച്ച കാര്യങ്ങൾ ചെയ്യുന്നവരാകട്ടെ ദൈവരാജ്യം അവകാശപ്പെടുത്തുകയില്ല'[26] അതുകൊണ്ട് അവയിൽ നിന്നെല്ലാം അകന്നിരിക്കുക അത്യാവശ്യമാണ്. ദൈവത്തോടും ക്രിസ്തുവിനോടും എന്നവണ്ണം, വൈദികരോടും ശെമ്മാശ

www.malankaralibrary.com



ന്മാരോടും അനുസരണയുള്ളവരായിരിക്കണം. യുവതികൾ കളങ്കരഹിതവും ശുദ്ധവുമായ മനസ്സാക്ഷിയോടെ ജീവിക്കണം.[27]

6. വൈദികരും അതുപോലെ അനുകമ്പയും എല്ലാവരോടും ദയയും ഉള്ളവരായിരിക്കണം. വഴിതെററിപ്പോയവരെ തിരിച്ചു കൊണ്ടുവരണം; രോഗികളെ ശുശ്രൂഷിക്കണം. വിധവകളേയും അനാഥരേയും ദരിദ്രരേയും വിഗണിക്കരുത്. പിന്നെയോ ദൈവത്തിൻെറയും മനുഷ്യരുടെയും മുമ്പിൽ ബഹുമാന്യമായതു് എന്തോ അതു ചെയ്യണം.[28] അവർ എല്ലാവിധ കോപത്തിൽ നിന്നും, പക്ഷപാതത്തിൽനിന്നും, നീതിയില്ലാത്ത വിധിയിൽനിന്നും, ധനമോഹത്തിൽനിന്നും അകന്നിരിക്കണം; ആരുടെയും കുററങ്ങളെപ്പററി വേഗത്തിൽ വിശ്വസിക്കരുതു്. നമുക്കെല്ലാം പാപങ്ങൾ ഉണ്ടെന്നറിഞ്ഞുകൊണ്ടു് മററുള്ളവരെ വിധിക്കുമ്പോൾ കർക്കശരായിരിക്കരുതു്. 2. നമ്മുടെ കർത്താവിനോടു ക്ഷമിക്കണമേ എന്നു നാം അപേക്ഷിക്കുമ്പോൾ നാം തന്നെ ക്ഷമിക്കേണ്ടിയിരിക്കുന്നു. കാരണം നാം ദൈവമായ കർത്താവിൻെറ കൺമുമ്പിലാണ്. 'എല്ലാവരും മിശിഹായുടെ ന്യായാസനത്തിൻ മുമ്പാകെ നിൽക്കേണ്ടിവരും. ഓരോരുത്തനും തന്നെപ്പററി കണക്കു കൊടുക്കേണ്ടിവരികയും ചെയ്യും.'[29] അതുകൊണ്ടു് അവിടുന്നു കല്പിച്ചതുപോലെ 'ഭയത്തോടും ബഹുമാനത്തോടുംകൂടെ നമുക്കവനെ സേവിക്കാം.'[30] സുവിശേഷം നമ്മോടു പ്രസംഗിച്ച ശ്ലീഹന്മാരും, നമ്മുടെ കർത്താവിൻെറ വരവിനെ മുൻകൂട്ടി അറിയിച്ച നിബിയന്മാരും അപ്രകാരം തന്നെയാണല്ലോ കല്പിച്ചിട്ടുള്ളതു്. നന്മയിൽ നമുക്കു ശുഷ്ഠാന്തിയുള്ളവരായിരിക്കാം. വഴി പിഴപ്പിക്കുന്നവർ, വ്യാജ സഹോദരർ, കാപട്യം നിറഞ്ഞ കർത്തൃനാമധാരികൾ എന്നിവരെ ഒഴിവാക്കണം.

7. 1. എന്തെന്നാൽ യേശുക്രിസ്തു ശരീരത്തിൽ വന്നുവെന്നു പ്രഖ്യാപിക്കാത്തവൻ[31] എതിർക്രിസ്തുവാകുന്നു.[32] അതുപോലെ കുരിശിൻെറ സാക്ഷ്യം പ്രഘോഷിക്കാത്തവൻ പിശാചിൻേറതാകുന്നു.[33] തൻെറ ദുഷ്കാമത്തിനുവേണ്ടി കർത്തൃവചനങ്ങളെ കോട്ടി മാററുകയും ഉയിർപ്പും വിധിയും ഇല്ലെന്നു പറയുകയും ചെയ്യുന്നവൻ സാത്താൻെറ ആദ്യജാതനാകുന്നു. 2. അതുകൊണ്ടു് ജനക്കൂട്ടത്തിൻെറ പൊള്ളത്തരങ്ങളും അബദ്ധോപദേശങ്ങളും നമുക്കു് തള്ളിക്കളയാം. ആരംഭംമുതൽ നമുക്കു നൽകപ്പെട്ട വചനത്തിലേക്കു തിരിയാം. പ്രാർത്ഥനയിൽ ഉററിരിക്കാം.[34] ഉപവാസത്തിൽ സ്ഥിരമായിരിക്കാം. പരീക്ഷയിൽ ഉൾപ്പെടാതിരിക്കുവാൻ[35] എല്ലാം കാണുന്ന ദൈവത്തെ തീക്ഷ്ണതാപൂർവ്വം വിളിച്ചപേക്ഷിക്കാം. കർത്താവു പറഞ്ഞതുപോലെ ആത്മാവു ഒരുക്കമുള്ളതു് ജഡമോ ബലഹീനം.'[36]

www.malankaralibrary.com



8. 1 'നമ്മുടെ പ്രത്യാശയും'[37] നമ്മുടെ നീതികരണത്തിൻെറ അച്ചാരവുമായ യേശുമിശിഹായെ ദൃഢമായും നിരന്തരമായും മുറുകെപ്പിടിക്കാം. പാപം ചെയ്യാതിരുന്നിട്ടും, തൻെറ വായിൽ വഞ്ചനയില്ലാതിരുന്നിട്ടും[38] മരണത്തിൽവച്ച് തൻെറ ശരീരത്തിൽ നമ്മുടെ പാപങ്ങളെല്ലാം അവൻ വഹിച്ചു. അവനിൽ നാം ജീവിക്കുവാനായി അവൻ നമ്മെ പ്രതി എല്ലാം സഹിച്ചു. 2. അതുകൊണ്ട് അവൻെറ ക്ഷമാപൂർവ്വമായ സഹനത്തെ നമുക്കനുസരിക്കാം[39]. അവൻെറ നാമത്തെപ്രതി സഹിച്ചുകൊണ്ട്, അവനെ നമുക്കു മഹത്വപ്പെടുത്താം. അവൻ തൻെറ വ്യക്തിത്വത്തിൽ നമുക്കൊരു ദൃഷ്ടാന്തം തന്നിരിക്കുന്നു; അതാണ് നാം വിശ്വസിച്ചതും.

9. 1. നീതിയുടെ വചനത്തിനു് അനുസരണയുള്ളവരായിരിപ്പാൻ ഞാൻ നിങ്ങളെ ഉപദേശിക്കുന്നു. അതുപോലെ എല്ലാം ക്ഷമാപൂർവം സഹിക്കുവിൻ. ഭാഗ്യവാന്മാരായ ഇഗ്നേഷ്യസ്, സോസിമൂസ്, റൂഫസ് എന്നിവരിൽ നിങ്ങളുടെ സ്വന്തം കണ്ണുകൾകൊണ്ട് അതു് ദർശിച്ചതാണല്ലോ. കൂടാതെ നിങ്ങളുടെ ഇടയിലുള്ളവരിലും പൗലൊസിൽ തന്നെയും മററപ്പസ്തോലന്മാരിലും നിങ്ങളതു ദർശിച്ചതാണല്ലോ. 2. ഇവരാരും ഓടിയതു് വെറുതെയല്ല.[40] പിന്നെയോ, വിശ്വാസത്തിലും നീതിയിലും അവർ ആരുടെ കഷ്ടതകളിൽ പങ്കുചേർന്നുവോ, ആ കർത്താവിനോടുകൂടെ അവർ അർഹിക്കുന്ന സ്ഥലത്താണിപ്പോൾ എന്നു് ഉറപ്പായി ധരിക്കുവിൻ. കാരണം, അവർ ഈ ലോകത്തെയല്ല, സ്നേഹിച്ചതു്[41] പിന്നെയോ നമ്മെപ്രതി മരിക്കയും നമുക്കുവേണ്ടി ദൈവത്താൽ ജീവനിലേക്കു് ഉയർത്തപ്പെടുകയും ചെയ്തവനേ അത്രേ.[42]

10. 1. ഈ കാര്യങ്ങളിലുറച്ചുനിൽക്കുവിൻ. വിശ്വാസത്തിൽ സ്ഥിരമായും അചഞ്ചലമായും വർത്തിച്ചും, സാഹോദര്യത്തെ സ്നേഹിച്ചും, അന്യോന്യം സ്നേഹിച്ചും[43] സഖികളെ സത്യത്തിലും കർത്താവിൻെറ ശാന്തതയിലും[44] പരസ്പരം ബഹുമാനിച്ചും, ആരേയും നിന്ദിക്കാതെയും ജീവിച്ച് കർത്തൃദൃഷ്ടാന്തത്തെ അനുകരിപ്പിൻ. 2. കാരുണ്യപ്രവൃത്തി ചെയ്യാൻ കഴിയുമ്പോൾ മാററിവയ്ക്കരുതു്[45] കാരണം ദാനം മരണത്തിൽനിന്നു് സ്വതന്ത്രമാക്കുന്നു.[46] നിങ്ങളെല്ലാവരും പരസ്പരം കീഴ്പ്പെടുവിൻ. അങ്ങനെ നിങ്ങളുടെ പെരുമാററം[47] ജാതികളിൽനിന്നുള്ള അപവാദങ്ങൾക്കതീതമായിരിക്കും; നിങ്ങളുടെ സൽപ്രവൃത്തികൾക്കു് നിങ്ങൾ പ്രശംസിക്കപ്പെടുകയും ചെയ്യും. നിങ്ങൾ മൂലം കർത്താവു് അധിക്ഷേപിക്കപ്പെടുകയുമില്ല. 3. ആരുമൂലം കർത്തൃനാമം ദുഷിക്കപ്പെടുന്നുവോ അവർക്കു ഹാ

www.malankaralibrary.com



കഷ്ടം.48 നിങ്ങൾ ജീവിക്കുന്നതുപോലെ എല്ലാവരേയും സംയമനം പഠിപ്പിക്കുവിൻ.

11. 1. ഒരിക്കൽ നിങ്ങളുടെ ഇടയിൽ ഒരു വൈദികനായിരുന്ന വാലെൻസിനെപ്പററി ഞാൻ അത്യധികം ദുഃഖിക്കുന്നു. അവനു നല്കപ്പെട്ട മഹത്ത്വം അവൻ വളരെവേഗം മറന്നുകളഞ്ഞു. അതുകൊണ്ട് ധനത്തോടുള്ള സ്നേഹത്തിൽ നിന്നകന്ന് ശുദ്ധതയോടും സത്യസന്ധതയോടും വ്യാപരിക്കുവാൻ ഞാൻ നിങ്ങൾക്ക് മുന്നറിയിപ്പു നൽകുന്നു. എല്ലാത്തരം തിന്മകളിൽ നിന്നും അകലുവിൻ. 49 2. ഈ കാര്യങ്ങളിൽ സ്വയം ഭരിക്കാൻ കഴിവില്ലാത്തവൻ മററുള്ളവരെ എങ്ങനെ പഠിപ്പിക്കും? ധനത്തോടുള്ള സ്നേഹത്തിൽ നിന്നകലാത്തവൻ വിഗ്രഹാരാധനയാൽ അശുദ്ധമാക്കപ്പെടും. ദൈവത്തിൻെറ ന്യായവിധിയെപ്പററി അജ്ഞരായ ജാതികളെപ്പോലെ അവൻ വിധിക്കപ്പെടുകയും ചെയ്യും. അതുമല്ലെങ്കിൽ പൗലോസ് പഠിപ്പിക്കുന്നതുപോലെ 'വിശുദ്ധ'ന്മാർ ലോകത്തെ വിധിക്കുന്നു എന്ന് നാം അറിയുന്നില്ലേ' ? 50 3. എന്തായാലും നിങ്ങളുടെ ഇടയിൽ അത്തരം കൃത്യങ്ങളൊന്നും ഞാൻ കാണുകയോ കേൾക്കുകയോ ചെയ്തിട്ടില്ല. പൗലൊസ് നിങ്ങളുടെ ഇടയിൽ അത്യദ്ധ്വാനം ചെയ്തു. തൻെറ ലേഖനത്തിൻെറ ആരംഭത്തിൽ നിങ്ങളെപ്പററി അവൻ സൂചിപ്പിച്ചിട്ടുണ്ട്. അക്കാലത്ത് ദൈവത്തെ അറിഞ്ഞസഭകളിൽ അവൻ നിങ്ങളിൽമാത്രം പ്രശംസിക്കാനനുഗ്രഹിച്ചു. 51അന്നും ഞങ്ങൾ അവനെ അറിഞ്ഞിരുന്നില്ല. 4. വാലെൻസിനെ പ്രതിയും അവൻെറ ഭാര്യയെ പ്രതിയും ഞാൻ വളരെയധികം ദുഃഖിക്കുന്നു. കർത്താവ് അവക്ക് യഥാർത്ഥമായ അനുതാപം നൽകട്ടെ. 52 അവൻെറ കാര്യത്തിൽ നിങ്ങളും മിതത്വമുള്ളവരായിരിക്കണം. അത്തരക്കാരെ ശത്രുക്കളായി ഗണിക്കരുത്. 53 കഷ്ടപ്പെടുകയും വഴിതെററിപ്പോവുകയും ചെയ്ത അംഗങ്ങളായ അവരെ നിങ്ങളുടെ ശരീരം മുഴുവനെയും രക്ഷിക്കാൻവേണ്ടി വീണ്ടെടുക്കണം. 54 കാരണം, ഇങ്ങനെ ചെയ്യുമ്പോൾ നിങ്ങൾ നിങ്ങളെത്തന്നെ പണിതുയർത്തുന്നു.

12. 1. നിങ്ങൾ വേദപുസ്തകത്തിൽ പാണ്ഡിത്യമുള്ളവരാണെന്നും, നിങ്ങൾക്കൊന്നും അജ്ഞാതമല്ലെന്നും എനിക്കുറപ്പുണ്ട്. എന്നാൽ എനിക്കാകട്ടെ എല്ലാം നൽകപ്പെട്ടിട്ടില്ല. വി. ഗ്രന്ഥത്തിൽ പറയുന്നതുപോലെ, 'കോപിക്കാം എന്നാൽ പാപമാകരുത്. നിങ്ങളുടെ കോപത്തിന്മേൽ സൂര്യൻ അസ്തമിക്കരുത്''55 ഇതോർക്കുന്നവൻ ഭാഗ്യവാൻ. നിങ്ങൾ അത്തരക്കാരാണെന്ന് ഞാൻ കരുതുന്നു. 2. നമ്മുടെ കർത്താവീശോമിശിഹായുടെ പിതാവായ ദൈവവും, ദൈവപുത്രനും നിത്യ പുരോഹിതനുമായ ഈശോമിശിഹായും, 56വിശ്വാസത്തിലും, സത്യത്തിലും

www.malankaralibrary.com



എല്ലാ ശാന്തതയിലും, കോപം കൂടാതെയും, ക്ഷമാപൂർവമുള്ള സഹനത്തിലും സുദീർഘമായ പീഡനങ്ങളിലും ആത്മനിയന്ത്രണത്തിലും ശുദ്ധതയിലും നിങ്ങളെ പണിതുയർത്തട്ടെ. നിങ്ങൾക്കും, നിങ്ങളോടൊപ്പം ഞങ്ങൾക്കും, നമ്മുടെ കർത്താവീശോമിശിഹായിലും അവനെ മരിച്ചവരിൽ നിന്നുയിർപ്പിച്ച പിതാവിലും, വിശ്വസിക്കുവാനിരിക്കുന്ന[57] ആകാശത്തിൻകീഴുള്ള എല്ലാവർക്കും അവൻ തൻെറ വിശുദ്ധന്മാരുടെയിടയിൽ ഓഹരിയും അവകാശവും നൽകട്ടെ. 3. 'എല്ലാ വിശുദ്ധർക്കുവേണ്ടിയും പ്രാർത്ഥിക്കുവിൻ'[58] : രാജാക്കന്മാർക്കുവേണ്ടിയും വിധികർത്താക്കൾക്കുവേണ്ടിയും അധികാരികൾക്കുവേണ്ടിയും[59] നിങ്ങളെ പീഡിപ്പിക്കുകയും ഞെരുക്കുകയും ചെയ്യുന്നവർക്കുവേണ്ടിയും[60] കുരിശിൻെറ ശത്രുക്കൾക്കുവേണ്ടിയും, പ്രാർത്ഥിക്കുവിൻ.[61] നിങ്ങൾ എപ്രകാരം നന്നായി ചെയ്യുന്നു എന്നു് എല്ലാവരും അറിയും. അവനിൽ നിങ്ങൾ പരിപൂർണരായിരിക്കുകയും ചെയ്യും. [62]

13. ആരെങ്കിലും സിറിയായ്ക്കു പോകുന്നെങ്കിൽ, അവൻ നിങ്ങളുടെ കത്തും എടുക്കണമെന്നു് നിങ്ങളും ഇഗ്നേഷ്യസും എനിക്കെഴുതിയിരുന്നു. സൗകര്യപ്രദമായ അവസരം ലഭിച്ചാൽ ഞാനിതിൽ ശ്രദ്ധിക്കാം. ഞാൻ തന്നെയോ, അല്ലെങ്കിൽ എന്നെയും നിങ്ങളേയും പ്രതിനിധീകരിച്ചുകൊണ്ടു് ഒരാളെയോ അയയ്ക്കാം. നിങ്ങൾ അപേക്ഷിച്ചതുപോലെ ഇഗ്നേഷ്യസ് ഞങ്ങൾക്കെഴുതിയ എഴുത്തുകളും ഞങ്ങളുടെ പക്കലുള്ള മററെഴുത്തുകളും ഞങ്ങൾ നിങ്ങൾക്കയയ്ക്കുന്നു. അവയെല്ലാം ഈ കത്തിനോടൊത്തു് ചേർത്തിട്ടുണ്ടു്. അവയിൽ നിങ്ങൾക്കു് വളരെപ്രയോജനപ്രദമായ കാര്യങ്ങളുണ്ടു്. അവ വിശ്വാസവും ക്ഷമാപൂർവകമായ സഹനവും കർത്താവിനെ സംബന്ധിച്ചുള്ള പ്രബോധനവും ഉൾക്കൊണ്ടിട്ടുണ്ടു്. ഇഗ്നേഷ്യസിനെപ്പററിയും അവനോടുകൂടെയുള്ളവരെപ്പററിയും, നിങ്ങൾക്കറിയാവുന്ന വസ്തുനിഷ്ഠമായ വിവരങ്ങൾ ഞങ്ങളെ അറിയിക്കണം.

14. അടുത്തിടയ്ക്കു് നിങ്ങളുടെ പക്കൽ ഞാൻ ശുപാർശ ചെയ്ത ക്രേസ്സൂസ് വഴി ഈ കത്തയയ്ക്കുന്നു. ഇപ്പോൾ വീണ്ടും അതേ ശുപാർശ ചെയ്യുന്നു. അവൻ കുററം കൂടാതെ ഞങ്ങളോടൊത്തുവസിച്ചു. അവൻ നിങ്ങളോടുകൂടെയും അങ്ങനെ വസിക്കുമെന്നു് ഞാൻ കരുതുന്നു അവൻെറ സഹോദരി നിങ്ങളുടെ പക്കൽ വരുമ്പോൾ അവളേയും ഞാൻ നിങ്ങളോടു് ശുപാർശ ചെയ്യുന്നു. നിങ്ങൾക്കും നിങ്ങളുടെ എല്ലാവർക്കും ഈശോമിശിഹായുടെ കൃപയിൽ അഭിവാദനങ്ങൾ! ആമ്മീൻ.

www.malankaralibrary.com

# 2. പോളിക്കാർപ്പിന്റെ രക്തസാക്ഷിത്വം

സ്മിർണയിൽ വിപ്രവാസത്തിൽ[1] കഴിയുന്ന ദൈവസഭ ഫിലൊമെലിയത്തിലെ ദൈവസഭയ്ക്കും, എല്ലാ സ്ഥലങ്ങളിലുമുള്ള വി. കത്തോലിക്കാസഭയിൽപ്പെട്ടവർക്കും: പിതാവായ ദൈവത്തിൽനിന്നും നമ്മുടെ കർത്താവീശോമിശിഹായിൽനിന്നും ദയയും സമാധാനവും സ്നേഹവും വർദ്ധിക്കുമാറാകട്ടെ.[2]

1. സഹോദരങ്ങളേ, രക്തസാക്ഷിമകുടം ചൂടിയവരെപ്പററി, പ്രത്യേകിച്ച് തന്റെ സാക്ഷ്യത്താൽ മതപീഡനം അവസാനിപ്പിച്ച് മുദ്രയിട്ട ഭാഗ്യവാനായ പോളിക്കാർപ്പിനെപ്പററിയാണ് ഞങ്ങൾ നിങ്ങൾക്ക് എഴുതുന്നത്. സുവിശേഷാനുസരണം ഉള്ളൊരു രക്തസാക്ഷിത്വം ഒന്നുകൂടി കാണിച്ചുകൊടുക്കുവാൻവേണ്ടി കർത്താവ് അതിലേക്കു നയിച്ച കാര്യങ്ങളെല്ലാംതന്നെ സംഭവിച്ചു. 2. നമ്മുടെ കർത്താവ് ചെയ്തതുപോലെ[3] ഒററിക്കൊടുക്കപ്പെടുന്നതിന് അവൻ അവസാനംവരെ കാത്തിരുന്നു. നാം നമ്മെ സംബന്ധിക്കുന്ന കാര്യംമാത്രം ശ്രദ്ധിക്കുന്നവരാകാതെ നമ്മുടെ അയൽക്കാരെ സംബന്ധിക്കുന്ന കാര്യവും ശ്രദ്ധിച്ച്[4] യേശുവിനെ അനുകരിക്കുന്നവരാകുവാൻ വേണ്ടിയാണിത്. സ്വയം രക്ഷപെടുക എന്ന ആഗ്രഹത്തിനു പുറമേ സഹോദരങ്ങളെപ്പററി ചിന്തിക്കുകയെന്നതു് സത്യവും നിരന്തരവുമായ സ്നേഹത്തിന്റെ അടയാളമാണ്.

2. 1. ദൈവവചനത്തിനനുസരണം നടന്ന രക്തസാക്ഷ്യമെല്ലാം മഹനീയവും ശ്രേഷ്ഠവും തന്നെയാണ്. കാരണം, എല്ലാ കാര്യങ്ങളിന്മേലും ദൈവത്തിന് അധികാരം ആരോപിക്കുന്നതിൽ നാം വളരെ നിഷ്ഠയുള്ളവരായിരിക്കണം. 2. രക്തസാക്ഷികൾക്ക് യജമാനനായ മിശിഹായുടെ നേർക്കുള്ള മഹാനുഭാവവും ക്ഷമാപൂർവ്വകമായ സഹനവും സ്നേഹവും ആരാണ് അഭിനന്ദിക്കാത്തത്! അവരിൽ ചിലർ അടികളാൽ പിച്ചിച്ചീന്തപ്പെട്ടു. ഉള്ളിലെ രക്തധമനികൾ ദൃശ്യമാകത്തക്കവണ്ണം ശരീരഘടന അത്ര വ്യക്തമാക്കപ്പെട്ടു. കാഴ്ചക്കാരിൽ ദയയും സങ്കടവും ഉളവാകത്തക്കരീതിയിൽ അവർ വളരെയധികം ക്ഷമാപൂർവം സഹിച്ചു. മററുചിലർ കരയുകയോ നിലവിളിക്കുകയോ ചെയ്യാതെ അസാമാന്യ ധീരത കാട്ടി. തങ്ങൾ ശരീരത്തിലല്ല, പ്രത്യുത നാഥൻ തങ്ങളോടൊത്തുനിന്ന് സംസാരിച്ചു എന്ന് പീഡനസമയത്ത് ക്രിസ്തുവിന്റെ ധീരരക്തസാക്ഷികൾ ഞങ്ങൾ

www.malankaralibrary.com



ക്കെല്ലാവർക്കും കാണിച്ചുതന്നു. 3. ക്രിസ്തുവിൻെറ കൃപയിൽ തങ്ങളെത്തന്നെ ഏല്പിച്ചുകൊണ്ട് അവർ ഈ ലോകത്തിൻെറ പീഡനങ്ങളെ വിഗണിച്ചു. തങ്ങൾക്കുവേണ്ടി ഒരു മണിക്കൂർ സമയംകൊണ്ട് നിത്യജീവിതം വിലയ്ക്കുവാങ്ങുകയും ചെയ്തു. ക്രൂരമായ പീഡനങ്ങളുടെ അഗ്നി അവർക്ക് തണുപ്പായിരുന്നു. എന്തെന്നാൽ നിത്യമായതും ഒരിക്കലും അവസാനിക്കാത്തതുമായ അഗ്നിയിൽനിന്നുള്ള മോചനത്തിൽ അവർ ദൃഷ്ടിവച്ചു അതേ സമയം ഹൃദയനയനങ്ങളാൽ ക്ഷമാപൂർവം സഹിക്കുന്നവർക്കായി ഒരുക്കപ്പെട്ടിട്ടുള്ള നല്ല വസ്തുക്കളെ അവർ സൂക്ഷിച്ചുനോക്കി. 'അവ കണ്ണു കണ്ടിട്ടില്ല; ചെവി കേട്ടിട്ടില്ല; മനുഷ്യഹൃദയത്തിൽ തോന്നിയിട്ടുമില്ല.[5] എന്നാൽ കർത്താവ് അവർക്കവ കാണിച്ചുകൊടുത്തു. കാരണം അവർ മനുഷ്യരല്ല, മാലാഖമാരായിരുന്നു. 4. അപ്രകാരംതന്നെ വന്യമൃഗങ്ങൾക്കെറിയപ്പെട്ടും, ഭീകര ശിക്ഷകൾക്കുശേഷം മൂർച്ചയുള്ള വാളുകളാൽ കീറപ്പെട്ടും, മററു പല ഭീകര രീതികളിലും അവർ പീഡിപ്പിക്കപ്പെട്ടു. സാധിക്കുമെങ്കിൽ തുടർച്ചയായ മർദ്ദനത്താൽ അവരുടെ വിശ്വാസം ഉപേക്ഷിക്കാൻ അവരെ വഴിപ്പെടുത്താൻ വേണ്ടിയായിരുന്നു അവയെല്ലാം.

3. 1. നിരവധി ഉപായങ്ങൾ അവർക്കെതിരായി പിശാച് പ്രയോഗിച്ചു. എന്നാൽ ദൈവാനുഗ്രഹത്താൽ അവർക്കെതിരായി അവൻ വിജയിച്ചില്ല. കാരണം, ഏററം ശ്രേഷ്ഠനായ ജർമാനിക്കസ് തൻെറ ക്ഷമാപൂർവ്വമായ സഹനത്താൽ അവരുടെ ഭീരുത്വത്തെ അകററി. അവരെ പ്രോത്സാഹിപ്പിച്ചു. അവൻ തന്നെയും വളരെ വിശിഷ്ടമായ രീതിയിൽ മൃഗങ്ങളോടു മല്ലിട്ടു. കാരണം അവൻെറ യുവത്വത്തിൽ അനുകമ്പ തോന്നിയ പ്രോകോൺസുൾ അവനെ അനുനയിക്കാൻ ശ്രമിച്ചു. അപ്പോൾ അവരുടെ ദുഷ്ടവും നിയമരഹിതവുമായ ജീവിതത്തിൽനിന്ന് പെട്ടെന്നൊരു വിടുതൽ കിട്ടുവാൻ ആഗ്രഹിച്ച് അവൻതന്നെ മൃഗങ്ങളെ തൻെറയടുക്കലേക്ക് വലിച്ചടുപ്പിച്ചു. 2. അപ്പോൾ ജനക്കൂട്ടം ദൈവസ്നേഹിതരും ദൈവഭയമുള്ളവരുമായ ക്രിസ്തീയ വർഗത്തിൻെറ ധീരതയിൽ അത്ഭുതപ്പെട്ടുകൊണ്ട് വിളിച്ചു പറഞ്ഞു: 'നിരീശ്വരന്മാർ തുലയട്ടെ! പോളിക്കാർപ്പിനെ അന്വേഷിക്കുക'.[6]

4. 1. എന്നാൽ ഫ്രീജിയായിൽനിന്ന് താമസിച്ചെത്തിയ കിൻ്തുസ് എന്ന ഫ്രീജിയാക്കാരൻ വന്യമൃഗങ്ങളെക്കണ്ട് ഭയപ്പെട്ടു. യഥാർത്ഥത്തിൽ അവൻ സ്വയം മുന്നോട്ടു വരികയും അപ്രകാരം ചെയ്യാൻ പ്രേരിപ്പിക്കുകയും ചെയ്തവനായിരുന്നു. ക്രിസ്തുവിനെ ശപിച്ചിട്ടു വിഗ്രഹങ്ങൾക്ക് ബലിയർപ്പിക്കാൻ പ്രോകോൺസുൾ അവനെ വളരെയധികം പ്രേരിപ്പിച്ചു. ഇക്കാ

www.malankaralibrary.com



രണത്താൽ സഹോദരങ്ങളേ, സ്വയം മുന്നോട്ട വരുന്നവരെ ഞങ്ങൾ പ്രോത്സാഹിപ്പിക്കുന്നില്ല. സുവിശേഷം അപ്രകാരം ചെയ്യാൻ പഠിപ്പിക്കുന്നുമില്ലല്ലോ.

5. 1. ഇതേപ്പററി ആദ്യമായി കേട്ടപ്പോൾ സ്തുത്യർഹനായ പോളിക്കാർപ്പാകട്ടെ കുലുങ്ങിയില്ല. പിന്നെയോ പട്ടണത്തിൽത്തന്നെ താമസിക്കുവാൻ ആഗ്രഹിച്ചു. എന്നാൽ പിന്മാറാൻ ഭൂരിഭാഗം ആളുകളും അദ്ദേഹത്തെ പ്രേരിപ്പിച്ചു. അതുകൊണ്ടു പട്ടണത്തിൽനിന്നു വളരെയകലെയല്ലാത്തൊരു കൃഷിസ്ഥലത്തേക്കു് അദ്ദേഹം മാറി, തന്റെ ചില സ്നേഹിതന്മാരുമൊത്തു് താമസിച്ചു. അവന്റെ പതിവായിരുന്നതുപോലെ എല്ലാ മനുഷ്യർക്കുവേണ്ടിയും ലോകം മുഴുവനുമുള്ള സഭയ്ക്കുവേണ്ടിയും രാപകൽ പ്രാർത്ഥിക്കുകമാത്രം ചെയ്തുകൊണ്ടിരുന്നു. 2. അവന്റെ അറസ്റ്റിനു മൂന്നു ദിവസംമുമ്പു് അവൻ പ്രാർത്ഥിക്കവേ ഒരു സംഭവം ഉണ്ടായി. ഒരു ദർശനത്തിൽ തലയിണ കത്തുന്നതായി കണ്ടു. ഉടനെ തന്നോടുകൂടിയുള്ളവരോടു് അവൻ പറഞ്ഞു. 'ഞാൻ ജീവനോടെ ദഹിപ്പിക്കപ്പെടണം.'

6. അവനെ അന്വേഷിക്കുന്നവർ തിരച്ചിൽ തുടർന്നുകൊണ്ടേയിരുന്നു. അവൻ മറെറാരിടത്തേക്കു മാറി; അപ്പോൾ അവർ അവിടെയെത്തി. അവനെ കാണായ്കയാൽ രണ്ടു് അടിമകളെ പിടിച്ചു. അവരിലൊരുവൻ പീഡിപ്പിക്കപ്പെട്ടപ്പോൾ അവനെവിടെ എന്നു് വെളിപ്പെടുത്തി. 2. അവനെ മറച്ചുവയ്ക്കുവാൻ അസാദ്ധ്യമായിരുന്നു. കാരണം, അവനെ ഒററിക്കൊടുത്തവർ അവന്റെ വീട്ടുകാർതന്നെയായിരുന്നു. ഹേറേദോസ് എന്നു പേരുള്ള പോലീസ് മേധാവി അവനെ പോർക്കളത്തിലേക്കു വലിച്ചിഴയ്ക്കാൻ തത്രപ്പെടുകയായിരുന്നു. കാരണം, ക്രിസ്തുവിൽ ഭാഗഭാഗിത്വം കിട്ടുവാൻ അവൻ തന്റെ ഭാഗം പൂർത്തിയാക്കാൻ വേണ്ടിത്തന്നെ; ഒററിക്കൊടുത്തവർ യൂദായുടെ ശിക്ഷതന്നെ അനുഭവിക്കണം.

7. 1. ഒരു വെള്ളിയാഴ്ച, അത്താഴസമയത്തു്, ആ അടിമയേയും കൂട്ടി ഒരു കള്ളന്റെ പിന്നാലെ എന്നവണ്ണം[7] അവരുടെ പതിവനുസരിച്ചു് ആയുധധാരികളായി അവർ പുറപ്പെട്ടു. വളരെ വൈകി അവർ അവനുമായി അവിടെയെത്തി; ഒരു ചെറിയ വീടിന്റെ മുകളിലത്തെ മുറിയിൽ ഒരുകട്ടിലിൽ അവനെ കണ്ടെത്തി. അപ്പോഴും അവനു് മറെറാരിടത്തു് ഒളിക്കാമായിരുന്നു. എന്നാൽ 'ദൈവേഷ്ടം നടക്കട്ടെ' എന്നു പറഞ്ഞു് അവൻ അവിടെത്തന്നെ തങ്ങി.[8] 2. അവരുടെ വരവിനെപ്പററി അറിഞ്ഞപ്പോൾ താഴെച്ചെന്നു് അവൻ അവരുമായി സംസാരിച്ചു. അവനെ ശ്രദ്ധിച്ചവർ അവന്റെ പ്രായത്തിലും

www.malankaralibrary.com



സ്ഥിരതയിലും അത്ഭുതപ്പെട്ടുപോയി. ഉടനെ അവർക്ക് ആവശ്യമുള്ള ആഹാരം കൊടുക്കുവാൻ അവൻ കല്പിച്ചു; എന്നിട്ട് തനിക്കു ശല്യം കൂടാതെ പ്രാർത്ഥിക്കുവാൻ ഒരു മണിക്കൂർ സമയം അനുവദിക്കണമെന്നു് അവൻ ആവശ്യപ്പെട്ടു. 3. അവർ അനുവദിച്ചപ്പോൾ അവനെ ശ്രദ്ധിച്ചവരെ അത്ഭുതപ്പെടുത്തിക്കൊണ്ടു്, തുടർച്ചയായി രണ്ടുമണിക്കൂർ നേരത്തേക്കു് ദൈവകൃപയാൽ നിറഞ്ഞു് അവൻ കിഴക്കോട്ടു തിരിഞ്ഞുനിന്നുകൊണ്ടു് പ്രാർത്ഥിച്ചു.9 ഇപ്രകാരമുള്ള ഭക്തനായൊരു വൃദ്ധനെ പിടിക്കാൻ വന്നതിൽ അവർ അനുതപിച്ചു.

8. 1. തൻെറ ജീവിതകാലത്തു് എപ്പോഴെങ്കിലും കണ്ടുമുട്ടിയ, ചെറിയവരും വലിയവരും പ്രസിദ്ധരും അപ്രസിദ്ധരുമായ എല്ലാവരേയും ലോകം മുഴുവനുമുള്ള കത്തോലിക്കാസഭയേയും10 അവൻ തൻെറ പ്രാർത്ഥനയിൽ അനുസ്മരിച്ചു. പ്രാർത്ഥന അവസാനിച്ചപ്പോൾ വേർപാടിൻെറ സമയമടുത്തു. അവരവനെ ഒരു കഴുതപ്പുറത്തു കയററി പട്ടണത്തിലെത്തിച്ചു. അതൊരു വലിയ ശാബതായിരുന്നു. 2. അവിടെവെച്ചു് പോലീസ് മേധാവി ഹേറോദേസും അവൻറപ്പൻ നിസെററസും അവനെ കണ്ടുമുട്ടി. അവരുടെ വാഹനത്തിലേക്കു മാററി. അവരവൻെറ സമീപത്തിരുന്നു് അവനെ വശീകരിക്കാൻ ശ്രമിച്ചു. 'കർത്താവായ സീസർ' എന്നു പറഞ്ഞു് ധൂപവും അതുപോലുള്ള വസ്തുവും അർപ്പിച്ചു് സ്വയം രക്ഷിക്കുന്നതിൽ എന്താണു തെററ്'' എന്നു പറഞ്ഞുതുടങ്ങി. ആദ്യമാദ്യം അവൻ ഉത്തരമൊന്നും നല്കിയില്ല. എന്നാൽ അവർ പിന്നെയും പിന്നെയും നിർബന്ധിച്ചപ്പോൾ അവൻ പറഞ്ഞു: നിങ്ങളുപദേശിക്കുന്നതു് ഞാൻ ചെയ്യാൻ പോകുന്നില്ല.' 3. അവനെ വശീകരിക്കാൻ സാധിക്കാഞ്ഞതിനാൽ അവർ ഭീഷണികൾ മുഴക്കിത്തുടങ്ങി. അവൻെറ മുഖം കീറിപ്പോകത്തക്കവേഗത്തിൽ അവനെ വാഹനത്തിൽനിന്നു് താഴെയിറക്കി. എന്നാൽ ഒന്നും സംഭവിക്കാത്ത മട്ടിൽ ചുററിലൊന്നും നോക്കാതെ അവൻ വേഗത്തിൽ മുന്നോട്ടു നീങ്ങി. അവർ അവനെ മല്ലരംഗത്തേക്കു നയിച്ചു. ആരെയും വ്യക്തമായി കേൾക്കാൻ അസാദ്ധ്യമായ വിധത്തിൽ അവിടം ശബ്ദായമാനമായിരുന്നു.

9. 1. എന്നാൽ പോളിക്കാർപ്പ് അവിടെ കയറിയ ഉടൻ സ്വർഗത്തിൽനിന്നു് 'പോളിക്കാർപ്പേ, ധൈര്യമായിരിക്കുക. മനുഷ്യനായി പെരുമാറുക,' എന്നൊരു സ്വരം കേട്ടു. സംസാരിക്കുന്നവനെ ആരും കണ്ടില്ല. എന്നാൽ അവിടെ സന്നിഹിതരായിരുന്ന നമ്മുടെ ആളുകൾ സ്വരം കേട്ടു. അവസാനം അവനെ കൊണ്ടുവന്നപ്പോൾ, പോളിക്കാർപ്പ് അറസ്ററു ചെയ്യപ്പെട്ടു

www.malankaralibrary.com



എന്നു കേട്ട് ഒരു വലിയ ആരവം ഉണ്ടായി. 2. അവനെ പ്രോകോൺസുളിൻറടുത്തു് കൊണ്ടുവന്നപ്പോഠം, 'താൻ പോളിക്കാപ്പു തന്നെയോ എന്നു ചോദിച്ചു. 'താൻതന്നെ' എന്നു് അവൻ ഉത്തരം നൽകി. ഉടനെ വിശ്വാസം ഉപേക്ഷിക്കാൻ വശീകരണങ്ങഠം ആരംഭിച്ചു. 'നിൻെറ പ്രായത്തെ ബഹുമാനിക്കുക, 'എന്നു തുടങ്ങി അവക്കു് പതിവായിരിക്കുന്നതുപോലെ പറഞ്ഞുതുടങ്ങി. 'സീസറിൻെറ ഭാഗ്യത്തെച്ചൊല്ലി സത്യംചെയ്യുക. നിൻെറ മനസ്സുമാററുക. പറയുക: 'നിരീശ്വരന്മാർ തുലയട്ടെ.' എന്നാൽ പോളിക്കാപ്പാകട്ടെ വിനോദസ്ഥലത്തു് കൂടിനിൽക്കുന്ന നിയമമില്ലാത്ത ജാതികളുടെ കൂട്ടത്തെ താൽപര്യപൂർവം ഉററുനോക്കിക്കൊണ്ടു്, അവരുടെ നേരെ കൈയുയത്തി, പിന്നീട് നെടുവീപ്പിട്ടു്, ആകാശത്തിലേക്കു നോക്കിപ്പറഞ്ഞു: 'നിരീശ്വരന്മാർ തുലയട്ടെ.' 3. അപ്പോഠം പ്രോകോൺസുഠം നിർബന്ധിച്ചു പറഞ്ഞു: 'സത്യം ചെയ്യുക, ഞാൻ നിന്നെ മോചിക്കാം, ക്രിസ്തുവിനെ ശപിക്കുക,' പോളിക്കാപ്പു പറഞ്ഞു: '86 വഷം ഞാനവനെ സേവിച്ചു. അവനെനിക്കൊരു ദ്രോഹവും ചെയ്തിട്ടില്ല. എന്നെ രക്ഷിച്ച എൻെറ രാജാവിനെ പിന്നെ ഞാനെങ്ങനെ ശപിക്കും!'

10. 1. അവൻ പിന്നെയും നിർബന്ധിച്ചു പറഞ്ഞു: 'സീസറിൻെറ ഭാഗ്യത്തെച്ചൊല്ലി സത്യം ചെയ്യുക.' അപ്പോഠം അവൻ പറഞ്ഞു: 'നിങ്ങഠം പറയുന്നതുപോലെ ഞാൻ സീസറിൻെറ ഭാഗ്യത്തെച്ചൊല്ലി സത്യം ചെയ്യുമെന്നു നിങ്ങഠം വെറുതെ കരുതുകയും, ഞാനാരെന്നു് നിങ്ങഠംക്കറിയില്ലെന്നു നടിക്കുകയും ചെയ്യുന്നെങ്കിൽ വ്യക്തമായി കേഠംക്കുക: 'ഞാനൊരു ക്രിസ്ത്യാനിയാണു്. ക്രിസ്തുമതത്തിൻെറ പ്രബോധനത്തെപ്പററി പഠിക്കുവാൻ ആഗ്രഹിക്കുന്നെങ്കിൽ ഒരു ദിവസം നിശ്ചയിച്ചു് എനിക്കൊരവസരം തരിക. 2. പ്രോകോൺസുഠം പറഞ്ഞു: 'ജനങ്ങളെ പ്രേരിപ്പിക്കുവാൻ ശ്രമിക്കൂ!' എന്നാൽ പോളിക്കാർപ്പു പറഞ്ഞു: 'എൻെറ നോട്ടത്തിൽ നീ മാന്യനായ ഒരു വ്യക്തിയാണു്. ന്യായമായരീതിയിൽ ദൈവം നിയമിച്ച അധികാരികളെയും ഭരണകർത്താക്കളെയും ബഹുമാനിക്കണമെന്നാണു് ഞങ്ങളെ പഠിപ്പിച്ചിരിക്കുന്നതു്, ഇവരെ സംബന്ധിച്ചാണെങ്കിൽ അവരോടു് ന്യായവാദം നടത്തത്തക്കവണ്ണം യോഗ്യന്മാരായി അവരെ ഞാൻ ഗണിക്കുന്നില്ല.'

11. 1. ഉടനെ പ്രോകോൺസുകഠം പറഞ്ഞു: 'എനിക്കു് ക്രൂരമൃഗങ്ങളുണ്ടു്. നീ നിൻെറ മനസ്സു മാററിയില്ലെങ്കിൽ ഞാൻ നിന്നെ അവയ്ക്കു എറിഞ്ഞുകൊടുക്കും.' അവൻപറഞ്ഞു: 'അവയെ വിളിക്കു്, കാരണം മെച്ചമായതിൽനിന്നു് ദുഷിക്കപ്പെട്ടതിലേക്കുള്ള മാററം ഞങ്ങഠംക്കു സാദ്ധ്യമല്ല. എന്നാൽ തിന്മയിൽനിന്നു

www.malankaralibrary.com



നീതിയിലേക്കുള്ള മാററം തികച്ചും മാന്യമാണ്''. 2. വീണ്ടും അവൻ അവനോടു പറഞ്ഞു: 'നീ നിൻെറ മനസ്സുമാററാതെ വന്യമൃഗങ്ങളെ നിന്ദിച്ചാൽ ഞാൻ നിന്നെ തീയിൽ ദഹിപ്പിക്കും.' ഉടൻ പോളിക്കാർപ്പു പറഞ്ഞു: 'നീ ഭീഷണിപ്പെടുത്തുന്ന അഗ്നി ഒരു മണിക്കൂർ മാത്രം കത്തുകയും പിന്നെ കെടുകയും ചെയ്യുന്നു. അഭക്തരുടെമേൽ വന്നുപതിക്കുന്ന നിത്യശിക്ഷയുടെയും വിധിയുടെയും ഘോരാഗ്നിയെപ്പററി നിനക്കൊന്നും അറിയില്ല. എന്നാൽ നീയെന്തിനു താമസിക്കുന്നു? വന്നു്, നിനക്കിഷ്ടമുള്ളതു് ചെയ്യുക.'

12. 1. ഇവയും ഇവയ്ക്കുപുറമേ മററനേകം കാര്യങ്ങളും പറഞ്ഞുകഴിഞ്ഞപ്പോഠം അവൻ ധൈര്യവും സന്തോഷവും നിറഞ്ഞവനായി. അവൻെറ മുഖം കൃപാവരത്താൽ നിറഞ്ഞു. അവനോടു പറയപ്പെട്ട കാര്യങ്ങളിൽ അവൻ സംഭ്രമിച്ചില്ല. മറിച്ച്, ആപ്രോകോൺസുകഠം ആകട്ടെ അന്ധാളിച്ചുപോയി. അവൻ തൻെറ മുന്നോടിയെ മല്ലരംഗത്തേക്കയച്ചു. 'താൻ ഒരു ക്രിസ്ത്യാനിയാണെന്നു് പോളിക്കാർപ്പു് പ്രഖ്യാപിച്ചിരിക്കുന്നു' എന്ന് മൂന്നു പ്രാവശ്യം വിളിച്ചുപറയിച്ചു. 2. അറിയിപ്പുകാരൻ ഇപ്രകാരം അറിയിച്ചപ്പോഠഴേക്കും സ്മിർണായിൽ താമസിച്ചിരുന്ന യൂദന്മാരുടെയും ജാതികളുടെയും സമൂഹം മുഴുവൻ അനിയന്ത്രിതമായ ഉച്ചസ്വരത്തിൽ അലറി: 'ഏഷ്യയിലെ ഗുരുവും ക്രിസ്ത്യാനികളുടെ പിതാവും, ദേവധ്വംസകനും, ബലിയർപ്പിക്കേണ്ടെന്നും, ആരാധിക്കേണ്ടെന്നും പലരേയും പഠിപ്പിക്കുന്നവനും ഇവനാണ്.' അപ്രകാരം അവർ അലറുകയും ഒരു സിംഹത്തെ അഴിച്ചുവിടാൻ ആസിയാർക്കായ ഫിലിപ്പിനോടു് ആവശ്യപ്പെടുകയും ചെയ്തു. വന്യമൃഗങ്ങളുടെ കളി താൻ അവസാനിപ്പിച്ചിരിക്കയാൽ അതസാദ്ധ്യമെന്നു് അവൻ പ്രത്യുത്തരം നൽകി. 3. പിന്നെ പോളിക്കാപ്പിനെ ജീവനോടെ ദഹിപ്പിക്കാൻ ഒരേ സ്വരത്തിൽ അട്ടഹസിക്കണമെന്നു് അവർ നിശ്ചയിച്ചു. തൻെറ തലയിണ കത്തുന്നതായി പ്രാർത്ഥനാവസരം അവനു കാണപ്പെടുകയും ചുററും തിരിഞ്ഞു് 'ഞാൻ ദഹിപ്പിക്കപ്പെടണം' എന്നു് തന്നോടുകൂടിയുള്ള വിശ്വാസികളോടു പറയുകയും ചെയ്ത ദർശനം പൂർത്തിയാക്കപ്പെടേണ്ടിയിരുന്നു.

13. 1. വിവരിക്കാവുന്നതിൽ വേഗത്തിൽ ഇക്കാര്യങ്ങളെല്ലാം സംഭവിച്ചു. ജനക്കൂട്ടം വളരെ വേഗത്തിൽ കടകളിൽനിന്നും കളിസ്ഥലത്തുനിന്നും തടിയും വിറകും പെറുക്കിക്കൊണ്ടുവന്നു. സാധാരണ കാണാറുള്ളതുപോലെ യഹൂദന്മാർ ഇതിനാക്കം കൂട്ടാൻ ഏറെ തീക്ഷ്ണതയുള്ളവരായിരുന്നു. 2. അഗ്നി ഒരുക്കപ്പെട്ടപ്പോഠം അവൻെറ വസ്ത്രങ്ങളെല്ലാം അഴിച്ചുമാററപ്പെട്ടു;

www.malankaralibrary.com



അവന്റെ ബൽററഴിച്ചു. അവൻതന്നെ അവന്റെ പാദരക്ഷ അഴിക്കുവാൻ തുടങ്ങി. അവനതു് ഇതുവരെ ചെയ്തിരുന്നില്ല. കാരണം വിശ്വാസികൾ അദ്ദേഹത്തിന്റെ ശരീരം സ്പർശിക്കുവാൻ അഹമഹമിഹയാ മുന്നോട്ടു വന്നിരുന്നു. അവന്റെ രക്തസാക്ഷിത്വത്തിനു മുമ്പുതന്നെ അവന്റെ പരിശുദ്ധജീവിതം കൊണ്ടു് അവൻ ബഹുമാനിക്കപ്പെട്ടിരുന്നു. 3. ഒരുക്കിയ ചിതയിലേക്കു് ഉടനെ അവർ അവനെ ആനയിച്ചു. അവരവന്റെ ശരീരം ആണിയാൽ ബന്ധിക്കാൻ തുടങ്ങിയപ്പോൾ അവൻ പറഞ്ഞു: എന്നെ വിട്ടുവിൻ; കാരണം ഈ അഗ്നി സഹിക്കാൻ എനിക്കു ശക്തി നൽകുന്നവൻ ആണികളിൽനിന്നു് നിങ്ങൾ പ്രതീക്ഷിക്കുന്ന മുൻകരുതൽ കൂടാതെ തന്നെ നിശ്ചലമായി ചിതയിൽ നിൽക്കാൻ എനിക്കു കഴിവു തരും'.

14. അതുകൊണ്ടു്; അവർ അവനെ ആണിയാൽ ബന്ധിച്ചില്ല; പ്രത്യുത, കെട്ടിയതേയുള്ളു. ഒരു വലിയ ആട്ടിൻകൂട്ടത്തിൽനിന്നു ശ്രേഷ്ഠമായ ഒരു മുട്ടാടിനെ ബലിക്കെന്നപോലെ ഒരുക്കപ്പെട്ടതും ദൈവത്തിനു സ്വീകാര്യവുമായ ഒരു ദഹനയാഗം പോലെ, അവന്റെ കൈകൾ പിറകിൽ പിടിച്ചുകെട്ടപ്പെട്ടു. അവൻ സ്വർഗ്ഗത്തിലേക്കുനോക്കി പറഞ്ഞു: നിന്റെ മുമ്പിൽ വ്യാപരിക്കുന്ന നീതിമാന്മാരുടെ തലമുറയുടെയും മാലാഖമാരുടെയും ശക്തികളുടെയും11 എല്ലാ സൃഷ്ടികളുടെയും ദൈവമായ സർവ്വശക്തനായ കർത്താവേ, ആർ വഴി ഞങ്ങൾ നിന്നെക്കുറിച്ചുള്ള പൂർണ്ണജ്ഞാനം പ്രാപിച്ചുവോ, നിന്റെ പ്രിയനും ഭാഗ്യവാനുമായ യേശുക്രിസ്തുവെന്ന ആ ദാസന്റെ പിതാവേ, ഞാൻ നിന്നെ വാഴ്ത്തുന്നു. കാരണം ഈ ദിവസത്തേയ്ക്കും ഈ നാഴികയ്ക്കും നിന്റെ രക്തസാക്ഷികളുടെ കൂട്ടത്തിൽ എന്റെ ഭാഗം അഭിനയിക്കാൻ നീയെന്നെ യോഗ്യനായി കരുതി. ക്രിസ്തുവിന്റെ കാസയിലും ആത്മശരീരങ്ങളുടെ നിത്യജീവനിലേക്കുള്ള ഉത്ഥാനത്തിനുവേണ്ടി പരിശുദ്ധാത്മാവിന്റെ അമർത്യതയിലും, സമൃദ്ധവും സ്വീകാര്യവുമായ ബലിയായി അവരോടൊപ്പം നിന്റെ സന്നിധിയിൽ ഇന്നു ഞാൻ സ്വീകരിക്കപ്പെടട്ടെ. നീയിതു് ഒരുക്കുകയും നേരത്തെ വെളിപ്പെടുത്തുകയും ചെയ്തു. നീയോ വഞ്ചനയില്ലാത്ത സത്യദൈവമാകുന്നു. 3. നിന്റെ പ്രിയപുത്രനും സ്വർഗ്ഗീയനും നിത്യനുമായ മഹാപുരോഹിതൻ യേശുക്രിസ്തുവഴി ഇതിനും മറെറല്ലാത്തിനും ഞാൻ നിന്നെ പുകഴ്ത്തുന്നു, ഞാൻ നിന്നെ വാഴ്ത്തുന്നു. ഞാൻ നിന്നെ മഹത്വപ്പെടുത്തുന്നു. അവൻ വഴി അവനോടുകൂടി നിനക്കും നിന്റെ പരിശുദ്ധാത്മാവിനും ഇപ്പോഴും വരുവാനിരിക്കുന്ന കാലത്തും മഹത്വമുണ്ടായിരിക്കട്ടെ ആമ്മീൻ.

15. 1. അവൻ പ്രാർത്ഥന അവസാനിപ്പിച്ചു് ആമ്മീൻ ചൊല്ലിക്കഴിഞ്ഞപ്പോൾ ചിതസൂക്ഷിപ്പുകാർ നിന്നവർ തീകൊളുത്തി;

www.malankaralibrary.com



അഗ്നി ആളിക്കത്തിയപ്പോൾ ഞങ്ങൾ അത്ഭുതം കണ്ടു: ഞങ്ങൾക്ക് ദർശിക്കുവാൻ നൽകപ്പെട്ടതായിരുന്നത്. അവിടെ സംഭവിച്ചവ ശേഷമുള്ളവരോട് വിവരിക്കാൻ ഞങ്ങൾ സംരക്ഷിക്കപ്പെട്ടു. 2. അഗ്നി മേൽക്കൂരയുള്ള ഒരു മുറിയുടെ രൂപം പൂണ്ടു; കാററിനാൽ നയിക്കപ്പെടുന്ന കപ്പലിന്റെ പാമരം പോലെയായി; രക്തസാക്ഷിയുടെ ശരീരത്തിനു ചുററും അഗ്നി ഒരു ഭിത്തിയുണ്ടാക്കി. അവനതിന്റെമദ്ധ്യത്തിലായിരുന്നു. കത്തുന്ന ശരീരമായല്ല, പിന്നെയോ, റൊട്ടി ചുടുന്നതുപോലെയോ സ്വർണ്ണവും വെള്ളിയും മൂശയിൽ ശുദ്ധീകരിക്കപ്പെടുന്നതുപോലെയോ കുന്തിരിക്കത്തിന്റേയോ മറേറതെങ്കിലും സുഗന്ധദ്രവ്യങ്ങളുടെയോ ഗന്ധം പോലെ ഒന്ന് ഞങ്ങൾക്കനുഭവപ്പെട്ടു.

16. 1. അവന്റെ ശരീരം അഗ്നിയാൽ ദഹിപ്പിക്കുവാൻ അസാദ്ധ്യമെന്ന് കണ്ട നിയമമില്ലാത്ത മനുഷ്യർ അവസാനം അവന്റെയടുത്തു ചെന്ന് ഒരു കഠാരയാൽ കുത്തിക്കൊല്ലുവാൻ ഒരു കൊലയാളിക്ക് ഉത്തരവുകൊടുത്തു. അവനതു ചെയ്തപ്പോൾ ഒരു പ്രാവും തീ മുഴുവൻ കെടത്തക്കവണ്ണം വളരെയധികം രക്തവും പുറത്തുവന്നു. തെരഞ്ഞെടുക്കപ്പെട്ടവരും നിയമമില്ലാത്തവരും തമ്മിൽ ഇത്ര വ്യത്യാസമുണ്ടല്ലോ എന്നു കണ്ട് ജനക്കൂട്ടം ആശ്ചര്യസ്തബ്ധരായി. 2. നിശ്ചയമായും ഏററം ശ്ലാഘനീയനായ പോളിക്കാർപ്പ് തെരഞ്ഞെടുക്കപ്പെട്ടവരിൽ ഒരുവനായിരുന്നു. അവന്റെ കാലത്ത് ഞങ്ങളുടെയിടയിൽ അവൻ അപ്പസ്തോലികവും പ്രവാചകതുല്യവുമായ ഗുരുവും സ്മിർണയിലെ കത്തോലിക്കാസഭയിലെ മെത്രാനുമായി തന്നെത്തന്നെ കാട്ടി. അവന്റെ വായിൽനിന്ന് വീണ വചനങ്ങളെല്ലാം നിവൃത്തിയായി, അവ നിവൃത്തിയാകുകതന്നെ ചെയ്യും.

17. 1. എന്നാൽ അസൂയാലുവും തിന്മ നിറഞ്ഞവനുമായ ദുഷ്ടൻ, നീതിമാന്മാരുടെ വംശശത്രു, അവന്റെ രക്തസാക്ഷിത്വത്തിന്റെ ശ്രേഷ്ഠതയും ആരംഭം മുതലുള്ള അവന്റെ കുററമററ ജീവിതവും അവൻ എങ്ങനെ അമർത്ത്യതയുടെ കിരീടം നേടിയെന്നും അനല്പമായ പ്രതിഫലം പ്രാപിച്ചു എന്നും കണ്ട്, അവന്റെ ശരീരമെടുക്കുവാൻ ഞങ്ങളെ അനുവദിച്ചില്ല. പലരും അതെടുക്കുവാനും അവന്റെതിരുശേഷിപ്പിനോട് സാമീപ്യം ഉണ്ടാകുവാനും ആഗ്രഹിച്ചു.[12] 2. ഹേറോദേസിന്റെഅപ്പനും ആൽസിന്റെ[13] സഹോദരനുമായ നിസെററാസിനെ പ്രേരിപ്പിച്ച് ശരീരം കൊടുക്കാതിരിക്കാൻ മജിസ്ട്രേട്ടിനോട വാദിച്ച്, അവർ പറഞ്ഞു: 'അവർ കുരിശിൽ തറയ്ക്കപ്പെട്ടവനെ ഉപേക്ഷിച്ച് ഇവനെ ആരാധിക്കുവാൻ തുടങ്ങും.' ഇത് യഹൂദരുടെ പ്രേരണയും നിർബന്ധവും മൂലമാണ് സംഭവിച്ചത്. ഞങ്ങൾ തീയിൽ നിന്ന് അവനെ എടുക്കുവാൻ പോകുന്നത് അവരും നോക്കി

www.malankaralibrary.com



കൊണ്ടു നിൽക്കുകയായിരുന്നു. ലോകം മുഴുവനുമുള്ള രക്ഷിക്കപ്പെട്ട എല്ലാവർക്കുംവേണ്ടി പീഡ സഹിച്ച ക്രിസ്തുവിനെ നമുക്കൊരിക്കലും ഉപേക്ഷിക്കുവാൻ സാദ്ധ്യമല്ലെന്നും പാപികൾക്കായി മരിച്ച[14] കുറ്റമറ്റവനായ അവനെ ഒഴിച്ച് മറ്റാരെയും നമുക്കൊരിക്കലും ആരാധിക്കുവാൻ സാദ്ധ്യമല്ലെന്നും അവർ മനസ്സിലാക്കിയില്ല. 3. അവനെ നാം ദൈവപുത്രനായി ആരാധിക്കുന്നു. എന്നാൽ അവന്റെ ശിഷ്യരും അവനെ അനുകരിക്കുന്നവരുമായ നാം രക്തസാക്ഷികളെ സ്നേഹിക്കുന്നു. കാരണം, അവരുടെ രാജാവും ഗുരുവുമായവനോട് അവർക്കുള്ള സീമാതീതമായ ഭക്തിമൂലം അതവർക്കു ചേർന്നതുമാണ്. അവരുടെ സ്നേഹിതരും ശിഷ്യരുമാകുക എന്നതു് നമ്മുടെ ഭാഗ്യമായിരിക്കട്ടെ.

18 1. യഹൂദന്മാരുടെ വിവാദം കണ്ടു് ക്യാപ്റ്റൻ അവരുടെ രീതിയനുസരിച്ച് അവന്റെ ശരീരമെടുത്തു മദ്ധ്യത്തിലിട്ടു് ദഹിപ്പിച്ചു. 2. ഞങ്ങൾ അവസാനം അവന്റെ അസ്ഥികളെടുത്തു; അവ വിലയേറിയ രത്നങ്ങളെക്കാളും സ്വർണ്ണത്തെക്കാളും പ്രിയങ്കരമാണ്. അതിനു യോജിച്ച സ്ഥലത്തു് ഞങ്ങൾ അതു് പ്രതിഷ്ഠിച്ചു. 3. അവിടെ അവന്റെ രക്തസാക്ഷിത്വദിനം ജനനദിവസം പോലെ[15] ആനന്ദത്തോടുംആശ്വാസത്തോടും ആചരിക്കുവാൻ കർത്താവു് ഞങ്ങളെ അനുവദിക്കും. നമുക്കു മുമ്പേപോയ യോദ്ധാക്കളെ ഓർമ്മിക്കുന്നതിനും വരുവാനിരിക്കുന്നവരെ ഒരുക്കുന്നതിനും സജ്ജമാക്കുന്നതിനും വേണ്ടിത്തന്നെ.

19. 1. ഫിലാഡൽഫിയായിൽനിന്നു് കൂട്ടിക്കൊണ്ടുവരപ്പെട്ട പന്ത്രണ്ടു് പേരോടൊപ്പം സ്മിർണയിൽവച്ചു് രക്തസാക്ഷിയാക്കപ്പെട്ട ഭാഗ്യവാനായ പോളിക്കാപ്പിനെ സംബന്ധിച്ച കാര്യങ്ങളിവയാണ്. അവൻ മറ്റാരേക്കാളധികം എല്ലാവരാലും സ്മരിക്കപ്പെടുന്നു. എല്ലാ സ്ഥലത്തുമുള്ള ജാതികളാലും അവൻ സ്മരിക്കപ്പെടുന്നു. അവൻ ശ്രേഷ്ഠനായൊരു ഗുരുവും പ്രശസ്തനായൊരു രക്തസാക്ഷിയുമായിരുന്നു. ക്രിസ്തുവിന്റെ സുവിശേഷത്തിനു് അനുസരണമായ അവന്റെ രക്തസാക്ഷിത്വം അനുകരിക്കുവാൻ എല്ലാവരും ആഗ്രഹിക്കുന്നു. 2. തന്റെ ക്ഷമാപൂർണമായ സഹനത്താൽ അവൻ ദുഷ്ടനായ ന്യായാധിപനെ ജയിച്ചു. അമർത്യതയുടെ കിരീടം കരസ്ഥമാക്കി. സർവശക്തനായ പിതാവായ ദൈവത്തെ മഹത്വപ്പെടുത്തുന്നതിലും നമ്മുടെ ആത്മാക്കളുടെ രക്ഷകനും നമ്മുടെ ശരീരങ്ങളുടെ നിയന്താവും ലോകം മുഴുവനുമുള്ള കത്തോലിക്കാസഭയുടെ ഇടയനും നമ്മുടെ കർത്താവുമായ യേശുക്രിസ്തുവിനെ വാഴ്ത്തുന്നതിലും അവൻ ശ്ലീഹന്മാരോടും എല്ലാ നീതിമാന്മാരോടുമൊപ്പം സന്തോഷിക്കുന്നു.

20. 1. ഈ കാര്യങ്ങൾ വളരെ പൂർണമായ രീതിയിൽ വിവരിക്കണമെന്നു നിങ്ങൾ അപേക്ഷിച്ചിരുന്നല്ലോ. എന്നാൽ

www.malankaralibrary.com



തൽക്കാലം ഞങ്ങൾ ചുരുക്കമായി നമ്മുടെ സഹോദരൻ മാർസിയൻ വഴി നിങ്ങളോടു വിവരിക്കുന്നു. നിങ്ങൾ ഈ കാര്യം ഗ്രഹിച്ചിട്ട് ഈ കത്തു മററിടങ്ങളിലുള്ള സഹോദരന്മാർക്ക് എത്തിക്കണം. തന്റെ സ്വന്തം ദാസന്മാരിൽനിന്ന് തനിക്കായി തിരഞ്ഞെടുക്കപ്പെട്ടവരെ ഒരുക്കുന്ന കർത്താവിനെ അവരും മഹത്വപ്പെടുത്താൻ തന്നെ. 2. തന്റെ കൃപയാലും നിറവാലും നിത്യമായ തന്റെ രാജ്യത്തിലേക്ക് തന്റെ ദാസനും ഏകജാതനുമായ യേശുക്രിസ്തുവഴി നമ്മെ കൊണ്ടുത്തിക്കാൻ കഴിവുള്ളവന് എല്ലാ കാലത്തിലും മഹത്വവും ബഹുമാനവും ശക്തിയും ഉന്നതിയും ഉണ്ടായിരിക്കട്ടെ. എല്ലാ വിശുദ്ധന്മാർക്കും വന്ദനം പറയുവിൻ. ഞങ്ങളോടുകൂടി ഉള്ളവരും ഈ കത്തെഴുതിയ എവരിസ്ററസും അവന്റെ കുടുംബവും നിങ്ങൾക്ക് ആശംസകൾ അയയ്ക്കുന്നു.

21. ഭാഗ്യവാനായ പോളിക്കാർപ്പ് രക്തസാക്ഷിയായതു് സാൻത്തിക്കുസ് മാസത്തിന്റെ മധ്യഭാഗത്തു രണ്ടാം ദിവസമായിരുന്നു. അതായതു് മാർച്ച് ഒന്നാംതീയതി ഏഴുദിവസം മുമ്പ് ഒരു വലിയ ശാബതുദിവസം ഉച്ചകഴിഞ്ഞു രണ്ടുമണിക്ക്.[16] ഹേറോദേസ് അവനെ അറസ്റ്റ് ചെയ്തതു് ത്രാള്ളസിലെ ഫിലിപ്പ് പ്രധാനാചാര്യനും സ്ലാത്തിയുസ് ക്വാഡ്രാത്തുസ് പ്രോകോൺസുളും ആയിരിക്കവേ നമ്മുടെ കർത്താവായ ഈശോമിശിഹായുടെ നിത്യമായ ഭരണകാലത്താണ്. അവന് മഹത്വവും ബഹുമാനവും ഉന്നതിയും നിത്യസിംഹാസനവും തലമുറതലമുറയോളം ഉണ്ടായിരിക്കട്ടെ. ആമ്മീൻ.

22. 1. സഹോദരങ്ങളേ, സുവിശേഷമനുസരിച്ച് യേശുക്രിസ്തുവിന്റെ വചനത്താൽനിങ്ങൾ ജീവിക്കുന്നതിനാൽ ഞാൻ നിങ്ങൾക്ക് വന്ദനം പറയുന്നു. തന്റെ പരിശുദ്ധരായ തെരഞ്ഞെടുക്കപ്പെട്ടവരുടെ രക്ഷയ്ക്കായി അവനു പിതാവായ ദൈവത്തോടും പരിശുദ്ധാത്മാവോടുമൊപ്പം മഹത്വമുണ്ടായിരിക്കട്ടെ. ഭാഗ്യവാനായ പോളിക്കാർപ്പ് രക്തസാക്ഷിമകുടം ചൂടി. അതുപോലെ അവന്റെ കാലടികളെ പിൻതുടന്നു യേശുക്രിസ്തുവിന്റെ രാജ്യത്തിൽ കാണപ്പെടുവാനുള്ള ഭാഗ്യം നമുക്കു ലഭിക്കട്ടെ. 2. പോളിക്കാപ്പിന്റെ ശിഷ്യനായ ഇരനേയൂസിന്റെ പേപ്പറുകളിൽ നിന്നു് ഈ കാര്യങ്ങൾ ഗായൂസ് പകർത്തി. 3. അവൻ ഇരനേയൂസിന്റെകൂടെ താമസിച്ചിരുന്നു. സൊക്രാട്ടെസ് ആയ ഞാൻ[17] കൊറിന്ത്യയിൽവച്ച് ഗായൂസിന്റെ കോപ്പിയിൽ നിന്നു് എഴുതി. എല്ലാവരോടുംകൂടി കൃപയുണ്ടായിരിക്കട്ടെ. 4. എനിക്കു വെളിപ്പെട്ട ഭാഗ്യവാനായ പോളിക്കാപ്പിൽനിന്നുമുള്ള വെളിപാടാൽ ഞാനിതന്വേഷിക്കുകയും മുകളിൽ പറഞ്ഞ കോപ്പിയിൽനിന്നു് പിയോണിയൂസ് ആയ ഞാൻ പകർത്തുകയും

www.malankaralibrary.com



ചെയ്തു. അതു കാലപ്പഴക്കത്താൽ പൊട്ടിപ്പൊടിഞ്ഞിരുന്നു. തൻെറ സ്വർഗീയ രാജ്യത്തിൽ തൻെറ തിരഞ്ഞെടുക്കപ്പെട്ടവരോടൊപ്പം എന്നെയും എത്തിക്കുവാൻവേണ്ടി ഞാനതു് ഒന്നിച്ചു ചേർത്തു. അവനു പിതാവിനോടും പരിശുദ്ധാത്മാവിനോടും ഒപ്പം തലമുറതലമുറയോളം മഹത്ത്വമുണ്ടായിരിക്കട്ടെ. ആമ്മീൻ.

22. 2-4 നു പകരം മോസ്കോ കൈയെഴുത്തുപ്രതിയിൽ നിന്നുള്ള മറെറാരുപസംഹാരം

2. ഇരനേയൂസിൻെറ പേപ്പറുകളിൽ നിന്നു് ഗായൂസ് ഇവ പകർത്തി. വിശുദ്ധ പോളിക്കാർപ്പിൻെറ ഒരു ശിഷ്യനായിരുന്ന ഇരനേയൂസിൻെറകൂടെ അവനും താമസിച്ചിരുന്നു. 3. ഈ ഇരനേയൂസ് പോളിക്കാർപ്പിൻെറ രക്തസാക്ഷിത്വത്തിൻെറ സമയം റോമിൽ ആയിരുന്നു. അവൻ പലരുടെയും അദ്ധ്യാപകനായിരുന്നത്രെ. സത്യവിശ്വാസസംബന്ധമായ അവൻെറ പല കൃതികളും പ്രചാരത്തിലുണ്ടു്. അവയിൽ അവൻ പോളിക്കാർപ്പിനെപ്പററി തൻെറ ഗുരുവെന്നു പറയുന്നു. [18] വിശുദ്ധനിൽനിന്നു് ലഭിച്ചതുപോലെതന്നെ അവൻ പാഷണ്ഡതകളെ നന്നായി അടിച്ചമർത്തുകയും സഭാപരവും സാർവത്രികവുമായ പാരമ്പര്യം പിൻതലമുറയ്ക്കു് പകർന്നുകൊടുക്കുകയും ചെയ്തു.

4. പല കാര്യങ്ങളോടൊപ്പം അവൻ ഇതും പറയുന്നു.[19] ഒരിക്കൽ മാർസിയൻ-അവൻെറ പിൻഗാമികൾ മാർസിയനീത്തർ എന്നു വിളിക്കപ്പെടുന്നു-പോളിക്കാർപ്പിനെ കണ്ടുമുട്ടി ചോദിച്ചു: 'പോളിക്കാർപ്പ്, താങ്കൾക്കു് നമ്മെ അറിയാമോ? ഉടനെ മാർസിയനോടു് അവൻ പറഞ്ഞു: 'എനിക്കു നിന്നെ അറിയാം. സാത്താൻെറ ആദ്യജാതനെ എനിക്കറിയാം.' 5. പോളിക്കാർപ്പു സ്മിർണയിൽവച്ചു് കൊല്ലപ്പെട്ട ആ മണിക്കൂറിൽ റോമിലായിരുന്ന ഇരനേയൂസ് കാഹളധ്വനിപോലുള്ളോരു ശബ്ദത്തിൽ ഇപ്രകാരം കേട്ടു: 'പോളിക്കാർപ്പ് രക്തസാക്ഷിയായി'. ഈ കാര്യവും ഇരനേയൂസിൻെറ കൃതികളിൽ കാണാം. 6. നേരത്തെ പറഞ്ഞതുപോലെ ഇരനേയൂസിൻെറ പേപ്പറുകളിൽ നിന്നു ഗായൂസ് ഒരു കോപ്പി എടുത്തു. അതിൽ നിന്നു് കോറിന്തിയിൽവച്ചു് സൊക്രാട്ടെസ് ഒന്നെടുത്തു. 7. പിയോണിയൂസായ ഞാൻ സൊക്രാട്ടെസിൻെറ കൃതികളിൽ അവ തിരഞ്ഞുകൊണ്ടിരുന്നപ്പോൾ പോളിക്കാർപ്പിൽ നിന്നുള്ള വെളിപാടനുസരിച്ചു് അവ കണ്ടെത്തുകയും ചെയ്തു. അതു് കാലപ്പഴക്കത്താൽ പൊട്ടിപ്പൊളിഞ്ഞിരുന്നു. തൻെറ സ്വർഗീയ രാജ്യത്തിൽ തെരഞ്ഞെടുക്കപ്പെട്ടവരോടൊപ്പം എന്നെയും എത്തിക്കുവാൻവേണ്ടി ഞാനതു് ഒന്നിച്ചു ചേർത്തു. അവനു് പിതാവിനോടും പരിശുദ്ധാത്മാവിനോടും ഒപ്പം തലമുറതലമുറയോളം മഹത്ത്വം ഉണ്ടായിരിക്കട്ടെ. ആമ്മീൻ.

www.malankaralibrary.com

# 6

# ബർണബാസിൻെറ ലേഖനം

## ആമുഖം

'ബർണബാസിൻെറ ലേഖനം' എന്നറിയപ്പെടുന്ന ആദ്യകാല ക്രൈസ്തവസാഹിത്യകൃതി ഒരു ദൈവശാസ്ത്രകൃതിയാണ്; ലേഖനമല്ല; ലേഖനശൈലിയുമല്ല അതിനുള്ളത്; വ്യക്തിപരമായി ഒന്നും അതിലില്ല; കത്തിനുള്ള ഒരാമുഖമോ, ഉപസംഹാരമോ ഇല്ല. പരിപൂർണജ്ഞാനം പഠിപ്പിക്കാനുള്ള ഉദ്യമമാണീ കൃതി.

രണ്ടു ഭാഗമുണ്ടീലേഖനത്തിന്: താത്വികം, ധാർമികം. താത്വികഭാഗം 1–17 വരെ അദ്ധ്യായങ്ങൾ ഉൾക്കൊള്ളുന്നു. 'നിങ്ങളുടെ വിശ്വാസത്തോടൊപ്പം നിങ്ങളുടെ അറിവു പൂർണമാക്കാൻ വേണ്ടി'യാണീ കൃതിയെന്ന് ആരംഭത്തിലേ ഗ്രന്ഥകർത്താവു പറയുന്നു (1:5). ഒന്നാമതായി പഴയനിയമ വെളിപാടിൻെറ സ്ഥാനവും മഹിമയും വ്യക്തമാക്കുന്നു. വാച്യാർത്ഥത്തിലെടുത്തതിനാൽ യഹൂദന്മാർ പഴയനിയമം പൂർണമായി തെററിദ്ധരിച്ചു. വാച്യാർത്ഥം തള്ളിക്കളഞ്ഞിട്ട്, പഴയനിയമത്തിന് ലേഖനകർത്താവ് ഒരാദ്ധ്യാത്മികാർത്ഥം കൊടുക്കുന്നു. പഴയനിയമപ്രബോധനങ്ങൾക്കും കല്പനകൾക്കും ഒരാന്തരാർത്ഥം—രൂപകാർത്ഥം—നൽകിയാണ് അയാൾ അതു സാധിക്കുക. രക്തബലിയല്ല, ഹൃദയാർപ്പണമത്രേ ദൈവം അഭിലഷിക്കുന്നത്; ജഡത്തിൻെറ ഛേദനമല്ല; സത്യം സ്വീകരിക്കത്തക്കവിധം ഹൃദയത്തിൻെറ ഛേദനമാണാവശ്യം; 'അശുദ്ധ' മൃഗങ്ങളെ ഭക്ഷിക്കാതിരിക്കുകയല്ല, ആ മൃഗങ്ങൾ സൂചിപ്പിക്കുന്ന തിന്മകൾ വർജിക്കുകയത്രേ ദൈവഹിതം (9—10). പഴയനിയമം യഹൂദരെ ഉദ്ദേശിച്ചുള്ളതല്ല. 'മോശ അതു പ്രാപിച്ചു; യഹൂദർ അതിന് അനർഹരായി'. ആദിമുതലേ അതു ക്രിസ്ത്യാനികളെ ഉദ്ദേശിച്ചുള്ളതാണ്. 'നാം അതു എപ്രകാരം പ്രാപിച്ചെന്നു നോക്കൂ. ദാസനായിരുന്നപ്പോൾ മോശയ്ക്കുതുകിട്ടി; നമുക്കുവേണ്ടി പീഡസഹിച്ച്,

www.malankaralibrary.com



അവകാശമുള്ളജനത്തിനെന്നവണ്ണം കർത്താവ് നമുക്കത്ത് നല്കി (14:4), പഴയനിയമത്തിൻെറ യഹൂദവ്യാഖ്യാനങ്ങൾ ദൈവ പ്രചോദിതങ്ങളല്ല. ഒരു ദുഷ്ടദൂതൻ അവരെ വഴിതെററിച്ചു കൊണ്ടിരുന്നു (9:4). യഹൂദാരാധനരീതികൾ വിജാതീയരുടെ ആരാധന പോലെയാണ് (16:2) ക്രിസ്തുവിൻെറ 'മുൻസ്ഥിതി' (Pre-existence) (5: 5; 5: 10), സ്നാനം പ്രദാനം ചെയ്യുന്ന ദത്തു പുത്രസ്ഥാനം, മനുഷ്യാത്മാവിൽ പതിയുന്ന ദൈവഛായയും സാദൃശ്യവും (16:11–12), പരിശുദ്ധാത്മാവിൻെറ ആലയ മാക്കൽ (16:1–8), ഞായറാഴ്ചയാചരണം (15:8) എന്നീ കാര്യ ങ്ങളും ഈ ഭാഗത്തു് ചർച്ചചെയ്യപ്പെടുന്നു.

18–21 വരെ അദ്ധ്യായങ്ങൾ ധാർമ്മിക പ്രതിപാദനമാണ്. ഡിഡാക്കെയിൽകാണുന്ന 'ഇരുവഴി' പ്രതിപാദനരീതിയാണി വിടെയും. ജീവൻെറവഴി 'എന്നും' 'മരണത്തിൻെറവഴി' എന്നും ഡിഡാക്കെ വിളിക്കുന്നതിനെ ഇവിടെ 'പ്രകാശപാത' എന്നും 'അന്ധകാരപാത' എന്നും വിളിക്കുന്നു. പത്തു കല്പനകളെ ആ ധാരമാക്കിയുള്ള നിരവധി ധാർമ്മിക നിയമങ്ങൾ കല്പിക്കുന്നു ണ്ടീ ഭാഗത്തു്. സൃഷ്ടിമുതൽ 6000 വർഷം കഴിയുമ്പോൾ തിന്മ യ്ക്കറുതിവരുമെന്നും മനുഷ്യപുത്രൻവന്നു് ധർമ്മം പുനഃസ്ഥാപിക്കു മെന്നും ലേഖനം പ്രേരിപ്പിക്കുന്നു (15, 4). ഇതിനു് സഹസ്രാ ബ്ദവാഴ്ച (കിലിയസം) എന്നു പറയുന്നു. ആറുദിവസ സൃ ഷ്ടി ആറായിരം വർഷത്തെ സൂചിപ്പിക്കുന്നു. കർത്താവിനു് 1000 വർഷം ഒരു ദിവസം പോലെയാണല്ലോ. ഏഴാം ദിവ സം കർത്താവു് യഥാർത്ഥത്തിൽ വിശ്രമിക്കും. സഹസ്രാബ്ദവാഴ്ച യുടെ ശാബത് അന്നു് ആരംഭിക്കുകയായി (15.1—19).

ബർണബായുടെതായിട്ടാണ് ഈ ലേഖനം അറിയപ്പെടു ന്നതു്. 'കോഡക്സ് സിനായ്ററിക്കസ്' (4–ാം നൂററാണ്ടു്) പുതിയനിയമഗ്രന്ഥങ്ങളുടെ കൂട്ടത്തിൽ ഇതിനെ കരുതുന്നു. യോ ഹന്നാൻെറ വെളിപാടിനു ശേഷമാണിതിൻെറ സ്ഥാനം. അല ക്സാണ്ഡ്രിയയിലെ ക്ലെമൻറ് (150–215) ഇതിൽനിന്നു ധാരാള മായി ഉദ്ധരിക്കുകയും ചെയ്യുന്നു. ഒരിജൻ (+253)' സാർവത്രിക ലേഖനം' എന്നു് ഇതിനെ വിളിക്കുന്നു. എവുസേബിയസു് (+339) 'തർക്കമുള്ളഗ്രന്ഥങ്ങ'ളുടെ പട്ടികയിൽ ഇതിനെ ഉൾ പ്പെടുത്തുന്നു. ജറോം (+420) ഇതിനെ അപ്പൊക്രിഫൽ ഗ്രന്ഥ ങ്ങളിൽ ഉൾപ്പെടുത്തുന്നു. ബർണബാസു് ശ്ലീഹാ എഴുതിയതല്ല ഇതെന്നു് ഇന്നു പരക്കെ അംഗീകരിക്കപ്പെട്ടിരിക്കയാണ്. ജറു സലേമിൻെറ നാശത്തിനു ശേഷമാണു് എഴുതപ്പെട്ടതു് (16). രൂപകാർത്ഥശൈലിക്കു് മുൻതൂക്കം ഉള്ളതിനാൽ അലക്സാണ്ഡ്രിയ ആയിരിക്കാം ഉത്ഭവസ്ഥാനം; ഫിലോയുടെ സ്വാധീനം ഇതിൽ

www.malankaralibrary.com



സ്പഷ്ടമാണ്. അലക്സാന്ത്രിയൻ പിതാക്കന്മാർ ഈ കൃതിയെ വളരെയധികം പ്രാമാണ്യം നല്കി പൂജിച്ചിരുന്നു. ഗ്രന്ഥകർത്താവ് യഹൂദമതത്തിൽനിന്നുള്ള ഒരു ക്രിസ്ത്യാനിയായിരിക്കാനാണു സാധ്യത; ഇത് എഴുതപ്പെട്ടതു് 70–നും 138–നും ഇടയ്ക്കാണ്.

# ബർണബാസിൻെറ ലേഖനം

1. 1. പുത്രിമാരേ, പുത്രന്മാരേ, സമാധാനത്തിൽ നമ്മെ സ്നേഹിക്കുന്ന കർത്താവിൻെറ നാമത്തിൽ അഭിവാദനങ്ങൾ! 2. നിങ്ങൾക്കുവേണ്ടിയുള്ള ദൈവികശാസനകൾ സമൃദ്ധവും മഹത്തുമായതിനാൽ നിങ്ങളുടെ മഹനീയവും ഭാഗ്യപൂർണവുമായ ജീവനിൽ ഞാൻ അത്യധികമായി ആനന്ദിക്കുന്നു. 3. ഇതിനാൽ രക്ഷയുടെ പ്രതീക്ഷയിൽ ഞാൻ എന്നെത്തന്നെ അഭിനന്ദിക്കുന്നു. എന്തെന്നാൽ ദാനത്തികവായ കർത്താവിൻെറ ഉറവയിൽനിന്നു ചൊരിയപ്പെട്ട കൃപയെ നിങ്ങളിൽ ഞാൻ ദർശിക്കുന്നു. നിങ്ങളെ കാണുവാനുള്ള ദീർഘനാളത്തെ ആഗ്രഹം നിങ്ങളെ കണ്ടതുവഴി പൂർത്തിയായിരിക്കുന്നു. 4. നിത്യജീവനിലുള്ള പ്രതീക്ഷ നിമിത്തം നിങ്ങളിൽ വലിയ വിശ്വാസവും സ്നേഹവും വസിക്കുന്നു. അതുകൊണ്ട്, എൻെറ ജീവനെക്കാൾ ഉപരിയായി നിങ്ങളെ സ്നേഹിക്കാൻ ഞാൻ പരിപൂർണമായി ബാദ്ധ്യസ്ഥനാണ്. നീതിപാതയിൽ കർത്താവായിരുന്ന എൻെറ സഹയാത്രികൻ എന്നു് ഞാൻ മനസ്സിലാക്കുന്നു. ഈ ഉറപ്പോടുകൂടിയും ഈ അവബോധത്തോടുകൂടിയും നിങ്ങളുടെയിടയിൽ ഞാൻ വളരെയധികം സംസാരിച്ചു. 5. ഇതുപരിഗണിച്ചു്, എനിക്കുകിട്ടിയ ചില കാര്യങ്ങൾ നിങ്ങളുമായി പങ്കുവയ്ക്കുവാൻ എനിക്കു കഴിഞ്ഞാൽ, അത്തരം അരൂപികളെ ശുശ്രൂഷിച്ചതിനുള്ള പ്രതിഫലമായിത്തീരും; നിങ്ങളുടെ വിശ്വാസത്തോടൊപ്പം നിങ്ങൾക്കു് സമ്പൂർണ്ണജ്ഞാനം ഉണ്ടാകുവാൻ വേണ്ടി ചെറിയൊരുപദേശം നിങ്ങൾക്കയയ്ക്കാൻ ഞാൻ തത്രപ്പെടുന്നു. 6. കർത്താവിൻെറ പ്രബോധനങ്ങൾ മൂന്നാണ്: നമ്മുടെ വിശ്വാസത്തിൻെറ ആരംഭവും അന്ത്യവുമായ ജീവനിലുള്ള പ്രത്യാശ; വിധിയുടെ ആരംഭവും അന്ത്യവുമായ നീതിപൂർവകമായ ജീവിതം; സന്തുഷ്ടിയിൽനിന്നും ആനന്ദത്തിൽനിന്നും വരുന്നതും, നീതിപൂർവകമായ ജീവിതത്തിൻെറ വചനസാക്ഷ്യവും ആയ സ്നേഹം. 7. തൻെറ പ്രവാചകർ

www.malankaralibrary.com



വഴി, കഴിഞ്ഞതും നടക്കുന്നതും ആയ കാര്യങ്ങളും, വരാനിരി
ക്കുന്നവയുടെ മുൻസൂചനയും കർത്താവ് നൽകുന്നു; അവൻ മുൻകൂട്ടി
പറഞ്ഞതുപോലെ ഇക്കാര്യങ്ങൾ ഒന്നിനുപിറകെഒന്നായി സംഭ
വിച്ചു കാണുമ്പോൾ, അവനെ ബഹുമാനിക്കാൻ കുറെക്കൂടി വി
ശാലവും ഉന്നതവുമായ ഒരു അർപ്പണം നടത്താൻ നാം ബാദ്ധ്യസ്ഥ
രാണ്. 8. ഒരു പ്രബോധകൻ എന്ന നിലയിലല്ല, നിങ്ങളിൽ
ഒരുവനെപ്പോലെ, ഇക്കാലസാഹചര്യങ്ങളിൽ നിങ്ങൾ സന്തുഷ്ട
രായിരിക്കാനായി ചില കാര്യങ്ങൾ ഞാൻ ചൂണ്ടിക്കാണിക്കാം.

**2.** 1. സമയങ്ങൾ ചീത്തയായതിനാലും[1] തിന്മ പ്രവർത്തി
ക്കുന്നവൻ ആധിപത്യം ഉറപ്പിച്ചിരിക്കുന്നതിനാലും, നാം നമ്മെ
ത്തന്നെ സൂക്ഷിക്കുകയും കർത്തൃകല്പനകൾ തേടുകയും വേണം.
2. ഭയവും ക്ഷമയുമാണ് നമ്മുടെ വിശ്വാസത്തിന്റെ സഹായി
കൾ; ദീർഘശാന്തതയും സ്വയം നിഗ്രഹവുമാണ് നമ്മുടെ സുഹൃ
ത്തുക്കൾ. 3. വിജ്ഞാനം, വിവേകം, ബോധജ്ഞാനം, അറി
വ് എന്നിങ്ങനെ കർത്താവിനെ സംബന്ധിക്കുന്ന കാര്യങ്ങൾ
അതിന്റെ ശുദ്ധതയിൽ സ്ഥിതി ചെയ്യുന്നതിനാൽ, അവയോടു
കൂടി നമുക്ക് ആനന്ദിക്കാം. 4. തനിക്ക് ഹോമയാഗങ്ങളും ഹനന
യാഗങ്ങളും ആവശ്യമില്ലെന്നു കർത്താവ് തന്റെ എല്ലാ പ്രവാച
കന്മാരും വഴി വ്യക്തമാക്കിയിട്ടുണ്ട്. ഒരിക്കൽ അവൻ പറഞ്ഞു[2]
5. 'നിങ്ങളുടെ ഇത്രയേറെ ബലികൾ എനിക്കെന്തിനു്? നിങ്ങ
ളുടെ കരങ്ങളിൽനിന്നു് ആരാണ് അവ ആവശ്യപ്പെട്ടതു്?
മേലിൽ നിങ്ങൾ എന്റെ അങ്കണത്തിൽ ചവിട്ടരുതു്. നിങ്ങൾ
പുഷ്പങ്ങൾ കൊണ്ടുവന്നാൽ അതു് വെറുതെയാണ്. ധൂപം
എനിക്ക് മ്ലേച്ഛതയാണ്; നിങ്ങളുടെ അമാവാസിയും ശാബത്തും
എനിക്ക് സഹിച്ചുകൂടാ. 6. കീഴമർത്തുന്ന നുകം കൂടാതെയും,
മനുഷ്യനിർമ്മിതമായ അർപ്പണം കൂടാതെയും നമ്മുടെ കർത്താ
വേശുമിശിഹായുടെ പുതിയനിയമം ആയിരിക്കേണ്ടതിനു്
ഇതു് അവൻ നീക്കിക്കളഞ്ഞു. 7. വീണ്ടും അവൻ അവരോട്
പറഞ്ഞു[3]: നിങ്ങളുടെ പിതാക്കന്മാർ ഈജിപ്തിൽനിന്നു് പുറ
പ്പെട്ടപ്പോൾ എനിക്ക് ഹനനയാഗങ്ങളും ബലികളും അർപ്പിക്ക
ണമെന്നു് ഞാൻ കല്പിച്ചിരുന്നോ? 8. മറിച്ച് ഞാനവരോട്
ഇതാണ കല്പിച്ചിരുന്നതു്[4]: 'നിങ്ങളിലൊരുവനും ഹൃദയത്തിൽ
സഹോദരനെതിരായി തിന്മ വളർത്തരുതു്; തെറ്റായ ശപഥത്തെ
സ്നേഹിക്കയുമരുതു്. 9. നാം അർത്ഥശൂന്യരല്ലെങ്കിൽ, നമ്മുടെ
പിതാവിന്റെ കരുണാമസൃണമായ ഉദ്ദേശ്യം നാം മനസ്സിലാ
ക്കണം. നാം അവരെപ്പോലെ തെറ്റിപ്പോകാതിരിപ്പാനും എപ്ര
കാരം അർപ്പണം നടത്തണം എന്നു് അന്വേഷിപ്പാനും അവൻ
ആഗ്രഹിക്കുന്നതിനാൽ അവൻ നമ്മോടു് സംസാരിക്കുന്നു.
10. അതനുസരിച്ചു് അവൻ നമ്മോടു് പറയുന്നു:[5] 'നുറുങ്ങിയ

www.malankaralibrary.com



ഹൃദയമത്രേ കർത്താവിനുള്ള ബലി തന്റെ സ്രഷ്ടാവിനെ മഹത്വപ്പെടുത്തുന്ന ഹൃദയമത്രേ കർത്താവിന് 'സുഗന്ധപരിമളം'. സഹോദരങ്ങളേ, ചതിക്കാനായി നമ്മുടെ ഇടയിൽ പതുങ്ങി നടക്കുന്ന ദുഷ്ടൻ നമ്മെ ജീവനിൽ നിന്നു് തള്ളിമാററാതിരിപ്പാൻ നമ്മുടെ രക്ഷയെക്കുറിച്ചു് ശ്രദ്ധാലുക്കളായിരിക്കണം.'

3. 1. ഈ കാര്യങ്ങളെക്കുറിച്ചു് അവൻ അവരോടു് വീണ്ടും പറയുന്നു;6 'നിങ്ങളുടെ ശബ്ദം ഇന്നു് കേൾക്കപ്പെടുവാൻ നിങ്ങൾ എനിക്കുവേണ്ടി എന്തിനു് ഉപവസിക്കുന്നു എന്നു് കർത്താവു് ചോദിക്കുന്നു. തന്റെ ആത്മാവിനെ എളിമപ്പെടുത്താതെയുള്ള ഉപവാസമല്ല ഞാൻ തിരഞ്ഞെടുത്തതു് എന്നു് കർത്താവു് അരുളിച്ചെയ്യുന്നു. 2. വളയംപോലെ തലയിട്ടു തിരിക്കുന്നതും, ചാക്കുവസ്ത്രം ധരിക്കുന്നതും, കിടക്കയിൽ ചാരം വിതറുന്നതും ഒന്നുമല്ല സ്വീകാര്യമായ ഉപവാസം'. 3. എന്നാൽ നമ്മോടു് അവൻ പറയുന്നു: 'ഞാൻ തിരഞ്ഞെടുത്ത ഉപവാസം ഇതാകുന്നു എന്നു കർത്താവു് അരുളിച്ചെയ്യുന്നു: തിന്മയോടുള്ള എല്ലാ മമതയും ഉപേക്ഷിക്കുക; നിർബന്ധിത ഉടമ്പടികളുടെ ചങ്ങലകൾ വിട്ടുവിക്കുക: തകർന്നവനെ ക്ഷമാപൂർവ്വം വിട്ടയയ്ക്കുക. അനീതി നിറഞ്ഞ എല്ലാ ഉടമ്പടികളും പിച്ചിക്കീറുക; വിശക്കുന്നവനു് നിന്റെ ആഹാരം പങ്കുവെയ്ക്കുക, നഗ്നനെക്കണ്ടാൽ ഉടുപ്പിക്കുക; ഭവനരഹിതനെ നിന്റെ ഭവനത്തിൽ പാർപ്പിക്കുക; എളിയവനെക്കണ്ടാൽ നീയും നിന്റെ കുടുംബക്കാരും ബന്ധുക്കളും അവനെ നിന്ദിക്കരുതു്. 4. അപ്പോൾ നിന്റെ പ്രകാശം പ്രഭാതത്തിൽ ഉദിക്കും; നിന്റെ സുഖമാകൽ പെട്ടെന്നുണ്ടാകും; നിന്റെ നീതി നിന്റെ മുൻപേ പോകും; ദൈവമഹത്വം നിന്നെ ചുററും. 5. അപ്പോൾ നീ വിളിക്കുമ്പോൾ കർത്താവു് നിന്നെ കേൾക്കും; നീ നിന്നിൽനിന്നു് അടിമത്തവും, നിന്റെ കൈ നീട്ടി അതൃപ്തവാക്കുകളും നീക്കുകയും ഹൃദയപൂർവം നിന്റെ അപ്പം വിശക്കുന്നവനു് കൊടുക്കുകയും, വിനീതരുടെ ആത്മാക്കളോടു് ദയ കാണിക്കുകയും ചെയ്താൽ നീ സംസാരിച്ചുകൊണ്ടിരിക്കുമ്പോഴേ കർത്താവു് 'ഇതാ ഞാൻ ഇവിടെ' എന്നു പറയും.7 6. പ്രിയപ്പെട്ടവരേ, ഇക്കാരണത്താൽ താൻ സജ്ജമാക്കിയ ജനം തന്റെ പ്രിയനിൽ വിശ്വസിക്കുമെന്നു് ദീർഘശാന്തതയുള്ളവൻ കണ്ടു. ആനീതരാകാത്തവർ നിയമത്താൽ തകർന്നതുപോലെ നമുക്കു് സംഭവിക്കാതിരിക്കാൻ എല്ലാ കാര്യങ്ങളെക്കുറിച്ചും അവൻ മുൻകൂട്ടി വെളിപ്പെടുത്തിയിരിക്കുന്നു.

4. 1. നാം വർത്തമാനകാലത്തിലേക്കു സൂക്ഷിച്ചുനോക്കി നമ്മെ രക്ഷിക്കാൻ കഴിവുള്ളതു തേടണം. നിയമരഹിതമായ പ്രവൃത്തികൾ നമ്മുടെമേൽ വിജയം വരിക്കാതിരിക്കാൻ നാം

www.malankaralibrary.com



അത്തരം പ്രവൃത്തികളിൽനിന്നു പൂർണമായി ഓടിയകലണം. ഭാവികാലത്തു് നാം സ്നേഹിക്കപ്പെട്ടുവാൻ വർത്തമാനകാലത്തിന്റെ തെററുകളെ നമുക്കു വെറുക്കാം. 2. നമ്മുടെ ആത്മാക്കൾക്കു് ലക്ഷ്യത്തിൽനിന്നുള്ള വ്യതിചലനം അല്പംപോലും അനുവദിക്കാതിരിക്കാം. പാപികളെപ്പോലെയും ദുഷ്ടന്മാരെപ്പോലെയും നാം ആകാതിരിപ്പാൻ അവരുമായുള്ള സംസർഗസാഹചര്യം ഒഴിവാക്കാം. 3. അവസാനത്തെ ഇടർച്ചക്കല്ലു് സമീപസ്ഥമാകുന്നു; അതേപ്പററി ഇപ്രകാരം ഹാനോക്കു പറയുന്നതായി എഴുതപ്പെട്ടിരിക്കുന്നു: 'തന്റെ പ്രിയപ്പെട്ടവർ വേഗം തന്റെ അവകാശത്തിലേക്കു വരുന്നതിനായി കർത്താവു് കാലങ്ങളും സമയങ്ങളും കുറിച്ചിരിക്കുന്നു.' 4. പ്രവാചകനും ഇപ്രകാരം പ്രസ്താവിക്കുന്നു:[8] പത്തു രാജവംശങ്ങൾ ധരയിൽ ഭരണം നടത്തും; അതിനുശേഷം ഒരു ചെറിയരാജാവു് എഴുന്നേൽക്കും; അവൻ രാജാക്കന്മാരിൽ മൂന്നുപേരെ ഒരുത്തന്റെ കീഴിൽ അമർത്തും'. 5. ഇക്കാര്യങ്ങളെപ്പററി ദാനിയേൽ വീണ്ടും പറയുന്നു:[9] 'ദുഷ്ടനും ശക്തനും എല്ലാ കടൽജന്തുക്കളെക്കാൾ ഭയങ്കരനുമായ നാലാമതൊരു മൃഗത്തെ ഞാൻ കണ്ടു. അതിനു് പത്തു കൊമ്പുകൾ മുളച്ചുവന്നു. അവയ്ക്കിടയിലൊരു ചെറിയകൊമ്പു്—ഒരു മുഴ. എന്നാലതു് മൂന്നു വലിയ കൊമ്പുകളെ ഒന്നിന്റെ കീഴിലമർത്തി.' 6. നിങ്ങൾ നന്നായി മനസ്സിലാക്കണം എന്റെ ജീവിതത്തെക്കാളുപരി വ്യക്തിപരമായി നിങ്ങളെല്ലാവരേയും സ്നേഹിക്കുന്നവനും നിങ്ങളിലൊരുവനുമായ ഞാൻ ഇതും നിങ്ങളോടപേക്ഷിക്കുന്നു; നിങ്ങളെപ്പററി കരുതലുള്ളവരായിരിക്കണം; മററു ചിലരെപ്പോലെ നിങ്ങൾ ആകരുതു്. ഉടമ്പടി ഞങ്ങളുടേതും അവരുടേതും ആണു് എന്നു പറയുകയും നിങ്ങളുടെ പാപങ്ങൾ വർദ്ധിപ്പിക്കയുമരുതു്. 7. അതേ! ഇതു നമ്മുടെതാണു്; മോശ അതു സ്വീകരിച്ചെന്നു മാത്രം; എന്നാൽ അവർ അതു് എന്നേക്കുമായി നഷ്ടപ്പെടുത്തി. എന്തെന്നാൽ ഗ്രന്ഥം പറയുന്നു: 'മോശ നാല്പതു രാവും നാല്പതു പകലും ഉപവസിച്ചുകൊണ്ടു മലയിലായിരുന്നു; അവൻ കർത്താവിൽനിന്നു് ഉടമ്പടി സ്വീകരിച്ചു; ആ കല്പലകകൾ കർത്താവിന്റെ വിരലുകൾകൊണ്ടു് എഴുതപ്പെട്ടവയായിരുന്നു'[10] 8. എന്നാൽ അവർ ബിംബങ്ങളിലേക്കു തിരിഞ്ഞു് അതു നഷ്ടപ്പെടുത്തി. എന്തെന്നാൽ കർത്താവു് ഇപ്രകാരം അരുൾചെയ്യുന്നു:[11] 'മോശേ, മോശേ വേഗം ഇറങ്ങിവരൂ: കാരണം ഈജിപ്തിൽനിന്നു് നീ പുറപ്പെടുവിച്ചുകൊണ്ടുവന്ന നിന്റെ ജനം നിയമലംഘിച്ചിരിക്കുന്നു.' മോശ അതു മനസ്സിലാക്കി കല്പലകകൾ കയ്യിൽനിന്നു് താഴെ എറിഞ്ഞു. തന്നിലുള്ള വിശ്വാസം നൽകുന്ന പ്രത്യാശയാൽ പ്രിയനായ യേശുവിന്റെ ഉടമ്പടി നമ്മുടെ ഹൃദയങ്ങളിൽ മുദ്രിതമാക്കാൻ വേണ്ടിയാണു് അവൻ അങ്ങനെ

www.malankaralibrary.com



ചെയ്തതു്. 9. ഒരു പ്രബോധകൻ എന്ന നിലയിലല്ല, നിങ്ങളെ സ്നേഹിക്കുന്ന ഒരാൾ എഴുതേണ്ടതുപോലെ വളരെ കാര്യങ്ങൾ നിങ്ങൾക്കെഴുതാൻ ഞാൻ ആഗ്രഹിക്കുന്നു; അതുകൊണ്ടു് നിങ്ങളുടെ പാദത്തിൻ കീഴിലെ ചപ്പും ചവറുമായ (peripsema) ഞാൻ പൊതുസമ്പാദ്യത്തിൽനിന്നു് ഒന്നും വിട്ടുകളയാതെ നിങ്ങൾക്കെഴുതുവാൻ തത്രപ്പെട്ടു. അവസാനകാലങ്ങളിൽ നാം ശ്രദ്ധാലുക്കളായിരിക്കണം. ഈ നിയമരഹിതകാലത്തു്, വരാനിരിക്കുന്ന പരീക്ഷണങ്ങളിൽ, ദൈവമക്കൾക്കുചിതമായ രീതിയിൽ നാംഎതിർത്തില്ലെങ്കിൽ നാം വിശ്വസിക്കുന്ന ഈ സമയമൊന്നും നമുക്കു് ഗുണകരമല്ല. ഇപ്രകാരം 'കറുത്തവൻ' നമ്മെ കൊള്ളയടിക്കാൻഒരവസരവും ഉണ്ടാകാതിരിക്കട്ടെ. 10. നമുക്കു് എല്ലാവിധ വ്യർത്ഥതയിൽനിന്നും ഓടിയകലാം. ചീത്തവഴിയുടെ പ്രവൃത്തികൾ നമുക്കു പൂർണ്ണമായി വെറുക്കാം. നിങ്ങൾ നീതീകരിക്കപ്പെട്ട എന്ന മട്ടിൽ വിശ്രമിച്ചു വേർപിരിഞ്ഞു ജീവിക്കരുതു്;മറിച്ചു് ഒന്നിച്ചുവരികയും പൊതുഗുണം തേടുകയും വേണം. 11. എന്തെന്നാൽ ഗ്രന്ഥം പറയുന്നു: 12 'തങ്ങളുടെ സ്വന്തം ദൃഷ്ടിയിൽ വിജ്ഞന്മാരും, സ്വന്തം വികാരങ്ങളിൽ വിവേകികളുമായവൎക്കു് ഹാ കഷ്ടം!' നമുക്കു് ആത്മീയരാകാം. ദൈവത്തിനു സ്വീകാര്യമായ ആലയമായിത്തീരാം. നമ്മുടെ കഴിവനുസരിച്ചു് 'ദൈവഭയത്തിൽ നമ്മെത്തന്നെ പരിശീലിപ്പിക്കാം.' തന്റെ ചട്ടങ്ങളാൽ നാം സന്തോഷിക്കുവാൻ, തന്റെ കല്പനകൾ നമുക്കു പാലിക്കാം. 12. 'മുഖം നോക്കാതെ' 13 കർത്താവു് ലോകത്തെ വിധിക്കും. ഓരോരുത്തനും അവനവന്റെ പ്രവൃത്തികൾക്കനുസരണം പ്രതിഫലം കിട്ടും. അവൻ നല്ലവനെങ്കിൽ, അവന്റെ നന്മ അവനെ നയിക്കും; അവൻ ദുഷ്ടനെങ്കിൽ, അനീതിയുടെ പ്രതിഫലം അവന്റെ മുമ്പിൽ ഉണ്ടായിരിക്കും. 13. ഈ ലോകത്തിന്റെ പ്രഭു നമ്മെ കീഴമർത്തി, കർത്താവിന്റെ രാജ്യത്തിൽനിന്നു് പുറത്തുതള്ളാതിരിപ്പാൻ, വിളിക്കപ്പെട്ടവരായ നാം നമ്മുടെ പാപങ്ങളിൽ ഉറങ്ങുകയോ, അലസമായി വർത്തിക്കയോ അരുതു്. 14. എന്റെ സഹോദരന്മാരേ, വലിയ അടയാളങ്ങളും അത്ഭുതങ്ങളും ഇസ്രായേലിൽ നടന്നതിനുശേഷവും അവസാനം അവർ എപ്രകാരം പരിത്യക്തരായി എന്നതു് നിങ്ങൾ കാണുമ്പോൾ ഇതുകൂടി ഓർത്തുകൊള്ളുവിൻ. എഴുതപ്പെട്ടിരിക്കുന്നതുപോലെ 'വിളിക്കപ്പെട്ടവർ അനേകർ, തെരഞ്ഞെടുക്കപ്പെട്ടവർ ചുരുക്കം' 14 എന്നതു് നമ്മെ സംബന്ധിച്ചു് ആകാതിരിപ്പാൻ നാം കരുതലുള്ളവരായിരിക്കണം.

5. 1. ഇക്കാരണത്താൽ തന്റെ രക്തത്തിന്റെ തളിപ്പിലൂടെ പാപമോചനത്താൽ നാം വിശുദ്ധീകരിക്കപ്പെടാൻ കർത്താവു തന്റെ ശരീരത്തിന്റെ യാഗം അഴിവിനായി അർപ്പിച്ചു. 2. എ

www.malankaralibrary.com



ന്തെന്നാൽ അവനെപ്പററിയുള്ള ഗ്രന്ഥം ഭാഗികമായി ഇസ്രായേലിനെയും ഭാഗികമായി നമ്മെയുംകുറിച്ചാണ്. അതു് ഇപ്രകാരം അത്രേ: 'നമ്മുടെ പാപങ്ങൾ നിമിത്തം അവൻ മുറിവേൽക്കപ്പെട്ടു; നമ്മുടെ അതിക്രമങ്ങൾ നിമിത്തം അവൻ തകർക്കപ്പെട്ടു; അവൻെറ മുറിവുകളാൽ നാം സൗഖ്യപ്പെട്ടു. വെട്ടുവാനുള്ള ആട്ടിൻകുട്ടിയെപ്പോലെയും രോമം കത്രിക്കുന്നവൻെറ മുമ്പിൽ മൗനമായ കുഞ്ഞാടു പോലെയും അവൻ ആനയിക്കപ്പെട്ടു.'[15] 3. കർത്താവു് നമുക്കു് ഭൂതകാലം വെളിപ്പെടുത്തിത്തന്നതിനാലും, വർത്തമാനകാലത്തിൽ നമ്മെ വിജ്ഞാനികളാക്കിയതിനാലും, ഭാവിയെക്കുറിച്ചുനാം അറിവുള്ളവരാകയാലും അവനോടു് വളരെയധികം നന്ദിയുള്ളവരായിരിക്കണം. 4. വി. ഗ്രന്ഥം പറയുന്നു:[16] 'പക്ഷികൾക്കായി വല വിരിച്ചിരിക്കുന്നതു് അനീതിപരമല്ല.' നീതിപാതകളെപ്പററിയുള്ള അറിവുണ്ടായിട്ടും ഇരുട്ടിൻെറ പാതയിലേക്കു തള്ളിക്കയറുന്നവർ അർഹിക്കുന്നതുപോലെ നശിക്കുന്നു എന്നാണിതിൻെറഅർത്ഥം. 5. എൻെറ സഹോദരന്മാരെ, ലോകം മുഴുവൻെറയും കർത്താവായിരുന്നിട്ടും എങ്ങനെയാണു് മനുഷ്യരുടെ കരങ്ങളാൽ പീഡിപ്പിക്കപ്പെടാൻ മിശിഹാ അനുവദിച്ചതും നമ്മുടെ ആത്മാക്കളെപ്രതി കഷ്ടപ്പെട്ടതും? ലോകത്തിൻെറ ആരംഭത്തിൽ ദൈവം അവനോടു പറഞ്ഞു: 'നമ്മുടെ ഛായയിലും സാദൃശ്യത്തിലും നമുക്കു മനുഷ്യനെ നിർമിക്കാം.'[17] 6. ഇതാണു് കാരണം: അവൻെറ കൃപയാൽ പ്രവാചകന്മാർ അവനെപ്പററി പ്രവചിച്ചു. മരണത്തെ നശിപ്പിക്കാനും മരിച്ചവരിൽനിന്നുള്ള ഉയിർപ്പിനെ വെളിപ്പെടുത്താനുമായി അവൻ സ്വയം കഷ്ടതയ്ക്കു് സമർപ്പിച്ചു; കാരണം, അവൻ അവശ്യാവശ്യമായി ജഡത്തിൽ വെളിപ്പെടുത്തപ്പെടണമായിരുന്നു.[18] 7. പിതാക്കന്മാരോടുള്ള വാഗ്ദാനം നിറവേററാനും തനിക്കൊരു പുതിയ ജനത്തെ ഒരുക്കാനും വേണ്ടിക്കൂടി ആയിരുന്നിതു്. ഭൂമിയിൽ ആയിരിക്കവെ ഉയിർപ്പ് യാഥാർത്ഥ്യവല്ക്കരിക്കപ്പെട്ടിട്ടു് താൻതന്നെയായിരിക്കും വിധികർത്താവെന്നു കാണിക്കാനുംകൂടിയാണിതു് 8. ഇതിനെല്ലാമുപരിയായി, ഇത് ഇസ്രായേലിനെ അവൻ പഠിപ്പിച്ചു. അടയാളങ്ങളും അത്ഭുതങ്ങളും കാണിച്ചു് അവരോടു പ്രസംഗിച്ചു. അതേ, അവൻ അവരെ അധികമായി സ്നേഹിച്ചു. 9. എന്നാൽ തൻെറ സുവിശേഷം പ്രസംഗിക്കാൻ മററുള്ളവരേക്കാൾ നിയമരഹിതരായ മനുഷ്യരെ ശ്ലീഹന്മാരായി അവൻ തിരഞ്ഞെടുക്കയും, 'നീതിമാന്മാരെയല്ല പാപികളെ വിളിക്കാൻ' താൻ വന്നു എന്നു് കാണിക്കയും ചെയ്തതുവഴി താൻതന്നെയാണു് ദൈവപുത്രനെന്നു് അവൻ വെളിപ്പെടുത്തി. 10. അവൻ ശരീരത്തിൽ വന്നില്ലായിരുന്നെങ്കിൽ, അവനെ നോക്കി മനുഷ്യർ രക്ഷിക്കപ്പെടാൻ ചിന്ത്യമായ ഒരു മാർഗവു

www.malankaralibrary.com



മില്ലായിരുന്നേനെ. നശ്വരവും അവന്റെ കൈവേലയുമായ സൂര്യന്റെ ജ്വാലയിലേയ്ക്കു തുറിച്ചുനോക്കാൻ അവക്കു സാധിക്കുന്നില്ലല്ലോ! 11. അതുകൊണ്ടു തന്റെ പ്രവാചകരെ പീഡിപ്പിച്ചവരുടെ പാപങ്ങൾക്കു പൂർണ പരിഹാരമാകാൻ, ദൈവപുത്രൻ ശരീരത്തിൽ എഴുന്നള്ളിവന്നു. 12. ഇക്കാരണത്താൽ തന്റെ പീഡനങ്ങൾ അവൻ സ്വയം അനുവദിച്ചു. എന്തെന്നാൽ തന്റെ ശരീരത്തിലുള്ള മുറിവിന്റെ കർത്താക്കൾ അവരാണെന്നു ദൈവം പറയുന്നു: 'അവർ അവരുടെ ഇടയനെ അടിക്കുമ്പോൾ, ആട്ടിൻ കൂട്ടത്തിലെ ആടുകൾ നശിപ്പിക്കപ്പെടും.'[19] 13. ഇപ്രകാരം കഷ്ടപ്പെടുക എന്നതായിരുന്നു അവിടുത്തെ തിരുഹിതം; അവൻ ഒരു മരത്തിൽ മരിക്കുക എന്നതു് ആവശ്യമായിരുന്നു. എന്തെന്നാൽ പ്രവാചകൻ അവനെപ്പററി പറയുന്നു: 'വാളിൽനിന്നു് എന്റെ ആത്മാവിനെ രക്ഷിക്കുക; എന്റെ ജഡത്തെ തറയ്ക്കുക; ദുഷ്പ്രവൃത്തിക്കാരുടെ കൂട്ടം എനിക്കെതിരായി എഴുന്നേററിരിക്കുന്നു.[20] 14. വീണ്ടും അവൻ പറയുന്നു: 'ഇതാ ഞാൻ എന്റെ മുതുകിനെ ദണ്ഡകർക്കും, എന്റെ കവിളിനെ അടികൾക്കും ഏല്പിച്ചുകൊടുത്തു; ഞാൻ എന്റെ മുഖത്തെ ഒരു കടുത്ത പാറപോലെയാക്കി.'[21]

6. 1. കല്പന കൊടുത്തപ്പോൾ എന്താണവൻ പറഞ്ഞതു്? 'എന്നോടു തർക്കിക്കുന്ന മനുഷ്യൻ ആരാണു്? അവൻ എന്നെ എതിർക്കട്ടെ. അഥവാ എനിക്കെതിരായി ആരു കോടതിയിൽ പോകും? അവൻ കർത്താവിന്റെ ദാസനെ സമീപിക്കട്ടെ 2. നിങ്ങളെല്ലാം വസ്ത്രംപോലെ പഴയതായിപ്പോകും; കീടം നിങ്ങളെ തിന്നുകളയും;[22] അതുകൊണ്ടു നിങ്ങൾക്കു ഹാ! കഷ്ടം! വീണ്ടും തകർക്കാനുള്ള ബലമുള്ള കല്ലായി അവൻ നിയമിതനായതിനെപ്പററി പ്രവാചകൻ പറയുന്നു: 'ഇതാ, ഞാൻ സീയോന്റെ അടിസ്ഥാനത്തിൽ വിലയേറിയ ഒരു കല്ലു്, പ്രത്യേകമായി തിരഞ്ഞെടുത്ത ഒരു മൂലക്കല്ലു വയ്ക്കും.'[23] 3. എന്നിട്ടു് അവൻ എന്തു പറയുന്നു? 'അതിൽ പ്രത്യാശവയ്ക്കുന്നവൻ എന്നേക്കും ജീവിക്കും.'[24] അപ്പോൾ, നമ്മുടെ പ്രത്യാശ ഒരു കല്ലിലാണോ വച്ചിരിക്കുന്നതു്? ഒരിക്കലുമല്ല. കർത്താവു തന്റെ ശരീരം ശക്തിയിൽ വച്ചിരിക്കുന്നു എന്നാണു് അവൻ അർത്ഥമാക്കുന്നതു് എന്തെന്നാൽ അവൻ പറയുന്നു: 'അവൻ എന്നെ ഒരു കടുത്ത പാറയാക്കി സ്ഥാപിച്ചിരിക്കുന്നു.'[25] 4. വീണ്ടും പ്രവാചകൻ പറയുന്നു: പണിക്കാർ തള്ളിക്കളഞ്ഞ കല്ലു് മൂലക്കല്ലായി തീർന്നിരിക്കുന്നു. '[26] വീണ്ടും അവൻ പറയുന്നു:[27] കർത്താവുണ്ടാക്കിയ വലുതും അത്ഭുതകരവുമായ ദിവസം ഇതാകുന്നു.' 5. നിങ്ങൾ ഗ്രഹിക്കാനായി ഞാൻ കുറേക്കൂടി ലളിതമായി നിങ്ങൾക്കെഴുതുകയാണു്. ഞാൻ, അതേ, നിങ്ങളുടെ സ്നേഹത്തിന്റെ ചിഹ്നമായ

www.malankaralibrary.com



ഞാൻതന്നെ. 6. അപ്പോൾ, പ്രവാചകൻ എന്താണ് വീണ്ടും പറയുന്നതു്? 'തിന്മ പ്രവർത്തിക്കുന്ന സമൂഹം എന്നെ വളഞ്ഞു; മധുകോശത്തിൽ തേനീച്ചപോലെ അവരെന്നെ ചുററിവളഞ്ഞു; എന്റെ വസ്ത്രത്തിനായി അവർ ചീട്ടുമിട്ടു'.[28] 7. അവൻ ജഡത്തിൽ വെളിപ്പെടുത്തപ്പെടുവാനിരുന്നതിനാലും ജഡത്തിൽ കഷ്ടപ്പെടേണ്ടിയിരുന്നതിനാലും, തന്റെ കഷ്ടതകൾ മുൻകൂട്ടി വെളിപ്പെടുത്തപ്പെട്ടു. എന്തെന്നാൽ ഇസ്രായേലിനെക്കുറിച്ച് പ്രവാചകൻ പറയുന്നു: [29] 'നമുക്കു പ്രയോജനമില്ലാത്തതിനാൽ നീതിമാനെ നമുക്കു ബന്ധിക്കാം' എന്നു പറഞ്ഞു് തങ്ങൾക്കെതിരായി ദുഷ്ടാലോചന നടത്തിയവരുടെ ആത്മാക്കൾക്ക് ഹാ! കഷ്ടം!' 8. മറേറ പ്രവാചകൻ, മോശ, അവരോട് എന്തു പറയുന്നു? 'ഇതാ ദൈവമായ കത്താവു് അരുൾചെയ്യുന്നു; അബ്രഹാമിനോടും ഇസഹാക്കിനോടും യാക്കോബിനോടും കത്താവുശപഥം ചെയ്ത നല്ല ദേശത്തുപ്രവേശിച്ച് പാലും തേനും ഒഴുകുന്ന ആ നാട് അവകാശമാക്കുന്നു.' [30] 9. എന്നാൽ വിജ്ഞാനം എന്തു പറയുന്നു ഞാൻ നിങ്ങളോടു പറയാം! ജഡത്തിൽ വെളിപ്പെടുത്തപ്പെടുന്നവനിൽ' അതേ യേശുവിൽ, പ്രത്യാശ വയ്ക്കുവിൻ. എന്തെന്നാൽ വേദിക്കുന്ന മണ്ണാണ് മനുഷ്യൻ; ആത്മാവിൻ സൃഷ്ടി ഭൂമുഖത്തുനിന്നാണ് സംഭവിച്ചതു്. 10 'പാലും തേനും ഒഴുകുന്ന നല്ലദേശത്തു്'' എന്നതിന്റെ അത്ഥം എന്താണ്? സഹോദരങ്ങളേ, തന്റെ രഹസ്യത്തിന്റെ വിജ്ഞാനവും അറിവും നമ്മിൽ നിക്ഷേപിച്ച നമ്മുടെ കർത്താവു വാഴ്ത്തപ്പെട്ടവനാകട്ടെ. അതേ, പ്രവാചകൻ കത്താവിന്റെ ഒരു ഉപമ പ്രസ്താവിക്കുന്നു; 'തന്റെ കർത്താവിന്റെ സ്നേഹിതനായ വിജ്ഞാനിയും പണ്ഡിതനുമല്ലാതെ ആരു് അതു മനസ്സിലാക്കും' ? 11. പാപമോചനത്താൽ അവൻ നമ്മെ നവീകരിച്ചതിനാൽ അവൻ നമ്മെ മറെറാരു വസ്തുവാക്കി; അവൻ നമ്മെ വീണ്ടും സൃഷ്ടിക്കുന്നതുപോലെ നമുക്കു ശിശുക്കളുടെ ആത്മാവു ലഭിച്ചു. 12. എന്തെന്നാൽ പുത്രനോടു് അവൻ പറയുമ്പോൾ വി. ഗ്രന്ഥം നമ്മെപ്പററിയാണ് പറയുന്നതു്: 'നമുക്കു് മനുഷ്യനെ നമ്മുടെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കാം; അവർ ധരയിലെ മൃഗങ്ങളുടെ മേലും വായുവിലെ പറവകളുടെമേലും, സമുദ്രത്തിലെ മത്സ്യങ്ങളുടെമേലും ആധിപത്യം നടത്തട്ടെ.' നമ്മുടെ സൃഷ്ടിയുടെ മനോഹാരിത കണ്ടു് കർത്താവു് പറഞ്ഞു: വദ്ധിച്ചു പെരുകി ഭൂമി നിറയുവിൻ.' [31] ഇതു് അവൻ പുത്രനോടാണ് പറഞ്ഞതു്. 13. അവൻ എപ്രകാരം നമ്മെപ്പററി പറയുന്നു എന്നു് ഞാൻ കാണിച്ചുതരാം. അവസാനനാളുകളിൽ അവൻ ഒരു രണ്ടാംസൃഷ്ടി നടത്തി. കർത്താവു് പറയുന്നു:[32] 'ഇതാ ഞാൻ അവസാനകാര്യങ്ങൾ ആദ്യകാര്യങ്ങളെപ്പോലെ ആക്കുന്നു. പാലും തേനുംഒഴുകുന്ന

www.malankaralibrary.com



ദേശത്തു് പ്രവേശിച്ച്, അതിനെ കീഴടക്കുക' എന്നു് പ്രവാചകൻ പ്രസംഗിച്ചപ്പോൾ അവൻ ഇതേപ്പററിയാണ് പറഞ്ഞതു്. 14. മറെറാരു പ്രവചനത്തിൽ അവൻ ഒരിക്കൽക്കൂടി പറയുന്നതുപോലെ, നാം വീണ്ടും സൃഷ്ടിക്കപ്പെട്ടവരാണെന്നു് കാണുവിൻ. 'ഇതാ ഞാൻ അവരിൽനിന്നു് അവരുടെ ശിലാഹൃദയം എടുത്തു മാററും! അവരിൽ മാംസളഹൃദയം വയ്ക്കും എന്നു് കർത്താവു് അരുളുചെയ്യുന്നു.'[33] കാരണം അവൻ തന്നെ ശരീരത്തിൽ കാണപ്പെടാനും അവരുടെ ഇടയിൽ വസിക്കാനും പോകുകയായിരുന്നു. 15. എൻെറ സഹോദരന്മാരേ, നമ്മുടെ ഹൃദയമാകുന്ന വാസസ്ഥലം കർത്താവിനു് പാവനമായ ഒരാലയമാണ്. 16. കർത്താവു് വീണ്ടും പറയുന്നു:'[34] 'എൻെറ കർത്താവും ദൈവവുമായവൻെറ മുമ്പാകെ ഞാൻ എപ്രകാരം പ്രത്യക്ഷപ്പെടുകയും മഹത്വീകരിക്കപ്പെടുകയുംചെയ്യും?' എൻെറസഹോദരന്മാരുടെ സഭയിൽ നിന്നെ ഞാൻ ഏററുപറയും; വിശുദ്ധരുടെ സമൂഹത്തിൽ നിന്നെ ഞാൻ പാടിപ്പുകഴ്ത്തും. നല്ല ദേശത്തേക്കു് അവൻ കൊണ്ടുവന്നവർ നാം തന്നെയാണ്.[35] 17. അപ്പോൾ പാലും തേനും എന്താകുന്നു? ശിശുക്കൾ ആദ്യം തേൻകൊണ്ടും പിന്നെ പാലുകൊണ്ടും ജീവിക്കുന്നു. സദ്വാർത്തയിൽ ഉള്ള വിശ്വാസത്താലും വായനയാലും പോഷിപ്പിക്കപ്പെട്ട നാമും ജീവിക്കുകയും ധരയെ ഭരിക്കുകയും ചെയ്യുന്നു. 18. മുകളിൽ പറഞ്ഞതുപോലെ 'അവൻ വർദ്ധിച്ചുപെരുകി, മത്സ്യങ്ങളെ ഭരിക്കട്ടെ'. മൃഗങ്ങളെയും മത്സ്യങ്ങളെയും, ആകാശത്തിലെ പറവകളെയും ഭരിക്കാൻ കഴിവുള്ള ആരാണ് ഇപ്പോൾ ഉള്ളതു്? ഭരിക്കുക എന്നതു് അധികാരത്തിൻെറ അടയാളമാണെന്നും, ആജ്ഞകൊടുക്കുന്നവൻ യഥാർത്ഥത്തിൽ ഭരിക്കുന്നെന്നും നാം മനസ്സിലാക്കണം. 19. ഇതു് ഇപ്പോൾ സംഭവിക്കുന്നില്ലെങ്കിൽ, ഇതെപ്പോൾ സംഭവിക്കുമെന്നു് അവൻ നമ്മോടു് പറഞ്ഞിട്ടുണ്ടു്. നാം തന്നെ പരിപൂർണരാകുകയും കർത്താവിൻെറ ഉടമ്പടിയുടെ അവകാശികളാകുകയും ചെയ്യുമ്പോൾ തന്നെ.

7. 1. നമ്മൾ നല്ലവനായ കർത്താവിനെ അറിയുവാനായി സകലകാര്യങ്ങളും അവൻ മുൻകൂട്ടി നമ്മെ അറിയിച്ചിരിക്കുന്നു എന്നതു് വത്സല മക്കളേ, നിങ്ങൾ മനസ്സിലാക്കുവിൻ. എല്ലാ കാര്യങ്ങൾക്കുവേണ്ടിയും നാം കർത്താവിനു് നന്ദിയും സ്തുതിയും അർപ്പിക്കണം. 2. ദൈവസുതനും കർത്താവും ജീവനുള്ളവരുടെയും മരിച്ചവരുടെയും വിധികർത്താവുമായവൻ,[36] തൻെറ മുറിവുകളാൽ നാം ജീവൻപ്രാപിക്കുവാൻവേണ്ടി കഷ്ടത സഹിച്ചെങ്കിൽ, നമുക്കുവേണ്ടി മാത്രമാണ് താൻ കഷ്ടപ്പെട്ടതെന്നു് നമുക്കുവിശ്വസിക്കാം. 3. ക്രൂശിക്കപ്പെട്ടുകഴിഞ്ഞു്, അവനു് വിനാഗിരിയും കൈപ്പും കുടിക്കാൻകൊടുക്കപ്പെട്ടു. ദൈവാലയപുരോഹി

www.malankaralibrary.com



തന്മാർ ഇതേക്കുറിച്ച് വെളിച്ചം വീശിയതു് എപ്രകാരമെന്നു് ഞാൻ നിങ്ങളോടു പറയാം. ഒരു കല്പന എഴുതപ്പെട്ടിരുന്നു! 'ഉപവാസം അനുഷ്ഠിക്കാത്തവൻ നിശ്ചയമായും നശിക്കണം.'37 അൾത്താരയിൽ അർപ്പിക്കപ്പെട്ടതും, ഇസഹാക്കിനാൽ സൂചിതവുമായ മുൻകുറി പൂർത്തീകരിക്കപ്പെടാനായി, കർത്താവുതന്നെ തൻെറ അരൂപിയുടെ ആലയത്തെ ഒരു ബലിയായി അർപ്പിക്കാൻ പോകയായിരുന്നതിനാൽ ഇക്കാര്യം സംഭവിച്ചു. 4. അപ്പോൾ പ്രവചനത്തിൽ അവിടുന്നു് എന്താണു് പറയുന്നതു്? 'അവരുടെ എല്ലാ പാപങ്ങൾക്കുംവേണ്ടി ഉപവാസത്തിൽ അർപ്പിച്ച കോലാടിൽ നിന്നു് അവർ ഭക്ഷിക്കട്ടെ. ശ്രദ്ധാപൂർവ്വം നോക്കു; പുരോഹിതന്മാർ മാത്രം വിനാഗിരിയിൽ കഴുകാതെ അതിൻെറ ആന്തരികാവയവങ്ങൾ ഭക്ഷിക്കണം'.38 5. എന്തുകൊണ്ടു്? എൻെറ പുതിയ ജനത്തിനുവേണ്ടി ഞാൻ എൻെറ ശരീരം അർപ്പിക്കുമ്പോൾ നിങ്ങൾ എനിക്കു് കയ്പും വിനാഗിരിയും, തരാൻപോകുകയാണു്. ജനങ്ങൾ ഉപവസിക്കയും ചാക്കിലും ചാരത്തിലും ദുഃഖിക്കയും ചെയ്യുമ്പോൾ നിങ്ങൾ മാത്രം ഭക്ഷിക്കണം. അവൻ അവരുടെ കൈകളാൽ പീഡിപ്പിക്കപ്പെടും എന്നു് കാണിക്കാനാണിതു്. 6. അവൻ കല്പിച്ച കാര്യങ്ങൾ ശ്രദ്ധിക്കൂ: 'ഊനമില്ലാത്ത രണ്ടു് കോലാടുകളെ എടുത്തു് അർപ്പിക്കണം; പാപത്തിനുള്ള ഹോമയാഗമായി പുരോഹിതൻ ഒന്നാമത്തേതിനെ എടുക്കണം.' 7. എന്നാൽ അവർ മററതിനെ എന്തു ചെയ്യും. 'മററതു ശപിക്കപ്പെട്ടതാണു്'39 എന്നു് അവൻ പറയുന്നു. യേശുവിൻെറ മുൻകുറി എപ്രകാരം വെളിപ്പെടുത്തപ്പെട്ടിരിക്കുന്നു എന്നു് കാണുവിൻ. 8. 'എല്ലാവരും അതിന്മേൽ തുപ്പണം; അതിനെ തൊഴിക്കണം; അതിൻെറ ശിരസ്സിനുചുററും കടുംചുവപ്പു് രോമം കെട്ടണം; അതിനുശേഷം അതിനെ മരുഭൂമിയിലുപേക്ഷിക്കണം.'40 പിന്നീടു് കോലാടിനെ മരുഭൂമിയിലേയ്ക്കു് ആനയിക്കുന്നവൻ അതിനെ ഉപേക്ഷിച്ചിട്ടു്, കടുംചുവപ്പു് രോമം എടുത്തു് റാഹിയാ എന്ന കുററിച്ചെടിയുടെ മുകളിൽ ഇടുന്നു; നാട്ടുമ്പുറത്തു് ആ ചെടി കണ്ടാൽ നാം അതിൻെറ നാമ്പു് സാധാരണയായി നുള്ളി തിന്നാറുണ്ടല്ലോ. അതുകൊണ്ടാണു് 'മുൾച്ചെടി'യുടെ ഫലംമാത്രം മധുരമുള്ളതായിരിക്കുന്നതു്? 9. ഇതിൻെറ അർത്ഥമെന്താണു്? നന്നായി ശ്രദ്ധിക്കൂ: 'ഒന്നു് അൾത്താരയ്ക്കു്; മററതു് ശപിക്കപ്പെട്ടതു്.' കൂടാതെ, ശപിക്കപ്പെട്ടതു് കിരീടം ധരിക്കപ്പെട്ടുമിരിക്കുന്നു. കാരണം, ആ ദിവസം അവൻെറ ശരീരത്തിൽ ഒരു നീണ്ട കടുംചുവപ്പു് വസ്ത്രത്തോടുകൂടി അവർ അവനെ കാണും. 'നാം ഒരിക്കൽ നിന്ദിക്കയും, കുത്തിത്തുളയ്ക്കുകയും, തുപ്പുകയും, ക്രൂശിക്കയും ചെയ്തവൻ ഇവനല്ലയോ?' എന്നു് അവർ അന്നു് പറയും. 'താനാണു് ദൈവകുമാരൻ' എന്നു് പറഞ്ഞയാൾ സത്യമായും

www.malankaralibrary.com



അവൻ തന്നെയാകുന്നു. 10. എന്നാൽ അവൻ എങ്ങനെയാണ് കോലാടിനു സമനാകുന്നത്? ഇങ്ങനെയാണ്: 'കോലാടുകൾ ഒരുപോലെയുള്ളതും ഊനമില്ലാത്തതുമായിരിക്കണം;' അവൻ അന്ന് വരുമ്പോൾ ആടിൻെറ സാദൃശ്യം കണ്ട് അവർ അത്ഭുതസ്തബ്ധരാകും. അങ്ങനെ, സഹിക്കാനിരുന്ന യേശുവിൻെറ മുൻകുറിയെ കാണുക. 11. മുള്ളുകളുടെ ഇടയിൽ എന്തിനവർ രോമവസ്ത്രം ഇട്ടു? സഭയ്ക്കുവേണ്ടി യേശുവിൻെറ ഒരു മുൻകുറിയാണിത്. കടുംചുവപ്പ് രോമവസ്ത്രം എടുക്കാൻ മുതിരുന്നവൻ വളരെയധികം കഷ്ടപ്പെടണം; കാരണം മുള്ളുകൾ ഭയങ്കരങ്ങളാണ്; വേദനയിലൂടെയേ അതു നേടാൻ സാധിക്കൂ. അതുകൊണ്ട് അവർ പറയുന്നു: 'എന്നെ കാണുവാൻ ആഗ്രഹിക്കുന്നവരും, എൻെറ രാജ്യത്തിലേക്ക് വരുന്നവരും കഷ്ടതകളിലൂടെയും പ്രയാസത്തിലൂടെയും എന്നെ പ്രാപിക്കണം.

8. 1. എന്നാൽ ഇതു് ഏതുതരം മുൻകുറി ആണെന്നാണ് നിങ്ങൾ ചിന്തിക്കുന്നത്! പാപം 'പൂർണ്ണമായവൻ' ഒരു കാളക്കിടാവിനെ അർപ്പിക്കണമെന്നും, കൊല്ലണമെന്നും, അതിനെ ദഹിപ്പിക്കണമെന്നും ഇസ്രായേലിനു് കല്പന നൽകപ്പെട്ടു. അതിനുശേഷം വാല്യക്കാർ ചാരം എടുത്തു് കലശങ്ങളിൽ ഇടുകയും കടുംചുവപ്പ് രോമവസ്ത്രം ഒരു മരത്തിനും ഈസോപ്പിനും ചുററും കെട്ടുകയും ചെയ്യുന്നു; എന്നിട്ട് ജനങ്ങൾ അവരുടെ പാപങ്ങളിൽ നിന്നു് ശുദ്ധീകരിക്കപ്പെടുവാനായി ഇതു് ഓരോരുത്തരുടെ മേലും വാല്യക്കാർ തളിക്കുന്നു. 2. അവൻ എപ്രകാരം നിങ്ങളോടു് ലളിതമായി സംസാരിക്കുന്നു എന്നു് ശ്രദ്ധിപ്പിൻ: യേശുവാണ് കാളക്കുട്ടി; അർപ്പകർ പാപികളായതിനാൽ അവനെ കൊലയ്ക്കേല്പിച്ചവരാണവർ. അതിനുശേഷം അർപ്പകരേ ഇല്ല; പാപികൾക്കു മഹത്ത്വവുമില്ല.41 3. മോചനവും ഹൃദയവിശുദ്ധീകരണവും നമ്മോടു് പ്രസംഗിച്ചവരാണ് തളിക്കുന്ന വാല്യക്കാർ. സുവിശേഷാധിഷ്ഠിതമായി പ്രസംഗിക്കാൻ അവൻ അധികാരപ്പെടുത്തിയവരാണ് അവർ. ഗോത്രങ്ങളുടെ സാക്ഷ്യത്തിനായി അവർ 12 പേരുണ്ട്. 4. എന്നാൽ തളിക്കുവാൻ എന്തിനാണ് മൂന്നു് വാല്യക്കാർ? ദൈവമുമ്പാകെ, വലിയവരായിരുന്ന അബ്രഹാമിൻെറയും ഇസഹാക്കിൻെറയും യാക്കോബിൻെറയും സാക്ഷ്യത്തിനായിട്ടുതന്നെ. 5. എന്നാൽ മരത്തിന്മേൽ എന്തിനാണ് രോമം? എന്തെന്നാൽ യേശുവിൻെറ രാജ്യം മരത്തിന്മേലാണ്.42 അവനിൽ ശരണപ്പെടുന്നവർ എന്നേക്കും ജീവിക്കും. 6. എന്നാൽ എന്തിനാണ് രോമവും ഈസോപ്പും ഒന്നിച്ചുള്ളതു്? കാരണം തൻെറ രാജ്യത്തിൽ ദുഷ്ടതനിറഞ്ഞതും ഇരുണ്ടതുമായ ദിവസങ്ങൾ ഉണ്ടായിരിക്കും; നാം അവയിലും രക്ഷിക്കപ്പെടും, എന്തെന്നാൽ, ശാരീരിക രോഗങ്ങളുള്ളവർ

www.malankaralibrary.com



ഈസോപ്പിന്റെ ഗന്ധത്താൽ സുഖപ്പെടുന്നു. 7. ഇക്കാരണത്താൽ അങ്ങനെ ചെയ്യപ്പെട്ടവ നമുക്കു് വ്യക്തമാണ്; എന്നാൽ അവർക്കു് അവ്യക്തമാണു്; കാരണം അവർ ദൈവസ്വരം ശ്രവിച്ചില്ല.

9. 1. വീണ്ടും അവൻ കാതുകളെപ്പററി പറയുന്നു: അതായതു് അവൻ എപ്രകാരം നമ്മുടെ ഹൃദയങ്ങളെ പരിച്ഛേദനം ചെയ്തെന്നു്; കാരണം കർത്താവു് പ്രവാചകനിൽ പറയുന്നു: 43 'കാതിന്റെ ശ്രവണത്തിൽ അവർ അനുസരിച്ചു.' വീണ്ടും അവൻ പറയുന്നു! 44 'ദൂരെയുള്ളവർ നിശ്ചയമായും കേൾക്കും, ഞാൻ ചെയ്തതെന്താണെന്നു് അവർ അറിയും; നിങ്ങളുടെ ഹൃദയങ്ങളിൽ പരിച്ഛേദനം ഉള്ളവരായിരിപ്പിൻ' എന്നു കർത്താവു് അരുളം ചെയ്യുന്നു. 45 2. വീണ്ടും അവൻ പറയുന്നു. 46 ഇസ്രായേലേ ശ്രവിക്കുക. നിങ്ങളുടെ ദൈവമായ കർത്താവു് ഇപ്രകാരം അരുളംചെയ്യുന്നു: 47 'എന്നേക്കും ജീവിക്കുവാൻ ആഗ്രഹിക്കുന്ന മനുഷ്യൻ ആരാണു്? 48 അവൻ എന്റെ ദാസന്റെ വചനം ശ്രദ്ധാപൂർവ്വം കേൾക്കട്ടെ.' 49 3. വീണ്ടും അവൻ പറയുന്നു: 50 'ആകാശമേ കേൾക്കുക, ഭൂമിയേ ചെവിതരിക. എന്തെന്നാൽ കർത്താവു് ഈ കാര്യങ്ങൾ സാക്ഷ്യത്തിനായി സംസാരിച്ചിരിക്കുന്നു.' വീണ്ടും അവൻ പറയുന്നു: 'ജനങ്ങളുടെ അധിപന്മാരേ, കർത്താവിന്റെ വാക്കു കേൾക്കുവിൻ.' വീണ്ടും: 'കുട്ടികളെ, മരുഭൂമിയിൽ നിലവിളിക്കുന്ന സ്വരം ശ്രവിക്കുവിൻ. 51 നാം വചനം കേട്ടു് വിശ്വസിക്കാനായി അവൻ നമ്മുടെ കാതുകളെ പരിച്ഛേദനം ചെയ്തു. 4. എന്നാൽ അവർ ആശ്രയിക്കുന്ന പരിച്ഛേദനം അവൻ മാററി. കാരണം അതു ജഡത്തിന്റെ പരിച്ഛേദനമല്ല എന്നു് അവൻ അരുളം ചെയ്തു. എന്നാൽ അവർക്കു് തെററുപററി; എന്തെന്നാൽ ഒരു ദുഷ്ടനായ ദൂതൻ അവരെ മൂഢത്വം പഠിപ്പിക്കയായിരുന്നു. 5. അവൻ 'അവരോടു് പറയുന്നു: നിങ്ങളുടെ ദൈവമായ കർത്താവു് ഇപ്രകാരം അരുളംചെയ്യുന്നു: മുള്ളുകളുടെ ഇടയിൽ വിതയ്ക്കരുതു്, നിങ്ങളുടെ കർത്താവിനു് പരിച്ഛേദനയുള്ളവരായിരിപ്പിൻ. 52 അവൻ എന്തു പറയുന്നു? നിങ്ങളുടെ ഹൃദയത്തിന്റെ കാഠിന്യം പരിച്ഛേദന ചെയ്‌വിൻ. നിങ്ങളുടെ പിടലി കടപ്പിക്കരുതു്.' 53 വീണ്ടും ഇതു സ്വീകരിക്കു; 'ഇതാ കർത്താവു് അരുളംചെയ്യുന്നു. എല്ലാം പുറജാതിക്കാരും അഗ്രചർമ്മത്തിൽ പരിച്ഛേദനം ഇല്ലാത്തവരത്രേ. എന്നാൽ ഈ ജനം ഹൃദയത്തിൽ പരിച്ഛേദനം ഇല്ലാത്തവരാണു്. 6. എന്നാൽ നിങ്ങൾ പറയും: 'ഉടമ്പടി ഉറപ്പിക്കാനായി ജനങ്ങൾ നിശ്ചയമായി പരിച്ഛേദനം നടത്തപ്പെട്ടവരാണു്. അതേ തീർച്ചയായും; എന്നാൽ ഓരോ സിറിയനും അറബിയും വിഗ്രഹങ്ങളുടെ പുരോഹിതന്മാരും പരിച്ഛേദിതരാണു്. അവരും ഉടമ്പടിയിൽ ഉൾപ്പെട്ടവരാണോ? എന്തുകൊണ്ടാണു് ഈജിപ്‌റ്റുകാർപോലും പരിച്ഛേദനത്തിൽ ഉൾപ്പെട്ടി

www.malankaralibrary.com



രിക്കുന്നതു്?' 7. സ്നേഹമുള്ള മക്കളേ, സംഗതിയുടെ എല്ലാ വശങ്ങളും പൂർണമായി ഗ്രഹിപ്പിൻ. എന്തെന്നാൽ ആദ്യമായി പരിച്ഛേദനം നടപ്പാക്കിയ അബ്രഹാം ആത്മപിയിൽ യേശുവിലേക്കു് നോക്കിക്കൊണ്ടാണു് അതു് ചെയ്തതു്. കാരണം അവൻ മൂന്നക്ഷരങ്ങളുടെ തത്ത്വം സ്വീകരിച്ചു. 8. എന്തെന്നാൽ അതു് ഇങ്ങനെ പറയുന്നു;54 അബ്രഹാം തൻെറ ഭവനത്തിൽനിന്നു് 18-ഉം 300-ഉം പുരുഷന്മാരെ പരിച്ഛേദനം നടത്തി. 'അപ്പോൾ അവനെ പഠിപ്പിച്ച പ്രത്യേക അറിവു് എന്തായിരുന്നു? അവൻ ആദ്യം 18-ഉം പിന്നീടു് മുന്നൂറും പറയുന്നതു് ശ്രദ്ധിക്കുക. 18 I-ഉം H-ഉം ആണു്. അപ്പോൾ നമുക്കു് യേശു (IH) എന്ന പദം കിട്ടും. കുരിശിലെ T 'കൃപയുണ്ടാകുവാനായിട്ടാണു്' എന്നതിനാൽ അവൻ പറയുന്നു: 'മുന്നൂറും' (T)55 9. നമ്മുടെ ഹൃദയത്തിൽ തൻെറ പ്രബോധനത്തിൻെറ സ്വതസിദ്ധദാനം വച്ചവൻ മാത്രം ഇതറിയുന്നു. ഇതിലും ശ്രേഷ്ഠമായൊരു പഠിപ്പിക്കൽ എന്നിൽനിന്നു് ആരും കേട്ടിട്ടില്ല; എന്നാൽ നിങ്ങൾ അതിനു് യോഗ്യരാണെന്നു് എനിക്കറിയാം.

10. 1. 'പന്നി, കഴുകൻ, പരുന്തു്, കാക്ക, ചെതുമ്പലില്ലാത്ത മൽസ്യങ്ങൾ എന്നിവയെ നിങ്ങൾ ഭക്ഷിക്കരുതു്''56 എന്നു മോശ പറഞ്ഞപ്പോൾ മൂന്നു തത്ത്വങ്ങൾ തൻെറ അർത്ഥത്തിൽ അവൻ ഉൾപ്പെടുത്തി. 2. കൂടാതെ ആവർത്തന പുസ്തകത്തിൽ അവൻ അവരോടു പറയുന്നു:57 'ഞാൻ എൻെറ കല്പനകൾ ഒരുടമ്പടിയായി ഈ ജനത്തിന്മേൽ വയ്ക്കും.' ഈ ജീവികളെ ഭക്ഷിക്കുന്നതിൽനിന്നു് ഒഴിഞ്ഞിരിക്കണം എന്ന ദൈവിക കല്പനയല്ലിതു്. പിന്നെയോ മോശ ആത്മീയമായി സംസാരിക്കയാണിവിടെ. 3. അതനുസരിച്ചു താഴെപ്പറയുന്ന കാരണത്താൽ പന്നിയെഭക്ഷിക്കരുതെന്നു് അവൻ പറയുന്നു: പന്നിയെപ്പോലെയുള്ളവരോടു നിങ്ങൾ പററിച്ചേരരുതെന്നാണു് അർത്ഥമാക്കുന്നതു്: അതായതു സമൃദ്ധിയുണ്ടാകുമ്പോൾ അവർ ദൈവത്തെ മറക്കുന്നു: ആവശ്യങ്ങളുണ്ടാകുമ്പോൾ കർത്താവിനെ അംഗീകരിക്കുന്നു. തിന്നുമ്പോൾ തൻെറ യജമാനനെ മറക്കുകയും വിശക്കുമ്പോൾ കരയുകയും തീററ ലഭിക്കുമ്പോൾ മൗനമാകുകയും ചെയ്യുന്ന പന്നിയെപ്പോലെയാണവർ. 4. 'കഴുകൻ, രാജാളി, പരുന്തു്, കാക്ക എന്നിവയെ നിങ്ങൾ ഭക്ഷിക്കരുതു്.'58 അദ്ധ്വാനവും വിയർപ്പും വഴി ഭക്ഷണം സമ്പാദിക്കാതെ, തങ്ങളുടെ നിയമരാഹിത്യത്തിൽ മററുള്ളവരുടെ വസ്തുവകകൾ എടുക്കുകയും അതിനായി പതിയിരിക്കുകയും നിഷ്കളങ്കതയിൽ വ്യാപരിക്കുന്ന എന്ന തോന്നൽ പരത്തുകയും തങ്ങളുടെ അത്യാഗ്രഹത്തിൽ ആരെ അപഹരിക്കണം എന്നു ചുററുംനോക്കി നടക്കുകയും ചെയ്യുന്ന മനുഷ്യരോടൊപ്പം ജീവിക്കയോ, അവരെപ്പോലെ ആകുകയോ, ചെയ്യരുതു് എന്നാ

www.malankaralibrary.com



ണവൻ അർത്ഥമാക്കുന്നതു്. ഈ പക്ഷികരം സ്വപ്രയത്നത്താൽ തീററിതേടാതെ, അലസമായിരിക്കയും തങ്ങളുടെ ദുഷ്ടതയിലെ കീടം ആയി മററുള്ളവരുടെ മാംസം വിഴുങ്ങാൻ തക്കംനോക്കുകയുംചെയ്യുന്നു. 5. 'നീലാംപ്രി[58a] ആരാംഗി, കൂന്തൽമീൻ എന്നിവ ഭക്ഷിക്കരുതെന്നും അവൻ പറയുന്നു.[59] ഈ മത്സ്യങ്ങരം മാത്രം ശപിക്കപ്പെട്ടവയാണു്. അവ ആഴക്കടലിൽ നീന്തുന്നു. മററുള്ളവയെപ്പോലെ പൊങ്ങിവരാതെ അടിത്തട്ടിലുള്ള ചെളിയിൽ വസിക്കുന്നു. അതുപോലെ തീർത്തും അഭക്തരും ഇപ്പോരം ത്തന്നെ മരണത്തിനു വിധിക്കപ്പെട്ടവരുമായ മനുഷ്യരെപ്പോലെ നിങ്ങരം ആകരുതെന്നാണു് അവൻ അർത്ഥമാക്കുന്നതു്. 6. കൂടാതെ, നീ മുയലിനെയും ഭക്ഷിക്കരുതു്.[60] എന്തുകൊണ്ടു്? നീ കുട്ടികളെ പീഡയാക്കുന്നവനാകരുതു്. അത്തരം മനുഷ്യരെപ്പോലെ ആകുകയുമരുതു് എന്നു് അവൻ അർത്ഥമാക്കുന്നു. എന്തെന്നാൽ അതു് ഓരോ വർഷവും സ്വശരീരത്തിൽ ഓരോ പ്രവേശനം ഉണ്ടാക്കുന്നു: ജീവിക്കുന്ന വർഷത്തിനനുസരിച്ചു് അത്രയും പ്രവേശനം അതിനുണ്ടാകുന്നു. 7. നിങ്ങരം മരപ്പട്ടിയെ ഭക്ഷിക്കരുതു്. [61] നിങ്ങരം വ്യഭിചാരിയോ, ജാരകർമം ചെയ്യുന്നവനോ ആകുകയോ, അത്തരക്കാരെപ്പോലെ വ്യാപരിക്കയോ അരുതു് എന്നു് അവൻ അർത്ഥമാക്കുന്നു. എന്തുകൊണ്ടു്? കാരണം, ഈ മൃഗം ഓരോ വർഷവും അതിൻെറ ലിംഗം മാററി ഇപ്പോരം ആണും പിന്നെ പെണ്ണും ആകുന്നു (?) 8. കൂടാതെ അവൻ നകുലത്തെ വെറുക്കുന്നു. അതു ശരിയുമാണു്. തങ്ങളുടെ അശുദ്ധതയിൽ വായ്കൊണ്ടു് അധർമ്മം പ്രവർത്തിക്കുന്ന പുരുഷന്മാരെപ്പോലെ ആകുകയും തങ്ങളുടെ വായ്കൊണ്ടു് അധർമം പ്രവർത്തിക്കുന്ന അശുദ്ധ സ്ത്രീകളോടുകൂടി ചേരുകയും ചെയ്യരുതെന്നു് അവൻ അർത്ഥമാക്കുന്നു. എന്തെന്നാൽ ഈ മൃഗം വായ്കൊണ്ടാണു് ഗർഭം ധരിക്കുന്നതു് (?)[61a] 9. അതുകൊണ്ടു മോശ ആഹാരത്തെ സംബന്ധിച്ചു മൂന്നു കല്പനകരം പ്രാപിച്ചു. ആത്മീയാർത്ഥത്തിൽ അവൻ അവ പറഞ്ഞുകൊടുക്കുകയും ചെയ്തു. എന്നാൽ യൂദന്മാർ അവരുടെ ശാരീരിക ദുരാശകളാൽ അവ ഭക്ഷണത്തെപ്പററിയെന്ന മട്ടിൽ സ്വീകരിച്ചു. 10. ഈ കല്പനകളെ സംബന്ധിച്ചു് ദാവീദും വിശേഷജ്ഞാനം നേടി. അവൻ പറയുന്നു;[62] രാത്രിയിൽ ആഴമുള്ള വെള്ളത്തിലേക്കു് മത്സ്യം പോകുന്നതുപോലെ അഭക്തരുടെ യോഗത്തിൽ പോകാത്തവനും ദൈവഭയം ഉണ്ടെന്നു നടിച്ചുകൊണ്ടു് പന്നിയെപ്പോലെ പാപം ചെയ്യുന്ന 'പാപികളുടെ വഴിയിൽ നില്ക്കാത്തവനും, ഇരയ്ക്കായി പക്ഷി പതിയിരിക്കുന്നതുപോലെ' പരിഹാസികളുടെ സംഘത്തിൽ ഇരിക്കാത്തവനും' ഭാഗ്യവാൻ. [63] ഇപ്പോരം ആഹാരത്തെക്കുറിച്ചുള്ള പ്രബോധനം പൂർണമായി ഗ്രഹിക്കു. 11. മോശ

www.malankaralibrary.com



വീണ്ടും പറയുന്നു:[64] 'കുളമ്പുള്ളതും അയവിറക്കുന്നതുമായ മൃഗ
ത്തെ നിനക്കു ഭക്ഷിക്കാം.' അവൻ എന്താണു് അർത്ഥമാക്കു
ന്നതു്? തന്നെ പോററുന്നവനെ ഭക്ഷണം സ്വീകരിക്കുന്നവൻ
അംഗീകരിക്കുകയും അവനെ ആശ്രയിച്ചു് സന്തോഷിക്കയും
ചെയ്യുന്നു. കല്പനയെ സംബന്ധിച്ചു് അവൻ നന്നായി സം
സാരിച്ചിരിക്കുന്നു. അപ്പോൾ അവൻ എന്താണു് അർത്ഥമാക്കു
ന്നതു്? ഇതാണർത്ഥം: കർത്താവിനെ ഭയപ്പെടുന്നവരോടും തങ്ങൾ
സ്വീകരിച്ച വചനത്തിന്റെ അർത്ഥം ഹൃദയത്തിൽ ധ്യാനിക്കുന്ന
വരോടും കർത്തൃകല്പനകളെക്കുറിച്ചു് സംസാരിക്കയും അനു
പാലിക്കയും ചെയ്യുന്നവരോടും ധ്യാനം ഒരു സന്തോഷകർമ്മമാ
ണെന്നു് അറിയുന്നവരോടും കർത്താവിന്റെ വചനത്തെപ്പററി
ചിന്തിക്കുന്നവരോടും ചേർന്നുകൊള്ളുവിൻ. എന്നാൽ 'കുളമ്പുള്ള'
എന്നതിന്റെ അർത്ഥം എന്താണു്? നീതിമാൻ ഈ ലോകത്തിൽ
വ്യാപരിക്കുകയും പരിപാവനയുഗങ്ങളെ നോക്കിപ്പാർത്തിരി
ക്കയും ചെയ്യുന്നു എന്നാണു് അതിന്റെ അർത്ഥം. മോശ എപ്ര
കാരം നന്നായി നിയമം എഴുതി എന്നു കാണുക. 12. എന്നാൽ
യൂദന്മാർക്കു് എങ്ങനെ ഈ കാര്യങ്ങൾ മനസ്സിലാക്കാനും ഗ്രഹി
ക്കാനും സാധിക്കും? ഏതായാലും കല്പനകൾ ശരിയായി തിരി
ച്ചറിഞ്ഞു് കർത്താവു് ഉദ്ദേശിച്ചതുപോലെ നാം അവ അറിയി
ക്കുന്നു. ഇക്കാരണത്താൽ നാമീക്കാര്യങ്ങൾ ഗ്രഹിക്കാനായി
അവൻ നമ്മുടെ ഹൃദയങ്ങളെയും കേൾവിയെയും പരിച്ഛേദനം
ചെയ്തു.

11. 1. സ്നാനജലത്തെയും കുരിശിനെയും സംബന്ധിച്ചു്
മുൻകൂട്ടി ഒരു വെളിപ്പെടുത്തൽ നടത്തുവാൻ കർത്താവു് ശ്രദ്ധിച്ചോ
എന്നു നമുക്കു് അന്വേഷിക്കാം. ജലത്തെക്കുറിച്ചു്: പാപമോച
നത്തിനുള്ള സ്നാനം ഇസ്രായേൽ സ്വീകരിക്കയില്ലെന്നും അവർ
സ്വയം പണിയുമെന്നും വി. ഗ്രന്ഥം അവരെപ്പററി പറയുന്നു.
2. എന്തെന്നാൽ പ്രവാചകൻ പറയുന്നു:[65] 'ഈ ജനം രണ്ടു തിന്മ
പ്രവൃത്തികൾ ചെയ്തതിനാൽ ആകാശമേ, അത്ഭുതപ്പെടുക;
ഭൂമി അധികമായി കലുങ്ങട്ടെ; ജീവന്റെ ഉറവയായ എന്നെ
ഉപേക്ഷിച്ചിട്ടു് തങ്ങൾക്കായി മരണക്കുഴികൾ അവർ കുഴിച്ചിരി
ക്കുന്നു. 3. എന്റെ വിശുദ്ധ മലയായ സീനായ് ഒരു മരുപ്പാറ
യാണോ? കൂട്ടിൽനിന്നു് തള്ളപ്പെട്ട കിളിക്കുഞ്ഞു് ചിറകിട്ടടിക്കു
ന്നതുപോലെ നിങ്ങളായിത്തീരും.' 4. വീണ്ടും പ്രവാചകൻ
പറയുന്നു:[66] 'ഞാൻ നിനക്കു മുമ്പേപോയി മലകളെ ഇടിച്ചു നിര
ത്തും; പിത്തളവാതിലുകൾ ഞാൻ തകർക്കും; ഇരുമ്പുകൊണ്ടുള്ള ഓ
ടാമ്പലുകൾ ഞാൻ തരിപ്പണമാക്കും. ഞാനാണു് ദൈവമായ
കർത്താവു് അവർ അറിയുവാനായി ഞാൻ നിനക്കു് ഇരുണ്ടതും
രഹസ്യവും, അദൃശ്യവുമായ നിധികളെ തരും.' 5. 'ഉറച്ച

www.malankaralibrary.com



പാറയിലെ ഉയർന്ന ഗ്രഹയിൽ നീ വസിക്കും' 'അവനു് ജലം തീർച്ചയാണു്; നീ രാജാവിനെ മഹത്ത്വത്തോടുകൂടി ദർശിക്കും, നിന്റെ ആത്മാവു് ദൈവഭയത്തെക്കുറിച്ചു് ധ്യാനിക്കും.'[67] 6. വീണ്ടും മറെറാരു പ്രവാചകനിൽ അവൻ പറയുന്നു.[68] 'ഇക്കാര്യങ്ങൾ ചെയ്യുന്നവൻ ഒഴുകുന്ന ജലത്തിനരികെ നട്ടിരിക്കുന്നതും തക്കകാലത്തു ഫലം കായ്ക്കുന്നതുമായ വൃക്ഷം പോലെയായിരിക്കും. അവന്റെ ഇല വാടില്ല; അവൻ ചെയ്യുന്നതിലെല്ലാം സമൃദ്ധി ഉണ്ടാകും. 7. ദുഷ്ടന്മാർ ഒരിക്കലും അങ്ങനെയല്ല. ഭൂമുഖത്തുനിന്നു് കാററു് പറപ്പിക്കുന്ന പൊടിപോലെയാണവർ. ദുഷ്ടൻ വിധിയിൽ വീണ്ടും എഴുന്നേൽക്കില്ല, പാപികൾ നീതിമാന്മാരുടെ ഇടയിലും. കർത്താവു് നീതിമാന്റെ വഴി അറിയുന്നു; ദുഷ്ടന്റെ വഴി നശിക്കും.' 8. ജലവും കുരിശും അവൻ എപ്രകാരം ഒന്നിച്ചു് വിവരിക്കുന്നു എന്നു നോക്കുക. അവൻ ഇതു് അർത്ഥമാക്കുന്നു. കുരിശിൽ പ്രത്യാശവച്ചുകയും ജലത്തിലേക്കിറങ്ങുകയും ചെയ്യുന്നവർ ഭാഗ്യവാന്മാരാകുന്നു. കാരണം, തക്ക കാലത്തുള്ള പ്രതിഫലത്തെപ്പററി അവൻ സംസാരിക്കുന്നു. അന്നു് ഞാൻ തിരികെ തരും എന്നു് അവൻ അരുളിച്ചെയ്യുന്നു. എന്നാൽ ഇപ്പോൾ 'അവരുടെ ഇലകൾ താഴെ വീഴുന്നില്ല; എന്നു് അവൻ പറയുമ്പോൾ വിശ്വാസത്തിലും സ്നേഹത്തിലും നിന്റെ നാവിൽനിന്നു് വരുന്ന ഓരോ വാക്കും അനേകർക്കു മാനസാന്തരത്തിനും പ്രത്യാശയ്ക്കും ഉതകും എന്നാണു് അവൻ അർത്ഥമാക്കുന്നതു്. 9. വീണ്ടും മറെറാരു പ്രവാചകനും പറയുന്നു:[69] 'എല്ലാ ദേശങ്ങളെക്കാളും യാക്കോബിന്റെ ദേശം പ്രകീർത്തിക്കപ്പെട്ടു.' അവൻ ഇതു് അർത്ഥമാക്കുന്നു; തന്റെ അരൂപിയുടെ പാത്രത്തെ അവൻ മഹത്വപ്പെടുത്തി. 10. അവൻ പിന്നീടു എന്തു പറയുന്നു? 'വലത്തുവശത്തു് ഒരു നദി ഒഴുകുന്നു; അതിന്റെ തീരത്തു് മനോഹര വൃക്ഷങ്ങൾ വളർന്നു; അവയിൽ നിന്നു് ഭക്ഷിക്കുന്നവരെല്ലാം എന്നേയ്ക്കും ജീവിക്കും.[70] ' 11. നിറയെ പാപത്തോടും ദുർഗന്ധത്തോടും കൂടെ നാം ജലത്തിനുള്ളിലേക്കു് പോകുന്നു. യേശുക്രിസ്തുവിലും അരൂപിയിലുമുള്ള ഭയവും പ്രത്യാശയുമാകുന്ന ഫലം ഹൃദയങ്ങളിൽ പേറിക്കൊണ്ടു് നാം ഉയർന്നു വരുന്നു എന്നാണു് അതിന്റെ അർത്ഥം 'അതിൽനിന്നു് ഭക്ഷിക്കുന്നവൻ എന്നേയ്ക്കും ജീവിക്കും:'[71] സംസാരിക്കപ്പെട്ട ഈ കാര്യങ്ങൾ ശ്രവിക്കുകയും വിശ്വസിക്കുകയും ചെയ്യുന്നവൻ എന്നേയ്ക്കും ജീവിക്കും എന്നാണു് അതിന്റെ അർത്ഥം.

12. 1. വീണ്ടും ഇതുപോലെ മറെറാരു പ്രവാചകനിൽ കുരിശിനെ അവൻ നിർവചിച്ചു് വിവരിക്കുന്നു. അവൻ പറയുന്നു:[72] ഈ കാര്യങ്ങൾ എപ്പോൾ സംഭവിക്കും? കർത്താവു് അരുൾ ചെയ്യുന്നു. ഒരു മരം വീഴുകയും എഴുന്നേല്ക്കുകയും ഒരു മരത്തിൽ

www.malankaralibrary.com



നിന്നു് രക്തം തുള്ളിയായി വീഴുകയും ചെയ്യുമ്പോഴം വീണ്ടും കുരിശിനെപ്പററിയും കുരിശിക്കപ്പെടാനിരുന്നവനെപ്പററിയും ഉള്ള പരാമർശം കാണുക. 2. വീണ്ടും ഇസ്രായേൽ അപരിചിതരാൽ ആക്രമിക്കപ്പെട്ടപ്പോഴം 'മോശയിൽ'73 അവൻ അരുളിച്ചെയ്യുന്നു. അവരുടെ പാപങ്ങളംനിമിത്തമാണു് അവർ മരണത്തിനു് കൈയേല്പിക്കപ്പെടാനായി ആക്രമിക്കപ്പെട്ടതു് എന്നു് അവരെ അനുസ്മരിപ്പിക്കാനായിരുന്നു അതു്. കുരിശിൻെറയും കഷ്ടപ്പെടുവാനിരുന്നവൻെറയും മുൻകുറി നിർമ്മിക്കാൻ അരൂപി മോശയുടെ ഹൃദയത്തിൽ സംസാരിക്കുന്നു, കാരണം അവൻ അവനിൽ ആശ്രയം വയ്ക്കാതിരുന്നാൽ എന്നേയ്ക്കുമായി യുദ്ധത്തിലായിരിക്കുമെന്നു് അവൻ പറയുന്നു. അതുകൊണ്ടു് മോശ യുദ്ധത്തിനിടയിൽ ആയുധങ്ങളം സംഭരിച്ചുകൂട്ടി. എന്നാൽ അവയ്ക്കെല്ലാം ഉപരിയായി നിന്നു് തൻെറ കൈ നിവർത്തിപ്പിടിച്ചു. അപ്പോഴം ഇസ്രായേൽ വീണ്ടും ജയിക്കാൻ തുടങ്ങി. എന്നാൽ അവൻ അവ താഴ്ത്തിയപ്പോഴം അവർ കൊല്ലപ്പെടുവാൻ തുടങ്ങി. 3. എന്തുകൊണ്ടു്? അവർ ദൈവത്തിൽ ആശ്രയിക്കാതിരുന്നാൽ അവക്കു് രക്ഷപ്പെടാൻ സാധ്യമല്ല എന്നു് അവർ അറിയാൻ വേണ്ടിയായിരുന്നിതു്. 4. മററൊരു പ്രവാചകനിൽ അവൻ ഇങ്ങനെ പറയുന്നു:74 വിശ്വസിക്കാത്ത ഒരു ജനത്തിൻെറ പക്കലേയ്ക്കു് ദിവസം മുഴുവൻ ഞാനെൻെറ കൈകളം നീട്ടിയിരുന്നു; തങ്ങളുടെ ചിന്തയനുസരിച്ചു് തെററായ പാതയിലൂടെ അവർ നടക്കുന്നു'. 5. ഒരിക്കൽക്കൂടി മോശ യേശുവിൻെറ മുൻകുറി കാട്ടുന്നു. ഇസ്രായേൽ വീണുകൊണ്ടിരുന്നപ്പോഴം, നല്ലപ്പെട്ട അടയാളത്താൽ അവർ മരിച്ചു എന്നു് അവർ ചിന്തിക്കുമെങ്കിലും അവൻ സഹായിക്കുകയും അവൻതന്നെ ജീവൻ പ്രദാനം ചെയ്യുകയും ചെയ്യും. എന്തെന്നാൽ സർപ്പങ്ങളം അവരെ കടിക്കാൻ കർത്താവു് ഇടയാക്കി. അവർ മരിച്ചുകൊണ്ടുമിരുന്നു. സർപ്പം വഴി ഹവ്വായിൽ വീഴ്ച സംഭവിച്ചു. അവരുടെ ലംഘനത്താലാണു് മരണത്തിനു് അവർഏല്പിക്കപ്പെട്ടതു് എന്നു് അവരെ ബോധ്യപ്പെടുത്താനായിരുന്നു ഇപ്രകാരം അനുവദിച്ചതു്. 6. കൂടാതെ, 'കൊത്തിയതോ വാർത്തതോ ആയ ഒരു വിഗ്രഹവും നിങ്ങളംക്കായി നിങ്ങളം ഉണ്ടാക്കരുതു്'75 എന്നു് കല്പിച്ച മോശ തന്നെ യേശുവിൻെറ മാതൃക കാണിക്കാനായി ഒന്നുണ്ടാക്കുന്നു. മോശ സർപ്പത്തെ വാർത്തുണ്ടാക്കി ദൃശ്യമാംവിധം സ്ഥാപിക്കയും അറിയിപ്പാൻ ജനങ്ങളെ വിളിച്ചുകൂട്ടുകയും ചെയ്തു. 7. അവർ ഒരുമിച്ചുകൂടുകയും സൗഖ്യം ലഭിക്കാനായി പ്രാർത്ഥിക്കാൻ മോശയോടു് യാചിക്കയും ചെയ്തു. എന്നാൽ മോശ അവരോടു പറഞ്ഞു: നിങ്ങളിലാർക്കെങ്കിലും കടിയേററാൽ അവർ മരത്തിന്മേൽ വയ്ക്കപ്പെട്ടിരിക്കുന്ന സർപ്പത്തിൻെറ സമീപത്തേയ്ക്കു് അടുത്തുവന്നു്, നിർജീവമാണെങ്കിലും

www.malankaralibrary.com



ഈ സർപ്പം ജീവിപ്പിക്കാൻ കഴിവുററതാണെന്നു് വിശ്വസിക്കയും പ്രത്യാശിക്കയും ചെയ്യണം. അവൻ ഉടനെ രക്ഷ പ്രാപിക്കും.' 76 അവർ അപ്രകാരം ചെയ്തു. വീണ്ടും, നിങ്ങാംക്കു് ഇതിലും യേശുവിന്റെ മഹത്വം കാണാം. കാരണം, എല്ലാം അവനിലും അവനു വേണ്ടിയും ആകുന്നു. 8. വീണ്ടും, ജനങ്ങളെല്ലാം നൂന്റെ പുത്രനായ യോശുവായെ മാത്രം ശ്രവിക്കണം എന്നു് പറഞ്ഞു് ഒരുപ്രവാചകനെന്ന നിലയിൽ അവനു് ഈ നാമം നൽകിയപ്പോാം മോശ എന്താണു് അവനോടു പറഞ്ഞതു്? തന്റെ പുത്രനായ യേശുവിനെക്കുറിച്ചുള്ള എല്ലാ കാര്യങ്ങളും പിതാവു് വെളിപ്പെടുത്തിയതിനാലാണിതു്. 9. നൂന്റെ പുത്രനായ യോശുവായ്ക്കു് ഈ നാമം നല്കിയശേഷം നാട്ടു് ഒററു നോക്കുവാൻ അവനെ അയച്ചപ്പോാം മോശ എന്താണു് അവനോടു പറയുന്നതു്! 'നിന്റെ കയ്യിൽ ഒരു പുസ്തകമെടുത്തു് കർത്താവു പറയുന്നതു് എഴുതുക. അമാലേക്യരുടെ ഭവനം മുഴുവന്റേയും വേരു് അന്ത്യനാളുകളിൽ ദൈവപുത്രൻ പറിച്ചുകളയും' 77. 10. വീണ്ടും മനുഷ്യപുത്രനായിട്ടല്ല, ദൈവപുത്രനായി ജഡത്തിലുള്ള മുൻകുറിയാൽ കാണപ്പെട്ട യേശുവിനെ കാണുക. ക്രിസ്തു ദാവീദിന്റെ പുത്രനാണെന്നു് അവൻ പറയുമെന്നതിനാൽ, ഭയന്നും പാപികളുടെ തെററു് മനസ്സിലാക്കിയും പ്രവചിക്കുന്നു. 'ഞാൻ നിന്റെ ശത്രുക്കളെ നിന്റെ പാദപീഠമാക്കുവോളം നീ എന്റെ വലത്തുഭാഗത്തിരിക്കുക എന്നു് കർത്താവു് എന്റെ കർത്താവിനോടു് അരുളം ചെയ്തു.' 78 11. വീണ്ടും ഏശായാ താഴെപ്പറയും വിധം സംസാരിക്കുന്നു. 79 'ഞാൻ രാജാക്കന്മാരുടെ ശക്തി തകക്കും; അവന്റെ മുൻപിൽ രാജ്യങ്ങാം അനുസരിക്കും എന്നു് കർത്താവു് എന്റെ കർത്താവായമിശിഹായോടു് അരുളംചെയ്തു; അവന്റെ വലതുകരത്തിൽ ഞാൻ പിടിക്കുന്നു.' ദാവീദു് അവനെ 'പുത്രൻ' എന്നല്ല 'കർത്താവു്' എന്നു് വിളിക്കുന്നതു് കാണുവിൻ. 80 .

13. 1. ഈ പുതിയ ജനമാണോ, അതോ മുൻപിലത്തെ ജനമാണോ അവകാശിയെന്നും, ഉടമ്പടി നമ്മെക്കുറിച്ചാണോ അവരെക്കുറിച്ചാണോ എന്നും നമുക്കു നോക്കാം. 2. ജനങ്ങളെ പററി വി. ഗ്രന്ഥം പറയുന്നതു് എന്തെന്നു കോംക്കാം. 81 'ഇസഹാക്കു തന്റെ ഭാര്യയായ റിബേക്കായ്ക്കുവേണ്ടി പ്രാത്ഥിച്ചു: കാരണം വന്ധ്യയായിരുന്നു. പിന്നീടു് അവാം ഗർഭം ധരിച്ചു; റിബേക്കാ കർത്താവിനോടാലോചന ചോദിച്ചപ്പോാം കർത്താവു് അവളോടു പറഞ്ഞു; രണ്ടു രാജ്യങ്ങാം നിന്റെ ഉദരത്തിലുണ്ടു്; രണ്ടു ജനങ്ങാം നിന്റെ വയററിലുണ്ടു്. ഒരു ജനം മററെതിനെ കീഴ്പ്പെടുത്തും; മൂത്തവൻ ഇളയവനെ സേവിക്കും.' 3. ഇസഹാക്കു് ആരാണെന്നും, റിബേക്കാ ആരാണെന്നും ഈ പുതിയ ജനം മുമ്പിലത്തെ ജനത്തെക്കാാം ശ്രേഷ്ഠരാണെന്നു്

www.malankaralibrary.com



ആരെക്കുറിച്ചാണ് അവൻ കാണിച്ചതെന്നും നിങ്ങൾ മനസ്സിലാക്കണം. 4. മറെറാരു പ്രവചനത്തിൽ യാക്കോബ് തൻെറ പുത്രനായ യൗസേഫിനോട് കുറേക്കൂടി വ്യക്തമായി പറയുന്നു:[82] 'ഇതാ കർത്താവ് നിൻെറ സന്നിധിയിൽനിന്ന് എന്നെ അകററിയില്ല, ഞാൻ നിൻെറ പുത്രന്മാരെ അനുഗ്രഹിക്കാനായി അവരെ എൻെറ പക്കൽ കൊണ്ടുവരിക.' 5. മൂത്തവനായ മനശ്ശെ അനുഗ്രഹിക്കപ്പെടണം എന്നാശിച്ചുകൊണ്ട് യൗസേഫ് എഫ്രേമിനേയും മനശ്ശെയേയും കൂട്ടിക്കൊണ്ടുവന്നു. യൗസേഫ് മനശ്ശെയെ പിതാവായ യാക്കോബിൻെറ വലത്തുഭാഗത്ത് കൊണ്ടുവന്നു നിർത്തി. എന്നാൽ വരാനിരിക്കുന്ന ജനത്തിൻെറ മുൻകുറിയെ ആത്മാവിൽ യാക്കോബ് ദർശിച്ചു, അവൻ എന്തു പറഞ്ഞു? 'യാക്കോബ് തൻെറ കരങ്ങൾ കുരിശാകൃതിയിലാക്കി; തൻെറ വലതുകരം ഇളയവനും രണ്ടാമത്തവനുമായ എഫ്രേമിൻെറ ശിരസ്സിന്മേൽ വച്ച് അവനെ അനുഗ്രഹിച്ചു. എന്നാൽ യൗസേഫ് യാക്കോബിനോട്, 'മനശ്ശെയുടെ ശിരസ്സിലേയ്ക്കു നിൻെറ വലതുകരം മാററുക, എന്തെന്നാൽ അവൻ എൻെറ ആദ്യജാതനാകുന്നു' എന്നു പറഞ്ഞു. എന്നാൽ യാക്കോബ് യൗസേഫിനോട്, എനിക്കറിയാം മകനേ, എനിക്കറിയാം. എന്നാൽ മൂത്തവൻ ഇളയവനെ സേവിക്കും'; ഇവൻ അനുഗ്രഹിക്കപ്പെട്ടവനായിരിക്കും.[83] 6. 'ഈ ജനം ഒന്നാമത്തെതും ഉടമ്പടിയുടെ അവകാശിയും ആകുവാൻ ഏതെല്ലാം സന്ദർഭങ്ങളിൽ അവൻ തീരുമാനിച്ചു എന്നു നോക്കുവിൻ. 7. അബ്രഹാമിൻെറ കാര്യത്തിലും ഈ ജനം അനുസ്മരിക്കപ്പെടുന്നെങ്കിൽ നാം നമ്മുടെ അറിവിൻെറ പൂർണതയിൽ എത്തിക്കഴിഞ്ഞു. അബ്രഹാം മാത്രം വിശ്വസിക്കുകയും അതു് അവനു് നീതിക്കായി ഗണിക്കപ്പെടുകയും ചെയ്തപ്പോൾ ദൈവം അവനോട് എന്തുപറഞ്ഞു? 'ജഡപ്രകാരം ദൈവത്തിൽ വിശ്വസിക്കുന്ന പുറജാതികളുടെ പിതാവായി അബ്രഹാമേ, നിന്നെ ഞാൻ ഇതാ ആക്കിയിരിക്കുന്നു'.[84]

14. 1. അങ്ങനെയാണിതു്. എന്നാൽ ജനങ്ങൾക്കു് നല്കും എന്നു് പിതാക്കന്മാരോട് ശപഥം ചെയ്ത ഉടമ്പടി അവൻ യഥാർത്ഥത്തിൽ പാലിച്ചോ എന്നു നമുക്കു നോക്കാം. അവൻ പാലിക്കതന്നെ ചെയ്തു. എന്നാൽ അവരുടെ പാപങ്ങൾ നിമിത്തം അവർ അതു സ്വീകരിക്കാൻ അയോഗ്യരായിരുന്നു. 2. എന്തെന്നാൽ പ്രവാചകൻ പറയുന്നു:[85] 'ജനങ്ങൾക്കു വേണ്ടി കർത്താവിൻെറ ഉടമ്പടി സ്വീകരിക്കാൻ മോശെ സീനായ് മലയിൽ നാല്പതു രാവും നാല്പതു പകലും ഉപവസിക്കുകയായിരുന്നു. കർത്തൃകരത്തിലെ വിരലിൽ രൂപകമായി എഴുതപ്പെട്ട രണ്ടു പലകകൾ മോശെ കർത്താവിൽ നിന്നു് പ്രാപിച്ചു; അതു് ജനത്തിനു കൊടുക്കാനായി അവൻ താഴേയ്ക്കു കൊണ്ടുവരികയായി

www.malankaralibrary.com



രുന്നു. 3. കർത്താവു മോശയോടു പറഞ്ഞു:[86] 'മോശെ, മോശെ, താഴേയ്ക്കു വേഗം ഇറങ്ങിച്ചെല്ലുക; എന്തെന്നാൽ നീ ഈജിപ്തിൽ നിന്നു കൂട്ടിക്കൊണ്ടുവന്ന നിന്റെ ജനം നിയമം ലംഘിച്ചു.' അവർ തങ്ങൾക്കായി വാർത്തവിഗ്രഹങ്ങളെ ഒരിക്കൽക്കൂടി നിർമ്മിച്ചു എന്നു മോശ മനസ്സിലാക്കി; അവൻ കർത്താവിന്റെ ഉടമ്പടിപ്പലകകൾ കയ്യിൽനിന്നു് താഴെയിട്ടു; അതു കഷണങ്ങളായി തകർന്നു. 4. മോശ ഉടമ്പടി സ്വീകരിച്ചു. എന്നാൽ അവർ യോഗ്യരല്ലായിരുന്നു! കൊള്ളാം! നാം എങ്ങനെ അതു സ്വീകരിച്ചു? ഞാൻ നിങ്ങളോടു പറയാം. വെറും ദാസനായ മോശ അതു സ്വീകരിച്ചു. എന്നാൽ കർത്താവുതന്നെ നമുക്കുവേണ്ടി കഷ്ടപ്പെട്ടു് അവകാശമുള്ള ജനമായ നമുക്കു് അതു തന്നു. 5. അവർ അവരുടെ പാപങ്ങളിൽ 'പൂർണ്ണരാകാനും' നാം അവകാശിയായ കർത്താവീശോവഴി ഉടമ്പടി സ്വീകരിക്കാനുമായി അവൻ വെളിപ്പെടുത്തപ്പെട്ടു. പാപത്തിനു് കീഴമർത്തപ്പെടുകയും, തെററിന്റെ അക്രമത്തിനു കയ്യേല്പിക്കപ്പെടുകയും ചെയ്ത നമ്മുടെ ഹൃദയങ്ങളെ ഇരുട്ടിൽനിന്നു് വീണ്ടെടുക്കുവാനും, തന്റെ വചനത്താൽ നാമുമായി ഒരുടമ്പടി ഉണ്ടാക്കുവാനും ആയി ആളത്വത്തിൽ കാണപ്പെട്ടു്, ഈ കാര്യത്തിനായി അവൻ ഒരുക്കപ്പെട്ടു. 6. നമ്മെ ഇരുട്ടിൽ നിന്നു് വീണ്ടെടുക്കുവാനും, തനിക്കായി ഒരു വിശുദ്ധ ജനത്തെ ഒരുക്കുവാനും പിതാവു എപ്രകാരം അവനോടു കല്പിക്കുന്നുവെന്നു് വിശുദ്ധ ഗ്രന്ഥം നമ്മോടു പറയുന്നു. പ്രവാചകർ തദനുസരണം പറയുന്നു:[87] നിന്റെ ദൈവമായ കർത്താവായ ഞാൻ നിന്നെ നീതിയിൽവിളിക്കുകയും, കൈകളിലെടുക്കുകയും, സംരക്ഷിക്കയും ചെയ്തു. പുറജാതികൾക്കു് പ്രകാശമായും ജനങ്ങൾക്കു് ഉടമ്പടിയായും ഞാൻ നിന്നെ നൽകിയിരിക്കുന്നു. നീ കുരുടരുടെ കണ്ണു തുറക്കുവാനും, കാരാഗൃഹത്തിൽനിന്നു് തടവുകാരേയും, ബന്ധനസ്ഥലത്തുനിന്നു് ഇരുട്ടിൽ ഇരിക്കുന്നവരേയും പുറത്തുകൊണ്ടുവരാനും തന്നെ.' നാം എന്തിൽ നിന്നാണു് വീണ്ടെടുക്കപ്പെട്ടതെന്നു് നാം അറിയുന്നു. 8. വീണ്ടും പ്രവാചകൻ പറയുന്നു[88]: 'ലോകത്തിന്റെ അതിർത്തിയിൽ എന്റെ രക്ഷയായിരിപ്പാൻ നിന്നെ ഞാൻ പുറജാതികളുടെ പ്രകാശമായി നല്കിയിരിക്കുന്നു.' 9. വീണ്ടും പ്രവാചകൻ പറയുന്നു:[89] കർത്താവിന്റെ ആത്മാവു് എന്റെമേലുണ്ടു്. എന്തെന്നാൽ എളിയവരോടു് സുവിശേഷം അറിയിക്കാൻ കർത്താവു് എന്നെ അഭിഷേകം ചെയ്തിരിക്കുന്നു. ഹൃദയം തകർന്നവരെ സുഖപ്പെടുത്തുവാനും, അടിമകൾക്കു് വിടുതൽ വിളംബരം ചെയ്യാനും, കുരുടർക്കു കാഴ്ച നൽകാനും, കർത്താവിനു സ്വീകാര്യമായ വർഷവും പ്രതിഫലത്തിന്റെ ദിവസവും അറിയിക്കാനും, ദുഃഖിതരെ ആശ്വസിപ്പിക്കാനും അവൻ എന്നെ അയച്ചിരിക്കുന്നു.'

www.malankaralibrary.com



15\. 1. കൂടാതെ സീനായ് മലയിൽവച്ച് ദൈവം മോശയോട് മുഖാമുഖം സംസാരിച്ച നല്കിയ പത്തു കല്പനകളിൽ ശാബതിനെക്കുറിച്ച് ഇപ്രകാരം എഴുതപ്പെട്ടിരിക്കുന്നു:[90] ശുദ്ധമായ കൈകളോടും ശുദ്ധഹൃദയത്തോടുംകൂടെ കർത്താവിൻെറശാബതിനെ വിശുദ്ധീകരിക്കുക.' 2. മറെറാരിടത്ത് അവൻ പറയുന്നു:[91] 'എൻെറ മക്കൾ ശാബതാചരിക്കുമെങ്കിൽ, എൻെറ കരുണ അവരുടെമേൽ ഞാൻ ചൊരിയും.' 3. സൃഷ്ടിയുടെ ആരംഭത്തിൽ ശാബതിനെക്കുറിച്ച് അവൻ ഇപ്രകാരം പറയുന്നു:[92] 'ദൈവം തൻെറ കൈകളുടെ പ്രവൃത്തി ആറു ദിവസംകൊണ്ടു പൂർത്തിയാക്കി, ഏഴാം ദിവസം അവസാനിപ്പിക്കയും അതിൽ വിശ്രമിക്കയും അതിനെ വിശുദ്ധീകരിക്കയും ചെയ്തു.' 4. അവൻ ആറുദിവസംകൊണ്ട് അവസാനിപ്പിച്ച' എന്നതിൻെറ അർത്ഥം എന്തെന്ന് കുട്ടികളെ ശ്രദ്ധിപ്പിൻ. ഇതാണ് അതിൻെറ അർത്ഥം 6000 വർഷംകൊണ്ട് കർത്താവ് എല്ലാററിനും അവസാനം വരുത്തും, എന്തെന്നാൽ അവനോടുകൂടെ ഒരു ദിവസം 1000 വർഷം അത്രേ; അവൻതന്നെയാണ് എൻെറ സാക്ഷി:[93] 'ഇതാ കർത്താവിൻെറ ദിവസം ഒരായിരം വർഷംപോലെയാണ്.' അതുകൊണ്ടു കുട്ടികളേ, ആറാം ദിവസത്തിൽ അതായത് 6000 വർഷം തികയുമ്പോൾ എല്ലാം അവസാനിക്കും. 5. 'അവൻ ഏഴാം ദിവസം വിശ്രമിച്ചു.'[94] അവൻെറ പുത്രൻ വന്ന് നിയമമില്ലാത്തവൻെറ കാലത്തെ നശിപ്പിക്കയും അഭക്തരെ വിധിക്കയും സൂര്യചന്ദ്രനക്ഷത്രാദികളെ മാററുകയും ചെയ്യുമ്പോൾ വാസ്തവത്തിൽ അവൻ ഏഴാംദിവസം വിശ്രമിക്കും എന്നാണ് അതിൻെറ അർത്ഥം. 6. കൂടാതെ അവൻ പറയുന്നു:[95] 'ശുദ്ധമായകൈകളോടും ശുദ്ധഹൃദയത്തോടുംകൂടെ നീ അതിനെ ആചരിക്കണം'. ദൈവം വിശുദ്ധീകരിച്ചദിവസം ഹൃദയത്തിൽ ശുദ്ധനായിരുന്നുകൊണ്ട് ഇപ്പോൾ ആർക്കെങ്കിലും പരിശുദ്ധമാക്കാൻ കഴിയുമെങ്കിൽ, നാം പൂർണമായും വഞ്ചിതരാണ്. 7. നാം യഥാർത്ഥമായി വിശ്രമിക്കുമ്പോൾ, അതിനെ യഥാർത്ഥമായി വിശുദ്ധീകരിക്കയാണ്. നാം നീതീകരിക്കപ്പെടുകയും വാഗ്ദാനം പ്രാപിക്കയും ചെയ്തിരിക്കയാലും, മേലിൽ പാപം ഇല്ലാതിരിക്കയും, എല്ലാം കർത്താവിനാൽ നവീകരിക്കപ്പെടുകയും ചെയ്തിരിക്കയാലും അങ്ങനെ ചെയ്യാൻ നമുക്ക് സാധിക്കും. നാം തന്നെ വിശുദ്ധരാക്കപ്പെട്ടിരിക്കയാൽ അതിനെ വിശുദ്ധീകരിക്കാൻ നമുക്കു സാധിക്കും. 8. കൂടാതെ അവൻ അവരോടു പറയുന്നു:[96] 'നിങ്ങളുടെ അമാവാസികളും ശാബതുകളും എനിക്കിഷ്ടമല്ല' അവൻ എന്താണ് അർത്ഥമാക്കുന്നതെന്ന് നിങ്ങൾ കാണുവിൻ. ഈ ശാബതുകൾ എനിക്കുസ്വീകാര്യമല്ല; എന്നാൽ, ഞാൻ ഉണ്ടാക്കിയ ആ ശാബതിൽ, എല്ലാററിനും വിശ്രമംകൊടുത്തശേഷം ഞാൻ എട്ടാം

www.malankaralibrary.com



ദിവസത്തിന്റെ ആരംഭം, അതായത്തു മറെറാരു ലോകത്തിന്റെ ആരംഭം ഉണ്ടാകും. 9. അതുകൊണ്ടു് യേശു മരിച്ചവരിൽനിന്നുയിർത്തു് കാണപ്പെട്ടു, സ്വർഗത്തിലേക്കു കരേറിയ എട്ടാം ദിവസം നാമും സന്തോഷത്തോടെ ആഘോഷിക്കുന്നു.[97]

16. 1. നിങ്ങളോടു് ആലയത്തെപ്പററി ഇനിയും ഞാൻ സംസാരിക്കാം. ഈ ഹീനമനുഷ്യർ തങ്ങളെ ഉണ്ടാക്കിയ ദൈവത്തിലല്ല, കെട്ടിടത്തിലത്രേ പ്രത്യാശവച്ചതു്. എന്തെന്നാൽ അവർ ദൈവത്തിന്റെ ആലയമാകുന്നു. 2. ഏതാണ്ടു പുറജാതികളെപ്പോലെ അവർ അർപ്പണംവഴി അവനെ ആലയത്തിൽ ബന്ധിച്ചു. അതു് അർത്ഥശൂന്യമാകുന്നവിധം കർത്താവു് എന്തു പറയുന്നു? ഞാൻ നിങ്ങളോടു പറയട്ടെ: 'ആകാശത്തെ ചാൺകൊണ്ടും ഭൂമിയെ തന്റെ കൈകൊണ്ടും ആരു് അളന്നിട്ടുണ്ടു്? ഞാനല്ലേ.'[98]? കർത്താവു പറയുന്നു:[99] 'സ്വർഗം എന്റെ സിംഹാസനം, ഭൂമി എന്റെ പാദപീഠം; എന്തു തരം ഭവനം നിങ്ങൾ എനിക്കുവേണ്ടി ഉണ്ടാക്കും? എന്റെ വിശ്രമസ്ഥലം ഏതാണു്?' അവരുടെ പ്രത്യാശ വ്യർത്ഥമെന്നു നിങ്ങൾ ഇപ്പോൾ മനസ്സിലാക്കുന്നു. 3. വീണ്ടും അവൻ പറയുന്നു:[100] 'ഇതാ ഈ ആലയം നശിപ്പിച്ചവർതന്നെ ഇതു പണിയും.' 4. ഇപ്പോൾ ഇതു സംഭവിച്ചുകൊണ്ടിരിക്കുന്നു.[101] എന്തെന്നാൽ അവർ യുദ്ധത്തിനു പോയതിനാൽ അവരുടെ ശത്രുക്കൾ അതു നശിപ്പിച്ചു; ഇപ്പോൾ ശത്രുവിന്റെ ദാസന്മാർതന്നെ വീണ്ടും അതു പണിതുയർത്തും. 5. വീണ്ടും പട്ടണവും, ആലയവും ഇസ്രായേൽജനവും, കീഴടക്കപ്പെടും എന്നു് വെളിപ്പെടുത്തപ്പെട്ടിരിക്കുന്നു, എന്തെന്നാൽ വി. ഗ്രന്ഥം പറയുന്നു:[102] 'അന്ത്യനാളുകളിൽ ഇപ്രകാരം സംഭവിക്കും; തന്റെ മേച്ചിൽസ്ഥലത്തെയും ആലയിലെയും ആടുകളെയും അവരുടെ ഗോപുരത്തെയും നാശത്തിനു് ഏല്പിച്ചുകൊടുക്കും'. കർത്താവു് അരുളിച്ചെയ്തതുപോലെ സംഭവിച്ചു. 6. കർത്താവിന്റെ ഏതെങ്കിലും ആലയം ഉണ്ടോ എന്നു നമുക്കു് അന്വേഷിക്കാം. ഉണ്ടു്; സ്ഥിതി ചെയ്യുന്നുണ്ടു്. താൻ അതിനെ നിർമിച്ചു പൂർണമാക്കുന്നു എന്നു് കർത്താവുതന്നെ പറയുന്നു: എന്തെന്നാൽ വി. ഗ്രന്ഥം പറയുന്നു[103] 'ആഴ്ച അവസാനിക്കുമ്പോൾ ഇപ്രകാരം സംഭവിക്കും; കർത്താവിന്റെ നാമത്തിൽ മഹത്വത്തോടുകൂടി ഒരാലയം നിർമിക്കപ്പെടും.' 7. തദനുസരണം ഒരാലയം സ്ഥിതിചെയ്യുന്നതായി ഞാൻ കാണുന്നു. കർത്താവിന്റെ നാമത്തിൽ അതു് എങ്ങനെ നിർമിക്കപ്പെടുമെന്നു് ഞാൻ പറയട്ടെ. നാം ദൈവത്തിൽ വിശ്വസിക്കുന്നതിനു മുൻപു്, നമ്മുടെ ഹൃദയത്തിന്റെ വാസസ്ഥലം കൈകളാൽ നിർമിച്ച ആലയംപോലെ ദുഷിച്ചതും ബലഹീനവും ആയിരുന്നു; അതു വിഗ്രഹാരാധന നിറഞ്ഞതും, ദൈവത്തിനെതിരായ പ്രവൃത്തി

www.malankaralibrary.com



ചെയ്യുന്ന പിശാചുക്കളുടെ ഭവനവും ആയിരുന്നു. 8. 'എന്നാൽ ഇതു കർത്താവിൻെറ നാമത്തിൽ നിർമിക്കപ്പെടും.'104 ഇപ്പോഠം കർത്താവിൻെറ ആലയം മഹത്ത്വത്തോടുകൂടെ നിർമിക്കപ്പെടും എന്നതു് ഉറപ്പു വരുത്തുവിൻ. എങ്ങനെ? ഞാൻ നിങ്ങളോടു പറയാം. നാം പാപങ്ങളുടെ മോചനം പ്രാപിക്കയും, നാമത്തിൽ നമ്മുടെ പ്രത്യാശവെയ്ക്കുകയും ചെയ്തപ്പോഠം, നവീകരിക്കപ്പെടുകയും പൂർണമായി വീണ്ടും സൃഷ്ടിക്കപ്പെടുകയും ചെയ്തു; അതുകൊണ്ടു തൻെറ വാസസ്ഥലമായി ദൈവം സത്യമായും നമ്മിൽ വസിക്കുന്നു. 9. എങ്ങനെ? അവൻെറ വിശ്വാസ വചനം, അവൻെറ ഉടമ്പടിയുടെ വിളി, അവൻെറ ചട്ടങ്ങളുടെ വിജ്ഞാനം, കല്പനകളുടെ പ്രബോധനം, അവൻതന്നെ നമ്മിൽ പ്രവചിക്കുന്നതു്, അവൻതന്നെ നമ്മിൽ വസിക്കുന്നതു്, മരണത്തിനു് അടിപ്പെടുത്തപ്പെട്ട നമുക്കു് ആലയത്തിൻെറ വാതിൽ തുറക്കുന്നതു്—അതായതു് വായു്—നമുക്കു് അനുതാപം നൽകുന്നതു്; ഇങ്ങനെ അവൻ നമ്മെ അഴിവില്ലാത്ത ആലയത്തിലേക്കു നയിക്കുന്നു. 10. രക്ഷപ്പെടുവാൻ ആഗ്രഹിക്കുന്നവൻ മനുഷ്യനിലേയ്ക്കല്ല, തന്നിൽ വസിക്കയും സംസാരിക്കുകയും ചെയ്യുന്നവനിലേക്കു നോക്കുന്നു; അവനെക്കുറിച്ചു് ആശ്ചര്യപ്പെടുന്നു; തൻെറ വായിൽനിന്നു് ഒരിക്കലും അത്തരം വാക്കുകഠം കേട്ടിട്ടില്ല. അവ കേഠക്കാൻ അവൻ ആഗ്രഹിച്ചിട്ടില്ല. കർത്താവിനായി പണിയപ്പെടുന്ന ആത്മീയാലയം ഇതാകുന്നു.

17. 1. ഒരു നല്ല വിശദീകരണം നല്കാൻ എൻെറ കഴിവിൽപ്പെട്ടിടത്തോളം, എൻെറ ആഗ്രഹമനുസരിച്ചു്, രക്ഷയ്ക്കാവശ്യമായ ഒരു കാര്യവും ഒഴിവാക്കപ്പെട്ടിട്ടില്ല എന്നു് ഞാൻ കരുതുന്നു. 2. ഇപ്പോഠം നടക്കുന്നതോ വരാനിരിക്കുന്നതോ ആയ കാര്യങ്ങളെക്കുറിച്ചു് ഞാൻ എഴുതിയാൽ നിങ്ങഠം മനസ്സിലാക്കില്ല; കാരണം അവ ഉപമകളിലത്രേ. അതുകൊണ്ടു് മേല്പറഞ്ഞവ മതി.

## ഇരുപാതതത്ത്വം (18—21)

18. 1. ഇപ്പോഠം നമുക്കു് മറെറാരുതരം പ്രബോധനത്തിലേയ്ക്കും അറിവിലേയ്ക്കും തിരിയാം. പ്രബോധനത്തിൻെറയും ശക്തിയുടെയും രണ്ടു പാതകഠം ഉണ്ടു്. അവ പ്രകാശത്തിൻെറയും ഇരുട്ടിൻെറയും പാതകഠം ആണു്. ഈ രണ്ടു പാതകഠം തമ്മിൽ വലിയ അന്തരമുണ്ടു്. ഒന്നിനുമീതെ പ്രകാശവാഹികളായ ദൈവദൂതന്മാർ നിയമിക്കപ്പെട്ടിരിക്കുന്നു; മററതിനു മീതെ സാത്താൻെറ ദൂതന്മാരും. 2. ആദ്യത്തേതു് നിത്യതമുതൽ നിത്യതവരെ കർത്താവാണു്; രണ്ടാമത്തേതു് അനുസരണമില്ലാത്ത ഈ ലോകത്തിൻെറ അധികാരിയാണു്.

www.malankaralibrary.com



19. 1. പ്രകാശപാത ഇതാകുന്നു: നിശ്ചിത ലക്ഷ്യത്തിലേയ്ക്കുള്ള പാതയിലൂടെ സഞ്ചരിക്കാൻ ആഗ്രഹിക്കുന്നവൻ താൻ ചെയ്യുന്ന കാര്യത്തിൽ തീക്ഷ്ണതയുള്ളവനായിരിക്കട്ടെ. ഈ പാതയിൽ നടക്കുവാൻ നമുക്കു നല്കപ്പെട്ട അറിവ് ഇതാകുന്നു: 2. നിൻെറ സ്രഷ്ടാവിനെ നീ സ്നേഹിക്കണം; നിൻെറ നിർമ്മാതാവിനെ നീ ഭയപ്പെടണം; മരണത്തിൽനിന്നു നിന്നെ വീണ്ടെടുത്തവനെ നീ മഹത്വപ്പെടുത്തണം നീ ശുദ്ധമാനസ്സനും വിശാലമനസ്സനുമായിരിക്കണം. മരണപാതയിലൂടെ നടക്കുന്നവരുടെ കൂടെ നീ കൂടരുതു്; ദൈവത്തിനിഷ്ടമില്ലാത്തതെല്ലാം നീ വെറുക്കണം; കർത്താവിൻെറ കല്പന നീ ഉപേക്ഷിക്കരുതു്. 3. നീ സ്വയം ഉയർത്തരുതു്; എല്ലാ കാര്യങ്ങളിലും വിനീതമാനസനായിരിക്കണം; നിനക്കായി നീ മഹത്വം സ്വീകരിക്കരുതു്. നിൻെറ അയല്ക്കാരനെതിരായി നീ ദുരാലോചന നടത്തരുതു്. നിൻെറ ആത്മാവിൽ ഗർവ്വു നടിക്കരുതു്. 4. നീ ജാരസംഗം ചെയ്യരുതു്. വേശ്യാവൃത്തി ചെയ്യരുതു്; ആൺകുട്ടികളെ വഷളാക്കരുതു്; അശുദ്ധരുടെ ഇടയിൽ ദൈവവചനം സംസാരിക്കരുതു്; ഏതെങ്കിലും കുററത്തിനു് ആരെയെങ്കിലുംശകാരിക്കേണ്ടി വരുമ്പോൾ മുഖം നോക്കരുതു്. നീ വിനീതനും ശാന്തനും ആയിരിക്കണം; നീ കേട്ട വചനങ്ങളെ ഭയപ്പെടുക.[105] നിൻെറ സഹോദരനെതിരായി നീ ദുഷ്ടത പ്രവർത്തിക്കരുതു്. 5. ഒരു കാര്യം സംഭവ്യമോ അല്ലയോ എന്നതു് സംബന്ധിച്ചു് സംശയിക്കരുതു്.[106] കർത്താവിൻെറ നാമം വൃഥാ പ്രയോഗിക്കരുതു്.[107] നിൻെറ ആത്മാവിനെക്കാൾ കൂടുതലായി നിൻെറ അയല്ക്കാരനെ സ്നേഹിക്കണം. ഭ്രൂണഹത്യവഴി ഒരു ശിശുവിനേയുംകൊല്ലരുതു്. ജനിച്ചശേഷം വധിക്കയും അരുതു്. നിൻെറ മകനിലും മകളിലും നിന്നു് നിൻെറ കരം നീക്കരുതു്. മറിച്ചു് അവരുടെ യൗവനം മുതൽ അവരെ ദൈവഭയം അഭ്യസിപ്പിക്കണം. 6. അയൽക്കാരൻെറ വസ്തുക്കൾ ആഗ്രഹിക്കയോ, അത്യാഗ്രഹം കാണിക്കയോ ചെയ്യരുതു്. അഹങ്കാരികളോടുകൂടെ സംസർഗം ചെയ്യരുതു്; താഴ്മയുള്ളവരോടും നീതിമാന്മാരോടും സംസർഗം ചെയ്യണം. ദൈവത്തിൻെറ അനുവാദം കൂടാതെ ഒന്നുംസംഭവിക്കുന്നില്ല എന്നറിഞ്ഞുകൊണ്ടു് നിനക്കുണ്ടാകുന്ന പരീക്ഷകൾ നിൻെറ നന്മയ്ക്കായി സ്വീകരിക്കണം. 7. നീ ഇരുമനസ്സുള്ളവനോ അപവാദം പറയുന്നവനോ ആകരുതു്. അടക്കത്തോടും ഭയത്തോടും ദൈവത്തെ എന്നപോലെ യജമാനന്മാരെ അനുസരിക്കണം; ദാസന്മാരോടുംദാസികളോടും കാഠിന്യത്തോടുകൂടെ കല്പിക്കരുതു്. ഒരേ ദൈവത്തിലാണല്ലോ അവരും പ്രത്യാശ വച്ചിരിക്കുന്നതു്. നിങ്ങൾക്കിരുവർക്കും മുകളിലുള്ള ദൈവത്തെ ഒരു പക്ഷേ അവർ ഭയപ്പെടാതിരുന്നേക്കാം. കർത്താവു് വന്നതു് മുഖം നോക്കി മനുഷ്യനെ വിളി

www.malankaralibrary.com



ക്കാനല്ല. അത്രുപി ഒരുക്കിയവരെ വിളിക്കാനാണ്. 8 നീ സംസാരത്തിൽ വേഗതയുള്ളവനാകരുത്; എന്തെന്നാൽ വായ് മരണക്കെണിയാകുന്നു. നിൻെറ ആത്മാവിനെപ്രതി കഴിവുള്ളിടത്തോളം നീ ശുദ്ധനായിരിക്കണം. 9. നീ സ്വീകരിക്കാൻ കൈനീട്ടുന്നവനാകാതെ കൊടുക്കുവാനായി അടയ്ക്കുന്നവനാകണം കർത്താവിൻെറ വചനം നിന്നോട് സംസാരിക്കുന്ന എല്ലാവരേയും കണ്ണിലെ കൃഷ്ണമണിപോലെ സ്നേഹിക്കണം. 10. രാപകൽ വിധിദിവസത്തെ ഓർക്കുക; സംസാരംവഴി അദ്ധ്വാനിച്ചും, ഉപദേശിക്കാൻപുറപ്പെട്ടും,വാക്കുകൊണ്ട് ആത്മാക്കളെനേടുവാൻ പണിപ്പെട്ടും, നിൻെറ പാപങ്ങൾക്ക് പ്രായശ്ചിത്തമായി കൈകൾകൊണ്ട് അദ്ധ്വാനിച്ചും വിശുദ്ധരുടെ സംസർഗം തേടണം. 11. കൊടുക്കുവാൻ മടിക്കരുത് 'കൊടുക്കുമ്പോൾ പിറുപിറുക്കരുത്. നിനക്കു പ്രതിഫലം തരുന്ന നല്ല ദാതാവ് ആരെന്ന് നീ അറിയും. ഒന്നും കൂട്ടുകയോ കുറയ്ക്കുകയോ ചെയ്യാതെ നീ സ്വീകരിച്ച പ്രബോധനം സംരക്ഷിക്കുക. പൂർണമായി ദുഷ്ടനെ വെറുക്കുക. നീതിപൂർവമായ വിധി പ്രസ്താവിക്കുക. 12. ശണ്ഠയ്ക്കിട നല്കരുത്. മറിച്ച് കലഹിക്കുന്നവരെ ഒന്നിച്ചുകൊണ്ടുവന്ന് രമ്യപ്പെടുത്തുക. നിൻെറ പാപങ്ങൾ ഏറ്റുപറയുക. ചീത്ത മനസ്സാക്ഷിയോടുകൂടി പ്രാർത്ഥിക്കാൻ പോകരുത്. ഇതാണ് പ്രകാശത്തിൻെറ പാത.

20. 1. 'ഇരുട്ടിൻെറ പാത' വഴിപിഴച്ചതും ശപിക്കപ്പെട്ടതുമാണ്. ശിക്ഷയോടുകൂടി നിത്യമരണത്തിൻെറ വഴിയാണിത്; ആത്മാവിനെ നശിപ്പിക്കുന്ന കാര്യങ്ങളാണ് ഇതിലുള്ളത്; വിഗ്രഹാരാധന, ധാർഷ്ട്യം, വ്യക്തിപൂജ, കപടഭക്തി, ഇരുമനസ്സ്, വ്യഭിചാരം, കൊല, കവർച്ച, അഹങ്കാരം, ലംഘനം, ചതി, ദുഷ്ടത, മർക്കടമുഷ്ടി, മന്ത്രവാദം, മാജിക്ക്, അത്യാർത്തി, ദൈവഭയമില്ലായ്മ. 2. ഈ വഴിയിലൂടെ നടക്കുന്നവർ നല്ല മനുഷ്യരുടെ പീഡകരും സത്യത്തെ വെറുക്കുന്നവരും, നീതിയുടെപ്രതിഫലത്തെ അംഗീകരിക്കാത്തവരും, നുണയുടെ സ്നേഹിതരും, നന്മയോടും നീതിപൂർവമായ വിധിയോടും പററിച്ചേരാത്തവരും, വിധവകളുടെയും, അനാഥരുടെയും കാര്യത്തിൽ യാതൊരു ശ്രദ്ധയും കാണിക്കാത്തവരും അത്രേ. ദൈവഭയത്താലല്ല തിന്മ തേടി അവർ നിദ്രാരഹിതമായ രാത്രികൾ കഴിച്ചുകൂട്ടുന്നു. സൗമ്യതയും ദയയും അവരിൽ നിന്നു് വളരെ അകലെയാണ്, അവർ മായയെ സ്നേഹിക്കയും പ്രതിഫലം തേടുകയും ചെയ്യുന്നു; ദരിദ്രരോട് അവർക്കൊട്ടും അനുകമ്പ ഇല്ല; അദ്ധ്വാനത്താൽ ക്ലേശിക്കുന്നവനുവേണ്ടി അവർ ഒന്നും ചെയ്യുന്നില്ല. തിന്മ സംസാരിക്കാൻ തിടുക്കംകൂട്ടി അവർ അവരുടെ നിർമാതാവിനെ അവഗണിക്കുന്നു. അവർ ശിശുക്കളെ കൊല്ലുകയും ദൈവ സൃഷ്ടിയെ

www.malankaralibrary.com



വഷളാക്കുകയും ചെയ്യുന്നു. അവർ ആവശ്യക്കാരനെ ഓടിക്കയും ക്ലേശിതനെ പീഡിപ്പിക്കയും ചെയ്യുന്നു. അവർ ധനവാന്മാരുടെ വക്കീലന്മാരും പാവങ്ങളോട് നീതി കാണിക്കാത്ത ന്യായാധിപന്മാരുമാണ്. അവർ പാപപങ്കിലരാണ്.

22. 1. അതുകൊണ്ട്, ഇവിടെ എഴുതപ്പെട്ട ദൈവികകല്പനകൾ എല്ലാം പഠിച്ചവർ അതിലൂടെ നടക്കുന്നതു് ഒരു നല്ല കാര്യമാണ്. കാരണം, അതുചെയ്യുന്നവൻ ദൈവരാജ്യത്തിൽ മഹത്വീകരിക്കപ്പെടും. മററുള്ളവ തിരഞ്ഞെടുക്കുന്നവൻ തൻെറ പ്രവൃത്തികളോടൊപ്പം നശിക്കും. ഇക്കാരണത്താൽ ഉയിർപ്പും പ്രതിഫലവും ഉണ്ട്. 2. നിങ്ങളുടെ ഇടയിൽ ഉന്നതസ്ഥാനത്തുള്ളവരോട് ഞാൻ അപേക്ഷിക്കുന്നു. നിങ്ങൾ എൻെറ സന്മനസ്സിൽനിന്ന് വരുന്ന ഉപദേശം സ്വീകരിക്കുമെങ്കിൽ, നന്മപ്രവൃത്തിക്കാനായി നിങ്ങളുടെ ഇടയിൽ ഉള്ളവരെ സഹായിക്കുക. ഇതു് ചെയ്യാതിരിക്കരുതു്. 3. ദുഷ്ടനോടുകൂടി സർവ്വതും നശിക്കുന്ന ദിവസം അടുത്തിരിക്കുന്നു. 'കർത്താവും തൻെറ സമ്മാനവും സമീപസ്ഥമാണ്.'108 4. വീണ്ടും വീണ്ടും ഞാൻ നിങ്ങളോട് അപേക്ഷിക്കുന്നു: പരസ്പരം നല്ല നിയമദാതാക്കൾ ആയിരിക്കുവിൻ; പരസ്പരം നല്ല ഉപദേശകരായിരിക്കുവിൻ; നിങ്ങളിൽ നിന്ന് എല്ലാ കപടഭക്തിയും എടുത്തു കളയുവിൻ. 5. ലോകം മുഴുവൻെറയും കർത്താവായ ദൈവം നിങ്ങൾക്ക വിജ്ഞാനവും, അറിവും വിവേകവും തൻെറ കല്പനകളെപ്പററിയുള്ള ജ്ഞാനവും ക്ഷമയും നൽകട്ടെ. 6. കർത്താവ് നിങ്ങളിൽനിന്ന് എന്താണ് ആവശ്യപ്പെടുന്നതു് എന്നന്വേഷിച്ചുകൊണ്ട് ദൈവത്താൽ പ്രബോധിതരാകുവിൻ, വിധിദിവസത്തിൽ നിങ്ങൾ വിലയുള്ളവരായി കാണപ്പെടുവാൻ തക്കവണ്ണം പ്രവർത്തിക്കയും ചെയ്യുവിൻ. 7. എൻെറ വാക്കുകളിൽ നന്മയുടെ അനുസ്മരണ ഉണ്ടെങ്കിൽ, ഇതേപ്പററി ധ്യാനിക്കയും എന്നെ ഓർക്കുകയും ചെയ്യുവിൻ. അങ്ങനെ എൻെറ ആഗ്രഹവും എൻെറ ജാഗ്രതയും നന്മയിലേയ്ക്കു നയിക്കട്ടെ. ഞാൻ നിങ്ങളോട് യാചിക്കയും ദാക്ഷിണ്യം എന്ന നിലയിൽ നിങ്ങളോട് അപേക്ഷിക്കയുംചെയ്യുന്നു. 8. നിങ്ങൾ ശരീരത്തിൽ ആയിരിക്കുന്നിടത്തോളം കാലം ഈ കാര്യങ്ങളൊന്നിലും കുറവുള്ളവരാകരുതു്. ഈ സംഗതികൾ ക്രമമായി അന്വേഷിക്കുകയും എല്ലാ കല്പനകളും പാലിക്കുകയും ചെയ്യുവിൻ: കാരണം അവ അതു് അർഹിക്കുന്നു. 9. അതുകൊണ്ട്, നിങ്ങളെ സന്തോഷിപ്പിക്കുവാനായി, എൻെറ കഴിവനുസരിച്ചു് നന്നായി നിങ്ങൾക്കു് എഴുതുവാൻ ഞാൻ ഏററം ശ്രദ്ധാലുവായിരിക്കുന്നു. 'സമാധാനത്തിൻെറയും സ്നേഹത്തിൻെറയും സന്താനങ്ങളേ, നിങ്ങൾ രക്ഷപ്രാപിക്കട്ടെ. മഹത്വത്തിൻെറയും കൃപയുടെയും കർത്താവ് നിങ്ങളോടുകൂടെ ഉണ്ടായിരിക്കട്ടെ.

www.malankaralibrary.com

# 7

# ഡയഗ്നേററസിനുള്ള ലേഖനം

## ആമുഖം

ഡയഗ്നേററസ് എന്ന പേരുള്ള അക്രൈസ്തവന് എഴുതിയ ഒരു ലേഖനത്തിന്റെ രൂപത്തിൽ, ക്രിസ്തുമതത്തിനുവേണ്ടിയുള്ള ഒരു വിശ്വാസസംരക്ഷണകൃതി (അപ്പോളജി) ആണിതു്. ലേഖനകർത്താവിനെപ്പററിയോ, ലേഖനം സ്വീകരിച്ച ആളിനെപ്പററിയോ, കൂടുതലായി അറിവൊന്നുമില്ല. എഴുതിയ കാലവും കൃത്യമായി നിർണയിക്കാൻ പ്രയാസമാണ്. മാർക്കുസ് ഔറേലിയാസിന്റെ (+180) ഗുരുവായിരിക്കാം ഡയഗ്നേററസ് എന്ന് എച്ച്. ലീററസ്മാൻ കരുതുന്നു. അരിസ്ററിഡെസ് എന്ന വിശ്വാസ സംരക്ഷകന്റെ കൃതികളോടു് സാമ്യമുള്ളതാണ് ഈ ലേഖനത്തിന്റെ ഉള്ളടക്കം. ഇരനേയൂസിന്റെ കൃതികളും ഈ ലേഖനസൃഷ്ടിക്ക് സഹായകമായിട്ടുണ്ട്. ഏഴാം അദ്ധ്യായം 1—5 വരെ വാക്യങ്ങളും ഹിപ്പോളിററസ്സിന്റെ ഫിലൊസൊഫുമെന' എന്ന ഗ്രന്ഥത്തെ അനുസ്മരിപ്പിക്കുന്നതാണ്. 10. 33-ഉം 11-ഉം 12-ഉം അദ്ധ്യായങ്ങളും പ്രസ്തുത കൃതിയുടെ ചുരുക്കമാണ്. ആർ. എച്ച്. കൊണ്ണോലിയുടെ അഭിപ്രായത്തിൽ ഹിപ്പോളിററസാണിതിന്റെ കർത്താവ്. അപ്പോഴം മൂന്നാം നൂററാണ്ടിന്റെ ആരംഭത്തിലായിരിക്കാം ഇതു് എഴുതപ്പെട്ടതു്.

പി. അൻഡ്രീസ്സെൻ കരുതുന്നതു്, ക്വാഡ്രാററസ് ആണ് ഈ ലേഖനം എഴുതിയതെന്നാണ്. ക്വാഡ്രാററസിന്റെ നഷ്ടപ്പെട്ട അപ്പോളജിയാണീ കൃതി. എവുസേബിസ് തന്റെ സഭാചരിത്രത്തിൽ ഈ അപ്പോളജിയിൽനിന്ന് ഉദ്ധരിക്കുന്നവാചകം (4,3,2) ഡയഗ്നേററസിനുള്ള കത്തിൽ കാണുന്നില്ല. എങ്കിലും ഏഴാം അദ്ധ്യായം, വാക്യം 6-നും 7-നും ഇടയ്ക്കുള്ള വിടവിൽ ഈ വാചകം നന്നേ ചേരുന്നുണ്ട്, ക്വാഡ്രാററസിനെപ്പററി എവുസേബിയൂസ്, ജറോം, ഫോസിയൂസ് എന്നിവരും ബീഡിന്റെ രക്തസാക്ഷിവിവരണം, മാർ യാക്കോബിന്റെ

www.malankaralibrary.com



അപ്പൊക്രൈഫൽ ലേഖനം എന്നിവയും പറയുന്നതു് ഈ ലേഖനത്തിൻെറ ഉള്ളടക്കവുമായി ഒത്തുപോകുന്നുണ്ട്. ക്വാഡ്രാററസിനെപ്പററി പാരമ്പര്യം പഠിപ്പിക്കുന്നതു് ഈ ലേഖനത്തിൽ നിന്നു വ്യക്തമാണ്. ക്വാഡ്രാററസ് ശ്ലീഹന്മാരുടെ ഒരു ശിഷ്യനായിരുന്നു. അദ്ദേഹം അന്നത്തെ ക്ലാസിക്കൽ ശൈലിയിൽ തന്നെ എഴുതി; പേഗനിസത്തോടും യൂദായിസത്തോടും മല്ലിട്ടു. ഹഡ്രിയാൻ ചക്രവർത്തിക്കു് ക്വാഡ്രാററസ് ഒരു അപ്പോളജി എഴുതി. ഈ ലേഖനത്തിൽ പറയുന്ന കാര്യങ്ങൾ ഹഡ്രിയാനു് ചേരുന്നതുമാണ്.

'പിതാക്കന്മാരുടെ കാലത്തെ മുത്ത്' എന്നാണ് ഈ ലേഖനം വിളിക്കപ്പെടുന്നതു്. എങ്കിലും, ആദിമ ക്രൈസ്തവ സാഹിത്യകാരന്മാർ ഇതിൽ വലിയ താല്പര്യം കാട്ടിയില്ല എന്നതിൻെറ കാരണം മനസ്സിലാകുന്നില്ല. ഇതിനു 12 അദ്ധ്യായങ്ങളുണ്ട്. ഈ കൃതിയുടെ അവികലാവസ്ഥയെപ്പററി തക്കം നിലനിൽക്കുന്നുണ്ട്. ഒന്നു മുതൽ 10 വരെയുള്ള അധ്യായങ്ങൾ സത്യാന്വേഷിയായ ഒരക്രൈസ്തവനു് സംശയനിവാരണാത്ഥം എഴുതി അയച്ചതാണ്. 11–12 അദ്ധ്യായങ്ങൾ 'വചനവുമായുള്ള' സഖിത്വത്തിൻെറ ഫലങ്ങൾ ചർച്ച ചെയ്യുകയാണ്. സ്നാനാത്ഥികളെ മുന്നിൽ കണ്ടുകൊണ്ടുള്ള പ്രതിപാദനമാണിതിൽ (11:1); സഭ, അറിവ് (gnosis) മിസ്ററിസിസം എന്നിവ ആദ്യത്തെ 10 അദ്ധ്യായങ്ങളിൽ ചർച്ച ചെയ്യുന്നില്ല. യൂദായിസത്തോടുള്ള മനോഭാവത്തിലും ആദ്യത്തെ പത്തദ്ധ്യായങ്ങളും അവസാനത്തെ രണ്ട് അദ്ധ്യയങ്ങളും തമ്മിൽ വ്യത്യാസമുണ്ട്. ആദ്യഭാഗത്തു യൂദാചാരങ്ങളും പെരുന്നാളുകളും ത്യാജ്യങ്ങളാണെന്നു് വാദിക്കുന്നു (3: 5; 4:1–6). പുതിയനിയമം പഴയതിൻെറ പൂത്തീകരണമാണെന്ന വാദവും ഉന്നയിക്കുന്നില്ലിവിടെ. 11:6–ലാകട്ടെ നിയമത്തെയും പ്രവാചകനെയും സുവിശേഷത്തോടും ശ്ലൈഹിക പാരമ്പര്യത്തോടും തുല്യമായി കരുതി ബഹുമാനിക്കുകയാണ്. ആദ്യഭാഗത്തു് നേരിട്ടൊരു പുതിയനിയമ ഉദ്ധരണിയുമില്ല. എന്നാൽ 12: 5, 1 കൊറി.8:1 കൃത്യമായി ഉദ്ധരിക്കുന്നു. ഒന്നാം ഭാഗത്തുള്ള ശൈലീമാഹാത്മ്യം 11–12 അദ്ധ്യായങ്ങളിൽ കാണുന്നില്ല. വാക്കുകളുടെയും വാചകങ്ങളുടെയും ഘടനയിലും പ്രയോഗത്തിലും ഇവ തമ്മിൽ അന്തരം ഉണ്ട്. ഇക്കാരണങ്ങളാൽ രണ്ടു പേരായിരിക്കാം ഈ കത്തു രചിച്ചതെന്നു് പണ്ഡിതന്മാർ കരുതുന്നു. ഒന്നാം ഭാഗം (1–10) മതപ്രചരണാർത്ഥമുള്ള ഒരു കൃതി: അക്രൈസ്തവ പണ്ഡിതനും സത്യാന്വേഷിയുമായ ഒരാടംക്കു് എഴുതിയതു്; രണ്ടാം ഭാഗം (11–12) സ്നാനാത്ഥികളോടു് ഉയിർപ്പുതിരുന്നാളിനു മുമ്പുള്ള രാത്രിയിൽ ചെയ്ത പ്രസംഗത്തിൻെറ ഭാഗം.

www.malankaralibrary.com



ഡയഗ്നേററസിൻെറ ചോദ്യങ്ങൾക്കു് മറുപടിയായിട്ടാണു് തൻെറ ക്രിസ്തീയ സുഹൃത്തു് ക്രിസ്തുമതത്തെപ്പററി വിവരിക്കാൻ തയ്യാറായതു്. ലേഖനത്തിൻെറ ആമുഖത്തിൽ നിന്നിതു വ്യക്തമാണു്. അതിനുശേഷം പേഗനിസത്തിൻെറ അർത്ഥശൂന്യതയും യൂദായിസത്തിൻെറ പൊള്ളത്തരങ്ങളും അദ്ദേഹം വരച്ചു കാട്ടുന്നു. (2-4). 'വിശ്വാസസംരക്ഷകരുടെ' ഖണ്ഡന വാദങ്ങളൊക്കെ ഈ ലേഖനകർത്താവു് ഉപയോഗിക്കുന്നുണ്ടു്. ക്രിസ്ത്യാനികളുടെ അതിസ്വാഭാവിക ജീവിതത്തെപ്പററിയുള്ള വിവരണമാണു് ഇതിലെ ഏററം മനോഹരമായ ഭാഗം (5-6). ക്രിസ്തീയവിശ്വാസത്തിൻെറ ദൈവികോത്ഭവത്തിൻെറ ഒരു ചെറിയ വിവരണം ഏഴും എട്ടും അദ്ധ്യായങ്ങളിൽ കാണാം. ദൈവത്തെ വെളിപ്പെടുത്താൻ ദൈവപുത്രൻ കൊണ്ടുവന്നതാണീ രഹസ്യം. ക്രിസ്തീയ വിശ്വാസം സ്വീകരിക്കാൻ ഡയഗ്നേററസിനെ പ്രേരിപ്പിക്കയാണു് ലേഖനകർത്താവു്. അഗാധവിശ്വാസവും വ്യാപകമായ അറിവും ക്രിസ്തുമതതത്ത്വങ്ങളാൽ നിറഞ്ഞമനസ്സുമുള്ള ഒരാളെയാണു ലേഖനത്തിൽ നമുക്കു് കാണാൻ കഴിയുക. തികച്ചും സജീവമായൊരു ശൈലി അയാളുടെ കൈമുതലാണു്. എവുസേബിയുസ്സ് സഭാചരിത്രത്തിൽ (4, 3, 2) 7, 6 നും 7 നും ഇടയ്ക്കു് വിട്ടുപോയ ഭാഗം ഉദ്ധരിക്കുന്നു. 'നമ്മുടെ രക്ഷകൻെറ ശക്തികളുള്ള തെളിവുകൾ സജീവങ്ങളാണു്; കാരണം അവ യാഥാർത്ഥ്യങ്ങളായിരുന്നു. സൗഖ്യം ലഭിച്ചവരും മരിച്ചവരിൽനിന്നുയർത്തവരും സൗഖ്യം പ്രാപിച്ചപ്പോഴും ഉയിർത്തപ്പോഴും മാത്രമല്ല കാണപ്പെട്ടതു്. പിന്നെയോ, കർത്താവിൻെറ ഭൗമിക ജീവിതകാലത്തും, തൻെറ വേർപാടിനുശേഷവും ഏറെ നാളത്തേക്കു് ജീവിച്ചിരുന്നു. അവരിൽ ചിലർ നമ്മുടെ കാലം വരെ ജീവിച്ചു.'

# ഡയഗ്നേററസിനുള്ള ലേഖനം

1\. 1. അല്ലയോ, മാന്യനായ[1] ഡയഗ്നേററസ് ക്രിസ്ത്യാനികളുടെ മതത്തെ സംബന്ധിച്ചു പഠിക്കുന്നതിലും അവരെപ്പററി കൃത്യമായും സൂക്ഷ്മമായും അന്വേഷിക്കുന്നതിലും നീ അതീവതല്പരനാണെന്നു് ഞാൻ കാണുന്നു. അവരൊന്നടങ്കം ലോകത്തെയും മരണത്തെയും നിന്ദിക്കുന്നതിനാൽ, അവരാശ്രയിക്കുന്ന അവരുടെ ദൈവം ആരാണെന്നും അവരുടെ ആരാധനാരീതികൾ എന്താണെന്നും നീ അത്ഭുതപ്പെടുന്നു. അവർ ഗ്രീക്കുകാർ വിശ്വാസമർപ്പിച്ച ദേവന്മാരെ അംഗീകരിക്കയോ യൂദന്മാരുടെ

www.malankaralibrary.com



അന്ധവിശ്വാസങ്ങൾ ആചരിക്കയോ ചെയ്യുന്നില്ല. അവർ തമ്മിലുള്ള ആഴമേറിയ പരസ്പരസ്നേഹത്തിന്റെ രഹസ്യമെന്താണ്? എന്തുകൊണ്ടാണ് മുമ്പെങ്ങും വരാതെ ഇപ്പോൾ നാം ജീവിക്കുന്ന ഈ ലോകത്തിൽ ഈ 'പുതിയ രക്തവും അഭ്രുപിയും'[2] എത്തിയതെന്ന് നീ അത്ഭുതപ്പെടുന്നുണ്ടോ? നിന്റെ ഈ താല്പര്യത്തെ ഞാൻ തീർച്ചയായും സ്വാഗതം ചെയ്യുന്നു. ഒപ്പം വചനവും കേൾവിയും നമുക്കുതന്ന ദൈവത്തോട് ആ ദാനങ്ങൾ ഞാൻ അപേക്ഷിക്കുന്നു: ഒന്ന്, കേൾവിവഴി നിനക്ക് ഏററം പ്രയോജനപ്രദമായ രീതിയിൽ ഞാൻ സംസാരിക്കാനിടവരണം; രണ്ട് സംഭാഷകന് മനംമടുപ്പ് തോന്നാത്ത രീതിയിൽ നീ ശ്രദ്ധയോടെ കേൾക്കാനിടവരണം.

2. 1. സ്വതസിദ്ധമായ നിന്റെ മുൻവിധികളെല്ലാം തുടച്ചുമാററൂ. നിന്റെ സഹജമായ പഴയതെററുകൾ അകററൂ. നവീന സന്ദേശമെന്ന് നീ കൂടി അംഗീകരിക്കുന്ന യാഥാർത്ഥ്യത്തിന്റെ ശ്രോതാവു[3] കൂടി ആയിത്തീരാനായി ഇതൊരു നവാനുഭവമെന്നവണ്ണമാകട്ടെ; അതുവഴി നീയൊരു പുതിയ മനുഷ്യനാകട്ടെ [4] ദേവന്മാരെന്നു നീ കരുതുകയും വിളിക്കുകയും ചെയ്യുന്ന സൃഷ്ടികൾ എന്തു വസ്തുകൊണ്ടുള്ളതാണെന്നും അവയുടെസ്വഭാവം എന്തെന്നും കാണുവാൻ നിന്റെ നേത്രങ്ങൾ മാത്രമല്ല, നിന്റെ യുക്തിയും ഉപയോഗിക്കുക. 2. പാദത്തിനടിയിലെ തറ പോലെ ഇതും കല്ലുതന്നെ; നമ്മുടെ ഉപയോഗത്തിനായി നിർമിക്കപ്പെട്ട ഗൃഹോപകരണങ്ങളേക്കാൾ മെച്ചമല്ല ആ ലോഹം. ഈ തടി, ഒരു പക്ഷേ, ഇപ്പോൾ ജീർണിച്ചതാകാം; ആ വെള്ളി മോഷ്ടിക്കപ്പെടാതിരിക്കാൻ ഒരു സൂക്ഷിപ്പുകാരനെ ആവശ്യമുണ്ടായിരിക്കും; ആ ഇരുമ്പ്, തുരുമ്പുപിടിച്ചു നശിക്കാനിടയുള്ളതാണ്; ഈ കളിമൺ പ്രതിമ, ഏററം നികൃഷ്ടകാര്യത്തിനുപയോഗിക്കുന്നതിൽനിന്ന് കാഴ്ചയിൽ മെച്ചമല്ല: ശരിയല്ലേ? 3. അവയെല്ലാം നശ്വരവസ്തുക്കൾകൊണ്ടു നിർമിതമല്ലേ? ഇരുമ്പും തീയും കൊണ്ടുണ്ടാക്കപ്പെട്ടതല്ലേ അവയെല്ലാം? ഒന്നിൽ കൽപണിക്കാരൻ അവന്റെ കഴിവു കാണിച്ചിരിക്കുന്നു; മറെറാന്നിൽ ചെമ്പുപണിക്കാരൻ; മൂന്നാമതൊന്നിൽ ഒരു തട്ടാൻ; നാലാമതൊന്നിൽ ഒരു കുശവൻ. ശരിയല്ലേ?ഈ ആളുകളുടെകഴിവുകൊണ്ട് വിവിധ വസ്തുക്കളെ സൂചിപ്പിക്കാൻ ഇവ രൂപീകരിക്കപ്പെടുന്നതിനുമുമ്പായിഅവയിലോരോന്നിലും ഓരോ കൊത്തുപണിക്കാരനും മറെറാരു രൂപത്തിലുള്ള ഒരു പദാർത്ഥത്തെ ദർശിച്ചില്ലേ?– യഥാർത്ഥത്തിൽ ഇപ്പോഴും അവർ കാണുന്നുണ്ട്. ഇവ കൊത്തുപണിക്കാരുടെ കൈയിൽ കിട്ടിയാൽ, ഇത്തരം വസ്തുക്കൾക്ക് തുല്യമായി ഇവ കൊണ്ടുള്ള ഗൃഹോപകരണങ്ങളെ നിർമിക്കയില്ലേ? 4. മറിച്ചും, നീയാരാധിക്കുന്ന ഈ വസ്തുക്കളും മനുഷ്യകരങ്ങളാൽ മററു ഗൃഹോ

www.malankaralibrary.com



പകരണങ്ങളെപ്പോലെയാക്കാൻ സാധിക്കയില്ലേ? അവ ഒന്നൊഴിയാതെ, കണ്ണുകാണാത്ത, ചെവികേരംക്കാത്ത, ജീവനില്ലാത്ത ചൈതന്യമില്ലാത്ത, ചലനമില്ലാത്ത വസ്തുക്കളല്ലേ? അവയെല്ലാം ജീർണ്ണിച്ചുകൊണ്ടിരിക്കുന്നതും പാഴായിത്തീരാനുള്ളതുമല്ലേ? 5. നീ ഇവയെ ദേവന്മാരെന്നു വിളിക്കുന്നു; ശുശ്രൂഷിക്കുന്നു; ആരാധിക്കുന്നു; അവസാനം ഇവയെപ്പോലെയാകയും ചെയ്യുന്നു.5 6. നീ ക്രിസ്ത്യാനികളെ വെറുക്കുന്നതിന്റെ കാരണം ഇവിടെയാണ്; ഈ വസ്തുക്കളെ ദേവന്മാരായി അവർ ഗണിക്കുന്നില്ല. 7. നീ അവയെ മഹത്ത്വപ്പെടുത്തുന്നുവെന്നു് നീ ഉറപ്പായി കരുതുന്നു; എങ്കിലും അവയോടു നിനക്കു വെറുപ്പല്ലേ ഉള്ളതു്? മണ്ണുകൊണ്ടും കല്ലുകൊണ്ടും നിർമിക്കപ്പെട്ട നിന്റെ ദേവന്മാരെ സംരക്ഷണം കൂടാതെ പുറത്തിടുകയും വെള്ളികൊണ്ടും സ്വർണംകൊണ്ടും ഉള്ളവയെ മോഷ്ടിക്കപ്പെടാതിരിക്കാൻ രാത്രിയിൽ അവയെ പൂട്ടി സൂക്ഷിക്കുകയും പകൽ കാത്തുസൂക്ഷിക്കയും ചെയ്യുമ്പോരം നീ അവയെ യഥാർത്ഥത്തിൽ അവഹേളിക്കയല്ലേ ചെയ്യുക? 8. നീ നല്കുന്നു എന്നു കരുതുന്ന ബഹുമാനത്തെപ്പററി അവയ്ക്കു് അവബോധം ഉണ്ടെങ്കിൽ നീ അവയെ ശിക്ഷിക്കയത്രേ ചെയ്യുന്നതു്; അവ ചലനമററവയെങ്കിൽ, രക്തംകൊണ്ടും മേദസ്സുകൊണ്ടും അവയ്ക്കു് നല്കുന്ന ആരാധന വെറും നാട്യംതന്നെ. 9. നിങ്ങളിലൊരുവനെങ്കിലും ഇത്തരമൊരു പെരുമാററത്തിനു കീഴ്പ്പെട്ടുകൊടുക്കുമോ? നിങ്ങളിലാർക്കെങ്കിലും ഇപ്രകാരം സംഭവിക്കാൻ നിങ്ങരം അനുവദിക്കുമോ? ഇല്ല. ഒരു മനുഷ്യജീവിയും സ്വമനസ്സാ ഇപ്രകാരമുള്ള ശിക്ഷകരംക്കു് സ്വയം സമപ്പിക്കയില്ല. കാരണം മനുഷ്യജീവിക്കു് വികാരവും ബുദ്ധിയുമുണ്ടു്. കല്ലു് നിശ്ചയമായും കീഴ്പ്പെടും, കല്ലിനു വികാരമില്ലല്ലോ. അതുകൊണ്ടു് അവയുടെ ചൈതന്യരാഹിത്യം നീ അംഗീകരിക്കുന്നു. ഇല്ലേ? 10. ഇത്തരം ദേവന്മാരുടെ അടിമകളല്ല ക്രിസ്ത്യാനികളെന്നു് എനിക്കു തെളിയിക്കാൻ കഴിയും; എന്നാൽ ഞാൻ പറഞ്ഞ കുറെ കാര്യങ്ങരം അപര്യാപ്തമെന്നു് ആരെങ്കിലും ചിന്തിച്ചാൽ, എന്തെങ്കിലും പറയുക അനാവശ്യമാണെന്നു ഞാൻ കരുതുന്നു.

3. 1. യഹൂദാരാധനയും ഞങ്ങളുടെ ആരാധനയും തമ്മിലുള്ള അന്തരമറിയാൻ നീ അത്യധികമായി ആഗ്രഹിക്കുന്നുവെന്നു് ഞാൻ കരുതുന്നു. 2. കൊള്ളാം. മുകളിൽ വിവരിച്ച ആരാധനയിൽനിന്നു് യഹൂദന്മാർ അകന്നുനില്ക്കുന്നു; പ്രപഞ്ചനാഥനായ ഏകദൈവത്തെ ആരാധിക്കുന്നു എന്ന അവരുടെ അവകാശവും ശരിയാണു്; എന്നാൽ മുകളിൽ വിവരിച്ച രീതിയിൽ അവർ അവനു് ഈ ആരാധന അർപ്പിക്കുന്നതിനാൽ, അവരും പാടേ തെററുകാരാണു്. 3. ചൈതന്യമററ, വിളിച്ചാൽ കേരംക്കാത്ത, വസ്തുക്കരംക്കു് ഗ്രീക്കുകാർ അപ്പണം നടത്തുകയും അതുവഴി, അവ

www.malankaralibrary.com



രുടെ അജ്ഞത വെളിപ്പെടുത്തുകയും ചെയ്യുന്നു എന്നതു് സ്പഷ്ട മത്രേ; ദൈവത്തിനിവ ആവശ്യമാണ്' എന്ന മട്ടിലത്രേ യൂദന്മാ രുടെ അർപ്പണങ്ങൾ; ഇതും മതാത്മകകർമ്മമല്ല, തെററായ കർമ്മമത്രേ. 4. വാസ്തവത്തിൽ, 'ആകാശവും ഭൂമിയും അവയി ലുള്ള സമസ്തവും നിർമ്മിക്കയും,6 നമുക്കാവശ്യമുള്ളവയെല്ലാം നൽകുകയും ചെയ്യുന്നവന്', താൻ കൊടുത്തവയൊന്നും ഒരി ക്കലും ആവശ്യമില്ല. 5. ഏതായാലും, എന്റെ നോട്ടത്തിൽ മൃഗങ്ങളുടെ രക്തംകൊണ്ടും മേദസ്സുകൊണ്ടും ദഹനയാഗങ്ങൾ കൊണ്ടും ബലിയർപ്പിച്ച് ദൈവത്തെ ബഹുമാനിക്കുന്നു എന്ന് വിശ്വസിക്കുന്നവർ, ചൈതന്യമററ വസ്തുക്കൾക്ക് ഈ ആരാ ധന നല്കുന്നവരിൽ നിന്ന് ഒരിക്കലും വ്യത്യസ്തരല്ല. തങ്ങൾ യഥാർത്ഥ ബലി അർപ്പിക്കയാണെന്നത്രേ ഇരുകൂട്ടരും കരുതു ന്നതു്; ഒരു കൂട്ടർ ബഹുമാനം സ്വീകരിക്കാൻ ശക്തിയില്ലാത്ത തിനും, രണ്ടാമത്തെ കൂട്ടർ, യാതൊന്നും ആവശ്യമില്ലാത്തതിനും നല്കുന്നു. ഫലത്തിൽ രണ്ടും ഒന്നുതന്നെ.

4. 1. കൂടാതെ ഭക്ഷണകാര്യങ്ങളെ സംബന്ധിച്ചുള്ള അവരുടെ ഒച്ചപ്പാടും, ശാബതു് സംബന്ധിച്ചുള്ള അന്ധവിശ്വാ സവും, ഛേദനാചരണത്തെ ചൊല്ലിയുള്ള വീമ്പടിക്കലും, ഉപവാസദിവസങ്ങളിലും, അമാവാസിയിലും അവർ കാട്ടുന്ന പ്രകടനങ്ങളും, ശ്രദ്ധേയം തന്നെ.7 ഈ കാര്യങ്ങളെല്ലാം അപ ഹാസ്യങ്ങളും, പരിഗണന അർഹിക്കാത്തവയുമത്രേ. അവയെ പ്പററി ഞാൻ നിന്നെ പ്രബോധിപ്പിക്കണമെന്ന് നീയാഗ്രഹിക്കു ന്നില്ലെന്ന് ഞാൻ കരുതുന്നു. 2. മനുഷ്യോപയോഗാർത്ഥം ദൈവം സൃഷ്ടിച്ചവയിൽ ചിലതു മാത്രം നല്ലകാര്യത്തിനെന്നു വണ്ണം ഉപയോഗിക്കുന്നതും മററുള്ളവ ഉപയോഗശൂന്യവും അനാ വശ്യവുമെന്നു കരുതി തള്ളിക്കളയുന്നതും യഥാർത്ഥത്തിൽ തെററ ല്ലേ? 3. ശാബതുദിവസം ഒരു നന്മ പ്രവൃത്തിപോലും തടയുന്നു എന്നു പറഞ്ഞു ദൈവത്തെ തെററായി ചിത്രീകരിക്കുന്നതു തിക ഞ്ഞ അഭക്തിയല്ലേ?8 ജഡച്ഛേദനം തെരഞ്ഞെടുപ്പിന്റെ അട യാളമായി9 വീമ്പടിക്കയും, അതുവഴി മനുഷ്യർ പ്രത്യേക രീതി യിൽ ദൈവത്താൽ സ്നേഹിക്കപ്പെട്ടവരെന്നു കരുതുകയും ചെയ്യു ന്നതു പരിഹാസ്യമല്ലേ?. 5. വീണ്ടും മാസങ്ങളുടെയും ദിവസങ്ങ ളുടെയും10 ആചരണത്തിനായി നക്ഷത്രങ്ങളെയും ചന്ദ്രനേയും കൃത്യമായി അവർ സൂക്ഷ്മനിരീക്ഷണം ചെയ്യുന്നു; അവരുടെ താല്പര്യങ്ങൾക്കനുസൃതം, ദൈവം രൂപീകരിച്ച കാലങ്ങളിൽ ചിലതിനെ ആഘോഷകാലങ്ങളായും, ചിലതിനെ ദുഃഖകാല ങ്ങളായും അവർ വേർതിരിക്കുന്നു! ഇതു മതത്തിനു തെളിവായി ആരു് അംഗീകരിക്കും? അറിവിന്റെ അഭാവമല്ലാതെ മറെറന്താ ണ് ഇതിലുള്ളതു്? 6 ഇരുഗ്രൂപ്പുകാരുടെയും വിചാരശൂന്യമായ

www.malankaralibrary.com



തെററുകളിൽ നിന്ന്, പ്രത്യേകിച്ച് യൂദന്മാരുടെ വമ്പത്വം നിറഞ്ഞ അനാവശ്യങ്ങളിൽനിന്ന്, ക്രിസ്ത്യാനികൾ അകന്നിരിക്കുന്നതിന്റെ ഔചിത്യം മനസ്സിലാക്കുവാൻ തക്കവണ്ണം നീ പഠിച്ചുകാണുമെന്ന് ഇപ്പോൾ ഞാൻ കരുതുന്നു. ക്രിസ്ത്യാനികളുടെ മതസംബന്ധമായ രഹസ്യത്തെക്കുറിച്ച്[11], മാനുഷികാധികാരങ്ങളിൽനിന്നു പഠിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കേണ്ട.[12]

5. 1. രാജ്യം, ഭാഷ, ആചാരം എന്നിവയിൽ ക്രിസ്ത്യാനികൾ മററുള്ളവരിൽനിന്നു വ്യത്യസ്തരല്ല. 2. യഥാർത്ഥത്തിൽ അവർ അവരുടേതു് മാത്രമായ പട്ടണങ്ങളിൽ വസിക്കുന്നില്ല; അവക്കൊരു പ്രത്യേക ഭാഷയില്ല; അവക്കൊരു വ്യത്യസ്ത ജീവിതരീതിയുമില്ല. 3. വാസ്തവത്തിൽ അവരുടെ ഈ വിശ്വാസം അന്വേഷണകുതുകികളുടെ[13] ചിന്താഫലമോ, ഭാവനാസൃഷ്ടിയോ അല്ല, ചിലർ ചെയ്യുന്നതുപോലെ അവരുടേതു മാനുഷികമായ ഉത്ഭവം ഉള്ള തത്ത്വവുമല്ല. 4. ഓരോരുത്തരുടെയും വിധിപോലെ അവർ ഗ്രീക്കു നഗരങ്ങളിലും മററു നഗരങ്ങളിലും വസിക്കുകയും, വസ്ത്രത്തിലും, ആചാരത്തിലും പൊതുജീവിതരീതിയിലും തങ്ങൾ വസിക്കുന്ന രാജ്യത്തെ രീതി ആചരിക്കുകയും ചെയ്യുന്നു. എങ്കിലും അവരുടെ ജീവിതം മൊത്തത്തിൽ സ്തുത്യർഹവും തികച്ചും അസാധാരണവുമാണ്.[14] 5. അവർ അവരവരുടെ രാജ്യത്തു്, പരദേശികളെപ്പോലെ[15] വസിക്കുന്നു. പൗരന്മാരെപ്പോലെ എല്ലാ കാര്യങ്ങളിലും പങ്കെടുക്കുന്നു; വിദേശികളെപ്പോലെ എല്ലാം സഹിക്കുന്നു. എല്ലാ വിദേശരാജ്യവും അവരുടെ ഭവനമാണ്; ഓരോ വീടും വിദേശരാജ്യവുമാണ്. 6. അവർ മററുള്ളവരെപ്പോലെ വിവാഹം കഴിക്കയും കുട്ടികളെ ജനിപ്പിക്കയും ചെയ്യുന്നു; എന്നാൽ അവർ അവരുടെ കുട്ടികളെ പുറത്തെറിയുന്നില്ല.[16] 7. അവരുടെ വീട് അവർ എല്ലാവർക്കുമായി തുറന്നിടുന്നു. എന്നാൽ അവരുടെ കിടക്ക അവർ മററുള്ളവർക്കായി വിരിക്കുന്നില്ല. 8. തങ്ങൾ ശരീരത്തിലാണെന്ന് അവർ ഗ്രഹിക്കുന്നു; എന്നാൽ ശാരീരികമായി അവർ വ്യാപരിക്കുന്നില്ല.[17] 9. അവർ അവരുടെ ദിവസങ്ങൾ ഭൂമിയിൽ ചിലവഴിക്കുന്നു; എന്നാൽ അവരുടെ പൗരത്വം സ്വർഗത്തിലാണ്.[18] 10. വ്യവസ്ഥാപിത നിയമങ്ങൾ അവർ അനുസരിക്കുന്നു;[19] എന്നാൽ അവരുടെ രഹസ്യജീവിതത്തിൽ അവർ നിയമത്തിനു പരി വർത്തിക്കുന്നു. 11. അവർ എല്ലാവരെയും സ്നേഹിക്കുന്നു; എന്നാൽ എല്ലാവരാലും പീഡിപ്പിക്കപ്പെടുന്നു. 12. അവർ അറിയപ്പെടാത്തവരാണ്;[20] എങ്കിലും വിധിക്കപ്പെടുന്നു, അവർ കൊല്ലപ്പെടുന്നു; എങ്കിലും അവർ ജീവൻ പ്രാപിക്കുന്നു. 13. അവർ ദരിദ്രരാണ്; എന്നാൽ അനേകരെ സമ്പന്നരാക്കുന്നു.[21] അവർക്കു് ഒന്നുമില്ല, എന്നാൽ എല്ലാം തികഞ്ഞവരാണ്

www.malankaralibrary.com



14. അവർ അപമാനിക്കപ്പെടുന്നു; അവരുടെ അപമാനത്തിൽ അവർ മഹത്വം കണ്ടെത്തുന്നു. അവർ ദൂഷിക്കപ്പെടുന്നു; എന്നാൽ അവരുടെ നിരപരാധിത്വം തെളിയിക്കപ്പെടുന്നു. 15. അവർ നിന്ദിക്കപ്പെടുന്നു; എന്നാൽ അവർ അനുഗ്രഹിക്കുന്നു.[22] അവർ ശകാരിക്കപ്പെടുന്നു; എന്നാൽ അവർ ബഹുമാനം നല്കുന്നു. 16. നന്മ ചെയ്യുന്നതിനാൽ ദുഷ്പ്രവൃത്തകരെപ്പോലെ അവർ കുററം വിധിക്കപ്പെടുന്നു.[23] വിധിക്കപ്പെടുമ്പോൾ അവർ സന്തോഷിക്കുന്നു.[24] കാരണം അവർ ജീവനിലേക്ക് ഉയിർപ്പിക്കപ്പെടുന്നു. 17. വിദേശികളെപ്പോലെ യൂദന്മാർ അവരോട് യുദ്ധം ചെയ്യുന്നു; ഗ്രീക്കുകാർ അവരെ പീഡിപ്പിക്കുന്നു; അവരെ വെറുക്കുന്നവർ അവരുടെ വെറുപ്പിൻെറ കാരണം കണ്ടെത്തുന്നില്ല.[25]

6. 1. ചുരുക്കത്തിൽ; ശരീരത്തിൽ ആത്മാവെന്നപോലെയാണ് ക്രിസ്ത്യാനികൾ ഈ ലോകത്തിൽ.[26] 2. ആത്മാവ് ശരീരത്തിൻെറ എല്ലാ അവയവങ്ങളിലും വ്യാപരിച്ചിരിക്കുന്നു; ക്രിസ്ത്യാനികൾ ലോകത്തിലെ എല്ലാ പട്ടണങ്ങളിലും. 3. ആത്മാവ് ശരീരത്തിൽ വസിക്കുന്നു. എന്നാൽ അതു ശരീരത്തിൻെറ ഭാഗമല്ല. അതുപോലെ ക്രിസ്ത്യാനികൾ ഈ ലോകത്തിൽ വസിക്കുന്നു: എന്നാൽ ഈ ലോകത്തിൻെറ ഭാഗമല്ല.[27] 4. സ്വതേ അദൃശ്യമായ ആത്മാവ് ദൃശ്യശരീരത്തിൽ അടയ്ക്കപ്പെട്ടിരിക്കുന്നു; അതുപോലെ ക്രിസ്ത്യാനികൾ ഈ ലോകത്തിൽ അറിയപ്പെടുന്നു; എന്നാൽ അവരുടെ മതം അദൃശ്യമായി നിലകൊള്ളുന്നു. 5. ആത്മാവിൽനിന്ന് ശരീരം ഒരു പീഡയും ഏല്പിക്കുന്നില്ലെങ്കിലും ആത്മാവിനെ വെറുക്കുകയും അതിനോട് യുദ്ധം ചെയ്യുകയും ചെയ്യുന്നു;[28] കാരണം, ജഡത്തിൻെറ വികാരങ്ങൾക്കടിപ്പെടുന്നതു് ആത്മാവ് തടയുന്നു; അതുപോലെ ഈ ലോകം ക്രിസ്ത്യാനികളിൽനിന്ന് യാതൊരു ദോഷവും സഹിക്കുന്നില്ലെങ്കിലും അവരെ വെറുക്കുന്നു; കാരണം, അവർ ലോകത്തിൻെറ സുഖങ്ങൾ എതിർക്കുന്നു. 6. തന്നെ വെറുക്കുന്ന ശരീരത്തേയും അവയവങ്ങളെയും ആത്മാവ് സ്നേഹിക്കുന്നു.[29] അതുപോലെ ക്രിസ്ത്യാനികളും തങ്ങളെ വെറുക്കുന്നവരെ സ്നേഹിക്കുന്നു. 7. ആത്മാവ് ശരീരത്തിൽ അടയ്ക്കപ്പെട്ടിരിക്കുന്നു; എങ്കിലും ആത്മാവാണ് ശരീരത്തെ ഒന്നിച്ചുചേർത്തു നിർത്തുന്നതു്; അതുപോലെ, ജയിലറയിലെന്നവണ്ണം ക്രിസ്ത്യാനികൾ ഈ ലോകത്തിൽ അടയ്ക്കപ്പെട്ടവരാണ്; എന്നാൽ അവരാണ് ഈ ലോകത്തെ ഒന്നിച്ചു നിർത്തുന്നതു്.[30] 8. അമർത്യമായ ആത്മാവ് മർത്യശരീരത്തിൽ കുടികൊള്ളുന്നു; അതുപോലെ നശ്വരവസ്തുക്കളുടെയിടയിൽ അപരിചിതരെപ്പോലെ ക്രിസ്ത്യാനികൾ വസിക്കുന്നു. എങ്കിലും, സ്വർഗത്തിൽ അവരെ കാത്തിരിക്കുന്ന അമർത്യതയെ അവർ നോക്കിപ്പാർക്കുന്നു.[31] 9. ഭക്ഷണ

www.malankaralibrary.com



പാനീയങ്ങഠം നിയന്ത്രിക്കപ്പെട്ടപ്പോഠം ആത്മാവു് പുഷ്ടിപ്രാപിക്കുന്നു; അതുപോലെ വധിക്കപ്പെട്ടപ്പോഠം അക്കാരണത്താൽ തന്നെ ക്രിസ്ത്യാനികഠം അനുദിനം എണ്ണത്തിൽ വർദ്ധിച്ചുവരുന്നു.[32] 10. അത്തരമാണു് ദൈവം അവർക്കു കല്പിച്ചുകൊടുത്തിരിക്കുന്ന സുപ്രധാന ജോലി; അതുപേക്ഷിക്കാൻ അവൎക്കൊട്ടും സ്വാതന്ത്ര്യമില്ല.

7. 1 അത്ഭുതത്തിനു കാര്യമില്ല.[33] ഞാൻ സൂചിപ്പിച്ചതുപോലെ അവർക്കേൽപിക്കപ്പെട്ടിരിക്കുന്നതു് ഒരു ഭൗമിക കണ്ടുപിടിത്തമായിരുന്നില്ല. ഔൽസുക്യപൂർവം പരിരക്ഷിക്കപ്പെടേണ്ടതു് നശ്വരബുദ്ധിയുടെ ഒരു സൃഷ്ടിയല്ല; വെറും മാനുഷികരഹസ്യങ്ങളുടെ പരികർമ്മമല്ല അവർക്കു് ഏല്പിക്കപ്പെട്ടതും. 2. മറിച്ചു്, എല്ലാററിൻെറയും സ്രഷ്ടാവും എല്ലാവരുടെയും കർത്താവുമായ അദൃശ്യദൈവംതന്നെ, യഥാർത്ഥത്തിൽ സ്വന്ത ഇഷ്ടത്താലെ സത്യവും പരിശുദ്ധവും അഗ്രാഹ്യവുമായ വചനം മനുഷ്യരുടെയിടയിൽ എത്തിക്കയും ഉറപ്പായി മനുഷ്യഹൃദയങ്ങളിൽ സ്ഥാപിക്കയും ചെയ്തു. ചിലർ ഊഹിക്കുന്നതുപോലെ തൻെറ താഴെയുള്ള ഒരാളെ—മാലാഖയെയോ, അധികാരിയെയോ, ഭൗമിക കാര്യങ്ങളുടെ ചുമതലയുള്ളവനേയോ, ഭൗമിക കാര്യങ്ങളുടെ ഭരണം കയ്യേററിരിക്കുന്നവനേയോ—അയച്ചല്ല ദൈവം അതു ചെയ്തതു്.[34] അങ്ങനെയല്ല, ഈ പ്രപഞ്ചത്തിൻെറ സൂത്രധാരകനും നിർമ്മാതാവുമായവനെത്തന്നെഅയച്ചു്[35] അവൻ വഴി ദൈവം ആകാശങ്ങളെ സൃഷ്ടിച്ചു; അവൻവഴി അവൻ കടലിനു് അതിരിട്ടു. അവൻെറ വിശകലനാതീതമായ ആസൂത്രണം വിശ്വസ്തതാപൂർവം പ്രകൃതിശക്തികഠം പാലിക്കുന്നു. അനുദിനം അനുവർത്തിക്കേണ്ട നടപടിക്രമം സൂര്യൻ അവനിൽനിന്നു സ്വീകരിച്ചു. രാത്രിയിൽ വെളിച്ചം നല്കാൻ അവൻ ചന്ദ്രനോടു കല്പിക്കുമ്പോഠം അവൻ അനുസരിക്കുന്നു. ചന്ദ്രൻെറ ഗതിയനുസരിക്കുന്നതിൽ നക്ഷത്രങ്ങളും അവനെ അനുസരിക്കുന്നു. പ്രപഞ്ചത്തിൽ ഓരോന്നിനുമുള്ള ക്രമവും, അതിരും, യഥാർത്ഥ സ്ഥാനവും എല്ലാ വസ്തുക്കളും—ആകാശവും അവയിലുള്ളവയും ധരയും ധരയിലുള്ളവയും, കടലും കടലിലുള്ളവയും അഗ്നിയും, വായുവും, ഭൂഗർഭവും, മേലുയരത്തിലുള്ള വസ്തുക്കളും താഴെ അഗാധത്തിലുള്ളവയും, മദ്ധ്യലോകത്തുള്ള വസ്തുക്കളും—അവനിൽനിന്നു പ്രാപിച്ചു. 3. മർദനഭരണം നടത്തുന്നതിനും, ഭയപ്പെടുത്തുന്നതിനും ഭീതി പരത്തുന്നതിനും മാനുഷിക മസ്തിഷ്കം നിരൂപിക്കുന്നതുപോലെയാണോ ദൈവം പ്രവർത്തിക്കുന്നതു്? 4. തീർച്ചയായും അല്ല;[36] ഒരു രാജാവു തൻെറ രാജാവായമകനെ അയയ്ക്കുന്നതുപോലെ ദൈവിക കർമ്മം സ്നേഹം നിറഞ്ഞ കാരുണ്യത്തിൻെറ പ്രവൃത്തിയായിരുന്നു. അവൻ അവനെ ദൈവമായി അയച്ചു. അവൻ മനു

www.malankaralibrary.com



ഷ്യക്ക് മനുഷ്യനായി അവനെ അയച്ചു. നിർബന്ധിക്കാനല്ല, പിന്നെയോ രക്ഷിപ്പാനും പ്രേരിപ്പാനും അവന്റെ ദൗത്യം അവനെ പ്രചോദിപ്പിച്ചു. നിർബന്ധിക്കൽ ദൈവത്തിനു ചേർന്നതല്ല. 5. അവന്റെ ദൗത്യം ഒരു ക്ഷണമായിരുന്നു; ഒരു പ്രതികാര നടപടി ആയിരുന്നില്ല. ഒരു സ്നേഹപ്രവൃത്തിയായിരുന്നു; നീതിനിടത്തലായിരുന്നില്ല. 6. ഒരിക്കൽ നിശ്ചയമായും അവൻ അവനെ വിധിയാളനായി അയയ്ക്കും. അന്ന് അവന്റെ വരവിനെ ആക്ക് സഹിക്കാനാവും.........[37] 7. കർത്താവിനെ തള്ളിപ്പറയിക്കാൻ ക്രിസ്ത്യാനികളെ എപ്രകാരം വന്യമൃഗങ്ങൾക്കെറിഞ്ഞെന്നും, കീഴ്പ്പെടുത്തപ്പെടാൻ വിസമ്മതിച്ചെന്നും നീ കാണുന്നില്ലേ? 8. അവരെ ശിക്ഷയ്ക്കു വിധിക്കുന്നതിനനുസരിച്ച് അവരുടെ സംഖ്യ വർദ്ധിച്ചുവരുന്നു എന്നു നീ കാണുന്നില്ലേ? 9. ഈവക സംഗതികൾക്ക് മാനുഷിക കർത്തൃത്വം ആരോപിക്കാനാവില്ല. ഇവിടെയാണ് ദൈവത്തിന്റെ ശക്തി; ഇവിടെയാണ് തന്റെ നിരന്തരസാന്നിദ്ധ്യത്തിന്റെ തെളിവുകൾ!

8. 1. വാസ്തവത്തിൽ അവൻ വരുന്നതിനു മുമ്പ്, ദൈവത്തെപ്പററി മനുഷ്യന് എന്തറിയാമായിരുന്നു? 2. അതോ വിശ്വസനീയരായ[37a] തത്വശാസ്ത്രജ്ഞന്മാർ വിളിച്ചുകൂവുന്ന അർത്ഥശൂന്യത നീ സ്വീകരിക്കുന്നുവോ? അവരിൽ ചിലർ, ദൈവം അഗ്നിയാണെന്നു കരുതി;[38] ജലമാണെന്നു മററു ചിലർ പറഞ്ഞു. സൃഷ്ടിക്കപ്പെട്ട പദാർത്ഥങ്ങളിൽ ഏതോ ഒന്ന് ആണ് ദൈവം എന്ന് വേറെ ചിലർ സങ്കല്പിച്ചു. 3. ഇവയിലേതെങ്കിലുമൊരു തത്ത്വം സ്വീകാര്യമാണെങ്കിൽ, ശേഷം സൃഷ്ടികളോരോന്നും ദൈവമെന്ന് തെളിയിക്കപ്പെടും. 4. ഇതു ചെപ്പടിവിദ്യയും പിത്തലാട്ടത്തിൽനിന്ന് ഉടലെടുത്ത കാപട്യവുമല്ലാതെ മറെറാന്നുമല്ല. 5. ഒരു മനുഷ്യനും ദൈവത്തെ കാണുകയോ, ദൈവത്തെ വെളിപ്പെടുത്തുകയോ ചെയ്തിട്ടില്ല; എന്നാൽ അവൻ സ്വയം വെളിപ്പെടുത്തി;[39] 6. അവൻ വിശ്വാസംവഴി സ്വയം വെളിപ്പെടുത്തി; അതുവഴിയേ നമുക്കു ദൈവത്തെ കാണുവാൻ സാദ്ധ്യമാക്കിയിട്ടുള്ളു. 7. കർത്താവും പ്രപഞ്ചസ്രഷ്ടാവും എല്ലാം സൃഷ്ടിച്ചവനും, ഓരോന്നിനും അതിന്റേതായ സ്ഥാനം ക്രമീകരിച്ചവനുമായ ദൈവം മനുഷ്യരുടെ സുഹൃത്തും ദീർഘക്ഷമയുള്ളവനും ആണെന്നു് തെളിയിച്ചിരിക്കുന്നു. 8. അവൻ എന്നും അപ്രകാരമായിരുന്നു; ആകുന്നു; അപ്രകാരം ആയിരിക്കയും ചെയ്യും–ദയയുള്ളവനും നല്ലവനും, ക്ഷോഭിക്കാത്തവനും സത്യവാനും; യഥാർത്ഥത്തിൽ അവൻ മാത്രമാകുന്നു നല്ലവൻ! 9. മഹത്തും അവാച്യവുമായ ഒരുദ്ദേശം ചിന്തിച്ചു, തന്റെ പുത്രനെ മാത്രം ദൈവം അതു് അറിയിച്ചു. 10. തന്റെ വിജ്ഞാനം നിറഞ്ഞ ആലോചന തന്നിലടക്കി രഹസ്യമായി വച്ചിരുന്നിടത്തോളം

www.malankaralibrary.com



കാലം, അവൻ നിന്നെപ്പററി പര്യാകുലനല്ലായെന്നു ഉപരിപ്ലവമായി തോന്നാം. 11. എന്നാൽ ഒരിക്കൽ ആരംഭം മുതൽ ഒരുക്കപ്പെട്ടിരുന്നതു് തൻെറ പ്രിയപുത്രൻവഴി വെളിപ്പെടുത്തിയപ്പോഠം, ഒന്നിച്ചെല്ലാംകൂടി അവൻ നമുക്കു് അനുവദിച്ചുതന്നു. തൻെറ നന്മകളിൽ അവൻ നമ്മെ പങ്കാളികളാക്കുകയും, നമുക്കൊരിക്കലും പ്രതീക്ഷിക്കാൻ വഹിയാത്ത കാര്യങ്ങഠം കാണുകയും ഗ്രഹിക്കുകയും ചെയ്യാൻ കഴിവുററവരാക്കുകയും ചെയ്തു.40

9. 1. തൻെറ പുത്രനോടാലോചിച്ചു് എല്ലാം മുൻകൂട്ടിത്തന്നെ തീരുമാനിച്ചുറച്ചതിനുശേഷവും, ഇക്കാലമത്രയും41 നമുക്കിഷ്ടമുള്ളതുപോലെ നമ്മുടെ അനിയന്ത്രിത വികാരങ്ങഠംക്കു്42 അടിമപ്പെട്ടു ജീവിക്കാൻ ദൈവം നമ്മെ അനുവദിച്ചു. നമ്മുടെ അതിക്രമങ്ങളിൽ അവൻ സന്തുഷ്ടനായതിനാലല്ല: പ്രത്യുത അവൻ ദീർഘശാന്തതയുള്ളവനായി വർത്തിച്ചു എന്നു മാത്രം. ദുഷ്ടതയുടെ ആ യുഗം അവൻ അംഗീകരിച്ചതിനാലല്ല പിന്നെയോ വിശുദ്ധിയുടെ ഈ യുഗം അവൻഇക്കാലമത്രയും രൂപപ്പെടുത്തുകയായിരുന്നു. നമ്മുടെ മുൻകാല ചെയ്തികളാൽ നാം ജീവനു് അനർഹരാണെന്നു് തെളിയിക്കപ്പെട്ടശേഷം, ദൈവത്തിൻെറ നന്മയാൽ യോഗ്യരായിത്തീരണമെന്നു് ദൈവം തീരുമാനിച്ചു. ദൈവരാജ്യത്തിൽ പ്രവേശിക്കുന്നതിനുള്ള43 നമ്മുടെ കഴിവുകേടു നാം വ്യക്തമാക്കിയശേഷം ദൈവികശക്തിയാൽ അതിനു യോഗ്യരാക്കപ്പെടുവാൻ ദൈവം ഇച്ഛിച്ചു. 2. നമ്മുടെ ദുഷ്ടതയുടെ പാനപാത്രം കവിയുകയും അതിൻെറ പ്രതിഫലമായ മരണശിക്ഷ ഉണ്ടാകും എന്നു് പൂർണമായി വ്യക്തമാകുകയും ചെയ്തപ്പോഠം തൻെറ നന്മയും ശക്തിയും ഇനിമേൽ വെളിപ്പെടുത്താൻ ദൈവം തിരുമനസ്സായ സമയം സമാഗതമായി. ഓ! മനുഷ്യരോടുള്ള ദൈവത്തിൻെറ അത്ഭുതകരമായ ദയയും സ്നേഹവും!44 അവൻ നമ്മെ വെറുത്തില്ല. നമ്മെ തള്ളിക്കളഞ്ഞില്ല; നമ്മുടെ തെററുകഠം അനുസ്മരിച്ചുമില്ല: അവൻ ക്ഷമയും ദീർഘശാന്തതയും കാട്ടി. തൻെറ ദയയാൽ സ്വന്തഇഷ്ടത്താൽ അവൻ നമ്മുടെ പാപഭാരം നീക്കി. സ്വന്തഇഷ്ടത്താൽ നമ്മെ പ്രതി ഒരു മോചന ദ്രവ്യമായി തൻെറ പുത്രനെത്തന്നെ അവൻ കയ്യാളിച്ചു.45 പാപികഠംക്കായി വിശുദ്ധനും, കുററവാളിക്കായി കുററമററവനും, ദുഷ്ടന്മാക്കായി നിരപരാധിയും46 ജീർണിതക്കായി കറ തീർന്നവനും. മർത്യക്കായി അമർത്യനും കയ്യാളിക്കപ്പെട്ടു. 3. തൻെറ വിശുദ്ധിക്കല്ലാതെ മറെറന്തിനു് നമ്മുടെ പാപക്കറകളെ കഴുകിക്കളയുവാൻ സാധിക്കുമായിരുന്നു? 4. ദൈവപുത്രനിൽ മാത്രമല്ലാതെ മററാരിൽ നിയമരഹിതരും അഭക്തരുമായനമുക്കു് വിശുദ്ധീകരിക്കപ്പെടുവാൻ സാധിക്കും? 5. ഓ! ഏററംമാധുര്യമേറിയ കൈമാററം! ഓ! അളവററ നേട്ടം! ഓ! അപ്രതീക്ഷിതമായ അനുഗ്രഹം. അനേകരുടെ

www.malankaralibrary.com



പാപം വിശുദ്ധനായ ഒരുവനിൽ കഴിച്ചുമൂടപ്പെട്ടു; ഒരുവൻെറ വിശുദ്ധി പാപികളായ അനേകരെ വിശുദ്ധീകരിക്കുന്നു! 6. നമുക്ക് ജീവൻ നേടിത്തരാൻവേണ്ടി മുൻകാലത്തു് അവൻ നമ്മുടെ പ്രകൃതിയുടെ കഴിവുകേടു് വ്യക്തമാക്കിത്തന്നു: ഇപ്പോഠം അശക്തമായതിനെപ്പോലും രക്ഷിക്കാൻ ശക്തനായ രക്ഷകനെ അവൻ വെളിപ്പെടുത്തി. ഈ കാരണത്താലും തൻെറ സ്നേഹം നിറഞ്ഞ കരുണയിൽ നമുക്കു് വിശ്വാസം ഉണ്ടാകുവാനും അവനെ ശുശ്രൂഷിയും, പിതാവും, ഗുരുവും, ഉപദേഷ്ടാവും, വൈദ്യനും, ബുദ്ധിയും, പ്രകാശവും, ബഹുമാനവും, മഹത്ത്വവും, ശക്തിയും ജീവനുമായി കരുതുവാനും ഭക്ഷണത്തെയും വസ്ത്രത്തെയും പററി പര്യാകുലരാകാതിരിക്കുവാനും അവൻ ആഗ്രഹിക്കുന്നു.[47]

10. 1. ഈ വിശ്വാസംതന്നെയാണു് നീയും ആഗ്രഹിക്കുന്നതെങ്കിൽ, പിതാവിനെ സംബന്ധിച്ച ഒരു പൂർണ്ണജ്ഞാനം ആദ്യമായി സമ്പാദിക്കണം. 2. ദൈവം മനുഷ്യനെ സ്നേഹിക്കുന്നു എന്നതാണു് യാഥാർത്ഥ്യം. അവിടുന്നു് ഈ ലോകം മനുഷ്യർക്കുവേണ്ടിയാണു് ഉണ്ടാക്കിയതു്. ധരയിലുള്ളതെല്ലാം അവിടുന്നു് അവർക്കുവേണ്ടി സജ്ജമാക്കി, അവക്കു ബുദ്ധിയും യുക്തിയും നല്കി. തന്നിലേക്കു തിരിയുവാനുള്ള ഗതി അവക്കുമാത്രം നല്കി. നിൻെറ ഛായയിൽതന്നെ അവരെ മെനഞ്ഞു; തൻെറ ഏകജാതനെ അവരുടെ പക്കലേക്കയച്ചു്[48] അവക്കു സ്വർഗരാജ്യം വാഗ്ദാനം ചെയ്തു; അവൻ തന്നെ സ്നേഹിക്കുന്നവക്കു് അതു നൽകും. 3. ഈ അറിവു പ്രാപിച്ചുകഴിയുമ്പോഠം നിനക്കു ലഭിക്കാൻപോകുന്ന സന്തോഷത്തെപ്പററി ഊഹിക്കാൻകഴിയുമോ? നിന്നെ ആദ്യമായി സ്നേഹിച്ചവനെ എത്ര ആഴമായി നീ സ്നേഹിക്കയില്ല! 4. അവനെ നീ സ്നേഹിച്ചുകഴിഞ്ഞാൽ, നീ അവൻെറ നന്മയെ അനുകരിക്കുന്നവനാകും. മനുഷ്യനു ദൈവത്തെ അനുകരിക്കാം[49] എന്നതിൽ ആശ്ചര്യപ്പെടേണ്ട. ദൈവം ഇച്ഛിക്കുന്നതെന്തും സാധ്യമാണു്. 5. സ്വന്തം സുഖത്തിനുവേണ്ടി അയൽക്കാരനെ ഉരുക്കുമുഷ്ടിയിൻ കീഴിൽ അമർത്തേണ്ട കാര്യമില്ല. ദുർബലരുടെമേൽ ആധിപത്യം നടത്തേണ്ടതില്ല. സമ്പന്നരായിരിക്കയും കീഴുള്ളവരുടെമേൽ ബലപ്രയോഗം നടത്തുകയും ചെയ്യേണ്ട കാര്യമില്ല. ഈ കാര്യങ്ങളിലൊന്നുമല്ല നാം ദൈവത്തെ അനുകരിക്കേണ്ടതു്. ഈവക കാര്യങ്ങളൊന്നും തൻെറ മഹത്ത്വത്തിനു ചേർന്നതല്ല. 6. മറിച്ചു് അയൽക്കാരൻെറ ഭാരം വഹിക്കയും[50] മെച്ചപ്പെട്ട നിലയിലുള്ളവൻ താഴ്ന്ന നിലയിലുള്ളവനെ സഹായിക്കുകയും, ദൈവത്തിൽനിന്നു തനിക്കു ലഭിച്ചിട്ടുള്ളതുകൊണ്ടു് ആവശ്യക്കാരനു പങ്കിട്ടുകൊടുക്കുകയും ചെയ്യുന്നവൻ സഹായം സ്വീകരിക്കുന്നവനു് ദൈവമായി

www.malankaralibrary.com



ത്തീരുകയാണ്.[51] ഞാൻ പറയുന്നു, അവൻ ദൈവത്തെ അനുകരിക്കയാകുന്നു. 7. അപ്പോഠം ദൈവം സ്വർഗത്തിൽ വസിക്കുന്നു എന്ന് ധരയിലായിരിക്കുമ്പോഴെ നിനക്കു സ്പഷ്ടമാകും; നീ ദൈവികരഹസ്യങ്ങളെപ്പററി നല്ല പ്രസംഗങ്ങഠം നടത്തും;[52] ദൈവത്തെ തള്ളിപ്പറയുവാൻ ഇഷ്ടപ്പെടാത്തവർക്കു ലഭിച്ച പീഡനങ്ങഠംക്കു സ്വയം സമപ്പിച്ചവരെ നീ സ്നേഹിക്കയും ബഹുമാനിക്കയും ചെയ്യും; ഈ ലോകത്തിൻെറ ചതിയും വഞ്ചനയും നീ തള്ളിക്കളയും. സ്വർഗ്ഗത്തിലുള്ള യഥാർത്ഥജീവനെന്തെന്ന് ഗ്രഹിച്ചുകഴിയുമ്പോഠം, ഇവിടെ ഭൂമിയിലുള്ള താല്ക്കാലിക മരണം നിസ്സാരമായി ഗണിക്കുമ്പോഠം, നരകത്തിലേക്ക് ആനീതരാകുന്നവരെ[53] നിത്യം പീഡിപ്പിക്കുന്ന നിത്യാഗ്നിക്കു വിധിക്കപ്പെട്ടവർക്ക് ഒരുക്കപ്പെട്ടിരിക്കുന്ന യഥാർത്ഥ മരണത്തെ നീ ഭയപ്പെടുമ്പോഠം, ഈ ലോകത്തിൻെറ ചതിയും വഞ്ചനയും നീ നിശ്ചയമായും തള്ളിക്കളയും. 8. മറേറ അഗ്നിയുടെ സ്വഭാവം ഗ്രഹിച്ചുകഴിയുമ്പോഠം, മനസ്സാക്ഷിയനുസരിച്ച് നൈമിഷികാഗ്നിയെ സഹിക്കുന്നവരെ നീ ബഹുമാനിക്കയും, ഭാഗ്യവാന്മാർ എന്നു പ്രകീർത്തിക്കുകയും ചെയ്യും......[54]

* * * *

11. 1. എൻെറ ചർച്ചയിൽ അപരിചിതമായതൊന്നുമില്ല; യുക്തിക്കു വിരുദ്ധവുമല്ല എൻെറ വാദം. ശ്ലീഹന്മാരുടെ ശിഷ്യനായ ശേഷം, ഞാനിപ്പോഠം പുറജാതികളുടെ ഉപദേഷ്ടാവായി തീർന്നിരിക്കുന്നു. 'സത്യ'ത്തിൻെറ ശിഷ്യന്മാർക്ക് ചേർന്നവിധം കൈവന്നവ കൃത്യമായി ഞാൻ പകർന്നുകൊടുക്കുന്നു. 2. ശിഷ്യന്മാരെ വചനം വ്യക്തമായി കാട്ടിയവ ശരിയായി ഗ്രഹിക്കയും, വചനത്തെ സ്നേഹിക്കയും ചെയ്യുവന് കൃത്യമായി പഠിക്കാൻ സാധിക്കില്ലേ? വചനം ശിഷ്യക്ക് വ്യക്തിത്വത്തിൽ കാണപ്പെട്ടു. ശുദ്ധമായ ഭാഷയിൽ വെളിപ്പെടുത്തലുകഠം നടത്തുകയും ചെയ്തു. അവനെ അവിശ്വാസികഠം മനസ്സിലാക്കിയില്ല; എന്നാൽ അവൻ തൻെറ ശിഷ്യക്കു വിശദമായ വിവരങ്ങഠം നല്കി; വിശ്വസ്തരെന്ന് അവൻ കരുതിയവർ പിതാവിൻെറ രഹസ്യങ്ങഠം അറിഞ്ഞു. 3. ഇക്കാരണത്താൽ ലോകത്തിൽ കാണപ്പെടുവാൻ ദൈവം വചനത്തെഅയച്ചു; സ്വജനത്താൽ അവൻ തിരസ്കൃതനായി; ശ്ലീഹന്മാരാൽ അവൻ പ്രസംഗിക്കപ്പെട്ടു; പുറജാതികളാൽ വിശ്വസിക്കപ്പെട്ടു. 4. അവൻ ആദിയിലേ ഉണ്ടായിരുന്നു.[54] എന്നാൽ പുതുതായി കാണപ്പെട്ടു; പ്രായം ചെന്നവനായി തോന്നപ്പെട്ടു; എന്നാൽ വിശുദ്ധരുടെ ഹൃദയങ്ങളിൽ പുതുതായി എന്നും ജനിക്കുന്നു. 5. അവൻ നിത്യനാണ്; ഇന്ന്

www.malankaralibrary.com



പുത്രനായി മാനിക്കപ്പെടുന്നു. 55 സഭ അവൻ വഴി സമൃദ്ധിയായി; വിശുദ്ധരിൽ ചൊരിയപ്പെടുന്ന അവൻെറ കൃപ[56] വർദ്ധിച്ചുപെരുകി. ആ കൃപ അറിവു് പകരുന്നു; സത്യങ്ങൾ വെളിപ്പെടുത്തുന്നു; കാലങ്ങൾ അറിയിക്കുന്നു; വിശ്വാസികളിൽ പ്രകീർത്തിക്കപ്പെടുന്നു; അന്വേഷകർക്കു് സൗജന്യമായി നല്കപ്പെടുന്നു.[57] ഇപ്രകാരം ഉള്ളവർ തങ്ങളുടെ സത്യപ്രതിജ്ഞ[58] ലംഘിക്കുകയോ, പിതാക്കന്മാർ ഉറപ്പിച്ച അതിർത്തികൾ മാററുകയോ ചെയ്യുന്നില്ല.[59] 6. അപ്പോൾ ദൈവം ഒരു സംഗീത വിഷയമാകും;[60] പ്രവാചകനിവേശിതം അംഗീകരിക്കപ്പെടും.[61] സുവിശേഷത്തിൻെറ സത്യസന്ധത ഉറപ്പായി സ്ഥാപിക്കപ്പെടും; അപ്പസ്തോലിക പാരമ്പര്യം പരിപാലിക്കപ്പെടും; സഭയുടെ സന്തോഷം വർദ്ധിച്ചുപെരുകും.[62] 7. ഈ കൃപയെ[63] നിരസിക്കാതിരുന്നാൽ, വചനം തനിക്കിഷ്ടമുള്ളവർവഴി തനിക്കിഷ്ടമുള്ളപ്പോൾ വെളിപ്പെടുത്തുന്ന സംഗതികൾ നിനക്കു ഗ്രഹിക്കാനാവും. 8. ഞങ്ങൾക്കു ലഭിച്ച വെളിപാടിനോടുള്ള സ്നേഹത്താൽ പ്രേരിതരായി, വചനത്തിൻെറ കല്പനയനുസരിച്ചു്, വിഷമത്തോടുകൂടി സംസാരിക്കണമെന്നു് ഞങ്ങൾക്കു് പ്രേരണ ലഭിക്കുന്നതിനനുസരിച്ചുള്ള കാര്യങ്ങൾ ഞങ്ങൾ നിങ്ങളുമായി പങ്കുവെയ്ക്കുന്നു.

12. 1. യോഗ്യമാംവിധം ദൈവത്തെ സ്നേഹിക്കുന്നവക്കു ദൈവം എത്രമാത്രം അനുഗ്രഹങ്ങൾ ചൊരിയുന്നുവെന്നു ശ്രദ്ധാപൂർവം വായിക്കുകയും കേൾക്കുകയും ചെയ്താൽ നിങ്ങൾക്കു മനസ്സിലാകും. അവ 'മോദത്തിൻെറ പറുദീസാ'[64] ആകയാൽ പൂർണമായി പൂത്തു കായ്ച്ചു നില്ക്കുന്ന ഫലവൃക്ഷം അവർ സ്വയം വളർത്തുന്നു; അതു് ബഹുവിധ ഫലങ്ങളാൽ അലംകൃതവുമാണു്. 2. ഈ തോട്ടത്തിൽ 'ഒരു ജീവവൃക്ഷവും ഒരു അറിവിൻെറ വൃക്ഷവും നടപ്പെട്ടിരിക്കുന്നു'[65] അറിവിൻെറ വൃക്ഷമല്ല മാരകം എന്നു ശ്രദ്ധിക്കുക; ഒരിക്കലുമല്ല. അനുസരണക്കേടാണു് മാരകം. 3 ആദിയിൽ ദൈവം 'അറിവിൻെറ വൃക്ഷവും ജീവവൃക്ഷവും പറുദീസായുടെ മദ്ധ്യത്തിൽ നട്ടു' എന്ന വേദപുസ്തകവാക്യത്തിനു് വളരെ ആഴമായ അർത്ഥമുണ്ടു്. ജീവനിലേയ്ക്കുള്ള മാർഗമാണു് അറിവെന്നു് അതു ചൂണ്ടിക്കാട്ടുന്നു. അവിഭക്തഹൃദയത്തോടെ ആദ്യമനുഷ്യർ അതു് ഉപയോഗിക്കാഞ്ഞതിനാൽ പാമ്പിൻെറ ചതിയാൽ അവർ നഗ്നരാക്കപ്പെട്ടു എന്നവർ കണ്ടെത്തി. 4. വിജ്ഞാനം കൂടാതെ ജീവനില്ല; യഥാർത്ഥജീവൻ കൂടാതെ വിജ്ഞാനം സുരക്ഷിതവുമല്ല. ഇക്കാരണത്താലാണു് അടുപ്പിച്ചു് രണ്ടു മരങ്ങൾ നടപ്പെട്ടതായി നാം കാണുന്നതു്. 5. ശ്ലീഹാ ഇതിൻെറ അർത്ഥം മനസ്സിലാക്കി. കല്പനയുടെ യഥാർത്ഥശക്തി നോക്കാതെ, ജീവൻ ഉപകരണമാക്കിയതിനാൽ

www.malankaralibrary.com



അവൻ അറിവിനെ കുററപ്പെടുത്തുന്നു: അവൻ പറയുന്നു, 'അറിവ് അഹന്ത ജനിപ്പിക്കുന്നു.'[66] 6. യഥാർത്ഥമായ ജ്ഞാനം കൂടാതെയും അതു വാസ്തവമെന്ന് ജീവൻ സാക്ഷിക്കയും ചെയ്യാതെയും ഒരുവൻ താൻ എന്തെങ്കിലും അറിയുന്നു എന്നു ചിന്തിച്ചാൽ നിശ്ചയമായി അവൻ ഒന്നും അറിയാൻ തുടങ്ങിയിട്ടില്ല. അവൻ ജീവനെ സ്നേഹിക്കാത്തതിനാൽ സർപ്പത്താൽ ചതിക്കപ്പെട്ടിരിക്കുന്നു. എന്നാൽ ഭയഭക്തിയോടുകൂടി പൂർണ്ണമായ അറിവു നേടുകയും, ജീവൻ തേടുകയും ചെയ്യുന്നവർ പ്രതീക്ഷയിൽ വിതയ്ക്കുകയും കൊയ്ത്തിന് കാത്തിരിക്കുകയും ചെയ്യും.[67] 7. നിന്റെ ഹൃദയം വിജ്ഞാനമായിരിക്കട്ടെ. യഥാർത്ഥ വചനത്തിന്റെ ഒരു പൂർണ യാഥാർത്ഥ്യവൽക്കരണമാവട്ടെ നിന്റെ ജീവിതം. 8. ഈ മരമാണ് നീ നട്ടുപിടിപ്പിക്കുന്നതെങ്കിൽ, ഈ പഴമാണ് നീ പറിക്കുന്നതെങ്കിൽ, ദൈവമുമ്പാകെ ഗണ്യമായ അനുഗ്രഹങ്ങൾ നീ സമ്പാദിക്കും. ഒരു സർപ്പവും അതു സ്പർശിക്കില്ല. ഒരു ചതിയും സാമീപ്യംവഴി അതിനെ അശുദ്ധമാക്കില്ല. അപ്പോൾ ഹവ്വാ കീഴ്പ്പെടുത്തപ്പെട്ടില്ല; മറിച്ച് ഒരു കന്യകയെ വിശ്വസിക്കാം. 9. അപ്പോൾ രക്ഷ ചൂണ്ടിക്കാണിക്കപ്പെടുന്നു;[68] ശ്ലീഹന്മാർ ഉപദേശിക്കപ്പെടുന്നു, കർത്താവിന്റെ പെസഹാ അതോടൊപ്പം വരുന്നു. കൈത്തിരികൾ സംവഹിക്കപ്പെടുകയും ക്രമീകരിക്കപ്പെടുകയും ചെയ്യുന്നു. വിശുദ്ധരെ പഠിപ്പിക്കുന്നതിൽ വചനം സന്തുഷ്ടനാകുന്നു. അവൻ പിതാവിനെ മഹത്വപ്പെടുത്തുന്നു. അവന് എന്നും മഹത്വമുണ്ടായിരിക്കട്ടെ. ആമ്മീൻ.

www.malankaralibrary.com

# കുറിപ്പുകൾ

## 1 ഡിഡാക്കെ [പേ. 1—12]

1. മത്താ. 7:13f
2. മത്താ. 22:37—39 ലേവ്യ. 19:18
3. മത്താ. 7:12
4. യഹൂദന്മാരുടെ ഇടയിൽ, പ്രത്യേകിച്ച് ഖുംറാൻ സമൂഹത്തിൽ ഇരുപാത തത്ത്വസംഹിത നിലവിലിരുന്നു. ഡിഡാക്കെ 1,3 മുതൽ 2,1 വരെയുള്ള ഭാഗങ്ങൾ നിലവിലിരുന്ന ഇരുപാത തത്ത്വസംഹിതയിൽ ഏതോ ക്രൈസ്തവസാഹിത്യകാരൻ നടത്തിയ കൂട്ടിച്ചേർക്കലായിട്ടാണ് മിക്ക പണ്ഡിതന്മാരും കരുതുന്നത്. ഡിഡാക്കെയുടെ പ്രാചീന ലത്തീൻ വിവർത്തനങ്ങളിലും 'ബർന്നബാസിന്റെ ലേഖന'ത്തിലും (19) ഈ ഭാഗം കാണുന്നില്ല
5. മത്താ. 5:44-46; ലൂക്കാ. 6:27f. 32
6. 1 പത്രോ 2:11
7. മത്താ. 5:39-48
8. മത്താ. 5:41. പേഴ്സ്യൻ, റോമൻ സാമ്രാജ്യങ്ങളിൽ, ഔദ്യോഗിക കാര്യങ്ങൾക്കായി ഒരാളുടെ സേവനം ആവശ്യപ്പെടാൻ ഓഫീസർമാർക്ക് അധികാരമുണ്ടായിരുന്നു. അതിനെയാണിതു സൂചിപ്പിക്കുന്നത്.
9. മത്താ. 5:40
10. ലൂക്കാ, 6:30 'നിനക്ക് കഴിയുമെങ്കിലും' എന്നത് വേദപുസ്തക ഭാഗമല്ല. 'നിനക്ക് അതിന്മേൽ അധികാരമില്ലല്ലോ' എന്നും പാഠഭേദമുണ്ട്.
11. ലൂക്കാ. 6:30
12. മത്താ. 5:15
13. ഇത് വേദപുസ്തക ഭാഗമല്ല, മുകളിൽ പറഞ്ഞതിന്റെ അരൂപിക്ക് വിരുദ്ധവുമാണിത്. ഒരു പക്ഷേ പകർത്തിയെഴുത്തുകാരാരോ കൂട്ടിച്ചേർത്തതാകാം ഇത്.
14. പുറ. 20:13-17; ആവ. 5:17-21 മത്താ. 19:18 മായി താരതമ്യപ്പെടുത്തുക. 'രണ്ടാമത്തെ കല്പന' എന്നാൽ 'പത്ത് കല്പന' യിലെ രണ്ടാംഭാഗം എന്നാണ് അർത്ഥം.
15. സുഭാഷി. 21:6
16. യൂദാ 22f.
17. cf ബർണ., ലേഖനം, 1,4
18. സങ്കീ. 36:11; മത്താ, 5:5
19. ഏശാ. 66:2
20. എബ്രാ. 13:7
21. ആവ. 1:16f, സുഭാ. 31:9
22. പ്രഭാഷകൻ 4:36
23. പ്രഭാഷകൻ 4:31
24. നടപടി 4:32
25. റോമ. 15;27
26. എഫേ. 6:5
27. ആവ. 4:2; 12:32-മായി താരതമ്യപ്പെടുത്തുക
28. മത്താ. 15:19; ഗലാ. 5:20; റോമാ. 1:29f. കൊളൊ. 3:8; ഹെർമാസ്, കല്പന 8,35. എന്നിവിടങ്ങളിലെ ലിസ്റ്റുമായി താരതമ്യപ്പെടുത്തുക, ബർണബാസിന്റെ ലേഖനം 20, 1ൽഉള്ള തിന്മകളേക്കാൾ 5 തിന്മകൾ കൂടുതലുണ്ട് ഡിഡാക്കെയുടെ വിവരണത്തിൽ.
29. ആവർത്തനം 32:18
30. ബർണബാസിന്റെ ലേഖനവുമായുള്ള സാധർമ്മ്യം (30,2) ഇവിടെ അവസാനിക്കുന്നു.
31. മത്താ 24:4
32. നട. 15:19ൽ ഇത്തരം ഒരു നിരോധനം കാണാം. 1 കൊരി, 8 നോക്കുക

www.malankaralibrary.com



33. മത്താ. 28:19
34. 'ജീവജലത്തിൽ' cf. യോഹ 4: 10f.
35. കുളം, കായൽ, മററു ജലസംഭരണികൾ എന്നിവ
36. തണുത്ത ജലം ചൂടുവെള്ളത്തേക്കാൾ സ്വാഭാവിക പദാർത്ഥമായതിനാലായിരിക്കാം തണുത്ത വെള്ളം കൂടുതൽ അഭിലഷണീയമായി കരുതുന്നതു്.
37. ശരീരംമുഴുവൻ മുക്കുവാൻ ജലമില്ലാത്തപ്പോൾ ശിരസിൽ ജലമൊഴിച്ച് സ്നാനം നടത്തുവാൻ ഡിഡാക്കെ അനുശാസിക്കുന്നു. നട. 16:33-ൽ ഇതു് സൂചിതമാണെങ്കിലും വ്യക്തമായി സൂചിപ്പിക്കുന്ന ആദ്യത്തെ രേഖയാണിതു്.
38. ജസ്റ്റിൻ, അപ്പോളജി, I, 61, 2; തെർത്തുല്യൻ, മാമോദീസയെപ്പററി, 20, 1.
39. മത്താ. 6:16 (പ്രീശരെപ്പററി): ഇവിടെ പ്രീശരെയോ, ഏതോ 'യൂദയോ-ക്രൈസ്തവ' വിഭാഗത്തെയോ കുറിക്കുന്നു.
40. മത്താ. 6:5
41. മത്താ. 6:9-13. വേദപുസ്തകത്തിനു പുറത്തു് കർത്തൃപ്രാർത്ഥനയെ സംബന്ധിച്ചുള്ള ഏററം പഴക്കം ചെന്ന പരാമർശമാണിതു്.
42. 'സ്വർഗ്ഗീയ ഭക്ഷണം' എന്നും പാഠഭേദം ഉണ്ടു് 'epiousion': Supersubstantial. ഇതു് ഒരു പൂർവ്വ വാക്കാണെന്നു് ഒരിജൻ പറയുന്നു: പ്രാർത്ഥനയെപ്പററി, 27:7
43. കർത്തൃപ്രാർത്ഥന ഈ വിധം അവസാനിപ്പിക്കുന്നതു് പ്രാചീന പാരമ്പര്യമാണു്. എന്നാൽ പുതിയ നിയമത്തിലെ ഏററം നല്ല കയ്യെഴുത്തുപ്രതികളിൽ പോലും ഇതു് കാണുന്നില്ല. സുറിയാനി ആരാധനക്രമങ്ങളിലാണു് ഇതു് ആദ്യമായി കാണുക. ഗ്രീക്കുകാർ അതെടുത്തു് 'രാജ്യവും' എന്നുകൂടി കൂട്ടിച്ചേർത്തു് ഉപയോഗിച്ചുവന്നു. ഡിഡാക്കെയിൽ മററു രണ്ടു പ്രാർത്ഥനകളും കൂടി അവസാനിപ്പിക്കാൻ ഈ ഫോർമുല ഉപയോഗിച്ചിരിക്കുന്നു.
44. യൂദന്മാർ രാവിലെയും വൈകിട്ടും പ്രാർത്ഥിച്ചിരുന്നു. മൂന്നാം മണി, ആറാം മണി, ഒൻപതാം മണി എന്നീ നാഴികകളിലെ പ്രാർത്ഥനകളെപ്പററി തെർത്തുല്യൻ, പ്രാർത്ഥന, 25, ഉപവാസം 10, അലക്സാൺട്രിയയിലെ ക്ലെമൻറ്, സ്ട്രൊമാററ, 7.7.40.3.
45. എവുക്കറിസ്തിയ (സ്തോത്രാർപ്പണം) കുർബ്ബാനയാണു്. കുർബാന സ്വീകരണത്തിനു് മുൻപുള്ള ജനങ്ങളുടെ നന്ദിപറച്ചിൽ പ്രാർത്ഥനകളാണിവ.
46. 'നിന്റെ ദാസൻ' എന്നു് പാഠഭേദം cf. നട 3:13-26, റോമിലെ ക്ലെമൻറ്, 1 കൊറി. 59:2.
47. യോഹ. 15:1
48. പില്ക്കാലത്തു് 'അപ്പംമുറിക്കൽ' കുർബാനയുടെ പേരായിത്തീർന്നു
49. 'ജീവനും, വിജ്ഞാനവും' മനുഷ്യകുലത്തിനുള്ള ദൈവദാനമാണു്. cf. ലൂക്കാ. I:77; 2 കൊറി. 4:6; യോഹ-3.15; 5:26; 6:68f. സഭയിലെ ജീവസ്രോതസ്സാണു് വി. കുർബാന.
50. 'ഒന്നായിത്തീരുക', സഭയും ക്രിസ്തുവും തമ്മിലുള്ള ഐക്യം പ്രസ്പഷ്ടമാക്കുവാൻ വി. സിപ്രിയൻ ഈ ആശയം മനോഹരമായി വികസിപ്പിക്കുന്നു. cf. ലേഖനം 63,13;69,5.
51. മത്താ. 7:6, തോ ഹാഗിയോൻ (To hagion), 'കുദ്ശായുടെ' അർത്ഥം ലിററർജിക്കൽ ഭാഷയിൽ വി.കുർബാന എന്നാണു്. പഴയനിയമത്തിൽ ബലിമാംസത്തെ സൂചിപ്പിക്കാൻ ഈ പദം ഉപയോഗിച്ചിരുന്നു. ലേവ്യ 22:14.

www.malankaralibrary.com



52. വിജ്ഞാനം, 1:14; സിറാക്ക്, 18:1; 24;8; വെളി. 4:11; ഏശാ. 43:7
53. യോഹ. 5:27
54. 'നിന്റെ സഭ' മത്താ. 16:18 നോക്കുക. 'എന്റെ സഭ'
55. മത്താ.6:13 യോഹ, 17:15
56. മത്താ.24:31 'നാലുകാറ്റുകളിൽ നിന്നും 'എന്നു് വാച്യാർത്ഥം
57. 'കൃപ' എന്നതു് യേശുവിന്റെ പേരാണു്; ഖാരിസ്, കാലാന്ത്യം വളരെ സമീപസ്ഥമാണു് എന്നു് ആദിമസഭവിശ്വസിച്ചിരുന്നു; മത്താ. 24:42ഉം 1തെസ. 4:15ഉം ആസ്പദമാക്കി അവർഅങ്ങനെ ധരിച്ചിരുന്നു.വെളി.22: 17:20.
58. മത്താ. 21:9:15
59. 1കൊറി.16:22; വെളി.22:20 മാറാൻ + അസാ = കർത്താവു വരുന്നു. മാറാനാ + താ = കർത്താവേ വന്നാലും
60. പ്രത്യേക പ്രവാചക ധർമ്മം ലഭിച്ചവരാകയാൽ പ്രവാചകന്മാർക്കു അവരുടേതായ വിധത്തിൽ പ്രാർത്ഥന ചൊല്ലാൻ സ്വാതന്ത്ര്യമുണ്ടായിരിക്കണം എന്നു് ഡിഡാക്കെ അനുശാസിക്കുന്നു
61. 2 യോഹ. 10
62. 'അപ്പൊസ്തലൻ' എന്ന പദം ഇവിടെ വിവക്ഷിക്കുന്നതു് 12ശ്ലീഹന്മാരെയല്ല: പിന്നെയോ, സുവിശേഷം പ്രസംഗിച്ചുകൊണ്ടു് ചുററിനടക്കുന്ന പ്രബോധകരെയാണു്. 1കോറി.12:28; പ്രവാചകന്മാർ സഭയിൽ പ്രത്യേകം പരിഗണിക്കപ്പെട്ടിരുന്നു. സഭയിൽ പരസ്യമായി സംസാരിക്കാൻ അവർക്കു് വരം ലഭിച്ചിരുന്നു. 1കൊറി. 14:22-29; നട. 13:1
63. മത്താ. 12:31.
64. 2പത്രൊ. 2:1; 1യോഹ.4:1
65. സ്നേഹഭോജനത്തിനുള്ള(agape) ആഹ്വാനം
66. മത്താ. 23:3, ഇഗ്നേഷ്യസ്, എഫേ.15:1-2മായി താരതമ്യപ്പെടുത്തുക.
67. ഈ ഭാഗത്തിന്റെ അർത്ഥം വ്യക്തമല്ല. ഇരനേയൂസിലും ഇതോടു് സാമ്യമുള്ള ഒരുഭാഗമുണ്ടു്. പാഷ. 4, 24.12
68. cf. മത്താ. 10:8
69. മത്താ. 21:9; സങ്കീ. 117:26
70. cf. 2തെസ്സ. 3:10; നട. 18:3
71. മത്താ. 10:10; 1തിമൊ. 5:18
72. ശ്രോതാക്കൾ യൂദാപാരമ്പര്യങ്ങളിൽ പരിചിതരായിരുന്നു എന്നു് ഈ ഭാഗം വ്യക്തമാക്കുന്നു. പുറ. 22:29f, സംഖ്യ. 15:19f 18:11f; ആവ. 18:3f
73. ഞായറാഴ്ചയ്ക്കു് കർത്താവിന്റെ ദിവസം എന്നു് പൊതുവെ പേരായി എന്നു് ഇതു് വ്യക്തമാക്കുന്നു. വെളി. 1:10; cf. ഇഗ്നേഷ്യസ്, മഗ്നേ. 9:1; മെലിറേറാ, കർത്തൃദിവസത്തെപ്പററി: എവു. സഭാ. 4, 26.
74. മലാഖി 1:11. 14.
75. മത്താ. 24: 42. 44; 25: 13; ലൂക്കാ. 12: 35.
76. ബർണബാസ് 4, 9.
77. 2പത്രോ. 3:3; മത്താ. 24:10f; 7:15
78. വെളി. 12: 9; 2 യോഹ. 7; മത്താ. 24: 24 2തെസ്സ. 2:4, 9; വെളി. 13: 2, 13f; 19: 20.
79. മത്താ. 24: 10.
80. "ശാപത്താൽ"—എന്നതു് ശപിക്കപ്പെട്ട വസ്തുവിനാൽ—കുരിശിനാൽ—അതായതു് ക്രിസ്തുവിനാൽ. (ഗലാ. 3: 13)
81. മത്താ. 10: 22; 24: 13.
82. മത്താ. 24:30:
83. മത്താ. 24:31;1 കൊറി. 15: 2.5 1 തെസ്സ. 4:16.
84. സ്കറിയ. 14:5.
85. മത്താ. 24:30; 26:64

www.malankaralibrary.com

# 2 ക്ലെമെൻററ് (പേ. 13-54)

1. തലക്കെട്ട് കത്തിൻെറ ഭാഗമല്ല. വിവിധ കയ്യെഴുത്തു പ്രതികളിൽ വിവിധ രീതിയിലാണിതു്: 'കൊറിന്ത്യക്കു്', കൊറിന്ത്യക്കുള്ള ക്ലെമൻറു ലേഖനം 'ക്ലെമെൻറു കൊറിന്ത്യക്കു്'
2. വി. പൗലൊസ് കൊറിന്ത്യക്കെഴുതിയ ഒന്നാം ലേഖനത്തിലെ ആശംസയോടും വി. പത്രോസിൻെറ ഒന്നാം ലേഖനത്തിലെ ആശംസയോടും ഇതിനു സാമ്യമുണ്ട്.
3. ഡൊമീഷ്യൻെറ കാലത്തുണ്ടായ (95 ക്രി. വ ) മതമർദ്ദനത്തെക്കുറിച്ചാണ് ക്ലെമെൻറു പരാമർശിക്കുന്നതു്.
4. ആരംഭത്തിലെ തന്നെ ഉറച്ച, അധികാരസ്വരത്തിലത്രെ ക്ലെമെൻറു സംസാരിക്കുന്നതു്.
5. 'എഫോദിയ' =റേഷൻ; ക്രിസ്തു നൽകിയ റേഷൻ അനുസരിച്ച്
6. cf. തീത്തൂസ് 3:1
7. ക്രിസ്തീയസമൂഹം എപ്രകാരം ആയിരിക്കണം എന്നതിൻെറ ഒരു മാതൃകാചിത്രമാണിവിടെ കാണുക.
8 ആവർത്തനം 32:15.
9. ഏശാ. 3:5
10. ഏശാ. 59:14.
11. ഉല്പ 37:5.
12. പുറ. 2:14.
13. സംഖ്യ. 12
14. സംഖ്യ. 16 ആവത്ത. 11:6
15. 1 രാജാ. 18: 8—9
16. ഗലാ 2:9
17. cf. നീറോ ചക്രവത്തിയുടെ കാലത്തു (54—68) നടന്ന രണ്ടു രക്തസാക്ഷിത്വങ്ങളെ സംബന്ധിച്ചാണ് ചർച്ച. 'തൂണുകൾ' എന്നതു് പത്രോസിനെയും പൗലോസിനേയും കുറിച്ചാണു്.
18. 2 കോറി 11:23f
19. ഗ്രീക്കു് ഇതിഹാസങ്ങളിൽ പരാമർശിക്കപ്പെടുന്നവർ; ദിർക്കെയെ ഒരു കാളയുടെ കൊമ്പിൽ കെട്ടി വലിച്ചിഴച്ചു. ദാനയ്ഡ്സ് കൊല്ലപ്പെട്ടു; എന്നാൽ എപ്രകാരമാണ് കൊല്ലപ്പെട്ടതെന്നു് വ്യക്തമല്ല. ദാനാവുസിൻെറ പുത്രിമാരായിരുന്നു അവർ
20. ഉല്പ. 2:23
21. വിജ്ഞാനം. 12:10
22. ഉല്പ. 7
23. യോഹ. 3; മത്താ. 12:41
24. എസക്കി. 33:11
25. ഏശാ. 1:16—20
26. ഉല്പ. 5:24, എബ്രാ. 11:5
27. ഉല്പ. 6:8; 7:1. എബ്രാ.11:7 2 പത്രോ. 2:5
28. ഏശാ. 41:8; യാക്കോ. 2:23
29. ഉല്പ. 12:1—3
30. ഉല്പ. 13:14—16
31. ഉല്പ. 15:5—6; റോമ. 4:3
32. ഉല്പ 13:22: cf എബ്രാ. 11:17
33. ഉല്പ. 19; 2പത്രോ. 2:6—7.
34. cf. ലൂക്കാ. 17:32
35. cf. യോഹ. 1-2; യാക്കോ. 2:25; എബ്രാ. 11:31
36. cf. ജെറമി 9:23—24, 1രാജ. 2:10; 1കൊറി. 1:31; 2കൊറി. 10:17.
37. cf. മത്താ. 5:7; 6:14. 15; 7:1—12. ലൂക്കാ. 6:31. 36—38.
38. ഏശാ. 66:2,

www.malankaralibrary.com



39. സങ്കീ. 36:9; 11:38; സദൃശ. 2:21, 22
40 സങ്കീ. 36:35—37
41. ഏശ. 26: 13; മർക്കോ. 7:6
42. സങ്കീ. 61:5
43. സങ്കീ. 77:36, 37
44. സങ്കീ. 30:19
45. സങ്കീ. 11:4—6
46. ഏശ. 53:1—12
47. സങ്കീ. 21:7—9
48. എബ്രാ. 11:37
49. ഉല്പ. 18:27
50. ഇയോബ്. 1:1.
51. ഇയോബ്. 14:4—5.
52. സംഖ്യ. 12:7; എബ്രാ. 3:2
53. പുറ. 3:11; 4:10
54. സ്രോതസ്സ്. അജ്ഞാതം.
55. സങ്കീ. 88:21; 1രാജാ. 13:14; നട. 13:22
56. സങ്കീ. 51
57. എബ്രാ. 12:1.
58. ഇയോബ്. 38:11
59. സദൃശ. 20:27.
60. എബ്രാ. 4:12.
61. സങ്കീ. 31:12-18
62. സ്രോതസ്സ് അജ്ഞാതം
63. ഏശ. 14:1.
64. 1 കൊറി. 15:20
65. മത്താ. 13:8; മർക്കോ. 4:3; ലൂക്കാ. 8:5
66. അക്രൈസ്തവ സാഹിത്യകാരന്മാർ ഫീനിക്സിന്റെ കഥ വിവരിക്കുന്നുണ്ട്;
67. സ്രോതസ്സ് അവ്യക്തം cf. സങ്കീ. 27:7.
68. സങ്കീ. 3:5
69. ഇയ്യോബ് 19:26
70. എബ്രാ. 10:23; 11:11
71. എബ്രാ. 6:18
72. വിജ്ഞാനം. 12:12
73. സങ്കീ. 19:1—3
74. സങ്കീ. 138: 7-9
75. ആവ. 32: 8—9
76. സംഖ്യ. 18:27; ആവ. 4:34 14:2; എസക്കി. 48:12.
77. സദൃശ്യ. 3:34; യാക്കോ. 4:6; 1 പത്രോ. 5:5.
78. ഇയ്യോബ് 11: 2—3
79. cf. റോമാ. 2:29.
80. ഉല്പ. 12: 2—3; 18: 18; 22: 7ff. 28f.
81. റോമ. 9:5
82. ഉല്പ. 15:5; 22:17. 26
83. cf. റോമ. 6:1
84. തീത്തൂസ് 3:1
85. ഉല്പ. 1:26—27
86. ഉല്പ. 1:28
87. ഏശ. 40:10; 62:11; സദൃശ്യ. 24:12; വെളി. 23:12
88. തീത്തൂസ്. 6:3
89. ദാനി. 7:10; ഏശ. 6:3
90. 1കൊറി. 2
91. റോമ. 1:32
92. സങ്കീ. 49: 16—23
93. എബ്രാ. 2:18; 3:1
94. cf. 2കൊറി. 3:18
95. എബ്രാ. 1:3—4
96. സങ്കീ. 103:4; എബ്രാ. 1:7
97. സങ്കീ. 2:7—8; എബ്രാ. 1:5
98. സങ്കീ. 109:1; എബ്രാ. 1:13
99. 1കൊറി. 15:23.
100. cf. 1കൊറി. 12.
101. cf. റോമ. 11:4ff; 1കൊറി. 16:17; ഫിലി. 2:2-3
102. ഇയ്യോബ് 4:12--18; 15:15 4:19—5:5.
103. ഹയരാർക്കിയെപ്പററി മനസ്സിലാക്കാൻ 40 മുതൽ 42 വരെയുള്ള അധ്യായങ്ങൾ സഹായിക്കും.
104. റോമ. 11:33
105. 1കൊറി. 15:23
106. Episcopoi.
107. ഏശ. 60: 17 ന്റെ സ്വതന്ത്രമായ ഉദ്ധരണിയാണിത്. "നിങ്ങളുടെ ഭരണാധികാരികളെ സമാധാനത്തിലും നിങ്ങളുടെ മേൽനോട്ടക്കാരെ (Episcopoi) നീതിയിലും സ്ഥാപിക്കും."

www.malankaralibrary.com



108. സംഖ്യാ. 12:7; എബ്രാ. 3:5
109. സംഖ്യാ. 17.
110. ദനി. 6:16—17; 3:19ff
111. സ്രോതസ് അജ്ഞാതം.
112. cf. സങ്കീ. 17:26—27
113. എഫേ. 4:4—6
114. മത്താ. 26:24; ലൂക്കാ. 17: 1—2. മർക്കോ. 1:9. 42.
115. 1 കൊറി. 1:10ff
116. സങ്കീ. 117: 19—20
117. ലൂക്കാ. 1:75
118. cf. 1കൊറി. 12:8—9
119. cf. 1കൊറി. 13.
120. cf. കൊളൊ. 3:14
121. സദൃശ്യ. 10:12; 1പത്രോസ് 4:8; യാക്കോബ്. 5:20
122. ഏശാ. 29,20; ഏശ. 37:12
123. സങ്കീ. 31 1—2; റോമാ. 4; 7—9
124. സംഖ്യാ. 16
125. സംഖ്യാ. 16,33: സങ്കീ. 48:15
126. പുറ. 14:13
127. സങ്കീ. 68, 31—33
128. സങ്കീ. 49,14—15
129. സങ്കീ. 51:19
130. ആവ. 9:12
131 ആവ. 9:13—14
132. പുറ. 32:31-32;
133. സങ്കീ. 24:1.
134. യൂദിത്ത് 8.f.
135. എസ്തേർ. 4:16.
136. സങ്കീ. 117:18.
137. cf. സദ്ദ. 3:12; എബ്രാം. 22:6 സങ്കീ. 140:9, ഇയോബ്;15 17—26.
138. വിജ്ഞാനം. 1:23—33
139. നടപടി. 29:18
140. ഇവിടെ എന്തോ വിട്ടുപോയിട്ടുണ്ട്. 'കർത്താവേ, കൃപയരുളുക' എന്നതു് ഇവിടെ അർത്ഥവ്യക്തതയ്ക്കായി കൂട്ടിച്ചേർത്തതാണു്
141. എഫേ. 1:18; ഏശാ. 57:15 13:11; സങ്കീ. 32;10;ഇയോ 5;11; 1ശാമു 2:7; ലൂക്കാ 1:53 ആവ 33:39;
142. യൂദിത്ത് 9:11; സങ്കീ. 119: 11. 1രാജാ. 8:60; 2രാജാ. 19:19 എസക്കി 36: 23; സങ്കീ 79:13
143. യോവേൽ 2:13;
144. സങ്കീ. 119:113
145. 1തിമോ: 5:17; തോബി:18. 6:10.
146. ആവ. 12:15—28; 13:18
147. സംഖ്യ 16:22; എബ്രാം. 12:9
148. ആവ. 14:2

# 3 ഇഗ്നേഷ്യസ് [പേ. 61-101]

## എഫേസോസുകാർക്ക്

1. ദൈവത്തെ അനുകരിക്കുക എഫേ. 1:3-23; 5:1; കൊറി. 4:16, 11:13; ത്രാള്ള്യക്കാർ 1:2 (ദൈവത്തെ പിൻതുടരുക).
2. ലൂക്കാ. 14:26—27; ഇഗ്നേഷ്യസിൽ ഈ ആശയം വളരെ സ്ഥായിയായ സ്വാധീനം ചെലുത്തിയിട്ടുണ്ട്. യഥാർത്ഥ ശിഷ്യനാകുക എന്നാൽ ജീവൻ ഹോമിക്കുക എന്നതാണ് ഇഗ്നേഷ്യസിലുള്ള അർത്ഥം. നിരവധി പ്രാവശ്യം ഇക്കാര്യം ലേഖനങ്ങളിൽ അദ്ദേഹം പ്രസ്പഷ്ടമാക്കിയിട്ടുണ്ട്.
3. നാമം: യഹൂദ- ക്രൈസ്തവപശ്ചാത്തലത്തിൽ നിന്നാണിതു്. നാമം; ദൈവത്തിന്റെ നാമം, ക്രിസ്തുവിന്റെ നാമം. ഇവിടെ ക്രിസ്തുവിന്റെ നാമം എന്നർത്ഥം. cf ഫിലി. 2:9 (പൗലോസ്)

www.malankaralibrary.com



4. സദൃശ്യ. 3:34; യാക്കോ. 4:6; 1പത്രോ. 5:5
5. മറിയാമിൽ നിന്നു ജനിച്ചവൻ: ഡോസെററിസത്തിനെതിരായി ട്ടുള്ള പ്രയോഗമാണിത്ത്.
6. സങ്കീ. 33:9;148:5.
7. എഫേ. 3:17; 1കൊറി. 3:16; 6:19
8. 1കൊറി. 6:9,10: എഫേ. 5:5 (പൗലോസ്). cfമത്താ. 24:4; മത്താ. 13:5; ലൂക്കാ. 21:8
9. 1കൊറി. 1:19, 20; റോമ, 3:27
10. വി. കർബാനയെക്കുറിച്ചുള്ള വ്യക്തമായ പരാമർശം.cfനട 2:46 20:7; 1കൊറി. 10:16-17.

### മഗ്നേഷ്യർക്ക്

1. ക്രിസ്തുവിന്റെ ശിഷ്യന്മാർ തങ്ങളെത്തന്നെ സഹോദരന്മാർ, വിശുദ്ധർ, വിശ്വാസികൾ, ശിഷ്യന്മാർ,എന്നിങ്ങനെവിളിച്ചിരുന്നു. ശ്ലീഹ. 1:26: 26:28; 1പത്രോ. 4:16 എന്നിവിടങ്ങളിൽ 'ക്രിസ്ത്യാനി' എന്ന വാക്ക് കാണാം. ശ്ലീഹ. 11:26 ൽ 'അന്ത്യോക്യയിൽ വച്ച് ശിഷ്യന്മാർ ആദ്യമായി ക്രിസ്ത്യാനികൾ എന്ന് വിളിക്കപ്പെട്ടു. അന്ത്യോക്യയിലെ അക്രൈസ്തവരായിരിക്കാം ഈ പേരുണ്ടാക്കി ക്രിസ്തുവിന്റെ ശിഷ്യന്മാരെ വിളിച്ചിരുന്നത്. ബഹുമാനസൂചകമായി 'ക്രിസ്ത്യാനി' എന്നും 'ക്രിസ്ത്യാനിററി' എന്നും ആദ്യമായി ഉപയോഗിക്കുന്നതും അദ്ദേഹം തന്നെ. എഫേ. 11: 12; മഗ്നേ. 4:3, 10;1-3; ത്രാല്ല്യർ. 6:1 റോമ. 3:2-3; ഫിലാ. 6:1; പോളി 7:3 ടാസിററസ് എന്ന റോമൻ ചരിത്രകാരൻ റോമിലെ അഗ്നിബാധയെപ്പററി വിവരിക്കുമ്പോൾ ക്രൈസ്ത്യാനി എന്നാണ് ഉപയോഗിക്കുന്നത്; എന്നാൽ ക്രിസ്തുസ് എന്ന കർത്തൃനാമം ശരിയായി രേഖപ്പെടുത്തിയിരിക്കുന്നു. (Ann. 15,44) പ്ലീനിയുടെ കൃതികളിൽ ക്രിസ്ത്യാനി എന്ന നാമം ഏഴു പ്രാവശ്യം ഉപയോഗിച്ചു കാണുന്നു.
2. ലൂക്കാ. 21:8; മർക്കോ. 13:5; 1കൊറി. 6:9; 1തിമൊ. 1:3; തീത്തു. 1:14;3;9. കർത്താവും ശിഷ്യന്മാരും സഭയും അബദ്ധോപദേശകർക്കെതിരെ മുന്നറിയിപ്പ് നൽകിക്കൊണ്ടിരുന്നു.

## 4 പപ്പീയാസ് (പേ. 102-112)

1. പാഷ. 5.33:4=രേഖ. 1.4
2. സഭാ. 3.39.3
3. സഭാ. 3.39, 15-16
4. അതേസ്ഥലം
5. ഫ്രാഗ്മെൻറ് = രേഖാശകലം
6. ഇരനെയൂസ്, പാഷ 5,33.3-4
7. യാക്കോബിന്മേൽ ഇസഹാക്ക് വർഷിച്ച അനുഗ്രഹവും (ഉല്പ. 27:28) കർത്താവിന്റെ ചില വാഗ്ദാനങ്ങളും (മത്താ. 26:29 ലൂക്കാ 14:14)കാലാന്ത്യത്തിൽ യാഥാർഥ്യമാകുമെന്നും 1000 വർഷം ഭരിക്കാൻ കർത്താവ് വീണ്ടും വരുമ്പോഴാണ് അതു സംഭവിക്കുന്നതെന്നും ഇരനെയൂസ് പറയുന്നു. ഏശാ.65:17; യിരെ. 31:3; ഏശ. 17:23. ഹോശി. 14:8 എന്നിവ വ്യാഖ്യാനിച്ചുകൊണ്ട് തൽമുദിക്ക് കർത്താക്കളും ഇപ്രകാരമുള്ള പ്രതീക്ഷകൾ പുലർത്തിയിരുന്നു. 'സ്വാതന്ത്ര്യമാക്കപ്പെടുമ്പോൾ' എന്നത് പറുദീസായിലെ ശാപത്തിൽ നിന്ന് (ഉല്പ. 3:17) മോചിതരാകുമ്പോൾ എന്നർത്ഥം (റോമ. 8;21)

www.malankaralibrary.com



8. Metretes = 10.5 ഗ്യാലൻ; ഒരു മന്തിരിയിൽനിന്നു് 262.5 ഗ്യാലൻ വീഞ്ഞുണ്ടാകും.
9. എവ്യ. സഭാ. 3.39
10. cf. യോഹ. 14:6; 18:37; 1 യോഹ. 3:19.
11. 72 അറിയിപ്പുകാരിൽ ഒരാളായിരിക്കാം അരിസ്റ്റിയോസ് (ലൂക്കാ. 10.1) മക്കോ. 16:9-20 ഇദ്ദേഹത്തിൻെറതാണെന്നു കരുതുന്നവരുണ്ട്. പപ്പിയാസിൻെറ ഗുരുവായിരുന്നു അരിസ്തിയോസ്.
12. രണ്ടാം നൂററാണ്ടുവരെയുള്ള പാരമ്പര്യമനസരിച്ച് സുവിശേഷകനായ യോഹന്നാനെപ്പററിയേ സഭകളിൽ പൊതുവെ അറിവുണ്ടായിരുന്നുള്ള എന്നാൽ 260-ൽ അലക്സാന്ത്രിയായിലെ ദിവന്നാസ്യോസ് യോഹന്നാൻ എന്ന പേരുള്ള രണ്ടുപേർ ഉണ്ടായിരിക്കാനാണിട എന്നു വാദിച്ചു മൂപ്പന്മാരെന്നു് അറിയപ്പെട്ടിരുന്ന ഇവരുടെ രണ്ടു് കല്ലറകറം എഫേസൂസിൽ ഉണ്ടായിരുന്നു എന്നതത്രേ ചൂണ്ടിക്കാണിക്കപ്പെട്ട കാരണം (എവ്യ. സഭ. 6,25,16). ഒന്നു വി. യോഹന്നാൻ ശ്ലീഹായുടേതും മററതു് 72 അറിയിപ്പുകാരിൽ ഒരാളുടേതും.
13. ഫിലിപ്പോസ് ശ്ലീഹായല്ല ഫിലിപ്പോസ് ശെമ്മാശ്ശൻ (നടപടി 6,5) അദ്ദേഹം പലസ്തീനായിലും (നട. 8:5—40) കേസറിയായിലും സുവിശേഷം പ്രസംഗിച്ചു (നട. 21:18). തൻെറ പെൺമക്കളോടുകൂടി അദ്ദേഹം ഹിയെരാപ്പോളീസിൽ താമസിച്ചു (എവ്യ. സഭാ. 3.31.3
14. നട. 1;23ff: രേഖാശകലം 11: 2 മായി താരതമ്യപ്പെടുത്തുക.
15. cf. വെളി. 20:ff; പപ്പിയാസ്, ബർണബാസ്, ജസ്റ്റിൻ, ഇരനെയൂസ്, തെർത്തുല്യൻ ആദിയായവർ ഈ ആശയക്കാരായിരുന്നു; മില്ലെനരിസം (കിലിയസം എന്നു് ഇതറിയപ്പെടുന്നു.
16. അരമായിക്ക് (സുറിയാനി) ഭാഷയാണ് ഇവിടെ വിവക്ഷ. cf നട. 21:40.
17. Apollinarius of Laodicaea Text constructed from various sources: A. HILGENFELD, Papias von Hierapolis, in Zeitsehrift fuer wiss. Theol. 18 (1875), 262-265.
18. ഈ ഫ്രാഗ്മെൻറ് യൂദാസിൻെറ അന്ത്യത്തെ സംബന്ധിച്ചാണ്. കർത്താവിനെ ഒററിക്കൊടുത്തതിനാൽ യൂദാസിനെപ്പററി ആദിമ സഭയിൽ പല കഥകളും പ്രചരിച്ചിരുന്നു; എന്നാൽ അവയെല്ലാം മൂപ്പന്മാരിൽ നിന്നു് വന്നവയല്ല യൂദാസിനെ മാനിച്ചിരുന്ന ഒരു ഹെരട്ടിക്കൽഗ്രൂപ്പും ആദിമസഭാകാലത്തുണ്ടായിരുന്നു. കായേനിത്തർ എന്നറിയപ്പെട്ട ഇക്കൂട്ടർക്ക് യൂദായുടെ സുവിശേഷം എന്നൊരു ഗ്രന്ഥവുമുണ്ടായിരുന്നു.
19. നട. 1:25; ലൂക്കാ. 16:28.
20. Andrew of Caesarea, In Apoc. c. 34 serm, 12: P G., 106, 325
21. പപ്പിയാസിൻെറ വീക്ഷണത്തിൽ, അധഃപതനത്തിനു മുൻപ് ചില മാലാഖമാർക്ക് ഭൂമിയുടെ ക്രമീകൃതമായ നടത്തിപ്പിന്മേൽ ആധിപത്യം നൽകപ്പെട്ടിരുന്നു. അവരുടെ വീഴ്ച വഴി ഈ ദൗത്യം തുടരുവാൻ അവർക്കു് സാധിച്ചില്ല.
22. IDEM, Praef. in Apoc. PG. 106 17B.
23. വെളിപാട് പുസ്തകത്തിൻെറ
24. Anastasius of Sinai, Anagog. Contempl. in Hexaem. I, ed. J. B. PITRA, Analecta, Sacra 2 (1884) 160
25. 325-ലെ നിഖ്യാസൂനഹദോസാണിവിടെ വിവക്ഷ, പരസ്പരം യോജിക്കുന്നവർ എന്ന അർത്ഥത്തിലും മനസ്സിലാക്കുന്നവരുണ്ട്

www.malankaralibrary.com



26. ആറു ദിവസത്തെ സൃഷ്ടിവിവരണത്തിനാണ് (ഉല്പ) ഹെക്സേമെറോൻ എന്നു പറയുന്നത്.
27. Anastasius of Sinai, ibid. VII: PG. 89, 961D
28. Maximus Confessor, Schol. in Diony. Areop. De Ecclesiastica Hierarchia, 2 : PG 4, 41 D
29. ക്ലെമെൻറ്, ഗുരു, 1.6 32.
30. ലൂക്കാ. 18:16.
31. ആദിമ ക്രൈസ്തവരാൽ
32. Maximus Confessor, op. cit.7: PG.4,176 C
33. പാഷ. 5.33; cf above frag I
34. Stephen Gobarus: cited by Photius, Biblioth. Codex 232 PG. 103, 1104A.
35. അതേ സ്ഥലം.
36. Philip of Side (5th c.) Hist. Christi. ed: c. DE BOOR in TU 5,2 (1888), 170
37. യോഹന്നാൻ ശ്ലീഹായ്ക്കു് ദൈവശാസ്ത്രജ്ഞൻ എന്ന നാമം നൽകപ്പെട്ടതു് ആരിയൻ തർക്കകാലത്താണ്.
38. എവു. സഭാ. 3:39.
39. ഈ ഭാഗത്തെ പരാമർശം സ്ഥാപക യോഹന്നാനെയും ജറുസലേം മെത്രാനും ശ്ലീഹായുമായയാക്കോബിനെയും പററിയാണ്. പപ്പിയാസിനല്ല, എഴുത്തുകാരനാണ് പേരുമാറിയതിൽ തെററുപററിയതു്.
40. നട. 1:23—26.
41. മനെമൂസ്; നടപടിയിലെ ((13:1) മനാഹെൻ ആയിരിക്കാം. ഡയഗ്നേററസിനുള്ള ലേഖനം, 7, 6-നും 7-നും ഇടയ്ക്കുള്ള വാക്യം നോക്കുക (എവു. സഭാ. 4.3.2).
42. Georgius Hamartolus, Chronicon. ed. H. NOLTE, in, ''Teol. Quartatschrift,'' 44(1862) 466f.
43. പത്മോസ് ദ്വീപിൽ നിന്നു് cf. വെളി. 1:9: തെർത്തുല്യൻ, അബദ്ധോപദേശകർക്കു് എതിരേ, 36, എവു. സഭാ. 3:18; പത്മോസിൽ വച്ചാണ് യോഹന്നാൻ വെളിപാടുഗ്രന്ഥം എഴുതിയതു്.
44. ഖണ്ഡിക രണ്ടും മൂന്നും, ഇരുപത്തിയേഴ് കൈയ്യെഴുത്തു പ്രതികളിൽ ഒന്നിൽ മാത്രമേ കാണുന്നുള്ളു. ഇവ ഒരു കൂത്തിത്തിരുകലാകാം. മററു 26 കയ്യെഴുത്തുകളും യോഹന്നാൻ സ്വാഭാവികമരണമാണ് വരിച്ചതെന്നു് പറയുന്നു.
45. മക്കോ.10;38f; മത്താ. 20:22f
46. ഒരിജൻ, മത്തായിഭാഷ്യം 16,6. കുത്തിത്തിരുകിയ ആ ഈ ഭാഗം തെററിദ്ധരിച്ചതാണ്.
47. Vatican Codex Alexandrinus 14: eb. J. B. PITRA, Analecta Sacra, 2(1884). 160.
48. മാർസിയനെപ്പററി ഇവിടെയുള്ള പരാമർശം വ്യക്തമല്ല. യോഹന്നാനും ചെരിന്തുസ് എന്ന അബദ്ധോപദേശകനും, പോളിക്കാർപ്പും മാർസിയനും, തമ്മിലുള്ള കൂടിക്കാഴ്ചകളെ കൂട്ടിക്കലർത്തിയതാണീ ഭാഗത്തെ പ്രസ്താവന.

# 5. പോളിക്കാർപ്പ് (പേ. 116-133)

## 1. ഫിലിപ്പിയാക്കാർക്ക് എഴുതിയ ലേഖനം

1. cf. 1പത്രോ. 1:8.
2. എഫേ. 2:5; 8:9.
3. cf. 1പത്രോ. 1:13; എഫേ. 6:14 സങ്കീ. 2:11.
4. cf. ഫിലി. 3:1—4.
5. 1പത്രോ.1:21; cf.എഫേ.1:20. എബ്രാ. 8:1.

www.malankaralibrary.com



6. ഫിലി. 2:10;3:21; 1കൊറി. 15:28.
7. സങ്കീ. 150:6; ഏശ. 57:16.
8. നട.10:42; 1തിമൊ. 4:1; 1പത്രോ. 4:5.
9. cf. 1കൊറി. 33:1 (ക്ലെമെൻറ്) എഫേ. 14 (ഇഗ്നേഷ്യസ്)
10. 1പത്രോ. 3:9.
11. മത്താ. 7:2; cf. ലൂക്കാ. 6: 36—38; 1കൊറി. 13:2 (ക്ലെമെൻറ്)
12. മത്താ. 5:3.10; ലൂക്കാ. 6:20.
13. cf 2കൊറി. 4:14; 1കൊറി 6: 14; റോമ. 8:11. പോളിക്കാർപ്പിൻെറ എസ്കത്തോളജിയെ കുറിച്ച്, 2, 1f;5, 2;7.1; 9,2; 11, 2 കാണുക.
14. 1പത്രോ. 3:15.
15. നട. 16:42.
16. ഗലാ. 4:26; വിശ്വാസത്തെ മാതാവായി കണക്കാക്കുകയാണ് പോളിക്കാർപ്പ്.
17. cf. 1തിമോ. 6:10
18. cf. തിമൊ.6;7; യോബ് 1:21
19. cf. റോമ. 13:12;എഫേ.6:11 13;റോമ. 6:13; 2കൊറി. 6:7
20. 1കൊറി. 14:25.
21. ഗലാ. 6:7.
22. 1 തിമൊ. 3:8—10; 12:13; മഗ്നേഷ്യ. 6:1; ത്രാള്ളിയ. 2:5.
23. 2തിമോ. 2:12.
24. 1പത്രോ. 5:5. തീത്തു. 2:6.
25. cf. ഗലാ. 5:17;1പത്രോ.2:11
26. 1കൊറി. 6:9f.
27. cf. നട. 23:1; 1തിമോ. 3:9: 2തിമോ. 1:3.
28. cf. 2കൊറി. 8:21.
29. cf. റോമ. 14:10—12
30. cf. എബ്രാ. 12:28.
31. cf. 1യോഹ. 4;2—4.
32. cf. 1യോഹ. 2:18. 22;2യോഹ. 7;2 തെസ്സ. 2;5.
33. cf. യോഹ. 8:44; 1യോഹ. 3:8.
34 cf. 1പത്രോ. 4:7.
35. cf. മത്താ. 6:13.
36. മത്താ. 26:41; മക്കോ. 14:38.
37. 1തിമോ. 1:1.
38. 1പത്രോ: 2:24; സ്മീർണാക്കാക്ക്. 2.
39. 1പത്രോ. 2:21.
40. ഫിലി. 2:16; ഗലാ. 2:2
41. 2തിമോ. 4:10.
42. 2കൊറി. 5:15;1തെസ്സ. 4:14. ഇഗ്നേഷ്യസ്, റോമ. 6:1.
43. cf. 1കൊറി. 15:58; കൊളൊ. 12:3; റോമ. 6:1. 1പത്രോ. 2: 17; യോഹ. 13:34;17:12—17 സുകൃത ജീവിതത്തെ സംബന്ധിച്ച് പോളിക്കാർപ്പിനുള്ള ചിന്ത താഴെ പറയുന്നവയിൽനിന്നു സംഗ്രഹിക്കാം: 3,3:5, 2;10 1 (വിശ്വാസം) 10, 1;10,2 (സ്നേഹം): 10,2 (സന്മാതൃക) 6:2, (ക്ഷമ); 3,2;9,1. (ദീർഘശാന്തത): 12. (ശാന്തത) 11,1;23. 4 (മിതത്വം); 11,3 (പ്രാർത്ഥന).
44. cf. 2കൊറി. 10:1.
45. cf. സദൃശ്യ. 3:28.
46. തോബിത്ത്. 4:10f;12;9.
47. 1പത്രോ. 2:12; മത്ത 1.5:16.
48. ത്രാള്ളിയർ. 8:2; ഏശ. 52:2
49. 1തെസ്സ. 5:22.
50. 1 കൊറി. 6: 2.
51. cf. 2തെസ്സ 1:4.
52. cf. 2തിമോ. 2:15.
53. cf. 2തെസ്സ. 3:15.
54. cf. നട. 26 13; എഫേ 7: 2; ഇഗ്നേഷ്യസ്, പോളി. 3: 2.
55. cf. സങ്കീ. 4:5:എഫേ. 4:26·
56. cf. എബ്രാ. 6:20; 7:3.
57. cf. ഗലാ. 1;1; കൊളൊ. 2:12 1പത്രോ. 1:21.
58. എഫേ. 6:18; 1തിമോ. 2:1
59. cf. 1തിമോ. 2:2; 1കൊറി. 61 (ക്ളെമെൻറ്)
60. cf. മത്താ. 5:44; ലൂക്കാ.6:27; ഡിഡാക്കെ 1:3
61 cf. ഫിലി. 3:13
62. യോഹ 15:16; തിമോ. 4:15; മത്താ. 5: 16; കൊളൊ, 1:28;2; 10: യാക്കോ. 1:4; മത്താ. 5:43

www.malankaralibrary.com



## 2. പോളിക്കാർപ്പിന്റെ രക്തസാക്ഷിത്വം

1. cf. ഡയഗ്നീററസിനുള്ള കത്ത്. 5:6; ക്ലെമന്റ്, 1 കൊറി. 2:1 തീർത്ഥാടകസഭ. (പരൊയ്ക്കിയ) എന്നപദം പലയിടങ്ങളിലും ക്രിസ്തീയ സമൂഹത്തിന്റെ പേരായി. വാക്കിനർത്ഥം, അപരിചിതസ്ഥലത്തുള്ള (വിദേശത്തുള്ള) താമസം; ലത്തീനിലുള്ള Parish എന്ന പദവും ഇംഗ്ലീഷിലെ parochus, parish priest എന്നീ വാക്കുകളും പരൊയ്കിയായിൽ നിന്നാണ്.
2. യൂദാ. 2; 1 പത്രോ. 1:1—2
3. ക്രിസ്തുവിന്റെ പീഡാനുഭവവും പോളിക്കാർപ്പിന്റെ രക്തസാക്ഷിത്വവും തമ്മിലുള്ള സാദൃശ്യം വിവരിക്കാൻ ഗ്രന്ഥകാരൻ ശ്രദ്ധിക്കുന്നു. ആദിമ ക്രൈസ്തവർക്ക് ഈ ആശയം സുജ്ഞാതമായിരുന്നു. ക്രിസ്തുവും പോളിക്കാർപ്പും ഒററിക്കൊടുക്കപ്പെടാൻ കാത്തിരുന്നു. ഞാൻ ജീവനോടെ ദഹിപ്പിക്കപ്പെടണം എന്നപ്രസ്താവന (5:2) ക്രിസ്തു തന്റെ മരണം മുൻകൂട്ടി സൂചിപ്പിച്ചതിനോട് സാമ്യമുള്ളതാണ്, തന്റെ സ്വന്തക്കാർ ഒററിക്കൊടുത്തു (6:2). cf. മത്താ. 10:36. ഹേറോദേസ് എന്നപോലീസ് സൂപ്രണ്ടിന്റെ പേരു് എടുത്തുപറയുന്നതു് (6:2 വെള്ളിയാഴ്ചയുള്ള അറസ്ററും കൊലയും (7:1) കള്ളന്റെ നേരെയെന്നവണ്ണമുള്ള വരവ് (7:1 cf. മത്താ. 26:55), അവനെ കഴുതപ്പുറത്തിരുത്തിയതു് (8:1). അതൊരു ശാബതായിരുന്നു എന്നു രേഖപ്പെടുത്തൽ (8;1) പീലാത്തോസിന്റെ രീതിയെ സൂചിപ്പിക്കത്തക്കവിധം പ്രോകോൺസുളിന്റെ സംഭാഷണം (10: 2) കൊലയിൽ യൂദന്മാരുടെ താല്പര്യം (13:1)എന്നിവ രണ്ടും തമ്മിലുള്ള സാമ്യം വ്യക്തമാക്കാനായി എഴുതപ്പെട്ടിട്ടുള്ളവയാണ്,
4. ഫിലി. 2:4.
5. 1 കൊരി. 2:9, ഏശാ. 64:4; 65:16
6. ക്രിസ്ത്യാനികൾ 'നിരീശ്വരന്മാർ' എന്നത്രേ റോമൻ സാമ്രാജ്യത്തിൽ വിളിക്കപ്പെട്ടിരുന്നതു്. റോമിലെ അംഗീകൃത ദേവന്മാരെ ആരാധിക്കാത്തതിനാലാണ് ഇപ്രകാരം റോമാക്കാർ അവരെ വിളിച്ചതു്. (cf. ജസ്റ്റിൻ, Apol. 1,6:13).
7. cf. മത്താ. 26:55
8 cf. മത്താ. 6:10; 21:14
9. പ്രാചീന ക്രൈസ്തവർ കിഴക്കോട്ടു് തിരിഞ്ഞുനിന്നുകൊണ്ടാണ് പ്രാർത്ഥിച്ചിരുന്നതു്. cf. ACW 5(1948). p. 198. n. 29. എസ 11:23; 43:1; ഒരിജൻ, പ്രാർത്ഥനയെപ്പററി, 32.
10 'കത്തോലിക്കാസഭ' എന്നു് രേഖപ്പെടുത്തിയിരിക്കുന്ന ആദ്യത്തെ പരാമർശം ഇഗ്നേഷ്യസിലാണ് (സ്മീർണ 8:2) 'സാർവത്രികം' എന്നാണ് അർത്ഥം; പോളി. രക്തസാക്ഷിത്വം, 16: 2; 8:1; എവു. സഭാ. 4:15.
11. സങ്കീ. 58: 6; യൂദിത്തു്, 9: 12. 14
12. വിശുദ്ധരുടെ പുണ്യാവശിഷ്ടങ്ങളെആദിമസഭ വണങ്ങിയിരുന്നു. തത്സംബന്ധമായ ആദ്യത്തെ സാക്ഷ്യമാണിതു്. ഭക്തരായ സ്മിർണക്കാർ വിശുദ്ധന്റെ അസ്ഥികളെടുത്തു് മാന്യമായ ഒരു സ്ഥലത്തു പ്രതിഷ്ഠിച്ചു (18:2f) വിശ്വാസസംരക്ഷണാർത്ഥം ജീവൻ ഹോമിച്ച ധീരരക്തസാക്ഷിയുടെ മരണദിവസം ദൈവത്തെ സ്തുതിക്കാൻ ആണ്ടുതോറും ക്രിസ്ത്യാനികൾ ഒന്നിച്ചുകൂടിയിരുന്നു. ക്രിസ്തുവിനെ നാം ആരാധിക്കുന്നു; രക്തസാക്ഷികളെ നാം വണങ്ങുന്നു എന്നു് രേഖപ്പെടുത്തിയിരിക്കുന്നു (17:3).

www.malankaralibrary.com



13. സ്മീർണയിലെ ഒരു ക്രൈസ്തവ വനിത. ഇഗ്നേഷ്യസും അവളെഅനുസ്മരിക്കുന്നു; cf. സ്മീർണക്കാർക്ക്, 14 : 2; പോളിക്കാർപ്പിനു്, 8:3
14. 1 പത്രോ. 1:3,18
15. രക്തസാക്ഷിയുടെ മരണം ജന്മദിനമാണ് എന്ന പ്രാചീനക്രൈസ്തവാശയം ആദ്യമായി രേഖപ്പെടുത്തിയിരിക്കുന്നതു് ഇവിടെയാണു്. മരണത്തിന്റെഅനുസ്മരണവാർഷികദിനം ജന്മദിനമായി കൊണ്ടാടുന്നതിന്റെആദ്യപരാമർശവുമാണിതു്. എന്നാൽ മരണം ജീവനിലേയ്ക്കുള്ള പാതയാണ് എന്നുള്ളതു് ഇഗ്നേഷ്യസിൽത്തന്നെ കാണാവുന്നതാണു് (റോമ.6;1;2:1;7:2). റോമൻ രക്തസാക്ഷി വിവരണത്തിൽ 'ജന്മദിനം' (dies natalis) രക്തസാക്ഷികളുടെ മരണത്തെക്കുറിക്കുന്നു.
16 ഫെബ്രുവരി 22-നോ 23-നോ: മാർച്ച് ഒന്നിന് ഏഴുദിവസം മുമ്പ്.
17. സൊക്രാട്ടസ് അഥവാ ഇസൊക്രാട്ടസ്.
18. cf. ഇരനേയൂസ്, ഫ്ളോറിനുസിനുള്ള കത്തു് സഭാ, 5.20
19. cf. ഇരനേയൂസ്, പാഷ. 3.3.4

# 6 ബർണബാസിന്റെ ലേഖനം [പേ. 136–161]

1. എഫേ. 5: 16.
2. ഏശാ. 1: 11—13.
3. ജറമി. 7:22f.
4. സഖറിയ 8:17;7:10.
5. സങ്കീ. 51: 19; ഇരനേയൂസ്, പാഷ. 4, 29,3.
6. cf ഏശാ. 58:41
7. cf. ഏശാ 58:6—10.
8. cf ദാനി. 7:24
9. ദാനി 7:7
10. പുറ 31:18 34:28
11. പുറ. 32:7; ആവ 9:12
12. ഏശാ. 5:21
13. cf. 1പത്രോ.1:17;റോമ. 2:11 ഗലാ. 2:6
14. മത്താ. 20:16;22:14.
15 ഏശാ. 53. 5. 7; ക്ലെമെന്റ്, കൊറി. 16:7.
16. സദൃശ്യ. 1:7
17. ഉല്പ. 1:26.
18. 1തിമോ. 3:16;2തിമോ.1:10
19. cf. സക്കറിയ, 13:7; മത്താ. 27:31.
20. cf. സങ്കീ. 22:21.
21. cf ഏശാ 50: 6f.
22. ഏശാ. 50:8f
23. cf. ഏശാ. 28:16.
24. cf. ibid.
25. ഏശാ 50:7.
26. cf. സങ്കീ. 118:22; മത്താ. 21:42.
27. cf. സങ്കീ. 118:23f; 1പത്രോ. 2:6
28. സങ്കീ. 20:17;118:12;22:19
29. ഏശാ. 3:9f; വിജ്ഞാ. 2:12
30. cf പുറ. 33:1.3; ലേവ്യർ20:24
31. ഉല്പ. 26:28
32. cf മത്താ. 19:30; 20:16 എഫേ. 1;10.
33. cf. എസ. 11:19; 36:26
34. cf. സങ്കീ. 42:3
35. cf. സങ്കീ. 22:23
36. 2തിമോ. 4:1
37. ലേവ്യ 23:29
38. സ്രോതസ്സ് അജ്ഞാതം
39. cf. ലേവ്യ 16:7f; ഡിഡാക്കെ 16:5.
40. സ്രോതസ്സ് അജ്ഞാതം; cf. ജസ്റ്റിൻ, ഡയലോഗ്, 40:3; തെർത്തുല്യൻ, യഹൂദരെതിരെ 3, 7.

www.malankaralibrary.com



41. The Text is corrupt.
42. കരിശ്ശുമരം.
43. സങ്കീ. 18:44.
44. ഏശാ. 33:13.
45. ജറമി 4:4.
46. ജറമി 7: 2—3.
47. വീണ്ടും, കർത്താവിൻെറ അത്രുപി പ്രവചിക്കുന്നു എന്ന് ചില കൈയെഴുത്തു പ്രതികളിൽ ചേർത്തുകാണുന്നു.
48. സങ്കീ. 34:12,
49. പുറ. 15:26.
50. ഏശാ. 1:2.
51. ഏശാ. 40:3.
52. ജറമി. 4: 3—4.
53. ആവർത്ത. 10: 16.
54. ഉല്പ. 14:14; 17:23. സെപ്ത്വജിന്തിൻെറ (ഗ്രീക്ക് ബൈബിളിൻെറ) വാക്കുകൾ 'മുന്നൂററിപത്തും എട്ടും' എന്നാണ് 'ത്രിഅകൊസിയൂസ്' ദേക്കാകായ് ഒക്തോ.
55. ഗ്രീക്കിലെ അക്ഷരങ്ങൾക്ക് സാംഖിക വിലയുണ്ട്. TIH = 318
56. ലേവ്യ. 11:7. 10:13—15; ആവർത്ത. 14:8. 10:12-14.
57. ആവ. 14:10-13.
58. ലേവ്യ. 11:13-15; ആവ. 24: 12-24.
58a. വക്ത്രംകൊണ്ടു പാറയിലോ കല്ലിലോ ബന്ധിച്ചു കിടക്കുന്ന ഒരിനം ജലപ്രാണിഗണം.
59. സ്രോതസ്സ് അജ്ഞാതം.
60. ലേവ്യ. 11:5
61. സ്രോതസ്സ് അജ്ഞതം.
61a. വായിലൂടെ പ്രസവം നടത്തുന്ന ഒരു തരം തവള ആസ്ത്രേലിയായിലുണ്ട്. റിയോബട്രാഷ് സിലസ്എന്നാണ് അതിൻെറ പേരു്. മല. മനോരമ, 1981 Oct. 23 വെള്ളി കാണുക.
62. സങ്കീ. 1:1
63. സങ്കീ. 1:1
64. ലേവ്യ. 17:3; ആവ. 14:6
65. ഏശാ. 1:2.
66. ഏശാ. 45:2—3.
67. സങ്കീ. 33:16—18.
68. സങ്കീ. 1:3—6.
69. സ്രോതസ്സ് അജ്ഞാതം.
70. എസക്കി. 47:1—12.
71. എസക്കി. 47:9.
72. 4 എസ്രാ. ഒരു് അപ്പോക്രിഫൽ കൃതി.
73. പഞ്ചഗ്രന്ഥിയിൽ എന്നർത്ഥം. മോശയിൽ = മോശയുടെ പുസ്തകങ്ങളിൽ.
74. ഏശാ. 65:2.
75. ആവ. 27:15.
76. യോശുവാ = യേശു = രക്ഷകൻ.
77. പുറ. 17:14.
78. സങ്കീ. 110:1; മത്താ. 22:44
79. ഏശാ. 45:1: 'Kyros' (സൈറസ്) എന്നതിനോട് ഒരക്ഷരം കൂട്ടി 'Kyrios' (കർത്താവ്) എന്നാക്കി ഈ ഭാഗം മിശിഹായ്ക്കു മുഖമായി ഉദ്ധരിച്ചിരിക്കുന്നു.
80. cf. മത്താ. 22:45.
81. ഉല്പ. 25:21-23.
82. ഉല്പ 48:11.9.
83. ഉല്പ. 48:14.18.19.
84. റോമ. 4:1
85. പുറ. 24:18.
86. പുറ. 32:7. 8. 19.
87. ഏശാ. 42:6. 7.
88. ഏശാ. 49:6-7.
89. ഏശാ 61:1-2
90. പുറ. 20:8.
91. ജറമി. 17:24.
92. ഉല്പ. 2:2
93. 2പത്രോ. 3:8
94. ഉല്പ. 2:2.
95. പുറ. 20:8.
96. ഏശാ. 1:13.
97. ഞായറാഴ്ചയാചരണത്തെ ന്യായീകരിച്ചുകൊണ്ടുള്ള ആദ്യ പരാമർശം.
98. ഏശാ. 40:12.
99. ഏശാ. 66:1.
100. ഏശാ. 49:17.
101. ദൈവാലയത്തിൻെറ നാശം 70ലും (ടൈററസ്) 132ലും (ഹഡ്രിയാൻ) സംഭവിച്ചു.

www.malankaralibrary.com



102. ഹ്നോക്ക്, 89, 56—66 [ഒരു. അപ്പോക്രിഫൽകൃതി].
103. ദാനി. 9: 24—27.
104. അന്തേഭാഗം.
105. cf. ഏശാ. 66:2.
106. ദൈവത്തിൻെറ വിശ്വസ്തതയെക്കുറിച്ച് സംശയിക്കരുത്.
107. പുറ. 20: 7
108. ഏശ. 40: 10; വെളി. 22: 12:cf ഡിഡാക്കെ, 16: 7

# 7. ഡയഗ്നേററസിനുള്ള ലേഖനം [പേ. 164-176]

1. നടപടി 23:26; 24:3; 26:25—ലേതുപോലെ.
2. പുതിയ തലമുറയും രീതിയും എന്നർത്ഥം.
3. ശിഷ്യൻ അഥവാ അനുഗാമി
4. എഫേ. 4: 24; കൊളോ. 3:10
5. സങ്കീ. 135: 15—18
6. പുറ. 20:11; സങ്കീ. 146:6, നട. 14: 15.
7. ബർണബാസിൻെറ ലേഖനം, 2: 5; യഹൂദന്മാരുടെ ചില പെരുന്നാളുകൾ ചന്ദ്രനെ ആശ്രയിച്ചാണ്. അതിൻെറ അവശിഷ്ടമാണ് ക്രിസ്ത്യാനികളുടെ ഉയിർപ്പു പെരുന്നാളിൻെറ കണക്കുകൂട്ടൽ. മഹാവിഷുവത്തിനു (മാർച്ച് 20ന്) ശേഷമുള്ള പൂർണ്ണ ചന്ദ്രൻ കഴിഞ്ഞു വരുന്ന ഞായറാഴ്ചയാണ് ഉയിർപ്പു തിരുനാൾ.
8. ലൂക്കാ. 6:9; മർക്കോ. 3:4.
9. ഉല്പ. 17:10 ൽ ഛേദനാചാരം തെരഞ്ഞെടുപ്പിൻെറ അടയാളമായി ചിത്രീകരിക്കപ്പെട്ടിരിക്കുന്നു.
10. ദിവസങ്ങൾ: വെള്ളി, ശനി; വെള്ളി വൈകിട്ട് മൂന്നു നക്ഷത്രം ഒന്നിച്ചു കണ്ടാൽ, ശനിയാഴ്ച ആരംഭിച്ചു കഴിഞ്ഞു. രണ്ടു മാത്രം കണ്ടാൽ സായംസന്ധ്യയോ ആയുള്ള. അപ്പോൾ ജോലി ചെയ്യുന്നതു് പാപമാണോ യെന്നു സംശയിക്കാം എന്നേയുള്ളു
11. രഹസ്യം (മിസ്റ്റേരിയോൻ);ക്രിസ്തീയ തത്ത്വങ്ങളും, ആത്മാവിൻെറ പ്രവർത്തനങ്ങളും; 7:1-2; 8:10; 10:7; 11: 2;11:5 ആദിയായവ കാണുക.
12. യോഹ. 1:18.
13. ആതെൻസുകാരുടെ സ്വഭാവഗുണമായിരുന്നു അന്വേഷണതല്പരത (cf നടപടി 17: 21,24).
14. മത്താ, 5:16; 1തെസ്സ. 4:12; കൊളോ. 4:5, 1പത്രോ.2:12; 3:1; 1തിമോ. 2:2-4; തിത്തുസ് 2:5; പോളിക്കാർപ്പ് 1:3 കാണുക.
15. പരദേശികൾ, അപരിചിതർ, തീർത്ഥകർ, സന്ദർശകർ. 1പത്രോ. 1:1; 2:11; തങ്ങൾ പരദേശികളാണെന്നു കരുതി; വിദേശികൾക്കുണ്ടാകാവുന്ന എല്ലാ ബുദ്ധിമുട്ടുകളും, പ്രയാസങ്ങളും, വിഷമങ്ങളും കഷ്ടതകളും അപമാനങ്ങളും അവർ സഹിക്കുന്നു.
16. കുട്ടികളെ പുറത്തെറിയുന്ന അപരിഷ്കൃതരീതിയാണിവിടെ പരാമർശം. ഭ്രൂണഹത്യയും ശിശുവധവും പാപമാണെന്നു് ഡിഡാക്കെയും (2,2) ബർണബാസും (20,2) പഠിപ്പിച്ചിട്ടുണ്ട്. ക്രിസ്ത്യാനികൾ ഒന്നിച്ചു കൂടുമ്പോൾ അധാർമ്മികത പ്രവർത്തിക്കുന്നുണ്ടെന്നു് പുറജാതികൾ കരുതിയിരുന്നു. ക്രിസ്ത്യാനികൾ നിരന്തരം ഈആരോപണം നിഷേധിച്ചിരുന്നു. 'ഭാര്യയൊഴിച്ച് ബാക്കിയെല്ലാം ഞങ്ങൾക്കു് പൊതുവാണ്'' എന്ന തെർത്തുല്യവാക്യം ഓർക്കുക. (അപ്പോളജി. 39, 11).

www.malankaralibrary.com



17. cf. 2കൊരി. 10:3; റോമ. 8: 12f.
18. ഫിലി. 3:20
19. 1പത്രോ. 2:13. നിയമം അനുശാസിക്കുന്നതിനുപരി അവർ ചെയ്യുന്നു.
20. 2കൊരി. 6:10ff. ഈ ഭാഗവുമായി താരതമ്യപ്പെടുത്തുക.
21. 2 കൊരി. 6:10.
22. cf. 1കൊരി. 4:12.
23. cf. 1പത്രോ. 2 : 12; മത്താ. 5:10—12.
24. 1 പത്രോ. 4: 13—14: മത്താ. 5:12; യാക്കോ. 1:2.
25. കാരണം ക്രിസ്തു പറഞ്ഞു: യോഹ. 15: 18ff, 1യോഹ. 3:13 1 തെസ്സ. 2: 15ff. പോളിക്കാർപ്പിന്റെരക്തസാക്ഷിത്വം, 12:2
26. മത്താ. 5:13-15-മായി ഈ ഭാഗം താരതമ്യപ്പെടുത്തുക.
27. യോഹ. 17:14-മായിതാരതമ്യപ്പെടുത്തുക.
28. എഫേ. 5:29-മായി താരതമ്യപ്പെടുത്തുക.
29. എഫേ. 5:28f.
30. 'ക്രിസ്ത്യാനികളുടെ തീക്ഷ്ണമായ പ്രാർത്ഥനകളാലത്രേ ലോകം നിലകൊള്ളുന്നത്'. (അരിസ്റ്റിഡെസ്, അപ്പോളജി, 16,6); ജസ്റ്റിൻ, അപ്പോളജി, 2.7. റോമിലെ ക്ലെമന്റ് 59, 2—61; ഉല്പ. 18:38; നട. 27:24; റോമ. 11:25 കാണുക.
31. 1 കൊരി. 15:42.
32. cf. Tertullian, Etiam plures efficimur, quotiens metimur a vobis, semen est sanguis Christianorum'. (Apologia,50:13): നിങ്ങൾ അനുദിനം ഞങ്ങളെ കൊന്നൊടുക്കുന്നു എങ്കിലും ഞങ്ങൾ ധാരാളമായി വർദ്ധിക്കുന്നു. ക്രിസ്ത്യാനികളുടെ രക്തമാണ് ഈ ബീജം.
33. ക്രിസ്ത്യാനികളുടെ ജീവിതവും വിശ്വാസവും അതുല്യമാണ്.
34. എഫേ. 1:21; കൊലോ. 1:16.
35. എബ്രാ. 11:10; യോഹ. 1:3
36. യോഹ. 3:16f, ഇരണെയൂസ് പാഷ 4,64,3.
37. മലാക്കി. 3:2f; മത്താ. 24:27 ഇവിടെ എന്തോ വിട്ടുപോയിട്ടുണ്ട്.
37a. 'നാടൃരായ'
38. ഹെറാക്ലീറ്റസ് അങ്ങനെ പഠിപ്പിച്ചു; താളസ് അത് ജലത്തിനാരോപിച്ചു.
39. യോഹ. 1:18.
40. മർക്കോ. 10:18; എഫേ. 3:9.
41. വീഴ്ചമുതൽ മനുഷ്യാവതാരം വരെയുള്ള കാലം.
42. തീത്തൂസ്. 3:3.
43. യോഹ. 3:5.
44. തീത്തൂസ്. 3: 4f.
45. റോമ. 8: 32; മത്താ. 20:28 മർക്കോ. 10:45; 1തിമോ. 2:6
46. 1പത്രോ. 3:18
47. മത്താ. 6:32—33. കൊളോ. 8:1f.
48. 1 യോഹ. 4:9—19.
49. cf. ത്രാല്ല്യർക്ക് 1:2; യോഹ. 3:16.
50. ഗലാ. 6:2.
51. യോഹ. 10:34.
52. ദൈവം സൃഷ്ടവസ്തുക്കളെ കാണുകയും വിധിക്കുകയും ചെയ്യുന്നതുപോലെ വിധിക്കാൻ നീ പ്രാപ്തനാകും. പുറത്തുള്ളവർക്ക് അഗ്രാഹ്യമായ ദിവ്യ രഹസ്യങ്ങൾ ഗ്രഹിക്കാൻ ശക്തി ലഭിക്കും. cf. മർക്കോ. 4:11.
53. cf. എബ്രാ. 3:14; മത്താ. 10: 22f.
54. എന്തോ വിട്ടുപോയിട്ടുണ്ട്.
55. സങ്കീ. 2:7; മത്താ. 3:17.
56. കൃപ (കൊളോ.1:6). ദൈവിക സ്വാധീനവും സഭയിലെ വിവിധ പ്രവർത്തനങ്ങളുടെ ഉറവിടവുമാണ് കൃപ. 'സഭയും കൃപയും' ഒന്നിച്ച് പ്രയോഗിച്ചിരിക്കുന്നത് ശ്രദ്ധേയമാണ്.

www.malankaralibrary.com



മനുഷ്യരക്ഷയ്ക്കായി ക്രിസ്തു സ്ഥാപിച്ച ദൃശ്യവും ബാഹ്യവുമായ സ്ഥാപനമാണ് സഭ. അതിനായി സജ്ജീകരിക്കപ്പെട്ടിരിക്കുന്ന അദൃശ്യശക്തികളുടെ സമാഹാരമാണ് കൃപ. ക്രിസ്തുവാണീ കൃപയുടെ മദ്ധ്യസ്ഥൻ. ഡിഡാക്കെ ക്രിസ്തുവിനെ കൃപ എന്നു വിളിക്കുന്നു (10:6); കൃപ വിതരണം ചെയ്യുന്നതു് പരിശുദ്ധാത്മാവാണ് (ഗലാ. 5: 25).

57. യൂദരും പുറജാതികളും പ്രാപിച്ചിട്ടില്ലാത്ത ഉന്നതമായ ജ്ഞാനം കൃപ പകർന്നു കൊടുക്കുന്നു.

58. മാമ്മോദീസാ വിശ്വസ്തത അഭംഗുരം പാലിച്ചുകൊണ്ടും അപ്പസ്തോലിക പാരമ്പര്യം നിലനിർത്തിക്കൊണ്ടും ആണ് മേല്പറഞ്ഞ അനുഗ്രഹങ്ങൾ പ്രാപിക്കേണ്ടതു്.

59. അപ്പസ്തോലികപാരമ്പര്യങ്ങളോട് ഒന്നും കൂട്ടാനും കുറയ്ക്കാനും പാടില്ല. cf. ജറോം, ലേഖനം 63:2

60. cf. സങ്കീ. 119: 54.

61. cf. റോമ. 12:6.

62. cf. ലൂക്കാ. 1:41; 1:44; 6:23

63. cf. എഫേ 4:30. 'കൃപ' ഇവിടെ പരിശുദ്ധാത്മാവിനെ സൂചിപ്പിക്കുന്നു.

64. cf ഉല്പ. 2 : 9; 3 : 24. യുവേൽ 2:3

65. cf. ഉല്പ 2:9.

66. 1 കൊറി, 8:1.

67. 1 കൊറി. 9:10

68. ക്രിസ്ത്യാനിക്കുള്ള മേന്മകൾ ചൂണ്ടിക്കാണിക്കപ്പെടുന്നു.